# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 മാർച്ച് 20, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 196 - നമ്പർ 19

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 മാർച്ച് 20, വ്യാഴം

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. കെ. ബി. ഗണേഷ് കുമാർ |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. ഒ. ആർ. കേളു |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എം. ബി. രാജേഷ് |
| രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ് |

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

2025 മാർച്ച് 20, വ്യാഴം

---

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 19

---

നിയമസഭ 2025 മാർച്ച് മാസം 20-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## I ചോദ്യോത്തരങ്ങൾ

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

P-20-03-2025
MR/UL(1)
9.00-9.10

മി.സ്പീക്കർ: ഓർഡർ.... ഓർഡർ..... ചോദ്യം നമ്പർ (*391)

കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിന് ഭൂമി ഏറ്റെടുക്കൽ

1 (*391) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിനായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എട്ട് വർഷമായി നിലച്ചിരിക്കുന്നതിനാൽ മട്ടന്നൂരിലെ കീഴല്ലൂർ ഗ്രാമത്തിൽ ഇരുന്നൂറിലധികം കുടുംബങ്ങൾ ദുരിതം നേരിടുന്നുവെന്ന വസ്തുത ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഏറ്റെടുക്കുന്നതിനായി സർക്കാർ വിജ്ഞാപനം ചെയ്ത ഭൂമി വിൽക്കാനോ കൈമാറ്റം ചെയ്യാനോ സാധിക്കാത്ത സാഹചര്യം ഭൂവുടമകളെ പ്രതിസന്ധിയിലാക്കിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഭൂവുടമകൾക്കുകൂടി സ്വീകാര്യമായ നഷ്ടപരിഹാര-പുനരധിവാസ പാക്കേജ് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ,

(എ) ഉണ്ട്. കണ്ണൂർ വിമാനത്താവള പദ്ധതിയുടെ റൺവേ, നിലവിലുള്ള 3050 മീറ്ററിൽ നിന്നും 4000 മീറ്ററാക്കി ദീർഘിപ്പിക്കുന്നതിനായി ഏകദേശം 245.33 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുത്ത് നൽകുന്നതിന് അർഥനാധികാരിയായ കിൻഫ്ര മാനേജിങ് ഡയറക്ടർ അർത്ഥന സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2013-ലെ RFCTLARR Act-ൽ നിഷ്കർഷിച്ചിരിക്കുന്നതുപ്രകാരം സാമൂഹ്യ ആഘാത പഠനം നടത്തി ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകകയുണ്ടായി. തുടർന്ന്, ടി പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പദ്ധതിയുമായി ബന്ധപ്പെട്ട Basic Value Report (ബി.വി.ആർ) നടപടികൾ പൂർത്തീകരിച്ചു. ഇതോടെ ഭൂമിയുടെ വിലനിർണ്ണയം പൂർത്തിയായി. അടുത്ത ഘട്ടം എന്ന നിലയിൽ ഡീറ്റെയിൽഡ് വാല്യൂ സ്റ്റേറ്റ്മെന്റ് (DVS) തയ്യാറാക്കി വരികയാണ്. ഭൂമിയിലെ കെട്ടിടങ്ങൾ, വിളകൾ, മരങ്ങൾ ഉൾപ്പെടെയുള്ള ചമയങ്ങളുടെ വിലയും അപേക്ഷകന്റെ മറ്റ് ഭൂമിക്കുണ്ടാകുന്ന നഷ്ടവും മറ്റും നിർണ്ണയിക്കുന്നതാണ് ഡി.വി.എസ്. ഇതിൽ വിളകൾ, മരങ്ങൾ എന്നിവയുടെ വില നിർണ്ണയിച്ചുകഴിഞ്ഞു. കെട്ടിടങ്ങളുടെ വില നിർണ്ണയിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് കോഴിക്കോട് REC-യെയാണ്. REC-യുടെ പ്രവർത്തനം പകുതിയിലേറെ പൂർത്തീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കെട്ടിടങ്ങളുടെ വില കൂടി ലഭിച്ചാൽ ഡി.വി.എസ്. പൂർത്തിയാകും. Basic Value Report പ്രകാരം കണക്കാക്കിയ തുകയെ നഗരത്തിൽ നിന്നുള്ള ദൂരത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ഘടകം കൊണ്ട് ഗുണിക്കുകയും ഡീറ്റെയിൽഡ് വാല്യൂ സ്റ്റേറ്റ്മെന്റ്പ്രകാരം കണക്കാക്കിയ തുകയോടൊപ്പം നൂറ് ശതമാനം സൊലേഷ്യം കൂടി കണക്കാക്കിയാണ് അന്തിമ അവാർഡ് നിശ്ചയിക്കുന്നത്.

വിലനിർണ്ണയം കഴിഞ്ഞ് കളക്ടർ അർഥനാധികാരിക്ക് നിർദേശം നൽകുന്നതിനെത്തുടർന്ന് വസ്തു ഏറ്റെടുക്കുന്നതിനാവശ്യമായ തുക

ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് 2013-ലെ RFCTLARR Act പ്രകാരമുള്ള 19(1) പ്രഖ്യാപനം നടത്തുന്നതാണ്. തുടർന്ന് രേഖകൾ പരിശോധിച്ച് നഷ്ടപരിഹാരത്തുക വിതരണം ചെയ്യും.

കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് പ്രത്യേക കരട് പാക്കേജ് തയ്യാറാക്കി സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലാ കളക്ടർ പ്രത്യേക കരട് പാക്കേജ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

കീഴല്ലൂർ ഗ്രാമത്തിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും നടപടികൾ വേഗത്തിലാക്കാനും ബന്ധപ്പെട്ടവരുടെ ഒരു യോഗം ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഈ മാസത്തിൽ തന്നെ ചേരുന്നതാണ്.

(ബി) 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം (RFCTLARR Act, 2013) പ്രകാരമുള്ള 11(1) പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചു കഴിഞ്ഞാൽ, പ്രാഥമിക വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ഭൂമിയെ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള ഇടപാടുകളിൽ ഏർപ്പെടുകയോ ഇടപാടുകൾക്ക് ഇടയാക്കുകയോ

അങ്ങനെയുള്ള ഭൂമിയിൽ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതകൾ ഉണ്ടാക്കുകയോ ചെയ്യാൻ പാടില്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കളക്ടർക്ക് വസ്തുവിന്റെ ഉടമസ്ഥൻ നൽകുന്ന അപേക്ഷയിന്മേൽ വിദ്യാഭ്യാസമുൾപ്പെടെയുള്ള പ്രത്യേക പ്രശ്നങ്ങളിൽ രേഖപ്പെടുത്തി വ്യവസ്ഥയിൽ നിന്നും ഒഴിവാക്കാവുന്നതാണ്.

(സി & ഡി) 29-12-2017-ലെ G.O.(Ms) No.448/2017/RD ഉത്തരവ് പ്രകാരമുള്ള പുനരധിവാസ പാക്കേജിന് ഉപരിയായി എന്തെങ്കിലും ആനുകൂല്യം അനുവദിക്കേണ്ടതുണ്ടെങ്കിൽ ബന്ധപ്പെട്ട ഭരണ വകുപ്പ് സ്പെഷ്യൽ പാക്കേജ് പുറപ്പെടുവിക്കേണ്ടതുണ്ട്.

കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിന് ഭൂമിയേറ്റെടുക്കുമ്പോൾ വീട് നഷ്ടപ്പെടുന്ന ഇരുന്നൂറോളം കുടുംബങ്ങൾക്ക് പുനരധിവാസ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് ഒരു പ്രത്യേക കരട് പാക്കേജ് ശിപാർശ ചെയ്യാൻ കണ്ണൂർ ജില്ലാ കളക്ടർക്ക് ഗതാഗത വകുപ്പിൽ നിന്നും നിർദേശം നൽകിയിട്ടുള്ളതും ജില്ലാ കളക്ടർ കരട് സ്പെഷൽ പാക്കേജ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

കൂടാതെ പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രി മാർച്ച് മാസം തന്നെ ഒരു യോഗം വിളിച്ചു ചേർക്കുന്നതാണ്.

ശ്രീ. സജീവ് ജോസഫ്: സർ, കണ്ണൂർ വിമാനത്താവള റൺവേ വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ എട്ട് വർഷമായി നിലച്ചിരിക്കുന്നതുമൂലം ഇരുന്നൂറോളം കുടുംബങ്ങൾ കൊടിയ ദുരിതം നേരിടുകയാണ്. ഈ വിഷയം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കഴിഞ്ഞ ദിവസം നിയമസഭയിൽ ഉന്നയിച്ചിരുന്നു. എട്ട് വർഷത്തെ കാലതാമസമെന്നതിനെ നീതീകരിക്കാൻ കഴിയുകയില്ല. കാരണം റൺവേ നീളം കൂട്ടണമെന്നാവശ്യപ്പെട്ടുകൊണ്ട് ഉമ്മൻചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ സമരം നടത്തിയ സാഹചര്യം നമ്മുടെയെല്ലാം മുമ്പിലുണ്ട്. എന്നിട്ടും എട്ടുവർഷമായി ഏറ്റെടുത്ത ഭൂമിയിലെ ഭൂവുടമകൾക്ക് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് നഷ്ടപരിഹാരം അനുവദിക്കാത്തതിനാൽ അവർ വലിയൊരു പ്രതിസന്ധി നേരിടുകയാണ്. 2018-ലെ കനത്ത പേമാരിമൂലം മണ്ണും ചെളിയും വെള്ളത്തോടൊപ്പം ഒലിച്ചുവന്ന് ഏഴ് വീടുകൾ പൂർണ്ണമായും നശിച്ചു. അതുപോലെതന്നെ നിരവധി വീടുകൾ താറുമാറായി. ഏഴ് വീട്ടുകാരെ മാറ്റി താമസിപ്പിക്കേണ്ട സാഹചര്യമുണ്ടായി. ആറ് മാസം അവർക്ക് വാടക നൽകി.

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്..... ഒരു മിനിറ്റ് കഴിഞ്ഞു.

ശ്രീ. സജീവ് ജോസഫ്: സർ, പിന്നീട് അവർക്ക് വാടക പോലും കൊടുക്കാത്തൊരു സാഹചര്യമുണ്ടായി. അതുപോലെ തന്നെ സനിൽ എന്ന ഒരു യുവാവ്..

മി. സ്പീക്കർ: ഇങ്ങനെയൊക്കെ പറഞ്ഞാലോ ഓരോരോ ആളുകളുടെയും പേരുകളൊക്കെ പറഞ്ഞാൽ ചോദ്യത്തിൽ..

ശ്രീ. സജീവ് ജോസഫ്: സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്.

മി. സ്പീക്കർ: എല്ലാം പ്രധാനപ്പെട്ടതുതന്നെയാണ്.

ശ്രീ. സജീവ് ജോസഫ്: സർ, സനിൽ എന്ന യുവാവ് കഴിഞ്ഞ ദിവസം ആത്മഹത്യയ്ക്ക് ശ്രമിച്ചു. അദ്ദേഹത്തിന്റെ സ്ഥലം ജപ്തിനടപടി നേരിടുന്ന സാഹചര്യത്തിൽ കഴിഞ്ഞ ദിവസം അദ്ദേഹം ഞങ്ങളെ വിളിച്ചിരുന്നു. ജപ്തി നടപടി നേരിടുന്ന ആരെയും വീട്ടിൽ നിന്ന് ഇറക്കിവിടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞിട്ടും കേരള ബാങ്ക് അധികൃതർ അദ്ദേഹത്തിന്റെ വീടിനുമുന്നിൽ ബാനർ കെട്ടി നോട്ടീസ് ഒട്ടിച്ചു. ഇത്തരത്തിലുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ; അതുപോലെ തന്നെ ......

മി. സ്പീക്കർ: ഒന്നര മിനിറ്റായി എന്താണിങ്ങനെ... സബ്മിഷനാക്കിയാൽ പോരായിരുന്നോ?

ശ്രീ. സജീവ് ജോസഫ്: സർ, വീട് നഷ്ടപ്പെട്ടവർക്ക് താമസ യോഗ്യമായ വീടുകൾ നിർമ്മിച്ച് നൽകാമെന്നുള്ള വാക്ക് പാലിക്കുമോ എന്നിവ സംബന്ധിച്ച് മറുപടി നൽകാമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ചോദ്യത്തിന് ആദ്യ ചോദ്യത്തിൽ(main answer)-ത്തന്നെ മറുപടി പറഞ്ഞിട്ടുണ്ട്. അക്കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിവേഗം നടപടികൾ സ്വീകരിക്കുന്നതിന് നേതൃത്വം നൽകുകയാണ്. ഡി.വി.എസ്. തയ്യാറാക്കാനുള്ള നടപടികൾ ആർ.ഇ.സി. പകുതിയിലേറെ പൂർത്തീകരിച്ചിട്ടുണ്ട്. അതുകഴിഞ്ഞാൽ തുടർനടപടികളിലേയ്ക്ക് പോകും. 4(1) വിജ്ഞാപനം മുതൽ ഇങ്ങോട്ടുള്ള കാലതാമസത്തിൽ 12 ശതമാനം പലിശയും അവർക്ക് ലഭ്യമാക്കും. ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രസക്തമായൊരു കാര്യമാണ്. കഴിഞ്ഞ ദിവസം പ്രതിപക്ഷ നേതാവും ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അവിടെയുള്ള ആളുകളുടെ പ്രശ്നം റവന്യൂ റിക്കവറിയാണെങ്കിൽ അക്കാര്യത്തിൽ പ്രത്യേകമായ പാക്കേജ് രൂപീകരിക്കുന്നതിനായി തൽക്കാലം നിലവിലെ നടപടിക്രമങ്ങൾ നിർത്തിവയ്ക്കാൻ ആലോചിക്കാം. കേരള ബാങ്കിന്റെ കാര്യമാണ് അടുത്തതായി ഇവിടെ സൂചിപ്പിച്ചത്. വയനാട് ജില്ലയിൽ കേരള ബാങ്ക്

എടുത്ത ശ്രമകരവും ശ്രദ്ധേയവും അഭിമാനകരവുമായ നടപടിയെക്കുറിച്ച് അങ്ങേയ്ക്കറിയാവുന്നതാണ്. ബഹുമാനപ്പെട്ട സഹകരണ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി കേരള ബാങ്കിന്റെ മുമ്പാകെ ആ പ്രശ്നം നിയമപരമായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാം. റവന്യൂ റിക്കവറി നടപടിക്രമങ്ങൾ വരികയാണെങ്കിൽ അതിനൊരു പ്രത്യേക പാക്കേജ് തയ്യാറാക്കാനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിക്കും.

ശ്രീ. സജീവ് ജോസഫ്: സർ, ഏറ്റെടുത്ത ഭൂമിക്ക് പകരമായി സ്ഥലം നൽകാമെന്ന് കാണിച്ച് കളക്ടർ നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ടോ; ഈ നോട്ടിഫിക്കേഷൻ എന്ന് അവസാനിച്ചിട്ടിട്ടുണ്ടെന്നും ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം പകരം ഭൂമി നൽകുന്ന വ്യവസ്ഥയുണ്ടോ; ഇല്ലെങ്കിൽ അങ്ങനെ തീരുമാനമെടുത്താൽ അത് കാലതാമസത്തിനിട വരുത്തില്ലേ; വിശദമാക്കാമോ?

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ജില്ലാ കളക്ടർ 14.650 ഏക്കർ ഭൂമിക്കുള്ള അർത്ഥന കിൻഫ്രയിൽനിന്ന് ലഭിച്ചതിനെത്തുടർന്ന് ആ നടപടികളുമായി മുന്നോട്ടുപോകുന്നുണ്ട്. അതിന്റെ 11(1) കാലാവധി 16-11-2025 വരെ നീട്ടിയിട്ടുണ്ട്. ഇവിടെ അങ്ങ് സൂചിപ്പിച്ചതുപോലെ, നേരത്തെ ഞാൻ മറുപടിയിൽ പറഞ്ഞതുപോലെ, പ്രത്യേകമായൊരു പാക്കേജുണ്ടെങ്കിൽ മാത്രമേ

അത്തരമൊരു പുനരധിവാസ കാര്യം ആലോചിക്കാൻ സാധിക്കുകയുള്ളൂ. അങ്ങനെ പ്രത്യേകമായൊരു പാക്കേജ് തയ്യാറാക്കി നൽകാൻ നിലവിൽ ഭരണവകുപ്പ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതനുസരിച്ചിട്ടുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകും.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, സുനിതാ വില്യംസ് ബഹിരാകാശത്തിൽപ്പെട്ടുപോയപ്പോൾ 9 മാസം കൊണ്ട് തിരികെയെത്തിക്കാൻ സാധിച്ചു. മട്ടന്നൂർ വിമാനത്താവളത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ട ആറ് കുടുംബങ്ങൾ, അവർ എട്ട് വർഷമായി ആകാശത്തിലും ഭൂമിയിലുമല്ല, കഷ്ടതയിലാണ്. അവരെ രക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുന്നില്ല. ഇക്കാര്യത്തിൽ ഇടിയപ്പത്തിന്റെ കുരുക്കഴിക്കുന്ന പണിയൊന്നുമില്ല. സർക്കാർ നഷ്ടപരിഹാരം കൊടുത്താൽ മതി. Will you show the will to settle this issue. That is my question?

<u>ശ്രീ. കെ. രാജൻ</u>: സർ, ഇക്കാര്യത്തിൽ എന്താണ് സംശയമുള്ളത്? പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന ഓരോ തീയതിയും ആദ്യമറുപടിയിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഞാൻ ഉറപ്പിച്ച് പറയുന്നു, ആ 200 കുടുംബങ്ങൾക്കായി റീജിയണൽ എഞ്ചിനീയറിംഗ് കോളേജ് ഡി.വി.എസ്.-ന്റെ ഭാഗമായുള്ള കണക്ക് തയ്യാറാക്കി നൽകിയാൽ ഏറ്റവും ചുരുങ്ങിയ സമയത്തിനുള്ളിൽ ആ ഭൂമി

ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കും. ഒരു പ്രയാസവും അവർക്ക് നേരിടേണ്ടി വരില്ല. 12 ശതമാനം 4(1) പ്രകാരമുള്ള പലിശ കൂടി കിട്ടിക്കഴിയുമ്പോൾ അക്കാര്യത്തിലുള്ള പ്രയാസം പരിഹരിക്കാനാകും. പുനരധിവാസ പാക്കേജിനെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. ഈ കേരളത്തിൽ ഇത്രയേറെ ഭൂമി ഏറ്റെടുത്തൊരു ഗവൺമെന്റിന്റെ കാലം വെറെയുണ്ടായിട്ടില്ല. ആ ഇച്ഛാശക്തി തന്നെ ഇക്കാര്യത്തിലും പ്രകടിപ്പിക്കും. അതോർത്ത് അങ്ങ് ആശങ്കപ്പെടേണ്ടതില്ല.

ശ്രീമതി കെ. കെ. രമ: സർ, വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച്, കണ്ണൂർ വിമാനത്താവളത്തിന്റെ ആയാലും എൻ.എച്ച്. 66-ന്റെ കാര്യത്തിൽ ആയാലും ഉണ്ടാകുന്ന കാലതാമസം ജനങ്ങളെ വളരെയധികം ബുദ്ധിമുട്ടിലാക്കുകയാണ്. കെ-റെയിൽ-ന്റെ ഭൂമി ഏറ്റെടുക്കാൻ വേണ്ടി ഭൂമി ഏറ്റെടുത്തു, കല്ലിട്ടു, മാർക്ക് ചെയ്തു. ഇതിന്റെയൊക്കെ ഭാഗമായി ആ ഭൂമി വിൽക്കാനോ, ലോണെടുക്കാനോ ഒന്നും സാധിക്കാതെ ജനങ്ങൾ വളരെയധികം ദുരിതമനുഭവിക്കുകയാണ്. പദ്ധതി നടക്കുമെന്ന് ഉറപ്പായി മറ്റ് നടപടിക്രമങ്ങളെല്ലാം പൂർത്തിയായതിനുശേഷം ലാൻഡ് അക്വിസിഷൻ നടപടിയിലേയ്ക്ക് കടക്കുകയും മൂന്ന് മാസത്തിനകമെങ്കിലും നടപടികൾ

പൂർത്തിയാക്കുന്നതിനാവശ്യമായ ലാൻഡ് അക്വിസിഷൻ പുനഃക്രമീകരണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, LARR 2013 കേന്ദ്ര ഗവൺമെന്റിന്റെ ഭാഗമായി ഇറക്കിയ ഒരു ആക്റ്റാണ്. 2015-ൽ കേരളം അതിന് ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള നടപടിക്രമങ്ങളുമായിട്ടാണ് മുന്നോട്ട് പോകുന്നത്. ബഹുമാനപ്പെട്ട അംഗത്തിന്റെ ഒരു തെറ്റിദ്ധാരണ ഞാൻ മാറ്റട്ടെ, കെ-റെയിലുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്ന നടപടികളിൽ കേരള സർവെ ആൻഡ് ബൗണ്ടറീസ് ആക്റ്റ് 1961-ന്റെ 6(1) മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. 4(1) പോലും പ്രസിദ്ധീകരിച്ചിട്ടില്ല. സഭയുടെ മുമ്പാകെ പറയുന്നു, കെ-റെയിലുമായി ബന്ധപ്പെട്ട് ഭൂമി ഏത് വിധത്തിലുള്ള ക്രയവിക്രയവും ചെയ്യാൻ നിലവിൽ ഒരു പ്രശ്നവും നമ്മുടെ മുന്നിലില്ല. കാരണം 4(1) നോട്ടിഫിക്കേഷൻ കഴിഞ്ഞിട്ടില്ല. സാധാരണ നിലയിൽ RFCTLARR Act 2013-ലെ 4(1) നോട്ടിഫിക്കേഷൻ കഴിഞ്ഞാൽ പ്രശ്നമില്ല. അതിലെ 5 എന്നുപറയുന്നത് എസ്.ഐ.എ. (Social Impact Assessment) സ്റ്റഡിക്ക് ശേഷമുള്ള പബ്ലിക്ക് ഹിയറിങ്ങും 6 എന്നുപറയുന്നത് നോട്ടീസും 7 എന്നുപറയുന്നത് എക്സ്പെർട്ട് കമ്മിറ്റിയും 8 സർക്കാർ അംഗീകരിക്കലുമാണ്. 11(1) പ്രകാരം ഭൂമി പ്രഖ്യാപിച്ചാൽ

മാത്രമേ ആ ഭൂമിയിൽ അറ്റാച്ച്മെന്റ് വരികയുള്ളൂ. 11(1) പ്രകാരം ഭൂമി അറ്റാച്ച് ചെയ്താൽ തന്നെ പ്രത്യേകമായ കാരണങ്ങൾക്ക് കളക്ടർക്ക് അപേക്ഷ കൊടുത്താൽ 11(4) അനുസരിച്ച് പ്രത്യേകമായ അധികാരം ലാൻഡ് അക്വിസിഷൻ ഓഫീസർക്കോ കളക്ടർക്കോ അതനുസരിച്ച് കൊടുക്കാവുന്നതാണ്. കെ-റെയിൽ അത്രയൊന്നും പോയിട്ടില്ല. സർവെ ആൻഡ് ബൗണ്ടറീസ് ആക്റ്റിന്റെ 6(1) മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളൂ. പ്രത്യേകമായി ഏതെങ്കിലും കേസ് ബഹുമാനപ്പെട്ട അംഗം എഴുതി തന്നാൽ പരിഹരിക്കാവുന്നതാണ്.

(ശ്രീ. ചാണ്ടി ഉമ്മൻ)

P 20-03-2025
RJ -UL (1)
9.10-9.20 (SV)

(*391..തുടർച്ച)

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, ഭൂമി വിട്ടുനൽകിയ ചില കുടുംബങ്ങളിൽ ചികിത്സയ്ക്കുപോലും പണമില്ലാതെ കഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. കൂടാതെ മക്കളുടെ വിവാഹാവശ്യത്തിന് വസ്തു വിറ്റ് പണം കണ്ടെത്താനിരുന്നവരുൾപ്പെടെ നിലവിൽ കഷ്ടത്തിലാണ്. നിലവിലുള്ള നടപടിക്രമങ്ങൾ പൂർത്തിയാകാൻ ഇനിയും കാലതാമസം വരുമെന്നതിനാൽ എന്തെങ്കിലും ഇളവുവരുത്തി നൽകാനുള്ള തുകയിൽ ഒരുഭാഗമെങ്കിലും

ഇപ്പോൾ നൽകാനാകുമോ; അതുപോലെ അവിടെയുണ്ടായ ബുദ്ധിമുട്ടിനും ദുരിതത്തിനും അധികനഷ്ടപരിഹാരംകൂടി നൽകാൻ സാധിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് മറ്റൊരിടത്തുമില്ലാത്തതുപോലെ, 2013-ലെ LARR (The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act, 2013) ആക്ടനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഇതിനൊരു പ്രത്യേക പാക്കേജില്ല. എന്നാൽ കണ്ണൂരിന്റെ കാര്യത്തിൽ പ്രത്യേക പാക്കേജുണ്ടാക്കുകയാണ്. എന്നുമാത്രമല്ല, 22-10-2018-ലാണ് 4(1) വിജ്ഞാപനം ചെയ്തത്. അന്നുമുതൽ ഏഴുവർഷക്കാലം പ്രഖ്യാപിക്കപ്പെട്ട തുകയുടെ 12 ശതമാനം ഉൾപ്പെടെ അവർക്ക് ലഭിക്കുന്നതോടുകൂടി ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പൂർണ്ണമായും മറികടക്കാനാകും. അക്കാര്യത്തിൽ നിയമത്തിൽനിന്നുതന്നെ പരമാവധി കാര്യങ്ങൾ അവർക്കുവേണ്ടി ചെയ്യുന്നതാണ്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, കണ്ണൂർ വിമാനത്താവളത്തിന്റെ കാര്യത്തിൽ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇവിടെ ബഹുമാന്യനായ മന്ത്രി സൂചിപ്പിച്ചത് വളരെ ഗൗരവമുള്ള വിഷയമാണ്. ഒരാളെയും

വീട്ടിൽനിന്നും ഇറക്കിവിടില്ല. ഇച്ഛാശക്തിയുള്ള ഗവൺമെന്റാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. അതിന് നേതൃത്വം നൽകുന്ന ബഹുമാന്യനായ ശ്രീ. പിണറായി വിജയനെയും റവന്യൂ വകുപ്പിന് നേതൃത്വം നൽകുന്ന സഖാവ് കെ. രാജനെയും ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. സംസ്ഥാനത്ത് നടപ്പാക്കിവരുന്ന ഡിജിൽ സർവെ രേഖകളുപയോഗിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കാൻ കഴിയുമോ; അത്തരത്തിൽ എന്തെങ്കിലും നടപടികൾ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. അങ്ങുൾപ്പെടെ പലരും ഈ ഭൂമിയുടെ രേഖയെടുക്കുന്നതിനുള്ള സമയത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. യഥാർത്ഥത്തിൽ, ഡിജിറ്റൽ റീ-സർവെ പൂർത്തിയാകുന്നതോടെ സർക്കാർ-സ്വകാര്യ ഭൂമിയുൾപ്പെടെ എല്ലാ ലാൻഡ് പാഴ്സലുകളെയും കോ-ഓർഡിനേറ്റ് ചെയ്യുന്ന ഒരു ഡിജിറ്റൽ വാല്യൂ വരും. അതുകൊണ്ട് ഭൂമി അളക്കുന്നതിനായി നേരിട്ടുപോകാതെതന്നെ ഏറ്റെടുക്കേണ്ട ഭൂമി അളന്നു തിരിക്കാനും സ്കെച്ച് തയ്യാറാക്കാനും ഡിജിറ്റൽ സർവെയിലൂടെ സാധിക്കും. എല്ലാ ലാൻഡ് പാഴ്സലുകളും ഈ രീതിയിലേക്ക് വരുന്നതിനാൽ ഇക്കാര്യങ്ങൾ

ഓഫീസിലിരുന്നുതന്നെ ചെയ്യാൻ സാധിക്കും. യഥാർഥത്തിൽ, അർഥനാധികാരി സ്ഥാപിക്കുന്ന അലൈൻമെന്റ് സ്റ്റോണുകളുടെ കോ-ഓർഡിനേറ്റുകൾ മുഖാന്തരം ഓഫീസിലിരുന്ന് ഡിജിറ്റൽ മാപ്പ് തയ്യാറാക്കാനും ഡിജിറ്റൽ രേഖകൾവഴി ഉടമസ്ഥനെ കണ്ടെത്താനും ഡിജിറ്റൽ റീ-സർവെയിലൂടെ സാധ്യമാകുമെന്നതിനാൽ അവ പൂർത്തിയാക്കുന്നതോടുകൂടി നടപടിക്രമങ്ങൾ ലഘൂകരിക്കാൻ സാധിക്കും.

<u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഞാൻ ഈ സ്ഥലം സന്ദർശിച്ചിരുന്നു. പ്രസ്തുത സ്ഥലം അക്ഷരാർഥത്തിൽ കുടിയൊഴിപ്പിക്കപ്പെട്ടിരിക്കുകയാണ്. കാരണം 4(1) നോട്ടിഫിക്കേഷൻ വന്നിട്ട് നിരവധി വർഷങ്ങളായിട്ടും അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളൊന്നും മുന്നോട്ടുപോകുന്നില്ല. വിമാനത്താവളത്തിന്റെ മുകളിൽനിന്നും പാറയും കല്ലും ഇടിഞ്ഞുവീണ് അവിടം വാസയോഗ്യവും കൃഷിയോഗ്യവുമല്ലാതായി തീർന്നിട്ടുണ്ട്. അവിടത്തെ വരുമാനമാർഗം പ്രധാനമായും കൃഷിയായിരുന്നു. അത് പൂർണ്ണമായും നിലച്ചു. നിരവധി വീടുകൾ തകർന്നു. കൂടാതെ പ്രളയമുണ്ടായപ്പോഴുള്ള നാശനഷ്ടങ്ങളുമുണ്ട്. അവിടത്തെ ഭൂമി ബാങ്കിൽ പണയം വയ്ക്കുന്നതിനോ വിൽക്കുന്നതിനോ സാധിക്കുന്നില്ല. അവർ വേറൊരു സ്ഥലത്തുപോയി താമസിച്ചാൽ വാടക നൽകാനും കഴിയുന്നില്ല.

പരിതാപകരമായ അവസ്ഥയിലൂടെയാണ് അവിടത്തെ പ്രദേശവാസികൾ ജീവിക്കുന്നത്. നാം സാധാരണ പറയാറുണ്ട് ആകാശത്തിനും ഭൂമിയ്ക്കുമിടയിൽ ത്രിശങ്കുവിലാണ് ജീവിക്കുന്നതെന്ന്. അക്ഷരാർഥത്തിൽ അങ്ങനെയാണ് ആ പാവപ്പെട്ട മനുഷ്യർ ജീവിക്കുന്നത്. അതിനാൽ  ഇതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ത്വരിതഗതിയിലാക്കി ജപ്തി നടപടികൾ നിർത്തിവയ്ക്കാനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിക്കേണ്ടത്. അങ്ങയുടെ അനുവാദത്തോടുകൂടി ശ്രീമതി കെ. കെ. രമ പറഞ്ഞ കെ-റെയിൽ വിഷയം കൂടി  പറയട്ടെ; പ്രസ്തുത വിഷയത്തിൽ നോട്ടിഫിക്കേഷനൊന്നും വന്നിട്ടില്ല. I agree with you.  പക്ഷെ, ആദ്യമേ അവിടെകൊണ്ടുപോയി കല്ലിട്ടു. ഇപ്പോൾ കല്ലിട്ട സ്ഥലം കോ-ഓപ്പറേറ്റീവ് ബാങ്കിൽപ്പോലും പണയം വയ്ക്കാൻ സാധിക്കുന്നില്ല. ഒരാളുപോലും ആ സ്ഥലം വാങ്ങില്ല. മാത്രമല്ല, ഇതുസംബന്ധിച്ച ഫൈനൽ ഡിസിഷൻ ഗവൺമെന്റിൽനിന്നും വന്നിട്ടില്ല. ഗവൺമെന്റ് ഇപ്പോഴും പറയുന്നത് കെ-റെയിൽ വരുമെന്നാണ്. എന്നാൽ കെ-റെയിൽ വരുന്നുമില്ല,  ഭൂമി വിൽക്കുന്നതിനോ പണയം വയ്ക്കുന്നതിനോ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഇത് പരിശോധിക്കണം. .......... (ബഹളം)............

<u>മി. സ്പീക്കർ</u>: പ്ലീസ്.........പ്ലീസ്...........മിനിസ്റ്റർ...............

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പ്രസ്തുത വിഷയം സംബന്ധിച്ച് പരിശോധിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഇക്കാര്യത്തിൽ ജപ്തി നടപടികളെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. അതിൽ ഒരുകാരണവശാലും പേടിക്കേണ്ട കാര്യമില്ല. കെ-റെയിലുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ പരസ്യമായി നടപടി എടുത്തിട്ടുണ്ട്. ഒരു തരത്തിലും ഈ ഭൂമി വിൽക്കുന്നതിനോ, പ്ലെഡ്ജ് ചെയ്യുന്നതിനോ തകരാറില്ല. ഇതുസംബന്ധിച്ച് ഗവൺമെന്റ് ഉറപ്പ് പറയുന്നുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാതെയുള്ള ആശങ്കകൾ ജനങ്ങളെ ബോധ്യപ്പെടുത്താനും ബന്ധപ്പെട്ട ബാങ്കുകളുമായി സംസാരിക്കാനും ഇടയുണ്ടാക്കാൻ മാത്രമേ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സൂചിപ്പിച്ച ഒരുകാര്യം, കാലവർഷക്കെടുതി ഉൾപ്പെടെ അവിടെയുണ്ടായ നഷ്ടങ്ങളെ സംബന്ധിച്ചാണ്. അക്കാര്യങ്ങൾ പരിഹരിച്ചുകൊണ്ട് ബന്ധപ്പെട്ട വകുപ്പുകളോട് നഷ്ടപരിഹാരം നൽകുന്നതിന് നിർദേശിക്കാം. ഭൂമി വില്പനയ്ക്കോ അതുമായി ബന്ധപ്പെട്ട പുതിയ പ്ലെഡ്ജിങ്ങിനോ ഒരു തടസ്സവും വരില്ലെന്ന് ഞാൻ ഈ സഭയിൽ ഉറപ്പുനൽകുന്നു. പ്രത്യേക കേസായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയാൽ അത്

പരിഗണിച്ചുകൊണ്ട് പ്രത്യേക കേസുകളിൽ പ്ലെഡ്ജ് ചെയ്യുന്നതിനുള്ള അനുവാദം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാവുന്നതാണ്. അക്കാര്യത്തിൽ പ്രയാസമുണ്ടാകില്ല.

ശ്രീ. പി. എസ്. സുപാൽ: സർ, ദേശീയപാത, റെയിൽവെ തുടങ്ങിയ കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികളിൽ കാലതമാസമുണ്ടാകുന്നതായാണ് ചില കേന്ദ്ര മന്ത്രിമാർ നിരന്തരം പ്രസ്താവിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യഥാർത്ഥ വസ്തുത എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. കെ. രാജൻ: സർ, കേന്ദ്ര മന്ത്രിമാർ ഇക്കാര്യത്തിൽ യഥാർത്ഥ വസ്തുതകൾ മറച്ചുവച്ചുകൊണ്ട് രാഷ്ട്രീയമായി ചില കാര്യങ്ങൾ പറയുകയാണ്. ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട എൻ.എച്ച്., റെയിൽവെ എന്നിവയിൽ യാതൊരുവിധത്തിലുള്ള വീഴ്ചയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ശ്രീ. നിധിൻ ഗഡ്കരി ദേശീയപാതയുടെ ആദ്യ റീച്ച് ഉദ്ഘാടനംചെയ്ത് സംസാരിച്ചപ്പോൾ പരസ്യമായി കേരള ഗവൺമെന്റിനെ അഭിനന്ദിച്ചു എന്നുമാത്രമല്ല, അതുമായി ബന്ധപ്പെട്ട് പ്രത്യേക അവാർഡ് കേരളത്തിന് നൽകുന്ന സ്ഥിതിവിശേഷവുമുണ്ടായി. 01-02-2023-ൽ ദേശീയ പാത അതോറിറ്റിയുടെ ചെയർമാനായ ശ്രീ.

സന്തോഷ്കുമാർ യാദവ്, ഐ.എ.എസ്. ഇവിടത്തെ അന്നത്തെ റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ചൊരു കത്ത് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കാരണം നിരുത്തരവാദിത്വപരമായ പ്രസ്താവനകളാണ് കേന്ദ്രഭരണകൂടത്തിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. ടി കത്തിൽ അദ്ദേഹം പറയുന്നത്, I thank you for the excellence support given for expediting the land acquisition in Kerala, due to the support of Government of Kerala all pending 18 project in NH-66 are now awarded and works are going on എന്നാണ്. ഇത് ദേശീയ പാതയുടെ ചെയർമാൻ കേരളത്തിനയച്ച കത്താണ്. ദേശീയപാതാ വികസനത്തിനുവേണ്ടി ചുരുങ്ങിയ കാലംകൊണ്ട് 3503 ഏക്കർ ഭൂമി ഏറ്റെടുക്കുകയും 25120.81 കോടി രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുമുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വേഗതയിൽ 25 ശതമാനം പണം ഭൂമി ഏറ്റെടുത്ത വകയിൽ കൊടുത്തിട്ടുണ്ട്. 25120.81 കോടി രൂപയിൽ 6000 കോടിയിലധികം രൂപ ഇന്ത്യയിൽ മറ്റൊരിടത്തുമില്ലാത്തതുപോലെ കേരളം നൽകിയതാണ്. റെയിൽവെ വികസനം ശ്രദ്ധയിൽപ്പെടുത്തേണ്ടൊരു കാര്യമാണ്.......കഴിഞ്ഞ കുറേ ദിവസമായി അദ്ദേഹം അത് പറയുന്നുണ്ട്. 325.699 ഹെക്ടർ ഭൂമി ഏറ്റെടുക്കാനുള്ള റിക്വിസിഷൻ റെയിൽവെ

നൽകിയതിൽ 102 ഏക്കർ ഭൂമി സമയബന്ധിതമായി ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. 32.7761 ഹെക്ടർ ഭൂമിയിൽ റെയിൽവെ ഇതുവരെ കണ്ടിജൻസി ചാർജ് അടച്ചിട്ടില്ല. 18.6108 ഹെക്ടർ ഭൂമിയിൽ ഇതുവരെ അലൈൻമെന്റ് സ്കെച്ചുപോലും കേരളത്തിന് നൽകിയിട്ടില്ല. 0.042 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കൽ വിവിധ കേസുകളിൽപ്പെട്ട് കിടക്കുകയാണ്. 7.9291 ഹെക്ടർ ഭൂമിയിൽ 19(1) വിജ്ഞാപനമായി. 131 ഹെക്ടർ ഭൂമിയിൽ സോഷ്യൽ ഇംപാക്ടുമെന്റ് അസ്സെസ്സ്മെന്റ് നടന്നുകൊണ്ടിരിക്കുകയാണ്. 4.74121 ഭൂമി 6(1) നോട്ടിഫിക്കേഷനിലും 3.5529 ഭൂമി 11(1) നോട്ടിഫിക്കേഷനിലുമാണ്. ഈ 366 ഹെക്ടർ ഭൂമിയിൽ നടപടികൾ ആരംഭിക്കാത്തത് 22 ഹെക്ടർ ഭൂമിയിലാണ്. അതിനുള്ള കാരണം, കോട്ടയം ജില്ലയിൽ റെയിൽവെ നമുക്ക് അനുവദിച്ചിരുന്ന സ്പെഷ്യൽ എൽ. എ. ഓഫീസ് അവർ നിർത്തലാക്കിയതാണ്. ആ ഓഫീസ് വീണ്ടും നൽകിയാൽ, പറഞ്ഞ സമയത്തിനുള്ളിൽ ഭൂമി ഏറ്റെടുക്കാൻ തയ്യാറാണ്. കേരളം ഇത്രയേറെ പ്രവർത്തനം നടത്തിയിട്ടും രാഷ്ട്രീയമായി കേരളത്തെ ആക്രമിക്കാനുള്ള കേന്ദ്ര മന്ത്രിമാരുടെ ശ്രമം വളരെ അപലപനീയമാണ്. അതുകൊണ്ടാണ് ഈ രേഖ വിശദമായി സഭയുടെ മുമ്പാകെ അറിയിച്ചത്.

<u>ശ്രീ. എച്ച്. സലാം</u>: കിഫ്ബിയുടേതുൾപ്പെടെയുള്ള ചില പദ്ധതികളിൽ

സ്ഥലമേറ്റെടുക്കലിന് കാലതാമസം നേരിടുന്നതിനാൽ വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. നിലവിലെ നിയമത്തിൽനിന്നുകൊണ്ട് റവന്യൂവകുപ്പ് സ്ഥലമേറ്റെടുക്കൽ പരമാവധി വേഗത്തിലാക്കാൻ ശ്രമിക്കുന്നുണ്ട്. ഈ കാലതാമസം ഒഴിവാക്കുന്നതിന് 2013-ലെ കേന്ദ്ര നിയമത്തിനുള്ളിൽനിന്നുകൊണ്ട് നെഗോഷ്യബിൾ പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കാനാവശ്യമായ നിയമനിർമ്മാണത്തിന് ഗവൺമെന്റ് ആലോചിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, 2013-ലെ എൽ.എ.ആർ.ആർ (Land Acquisition, Rehabilitation & Resettlement Authority) നിയമം നിലവിൽ വന്നതിനുശേഷം നെഗോഷ്യബിൾ പർച്ചേസ് പല കാരണങ്ങളാൽ തടയപ്പെട്ടിരിക്കുകയാണ്. പൂർണ്ണമായും വില നിശ്ചയിച്ചതിനുശേഷം അതിനേക്കാൾ കൂടുതൽ വില നൽകാൻ കഴിയുന്ന കേസുകളിൽ മാത്രമേ നെഗോഷ്യബിൽ പർച്ചേസിന് കഴിയൂ എന്നാണ് പ്രസ്തുത നിയമത്തിലെ സെക്ഷൻ 108-ൽ സൂചിപ്പിച്ചിരിക്കുന്നത്. നിലവിൽ പൊതു ആവശ്യങ്ങൾക്കുവേണ്ടി 31-12-2024-ൽ ഗവൺമെന്റ് ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഭൂവുടമകൾ സമ്മതിക്കുന്നപക്ഷം മതിയായ ഭൂരേഖകൾ ലഭ്യമാണെങ്കിൽ സെയിൽ ഡീഡ് മുഖേന ഭൂമി വാങ്ങുന്നതിന്

കഴിയും. എന്നാൽ ഇതുമാത്രം പോരാ, നിലവിലുള്ള നിയമപ്രകാരം നെഗോഷ്യബിൾ പർച്ചേസ് വഴി ഭൂമി ഏറ്റെടുക്കാൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് സൂചിപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തെലങ്കാന, കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ കൊണ്ടുവന്ന നിയമത്തിന്റെ മാതൃകയിൽ കേരളത്തിലും നെഗോഷ്യബിൾ പർച്ചേസിനുവേണ്ടി നിയമനിർമ്മാണം നടത്തുന്നതിനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഇതിനുള്ള ശ്രമം ആരംഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി യൂണിയൻ ലിസ്റ്റിൽപ്പെട്ടതാണെങ്കിലും കേന്ദ്ര നിയമത്തിന് വിരുദ്ധമല്ലാത്ത വ്യവസ്ഥകൾ ഉൾപ്പെടുത്തി ബഹുമാനപ്പെട്ട പ്രസിഡന്റിന്റെ അംഗീകാരത്തോടെ ഇത്തരത്തിലൊരു നിയമനിർമ്മാണം നടത്താൻ കഴിയുമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. പ്രസ്തുത നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

( ശ്രീ. ജി. എസ്. ജയലാൽ)

P- 20.03.2025 - KA/UL(1)
9.20-9.30 (SV)

(*391 ...... തുടർച്ച)

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ഭൂമി ഏറ്റെടുക്കൽ വളരെ വേഗത്തിൽ

നടത്തുന്ന ഒരു ഗവൺമെന്റാണിത്. ഭൂമി ഏറ്റെടുക്കൽ നടപടികൾ സത്വരവും സുതാര്യവുമാക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. കെ. രാജൻ: സർ, വളരെയധികം പ്രധാന്യം അർഹിക്കുന്ന ഒരു വിഷയമാണിത്. അങ്ങ് ഓൺലൈൻ-ന്റെ ആളായതുകൊണ്ട് അങ്ങുതന്നെ ഈ ചോദ്യം ചോദിച്ചത് നന്നായി. സാധാരണ നിലയിൽ ലാൻഡ് അക്വിസിഷൻ മാനേജ്മെന്റ് സിസ്റ്റം എന്നൊരു സോഫ്റ്റ്‌വെയർ ഇപ്പോൾ വികസിപ്പിച്ചിരിക്കുകയാണ്. LARR 2013 സെക്ഷൻ 11 വരെയുള്ള മുഴുവൻ പ്രവർത്തനങ്ങളും സുതാര്യമായതായി ആ പ്രോജക്ട് പരിശോധിച്ചാൽ നിങ്ങൾക്ക് അറിയാൻ സാധിക്കും. രണ്ടാംഘട്ടമായി, ആക്റ്റിലെ സെക്ഷൻ 19 വരെയുള്ള പ്രവർത്തനങ്ങൾ വികസിപ്പിച്ചു. അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിക്കുകയാണ്. മൂന്നാംഘട്ടമായി, അവാർഡ് കൊടുക്കുന്നതുവരെയുള്ള കാര്യങ്ങൾ മനസ്സിലാക്കാൻ സാധിക്കും. നാലാം ഘട്ടത്തിൽ, പോസ്റ്റ് അവാർഡ് നടപടികളും കോടതി റഫറൻസ് നൽകുന്നതുവരെയുള്ള നടപടികൾക്കും വേണ്ടിയുള്ള യൂസർ റിക്വയർമെന്റ് തയ്യാറാക്കി വരികയാണ്. ആറു മാസത്തിനുള്ളിൽ 4(1) മുതൽ പൂർണ്ണമായും വിലകൊടുക്കുന്നതുവരെയുള്ള മുഴുവൻ നടപടിക്രമങ്ങളും കേരളത്തിലെ ജനങ്ങൾക്ക് സുതാര്യമായി മനസ്സിലാക്കുന്ന വിധത്തിലുള്ള

എൽ.ഐ.എം.എസ്. (Land Information Management System) സോഫ്റ്റ്‌വെയർ വികസിപ്പിച്ച് കേരളത്തിന് സമർപ്പിക്കുന്നതാണ്. അതിന്റെ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കോഴിക്കോട് വിമാനത്താവളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് 2023-ൽ ഏകദേശം പന്ത്രണ്ടര ഏക്കർ ഭൂമി ഏറ്റെടുത്തു. ഭൂമി ഏറ്റെടുക്കുന്ന സമയത്ത് ഭൂവുടമകൾ ചില വ്യവസ്ഥകൾക്കനുസൃതമായാണ് ഭൂമി വിട്ടുതന്നത്. നഷ്ടപ്പെടുന്ന റോഡ് ആക്സസ് ശരിയാക്കി നൽകണമെന്നും അവശേഷിക്കുന്ന ഭൂമിയിൽ കെട്ടിടങ്ങൾ, വീടുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി. കാലതാമസമില്ലാതെ ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ജനപ്രതിനിധികളുടെ സാന്നിധ്യത്തിൽ ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. അബ്ദുറഹിമാനോട് ആവശ്യപ്പെടുകയും അത് സമ്മതിച്ചതിനുശേഷമാണ് അവർ ഭൂമി വിട്ടുതന്നത്. 2023-ൽ ഭൂമി വിട്ടുനൽകി, എന്നാൽ ഇതുവരെയും അവർ ഉന്നയിച്ച വ്യവസ്ഥകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ജയിലിൽ താമസിക്കുന്നതുപോലെയാണ് ഭൂമി വിട്ടുതന്നവർ ഇപ്പോൾ ജീവിക്കുന്നത്, അവർക്ക് പള്ളിക്കൂടങ്ങളിലും ആരാധനാലങ്ങളിലും പോകാൻ സാധിക്കുന്നില്ല. അതുകൊണ്ട്

അടിയന്തരമായി ഈ വിഷയത്തിൽ ഇടപെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, അങ്ങുതന്നെ ഈ ചോദ്യം ചോദിച്ചത് വളരെ നന്നായി. ബഹുമാനപ്പെട്ട അംഗം ശ്രീ. സണ്ണി ജോസഫ് കൂടി കണ്ണൂർ വിമാനത്താവളത്തിന്റെ ഇച്ഛാശക്തിയെക്കുറിച്ച് പറഞ്ഞല്ലോ? കോഴിക്കോട് വിമാനത്താവളത്തിന്റെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ അവസ്ഥയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പരിശോധിക്കണമെന്ന അഭ്യർത്ഥന എനിക്കുണ്ട്. മലപ്പുറം ജില്ലയിലെ ആളുകൾക്ക് അതറിയാം. സാമൂഹികാഘാത പഠനത്തിന്റെ പേരിൽ ആ പദ്ധതി എത്രതവണയാണ് മാറ്റിവയ്ക്കേണ്ടിവന്നത്? ശ്രീ. ടി. വി. ഇബ്രാഹിമിനും ഇതിനെക്കുറിച്ച് അറിയാവുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ അവസാന കാലത്ത് അതിനുവേണ്ടി കൊടുത്ത എൽ.എ. ഓഫീസ് ടെർമിനേറ്റ് ചെയ്തു. വീണ്ടും ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അദ്ദേഹത്തിന്റെയും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. അബ്ദുറഹിമാന്റെയും ആവശ്യപ്രകാരം ആ ഓഫീസ് അവിടെ വീണ്ടും ആരംഭിക്കുകയായിരുന്നു. എന്തായിരുന്നു അതിന്റെ പിന്നിലുള്ള പ്രശ്നം? ആളുകൾ സൃഷ്ടിച്ച വിവിധ കാരണങ്ങളാൽ ദീർഘകാലം കോഴിക്കോട്

വിമാനത്താവളത്തിലെ ഭൂമി ഏറ്റെടുക്കാൻ ഗവൺമെന്റിനെ അനുവദിക്കാത്ത വിധത്തിലുള്ള പ്രശ്നമുണ്ടായി. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. അബ്ദുറഹിമാന്റെ നേതൃത്വത്തിൽ ആ ജില്ലയിൽ എന്താണോ വാഗ്ദാനം ചെയ്തത് അത് പൂർണ്ണമായും ഗവൺമെന്റ് നടപ്പാക്കുകയും സമയബന്ധിതമായി ആ പ്രശ്നം പരിഹരിക്കുകയും ചെയ്യും.

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാടിൽ 13 പഞ്ചായത്താണുള്ളത്. അവയിൽ ഡിജിറ്റൽ സർവേ പൂർത്തിയാകാത്ത മൂന്നുനാല് പഞ്ചായത്തുകളുണ്ട്. തീരദേശ പ്രദേശത്തുള്ള ആളുകളെല്ലാം സങ്കടകരമായ അവസ്ഥയിലാണ്. അതിനാൽ അടിയന്തരമായി കളക്ടറുടെ നേതൃത്വത്തിൽ ഒരു യോഗം ചേരാൻ അങ്ങ് അനുവദിക്കുമോ?

ശ്രീ. കെ. രാജൻ: സർ, കുട്ടനാടിന്റെ പ്രശ്നത്തിൽ അനുഭാവപൂർണ്ണമായിട്ടുള്ള പരിഗണനയാണ് ഗവൺമെന്റിനുള്ളത്. അങ്ങ് ആവശ്യപ്പെട്ടതുപോലെയുള്ള ഒരു യോഗം ചേരാവുന്നതാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, താലൂക്ക് ആസ്ഥാനമായ ഒറ്റപ്പാലത്തെ ഗതാഗത കുരുക്കിന് ശാശ്വത പരിഹാരം കണ്ടെത്താൻ രണ്ട് സുപ്രധാനമായ പദ്ധതികൾ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മുന്നോട്ട് പോവുകയാണ്. അതിലൊന്ന് ഈസ്റ്റ് ഒറ്റപ്പാലം പാലവും മറ്റൊന്ന് ഒറ്റപ്പാലം

ബൈപ്പാസുമാണ്. ഏതാണ്ട് 85 ശതമാനം ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞു. ശേഷിക്കുന്ന പ്രവൃത്തികൾകൂടി ത്വരിതഗതിയിലാക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ കഴിയുമെങ്കിൽ ഒരു യോഗം വിളിച്ചുചേർത്ത് എത്രയും പെട്ടെന്ന് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഒറ്റപ്പാലം ബൈപ്പാസ് ഒരു ചരിത്ര സംഭവമാണ്. ബഹുമാനപ്പെട്ട അംഗം നേരത്തെ കത്തെഴുതി നൽകിയതിനെത്തുടർന്ന് അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രത്യേകമായി കോ-ഓർഡിനേറ്റ് ചെയ്യുന്നുണ്ട്. അംഗം ആവശ്യപ്പെട്ടതുപോലെ ഈ കാര്യങ്ങളിൽ പ്രത്യേക യോഗം വിളിക്കാവുന്നതാണ്.

ശ്രീ. ഡി. കെ. മുരളി: സർ, 2013-ലെ LARR ആക്ട് അനുസരിച്ച് വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അത് മുൻ നിയമത്തേക്കാൾ എത്രമാത്രം വ്യത്യാസപ്പെടുത്തിയിരിക്കുന്നെന്നും വിശദീകരിക്കാമോ?

ശ്രീ. കെ. രാജൻ: സർ, ഇതൊരു പ്രധാനപ്പെട്ട വിഷയമാണ്. 1894-ലെ ലാൻഡ് അക്വിസിഷൻ ആക്റ്റ് പ്രകാരമാണ് മുമ്പ് ഭൂമി ഏറ്റെടുത്തിരുന്നത്. ആ ഭൂമി ഏറ്റെടുക്കലും ഇതും തമ്മിൽ അജഗജാന്തര വ്യത്യാസമുണ്ട്.

നേരത്തെയുള്ളതിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ മൾട്ടിപ്പിൾ ഫ്രാക്ചറുണ്ട്. അതായത് ഒരു നഗരത്തിൽനിന്ന് പത്ത് കിലോമീറ്റർ, ഇരുപത് കിലോമീറ്റർ, മുപ്പത് കിലോമീറ്റർ, നാല്പത് കിലോമീറ്റർ എന്നിങ്ങനെ വ്യത്യാസമുണ്ട്. നാല്പത് കിലോമീറ്റർ കഴിഞ്ഞാൽ നിലവിലുള്ള വിലയുടെ ഇരട്ടിവില നമുക്ക് ലഭ്യമാകും. നേരത്തെ മുപ്പത് ശതമാനം സൊലേഷ്യയാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അത് നൂറ് ശതമാനമായി വർധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2013-ലെ നിയമത്തിൽ മൂന്ന് വർഷത്തിനുള്ളിൽ ആ പ്രദേശത്ത് ക്രയവിക്രയം ചെയ്ത ആധാരങ്ങളുടെ ഏറ്റവും കൂടിയ വിലയാണ് നമുക്ക് എടുക്കാൻ കഴിയുന്നത്. എന്നാൽ 1894-ലെ നിയമപ്രകാരം കമ്പോളവില നിശ്ചയിക്കുന്ന ശതമാനവും സദൃശ്യമായിട്ടുള്ള വിലയും മാത്രമേ എടുക്കാൻ കഴിയൂ. അതിനേക്കാൾ ആകർഷകമായത് 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് അവാർഡ് ചെയ്യുന്നതുവരെയുള്ള കാലത്ത് 12 ശതമാനം പലിശ ആളുകൾക്ക് ലഭ്യമാകുന്നുവെന്നതാണ്. യഥാർഥത്തിൽ, ഗ്രാമപ്രദേശങ്ങളിൽ അവരുടെ മാർക്കറ്റ് വിലയുടെ നാലിരട്ടിവരെ വില കിട്ടാവുന്ന വിധത്തിലാണ് 2013-ലെ LARR നിശ്ചയിച്ചിട്ടുള്ളത്. ഭൂമി ഏറ്റെടുക്കലിലെ കാലതാമസം ഒഴിവാക്കാൻ പ്രത്യേക നിയമനിർമ്മാണം കൂടി നടത്തിയാൽ ഭൂമിക്ക് നല്ല വില

ലഭിക്കുന്നതാണ്. ഇന്ത്യയിലെ പല ഭാഗങ്ങളിലേയ്ക്കും ആട്ടിയോടിക്കപ്പെടുന്ന ജനങ്ങൾക്കുവേണ്ടിയുള്ള നിയമമാണിത്. ആ വിധത്തിലുള്ള വില നൽകുകയും ചെയ്യുന്നുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കര മിച്ചൽ ജങ്ഷന്റെ കാര്യം അങ്ങേയ്ക്ക് പ്രത്യേകമായി അറിയാവുന്നതാണ്. 30 വർഷം കഴിഞ്ഞിട്ടും മിച്ചൽ ജങ്ഷനിൽ വരുന്നവർക്കൊന്നും വഴി തെറ്റില്ലെന്നാണ് പ്രതീക്ഷിക്കുന്നത്. അത്രമാത്രം ഭൂമി ഏറ്റെടുക്കാൻ കഴിയാതെ വികസനമില്ലാതെ നിൽക്കുന്ന സാഹചര്യമാണ് അവിടെയുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂമി ഏറ്റെടുക്കുന്നതിനും വികസനത്തിനുമായി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പക്ഷെ, പ്രസ്തുത ഭൂമി കോടതി പരിഗണനയിലായതിനാൽ നാളിതുവരെ ഭൂമി ഏറ്റെടുക്കാൻ കഴിയാത്ത സാഹചര്യമാണ് അവിടെയുള്ളത്. ഗവൺമെന്റിന്റെ ഇടപെടലും ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രത്യേക ശ്രദ്ധയും ഇക്കാര്യത്തിൽ വേണമെന്നുള്ള ജനങ്ങളുടെ ആവശ്യം അങ്ങ് സാധ്യമാക്കുമോ?

ശ്രീ. കെ. രാജൻ: സർ, മാവേലിക്കരയിലെ മിച്ചൽ ജങ്ഷൻ സർക്കാരിന്റ ഒരു തീരാവേദനയാണ്. അവിടെ സർക്കാരിന്റെയോ സർക്കാർ ഏജൻസികളുടെയോ ഉദ്യോഗസ്ഥരുടെയോ ഇടപെടലല്ല

പ്രശ്നമായിരിക്കുന്നത്. തുടർച്ചയായ കോടതി ഇടപെടലാണ് അവിടത്തെ പ്രശ്നം. 4(1) നോട്ടിഫിക്കേഷൻ മൂന്നുതവണ മാറ്റി നൽകുകയും എക്സ്പെർട്ട് കമ്മിറ്റിയെ രണ്ട് തവണ മാറ്റി നിശ്ചയിക്കുകയും ചെയ്തതാണ്. ഇതെല്ലാം കോടതി ഇടപെടലിന്റെ ഭാഗമാണ്. കോടതിയിൽ സർക്കാർ പ്രതിനിധീകരിക്കുന്നുണ്ട്. നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, പ്രതിപക്ഷത്തിന്റെ ചോദ്യങ്ങൾ, ഇവിടെ വികസനപ്രവർത്തനങ്ങൾക്ക് ഭൂമി ഏറ്റെടുത്ത് കുടിയൊഴിപ്പിക്കപ്പെടുമെന്നും നഷ്ടപരിഹാരം ലഭിക്കുകയില്ലെന്നുമുള്ള തെറ്റിദ്ധാരണയുളവാക്കുന്നതാണ്. വികസനപ്രവർത്തനങ്ങൾ മുടക്കുകയെന്നതാണ് അവരുടെ ലക്ഷ്യം. അതുകൊണ്ട് ഒരു കാര്യത്തിൽ വ്യക്തതവരുത്തുന്നതിനുവേണ്ടിയുള്ളതാണ് എന്റെ ചോദ്യം. കേരളത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വികസന പ്രവർത്തനങ്ങൾക്കായി എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ട്; എത്ര തുക നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ശ്രീ. കെ. രാജൻ: സർ, കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഭൂമി ഏറ്റെടുത്ത കാലമാണിത്. കേരളം നിലവിൽ വന്നതിനുശേഷം 7282.98

ഏക്കർ ഭൂമി ഏറ്റെടുത്ത് വിവിധ വകുപ്പുകൾക്ക് നൽകി. ഈ കാലയളവിനുള്ളിൽ കേരളം ദേശീയപാതയുടേതുൾപ്പെടെ 31264.712 കോടി രൂപ കേരളത്തിലെ ജനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(ചോദ്യം നമ്പർ * 392)

P-20-03-2025
SS-AM (1)
09.30-09.40
SM

**പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി മുഖേനയുള്ള പുരോഗതി**

2(*392) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ കിഫ്ബി മുഖേനയുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയിൽ കിഫ്ബി ഫണ്ടുകൾ എത്രമാത്രം സഹായകമായെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിൽ കിഫ്ബിയുടെ പങ്ക് വ്യക്തമാക്കാമോ;

(ഡി) വിദ്യാലയങ്ങളുടെ കലാകായിക രംഗത്തെ അടിസ്ഥാന സൗകര്യങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ് കിഫ്ബി മുഖേന വരുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് കിഫ്ബിയുമായി ചേർന്ന് നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കുമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതനുപ്രകാരം മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. സജി ചെറിയാൻ</u>): സർ,

(എ) ഉണ്ട്. വിശദമായ മറുപടി അനുബന്ധം-1 ആയി ചേർക്കുന്നു+.

(ബി) കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഡിജിറ്റൽ വിദ്യാഭ്യാസം പ്രാവർത്തികമാക്കുന്നതിന് കിഫ്ബി ഫണ്ടുകൾ വളരെ സഹായകമായിരുന്നു. കിഫ്ബി ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ടാണ് പൊതുവിദ്യാഭ്യാസ വകുപ്പിലെ, Kerala Infrastructure and Technology for Education (KITE) സംസ്ഥാനത്തെ സെക്കൻഡറി, ഹയർ സെക്കൻഡറി

+ അനുബന്ധം-1 ആയി ചേർക്കുന്നു.

ക്ലാസ് മുറികൾ സമ്പൂർണമായി ഡിജിറ്റലാക്കുകയും പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പാക്കുകയും ചെയ്തത്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകൾ ഹൈടെക് ആക്കുന്നതിന് ‘ KITE’ 682.06 കോടി രൂപ കിഫ്ബി മുഖേന ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. നേരത്തെ വ്യക്തമാക്കിയതുപോലെ 'Samagra plus', 'Sampoorna', 'Sahitham' എന്നീ പോർട്ടലുകൾക്ക് പുറമെ ഇന്ത്യയിലെ സ്കൂൾ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ 'Little KITEs' പദ്ധതിക്കും ഈ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട്. 'Little KITEs' പദ്ധതിയിലൂടെ ‘ KITE’ നടത്തിയ ഡിജിറ്റൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വികസിത രാജ്യങ്ങൾക്കുവരെ മാതൃകയാണെന്ന് UNICEF-ന്റെ പഠനറിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. Artificial Intelligence, Fact-checking, Robotics തുടങ്ങിയ നവീന മേഖലകൾവരെ ഇന്ന് നമ്മുടെ ICT (Information and Communication Technology) പാഠപുസ്തകത്തിൽ ഇപ്രകാരം രാജ്യത്താദ്യമായി ഉൾപ്പെടുത്തിയിട്ടുണ്ട്

(സി) ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിനായുള്ള ശ്രമങ്ങൾക്ക് ഏറെ സഹായകമാണ് മെച്ചപ്പെട്ട ഭൗതികസൗകര്യങ്ങൾ. സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യവികസന കാര്യത്തിൽ വലിയ

തോതിൽ മുന്നേറാൻ കിഫ്ബി ഫണ്ടുവഴി നമുക്ക് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് 973 സർക്കാർ വിദ്യാലയങ്ങളുടെ ഭൗതികസൗകര്യവികസനത്തിന് കിഫ്ബി ധനസഹായം നിർണ്ണായക പങ്ക് വഹിച്ചു. 5 കോടി, 3 കോടി, 1 കോടി ധനസഹായമാണ് പ്രാരംഭഘട്ടത്തിൽ വിഭാവന ചെയ്തത്. എന്നാൽ, rate revision വന്നതിന്റെ ഭാഗമായി ടെൻഡർ നടപടികൾ പൂർത്തീകരിക്കാത്ത 3 കോടി രൂപയുടെ ധനസഹായം 3.9 കോടി രൂപയായും 1 കോടി രൂപ എന്നത് 1.3 കോടി രൂപയായും വർധിച്ചിട്ടുണ്ട്. ഏതാണ്ട് 2,565 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി മുഖേന ഭൗതിക സൗകര്യ വികസനത്തിനായി വിദ്യാഭ്യാസ വകുപ്പിന് ലഭ്യമായിട്ടുണ്ട്.

കൂടാതെ ഫിഷറീസ് വകുപ്പിലൂടെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾ പഠിക്കുന്ന 57 സ്കൂളുകൾക്ക് 66 കോടി രൂപയുടെ ഭൗതികസൗകര്യ വികസനത്തിനായി കിഫ്ബി മുഖേന ധനസഹായം ലഭ്യമായിട്ടുണ്ട്.

(ഡി) കലാരംഗവുമായി ബന്ധപ്പെട്ട് കിഫ്ബി പദ്ധതിയിൽ പ്രത്യേകം സ്കീമുകളൊന്നുമില്ല. കായികരംഗത്ത് അടിസ്ഥാനസൗകര്യങ്ങൾ

മെച്ചപ്പെടുത്തുന്നതിനായി കിഫ്ബി മുഖാന്തരം നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദമായ മറുപടി അനുബന്ധം-2 ആയി ചേർക്കുന്നു+.

(ഇ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഭൗതികസൗകര്യ വികസനത്തിനായി 5 കോടി രൂപ കിഫ്ബി പദ്ധതി മുഖേന 141 സ്കൂളുകൾക്കും 3 കോടി രൂപ കിഫ്ബി പദ്ധതി മുഖേന 386 സ്കൂളുകൾക്കും 1 കോടി രൂപ കിഫ്ബി പദ്ധതി മുഖേന 446 സ്കൂളുകൾക്കും ഭരണാനുമതി നൽകിയിരുന്നു. ആകെ അനുവദിച്ച 973 സ്കൂളുകളിൽ 518 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

ഇതുകൂടാതെ തീരദേശ മേഖലയിലെ 57 സ്കൂളുകൾക്ക് കിഫ്ബി പദ്ധതി പ്രകാരം ഫണ്ടനുവദിച്ച് തീരദേശ വികസന കോർപ്പറേഷൻവഴി നിർമ്മാണം നടന്നുവരുന്നു. ഇതിൽ 47 സ്കൂളുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കേരളത്തിന്റെ പൊതുവിദ്യാഭ്യാസ

\+ അനുബന്ധം-2 ആയി ചേർക്കുന്നു.

മേഖല ഈ ഗവൺമെന്റിന്റെ കാലത്ത് വലിയ മികവിലേക്ക് ഉയർന്നതാണ്. അതിന് കിഫ്ബിയുടെ ധനസഹായം വലിയ പിന്തുണയുമായിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ ‘ KITE’ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലപ്രാപ്തി പഠനം ഏതെങ്കിലും നടന്നിട്ടുണ്ടോ; ഇതിനെക്കുറിച്ച് ഏതെങ്കിലും അന്താരാഷ്ട്ര ഏജൻസികൾ പഠനം നടത്തിയിട്ടുണ്ടോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ്. Intel Corporation-ന്റെ സഹായത്തോടെ അമേരിക്കയിലെ OHIO സർവകലാശാല ‘ KITE’ -ന്റെ നേതൃത്വത്തിൽ നടപ്പാക്കിയ ഹൈടെക് സ്കൂൾ പദ്ധതിയുടെ ഫലപ്രാപ്തി പഠനം 2020-ൽ നടത്തിയിട്ടുണ്ട്. നമ്മുടെ അധ്യാപകർ ഡിജിറ്റൽ സംവിധാനങ്ങൾ അവയുടെ അക്കാദമികവശം ചോർന്നുപോകാതെ ഉപയോഗിക്കുന്നുവെന്ന് ഈ പഠനം അടിവരയിടുന്നുണ്ട്. ഹൈടെക് പദ്ധതിയുടെ തുടർച്ചയായി ‘ KITE’ നടപ്പാക്കുന്ന 'Little KITEs' ഐ.റ്റി. ക്ലബുകളെക്കുറിച്ച് UNICEF പഠനം നടത്തുകയും ഈ മാതൃക വികസിതരാജ്യങ്ങൾക്ക് ഉൾപ്പെടെ അനുകരിക്കാവുന്നതാണെന്ന് രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, സാങ്കേതികവിദ്യയുടെ സഹായം നമ്മുടെ വിദ്യാഭ്യാസരംഗത്ത് സാധ്യമാക്കുന്നതിനുവേണ്ടി ഹൈടെക് പദ്ധതിയിലൂടെ

എത്രമാത്രം ഉപകരണങ്ങളാണ് നമ്മുടെ സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ളതെന്നുള്ള കാര്യം വ്യക്തമാക്കാമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, കേരളത്തിലെ എയ്ഡഡ് സ്കൂളുകൾക്കും ഗവൺമെന്റ് സ്കൂളുകൾക്കും ഒരേതരത്തിലുള്ള സംവിധാനമാണ് ഹൈടെക് പദ്ധതിയിലൂടെ ഏർപ്പെടുത്തിയിട്ടുള്ളത്. ഹൈടെക് സ്കൂൾ, ' Hi-Tech Lab Project' പ്രകാരം, laptop - 135551, multimedia projector - 69945, USB Speaker – 100439, mounting kit - 43250, screen - 23098, Television - 4545 Tel (43 inch), printer - 4601, Camera - 4578, web cam - 4720 എന്നീ ഉപകരണങ്ങൾ കിഫ്ബി ഫണ്ടുപയോഗപ്പെടുത്തിക്കൊണ്ട് സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് 'KITE' വിതരണം ചെയ്തിട്ടുണ്ട്. എല്ലാ സ്കൂളുകൾക്കും ഒരേതരത്തിലുള്ള സഹകരണവും സഹായവുമാണ് ഗവൺമെന്റ് ചെയ്തിട്ടുള്ളത്.

<u>ശ്രീ. കെ. വി. സുമേഷ്</u>: സർ, നമ്മുടെ സ്കൂളുകളിൽ നിരവധി ഹൈടെക് ഉപകരണങ്ങൾ ഗവൺമെന്റ് ആധുനികവത്കരണത്തിന്റെ ഭാഗമായി സ്ഥാപിച്ചിരുന്നു. അതിന്റെ പ്രവർത്തനം നിലവിൽ എങ്ങനെയാണ്; അതോടൊപ്പം വാറന്റി കാലയളവിനുശേഷം എ.എം.സി. (Annual Maintenance Contract) സംവിധാനം നിലവിലുണ്ടോ?

ശ്രീ. സജി ചെറിയാൻ: സർ, ഏതാണ്ട് 93% ഉപകരണങ്ങളും പ്രവർത്തനക്ഷമമാണെന്നാണ് നമ്മുടെ പഠനത്തിൽനിന്നും പരിശോധനയിൽനിന്നും മനസ്സിലായിട്ടുള്ളത്. എന്നാലും 5 വർഷത്തെ വാറന്റി ഈ കാലയളവിൽ നൽകിയിട്ടുണ്ട്. അതിനുവേണ്ടി ' KITE' എ.എം.സി. ഏർപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, ക്ലാസ് മുറികൾ ഡിജിറ്റലൈസ് ചെയ്യുമ്പോൾ ലോകമെമ്പാടും അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ഡിജിറ്റൽ പ്രാവീണ്യമുള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വിടവ് വർധിക്കുന്നുവെന്നതാണ്. ഈ പ്രശ്നത്തെ കേരളം എങ്ങനെയാണ് അഭിമുഖീകരിക്കുന്നുവെന്നത് വ്യക്തമാക്കാമോ?

ശ്രീ. സജി ചെറിയാൻ: സർ, രാജ്യത്തിനുതന്നെ മാതൃകയാകുന്ന രൂപത്തിലാണ് നമ്മൾ ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുന്നത്. ചോദ്യം വളരെ പ്രസക്തമാണ്. വികസിത രാജ്യങ്ങളുൾപ്പെടെ അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നമാണ് 'digital divide' എന്നത്. എന്നാൽ കേരളം പൊതുവിദ്യാലയങ്ങളെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി സാങ്കേതികവിദ്യാ സൗഹൃദമാക്കാൻ തീരുമാനിച്ചപ്പോൾ കൈക്കൊണ്ട പ്രധാന തീരുമാനം ഒരു കാരണവശാലും 'digital divide'

ഉണ്ടാകരുതെന്നാണ്. സാമ്പത്തിക-സാമൂഹിക അന്തരങ്ങൾ, ലിംഗവ്യത്യാസം എന്നിങ്ങനെ ഒന്നും തടസ്സമാകാതെ മുഴുവൻ കുട്ടികൾക്കും നിർഭയമായി ഡിജിറ്റൽ ഉപകരണങ്ങൾ പ്രാപ്തമാക്കുന്നുവെന്നത് ഉറപ്പാക്കാനാണ് 8 മുതൽ 12 വരെ സർക്കാർ-എയ്ഡഡ് വിദ്യാലയങ്ങളിൽ മുഴുവൻ ക്ലാസ്സുകളും സാങ്കേതികവിദ്യാ സൗഹൃദമാക്കിയത്. അതോടൊപ്പം എല്ലാ പ്രൈമറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകളൊരുക്കാനും പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. സാമൂഹികനീതിയുടെയും അവസരതുല്യതയുടെയും കാര്യത്തിൽ ഒരു തരത്തിലുമുള്ള വിട്ടുവീഴ്ചക്കും സർക്കാർ തയ്യാറല്ല. കൂടാതെ എല്ലാ കുട്ടികളെയും ഉൾച്ചേർക്കുക, ഉൾക്കൊള്ളുക എന്ന നിലപാടാണ് 'നവകേരളം' കർമ്മപദ്ധതിയുടെ ഭാഗമായി 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയും അതിന്റെ തുടർച്ചയായി 'വിദ്യാകിരണം' പദ്ധതിയും മുന്നോട്ടുവച്ചത്. എല്ലാ സ്ഥാപനങ്ങളിലും ഒരു വേർതിരിവുമില്ലാതെ ഡിജിറ്റൽ ഉപകരണങ്ങൾ നൽകിയിട്ടുള്ളത് നമ്മുടെ സംസ്ഥാനമാണ്. കേരളം ഇന്ത്യക്കുതന്നെ അക്കാര്യത്തിൽ മാതൃകയായിട്ടുണ്ട്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, കിഫ്ബി ധനസഹായത്തോടെ നിർമ്മിച്ച 5 കോടിരൂപ പദ്ധതിയിലെ വടക്കാഞ്ചേരി ബോയ്സ് ഹയർസെക്കൻഡറി സ്കൂളിലെ യു.പി. ബ്ലോക്കിന്റെ നിർമ്മാണം

നടന്നുവന്നിരുന്നു. കരാറുകമ്പനിയുടെ അനാസ്ഥ കാരണം കമ്പനിയെ risk and cost-ൽ ടെർമിനേറ്റ് ചെയ്തു. തുടർന്ന് കെട്ടിടനിർമ്മാണം നിലച്ചിരിക്കുകയാണ്. 75 ശതമാനത്തിലധികം പണി പൂർത്തിയായ ഈ കെട്ടിടത്തിന്റെ നിർമ്മാണം അടിയന്തരമായി പുനരാരംഭിക്കണമെന്ന് അഭ്യർഥിക്കുകയാണ്. അത് വേഗത്തിൽ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ 5 കോടി രൂപയിലാണ് വടക്കാഞ്ചേരി സ്കൂളിന്റെ നിർമ്മാണം ആരംഭിച്ചത്. 70 ശതമാനത്തോളം നിർമ്മാണം പൂർത്തീകരിച്ചു. പക്ഷെ, പൂർത്തീകരിക്കുന്ന ഘട്ടത്തിൽ കോൺട്രാക്ടറിന്റെ പ്രവർത്തനത്തിലെ കുറവ് പരിശോധിച്ചപ്പോൾ അയാളെ ടെർമിനേറ്റ് ചെയ്യുന്ന സാഹചര്യമുണ്ടായി. അതിനുശേഷം നടന്ന നടപടികളുടെ ഭാഗമായി തുടർനടപടികൾ പൂർത്തീകരണ ഘട്ടത്തിലെത്തി. ഇപ്പോൾ അതിന്റെ അവസാനഘട്ടത്തിൽ കിഫ്ബി, Project Execution Document-ന് അംഗീകാരം നൽകി. അതുപോലെതന്നെ, Letter of Acceptance (LOA) നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഏപ്രിൽ മാസത്തിൽ അങ്ങയുടെ മണ്ഡലത്തിലെ സ്കൂളിന്റെ പ്രവൃത്തി ആരംഭിക്കുമെന്നാണ് ഇപ്പോൾ

പറയാനുള്ളത്.

ശ്രീ. അനൂപ് ജേക്കബ്: സർ, കിഫ്ബി പ്രോജക്ട് മുഖേന ആദ്യം അനുമതി ലഭിച്ച കേരളത്തിലെ പല സ്ഥലങ്ങളിലെയും സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാകാതെ കിടക്കുന്നുണ്ട്. പിറവം ഹയർസെക്കൻഡറി സ്കൂൾ ഈ നിലയിൽ കിടക്കുകയാണ്. അതിന്റെ ആദ്യഭാഗം പൂർത്തിയായി, തുടർന്ന് രണ്ടാം ഭാഗം പൂർത്തിയാക്കുന്നതിന് അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടില്ല. ഇത് പൂർത്തിയാക്കുന്നതിന് ഗവൺമെന്റുതലത്തിൽ തീരുമാനം വേണമെന്ന് പറഞ്ഞ് മൂന്നുവർഷം പിന്നിടുകയാണ്. ടി സ്കൂളിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കാനുള്ള നടപടി ഗവൺമെന്റുതലത്തിൽനിന്നുണ്ടാകുമോ?

ശ്രീ. സജി ചെറിയാൻ: സർ, അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ കേരളം നമ്മുടെ രാജ്യത്തിനുതന്നെ മാതൃകയാണെന്നുള്ളത് ഞാൻ ഇവിടെ ആമുഖമായി പറഞ്ഞിരുന്നു. 455 സ്കൂളുകളുടെ കെട്ടിടം ഇനി പൂർത്തീകരിക്കാനുണ്ട്. അതിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ പിറവം സ്കൂളുൾപ്പെടെ 120 സ്കൂളുകൾ സാങ്കേതികമായ പ്രശ്നങ്ങളുടെ ഭാഗമായി, എല്ലാ വിശദാംശങ്ങളും എന്റെ കൈവശമുണ്ട്. സമയപരിമിതിമൂലം ഞാൻ

അതെല്ലാം ഇവിടെ പറയുന്നില്ല. അങ്ങേയ്ക്ക് ആവശ്യമെങ്കിൽ ഞാൻ അതെല്ലാം ലഭ്യമാക്കാം. 120 സ്കൂളുകളുടെ നിർമ്മാണത്തിൽ സാങ്കേതിക തടസ്സമുണ്ട്. 334 സ്കൂളുകളുടെ നിർമ്മാണം നടന്നുവരികയാണ്. അത് സമയബന്ധിതമായി പൂർത്തീകരിക്കും. 120 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളിൽ ഭൂമിയുടെ പ്രശ്നം, മറ്റ് നടപടിക്രമങ്ങളുടെ സാങ്കേതികമായ പ്രശ്നങ്ങൾ എന്നിവയുണ്ട്. അങ്ങയുടെ മണ്ഡലത്തിലെ സ്കൂളിന്റെ സാങ്കേതികപ്രശ്നം പരിശോധിച്ച്, അതിൽ ഇടപെട്ട് ഉടൻ പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, പൊതുവിദ്യാഭ്യാസ രംഗത്ത് ഒന്നും രണ്ടും പിണറായി ഗവൺമെന്റുകൾ വരുത്തിയ മാറ്റം കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലേറ്റവും ശ്രദ്ധേയമായ ഒന്നാണ്. ഏതാണ്ട് 6000 കോടിയിലധികം രൂപ കേവലം 8 വർഷക്കാലത്തിനിടയിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി ഒരു ഗവൺമെന്റ് ചെലവാക്കുക എന്നുപറഞ്ഞാൽ അത് അത്ഭുതകരമായിട്ടുള്ള കാര്യമാണ്. ഐക്യകേരള പിറവിക്കുശേഷം ആകെ ചെലവഴിച്ച തുകയുടെ കണക്ക് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചത് ഈ ഒമ്പത് വർഷക്കാലമാണെന്ന് മനസ്സിലാക്കാൻ

കഴിയും. ആ നിലയിൽ നമ്മുടെ സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റത്തിന് കാരണമായത് ഗവൺമെന്റിന്റെ ശ്രദ്ധാപൂർവമായിട്ടുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' തന്നെയാണ്. ആ യജ്ഞം വളരെ സജീവമായി മുന്നോട്ടുകൊണ്ടുപോകുന്ന ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽമാത്രം 123 ക്ലാസ്സ് മുറികൾ ഹൈടെക് ക്ലാസ്സ് മുറികളാക്കി എന്നുപറഞ്ഞാൽ കേവലം എഴുതിവയ്ക്കൽ മാത്രമല്ല, എ.സി. ഹൈടെക് ക്ലാസ്സ് മുറികളാക്കി. ഇന്റർനാഷണൽ സ്കൂളുകളിൽപോലും എന്റെ മണ്ഡലത്തിലെ ഈ 123 ക്ലാസ്സ് മുറികൾക്ക് സമാനമായ സൗകര്യമുണ്ടാകുമെന്ന് തോന്നുന്നില്ല. സംസ്ഥാന ഗവൺമെന്റ് ആവിഷ്കരിച്ച, പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് കൂടുതൽ ശക്തി പകരുന്ന 'വർണ്ണക്കൂടാരം' എന്ന പദ്ധതിയുടെ പ്രത്യേകതകൾ വിശദീകരിക്കാമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച രണ്ട് ചോദ്യങ്ങൾക്കും മറുപടി പറയേണ്ടതുണ്ട്. കിഫ്ബി വഴി 1427 കോടി രൂപ പൊതുവിദ്യാഭ്യാസ മേഖലയിൽമാത്രം നിക്ഷേപിച്ചിട്ടുണ്ട്. അതുകൂടാതെ പാൻ, നബാർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികളുടെ

ആസ്തി വികസന പദ്ധതികൾ, എസ്.എസ്.കെ.(Samagra Shiksha, Kerala) പദ്ധതികൾ തുടങ്ങിയവയെല്ലാം ചേർന്ന് അദ്ദേഹം പറഞ്ഞതുപോലെ 5000-നും 6000-നും ഇടയിൽ കോടി രൂപ നമ്മുടെ സംസ്ഥാനം പൊതുവിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. കേരളത്തിലെ ഏറ്റവും ശ്രദ്ധേയമായ പദ്ധതിയാണ് 'വർണ്ണക്കൂടാരം'. ഈ പദ്ധതി ഏതാണ്ട് 13 വ്യത്യസ്ത മേഖലകളെയാണ് കുട്ടികൾക്കാവശ്യമായ പഠനത്തിനുവേണ്ടി സജ്ജമാക്കിയിട്ടുള്ളത്. കേരളത്തിലെ മിക്കവാറും എല്ലാ മണ്ഡലങ്ങളിലും 4-ഉം 5-ഉം സ്കൂളുകൾ ഇതിനോടകം സെലക്ട് ചെയ്ത് 'വർണ്ണക്കൂടാരം' പദ്ധതി നടപ്പാക്കിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ള സ്കൂളുകളിലും ടി പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് ശ്രമിക്കുകയാണ്. ഏറ്റവും നവീനമായ ആശയങ്ങൾ കുട്ടികളിലെത്തിക്കാൻ കഴിയുന്ന പഠന സഹായി എന്ന നിലയിൽ 'വർണ്ണക്കൂടാരം' കേരളമാകെ അംഗീകരിച്ചു. ലോകത്തിനുതന്നെ ഇപ്പോൾ മാതൃകയായി മാറിയിട്ടുണ്ട്.

<u>ശ്രീ. എം. വിജിൻ</u>: സർ, കിഫ്ബിയിലൂടെ കേരളത്തിലെ ഗവൺമെന്റ് സ്കൂളുകൾ അതിമനോഹരവും ഹൈടെക് ആകുകയും ചെയ്തു. എന്റെ മണ്ഡലത്തിലെ ചെറുകുന്ന് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ നിർമ്മാണത്തിന് 3 കോടി 90 ലക്ഷം രൂപയുടെ ധനകാര്യ അനുമതി

കിഫ്ബിയിൽനിന്നും ലഭിച്ചു. പക്ഷെ, റെയിൽവെയുടെ പെർമിഷനുമായി ബന്ധപ്പെട്ടും സ്ഥലപ്രശ്നങ്ങളുമായി ബന്ധപ്പെട്ടും അതിന്റെ കൈമാറ്റവുമായി ബന്ധപ്പെട്ട ചില തടസ്സങ്ങൾ ആ പദ്ധതിയിൽ നിലനിൽക്കുകയാണ്. അത്തരം പ്രശ്നങ്ങളിൽ അങ്ങയുടെ ഭാഗത്തുനിന്നും ഒരു സജീവമായ ഇടപെടലുണ്ടായി പരിഹരിക്കാൻ സാധിക്കുമോ?

ശ്രീ. സജി ചെറിയാൻ: സർ, കണ്ണൂർ ജില്ലയിലെ ആകെ 86 സ്കൂളുകളിൽ 48 സ്കൂളുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 38 സ്കൂളുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. ചെറുകുന്ന് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ നിർമ്മാണം നടന്നുവരുന്ന സ്കൂളാണ്. അത് പ്രത്യേകം പരിശോധിക്കാവുന്നതാണ്.

(ശ്രീ. ജി. സ്റ്റീഫൻ)

p-20-03-2025
ks-am-1
9.40-9.50

(*392 -തുടർച്ച.....)

ശ്രീ. ജി. സ്റ്റീഫൻ: സർ, കിഫ്ബി ഫണ്ടുപയോഗിച്ച് സ്കൂൾ കെട്ടിടങ്ങൾ ചെയ്യുമ്പോൾ കിഫ്ബിയിലെ സാങ്കേതിക പരിശോധനകൾക്കുപുറമേ കില, എൽ.എസ്.ജി.ഡി. തുടങ്ങിയ സ്ഥാപനങ്ങളുടേതുൾപ്പെടെ മൂന്ന് തലത്തിൽ

പരിശോധനകൾ നടത്തുന്നത് പ്രവൃത്തി സമയബന്ധിതമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് തടസ്സം സൃഷ്ടിക്കുന്നുണ്ട്. അരുവിക്കര മണ്ഡലത്തിലെ അരുവിക്കര ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ കെട്ടിടനിർമ്മാണത്തിനായി 3 കോടി 90 ലക്ഷം രൂപ അനുവദിച്ചു. എല്ലാ നടപടികളും പൂർത്തിയാക്കി ടെൻഡർ ചെയ്ത് ഒരു കരാറുകാരൻ വർക്ക് ഏറ്റെടുത്ത് എഗ്രിമെന്റ് വയ്ക്കുകയുംചെയ്തു. എഗ്രിമെന്റ് വച്ചശേഷം സ്കൂളിന് സംരക്ഷണ ഭിത്തി (retaining wall) നിർമ്മിക്കണമെന്ന് പറഞ്ഞുകൊണ്ട് കിഫ്ബി ഒരു തർക്കം പുതിയതായി ഉന്നയിച്ചു. അത് സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ തടസ്സം സൃഷ്ടിച്ചിരിക്കുകയാണ്. കുട്ടികൾക്ക് പഠിക്കുന്നതിന് മതിയായ ക്ലാസ് മുറികളോ സൗകര്യങ്ങളോ ഇപ്പോഴില്ല. അടിയന്തരമായി അനാവശ്യ തടസ്സവാദങ്ങൾ ഒഴിവാക്കി എഗ്രിമെന്റ് വച്ചരീതിയിൽത്തന്നെ സ്കൂൾ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, അരുവിക്കര മണ്ഡലത്തിലെ സ്കൂളുകൾക്ക് വളരെ നല്ലരീതിയിൽത്തന്നെ പൊതുവിദ്യാഭ്യാസ വകുപ്പ് ഫണ്ടനുവദിച്ച് നൽകിയിട്ടുണ്ട്. അംഗം ഉന്നയിച്ച പ്രശ്നം ബഹുമാനപ്പെട്ട

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തരമായി പരിഹാരം കാണുന്നതാണ്. കിഫ്ബി പദ്ധതിക്ക് പ്രത്യേക മാനദണ്ഡങ്ങളാണുള്ളത്. സംസ്ഥാനത്ത് നടക്കുന്ന വികസനപ്രവർത്തനങ്ങൾക്ക് കിഫ്ബി പ്രത്യേകമായ ടെക്നിക്കൽ മെത്തേഡുകളാണ് ഉപയോഗിക്കുന്നത്. നമ്മുടെ നിലവിലുള്ള സംവിധാനത്തോടൊപ്പം ചേർന്നുപോകുന്നതിൽ ചില കാര്യങ്ങളിൽ പ്രശ്നം വരുന്നുണ്ട്, അത്തരം കാര്യങ്ങളിൽ ബഹുമാനപ്പെട്ട എം.എൽ.എ. മുൻകൈയെടുത്ത് ബന്ധപ്പെട്ടവരെ വിളിച്ചുചേർത്ത് പ്രശ്നം പരിഹരിക്കുന്നതാണ് ഏറ്റവും ഫലപ്രദമെന്ന് തോന്നുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, കിഫ്ബയിലൂടെയുള്ള ധനസമാഹരണം പൊതുവിദ്യാഭ്യാസ രംഗത്ത് അടിസ്ഥാനസൗകര്യ വികസനം ഉറപ്പുവരുത്തിയപ്പോൾ കേരളത്തിലെ കുട്ടികൾക്ക് ആധുനികവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം ആർജ്ജിക്കാൻ അവസരം ലഭിച്ചു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ചോദ്യത്തിലേക്ക് വരൂ.

ശ്രീ. എം. രാജഗോപാലൻ: സർ, കെട്ടിടനിർമ്മാണ പ്രവൃത്തികൾ നേരത്തെ ചെയ്തുകൊണ്ടിരുന്ന INKEL-ൽനിന്നും അതിന്റെ ഉത്തരവാദിത്വം KILA-യിലേക്ക് മാറ്റുകയുണ്ടായി. എന്നാൽ വിവിധ ഘട്ടങ്ങളിൽ ആ

പ്രവർത്തനം പുരോഗതി കൈവരിച്ചില്ല. അതുകൊണ്ടുതന്നെ ഇപ്പോഴും പല കെട്ടിടങ്ങളും പൂർത്തിയാകാതെ കിടക്കുകയാണ്. സമയബന്ധിതമായി നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാവശ്യമായ ഇടപെടൽ ഉണ്ടാകുമോ; പൂർത്തീകരിച്ച കെട്ടിടങ്ങളുടെ ഉദ്ഘാടനം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുമോ?

ശ്രീ. സജി ചെറിയാൻ: സർ, പൂർത്തീകരിക്കാത്ത കെട്ടിടങ്ങളുടെ എണ്ണവും അതുസംബന്ധിച്ച സാങ്കേതിക പ്രശ്നങ്ങളും ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. അത്തരത്തിൽ പൂർത്തീകരിക്കാനുള്ള 120 സ്കൂളുകളുടെ പ്രവൃത്തികളും അടിയന്തര സ്വഭാവത്തിൽ പൂർത്തീകരിക്കുന്നതാണ്. ഇങ്ങനെ സംഭവിച്ചത് ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചതുമൂലമുള്ള കുഴപ്പംകൊണ്ടല്ല. നിലവിൽ നിർമ്മാണപ്രവർത്തനം നടക്കാതിരുന്ന സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തികൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇടപെട്ട് മറ്റൊരു ഏജൻസിയെ ഏൽപ്പിച്ചശേഷം എല്ലാ മണ്ഡലങ്ങളിലും ഫലപ്രദമായ മാറ്റം വന്നുകഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവശേഷിക്കുന്ന കുറച്ച് സ്കൂളുകളുടെ പ്രശ്നം ഉടനെതന്നെ പരിഹരിക്കാൻ കഴിയുന്നതാണ്.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം മണ്ഡലത്തിൽ

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ധാരാളം സ്കൂളുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. പല സ്കൂളുകൾക്കും കളിക്കളമില്ല എന്ന പ്രശ്നം ഇതോടനുബന്ധിച്ച് ഉണ്ടാകുന്നുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കി കെട്ടിടം നിർമ്മിക്കുന്ന സമയത്താണ് കളിക്കളം നഷ്ടപ്പെടുന്ന അവസ്ഥ ബോധ്യപ്പെടുന്നത്. എന്റെ മണ്ഡലത്തിലെ ബേക്കൂർ സ്കൂൾ (ജി.എച്ച്.എസ്.എസ്. ബേക്കൂർ) കന്നഡ, മലയാളത്തിൽ ധാരാളം കുട്ടികൾ പഠിക്കുന്ന ഏറ്റവും മികച്ച സ്കൂളാണ്. എനിക്ക് മുമ്പുള്ള അംഗത്തിന്റെ പരിശ്രമഫലമായിത്തന്നെ ആ സ്കൂളിലേക്ക് ഫണ്ട് അനുവദിച്ചിരുന്നു. നിർമ്മാണപ്രവൃത്തിമൂലം പ്രസ്തുത സ്കൂളിന്റെ കളിക്കളം നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായപ്പോൾ അവിടെ സംയുക്ത യോഗംചേർന്ന് കെട്ടിടനിർമ്മാണത്തിന്റെ റീ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി മുന്നോട്ടുകൊണ്ടുപോകാൻ നിർദേശിച്ചിരുന്നു. എന്നാൽ പലപ്പോഴും പ്രവർത്തനങ്ങളിൽ കാലതാമസം വരുന്നുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനായി യോഗം വിളിച്ചുചേർക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യുന്നതിനായി അങ്ങ് ഇടപെടുമോ?

<u>ശ്രീ. സജി ചെറിയാൻ</u>: സർ, നമ്മുടെ സംസ്ഥാനത്ത് കായിക വകുപ്പ്

ഏറ്റെടുത്ത് ചെയ്യുന്ന പ്രവൃത്തികൾക്കുപുറമെ നിരവധി പദ്ധതികൾ കായികമേഖലയ്ക്കായി ചെയ്തിട്ടുണ്ട്. അതിൽത്തന്നെ ഭൂരിപക്ഷം പദ്ധതികളും പൂർത്തീകരിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അടിയന്തര പരിഹാരം കാണുന്നതാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയധികം സ്കൂളുകൾക്ക്, സ്കൂളുകളുടെ ലിസ്റ്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. (ലിസ്റ്റ് മേശപ്പുറത്ത് വച്ചു.)+ നിരവധി സ്കൂളുകൾക്ക് ഗ്രൗണ്ടുകൾ, സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ഗ്രൗണ്ട്, വോളിബോൾ കോർട്ട്, ഇൻഡോർ സ്റ്റേഡിയം ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിർമ്മിച്ച ഒരു കാലം ഇതിനുമുമ്പുണ്ടായിട്ടില്ല. ഇത്തരം പ്രവൃത്തികൾ കായിക വകുപ്പിനെ കൂടാതെ വിദ്യാഭ്യാസ വകുപ്പുകൂടി ചെയ്ത പ്രവൃത്തികളെക്കുറിച്ചാണ് ഞാൻ വ്യക്തമാക്കിയിരിക്കുന്നത്. പ്രസ്തുത വിഷയത്തിൽ നമ്മുടെ ഗവൺമെന്റ് വളരെയധികം മുന്നോട്ടുപോയിക്കഴിഞ്ഞു. അവശേഷിക്കുന്ന കാര്യങ്ങളിൽ തീർച്ചയായും പരിഹാരം കാണാൻ സാധിക്കും.

(ചോദ്യം നമ്പർ *393)

p-20-03-2025
ks-am-1
9.40-9.50

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

## ടൂറിസം മേഖലയിലേയ്ക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതി

3 (*393) ശ്രീ. കെ. ആൻസലൻ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. പി. പി. സുമോദ്:
ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം
(ശ്രീ. വി. ജോയി):
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലേക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനും ലോകോത്തര ഡെസ്റ്റിനേഷനെന്ന രീതിയിൽ സംസ്ഥാനത്തെ പരിവർത്തനപ്പെടുത്തുന്നതിനുമായി എന്തെല്ലാം വിപണന പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ടൂറിസം വിപണന ലക്ഷ്യത്തോടെ സംഘടിപ്പിച്ച ദേശീയ മേളകൾ ഏതൊക്കെയാണെന്നും അവയുടെ നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിവരിക്കുമോ;

(സി) ആഗോള ടൂറിസ വിപണനം ലക്ഷ്യമാക്കി സംഘടിപ്പിക്കപ്പെട്ട അന്താരാഷ്ട്ര മേളകളുടെ ഫലമായി ടൂറിസം രംഗത്ത് നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഈ രംഗത്തെ ഡിജിറ്റൽ വിപണന പ്രോത്സാഹന പദ്ധതികൾ

വിശദമാക്കുമോ;

(ഇ) പ്രസ്തുത വിപണന പദ്ധതികളിലൂടെ സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങളാണുണ്ടായിട്ടുള്ളതെന്ന് അറിയിക്കുമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) ആഗോള ടൂറിസം രംഗത്ത് 'കേരളം' ഒരു ബ്രാൻഡായി ശ്രദ്ധിക്കപ്പെടാനും വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് കൂടുതൽ ആകർഷിക്കുന്നതിനുമായി നിരവധി പ്രചരണ പദ്ധതികൾ വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. 2024-ൽ ഇതിനായി പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിച്ചു. " എന്റെ കേരളം എന്നും സുന്ദരം" എന്ന ക്യാമ്പയിൻവഴി സംസ്ഥാനത്തിന്റെ ടൂറിസം ആകർഷണം ലോകമെങ്ങും പ്രചരിപ്പിച്ചു. ഇതിന്റെ ഭാഗമായി ദേശീയ-അന്തർദേശീയ തലങ്ങളിൽ പ്രശസ്തരായ വ്ലോഗർമാരെ കേരളത്തിലെത്തിച്ച് സോഷ്യൽമീഡിയ പ്ലാറ്റ്ഫോമുകളിൽ പ്രചരണം സാധ്യമാക്കി. കേരളത്തിന്റെ സൗന്ദര്യവും സാംസ്കാരിക സമ്പന്നതയും ലോകമെമ്പാടുമുള്ള പ്രേക്ഷകരിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാരെ പ്രയോജനപ്പെടുത്തിക്കൊണ്ട് കേരളത്തിന്റെ മനോഹരമായ കാഴ്ചകൾ ഇൻസ്റ്റാഗ്രാം, ഫെയ്സ്ബുക്ക്

തുടങ്ങിയ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ആകർഷകമായ ഫോട്ടോകളും വീഡിയോകളും മുഖേന അവതരിപ്പിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് "സോഷ്യൽ മീഡിയ ഇൻഫ്ളുവൻസർ ആക്ടിവിറ്റി" എന്ന പദ്ധതി നടപ്പാക്കുന്നുണ്ട്. ഇത് കേരളത്തിലേക്ക് യാത്ര ചെയ്യാൻ താൽപര്യമുള്ള സഞ്ചാരികളിലേക്ക് നേരിട്ടെത്തുവാനും കേരള ടൂറിസം എന്ന ബ്രാൻഡ് അവബോധം വർധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം മിഡിൽ ഈസ്റ്റിൽനിന്നും യൂറോപ്പിൽനിന്നും കൂടുതൽ വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ, ഒ.ടി.ടി., എഫ്.എം. റേഡിയോ, എയർപോർട്ട് തുടങ്ങി വിവിധ പ്ലാറ്റ്ഫോമുകൾ മുഖേന വിനോദസഞ്ചാര വകുപ്പ് പ്രചാരണം നടത്തിയ Middle East Campaign 2024, International UK OOH Campaign, International Europe Campaign 2023, Destination Wedding Campaign, WhatsApp Campaign, Holiday Heist, Land of Harmony Video Series തുടങ്ങിയ ഇന്റർനാഷണൽ ക്യാമ്പയിനുകൾ ഏറെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ "ഹ്യൂമൻ ബൈ നേച്ചർ" എന്ന ബ്രാൻഡ് ക്യാമ്പയിൻ ആഗോളശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. നൂതനമായ ടൂറിസം ഉൽപന്നമെന്ന നിലയിൽ വിനോദസഞ്ചാര വകുപ്പ് പുതുതായി ആവിഷ്കരിച്ച

കാരവൻ ടൂറിസത്തിന് കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ച്, വിദേശ സഞ്ചാരികളെ കൂടുതലായി കേരളത്തിലേക്ക് ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ‘ Keravan Kerala - Caravan Tourism Promotion’ എന്ന പദ്ധതി ആഗോള ശ്രദ്ധ നേടി.

ആഭ്യന്തര- വിദേശ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് വിദേശ-ആഭ്യന്തര വിപണന മേളകളിൽ പങ്കെടുക്കുകയും ശ്രദ്ധേയ സാന്നിധ്യമായി അവാർഡുകൾ കരസ്ഥമാക്കുകയും ചെയ്യുന്നുണ്ട്.

(ബി) കേരള ടൂറിസം 2024-25 സാമ്പത്തിക വർഷം പങ്കെടുത്ത നാഷണൽ ട്രേഡ് ഫെയറുകളായ TTF Kolkata, IITM Bengaluru, TTF Ahmedabad, IITM Hyderabad, OTM Mumbai, SATTE Delhi എന്നീ ട്രേഡ് ഫെയറുകളിൽ ടൂറിസം സ്റ്റേക്ക് ഹോൾഡേഴ്സിനെക്കൂടി പങ്കെടുപ്പിക്കുകയും അതുവഴി കേരളത്തിലെ ടൂർ ഓപ്പറേറ്റേഴ്സ്, ഹോംസ്റ്റേയ്സ്, ഹൗസ്ബോട്ട് തുടങ്ങിയ മേഖലകളിൽ ടൂറിസത്തിന് വ്യാവസായികാടിസ്ഥാനത്തിൽ കൂടുതൽ വരുമാനം ലഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ, കേരള ടൂറിസം 2024-25 സാമ്പത്തിക വർഷം

പങ്കെടുത്ത ദേശീയ B2C Meet-കളായ BTF, IITE Bhubaneswar, Tourism Shelter Puthucherry തുടങ്ങിയ പൊതുജനങ്ങൾക്കായുള്ള മേളകളിൽ കേരളത്തെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ദേശീയതലത്തിൽ പ്രചരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. ടൂറിസം വിപണന ലക്ഷ്യത്തോടെ ദേശീയമേളയായ ‘ Kerala Travel Mart’ സംഘടിപ്പിച്ചിരുന്നു. ‘ Kerala Responsible Tourism Mission Society' യൂണിറ്റുകൾ പ്രസ്തുത മേളയിൽ വിവിധ സ്റ്റാളുകളിൽ പങ്കെടുത്തിരുന്നു.

ബേപ്പൂർ ആർ.ടി. ഡെസ്റ്റിനേഷനെ അന്താരാഷ്ട്ര ടൂറിസം വിപണിയിൽ വിപണനം ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി 2023-24 സാമ്പത്തിക വർഷം "ബേപ്പൂർ ഇന്റർനാഷണൽ ആർ.ടി. ഫെസ്റ്റ് & ടെക്സ്റ്റൈൽ ആർട്ട് ഫെസ്റ്റ്-2023” നടത്തിയിരുന്നു. ഗുജറാത്ത്, പഞ്ചാബ്, രാജസ്ഥാൻ, പശ്ചിമബംഗാൾ, തമിഴ്നാട്, തെലങ്കാന തുടങ്ങി 24 സംസ്ഥാനങ്ങളിൽനിന്നുള്ള തുണിത്തര വ്യവസായത്തിലെ കരകൗശല വിദഗ്ധർ ഈ ഫെസ്റ്റിൽ പങ്കാളികളായിരുന്നു. മറ്റ് സംസ്ഥാനങ്ങളിലെ കരകൗശല വിദഗ്ധർക്കൊപ്പം കേരളത്തിലുടനീളമുള്ള ആർ.ടി. യൂണിറ്റുകളും കരകൗശല വിദഗ്ധരും ഈ ഫെസ്റ്റിൽ പങ്കെടുക്കുന്നു. 'ജൻഡർ ഇൻക്ലൂസീവ് ടൂറിസം’ എന്ന യു.എൻ. ടൂറിസം ആശയത്തിന്റെ അടിസ്ഥാനത്തിൽ

‘ Kerala Responsible Tourism Mission Society നടത്തിവരുന്ന 'സ്ത്രീ സൗഹൃദ ടൂറിസം' പദ്ധതിയുടെ തുടർച്ചയിൽ, "ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ ജൻഡർ ഇൻക്ലൂസീവ് & റെസ്പോൺസിബിൾ ടൂറിസം 2024” കേരളത്തിലെ ഏറ്റവും പ്രധാന ടൂറിസം കേന്ദ്രമായ മൂന്നാറിൽവച്ച് 2024 നവംബർ 30 മുതൽ ഡിസംബർ 2 വരെ നടന്നു. കേരളത്തിലെ 'സ്ത്രീ സൗഹൃദ ടൂറിസം' പ്രവർത്തനങ്ങൾക്ക് ടെക്നിക്കൽ സപ്പോർട്ട് നൽകിവരുന്ന ഐക്യരാഷ്ട്ര സംഘടനയായ യു.എൻ. വിമൺ- ഇന്ത്യയുടെകൂടെ സഹകരണത്തോടെയാണ് ഈ കോൺഫറൻസ് നടപ്പാക്കിയത്. ലിംഗസമത്വവും സ്ത്രീ സൗഹൃദവുമായ ടൂറിസത്തെക്കുറിച്ചുള്ള കേരളത്തിന്റെ പ്രഖ്യാപനം പരിപാടിയുടെ ശ്രദ്ധേയ ആകർഷണമാണ്. ദേശീയ വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് ദേശീയതലത്തിൽ മെട്രോ നഗരങ്ങളായ ഡൽഹി, കൊൽക്കത്ത, ചെന്നൈ, ബെംഗളൂരു, മുംബൈ എന്നീ നഗരങ്ങളിലും ചണ്ഡീഗഡ്, ജയ്പൂർ, പൂനെ, അഹമ്മദാബാദ്, ഹൈദരാബാദ്, സൂറത്ത്, വഡോദര, തുടങ്ങിയ പട്ടണങ്ങളിലും ബിസിനസ്സ് മീറ്റുകൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ ഫലമായി 2024-25

കാലയളവിൽ സംസ്ഥാനത്ത് ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 3,75,348-ഓളം സഞ്ചാരികളുടെ വർധവുണ്ടായിട്ടുണ്ട്.

(സി) അന്താരാഷ്ട്ര സന്ദർശകരെ ആകർഷിക്കുന്നതിനും കേരളത്തിന്റെ വൈവിധ്യമാർന്ന ടൂറിസം ഓഫറുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കേരള ടൂറിസത്തിന്റെ വിപണന തന്ത്രത്തിന്റെ നിർണ്ണായക ഘടകമാണ് അന്താരാഷ്ട്ര ടൂറിസം മേളകളിലെ പങ്കാളിത്തം. ഈ മേളകൾ കേരളത്തിന്റെ ടൂറിസം സാധ്യതകൾ ലോകമെമ്പാടുമുള്ള യാത്രാ പ്രൊഫഷണലുകൾ, ടൂർ ഓപ്പറേറ്റർമാർ, സാധ്യതയുള്ള വിനോദസഞ്ചാരികൾ എന്നിവർക്ക് മുന്നിൽ അവതരിപ്പിക്കുന്നതിനുള്ള വേദി നൽകുന്നു. ഈ ലക്ഷ്യത്തോടെ അന്താരാഷ്ട്ര വിനോദസഞ്ചാര മേഖലയിൽ കേരള ടൂറിസത്തിന്റെ സാന്നിധ്യം നിലനിർത്തുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുമായി വിനോദസഞ്ചാര വകുപ്പ് WTM ലണ്ടൻ, PATA ട്രാവൽമാർട്ട്, FITUR മാഡ്രിഡ്, ITB Berlin തുടങ്ങിയ വിവിധ അന്താരാഷ്ട്ര ടൂറിസം വിപണന മേളകളിൽ പങ്കെടുക്കുകയും Sydney, Melbourne, Frankfurt, Munich, Barcelona, Milan, Paris, London തുടങ്ങിയ അന്താരാഷ്ട്ര നഗരങ്ങളിൽ ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു.

പ്രശസ്തമായ ഈ അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിലൂടെ, ഒരു പ്രമുഖ വിനോദസഞ്ചാര കേന്ദ്രമെന്ന നിലയിൽ കേരള ടൂറിസം അതിന്റെ ബ്രാൻഡ് ഇമേജ് ശക്തിപ്പെടുത്തുന്നു. വിനോദസഞ്ചാര വകുപ്പ് നടത്തുന്ന അന്തർദേശീയ പ്രചരണങ്ങളുടെ ഫലമായി 2024-25 കാലയളവിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 89,317-ഓളം സഞ്ചാരികളുടെ വർധനവുണ്ടായിട്ടുണ്ട്.

(ഡി) കേരളത്തിന്റെ മനോഹാരിത കൂടുതൽ വിനോദസഞ്ചാരികളിലേക്ക് എത്തിക്കാൻ കേരള ടൂറിസം ഡിജിറ്റൽ മാർക്കറ്റിങ് വളരെ ഫലപ്രദമായി ഉപയോഗിക്കുന്നു. നൂതനമായ സോഷ്യൽ മീഡിയ മാർക്കറ്റിങ്ങിലൂടെ കേരളത്തിന്റെ ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ, ആകർഷകമായ വീഡിയോകൾ, ഉള്ളടക്കങ്ങൾ എന്നിവ ഉപയോഗിച്ച് ഇൻസ്റ്റാഗ്രാം, ഫെയ്സ്ബുക്ക്, യുട്യൂബ്, ട്വിറ്റർ തുടങ്ങിയ വിവിധ പ്ലാറ്റ്ഫോമുകളിലൂടെ കേരളത്തിന്റെ സൗന്ദര്യവും സംസ്കാരവും അനുഭവങ്ങളും വിനോദസഞ്ചാരികളിലേക്ക് എത്തിക്കുന്നതിനായി, ‘It’s Kerala Season’, ‘The State of Happiness’, ‘Love is in the Air’ തുടങ്ങിയ സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൂടാതെ ഗൂഗിൾ ആഡ്സ്, സോഷ്യൽ മീഡിയ പരസ്യങ്ങൾ തുടങ്ങിയ പ്ലാറ്റ്ഫോമുകൾവഴി ഓൺലൈൻ

പരസ്യങ്ങൾ നൽകി കൂടുതൽ സഞ്ചാരികളിലേക്ക് കേരള ടൂറിസത്തിന് എത്തിച്ചേരുന്നതിനുള്ള പ്രചാരണ പരിപാടികളും വിനോദസഞ്ചാര വകുപ്പ് നടപ്പാക്കുന്നുണ്ട്. WhatsApp Chatbot ഉപയോഗിച്ച് ' Holiday Heist Campaign' പോലുള്ള ഇന്ററാക്ടീവ് ക്യാമ്പയിനുകളിലൂടെ വളരെ ഫലപ്രദമായ പ്രചാരണം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. കൂടാതെ സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും സൗഹൃദപരവും വിവരദായകവുമായ വെബ്സൈറ്റും കേരള ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഈ ഡിജിറ്റൽ മാർക്കറ്റിങ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കാനും സംസ്ഥാനത്തെ ഒരു പ്രധാന യാത്രാകേന്ദ്രമായി പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്നു.

(ഇ) വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന വിവിധ ഡിജിറ്റൽ മാർക്കറ്റിങ് ക്യാമ്പയിനുകളിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള സഞ്ചാരികളിലേക്ക് എത്തിച്ചേരാനും കേരളത്തിന്റെ മനോഹാരിതയും വൈവിധ്യവും വിവിധ ഓൺലൈൻ മാധ്യമങ്ങളിലൂടെ പ്രദർശിപ്പിക്കുന്നതിനും വിനോദ സഞ്ചാരികളുമായി നേരിട്ട് സംവദിക്കാനും

വിവരങ്ങൾ നൽകുവാനും വിനോദസഞ്ചാരികളുടെ താൽപര്യങ്ങൾ മനസ്സിലാക്കി വിപണനതന്ത്രങ്ങൾ മെച്ചപ്പെടുത്താനും ഗുണകരമാകുന്നു. വിനോദസഞ്ചാരവകുപ്പ് നടത്തിവരുന്ന ഡിജിറ്റൽ മാർക്കറ്റിങ് ഉൾപ്പെടെയുള്ള നൂതന വിപണന തന്ത്രങ്ങളിലൂടെ കേരളത്തിലേയ്ക്കുള്ള വിനോദസഞ്ചാരികളുടെ എണ്ണം വർധിക്കുകയും ഹോട്ടലുകൾ, ടൂർ ഓപ്പറേറ്റേഴ്സ് തുടങ്ങിയ വ്യവസായ മേഖലകളിൽ കൂടുതൽ സാമ്പത്തിക നേട്ടവും തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ വർഷം വിനോദസഞ്ചാര വകുപ്പ് കരസ്ഥമാക്കിയ നൂതന ഡിജിറ്റൽ മാർക്കറ്റിങ് ക്യാമ്പയിനിനുള്ള 2024-ലെ PATA ഗോൾഡ് അവാർഡും ITB Berlin, 2025-ലെ ഗോൾഡൻ സിറ്റി ഗേറ്റ് അവാർഡുകളും കേരള ടൂറിസത്തിന്റെ ഡിജിറ്റൽ മാർക്കറ്റിങ് തന്ത്രങ്ങളുടെ ഫലപ്രാപ്തി ചൂണ്ടിക്കാണിക്കുന്നു.

ശ്രീ. പി. പി. സുമോദ്: സർ, വിദേശ വിനോദസഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിന് പരമ്പരാഗതമായ പ്രചാരണങ്ങൾക്കുപുറമെ പുതിയ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, നമ്മുടെ സംസ്ഥാനത്തേക്ക് വിനോദസഞ്ചാരികൾ കൂടുതലായി വരുന്നത് യൂറോപ്യൻ രാജ്യങ്ങൾ, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ, യു.എസ്. എന്നിവിടങ്ങളിൽനിന്നാണ്. നിലവിൽ

വിനോദസഞ്ചാരികൾ സ്ഥിരമായി വരുന്ന രാജ്യങ്ങളിൽനിന്നുള്ള ആളുകളുടെ എണ്ണത്തിൽ വലിയ വർധനയുണ്ടാകുന്നുണ്ടെങ്കിലും " Look East Policy" എന്നനിലയിൽ ചൈന മുതൽ ഓസ്ട്രേലിയ വരെയുള്ള രാജ്യങ്ങളിൽ ഒരു പ്രത്യേക താൽപര്യത്തോടെയുള്ള മാർക്കറ്റിംഗ് അനിവാര്യമാണെന്ന് പൊതുവെ കാണുന്നുണ്ട്. അതുകൊണ്ട് ചൈന മുതൽ ഓസ്ട്രേലിയ വരെയുള്ള രാജ്യങ്ങളിലേക്ക് പ്രത്യേക നിലയിലുള്ള മാർക്കറ്റിങ് ആലോചിക്കുകയാണ്. ഇതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ വിനോദസഞ്ചാര വകുപ്പ് മലേഷ്യൻ എയർവേയ്സുമായി ഒരു ധാരണയുണ്ടാക്കിയിട്ടുണ്ട്. ഈ വരുന്ന ഏപ്രിൽ മാസം മലേഷ്യൻ എയർവേയ്സ്, 8 രാജ്യങ്ങളിലെ 40 ടൂർ ഓപ്പറേറ്റർമാർ, 15 സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർമാർ എന്നിവരുമായി തിരുവനന്തപുരത്തും കേരളത്തിലും വരുന്നുണ്ടെന്ന സന്തോഷവിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. 8 രാജ്യങ്ങൾ എന്നുപറയുമ്പോൾ Look East Policy-യുടെ ഭാഗമായി ചൈന മുതൽ ഓസ്ട്രേലിയ വരെയുള്ളവയിൽ ജപ്പാൻ, ന്യൂസിലാൻഡ്, മലേഷ്യ, ഇന്തോനേഷ്യ എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്നുണ്ട്. നിലവിൽ വിദേശസഞ്ചാരികൾ കുറവുള്ള രാജ്യങ്ങളിൽനിന്നും കൂടുതൽ സഞ്ചാരികൾ എത്തിച്ചേരുന്നതിന് സഹായകരമായ സ്ഥിതി ഈ നടപടിയിലൂടെ കൈവരിക്കാനാകും.

നിലവിലുള്ള വിപണിക്ക് പുറമെ, നമ്മൾ കൂടുതൽ ശ്രദ്ധനൽകി ആളുകളെ കൊണ്ടുവരേണ്ട സ്ഥലങ്ങൾ കണ്ടെത്തുകയെന്ന കാഴ്ചപ്പാടിന്റെ ഭാഗമായാണ് മലേഷ്യൻ എയർവേയ്സുമായി ഇത്തരത്തിൽ ഒരു ധാരണയുണ്ടാക്കുന്നത്. ശ്രീലങ്ക എന്ന രാജ്യം പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് രാജ്യമായി മാറിയതിന്റെ പ്രധാന കാരണങ്ങളിലൊന്ന് ശ്രീലങ്കൻ എയർവേയ്സ് വഹിക്കുന്ന പങ്കാണ്. ശ്രീലങ്കൻ എയർവേയ്സ് സർവ്വീസ് നടത്തുന്ന രാജ്യങ്ങളിലെല്ലാം ശ്രീലങ്കൻ ടൂറിസത്തിന്റെ പ്രചാരകരായി മാറുന്നുണ്ട്. ആ നിലയിൽ ധാരാളം ആളുകളെ ശ്രീലങ്കൻ എയർവേയ്സ് സ്വമേധയാ ശ്രീലങ്കയിലേയ്ക്ക് കൊണ്ടുവരുന്നുണ്ട്. എന്നാൽ നമ്മൾ ഒരു രാജ്യമല്ല, സംസ്ഥാനമാണ്, നമുക്ക് ഒരു എയർവേയ്സ് സംവിധാനം സ്വന്തമായില്ല തുടങ്ങിയ പരിമിതികളുണ്ടെങ്കിലും ഇത്തരത്തിലുള്ള നീക്കങ്ങൾ നമ്മുടെ വിദേശസഞ്ചാരികളുടെ എണ്ണത്തിൽ വർധനവ് സൃഷ്ടിക്കുന്നതിന് സഹായകരമായി മാറും.

ശ്രീ. പി. പി. സുമോദ്: സർ, കേരളത്തിന്റെ ടൂറിസം സാധ്യതകളിലെ പുതിയകാലത്തെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നായ വെൽനെസ് ടൂറിസത്തിന്റെ പ്രചാരണത്തിന് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, 'വെൽനെസ് ടൂറിസം' എന്നത് പ്രത്യേകിച്ച് കോവിഡ് മഹാമാരിക്കുശേഷം ലോകത്തുതന്നെ ഒരു ട്രെൻഡായി മാറിയിരിക്കുകയാണ്. കോവിഡിനുശേഷം നിരവധിയായ ആരോഗ്യപ്രശ്നങ്ങൾ വരുന്നുണ്ട്. അതിന്റെ ഭാഗമായി ട്രീറ്റ്മെന്റ് പലനിലയിലും നടത്താൻ ആളുകൾ ആഗ്രഹിക്കുകയാണ്. യാത്രചെയ്ത് ദൂരസ്ഥലങ്ങളിലെത്തി ട്രീറ്റ്മെന്റ് നടത്തുക എന്നത് പൊതുവെയുള്ള താൽപര്യമായി മാറിയിട്ടുണ്ട്. ലോകത്ത് വെൽനെസ് ടൂറിസത്തിന്റെ ഭാഗമായിമാത്രം 800 ബില്യൻ ഡോളറിന്റെ ഒരു വർഷം വരുമാനം ലഭിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനത്തിനാണെങ്കിൽ ഈ മേഖലയിൽ അനന്തസാധ്യതയുണ്ട്, പ്രത്യേകിച്ച് ആയുർവ്വേദ രംഗത്താണുള്ളത്. ആ സാധ്യതയെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ വെൽനെസ് ടൂറിസത്തിന്റെ ഭാഗമായി ഒരു വെൽനെസ് ആയുർവ്വേദ കോൺക്ലേവിനെക്കുറിച്ച് ടൂറിസം വകുപ്പ് ആരോഗ്യ വകുപ്പുമായി ചർച്ച ചെയ്തുകഴിഞ്ഞു. ടൂറിസം പ്രൊമോഷന്റെ ഭാഗമായി ഒരു വെൽനെസ് ആയുർവേദ കോൺക്ലേവ് സംഘടിപ്പിക്കുന്ന കാര്യം ഈ സഭയെ പ്രത്യേകം അറിയിക്കാനായി ആഗ്രഹിക്കുകയാണ്. ഇതിന്റെ ഭാഗമായി വെൽനെസ് രംഗത്ത് പ്രവർത്തിക്കുന്ന ടൂർ ഓപ്പറേറ്റർമാരെയും മറ്റ് പ്രധാന സ്റ്റേക്ക്

ഹോൾഡേഴ്സിനെയും ഉൾപ്പെടുത്തിക്കൊണ്ട് കോൺക്ലേവ് സംഘടിപ്പിക്കും. നമ്മുടെ സംസ്ഥാനത്തിനുപുറത്തുള്ള മറ്റ് സംസ്ഥാനങ്ങളിൽനിന്നും മറ്റ് രാജ്യങ്ങളിൽനിന്നും വെൽനെസ് ടൂറിസത്തിന്റെ ഭാഗമായി ആളുകൾ കടന്നുവരുന്നതിന് ഇത് ഏറെ സഹായകരമാകും എന്നുള്ളത് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. വി. ജോയി: സർ, MICE Tourism (Meetings, Incentives, Conferences and Exhibitions Tourism) കേരളത്തിന്റെ സാധ്യതയായി വളരുകയാണ്. MICE ടൂറിസത്തിലേക്ക് വൻകിട കമ്പനികളെ ആകർഷിക്കാനായി പ്രത്യേക പ്രചാരണം നടത്തുമോ; വർക്കലയെ അതിൽ ഉൾപ്പെടുത്തുമോ; ഏറ്റവും വലിയ ടൂറിസം സെന്ററായ വർക്കലയിലെ ക്ലിഫ് സംരക്ഷണംകൂടി ശ്രദ്ധിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, കോവിഡ് മഹാമാരിക്കുശേഷം കാണപ്പെട്ട ഒരു പുതിയ ട്രെൻഡാണ് MICE Tourism. നമ്മുടെ സർക്കാർ ഇക്കാര്യത്തിൽ വളരെ നേരത്തേതന്നെ ആലോചനകൾ നടത്തിയിട്ടുണ്ട്. Meetings, Incentives, Conferences and Exhibitions എന്നിങ്ങനെ MICE ടൂറിസത്തിന്റെ പ്രത്യേകതയുടെ ഭാഗമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും മീറ്റിംഗ്സ് നടത്താനും കോൺഫറൻസുകളും

എക്സിബിഷനുകളുമൊക്കെ സംഘടിപ്പിക്കാനായി പലരാജ്യങ്ങളിലേക്കും പോകുകയാണ്. ഇതേറ്റവും സാധ്യതയുള്ളതാണ്. ഇതിന്റെ ഭാഗമായി, MICE ടൂറിസത്തെമാത്രം ലക്ഷ്യംവച്ചുകൊണ്ട് 2025-ൽ കൊച്ചിയിൽവച്ച് ഒരു വലിയ കോൺക്ലേവ് സംഘടിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് ഇപ്പോൾത്തന്നെ തീരുമാനമെടുത്തുകഴിഞ്ഞു, അതിനുള്ള നീക്കങ്ങൾ ആരംഭിക്കുകയുംചെയ്തു. ടൂറിസം ഇൻഡസ്ട്രി വിഭാഗമാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. ടൂറിസം ഇൻഡസ്ട്രി വിഭാഗം നേതൃത്വം നൽകുമ്പോൾത്തന്നെ Kerala Travel Mart, അതിന്റെ നേതൃത്വപരമായ പങ്ക് നിർവഹിക്കുന്നുമുണ്ട്. MICE ടൂറിസത്തിന് വലിയ സാധ്യതയുള്ള വർക്കലയെ നമ്മുടെ രാജ്യത്തെ ഏറ്റവും പ്രധാനപ്പെട്ട MICE ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാനുള്ള എല്ലാ ശ്രമവും വിനോദസഞ്ചാര വകുപ്പ് നടത്തുമെന്ന് അറിയിക്കുകയാണ്.

(ശ്രീ. പി. പി. ചിത്തരഞ്ജൻ)

P.20-03-2025
AV-AM
09.50-10.00

(ചോദ്യം നമ്പർ *393-തുടർച്ച..)

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ടൂറിസം രംഗത്ത് കേരളം നല്ല പുരോഗതി കരസ്ഥമാക്കുന്നൊരു കാലമാണ്. അതിന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ബീച്ച് ടൂറിസവുമായി ബന്ധപ്പെട്ടുകൊണ്ട് അതിന്റെ നവീകരണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിക്കാതെ സാങ്കേതിക ബുദ്ധിമുട്ട് നേരിടുകയാണ്. ആലപ്പുഴ ബീച്ച്, ഓമനപ്പുഴ ബീച്ച്, മാരാരി ബീച്ച് തുടങ്ങിയ ബീച്ചുകൾക്കുവേണ്ടി ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട്; എം.എൽ.എ ഫണ്ടും വച്ചിട്ടുണ്ട്. പക്ഷേ ഒന്നും നടപ്പാക്കാൻ സാധിക്കാത്ത നിലയിൽ CRZ (Coastal Regulation Zone) അടക്കമുള്ള ധാരാളം സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഇതെങ്ങനെ പരിഹരിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇന്ത്യയിൽ സഞ്ചാരികൾക്ക് താൽപര്യപ്പെടാവുന്ന ബീച്ചുകളുള്ള സംസ്ഥാനം കേരളമാണെന്ന് നിസ്സംശയം നമുക്ക് പറയാൻ സാധിക്കും. അതിനുവേണ്ട മറ്റ് സംവിധാനങ്ങളൊരുക്കുകയെന്നതാണ് പ്രധാനപ്പെട്ട ഉത്തരവാദിത്വം.

അതിലൊന്ന്, adventure water sports വർധിപ്പിക്കുകയെന്നതാണ്. കേരളത്തിലെ ബീച്ച് ടൂറിസം രംഗത്ത് ഇന്ന് രണ്ട് പ്രതിസന്ധികൾ നേരിടുന്നുണ്ട്. അതിലൊന്ന്, ബഹു. എം.എൽ.എ. ശ്രീ. പി. പി. ചിത്തരഞ്ജൻ ചൂണ്ടിക്കാണിച്ച CRZ-മായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളും മറ്റൊന്ന്, അനാവശ്യ വിവാദങ്ങളുമാണ്. Water sports-ന്റെ ഭാഗമായി പുതിയൊരു പദ്ധതി വന്നാൽ, അതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന അനാവശ്യമായ വിവാദങ്ങൾ സഭയിൽ നേരത്തെ ചർച്ച ചെയ്തിരുന്നു. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ബീച്ച് ടൂറിസവുമായി മുന്നോട്ടുപോകുന്ന ചില ലോബികളുടെ താൽപര്യംകൂടി അതിന്റെ പിന്നിലുണ്ട്. CRZ കേന്ദ്ര നിയമമാണെന്ന് നമുക്കറിയാം. ബഹു. കേന്ദ്രമന്ത്രിയുമായി ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. കൂടാതെ കേന്ദ്ര ടൂറിസം വകുപ്പുമന്ത്രിതന്നെ ഇതുമായി ബന്ധപ്പെട്ട കേന്ദ്ര വകുപ്പുമന്ത്രിയുമായി ഡൽഹിയിലൊരു മീറ്റിംഗ് വിളിച്ചുചേർക്കാമെന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിലെ ബീച്ച് ടൂറിസത്തിലെ ചില പ്രതിസന്ധികളെ മാറ്റാൻവേണ്ടി CRZ വിഷയവുമായി ബന്ധപ്പെട്ട് എന്തൊക്കെ ഇളവുകൾ വരുത്താനാകുമെന്നുള്ളത് ഈ ചർച്ചയിലൂടെ യാഥാർത്ഥ്യത്തിലേയ്ക്കെത്തിക്കാനാകുമെന്നാണ് കരുതുന്നത്. അതിൽ പ്രധാനമായും ആലപ്പുഴ ബീച്ച് കേരളത്തിലെ ബീച്ച് ടൂറിസവുമായി

ബന്ധപ്പെട്ട് മുന്നിൽത്തന്നെയുണ്ടാകും.

ശ്രീ. എ. രാജ: സർ, വിനോദസഞ്ചാര മേഖലയിൽ കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും RT Mission (Kerala Responsible Tourism Mission)-ന്റെ നേതൃത്വത്തിൽ എന്റെ മണ്ഡലത്തിൽ മൂന്ന് ദിവസം നീണ്ടുനിന്ന 'Global Women Conference' ശ്രദ്ധേയമായ പരിപാടിയായിരുന്നു. സംസ്ഥാനത്തിന്റെ ഏറ്റവും വലിയ ആകർഷണമെന്നത് സമ്പന്നമായ സാംസ്കാരിക പാരമ്പര്യമാണ്. ഓണാഘോഷം ഉൾപ്പെടെയുള്ള കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിന് കൂടുതൽ പ്രചാരം നൽകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, RT Mission-ന്റെ 'Global Women Conference' വളരെ നല്ലനിലയിൽ സംഘടിപ്പിച്ചതിന് എം.എൽ.എ.-യെ പ്രത്യേകം അഭിനന്ദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലാദ്യമായി ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് നടന്ന 'Global Women Conference' നല്ല നിലയിൽ വിജയിപ്പിക്കുന്നതിന് എം.എൽ.എ. ഉൾപ്പെടെ വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഓണം നമ്മുടെ പ്രധാന ഉത്സവമാണ്. ഓണാഘോഷങ്ങളെ ടൂറിസം ഉൽപന്നമാക്കി മാറ്റുമെന്ന് നിശ്ചയിച്ചിരുന്നു.

2024-ൽ വളരെ നേരത്തെതന്നെ അതിന്റെ തയ്യാറെടുപ്പ് നടത്തിയിരുന്നു. ദൗർഭാഗ്യവശാൽ ചൂരൽമല ദുരന്തമുണ്ടായി. ഓണക്കാലത്ത് വിദേശ രാജ്യങ്ങളിലുള്ളവരെ കേരളത്തിലേക്ക് ആകർഷിക്കാൻവേണ്ടി ഇതുമായി ബന്ധപ്പെട്ട് പ്രത്യേക മാർക്കറ്റിംഗ് നടത്തിയിരുന്നു. ഇത്തവണയും അതാരംഭിച്ചിട്ടുണ്ട്. ഈ വർഷത്തെ ഓണാഘോഷം ആ നിലയിൽ മാറ്റിത്തീർക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്താം. എക്സ്പീരിയൻഷ്യൽ ടൂറിസത്തിന്റെ ഭാഗമായി ഓണത്തെ ഉയർത്തിക്കാട്ടാൻ ആലോചിക്കുന്നുണ്ട്. ഉത്തരവാദിത്വ ടൂറിസത്തിന് ഓണത്തിന്റെ പ്രചരണങ്ങളിൽ പ്രധാന പങ്കുവഹിക്കാൻ സാധിക്കും. ഓണത്തെ മാത്രമല്ല, കേരളത്തിന്റെ സാംസ്കാരിക ആഘോഷങ്ങളെയും ടൂറിസവുമായി ബന്ധപ്പെടുത്തി വലിയ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കാനാകും. കേരളത്തിന്റെ മതസാഹോദര്യമാണ്; കേരളത്തിലെ ജനങ്ങളുടെ ആതിഥേയ മര്യാദയാണ്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനും കാണാൻ സാധ്യമാകാത്ത നിലയിലുള്ള കേരളത്തിന്റെ ഏറ്റവും വലിയ ടൂറിസ്റ്റ് ഉൽപന്നമാണ് കേരളത്തിന്റെ സാംസ്കാരിക പ്രത്യേകത. മറ്റ് സംസ്ഥാനങ്ങളെ മോശമാക്കി പറയുകയല്ല. അതിനെ നമുക്ക് പ്രദർശിപ്പിക്കാൻ സാധിക്കുന്ന നിലയിൽ നമുക്ക് ഓണാഘോഷത്തെ മാറ്റിത്തീർക്കാം.

ശ്രീ. മാണി സി. കാപ്പൻ: സർ, 'ഗ്രീൻ ടൂറിസം' പദ്ധതിയിലുൾപ്പെടുത്തി പാലാ ടൗണിന്റെ ഹൃദയഭാഗത്ത് ലണ്ടൻ ബ്രിഡ്ജെന്ന പേരിലൊരു പാലവും കെട്ടിടവും നിർമ്മിച്ച് ആഘോഷപൂർവം ഉത്ഘാടനവും നടത്തിയിരുന്നു. അഞ്ചുവർഷമായി അവിടെ പാമ്പും കാടുംപിടിച്ച് സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയിരിക്കുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, അത് പരിശോധിച്ച് ഇടപെടൽ നടത്താം.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞതുപോലെ കേരളത്തിന്റെ ഏറ്റവും വലിയ പ്രത്യേകത സാംസ്കാരിക തനിമയാണ്. കേരളം കൾച്ചറൽ ടൂറിസത്തിന് വലിയ സാധ്യതയുള്ള മേഖലയായതിനാൽ പാലക്കാട് കൽപ്പാത്തി പോലെയുള്ള സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കൾച്ചറൽ ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; കെ.എസ്.ആർ.ടി.സി.-യുടെ സഹായത്തോടുകൂടി ‘ food exploring tourism’ പോലുള്ള എന്തെങ്കിലും പദ്ധതി ചെയ്യാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ടൂറിസം വകുപ്പ് കൽപ്പാത്തി

രഥോത്സവമുൾപ്പെടെയുള്ള കാര്യങ്ങളിൽ നല്ല നിലയിലുള്ള ഇടപെടൽ നടത്തുന്നുണ്ട്. ടി വിഷയം എങ്ങനെ കൂടുതൽ വികസിപ്പിക്കാമെന്നുള്ളത് നമുക്ക് യോജിച്ച് ചർച്ച ചെയ്ത് മുന്നോട്ടുപോകാം. ഇവിടെ ചൂണ്ടിക്കാണിച്ച മറ്റ് വിഷയങ്ങളിലും ആ നിലയിൽ ഇടപെട്ട് മുന്നോട്ടുപോകാവുന്നതാണ്. ‘ food tourism’ -ന്റെ ഭാഗമായി ഇതിനകംതന്നെ ഗതാഗത വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. അദ്ദേഹം ഫുഡ് സംബന്ധിച്ച് പ്രത്യേകം താൽപര്യമുള്ള വ്യക്തിയാണ്. അത് ആ നിലയിൽ ചർച്ച ചെയ്ത് വികസിപ്പിച്ചെടുക്കാം.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, കേരളത്തിലെ എല്ലാ സ്ഥലങ്ങളും ശരാശരി മലയാളിയെന്ന നിലയിൽ, നമുക്കുപോലും കാണാൻ  കഴിഞ്ഞിട്ടില്ല. പക്ഷേ പല സിനിമകളും കാണുമ്പോഴാണ് ഇത്രയും മനോഹരമായ സ്ഥലങ്ങൾ കേരളത്തിലുണ്ടെന്ന് നമ്മൾതന്നെ അറിയുന്നത്. നമ്മുടെ നാട്ടിൽ മാത്രമല്ല, പല നല്ല സ്ഥലങ്ങളിലും സിനിമ ചിത്രീകരിക്കപ്പെടുന്നുണ്ട്. മറ്റ് ഭാഷകളിലുള്ള സിനിമാ പ്രവർത്തകർക്ക് നമ്മുടെ നാട്ടിലെ അനുയോജ്യമായ പ്രദേശങ്ങളെ ലൊക്കേഷനാക്കാനും പരിചിതമാക്കാനും സാധിക്കുമോ; അതിനെന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, 'സിനിമാ ടൂറിസം' ഇത്തവണ പുതുതായി കൊണ്ടുവന്ന പദ്ധതിയാണ്. ഈ വിഷയം ബഹു. സാംസ്കാരിക

വകുപ്പുമന്ത്രിയുമായി രണ്ടുതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. സിനിമാ ടൂറിസത്തെ രണ്ടുനിലയിലാണ് കാണുന്നത്. മലയാള സിനിമകളുൾപ്പെടെ നിലവിൽ ഷൂട്ട് ചെയ്ത സിനിമകളുടെ ലൊക്കേഷൻ നമുക്കൊരു നൊസ്റ്റാൾജിക് അനുഭവം നൽകുന്നതാണ്. പല സിനിമകളിലുമുള്ള പാട്ടും ചെറുപ്പത്തിലുള്ള കാര്യവും ചിത്രീകരിച്ച രംഗങ്ങളിലെ സ്ഥലങ്ങളുമൊക്കെ കാണുമ്പോൾ ഇപ്പോഴും വല്ലാത്തൊരു താൽപര്യമാണ്. 'വെള്ളാനകളുടെ നാട്' എന്ന സിനിമയിൽ താമരശ്ശേരി ചുരം ചിത്രീകരിച്ച കുതിരവട്ടം പപ്പുവും മോഹൻലാലുമൊക്കെയുള്ള രംഗങ്ങൾ ഇപ്പോഴും നമ്മുടെ മുമ്പിലുണ്ട്. അതിലൂടെ യാത്ര ചെയ്യുമ്പോൾ ഇപ്പോഴും ആ സ്ഥലം ഓർത്തോർത്ത് നിൽക്കുന്ന സ്ഥിതിയാണ്. മുമ്പ് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചൂണ്ടിക്കാട്ടിയ മണിച്ചിത്രത്താഴിലെ കുതിരവട്ടം പപ്പു 'വെള്ളം വെള്ളം' എന്നുപറഞ്ഞു ചാടുന്ന സ്ഥലം, അതുപോലുള്ള പല വീടുകളുണ്ട്. സിബിമലയിൽ സംവിധാനം ചെയ്ത 'കിരീടം' സിനിമയിലെ പാലം സിനിമാ ടൂറിസത്തിന്റെ ഭാഗമാക്കി മാറ്റി അധികം വൈകാതെ അതിന്റെ ഉത്ഘാടനം നടക്കാൻപോകുകയാണ്. രണ്ടാമത്തെ പ്രശ്നം, കേരളത്തിന് പുറത്തുള്ള സിനിമകൾ ഷൂട്ടുചെയ്യാൻ കേരളത്തിലേക്ക് ആളുകളെ ആകർഷിക്കുകയെന്നുള്ളതാണ്. അതിലൂടെ റവന്യൂ വരുമാനം വർധിപ്പിക്കാൻ

സാധിക്കും. അതിന്റെ ഭാഗമായി ഒരു പ്രത്യേക മാർക്കറ്റിംഗ് നടത്തി, സാംസ്കാരിക വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. ഇപ്പോൾ ഉദാഹരണത്തിന് ശ്രീ. മണിരത്നത്തിന്റെ 'മുംബൈ' ഷൂട്ട് ചെയ്തത് ബേക്കലിലാണ്. ഗാനരംഗങ്ങളുൾപ്പെടെ അത്തരത്തിൽ ഷൂട്ട് ചെയ്തിട്ടുണ്ട്. അതുപോലുള്ള സിനിമകൾ ഷൂട്ട് ചെയ്യാൻവേണ്ടി കേരളത്തിലേക്ക് അവരെ കൊണ്ടുവരാൻവേണ്ടിയുള്ള പ്രത്യേക പദ്ധതി ഞങ്ങളൊരുമിച്ച് ആലോചിച്ച് നടപ്പാക്കാനുള്ള ശ്രമത്തിലാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ലോകോത്തര ടൂറിസം ഡെസ്റ്റിനേഷനുകൾ കേരളത്തിൽ വളർന്നുവരികയാണ്. ദേശീയപാത യാഥാർത്ഥ്യമാകുന്നതോടുകൂടി കേരളത്തിലെ എല്ലാ മേഖലയിലേക്കും ആളുകൾക്ക് എളുപ്പത്തിലെത്തിച്ചേരാൻ സാധിക്കുന്ന അന്തരീക്ഷമാണ് സമാഗതമായിട്ടുള്ളത്. ഈ ഡെസ്റ്റിനേഷനുകളിൽ പ്ലാസ്റ്റിക് മുക്തവും വൃത്തിയുള്ളതും നല്ല താമസസൗകര്യവും ഒരുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, ഇക്കാര്യത്തിൽ പ്രത്യേക ഇടപെടൽ നടന്നുകൊണ്ടിരിക്കുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങൾ നേരിടുന്നൊരു പ്രശ്നം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ടാണ്. അതിൽ DTPC-യും

തദ്ദേശസ്വയംഭരണ വകുപ്പുകളുമടക്കമുള്ള വിവിധ വകുപ്പുകളുണ്ട്. വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് നീക്കങ്ങൾ നടക്കുന്നുണ്ട്. പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊക്കെ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി (DMC) രൂപീകരിച്ച് എം.എൽ.എ.-മാർക്ക് അതിന്റെ ചുമതല നൽകിയാൽ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് മുന്നോട്ടുപോകാമെന്ന ആശയം മുന്നോട്ടുവന്നിട്ടുണ്ട്. പല സ്ഥലത്തും DMC-കളുണ്ട്. ഫലപ്രദമായി നടപ്പാക്കാൻ സാധിക്കുമോയെന്നുള്ള പരിശോധന നടത്തി ബഹു. എല്ലാ അംഗങ്ങളോടും ചർച്ച ചെയ്തുകൊണ്ട് അതിൽ നിലപാട് സ്വീകരിച്ചാൽ കുറേക്കൂടി കോ-ഓർഡിനേഷനുണ്ടാകുമെന്നാണ് പൊതുവെ പറയാനുള്ളത്. അക്കാര്യത്തിൽ താമസംവിനാ തീരുമാനം കൈക്കൊള്ളാം.

(ചോദ്യംനമ്പർ-*394)

P.20-03-2025
AV-AM
09.50-10.00

**പാലങ്ങളുടെ അടിഭാഗങ്ങളിൽ സുസ്ഥിര നഗരസൗന്ദര്യവത്കരണം**

4 (*394) ശ്രീ. എം. മുകേഷ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ദെലീമ:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരമധ്യേയുള്ള പാലങ്ങളുടെ അടിഭാഗങ്ങൾ സുസ്ഥിര നഗരസൗന്ദര്യവത്കരണത്തിനും വാണിജ്യവത്കരണത്തിനും അനുയോജ്യമായ വിധത്തിൽ വികസിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പാലങ്ങളുടെ അടിഭാഗങ്ങളിൽ വാൾ ആർട്ടുകളും മ്യൂറൽ പെയിന്റിംഗുകളും ഉപയോഗിച്ച് സൗന്ദര്യവത്കരിച്ച ഇടങ്ങൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) ഈ ഭാഗങ്ങളിൽ ആധുനിക പാർക്കിംഗ് സൗകര്യങ്ങളും ജനകീയ ഔട്ട്ഡോർ പാർക്കുകളും സജ്ജീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പാലങ്ങളുടെ അടിഭാഗങ്ങളിൽ സ്മാർട്ട് മാർക്കറ്റുകളും വ്യാപാര സ്ഥാപനങ്ങളും വികസിപ്പിക്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി ഏകോപിപ്പിച്ച് നടപ്പാക്കുന്നത്; സ്വകാര്യസ്ഥാപനങ്ങളുടെ പരസ്യങ്ങൾ, സി.എസ്.ആർ. ഫണ്ട് എന്നിവ പദ്ധതിക്കായി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും

എവിടെയെല്ലാമാണ് നിലവിൽ പദ്ധതി ആരംഭിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; വിശദമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ,

(എ) പൊതുയിടങ്ങളുടെ വികസനത്തിൽ സുസ്ഥിര വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതിന്റെ ഭാഗമായി രാജ്യത്താദ്യമായി ' ഡിസൈൻ പോളിസി' നടപ്പാക്കിയ സംസ്ഥാനമാണ്, കേരളം. പൊതുമരാമത്ത്, ടൂറിസം മേഖലകളിലാണ് ' ഡിസൈൻ പോളിസി' അംഗീകരിച്ചിട്ടുള്ളത്. ' ഡിസൈൻ പോളിസി' -യുടെ ഭാഗമായി പാലങ്ങളുടെ അടിഭാഗങ്ങൾ പാർക്കുകളായും പൊതുയിടങ്ങളായും വികസിപ്പിക്കുന്നതിന് തീരുമാനിച്ചു. ഇതിന്റെ ഭാഗമായുള്ള ആദ്യപദ്ധതി കൊല്ലം എസ്.എൻ. കോളേജിന് സമീപം ടൗൺഹാളിന്റെ എതിർവശത്തുള്ള റെയിൽവേ ഓവർ ബ്രിഡ്ജിൽ നടപ്പാക്കി. ടൂറിസം വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിച്ച 'We Park' പൊതുജനങ്ങൾക്ക് തുറന്ന് നൽകിയിട്ടുണ്ട്. ഓപ്പൺ ജിം, ചെസ്സ്, ബാഡ്മിന്റൺ-വോളീബോൾ കോർട്ടുകൾ, വാക്കിംഗ് ഏരിയ, ഫുഡ് സ്റ്റാൾ, സ്കേറ്റിംഗ് കോർട്ട് എന്നിവയോടെയാണ് 'വീ പാർക്ക്

നിർമ്മിച്ചിരിക്കുന്നത്. ഇതോടൊപ്പം പന്നിയങ്കര ആർ.ഒ.ബി, മീഞ്ചന്ത ആർ.ഒ.ബി, ഗുരുവായൂർ ആർ.ഒ.ബി, ദേവദാർ ആർ.ഒ.ബി. എന്നീ ആർ.ഒ.ബി.-കൾക്ക് അടിഭാഗം ‘ We Park’ വികസിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലങ്ങളെ പൊതുയിടങ്ങളായി വികസിപ്പിക്കുക വഴി പുതിയ ലെഷർ സെന്ററുകളാണ് സൃഷ്ടിക്കപ്പെടുന്നത്. നഗര മേഖലകളിലുള്ളവർക്കൊപ്പം ഗ്രാമീണ ജനതയ്ക്കും ഇത്തരം സൗകര്യങ്ങൾ ആസ്വദിക്കുന്നതിനുള്ള അവസരം ലഭ്യമാകും. തിരുവനന്തപുരത്ത് ബേക്കറി ജംഗ്ഷൻ മേൽപ്പാലത്തിന്റെ കീഴ്ഭാഗം CSR ഫണ്ടുപയോഗപ്പെടുത്തി ആകർഷകമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ ടൂറിസം വികസന മേഖലയിലെ പുത്തൻ പദ്ധതിയെ ഇതിനോടകം സഞ്ചാരികളും ഏറ്റെടുത്തു കഴിഞ്ഞു.

(ബി) കൊല്ലം എസ്.എൻ. കോളേജ് ജംഗ്ഷനുസമീപം സി. കേശവൻ സ്മാരക ടൗൺ ഹാളിന് എതിർവശത്തുള്ള റെയിൽവേ മേൽപ്പാലം, ഫറോക്ക് പഴയ പാലം എന്നിവയോട് ചേർന്ന് പാർക്കും ചുറ്റുമതിലും ചെയ്തിട്ടുണ്ട്. പാർക്കിന്റെ ചുറ്റുമതിലിൽ മ്യൂറൽ പെയിന്റിംഗ് ചെയ്തിട്ടുണ്ട്. തിരുവന്തപുരത്തെ ബേക്കറി ഫ്ലൈഓവറിന്റെ തൂണുകൾ CSR ഫണ്ട് മുഖാന്തരം വാൾ ആർട്ടുകളുപയോഗിച്ച് സൗന്ദര്യവത്കരിച്ചിട്ടുണ്ട്.

(സി) കൊല്ലത്ത് പാർക്കിംഗ് സൗകര്യങ്ങളും ജനകീയ പാർക്കുമാണ് സജ്ജീകരിച്ചിട്ടുള്ളത്. ഫറോക്ക് പഴയ പാലത്തിനോട് ചേർന്ന് ജനകീയ ഔട്ട് ഡോർ പാർക്ക് സജ്ജീകരിച്ചിട്ടുണ്ട്.

(ഡി) പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ പ്രത്യേകതയ്ക്കനുസരിച്ച് വ്യത്യസ്ത ഘടകങ്ങൾ ഉൾപ്പെടുത്താവുന്നതാണ്. പരസ്യങ്ങൾ, CSR ഫണ്ട് എന്നിവ ഇതിനായി ഉപയോഗിക്കുന്നതിന് ആലോചിക്കുന്നുണ്ട്.

<u>ശ്രീ. എം. മുകേഷ്</u>: സർ, പാലങ്ങളുടെ അടിഭാഗം ഉപയോഗപ്പെടുത്തി പൊതുയിടങ്ങൾ സൃഷ്ടിക്കുന്ന ആദ്യ പദ്ധതി കൊല്ലത്ത് വലിയ തരംഗമായി മാറിക്കഴിഞ്ഞു. ഇനി ഈ പദ്ധതിയെ ഏതുനിലയിൽ മുന്നോട്ടുകൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്?

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>: സർ, ഇന്ത്യയിലാദ്യമായി ടൂറിസം-പൊതുമരാമത്ത് വകുപ്പിൽ 'Design Policy' നടപ്പാക്കിയ സംസ്ഥാനം കേരളമാണെന്ന് സന്തോഷത്തോടുകൂടി സഭയെ അറിയിക്കുകയാണ്. അതിന്റെ ഭാഗമായി വിദേശ രാജ്യങ്ങളിലുള്ളതുപോലെ പാലങ്ങളെ രണ്ട് നിലയിൽ ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റുന്നു. ഒന്ന്, ദീപാലംകൃതമായ പാലങ്ങൾ. കോഴിക്കോട് ഫറോക്ക് മുതൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിലെ

പാലങ്ങൾ ദീപാലംകൃതമാക്കി മാറ്റി നിലവിൽ അത് ടൂറിസ്റ്റ് കേന്ദ്രമായി മാറിക്കൊണ്ടിരിക്കുന്നു. ആയിരക്കണക്കിന് ആളുകളാണ് ദൈനംദിനം ആ പാലങ്ങളിൽ വരുന്നതും സെൽഫി പോയിന്റിൽനിന്നും ഫോട്ടോയെടുക്കുന്നതും അവിടെയുള്ള സ്ഥലങ്ങളിലിരിക്കുന്നതും. നല്ലരീതിയിൽ പ്രാദേശികമായി കച്ചവടം വർധിച്ചുവരുന്നു. രണ്ടാമത്തെ രീതിയാണ് പാലങ്ങൾക്കടിയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തുകയെന്നുള്ളത്. ഇക്കാര്യം നേരത്തെ സഭയെ അറിയിച്ചിരുന്നു. അതിന്റെ തുടക്കം കുറിച്ചത് കൊല്ലത്താണ്. കൊല്ലത്ത് കാടുപിടിച്ച സ്ഥലത്ത് പാലങ്ങൾക്കടിയിലുള്ള സ്ഥലം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള നിലപാട് വന്നു. അത് shuttle court, volleyball court, walkway, കുട്ടികൾക്ക് ഇരിക്കാനുള്ള പാർക്ക്, ചെസ് കളിക്കാനുള്ള ബോർഡ്, കലാപരിപാടികൾ അവതരിപ്പിക്കാനുള്ള സ്ഥലം എന്നിങ്ങനെ പൊതുമരാമത്ത് വകുപ്പ് അതിന്റെ എൻ.ഒ.സി. DTPC-ക്ക് നൽകുകയും DTPC അതിന്റെ ഭാഗമായി Kerala Tourism Infrastructure Limited-മായി ചേർന്നുകൊണ്ട് ആ പദ്ധതി നടപ്പാക്കുകയാണ് ചെയ്തത്. ഇതൊരു മോഡൽ പദ്ധതിയാണ്. മണ്ഡലത്തിൽ ഇത്തരത്തിൽ സ്ഥലങ്ങളുണ്ടെങ്കിൽ, പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങളാണെങ്കിൽ

അതിന് എൻ.ഒ.സി. നൽകാൻ പി.ഡബ്യു.ഡി. തയ്യാറാണെന്ന കാര്യം സഭയെ അറിയിക്കുകയാണ്. ഇക്കാര്യം എല്ലാ ബഹു. അംഗങ്ങളോടും അഭ്യർഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു ഫെസിലിറ്റേറ്ററായി നിൽക്കാനാണ് ഉദ്ദേശിക്കുന്നത്. സഹകരണ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് മറ്റ് ഫണ്ടുകളൊക്കെ ഉപയോഗിച്ചുകൊണ്ട് മുന്നോട്ടുപോകാം. എം.എൽ.എ.-മാർ അതിന് നേതൃത്വപരമായ പങ്കുവഹിക്കണം. ഇന്നത്തെ കാലത്ത് ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ നിരവധി പ്രതിരോധങ്ങളിലൊരു പ്രതിരോധം കൂടിയായി പൊതുയിടങ്ങളെ വർധിപ്പിക്കുകയെന്ന കാഴ്ചപ്പാടിനുകൂടി ഇത് ഉപകരിക്കും. കൊല്ലത്ത് രാവിലെ മുതൽ രാത്രി ഒരു മണിവരെ പൊതുജനങ്ങൾ ആ സ്ഥലത്തുണ്ടാകുന്നത് കാണാൻ സാധിക്കും. കേരളത്തിൽ നിരവധി പാലങ്ങളുണ്ട്. പി.ഡബ്ല്യു.ഡി. ലിസ്റ്റ് ചെയ്തപ്പോൾ അറുപതോളം പാലങ്ങൾ കേരളത്തിൽ ഇതുപോലെ നമുക്കുപയോഗിക്കാൻ സാധിക്കുമെന്നാണ് കാണുന്നത്. അവിടത്തെ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾ തയ്യാറായി വന്നാൽ രണ്ടുകൈയും നീട്ടി അവരെ സ്വീകരിച്ച് ആ അറുപത് പാലങ്ങളിലും പദ്ധതി നടപ്പാക്കാൻ നമുക്ക് സാധിക്കും. അതിന് അധികം സമയം വേണ്ട. നാലുമാസത്തിനകം ഈ

പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ സാധിക്കും. നിലവിൽ 12 ബഹുമാനപ്പെട്ട അംഗങ്ങൾ ഇതുമായി ബന്ധപ്പെട്ട് കത്ത് നൽകിയിട്ടുണ്ടെന്നതും സഭയെ അറിയിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(മി. സ്പീക്കർ)

പി.-20-03-2025 എച്ച്.ആർ.-എൽ.ഡി.-1
10:00-10:10 (RC)

**അറിയിപ്പ്**

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ, ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ് എന്നിവർ ഔദ്യോഗികാവശ്യങ്ങൾക്കായി ഡൽഹിയിലായതിനാൽ ഇന്ന് അവധി അറിയിച്ചിട്ടുണ്ട്.

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

<u>അങ്കണവാടി ജീവനക്കാരുടെ മിനിമം വേതനം വർധിപ്പിക്കൽ</u>

<u>മി. സ്പീക്കർ</u>: കേരളത്തിലെ അങ്കണവാടി ജീവനക്കാർക്ക് പ്രതിമാസ മിനിമം വേതനം 21,000/- രൂപയാക്കണം എന്നതടക്കമുള്ള ന്യായമായ

ആവശ്യങ്ങൾ പരിഗണിക്കുന്നില്ലെന്ന് പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവശ്രീ നജീബ് കാന്തപുരം, സജീവ് ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. (ശ്രീ. പി. രാജീവ്)

പി.-20-03-2025
എച്ച്.ആർ.-എൽ.ഡി.-1
10:00-10:10

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം**

അങ്കണവാടി ജീവനക്കാരുടെ മിനിമം വേതനം വർധിപ്പിക്കൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കേന്ദ്ര നയത്തിന്റെയും കേന്ദ്രാവിഷ്കൃത പദ്ധതിയുടെയും ഭാഗമായാണ് ഇന്ത്യയിലെമ്പാടും അങ്കണവാടികളുടെ പ്രവർത്തനം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 1975-ൽ ആരംഭിച്ച ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. പ്രധാനമായും കേന്ദ്ര സർക്കാരിന്റെ ഉത്തരവുകളും മാർഗനിർദേശങ്ങളും അടിസ്ഥാനമാക്കിയാണ് ഈ പദ്ധതി

മുന്നോട്ടുപോകുന്നത്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് അങ്കണവാടി പ്രവർത്തകരുടെ പങ്ക് വളരെ വലുതാണ്. അവരുടെ പ്രവർത്തനങ്ങളെക്കുറിച്ച് കൃത്യമായി നിർവചിച്ചിട്ടുണ്ട്. കുട്ടികളുടെ വളർച്ചാ നിരീക്ഷണം, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ആറ് വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ എന്നിവരടക്കമുള്ളവർക്കായി ഗുണഭോക്തൃ ഗൃഹസന്ദർശനങ്ങൾ പോലുള്ള കാര്യങ്ങൾ അതിൽ നേരത്തെ ഉൾപ്പെട്ടിരുന്നു. ഇപ്പോൾ അതിൽ കുറേയേറെ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് അവരുടെ സംഘടനകളുമായി ചർച്ച ചെയ്ത് ധാരണയിലെത്തുകയും അങ്ങനെ ധാരണയിലെത്തിയ കാര്യങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധനയുടെ സമയക്രമം ഉൾപ്പെടെ നിശ്ചയിച്ച് പൂർത്തീകരിച്ചതുമാണ്. അതിനുശേഷമാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ പുതുതായി ഉന്നയിക്കപ്പെടുന്നത്. കേന്ദ്ര വനിതാ ശിശു വികസന മന്ത്രാലയം ആവിഷ്കരിച്ച റിയൽ ടൈം മോണിറ്ററിങ് ആപ്ലിക്കേഷനായ 'പോഷൺ ട്രാക്കർ' വഴിയാണ് നിലവിൽ അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഇവിടെ നോട്ടീസിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ, നേരത്തെ പതിനൊന്ന് റിക്കാർഡുകളിൽ ചെയ്തിരുന്ന പ്രവർത്തനങ്ങൾ അങ്കണവാടി വർക്കർമാർ നിലവിൽ സ്മാർട്ട് ഫോണിന്റെ സഹായത്തോടെ

ഓൺലൈനായി ഏകോപിപ്പിച്ച് നിർവഹിക്കുന്നുണ്ട്. ഇതുവഴി അങ്കണവാടി പ്രവർത്തകർക്ക് എളുപ്പത്തിൽ പോഷൺ ട്രാക്കറിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ കഴിയും. 2019 മുതൽ അവർക്ക് നൽകിയിരിക്കുന്ന കാലഹരണപ്പെട്ട ഫോൺ മാറ്റിനൽണമെന്ന കാര്യം ഇവിടെ നൽകിയ നോട്ടീസിൽ സൂചിപ്പിക്കുകയുണ്ടായി. 2025 ഫെബ്രുവരി വരെ അത്തരത്തിലുള്ള മാറ്റങ്ങൾ കേന്ദ്രം അനുവദിച്ചിരുന്നില്ല. ഇപ്പോൾ ആ ഫോണുകൾ മാറ്റി നൽകുന്നതിനുള്ള ഉത്തരവിറങ്ങിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യവും ചർച്ചയിൽ അംഗീകരിച്ചതാണ്. ഇതുകൂടാതെ പോഷൺ ട്രാക്കറിൽ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിന് വർക്കർമാർക്ക് 500/- രൂപയും ഹെൽപ്പർമാർക്ക് 250/- രൂപയും പെർഫോമൻസ് ഇൻസെന്റീവ് നൽകിവരുന്നുണ്ട്. PMMVY (പ്രധാൻ മന്ത്രി മാതൃ വന്ദന യോജന) പ്രകാരം പ്രസവാനുകൂല്യത്തിനുള്ള അപേക്ഷകൾ പോലുള്ള കാര്യങ്ങൾ അപ്ലോഡ് ചെയ്യുന്നതിന് ഓരോ ഗുണഭോക്താവിനും 250/- രൂപ വീതം നൽകിവരുന്നുണ്ട്.

കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ഓണറേറിയം 4,500/- രൂപയാണ്. അതിൽ അറുപത് ശതമാനം കേന്ദ്ര വിഹിതവും നാൽപത് ശതമാനം

സംസ്ഥാന വിഹിതവുമാണ്. ഓണറേറിയമായി അങ്കണവാടി വർക്കർമാർക്ക് കേന്ദ്ര ഗവൺമെന്റ് നൽകുന്നത് 2,700/- രൂപ മാത്രമാണ്. എന്നാൽ കേരളം പത്ത് വർഷത്തിൽ താഴെ സർവീസുള്ളവർക്ക് 12,500/- രൂപയും പത്ത് വർഷത്തിൽ കൂടുതൽ സർവീസുള്ളവർക്ക് 13,000/- രൂപയും നിലവിൽ ഓണറേറിയമായി നൽകുന്നുണ്ട്. അങ്കണവാടി ഹെൽപ്പർമാർക്കുള്ള യൂണിയൻ ഗവൺമെന്റിന്റെ ഓണറേറിയം 2,250/- രൂപയാണ്. അതിൽ 900/- രൂപ സംസ്ഥാന സർക്കാരും 1,350/- രൂപ (അറുപത് ശതമാനം) കേന്ദ്ര സർക്കാരുമാണ് നൽകുന്നത്. എന്നാൽ കേരളത്തിൽ പത്ത് വർഷത്തിൽ താഴെ സർവീസുള്ള ഹെൽപ്പർമാർക്ക് 8,500/- രൂപയും പത്ത് വർഷത്തിന് മുകളിൽ സർവീസുള്ളവർക്ക് 9,000/- രൂപയും നിലവിൽ നൽകിവരുന്നുണ്ട്. യൂണിയൻ ഗവൺമെന്റ് ഓണറേറിയമായി അങ്കണവാടി വർക്കർമാർക്ക് 2,700/- രൂപ നൽകുമ്പോൾ കേരളം 12,500/- രൂപ, 13,000/- രൂപ എന്നിങ്ങനെയും ഹെൽപ്പർമാർക്ക് 1,350/- രൂപ മാത്രം നൽകിവരുമ്പോൾ കേരളം 8,500/- രൂപ, 9,000/- രൂപ എന്നിങ്ങനെയുമാണ് ഇപ്പോൾ നൽകുന്നത്. ഇതുകൂടാതെ നേരത്തെ പറഞ്ഞതുപോലെ മറ്റ് രൂപത്തിലുള്ള ഇൻസെന്റീവും നൽകുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയാണെങ്കിലും നിലവിൽ നൽകുന്ന തുകയുടെ

എൺപത് ശതമാനവും വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്. ഈ പദ്ധതി ആരംഭിച്ച സമയത്ത് ഐ.സി.ഡി.എസ്. (ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവീസസ്) സംവിധാനങ്ങൾ, സൂപ്പർവൈസർ, സി.ഡി.പി.ഒ. (ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ), പ്രോഗ്രാം ഓഫീസർ എന്നിവരുടെയെല്ലാം ശമ്പളത്തിന്റെ എഴുപത്തിയഞ്ച് ശതമാനവും കേന്ദ്രമാണ് നൽകിക്കൊണ്ടിരുന്നത്. എന്നാൽ ഇപ്പോൾ കേന്ദ്രത്തിന്റെ വിഹിതം പൂജ്യമായി മാറി. ഈ പദ്ധതിയുടെ മറ്റ് സംവിധാനങ്ങളുടെ ശമ്പളം ഉൾപ്പെടെയുള്ളവയുടെ വിഹിതം പൂർണ്ണമായും സംസ്ഥാനംതന്നെ വഹിക്കേണ്ടിവരുന്ന സാഹചര്യമാണ് വന്നിട്ടുള്ളത്. എങ്കിൽപ്പോലും അവരുടെ ആനുകൂല്യങ്ങൾ പരമാവധി വർധിപ്പിച്ച് നൽകാനാണ് സർക്കാർ ശ്രമിച്ചിട്ടുള്ളത്. ജീവനക്കാരുടെ വേതനം ഒറ്റത്തവണയായി വിതരണം ചെയ്യണമെന്ന പ്രശ്നം നോട്ടീസിൽ ഉന്നയിച്ചിട്ടുണ്ട്. നിലവിൽ കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതം എന്നിങ്ങനെ മൂന്ന് സംവിധാനങ്ങളിലൂടെയാണ് അവർക്കിത് ലഭിക്കുന്നത്. എല്ലാ മാസവും പരമാവധി അഞ്ചാം തീയതിക്ക് മുമ്പായി വേതനം വിതരണം ചെയ്യുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുകൂടാതെ ഉത്സവബത്തയായി 1,200/- രൂപയാണ് ഇപ്പോൾ

അനുവദിച്ചുകൊണ്ടിരിക്കുന്നത്. അങ്കണവാടി ജീവനക്കാരെ തൊഴിൽ നിയമങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തുക, അവരെ സർക്കാർ ജീവനക്കാരാക്കി മാറ്റുക തുടങ്ങിയ കാര്യങ്ങളിൽ തീരുമാനമെടുക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. യൂണിയൻ ഗവൺമെന്റിന്റെ അധികാര പരിധിയിൽ വരുന്ന കാര്യങ്ങളാണവ. സംസ്ഥാനത്തിന്റെയും ഇടതുപക്ഷത്തിന്റെയും ആവശ്യവും അതുതന്നെയാണ്. അങ്കണവാടി ജീവനക്കാരെ തൊഴിൽ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തുന്നതിനും അംഗീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടത് യൂണിയൻ ഗവൺമെന്റാണ്. അത്തരത്തിലുള്ള സമീപനമല്ല കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. വളരെ ചെറിയ പണം മാത്രമാണ് വേതനത്തിനുപോലും നൽകിക്കൊണ്ടിരിക്കുന്നത്.

അങ്കണവാടി ജീവനക്കാർക്ക് ഇ.എസ്.ഐ. സംവിധാനം നിലവിൽ ലഭ്യമല്ല. കേന്ദ്രാവിഷ്കൃത ഇൻഷ്വറൻസ് പദ്ധതികളുടെ ഭാഗമായി ക്ലെയിം നൽകുന്നതിന് 2,90,75,016/- രൂപ രണ്ട് ഗവൺമെന്റുകളുംകൂടി ചെലവഴിച്ചിട്ടുണ്ട്. ഇതുകൂടാതെ ആശുപത്രി ചികിത്സയ്ക്കായി അഞ്ച് ലക്ഷം രൂപവരെ ലഭ്യമാകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയും കേരളത്തിൽ നടപ്പിലാക്കിവരുന്നുണ്ട്. നേരത്തെ 2020-21 വരെ യാത്രാബത്ത

നൽകിവന്നിരുന്നു. അതിനുശേഷം യാത്രാബത്ത നൽകാൻ പാടില്ലെന്ന നിലപാട് കേന്ദ്രം സ്വീകരിക്കുകയുണ്ടായി. ടി.എ. കമ്പോണന്റ് ഒഴിവാക്കിയതിനാൽ അത് നൽകാൻ കഴിയാത്ത സാഹചര്യം വന്നു. ആ ടി.എ. കമ്പോണന്റും ഇതിന്റെ ഭാഗമാക്കി മാറ്റണമെന്ന കാര്യം യൂണിയൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനമാണ് മറ്റൊന്ന്. ക്ഷേമനിധി ബോർഡ് 2009 മുതൽ 500/-, 300/- രൂപ നിരക്കിലായിരുന്നു പെൻഷൻ നൽകിക്കൊണ്ടിരുന്നത്. ഇപ്പോൾ അത് 2,500/- രൂപ, 1,500/- രൂപ എന്ന നിലയിലേക്ക് എത്തിയിട്ടുണ്ട്. താൽക്കാലിക ജീവനക്കാർ കൂടുതലുണ്ടായിരുന്നു എന്നതാണ് വിഹിതത്തിന്റെ കാര്യത്തിൽ ഒരു പരിമിതിയായി പറഞ്ഞിരുന്നത്. ക്ഷേമനിധി വിഹിതവുമായി ബന്ധപ്പെട്ട പട്ടികയിൽ അവർ ഉൾപ്പെടുന്നില്ല. അതുകൊണ്ട് ക്ഷേമനിധി ബോർഡിന്റെ അംശദായത്തിലും പരിമിതികളുണ്ടായിരുന്നു. താൽക്കാലിക ജീവനക്കാരുടെ എണ്ണം കുറയ്ക്കാനും റിക്രൂട്ട്മെന്റ് നടത്താനും ശ്രമിക്കുന്നുണ്ട്. നേരത്തെ 4647 ആയിരുന്ന താൽക്കാലിക ജീവനക്കാരുടെ എണ്ണം 1781 ആക്കി കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. പരമാവധി ഒഴിവുകളെല്ലാംതന്നെ സ്ഥിരം ഒഴിവുകളാക്കി റിക്രൂട്ട് ചെയ്യുന്നതിനാവശ്യമായ നടപടികളും സർക്കാർ

സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്. ഇപ്പോൾ വിരമിച്ച അങ്കണവാടി ജീവനക്കാരിൽ 9582 വർക്കർമാർക്ക് 2,500/- രൂപ നിരക്കിലും ഹെൽപ്പർമാർക്ക് 1,500/- രൂപ നിരക്കിലും, അങ്ങനെ ആകെ 19629 പേർക്ക് പ്രതിമാസ പെൻഷൻ നൽകുന്നതിനായി 3,90,25,500/- രൂപ ചെലവ് വരുന്നുണ്ട്. ഇതിനുപുറമെ പ്രവർത്തകർ ക്ഷേമനിധിയിലേയ്ക്ക് അടച്ച തുക, അതിന്റെ എട്ട് ശതമാനം ബാങ്ക് പലിശ, സർക്കാർ വിഹിതം എല്ലാം ഉൾപ്പെടെയാണ് വിരമിക്കൽ ആനുകൂല്യമായി വർക്കർമാർക്ക് 15,000/- രൂപയും ഹെൽപ്പർമാർക്ക് 10,000/- രൂപയും കൂട്ടതലായി നൽകിവരുന്നത്. അങ്കണവാടി ക്ഷേമനിധി ബോർഡിന് പ്രതിമാസം ക്ഷേമനിധി വിഹിതമായി 2,10,98,000/- രൂപ വരുമാനം ലഭിക്കുമ്പോൾ, ഒരു മാസം പെൻഷൻ നൽകുന്നതിനായി 3,90,25,500/- രൂപ ചെലവ് വരുന്നുണ്ട്. അതാണ് ക്ഷേമനിധി ബോർഡിന്റെ അധിക ബാധ്യതയായി വരുന്നത്. അതുസംബന്ധിച്ചും പേമെന്റ് ഗ്രാറ്റുവിറ്റിയെ സംബന്ധിച്ചും ആശങ്ക ഉയർന്നുവന്നിട്ടുണ്ട്. അത്തരം കാര്യങ്ങൾ ഗവൺമെന്റ് പരിശോധിച്ചുവരുന്നുണ്ട്. 2024 നവംബർ വരെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇനി നാല് മാസത്തെ കുടിശ്ശികയാണുള്ളത്. ആ കുടിശ്ശിക നൽകുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ

അവരുടെ സംഘടനകളുമായി ചർച്ച ചെയ്ത് തീരുമാനമെടുത്തതാണ്. അതുകൊണ്ട് പുതുതായി അത്തരത്തിലുള്ള പ്രശ്നങ്ങളൊന്നും ഉയർന്നുവരുന്നില്ല. ആ തീരുമാനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ആറ് മാസത്തിലൊരിക്കൽ യോഗം ചേരുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ അന്ന് ചർച്ചയുടെ ഭാഗമായി വന്നതാണ്. എല്ലാ കാര്യങ്ങളും ചർച്ച ചെയ്താണ് മുന്നോട്ടുപോകുന്നത്. അതുകൊണ്ട് ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യം നിലനിൽക്കുന്നില്ല.

(ശ്രീ. നജീബ് കാന്തപുരം)

P-20-03-2025
VV-LD-I
10.10-10.20

## അങ്കണവാടി ജീവനക്കാരുടെ മിനിമം വേതനം വർധിപ്പിക്കൽ

ശ്രീ. നജീബ് കാന്തപുരം: സർ, ബഹുമാന്യനായ മന്ത്രി ഒരു പ്രശ്നവും നിലവിലില്ലെന്നും അങ്കണവാടി ജീവനക്കാരുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ചർച്ച ചെയ്ത് പരിഹാരത്തിന്റെ വഴിയിലേക്ക് പോകുകയാണെന്നും ഇവിടെ പറയുകയുണ്ടായി. എന്നാൽ ഇന്നലെ ഇതുസംബന്ധിച്ച കേസ് ഹൈക്കോടതിയുടെ പരിഗണനയിൽ വന്നിരുന്നു. അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും മുൻകാല പ്രാബല്യത്തോടെ

ഓണറേറിയം വർധിപ്പിക്കണമെന്ന ഹൈക്കോടതി വിധിക്കെതിരെ എല്ലാം ക്ലിയറാണ് എന്നുപറയുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ നിയമവകുപ്പുതന്നെ ഇന്നലെ അപ്പീൽ നൽകിയിരിക്കുകയാണ്. അങ്കണവാടി വർക്കർമാരുടെ ശമ്പളം 12,500/- രൂപയിൽനിന്ന് 27,500/- രൂപയാക്കണമെന്നും ആയമാരുടേത് 7,500/- രൂപയിൽനിന്ന് 22,500/- രൂപയാക്കി ഉയർത്തണമെന്നുമാണ് ഹൈക്കോടതി സിംഗിൾ ബഞ്ച് വിധിച്ചിരുന്നത്. എന്നാൽ ഇതിനെതിരെ സർക്കാർതന്നെ നേരിട്ട് അപ്പീൽ കൊടുക്കുന്ന സാഹചര്യത്തിൽ ബഹുമാന്യനായ മന്ത്രി പറയുന്നത് ആരെ കബളിപ്പിക്കാനാണ്. തിരുവനന്തപുരം സെക്രട്ടേറിയറ്റിന് മുന്നിൽ വളരെ പ്രധാനപ്പെട്ട രണ്ട് അനിശ്ചിതകാല സമരങ്ങൾ നടന്നുവരികയാണ്. അവ രണ്ടും ന്യായമായ ആവശ്യങ്ങളുന്നയിച്ചുകൊണ്ടുള്ള സമരങ്ങളാണ്. ഒന്ന്, ആശാവർക്കർമാരുടെ സമരമാണ്. ഇന്നുമുതൽ അവർ നിരാഹാര സമരത്തിലേക്ക് കടന്നിരിക്കുകയാണ്. മറ്റൊന്ന്, കേരളത്തിലെ അറുപതിനായിരത്തിലധികം വരുന്ന അങ്കണവാടി ജീവനക്കാരുടെ വേതനവും മറ്റാനുകൂല്യങ്ങളും വർധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അങ്കണവാടി ജീവനക്കാരുടെ സമരമാണ്. ഈ സമരം ഇന്ന് നാലാം ദിവസത്തിലേക്ക് കടക്കുമ്പോഴാണ് ഇന്നലെ ഹൈക്കോടതിയെ സർക്കാർ

സമീപിച്ചത് എന്നത് ഏറ്റവും സങ്കടകരമായ കാര്യമാണ്. ഇന്ന് ലോക സന്തോഷ ദിനമാണ്. എന്നാൽ ഈ ദിനമാണ് കേരളത്തിലെ ആശാവർക്കർമാരെയും അങ്കണവാടി ജീവനക്കാരെയും ക്രൂശിക്കാൻ സർക്കാർ തിരഞ്ഞെടുത്തിരിക്കുന്നത് എന്നത് സങ്കടകരമായ കാര്യമാണ്.

ആരോഗ്യ രംഗത്ത് കേരളം ഒന്നാമതാണെന്നാണ് ഈ സഭയിൽ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിയും മറ്റ് മന്ത്രിമാരും ഭരണകക്ഷി എം.എൽ.എ.-മാരും നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്നത്. ചികിത്സാ പിഴവുമൂലമുണ്ടാകുന്ന അപകടങ്ങളുടെയും മരണങ്ങളുടെയും അവയവം മാറിയുള്ള ശസ്ത്രക്രിയയുടെയും കാര്യത്തിലാണോ കേരളം ഒന്നാം സ്ഥാനത്ത് നിൽക്കുന്നത്? സർക്കാരിന്റെയും ആരോഗ്യ വകുപ്പുമന്ത്രിയുടെയും വാക്കുകൾ വാദത്തിനുവേണ്ടി ശരിവയ്ക്കുകയാണെങ്കിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുകയാണ്, ആശാ വർക്കർമാരും അങ്കണവാടി ജീവനക്കാരുമടങ്ങുന്ന ആരോഗ്യ പ്രവർത്തകർ ചോര നീരാക്കിയതിന്റെ ഫലമായിട്ടാണ് ഈ പറയുന്ന നേട്ടങ്ങൾ നാം കൈവരിച്ചിട്ടുള്ളത്. കേരളത്തിലെ 65287 പേരടങ്ങുന്ന അങ്കണവാടി ജീവനക്കാർക്കുവേണ്ടിയാണ് ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നത്. ഈ അടിസ്ഥാന വിഭാഗത്തെ എന്തുകൊണ്ടാണ് നമുക്ക് ചേർത്തുനിർത്താൻ

സാധിക്കാത്തത്? സർക്കാർ ഔദാര്യമായി നൽകുന്ന തുച്ഛമായ ഓണറേറിയം ലഭിക്കുന്നതിനുപോലും നാടിന്റെ കാവൽക്കാരായ ഈ ആരോഗ്യ പ്രവർത്തകർ തെരുവിൽ സമരം ചെയ്യേണ്ടിവരുന്നത് എന്തുകൊണ്ടാണ്? രണ്ടാം തവണയും ഭരണം ലഭിച്ചപ്പോൾ സി.പി.ഐ.(എം) നേതാക്കൾക്കും സർക്കാരിനുമുണ്ടായ പരിണാമം അതിശയിപ്പിക്കുന്നതാണ്. ഒരു സമരസംഘടന എന്ന പേരിൽ ഊറ്റംകൊണ്ടിരുന്ന സി.പി.ഐ.(എം) ഇപ്പോൾ സമരങ്ങളുടെ അന്തകരെന്ന നിലയിൽ കുപ്രസിദ്ധിയാർജിക്കുന്ന ഒരു കാലത്താണ് നാമുള്ളത്. സമരം ചെയ്യാനെത്തുന്നവരെ ആട്ടിപ്പായിക്കലാണ് ഇപ്പോൾ സർക്കാരിന്റെ ജോലി. അവരുടെ സമരപന്തലുകൾ പോലീസിനെ ഉപയോഗിച്ച് കശക്കിയെറിയലാണ് ഇപ്പോൾ സർക്കാരിന്റെ ജോലി. സ്ത്രീകളെന്ന പരിഗണനപോലുമില്ലാതെ അവരെ അടിച്ചൊതുക്കുകയാണ്. ചൈനയിലെ ടിയാനൻമെൻ സ്ക്വയറിൽ സമരം നടത്തിയ വിദ്യാർഥികളോട് കാണിച്ചതിനെ അനുസ്മരിപ്പിക്കുംവിധമല്ലേ തെരുവിൽ സമരം ചെയ്യുന്ന പാവങ്ങളെ ഈ സർക്കാർ നേരിടുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രിയെ ഞാൻ ഒന്നുകൂടി ഓർമ്മിപ്പിക്കുകയാണ്, ചൈനയിലെ അമിതാധികാര പ്രയോഗം ഇവിടെയുണ്ടായിരുന്നെങ്കിൽ സമരം ചെയ്യുന്ന ആശാ വർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും നെഞ്ചത്ത്

ടാങ്കുകളായിരുന്ന നിങ്ങൾ കയറ്റുക. ഇത് കേരളമായത് ഭാഗ്യമായിപ്പോയി. വെയിലത്തും മഴയത്തും സമരം ചെയ്യുന്ന ആശാവർക്കർമാർക്ക് നീതി ലഭിക്കുമെന്നാണ് നമ്മൾ പ്രതീക്ഷിച്ചത്. എന്നാൽ ഇന്നലെ ആരോഗ്യ വകുപ്പുമന്ത്രി ചർച്ചയ്ക്ക് വിളിച്ചപ്പോൾ ഞങ്ങൾ ആ visuals കാണുകയായിരുന്നു, ആ സ്ത്രീകളുടെ കണ്ണുകളിൽ എന്തൊരു തിളക്കമായിരുന്നു. ബഹുമാന്യയായ മന്ത്രി വിളിച്ചാൽ തീർച്ചയായും ഈ പ്രശ്നം രണ്ട് മണിക്കൂർകൊണ്ട് തീരുമെന്നായിരുന്നു അവരുടെ പ്രതീക്ഷ. എന്നാൽ ബഹുമാന്യയായ മന്ത്രിയുടെ ദുർവാശികൊണ്ടാണ് ഈ സമരം ഇങ്ങനെ നീണ്ടുപോകുന്നത്. ഏത് ഗംഗയിലാണ് ഈ പാപങ്ങൾ കൊണ്ടുപോയി കഴുകുക?

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം, അങ്കണവാടി ജീവനക്കാരുടെ വിഷയത്തിലേക്ക് വരൂ. ...(ബഹളം)...

ശ്രീ. നജീബ് കാന്തപുരം: സർ, അങ്കണവാടി ജീവനക്കാരും ആശാ വർക്കർമാരും ഒരുപോലെ സമരരംഗത്താണ്. ...(ബഹളം)... ആശാ വർക്കർമാരെപ്പോലെതന്നെ സർക്കാർ ചവിട്ടിയരയ്ക്കുന്ന മറ്റൊരു വിഭാഗമാണ് അങ്കണവാടി ജീവനക്കാർ. അവർക്കും ഈ സർക്കാർ നൽകുന്നത് നിരാശ മാത്രമാണ്. ...(ബഹളം)...

മി. സ്പീക്കർ: അംഗങ്ങൾ ദയവായി സീറ്റുകളിൽ ഇരിക്കേണ്ടതാണ്.

ബഹുമാനപ്പെട്ട അംഗം അവതരിപ്പിക്കട്ടെ. ...(ബഹളം)...

ശ്രീ. നജീബ് കാന്തപുരം: സർ, ആശാവർക്കർമാരെയും അങ്കണവാടി ജീവനക്കാരെയുംകുറിച്ച് പറയുമ്പോൾ എന്തിനാണ് ഇത്രയും അസഹിഷ്ണുത? ഈ സഭയിൽ അവർക്കുവേണ്ടി സംസാരിക്കണ്ടേ? അവർക്കും ഈ സർക്കാർ നൽകുന്നത് നിരാശമാത്രമാണ്. നിങ്ങൾക്കിപ്പോൾ ആശാവർക്കർമാരെയും അങ്കണവാടി ജീവനക്കാരെയും വേണ്ട. എല്ലുമുറിയെ പണിയെടുക്കുന്ന താഴെത്തട്ടിലുള്ള ആരെയും വേണ്ട. പി.എസ്.സി. മെമ്പർമാർക്കും ശ്രീ. കെ. വി. തോമസിനും കൈനിറയെ നോട്ടുകെട്ടുകൾ വച്ചുകൊടുക്കുന്ന തിരക്കിലാണ് നിങ്ങളിപ്പോൾ. അപ്പോൾ ഇതൊന്നും ആവശ്യമായി വരില്ല. ഞാൻ ഒരു കാര്യം മാത്രം പറയാനാഗ്രഹിക്കുകയാണ്, ബഹുമാന്യയായ നമ്മുടെ ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി ഏത് തൊഴിലാളി സമരത്തിന്റെ മുൻ നിരയിലാണ് ഉണ്ടായിരുന്നത്; എത്ര സമരങ്ങളിലാണ് അവർ അറസ്റ്റ് വരിച്ചത്; എത്ര പോരാട്ടങ്ങളിലാണ് അവർക്ക് പരിക്ക് പറ്റിയത്; എത്ര തവണയാണ് അവർ ജയിൽവാസം അനുഷ്ഠിച്ചത്? ...(ബഹളം)...

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം, personal remarks പറയേണ്ട ആവശ്യമില്ല. അങ്ങനെ പരിശോധിച്ചാൽ രണ്ട് ഭാഗത്തുമുണ്ടാകും.

സമരത്തിൽ പങ്കെടുത്താൽ മാത്രമേ മന്ത്രിയാകാൻ സാധിക്കുകയുള്ളൂവെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. അത് ശരിയായ പ്രയോഗമല്ല, അതുകൊണ്ട് ഇത്തരം പരാമർശങ്ങൾ ഒഴിവാക്കണം. അത്തരം പ്രയോഗങ്ങൾ ശ്രീ. നജീബ് കാന്തപുരത്തിനെ പോലെ ഒരാൾ നടത്തുന്നത് ശരിയല്ല. അങ്ങനെ രണ്ടു പക്ഷത്തും നോക്കിയാൽ സമരത്തിൽ പങ്കെടുത്ത എത്രപേരുണ്ടെന്നത് ചെയറിന് ബോധ്യമുള്ള കാര്യമാണ്. ...(ബഹളം)...

ശ്രീ. നജീബ് കാന്തപുരം: സർ, ഇത് എന്റെ വാചകമല്ല, പത്തനംതിട്ടയിലെ എ. പത്മകുമാറിന്റെ വാചകമാണ് ഞാൻ പറഞ്ഞത്. ബൈബിളിൽ ഒരു കഥയുണ്ട്, സ്വർഗ്ഗത്തിന്റെ കവാടത്തിലേക്ക് വിശ്വാസികൾ വരുമ്പോൾ പത്രോസ് ചോദിക്കും, 'സ്വർഗ്ഗത്തിലേക്ക് കടക്കാൻ നിങ്ങൾക്ക് മുറിവുകളുണ്ടോ' എന്ന്. അപ്പോൾ വിശ്വാസി പറയും, 'എന്തിനാണ് സ്വർഗ്ഗത്തിൽ കടക്കാൻ മുറിവുകൾ' എന്ന്. അപ്പോൾ പത്രോസ് പറയും, 'മുറിവുകളില്ലാത്തവർക്ക് സ്വർഗ്ഗത്തിൽ കടക്കാനാവില്ല' എന്ന്. ആ മുറിവുകളില്ലാത്തവരാണ് ഇപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയെ ഭരിക്കുന്നത്. അതാണ് ഇപ്പോഴത്തെ കുഴപ്പം. ...(ബഹളം)...

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം, പ്ലീസ് കൺക്ലൂഡ്. ...(ബഹളം).. അംഗങ്ങൾ ദയവായി സീറ്റിൽ ഇരിക്കണം. ..(ബഹളം)..

ശ്രീ. നജീബ് കാന്തപുരം: സർ, കഴിഞ്ഞ ദിവസം ഈ സഭയിൽ ഭരണപക്ഷാംഗങ്ങൾ ചെങ്കൊടിയെക്കുറിച്ച് വാചാലമായി സംസാരിക്കുന്നതുകേട്ടു. ഇന്ന് തെരുവിൽ നിങ്ങൾ ആട്ടിയോടിക്കുന്ന ആശാവർക്കർമാരിലും അങ്കണവാടി ജീവനക്കാരിലും മഹാഭൂരിപക്ഷവും ഈ ചെങ്കൊടി പിടിച്ച് പ്രവർത്തിച്ചവരാണ്; സമരമുഖത്ത് ഉണ്ടായവരാണ്. നിങ്ങളുടെ നേതാക്കന്മാരുടെ പ്രസംഗങ്ങൾക്ക് കയ്യടിച്ചവരാണ് ഇവർ എല്ലാവരും. നിങ്ങളിന്ന് കൊടിവച്ച കാറിൽ പറക്കുന്നത് ആ പാവങ്ങൾ കാരണമാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്. അങ്ങ് അവസാനിപ്പിച്ചില്ലെങ്കിൽ മൈക്ക് ഓഫ് ചെയ്യുന്നതാണ്. ...(ബഹളം)..

ശ്രീ. നജീബ് കാന്തപുരം: സർ, എനിക്ക് പറയാൻ സമയം അനുവദിക്കണം. ...(ബഹളം)... ഈ ശബ്ദകോലാഹലങ്ങളുണ്ടാക്കുമ്പോൾ എനിക്ക് തോന്നുന്ന കാര്യം, ശ്രീമതി സുനിത വില്യംസും ശ്രീ. ബുച്ച് വിൽമോറും ഒക്കെ ബഹിരാകാശത്തുനിന്നും ഭൂമിയിലിറങ്ങിയിട്ടും ഇപ്പോഴും ബഹിരാകാശത്തുനിന്നും ഭൂമിയിലേക്കിറങ്ങാത്തത് ഇവിടത്തെ ഭരണപക്ഷമാണ് എന്നാണ്. ഇവർ ഇപ്പോഴും ആകാശത്താണ്. ഈ സാധാരണക്കാരായ മനുഷ്യർ മിനിമം കൂലിയാണ് ചോദിക്കുന്നത്. വളരെ

സങ്കടകരമാണ് അവരുടെ ജീവിതം. ഞാൻ എം.എൽ.എ. ആകുന്നതിനുമുമ്പ് വാർഡ് മെമ്പറായിരുന്നയാളാണ്. അവർ അനുഭവിക്കുന്ന പ്രയാസങ്ങളുടെ ആഴവും സങ്കടങ്ങളും എനിക്കറിയാം. (മൈക്ക് ഓഫ്) ...(ബഹളം)..

(ശ്രീ. പി. രാജീവ്)

P. 20-03-2025
RA-LD (1)
10.20-10.30

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ലെന്ന് പറഞ്ഞതിനെ അടിവരയിട്ടുറപ്പിക്കുന്നതായിരുന്നു നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ച അംഗം നടത്തിയ പ്രസംഗം. (…ബഹളം...)

മി. സ്പീക്കർ: പ്ലീസ്.........പ്ലീസ്......... ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും........

ശ്രീ. പി. രാജീവ്: സർ, അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ബൈബിളിനെ സംബന്ധിച്ച് പറഞ്ഞത് ശരിയായിരുന്നില്ലെന്നും ബൈബിളിൽ അങ്ങനെയില്ലെന്നും ചില അംഗങ്ങൾ സംശയം പറയുന്നുണ്ട്. ബൈബിളും ചൈനയും ബഹിരാകാശവുമല്ലാതെ അങ്കണവാടി

വർക്കർമാരുടെ ഏതെങ്കിലും പ്രശ്നം അദ്ദേഹം ഇവിടെ ഉന്നയിച്ചോ? ഇത്രമാത്രം പരിതാപകരമായ ഒരു ഉപക്ഷേപാവതരണം ...(ബഹളം)... അദ്ദേഹം പറഞ്ഞത് സഭാ രേഖകളിൽ ഉണ്ടല്ലോ; ഞങ്ങൾ പറഞ്ഞത് എന്താണ്; അങ്കണവാടി വർക്കേഴ്സിന് നല്ലരീതിയിൽ വേതനം ലഭിക്കണമെന്നും ഇത് കേന്ദ്രത്തിന്റെ പദ്ധതിയാണെന്നും അതുകൊണ്ട് കേന്ദ്രത്തോട് നമ്മളെല്ലാവരുംകൂടി ആവശ്യപ്പെടേണ്ട കാര്യമാണെന്നുമാണ് ഞങ്ങൾ പറഞ്ഞത്. അദ്ദേഹം ഇപ്പോൾ വ്യക്തിപരമായ ചില പരാമർശങ്ങൾ നടത്തി. നമ്മൾ അത്തരത്തിൽ പറയാൻ പാടില്ല. രാഷ്ട്രീയ പാർട്ടി അധ്യക്ഷൻമാരുടെ ജീവിതത്തിൽ ഏതെങ്കിലും സമയത്ത് ഒരു പൊതുസമരത്തിലെങ്കിലും പങ്കെടുത്തിട്ടുണ്ടോയെന്ന് ഒരു ചോദ്യം അങ്ങോട്ട് ചോദിച്ചാൽ എന്തായിരിക്കും സ്ഥിതി? ഞങ്ങൾ അങ്ങനെയൊന്നും ചോദിക്കുന്നില്ലല്ലോ. ...(ബഹളം)... അത്തരത്തിലുള്ള അവതരണങ്ങളാണ് വേണ്ടത്. മറ്റൊരാൾക്ക് നേരെ ഒരു വിരൽ ചൂണ്ടുമ്പോൾ നാല് വിരലുകളും തനിക്കുനേരെയാണെന്ന ബോധ്യം എപ്പോഴെങ്കിലുമുണ്ടാകുന്നത് നല്ലതല്ലേ. നിങ്ങളുടെ നേതാക്കന്മാർ, മന്ത്രിമാരായി വന്നവർ ജീവിതത്തിന്റെ ഏതെങ്കിലും കനൽ വഴികളിലൂടെ നടന്നുവന്നവരുണ്ടോ? ...(ബഹളം)... എല്ലാവരുമുണ്ടോയെന്നാണ് ചോദിച്ചത്. കോൺഗ്രസിന്റെ നേതാക്കന്മാരെ

സംബന്ധിച്ചല്ല ഞാൻ ചോദിച്ചത്. ഇവിടെ ഉപക്ഷേപാവതരണം നടത്തിയപ്പോൾ അത്തരത്തിലുള്ള പരാമർശങ്ങൾ ഒഴിവാക്കേണ്ടതായിരുന്നു. ഓരോരുത്തരും ഓരോ മേഖലയ്ക്കകത്ത് പ്രവർത്തിക്കുന്നവരാണ്. ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന മൻമോഹൻ സിങ് ഏതുസമരത്തിന്റെയും ജയിൽ ജീവിതത്തിന്റെയും ചൂട് അറിഞ്ഞിട്ടാണ് ഇന്ത്യൻ പ്രധാനമന്ത്രിയായതെന്ന ചോദ്യം ഞങ്ങൾ എപ്പോഴെങ്കിലും ചോദിച്ചിട്ടുണ്ടോ? അദ്ദേഹത്തിന്റേത് വളരെ ആദരണീയ വ്യക്തിത്വമാണ്. ...(ബഹളം)... വളരെ ആദരണീയ വ്യക്തിത്വത്തിന്റെ ഉടമയായിട്ടാണ് അദ്ദേഹത്തെ നമ്മൾ കാണുന്നത്. അത്തരത്തിലുള്ള കാര്യങ്ങൾ ഇങ്ങോട്ട് കൊണ്ടുവരുന്നത് ഞങ്ങളെക്കൊണ്ട് ഇതെല്ലാം പറയിപ്പിക്കണമെന്ന ആഗ്രഹത്തോടെ മാത്രമായിരിക്കാം. അദ്ദേഹം ആശാ വർക്കർമാരുടെ കാര്യത്തിലേക്ക് പോയി. മുസ്ലീം ലീഗിന്റെ സമുന്നതരായ നേതാക്കന്മാരിൽ ഒരാളാണ് അദ്ദേഹം. ആശാവർക്കേഴ്സിനുവേണ്ടി നിലവിൽ നടക്കുന്ന സമരത്തിൽ ഒരു ദിവസമെങ്കിലും STU (Swatantra Thozhilali Union) അംഗങ്ങൾ പങ്കെടുത്തിട്ടുണ്ടോ; എസ്.ടി.യു.-വിന്റെയും ഐ.എൻ.ടി.യു.സി.-യുടെയും അഭിപ്രായം എന്താണ്? ഈ സമരത്തോടൊപ്പം നിന്നതുകൊണ്ടാണോ ഐ.എൻ.ടി.യു.സി.-യും എസ്.ടി.യു.-വും നിലപാട് സ്വീകരിക്കുന്നത്. ...

(ബഹളം)... നിങ്ങൾ നേതാക്കന്മാരും എം.എൽ.എ.-മാരും പോയി. ട്രേഡ് യൂണിയൻ എന്ന നിലയിൽ അവർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഐ.എൻ.ടി.യു.സി. നിലപാട് സ്വീകരിച്ചിട്ടുണ്ടോ? നമ്മൾ കാണേണ്ട രാഷ്ട്രീയമുണ്ടെന്ന് ഇന്നലെ സഭയിൽ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ആ രാഷ്ട്രീയം അങ്കണവാടി ജീവനക്കാർ, ആശാവർക്കർമാർ എന്നിവരെ മാത്രമല്ല, കർണ്ണാടകയും തെലങ്കാനയും കേരളവും തമിഴ്നാടും ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളെയാകെ ഇത്തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങളൊന്നും ചെയ്യാൻ കഴിയാത്ത വിധത്തിൽ സാമ്പത്തികമായി ഞെരുക്കുന്ന ഒരു ഗവൺമെന്റിന്റെ പ്രതിനിധിക്ക് പരവതാനി വിരിച്ച് സമരപ്പന്തലിൽ സ്വീകരണം നൽകുമ്പോൾ നിങ്ങളുടെ രാഷ്ട്രീയം എന്താണ്? നിങ്ങളുടെ നേതാവും ബി.ജെ.പി. നേതാവും ഒന്നിച്ച് സമരപ്പന്തലിൽ വന്നില്ലേ? ബംഗാളിൽ ഒരു സഖ്യമുണ്ടായിരുന്നു. ഒരുവശത്ത് SUCI, മറുവശത്ത് മാവോയിസ്റ്റ്, ജമാഅത്തെ ഇസ്‌ലാമി, തൃണമൂൽ കോൺഗ്രസ്, കോൺഗ്രസ് എന്നിവരെല്ലാവരും ചേർന്ന സഖ്യമുണ്ടായിരുന്നു. ആ സഖ്യം എന്തിനായിരുന്നുവെന്ന് ഇപ്പോൾ വ്യക്തമായില്ലേ? എന്നാൽ കേരളം ആ രൂപത്തിലല്ല. ഇതിന്റെ രാഷ്ട്രീയം നന്നായി തിരിച്ചറിയാൻ കേരളത്തിലെ ജനങ്ങൾക്ക് കഴിയും.

യു.ഡി.എഫ്. ഭരിക്കുമ്പോൾ അങ്കണവാടി വർക്കേഴ്സിന് 5,600/- രൂപയും ഹെൽപ്പറിന് 4,100/- രൂപയുമായിരുന്നു. നിലവിൽ അത് 13,000/- രൂപയും 9,000/- രൂപയുമായി ഉയർത്തിയത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് (2016-നുശേഷമാണ്). 2009 മുതലാണ് ക്ഷേമനിധി ആനുകൂല്യങ്ങളും അതിന്റെ പ്രവർത്തനങ്ങളും ആരംഭിച്ചത്. 2009 മുതൽ ക്ഷേമനിധി ആരംഭിച്ച് ക്ഷേമനിധി ആനുകൂല്യങ്ങൾ വർധിപ്പിച്ചു. ക്ഷേമനിധി ബോർഡ് സംവിധാനം വന്നത് പിന്നീടായിരിക്കും. എന്നാൽ അങ്കണവാടി വർക്കേഴ്സിനുവേണ്ടി ആദ്യമായി ക്ഷേമനിധി എന്ന സംവിധാനം കേരളത്തിൽ ആരംഭിച്ചതും ആനുകൂല്യം വർധിപ്പിച്ചതും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിലാണ്. ഇവിടെ അദ്ദേഹം ഉപക്ഷേപവുമായി ബന്ധപ്പെട്ട് ഒരു പ്രശ്നവും അവതരണത്തിൽ ഉന്നയിക്കാത്തതുകൊണ്ട് ഓരോന്നിനെക്കുറിച്ചും ഞാൻ വീണ്ടും പറയുന്നില്ല. അദ്ദേഹം പറഞ്ഞതിൽ രാഷ്ട്രീയം മാത്രമാണെന്നത് വളരെ കൃത്യമാണ്. 14-03-2025-ൽ സെക്രട്ടേറിയറ്റ് അനെക്സ് II-ൽ ചേർന്ന യോഗത്തിന്റെ മിനുട്സാണിത് (പേപ്പർ ഉയർത്തിക്കാണിച്ചു). ആ യോഗത്തിൽ ശ്രീ. കെ. എസ്. സുനിൽ കുമാർ, സെക്രട്ടറി, സി.ഐ.ടി.യു.; ശ്രീമതി കെ. കെ. പ്രസന്നകുമാരി, ചെയർപേഴ്സൺ,

അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ബോർഡ്; ശ്രീ. ആർ. ചന്ദ്രശേഖരൻ, സംസ്ഥാന പ്രസിഡന്റ്, ഐ.എൻ.ടി.യു.സി.; ശ്രീ. അജയ് തറയിൽ, സംസ്ഥാന പ്രസിഡന്റ്, ഐ.എൻ.ടി.യു.സി. അങ്കണവാടി എംപ്ലോയീസ് ഫെഡറേഷൻ; ശ്രീമതി അന്ന എബ്രഹാം, സംസ്ഥാന വൈസ് പ്രസിഡന്റ്, ഇന്ത്യൻ നാഷണൽ അങ്കണവാടി എംപ്ലോയീസ് ഫെഡറേഷൻ ഐ.എൻ.ടി.യു.സി.; ശ്രീമതി മേഴ്സി ജോൺ, സംസ്ഥാന ട്രഷറർ, ഇന്ത്യൻ നാഷണൽ അങ്കണവാടി എംപ്ലോയീസ് ഫെഡറേഷൻ ഐ.എൻ.ടി.യു.സി.; ശ്രീ. നന്ദിയോട് ജീവകുമാർ, ഓർഗനൈസിങ് സെക്രട്ടറി, ഐ.എൻ.ടി.യു.സി.; ശ്രീമതി കൃഷ്ണവേണി എസ്. ശർമ്മ, ഐ.എൻ.ടി.യു.സി.; ശ്രീമതി സൂസൻ ടി. വി., സി.ഐ.ടി.യു. സംസ്ഥാന ഭാരവാഹി; ശ്രീമതി ശാന്തകുമാരി, ഐ.എൻ.ടി.യു.സി. ഭാരവാഹി; ശ്രീമതി മായ പി. എം. ഐ.എൻ.ടി.യു.സി. ഭാരവാഹി; ശ്രീമതി വൃന്ദാറാണി, സി.ഐ.ടി.യു. ഭാരവാഹി; ശ്രീമതി കവിത സന്തോഷ്, എ.ഐ.ടി.യു.സി. സംസ്ഥാന ഭാരവാഹി എന്നിവരുമായി ചർച്ച നടത്തി. ടി ചർച്ചയിൽ എസ്.ടി.യു. അംഗം ഉണ്ടായിരുന്നതായി തോന്നുന്നില്ല. ഈ ലിസ്റ്റിൽ അവരുടെ പ്രാതിനിധ്യം ഉണ്ടായിരുന്നതായി കാണുന്നില്ല. അതുസംബന്ധിച്ച വിശദവിവരങ്ങൾ എനിക്കറിയില്ല. ആ യോഗത്തിൽ,

മാർച്ച് 2025 വരെയുള്ള പെൻഷൻ കുടിശ്ശിക അടിയന്തരമായി കൊടുത്തുതീർക്കുമെന്ന തീരുമാനമെടുത്തു. 9 കോടി രൂപയാണ് ബജറ്റ് വിഹിതം. ഇവിടെ ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയുടെ 50 ശതമാനം വെട്ടിക്കുറച്ചുവെന്നും അതിനാലൊന്നും നടക്കുന്നില്ലെന്നും പറഞ്ഞു. ബജറ്റിൽ അനുവദിച്ച ഒൻപത് കോടി രൂപ പൂർണ്ണമായും ചെലവഴിച്ചു. സഭയിൽ കേരളത്തിന്റെ മുഖ്യമന്ത്രി ചട്ടം 300 പ്രകാരം ഒരു പ്രഖ്യാപനം നടത്തി. അത് ഈ സർക്കാരിന്റെ നിലപാടും പക്ഷവും കൃത്യമായി വ്യക്തമാക്കുന്നതാണ്. ബജറ്റിൽ വകയിരുത്തിയ 9 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടും ചട്ടം 300 പ്രകാരം നടത്തിയ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് 10 കോടി രൂപ നിലവിൽ അധികമായി അനുവദിച്ചു. ബജറ്റിലുള്ള 9 കോടി രൂപയുടെ അലോക്കേഷൻ കഴിഞ്ഞിട്ട് 10 കോടി രൂപ അഡീഷണലായി അനുവദിക്കുന്നത് കേരളത്തിന്റെ ചരിത്രത്തിൽ മറ്റുമേഖലകളിൽ കാണാൻ സാധിക്കുമോ; അതായത്, മൊത്തം 19 കോടി രൂപയാണ് നൽകിയത്. നാല് മാസത്തെ കുടിശ്ശികയാണ് വിതരണം ചെയ്യാനുള്ളത്. അങ്കണവാടി വർക്കേഴ്സിന് നാല് മാസത്തെ കുടിശ്ശികയാണ് ലഭിക്കാനുള്ളതെങ്കിലും ഈ സന്ദർഭത്തിൽ ബുദ്ധിമുട്ടുള്ളതായിരിക്കും. 2,500/- രൂപ കൊടുക്കുന്നത് കൃത്യമായി

നൽകുന്നതിനാണ് ചട്ടം 300 പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്താവന നടത്തിയത്, അത് അനുവദിച്ചു. അംശദായം 50:50 എന്ന അനുപാതത്തിലാക്കുന്നതിന് ആവശ്യമായ ഭേദഗതി സ്വീകരിക്കണമെന്നത് തീരുമാനമായി വന്നു. അങ്കണവാടി ക്ഷേമനിധി ബോർഡിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനായി മറ്റു സാമ്പത്തിക സ്രോതസ്സുകളുണ്ടോയെന്ന് പരിശോധിക്കണം. Terms of reference തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ പ്രതിനിധിയുൾപ്പെടെ ഒരു കമ്മിറ്റി രൂപീകരിക്കണം. ടി കമ്മിറ്റി അത് പരിശോധിച്ച് റിപ്പോർട്ട് നൽകണം. ഇതിന്റെ ചുമതല ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിനാണ്. എത്ര അങ്കണവാടി ജീവനക്കാർ KASP-ലുൾപ്പെട്ടിട്ടുണ്ടെന്നത് സംബന്ധിച്ച് കൃത്യമായി കണക്കെടുക്കണം. അങ്കണവാടി ജീവനക്കാരുടെ സേവനം തൊഴിൽ നിയമങ്ങളുടെ പരിധിയിലുൾപ്പെടുത്തുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തണം. അതിന്റെ ചുമതല വനിത-ശിശുവികസന വകുപ്പ് ഡയറക്ടർക്കാണ്. പലചരക്കുകൾ, സി.ബി.ഇ. (കമ്മ്യൂണിറ്റി ബേസ്ഡ് ഇവന്റ്സ്) പ്രോഗ്രാമുകൾ എന്നിവയ്ക്ക് ജി.എസ്.ടി. ബില്ലുകൾ നിർബന്ധിക്കുന്ന അത്തരം സാങ്കേതിക കാര്യങ്ങളിൽ നടപടി

സ്വീകരിക്കണം. ജില്ലാതലത്തിലും ഡയറക്ടർതലത്തിലും പ്രോജക്ടുകളിൽ ഇൻസ്പെക്ഷൻ നടത്തണം. അതിന്റെ ചുമതല വനിത ശിശുക്ഷേമ വകുപ്പ് ഡയറക്ടർക്കാണ്. ഓരോ ആറുമാസം കൂടുമ്പോഴും അങ്കണവാടി ജീവനക്കാരുടെ വിവിധ വിഷയങ്ങളിൽ സംഘടനകളുമായി ചർച്ച നടത്തേണ്ടതും അതിൽ മന്ത്രിതലത്തിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ മന്ത്രി ഓഫീസിന്റെ ശ്രദ്ധയിൽക്കൊണ്ടുവരേണ്ടതുമാണ്. ഇങ്ങനെയൊരു യോഗം നടത്തി ഇത്രയും തീരുമാനങ്ങളെടുക്കുകയും ആ തീരുമാനങ്ങൾ പരിശോധിക്കുന്ന സംവിധാനങ്ങൾക്ക് ചുമതല നിശ്ചയിക്കുകയും ചെയ്തത് മാർച്ച് മാസം 14-ാം തീയതിയാണ്. ആ യോഗത്തിൽ ഐ.എൻ.ടി.യു.സി.-ൽനിന്ന് ഏഴോ എട്ടോപേരും പങ്കെടുത്തു.

(തുടരും)

P-20-03-2025
RL-SR-1
10.30-10.40

(ശ്രീ. പി. രാജീവ് തുടർച്ച......)

കേരളത്തിൽ ട്രേഡ് യൂണിയനുമായി ബന്ധപ്പെട്ട് അനുഭവസമ്പത്തുള്ള ധാരാളം നേതാക്കന്മാർ പ്രതിപക്ഷത്തുണ്ടല്ലോ; ഞാനും പ്രതിപക്ഷ

നേതാവുമെല്ലാം ഒന്നിച്ച് ട്രേഡ് യൂണിയൻ പ്രവർത്തനം നടത്തിയിട്ടുള്ളതാണ്. ഇങ്ങനെയൊരു തീരുമാനത്തിലെത്തിക്കഴിഞ്ഞാൽ, ആ തീരുമാനം പരിശോധിക്കുന്നതിൽ ആറുമാസം കഴിഞ്ഞ് യോഗം ചേരുമെന്നതുൾപ്പെടെ തീരുമാനിച്ചാൽ പിറ്റേ ദിവസം പന്തൽകെട്ടി സമരത്തിനിറങ്ങിയ ചരിത്രം ട്രേഡ് യൂണിയന് എപ്പോഴെങ്കിലും ഉണ്ടായിട്ടുണ്ടോ; ഏതെങ്കിലും കാലഘട്ടത്തിൽ ഉണ്ടായിട്ടുണ്ടോ? സമരത്തിലേക്ക് പോകണം.... കോടതിയിൽ പോയത് എപ്പോഴാണ്; അതിനാണോ ഈ സമരം; കോടതിയിൽ ഇന്നലെയല്ലേ അപ്പീൽ പോയത്? അപ്പോൾ മിനിഞ്ഞാന്ന് സമരപ്പന്തൽ കെട്ടി സമരം നടത്തിയത് കോടതി ഇങ്ങനെ വിധിക്കുമെന്ന് കരുതിയാണോ; കോടതി ഇത്തരത്തിൽ വിധിക്കാനിടയുണ്ടെന്ന് കരുതിയാണോ മൂന്നുദിവസം മുമ്പ് പന്തൽ കെട്ടിയത്? ഒന്നും പറയാനില്ലാതെ വരുമ്പോഴുള്ള കാര്യങ്ങളാണ് പ്രതിപക്ഷം പറയുന്നത്. അപ്പോൾ ഇത് കൃത്യമായ രാഷ്ട്രീയം തന്നെയാണ്. കോടതി എന്താണ്.... ഇത്തരം ശമ്പളങ്ങൾ ഇന്നരൂപത്തിൽ കൊടുക്കണമെന്നത് കോടതിതന്നെ പറയണം. കേന്ദ്രം കൊടുക്കുമെന്ന് പറഞ്ഞാൽ ക്ലിയറായി. 21,000/- രൂപ കൊടുക്കണമെന്ന് കോടതിയാണ് പറയേണ്ടത്. കോടതി പറയട്ടെ, കോടതി പറഞ്ഞ് കേന്ദ്രം നടപ്പിലാക്കട്ടെ. ഇവിടെ ഒരു കാര്യം

ഞാൻ സൂചിപ്പിക്കാം. ഒരു വശത്ത് സംസ്ഥാനത്തിന് സാമ്പത്തികമായി നൽകേണ്ടതൊന്നും യൂണിയൻ ഗവൺമെന്റ് നൽകുന്നില്ല. മറുവശത്ത് ഇത്തരത്തിലുള്ള വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന ആശാവർക്കർമാർ, അങ്കണവാടി വർക്കർമാർ, കേന്ദ്ര സ്കീമിലുൾപ്പെടുന്ന സ്കീം വർക്കേഴ്സ് എന്നറിയപ്പെടുന്ന വിഭാഗങ്ങൾ എന്നിവർക്ക് ആനുകൂല്യങ്ങളിൽ കാലോചിതമായി ഒരു വർധനയും അവർ വരുത്തുന്നില്ല. അങ്ങനെ പൂർണ്ണമായും യൂണിയൻ ഗവൺമെന്റ് സംസ്ഥാനത്തെയും ജനങ്ങളെയും ഞെരുക്കാൻ ശ്രമിക്കുന്നു. അങ്ങനെ ശ്രമിക്കുമ്പോൾ നമ്മൾ ഒറ്റക്കെട്ടായി, ഈ നാട് ഒറ്റക്കെട്ടായി ഒരു നിലപാട് സ്വീകരിക്കേണ്ടതിനുപകരം അവർക്ക് പരവതാനി വിരിച്ചുകൊടുത്ത് അവരുമായി ഒന്നിച്ച്, അവിടെ പോയി പ്രസംഗം നടത്തി, അവർക്കൊപ്പംനിന്ന് സങ്കുചിതമായ രാഷ്ട്രീയ താൽപര്യം നടത്തുന്നത് ഈ പാവപ്പെട്ട ജനവിഭാഗങ്ങളുടെ താൽപര്യത്തിനെതിരാണ്. ഈ സർക്കാർ പറയുന്ന ഉറപ്പ് വളരെ കൃത്യമാണ്. ഈ ചർച്ചയ്ക്കുകത്തെടുത്ത തീരുമാനങ്ങൾ നടപ്പാക്കും. പത്തുകോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് ഇറങ്ങിക്കഴിഞ്ഞു. അത് അവർക്ക് വിതരണം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിക്കും. മറ്റുകാര്യങ്ങളിൽ ശക്തമായ നിലപാട് സ്വീകരിക്കും. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട

സാഹചര്യമൊന്നുമില്ലെന്ന് അവതരണത്തിൽത്തന്നെ വ്യക്തമായത് ഞാൻ ഒന്നുകൂടി ആവർത്തിക്കുന്നു.

(മി. സ്പീക്കർ)

P-20-03-2025 RL-SR-1 10.30-10.40 ബി.സി.

മി. സ്പീക്കർ: ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(ശ്രീ. വി. ഡി. സതീശൻ)

P-20-03-2025 RL-SR-1 10.30-10.40 ബി.സി.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, എന്റെ കൈവശമുള്ളത്, 2011 കാലഘട്ടത്തിൽ അന്നത്തെ സാമൂഹ്യക്ഷേമ പഞ്ചായത്ത് വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ ഈ നിയമസഭയിൽ നൽകിയൊരു മറുപടിയാണ്. അതിൽ പറയുന്നത്, സംസ്ഥാനത്തെ അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയത്തിൽ സംസ്ഥാനവിഹിതം 550 രൂപയിൽനിന്ന് 1000 രൂപയായി ആഗസ്റ്റ് മാസം 2011 മുതൽ വർധിപ്പിക്കുമെന്നാണ്. 2011 വരെ 550 രൂപയാണ് ഉണ്ടായിരുന്നത്. അടുത്തത്, മുൻ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ.

ശൈലജ ടീച്ചർ 2016-ൽ സഭയിൽ നൽകിയ മറുപടിയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 1000 രൂപ നൽകിയത് അഞ്ചുകൊല്ലംകൊണ്ട് എത്രയായി വർധിപ്പിച്ചുവെന്ന് അറിയണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അങ്കണവാടി ജീവനക്കാരുടെ വേതനം വർധിപ്പിച്ചിട്ടുണ്ട്. അതായത് അങ്കണവാടി വർക്കർമാർക്ക് നൽകുന്ന ഓണറേറിയം 10,000/- രൂപയായും ഹെൽപ്പർമാർക്ക് 7,000/- രൂപയായും വർധിപ്പിച്ചിട്ടുണ്ട്. 550/- രൂപയിൽനിന്ന് 10,000/- രൂപ എന്ന തുകയിലേയ്ക്ക് വന്നു. മൊത്തം സംസ്ഥാനത്തിന്റെ ഷെയർ ഏകദേശം 7000/- രൂപയോളം വന്നു. ഞങ്ങൾ 550/- രൂപയിൽനിന്ന് 7000/- രൂപയാക്കി വർധിപ്പിച്ചു. അതാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അഞ്ചുകൊല്ലംകൊണ്ട് ചെയ്തത്. ഞാൻ അതിന്റെ കണക്കുകളാണ് ഇവിടെ സൂചിപ്പിച്ചത്. ഞാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് പറയാനാഗ്രഹിക്കുന്നത്, അന്നത്തെ ജോലിയാണോ ഇപ്പോൾ അങ്കണവാടി ജീവനക്കാർ ചെയ്യുന്നത്? ഇവിടെത്തന്നെ ഈ മന്ത്രിമാർ നൽകിയ ഉത്തരങ്ങളെല്ലാം ഞങ്ങൾ ക്രോഡീകരിച്ചുനോക്കി. എന്തെല്ലാമാണ് അങ്കണവാടികളിലെ ജോലി? പോഷകാഹാര വിതരണം, അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം, പോഷകാഹാരവും ആരോഗ്യ പരിപാലനവും,

ആരോഗ്യ വിദ്യാഭ്യാസം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ പരിശോധന, കൂടുതൽ പരിശോധനയ്ക്കും രോഗനിർണ്ണയത്തിനുമായി ആശുപത്രികളിലേയ്ക്ക് റഫറിങ്, നവജാതശിശുക്കളുടെയും ഗർഭിണികളുടെയും ഭവന സന്ദർശനം, അവർക്കുവേണ്ടിയുള്ള ന്യൂട്രീഷ്യൻ കൗൺസലിങ് എന്നിവ അങ്കണവാടി പ്രവർത്തകർ ചെയ്യണം. പോഷൺ അഭിയാന്റെ വരവോടുകൂടി അവരുടെ ജോലിഭാരം വർധിച്ചു. സാമൂഹ്യാധിഷ്ഠിത പരിപാടി, അത് സി.ബി.ഇ. എന്ന പ്രോജക്ടാണ്. ഗ്രാമീണ-ആരോഗ്യ-ശുചിത്വ-പോഷക ദൗത്യത്തിന്റെ ഭാഗമായി നടക്കുന്ന പരിപാടിയാണ്. മൊബിലൈസിങ് സെൽഫ് ഹെൽപ്പ് ഗ്രൂപ്പുകൾ, ഇതൊന്നും കൂടാതെ സർക്കാരും എൽ.എസ്.ജി.ഡി.-യും എൽപ്പിക്കുന്ന ജോലികൾ, സർവേകൾ, സെൻസസ് ഉൾപ്പെടെയുള്ള ജോലികളെല്ലാം ചെയ്യുന്നത് ഈ പാവപ്പെട്ട സ്ത്രീകളാണ്. കേരളത്തിലെ ഏതെങ്കിലുമൊരു മേഖലയിൽ ഇത്രമാത്രം ജോലി ചെയ്യുന്ന ആരെങ്കിലുമുണ്ടോ? വെക്കേഷൻ സമയത്തും ശനിയാഴ്ചകളിലും എല്ലാദിവസവും ജോലിയാണ്. അത്രമാത്രം തീർത്താൽ തീരാത്ത ജോലിയാണ് ഇവർക്കുള്ളത്. 13,000/- രൂപ പത്തുവർഷം കഴിഞ്ഞവർക്കും 10,000/- രൂപ ഹെൽപ്പർമാർക്കും ലഭിക്കുമെന്ന് ഇവിടെ പറഞ്ഞു. അൺസ്കിൽഡ് വർക്കേഴ്സിനുള്ള കേരളത്തിലെ മിനിമം വേജസ് ഒരു

ദിവസം 700/- രൂപയാണ്. എന്നാൽ ഇത്രയും ജോലി ചെയ്തിട്ടും ഈ പാവപ്പെട്ടവർക്ക് ലഭിക്കുന്നത് മുന്നൂറോ മുന്നൂറ്റി അമ്പതോ രൂപയാണ്. അവർ ആവശ്യപ്പെടുന്നത് ന്യായമായ കാര്യമല്ലേ; അൺസ്കിൽഡ് വർക്കേഴ്സിന് സംസ്ഥാനം അംഗീകരിച്ചിട്ടുള്ള മിനിമം വേജിന്റെ പകുതിപോലും ഇത്രയും ജോലി ചെയ്തിട്ടും അവർക്ക് ലഭിക്കുന്നില്ല. ഇനി ആ തുകതന്നെ ഒരു മാസത്തിൽ മൂന്നുതവണയായാണ് ലഭിക്കുന്നത്. ഒന്ന് കേന്ദ്രഗവൺമെന്റിന്റെ വിഹിതം വരും, രണ്ടാമത് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം വരും, പിന്നീട് ലോക്കൽ ബോഡിയുടെ വിഹിതം വരും. അങ്ങനെ മൂന്ന് പ്രാവശ്യമായാണ് തുക ലഭിക്കുന്നത്. നിങ്ങളെല്ലാവരും കേൾക്കണം, ഈ സഭ അറിയണം. ഒരു മാസം കഠിനാധ്വാനം ചെയ്ത് ലഭിക്കുന്ന തുകയായ 12,000, 13,000, 10,000, 9,000 രൂപ അവർക്ക് വീട്ടിൽ കൊണ്ടുപോകാൻ സാധിക്കുമോ; എന്ത് ചെയ്യണം; സ്വന്തമായി കെട്ടിടമില്ലാത്ത വാടകയ്ക്ക് പ്രവർത്തിക്കുന്ന അങ്കണവാടി കെട്ടിടത്തിന്റെ വാടക ഹെൽപ്പറും വർക്കറും കൂടി അവരുടെ ഓണറേറിയത്തിൽനിന്നും നൽകണം. ആ തുക പിന്നീട് നൽകും. അതുപോലെ കറന്റ് ബിൽ, വെള്ളക്കരം, പച്ചക്കറി, പാൽ (...ബഹളം.....)

<u>മി. സ്പീക്കർ</u>: പ്ലീസ്....പ്ലീസ്......അദ്ദേഹം കംപ്ലീറ്റ് ചെയ്യട്ടേ.

ശ്രീ. വി. ഡി. സതീശൻ: സർ, നിങ്ങളെന്തിനാണ് ബഹളമുണ്ടാക്കുന്നത്. ഇതൊന്നും പൊളിറ്റിക്സല്ല. പച്ചക്കറി, പാൽ, മുട്ട എന്നിവയുടെ അഡ്വാൻസ് ഈ പാവങ്ങൾ നൽകണം. പിന്നീട് എപ്പോഴെങ്കിലും തിരികെ നൽകും. (....ബഹളം.....) ഇതെന്ത് മര്യാദകേടാണ്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്......അദ്ദേഹം കംപ്ലീറ്റ് ചെയ്യട്ടേ.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ആരുടെ കാര്യമാണ് ഇവിടെ പറയുന്നത്; ഇതിന്റെയെല്ലാം കാര്യങ്ങൾ അങ്ങുംകൂടി അറിയണം. നമ്മളെല്ലാം ജനപ്രതിനിധി സഭയല്ലേ; കേരളത്തിന്റെ ക്രോസ് സെക്ഷനല്ലേ ഈ സഭയിൽവന്നിരിക്കുന്നത്..... ഇതെല്ലാം അവർ ഓണറേറിയമായി കിട്ടുന്ന തുകയിൽനിന്നാണ് നൽകുന്നത്. ആ തുക എപ്പോഴെങ്കിലും തിരികെ ലഭിക്കും. കേരളത്തിൽ ഏതെങ്കിലും തൊഴിൽ രംഗത്ത്, പ്രത്യേകിച്ച് സ്ത്രീകൾ ജോലി ചെയ്യുന്ന രംഗത്ത് ആർക്കെങ്കിലും ഇത്തരത്തിലുള്ള ഗതികേടുണ്ടോ? ഇതാണ് സങ്കടം; ഇത്.........

ശ്രീ. പി. രാജീവ്: സർ, അവസാനം സൂചിപ്പിച്ച ഭാഗം ശരിയാണ്. 2000/- രൂപ ഗ്രാമീണ മേഖലയിലും 6000/- രൂപ നഗരമേഖലയിലും അങ്കണവാടി കെട്ടിടങ്ങൾക്ക് വാടകയായി ഗവൺമെന്റിന് നൽകുന്നുണ്ട്.

അഡീക്ഷണൽ വരുന്നത് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയിലുൾപ്പെടുത്തി നൽകാനുള്ള അംഗീകാരവും നൽകിയിട്ടുണ്ട്. നിലവിൽ നമ്മളെല്ലാവരും ജനപ്രതിനിധികളാണല്ലോ; നമ്മളെല്ലാം ഈ കാലയളവിൽ എത്ര അങ്കണവാടി കെട്ടിടങ്ങൾ ഉദ്ഘാടനം ചെയ്തിട്ടുണ്ടാകും. എല്ലാംതന്നെ സ്മാർട്ട് അങ്കണവാടികളാക്കി അങ്ങും ഞാനും ഒരുമിച്ച് അടുത്തടുത്തൊക്കെ ഉദ്ഘാടനം ചെയ്യുന്നുണ്ടല്ലോ; അതെല്ലാംതന്നെ അങ്ങനെ ചെലവഴിക്കുന്നുണ്ട്. പഞ്ചായത്തുകൾക്ക് തനതുഫണ്ടും ചെലവഴിക്കാം. അത്യപൂർവമായി എവിടെയെങ്കിലും തുക ഇല്ലെങ്കിൽ അവരുടെ ബജറ്റിൽനിന്നും ചെലവഴിക്കാനുള്ള നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞത് എവിടെയെങ്കിലുമുണ്ടെങ്കിൽ അത് വളരെ ഒറ്റപ്പെട്ട സംഭവമായി കാണേണ്ടതാണ്. അദ്ദേഹത്തിന്റെ പരവൂർ നിയോജകമണ്ഡലം എടുത്താൽ അവിടത്തെ അങ്കണവാടികളുടെ പൊതുസ്ഥിതി എന്താണെന്ന് അറിയാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇത് ഒറ്റപ്പെട്ട സംഭവമല്ല. വാടകയ്ക്ക് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക അവർ അഡ്വാൻസ് നൽകണം.

<u>മി. സ്പീക്കർ</u>: മിനിസ്റ്റർ പറഞ്ഞല്ലോ; കമന്റ് ചെയ്യണ്ട.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, കെട്ടിടമുള്ള സ്ഥലങ്ങളിലെ വാടക

കൊടുക്കണമെന്ന് ഞാൻ പറഞ്ഞോ; ഞാൻ പറഞ്ഞത്, അവിടത്തെ കറന്റ് ബിൽ, വാട്ടർ ചാർജ്, പച്ചക്കറി, മുട്ട എന്നിവ വാങ്ങിക്കുന്നത് ഈ പാവങ്ങളുടെ കാശ് നൽകിയിട്ടാണ്. എന്നിട്ട് തോന്നുന്ന സമയത്താണ് അവർക്ക് ആ തുക തിരികെ നൽകുന്നത്. ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്, " The court pointed out that the government should view the concerns of the Anganwadi workers seriously as they are getting a paltry sum which is not commensurating with the volume of work they do' , എന്നാണ്.

(തുടരും...)

പി. 20.03.2025 പി.എസ്./എസ്.ആർ. (1) 10:40 - 10:50 bc

(ശ്രീ. വി.ഡി. സതീശൻ തുടർച്ച...)

വളരെ പ്രധാനപ്പെട്ടൊരു വിധിയാണ്. അത് നിങ്ങളുടെ പാർട്ടിതന്നെ അംഗീകരിച്ചിട്ടുണ്ട്. ഇവരുടെ പാർട്ടിയുടെ പീപ്പിൾസ് ഡെമോക്രസിയിലെ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്, 'Having regard to the onerous responsibilities upon the Anganwadi workers and Anganwadi Helpers, there appears to be a clear case of discrimination in the matter of public employment since a person who is engaged to carry

out multifarious activities, is being paid a very meagre amount of emolument on the ground that she is appointed in a scheme....., the scheme may be designed to take an advantage of the completely unequal bargaining power to an unemployed lady more as when she is from a rural background' , എന്നാണ്. കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും അവരുടെ വിഹിതം വർധിപ്പിക്കണമെന്നാണ് ഞങ്ങളുടെ നിലപാട്. ഞങ്ങളുടെ ഭരണക്കാലത്ത് അഞ്ച് വർഷംകൊണ്ട് അവരുടെ ഓണറേറിയം 550 രൂപയിൽനിന്നും 6600 രൂപവരെയും വർധിപ്പിച്ച് ആകെ 10,000 രൂപയിലേക്ക് എത്തിച്ചിട്ടുണ്ട്. ഇന്നത്തെ ജീവിത സാഹചര്യം പരിഗണിക്കണ്ടേ; നമ്മൾ എന്തിനാണ് സർക്കാർ ജീവനക്കാർക്ക് ഡി.എ. നൽകുന്നത്; ഡി.എ. എന്നുപറയുന്നതിന്റെ കൺസെപ്റ്റ് എന്താണ്? വർധിച്ചുവരുന്ന വിലക്കയറ്റത്തിനനുസൃതമായി ആളുകളുടെ ജീവിതനിലവാരത്തിനനുസരിച്ച് ജീവിക്കാൻ അവർക്കുണ്ടാകുന്ന വർധിതമായ ചെലവുകളാണ് ഡിയർനെസ് അലവൻസെന്ന് പറയുന്നത്. ഈ പാവപ്പെട്ടവർക്ക് എന്തെങ്കിലും നൽകുന്നുണ്ടോ? അങ്കണവാടി വർക്കർക്ക് 2500/- രൂപയും അങ്കണവാടി ഹെൽപ്പർക്ക് 1500/- രൂപയും പെൻഷൻ നൽകുന്ന കാര്യം ഇവിടെ സൂചിപ്പിച്ചു. റിട്ടയർമെന്റ് ബെനഫിറ്റായി 15,000/-

രൂപയും 10,000/- രൂപയും നൽകുന്നു. അങ്ങിവിടെ പറഞ്ഞ കണക്ക് ശരിയല്ല. 2024 മുതൽ ഒൻപത് മാസമായി ഈ പെൻഷൻ നൽകിയിട്ടില്ല. എല്ലാം മാറ്റിവച്ച് നെഞ്ചിൽ കൈവച്ച് നമ്മൾ ആലോചിക്കണം. ഇത്രയും ജോലി ചെയ്ത് റിട്ടയർ ചെയ്ത് പോകുന്ന പാവപ്പെട്ട കുടുംബപശ്ചാത്തലത്തിൽനിന്നും വരുന്ന ഒരു സ്ത്രീക്ക് നൽകേണ്ട റിട്ടയർമെന്റ് ബെനഫിറ്റായ 15,000/- രൂപയും 10,000/- രൂപയും നൽകിയിട്ടില്ല. മരുന്ന് വാങ്ങാനും, കഞ്ഞി കുടിക്കാനുമുള്ള ഈ 2500/- രൂപയും 1500/- രൂപയും 9 മാസമായി അവർക്ക് നൽകിയിട്ടില്ല. അവർ നൽകുന്ന കോൺട്രിബ്യൂഷനുണ്ട്. അവർ അംശദായം കൊടുക്കുന്നുണ്ട്. സർക്കാർ വിഹിതം 20 ശതമാനമാണ്. അവർ വിഹിതം കൊടുത്ത തുക, അവർ അങ്ങോട്ട് കൊടുത്ത തുക, ഈ 'നക്കാപ്പിച്ച' പൈസ, ഞാൻ ഈ വാക്കുപയോഗിക്കുന്നതിൽ അങ്ങ് ക്ഷമിക്കണം. ആ തുകയും അവർ കോൺട്രിബ്യൂഷൻ നൽകുന്ന 500 രൂപ, അതെങ്കിലും അവർ റിട്ടയർ ചെയ്യുമ്പോൾ അവരുടെ കൈയിലേക്ക് വച്ച് കൊടുക്കേണ്ടേ? പട്ടിണിയിലേക്കും ദുരിതത്തിലേക്കും കഷ്ടപ്പാടുകളിലേക്കുമാണ് അവരെ പറഞ്ഞ് വിട്ടിരിക്കുന്നത്. ഞാൻ അവസാനിപ്പിക്കാം. രണ്ട് മിനിട്ടേ എടുക്കൂ.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

ഒന്ന് വഴങ്ങാമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇതൊന്ന് പറഞ്ഞ് തീർക്കട്ടെ. ഞാൻ വഴങ്ങുന്നില്ല. ബഹുമാനപ്പെട്ട ചെയർ എന്നോട് അവസാനിപ്പിക്കാൻ പറയുകയാണ്, അതുകൊണ്ടാണ്. ഇല്ലെങ്കിൽ ഞാൻ വഴങ്ങുമായിരുന്നു. ചെയർ അനുവദിക്കുകയാണെങ്കിൽ ഞാൻ വഴങ്ങാം.

മി. സ്പീക്കർ: യെസ്... വഴങ്ങികൊടുക്കൂ.

ശ്രീ. പി. രാജീവ്: സർ, അങ്ങ് വർധനവിന്റെ ഒരു കണക്ക് ഇവിടെ പറഞ്ഞു. ഞാൻ ആ ഉത്തരം തേടിയെടുക്കുകയായിരുന്നു. ഞാൻ പറഞ്ഞതുകൊണ്ടാണ് അങ്ങ് പറഞ്ഞത്. ആ ഉത്തരം മുഴുവൻ അങ്ങ് വായിച്ചില്ല. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ നൽകിയ ഉത്തരം 25-02-2016-ലെ ഉത്തരവ് പ്രകാരം അങ്കണവാടി വർക്കർമാരുടെ പ്രതിമാസ ഓണറേറിയം 10,000/- രൂപയായും അങ്കണവാടി ഹെൽപ്പർമാരുടെ ഓണറേറിയം 7000/- രൂപയായും വർധിപ്പിക്കുന്നു, എന്നുള്ളതിൽ ചോദ്യം അങ്ങ് നോക്കിയിട്ടില്ലെന്ന് തോന്നുന്നു. ചോദ്യകർത്താവായ ശ്രീ. മോൻസ് ജോസഫ് ഇവിടെ ഇരിക്കുന്നുണ്ട്. ചോദ്യം ഇങ്ങനെയാണ്, 'ഐ.സി.ഡി.എസ്. പ്രോജക്ടിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടി ജീവനക്കാർക്ക് അനുവദിച്ച ശമ്പള വർധനവ് നൽകാത്തതിന്റെ കാരണം

വ്യക്തമാക്കാമോ; നിങ്ങൾ പ്രഖ്യാപിച്ച വർധനവ് എന്തുകൊണ്ട് നടപ്പാക്കിയില്ല;' എന്നാണ് ചോദ്യം. ഉത്തരത്തിൽ പറയുന്നത്, 'പ്രസ്തുത ഉത്തരവ് ഇറക്കിയെങ്കിലും ഈ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനത് ഫണ്ടിൽനിന്നും നൽകുന്നതിനാണ് ഉത്തരവായിരുന്നത്. എന്നാൽ ഈ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്തതിനാൽ വർധന നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല' , എന്നാണ്. അപ്പോൾ പ്രഖ്യാപനം കടലാസിൽ മാത്രമായിരുന്നു...... (ബഹളം) ......

മി. സ്പീക്കർ: യെസ്... യെസ്... പ്ലീസ്... പ്ലീസ്.... ..... (ബഹളം) ......

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറയാം. ശ്രീ. മോൻസ് ജോസഫിന് നൽകിയ ഉത്തരമല്ല ഞാൻ വായിച്ചത്. ഞാൻ വായിച്ചത് കറക്ടാണ്. ഞാൻ വേണമെങ്കിൽ കോപ്പി മേശപ്പുറത്ത് വയ്ക്കാം. അവരുടെ ഓണറേറിയം പ്രഖ്യാപിക്കുമ്പോൾ, അതായത് 2011-ന് മുമ്പ് 550 രൂപയുണ്ടായിരുന്നത് 2016-ൽ പ്രഖ്യാപിക്കുമ്പോൾ 6600 രൂപയുണ്ടായിരുന്നു. ആ 6600 രൂപയിൽ നിന്നാണ് 10,000 രൂപയായി പ്രഖ്യാപിച്ചത്. ബഹുമാനപ്പെട്ട മന്ത്രി പൊളിറ്റിക്കലായി ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞു. എനിക്ക് അതിന് മറുപടി പറയണം. ആശാവർക്കർമാരുടെ സമരത്തിൽ ഞങ്ങൾ ബി.ജെ.പി.-ക്കാരുമായി ഒന്നിച്ച്

സമരം നടത്തിയെന്ന് പറഞ്ഞു. ഞങ്ങളും ബി.ജെ.പി.-യുമായി ഒരുമിച്ചല്ല സമരം നടത്തിയത്. ഞങ്ങൾ അവിടെ നടത്തുന്ന സമരം ന്യായമായ സമരമാണ്. ഏത് സംഘടനയാണെങ്കിലും ന്യായമായ സമരമാണ്, നീതിക്ക് വേണ്ടിയിട്ടുള്ള സമരമാണ് എന്ന് ഞങ്ങൾക്ക് ബോധ്യപ്പെട്ടതുകൊണ്ട് ഐക്യജനാധിപത്യ മുന്നണി ആ സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു. അതിന് ബി.ജെ.പി.-യോ മറ്റാരെങ്കിലും പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ഞങ്ങൾക്കത് ബാധകമല്ല. ഞാനൊരു കാര്യം ചോദിക്കുകയാണ് എന്റെ കൈയിലൊരു ചിത്രമുണ്ട് (സഭയിൽ ഉയർത്തികാട്ടി) വിഴിഞ്ഞം സമരത്തിൽ തിരുവനന്തപുരത്തെ ലത്തീൻ രൂപത സമരം നടത്തിയ സമയത്ത്........ (ബഹളം) ...... ഇത് എന്താണ്?

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... ..... (ബഹളം) ...... അദ്ദേഹത്തിന്റെ സമയമാണ്. അദ്ദേഹം സംസാരിക്കട്ടെ. പ്ലീസ്... പ്ലീസ്... യെസ്... യെസ്... അങ്ങ് സംസാരിക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, എന്നോട് കംപ്ലീറ്റ് ചെയ്യാൻ പറയുന്നു. ഞാൻ പറഞ്ഞിട്ടേ പോകൂ.

മി. സ്പീക്കർ: അതെ പറഞ്ഞോളൂ. പ്രശ്നമില്ല. (ബഹളം) ...... അവിടെ ഇരിക്കാൻ പറയൂ. യെസ്... യെസ്...

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, പ്രതിപക്ഷ നേതാവിനെ സംസാരിക്കാൻ അനുവദിക്കുന്നില്ല. (മൈക്ക് ഓഫ്...).

മി. സ്പീക്കർ: അവിടെ ആരും എഴുന്നേറ്റിട്ടില്ല. അങ്ങ് അവിടെ ഇരിക്കാൻ പറയൂ. പാർലമെന്ററി പാർട്ടി സെക്രട്ടറി അവരോട് അവിടെ ഇരിക്കാൻ പറയൂ. പ്ലീസ്... പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, വിഴിഞ്ഞത്ത് ലത്തീൻ രൂപത സമരം നടത്തിയപ്പോൾ ആ സമരത്തിനെതിരായി ബി.ജെ.പി. ജില്ലാ പ്രസിഡന്റ് ശ്രീ. വി. വി. രാജേഷും സി.പി.ഐ. (എം) സെക്രട്ടറി ശ്രീ. ആനാവൂർ നാഗപ്പനും സെക്രട്ടേറിയറ്റിന് മുന്നിൽ ഒരുമിച്ചുനിന്ന് സമരം നടത്തിയതിന്റെ പടമാണിത്. ആറന്മുള വിമാനത്താവള വിരുദ്ധ സമരത്തിന് നേതൃത്വം നൽകിയത് ശ്രീ. കുമ്മനം രാജശേഖരനും ശ്രീ. എം. എ. ബേബിയുമായിരുന്നു. പാലക്കാട് പാതിരാ നാടകം നടത്തിയപ്പോൾ സമരം ചെയ്തത് ഡി.വൈ.എഫ്.ഐ. നേതാവ് അഡ്വ. എ. എ. റഹീമും ശ്രീ. വി. വി. രാജേഷുമായിരുന്നു. ഞങ്ങളെകൊണ്ട് കൂടുതൽ പറയിപ്പിക്കരുത്.

മി. സ്പീക്കർ: യെസ്.... പ്ലീസ്... പ്ലീസ്...കൺക്ലൂഡ്. .....(ബഹളം).... അദ്ദേഹത്തിന്റെ വാക്കൗട്ട് സ്പീച്ച് കഴിഞ്ഞു. യെസ്..... യെസ്....

ശ്രീ. പി. രാജീവ്: സർ, ഒന്ന് വഴങ്ങാമോ?

മി. സ്പീക്കർ: നോ...നോ... അദ്ദേഹം വഴങ്ങുന്നില്ല. പ്ലീസ്... പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വഴങ്ങുന്നില്ല. ബഹുമാനപ്പെട്ട ചെയർ സമ്മതിക്കുന്നില്ല, അതുകൊണ്ടാണ്. ഞാൻ കൺക്ലൂഡ് ചെയ്യട്ടെ. ഞാൻ ഇവിടെ പറഞ്ഞത്, ഒരാളും ചെയ്യാത്ത കഠിനമായ ജോലിയാണ് അങ്കണവാടി ജീവനക്കാർ ചെയ്യുന്നത്. മറ്റൊന്ന് അവർക്ക് കിട്ടുന്നത് തുച്ഛമായ ശമ്പളമാണ്. അതിൽനിന്ന് അങ്കണവാടിയുടെ ചെലവുകൾക്ക് പണം നൽകേണ്ട ഗതികേടിലാണ് അവർ. അടുത്തത്, റിട്ടയർ ചെയ്യുമ്പോൾ അവർക്ക് റിട്ടയർമെന്റ് ബെനഫിറ്റും പെൻഷനും നൽകുന്നില്ല. ഇതൊരു സങ്കടമല്ലേ; ഇക്കാര്യത്തിനുവേണ്ടി സമരം ചെയ്യാൻ പാടില്ലെന്ന് സി.പി.ഐ(എം). കമ്മ്യൂണിസ്റ്റ് പാർട്ടികൾ നേതൃത്വം കൊടുക്കുന്നൊരു ഗവൺമെന്റ് ഈ സമരത്തെ പരിഹസരിച്ചാൽ ഞാൻ സംശയമില്ലാതെ പറയും, നിങ്ങളൊരു തൊഴിലാളി വർഗ്ഗ പാർട്ടിയല്ല നിങ്ങൾ മുതലാളിത്ത പാർട്ടിയാണ്. ....(ബഹളം)...

മി. സ്പീക്കർ: യെസ്.... പ്ലീസ്... പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഇവരുടെ ഈ ആനുകൂല്യങ്ങൾ .... (ബഹളം)... എന്താണ്?

മി. സ്പീക്കർ: പറയൂ... അങ്ങയുടെ സമയം കഴിഞ്ഞു. അങ്ങ് രണ്ട്

മിനിട്ടാണ് പറഞ്ഞത്. യെസ്... യെസ്... അവിടെ ഇരിക്കൂ. യെസ്... യെസ്...

ശ്രീ. വി. ഡി. സതീശൻ: സർ, നോ... നോ... ഞാൻ കൺക്ലൂഡ് ചെയ്യുകയാണെന്ന് പറഞ്ഞിട്ടും അങ്ങെന്തിനാണ് നിയന്ത്രിക്കുന്നത്.

മി. സ്പീക്കർ: കൺക്ലൂഡ് ചെയ്തുകൊള്ളൂ. അതല്ലേ പറഞ്ഞത്. അങ്ങ് കൺക്ലൂഡ് ചെയ്യണമെന്നാണ് പറയുന്നത്. പ്ലീസ്... പ്ലീസ്... യെസ്... യെസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ കൺക്ലൂഡ് ചെയ്യാം. അങ്ങിത് പറയരുത്. കാരണം ഞങ്ങളെക്കൂടി പ്രൊട്ടക്റ്റ് ചെയ്യേണ്ട ആളാണ് ചെയർ.

മി. സ്പീക്കർ: അതാണ് പറഞ്ഞത്. കൺക്ലൂഡ് ചെയ്യണമെന്നാണ് പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ തുടക്കം മുതൽ അവസാനം വരെ ഭരണപക്ഷം ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു. അങ്ങ് പറഞ്ഞതനുസരിച്ച് രണ്ട് തവണ ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് വഴങ്ങിക്കൊടുത്തു. ഞാൻ കൺക്ലൂഡ് ചെയ്യുകയാണ്. ഈ അങ്കണവാടി ജീവനക്കാർ നടത്തുന്ന സമരത്തെ നിങ്ങൾ പുച്ഛിക്കുന്നതിലും പരിഹസിക്കുന്നതിലും പ്രതിഷേധിച്ച് അവരുടെ ന്യായമായ ആവശ്യങ്ങൾ

നടത്തിക്കൊടുക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. ഒരു കാര്യം കൂടി പറയാനുണ്ട്.....

മി. സ്പീക്കർ: വാക്കൗട്ട് കഴിഞ്ഞു. യെസ്... യെസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു കാര്യം മെൻഷൻ ചെയ്യാനുണ്ട്. ഇവിടെ ശ്രീ. നജീബ് കാന്തപുരം ഈ വിഷയം അവതരിപ്പിക്കുന്നതിന്റെ തുടക്കം മുതൽ അവസാനം വരെയും ഞാൻ ഒരു രാഷ്ട്രീയവും പറയാതിരിക്കുകയായിരുന്നു. അവസാനം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിന് മറുപടിയായി പറഞ്ഞു. അപ്പോഴും നിരന്തരമായി ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങ് ഞങ്ങളെ പ്രൊട്ടക്ട് ചെയ്തില്ല.

മി. സ്പീക്കർ: പ്രൊട്ടക്ട് ചെയ്തിരുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, അതിനുള്ള പ്രതിഷേധം കൂടി ഞാൻ രേഖപ്പെടുത്തുന്നു. ഇങ്ങനെയാണെങ്കിൽ .....(ബഹളം)..... ഞങ്ങൾ ഈ നിയമസഭാ നടപടികളുമായി സഹകരിക്കുന്ന കാര്യം ആലോചിക്കേണ്ടി വരും.

മി. സ്പീക്കർ: അങ്ങനെ പറയരുത്. പ്ലീസ്... പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രിമാർ സംസാരിക്കില്ല.

മി. സ്പീക്കർ: പ്ലീസ്...പ്ലീസ്... അങ്ങനെയൊന്നും സംസാരിക്കരുത്.

യെസ്... യെസ്... വാക്കൗട്ട്...പ്ലീസ്... അവിടെ ഇരിക്കൂ...

(ശ്രീ. കെ. പി. എ. മജീദ്)

**P-20-3-2025** 10.50-11.00 UV-SR(1) bc

(നടപടി നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം തുടർച്ച...)

ശ്രീ. കെ. പി. എ. മജീദ്: സർ, ബഹുമാനപ്പെട്ട ശ്രീ. നബീജ് കാന്തപുരം

ഇവിടെ ഈ വിഷയം ഉന്നയിക്കുമ്പോൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നിലപാട് അത്യന്തം ഖേദകരവും നിർഭാഗ്യകരവുമാണ്. അദ്ദേഹം ഈ പ്രശ്നം ഉന്നയിക്കുമ്പോൾ അതിൽ അങ്കണവാടി ജീവനക്കാരുടെ വിവിധങ്ങളായ പ്രശ്നങ്ങൾ ആദ്യഘട്ടത്തിൽതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ ചില രാഷ്ട്രീയ കാര്യങ്ങൾ പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മന്ത്രി അക്കാര്യങ്ങൾ മാത്രം പിടിച്ചുകൊണ്ട് മറ്റ് കാര്യങ്ങൾക്ക് മറുപടി പറഞ്ഞില്ല. ബഹുമാനപ്പെട്ട ചെയർ അത് പരിശോധിക്കണം. അങ്കണവാടി ജീവനക്കാരെ ബാധിക്കുന്ന പ്രശ്നങ്ങളെയും കോടതി വിധികളെയും സംബന്ധിച്ച് ശ്രീ. നജീബ് കാന്തപുരം പ്രസംഗിച്ചപ്പോൾ ജീവനക്കാർ നടത്തുന്ന സമരത്തെ അപഹസിക്കുകയും മെമ്പർക്ക് സംസാരിക്കാൻപോലും അവസരം നൽകാതെ ഇങ്ങനെ പ്രയാസമുണ്ടാക്കുന്നത് എന്തടിസ്ഥാനത്തിലാണ്; എനിക്ക് അത്ഭുതമാണ്

തോന്നിയത്. നിങ്ങൾക്ക് എന്താണ് പറ്റിയത്; ജീവനക്കാരുമായി ഈ വിഷയം സംസാരിച്ചിട്ടുണ്ടെന്ന് ചർച്ചാവേളയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്. മൂവായിരത്തോളം വരുന്ന ജീവനക്കാരുടെ സംഘടനയാണ് എസ്.ടി.യു. (സ്വതന്ത്ര തൊഴിലാളി യൂണിയൻ). ആ സംഘടനയെ ഇതുമായി ബന്ധപ്പെട്ട ചർച്ച നടന്നപ്പോൾപോലും വിളിച്ചിരുന്നില്ല. ഇത് വളരെ ഗൗരവമായ പ്രശ്നമല്ലേ; ജീവനക്കാർ ആരായാലും ഏത് വിഭാഗത്തിൽപ്പെട്ടവരായാലും അവർ സമരം നടത്തുമ്പോൾ അവരുമായി അർത്ഥപൂർണ്ണമായ ഒരു ചർച്ചയ്ക്ക് ഗവൺമെന്റ് തുറന്ന മനസ്സോടുകൂടി മുന്നിൽ വരികയല്ലെ വേണ്ടത്; അതിനെ നിങ്ങൾ അപഹസിക്കുകയാണോ; എനിക്ക് വളരെ അത്ഭുതമാണ് തോന്നിയത്. ഭരണകക്ഷിയിലെ എം.എൽ.എ.-മാർ ഇങ്ങനെ പെരുമാറുന്നത് ശരിയാണോ; അവതാരകന് അങ്കണവാടി ജീവനക്കാരുടെ വിവിധ പ്രശ്നങ്ങളിൽ കൂടുതൽ കാര്യങ്ങൾ പറയാനുണ്ടായിരുന്നു. പക്ഷെ അതിനിടയ്ക്ക് ഇടപെടലുകളുണ്ടായതിനാലാണ് അദ്ദേഹത്തിന് പൂർത്തീകരിക്കാൻ സാധിക്കാത്തത്. ഈ ഒരു രീതി വളരെ മോശമായ കാര്യമാണ്. ഞാൻ അങ്ങയോട് പറയുകയാണ്. ഇപ്പോൾ ആശാവർക്കർമാരുടെ സമരം നടക്കുന്നുണ്ട്. അത് ബി.ജെ.പി.-ക്ക് നേട്ടമുണ്ടാക്കികൊടുക്കുന്ന സ്ഥിതിയിലേക്ക് നിങ്ങൾ എത്തിക്കരുത്. ഈ

വിഷയം പരിഹരിച്ചില്ലെങ്കിൽ ബി.ജെ.പി.-ക്ക് നേട്ടമുണ്ടാകും. അതിലേക്ക് ഗവൺമെന്റ് പോകരുതെന്നുകൂടി ഞാൻ പറയുകയാണ്. വളരെ നിരുത്തരവാദപരമായ ഒരു നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഇത്തരമൊരു നിലപാടുണ്ടായത് വളരെ ഖേദകരമാണ്. ബഹുമാനപ്പെട്ട മെമ്പർ വളരെ അർത്ഥവത്തായും സമഗ്രമായും ഈ പ്രശ്നം ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ എല്ലാ ജനങ്ങളും അങ്കണവാടി പ്രവർത്തകരെ സംബന്ധിച്ച് വ്യക്തമായ ബോധമുള്ളവരാണ്. അവരെ സമരത്തിലേക്ക് തള്ളിവിടുന്നത് ഒരിക്കലും ന്യായമായ കാര്യമല്ല. അത് പരിഹരിക്കാനായി മുന്നോട്ടുവരാൻ തയ്യാറാകാത്ത ഗവൺമെന്റിന്റെയും മന്ത്രിയുടെയും നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്..... ഭരണപക്ഷത്തിരിക്കുന്നവർ ബഹളമുണ്ടാക്കരുത്; മിനിസ്റ്റർ പറയുകയാണ്, എല്ലാവരും മിനിസ്റ്ററാകാൻ നോക്കരുത്.

(ശ്രീ. പി. രാജീവ്)

P-20-3-2025 10.50-11.00 UV-SR(1) bc

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട അംഗവും പ്രതിപക്ഷ നേതാവും പറഞ്ഞ കാര്യങ്ങൾ രേഖയിലുണ്ടാകുമെന്നതുകൊണ്ടാണ് ഞാൻ മറുപടി പറയുന്നത്. അങ്കണവാടി വർക്കർമാരും ഹെൽപ്പർമാരും നടത്തുന്ന സമരത്തെ ഇവിടെ ആരുംതന്നെ അപലപിക്കുകയല്ല ചെയ്തത്. പരിണതപ്രജ്ഞനും ദീർഘകാല അനുഭവവുമുള്ള അങ്ങയെപോലെയുള്ള നേതാവിന് അവതാരകൻ ഈ വിഷയം അവതരിപ്പിച്ചപ്പോൾ ഈ പ്രശ്നങ്ങളൊന്നും ഉന്നയിക്കപ്പെട്ടിട്ടില്ലായെന്ന് അറിയാൻ സാധിക്കും. അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും നല്ല രീതിയിലുള്ള വേതനം ലഭിക്കേണ്ടതുണ്ടെന്നും അതിനാവശ്യമായ നടപടികൾ നമുക്ക് ഒരുമിച്ച് കേന്ദ്രത്തോട് ആവശ്യപ്പെടുന്ന നിലപാട് സ്വീകരിക്കണമെന്നുമാണ് ഞങ്ങൾ കൺക്ലൂഡ് ചെയ്ത് പറഞ്ഞത്. ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. പ്രതിപക്ഷനേതാവ് പറഞ്ഞപ്പോൾ ബി.ജെ.പി.-യുമായി ഞങ്ങൾ ചേർന്നാണെന്ന് സൂചിപ്പിച്ചു. അങ്കണവാടി പ്രവർത്തകരെയും ആശാ വർക്കർമാരെയും പ്രതിസന്ധിയിലേക്കും ദുരിതത്തിലേക്കും വലിച്ചെറിയുന്ന ബി.ജെ.പി. സർക്കാരിനൊപ്പം ഒപ്പം ചേർന്ന് നിങ്ങൾ

നിൽക്കുന്നുവെന്നതാണ് നാം കാണേണ്ട പ്രധാനപ്പെട്ട പ്രശ്നം.

ശ്രീ. കെ. പി. എ. മജീദ്: സർ, നിലവിലെ രീതിയനുസരിച്ച് വാക്കൗട്ട് നടത്തിയശേഷം മന്ത്രിക്ക് സംസാരിക്കാൻ അവസരം നൽകാറില്ല. (മൈക്ക് ഓഫ്.....)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്... വാക്കൗട്ട് നടത്തി ഇറങ്ങിപ്പോയശേഷം എന്തെങ്കിലും പറയാനുണ്ടെങ്കിൽ പിന്നീട് വന്ന് പറഞ്ഞാൽ മതി.

(ശ്രീ. മോൻസ് ജോസഫ്)

P-20-3-2025 10.50-11.00 UV-SR(1) bc

ശ്രീ. മോൻസ് ജോസഫ്: സർ, ബഹുമാനപ്പെട്ട കെ. പി. എ. മജീദ് വാക്കൗട്ട് പ്രസംഗം നടത്തിയതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി വീണ്ടും മറുപടി പറയുകയാണെങ്കിൽ അംഗത്തിന് അതിന്റെ മറുപടി പറയേണ്ടതല്ലേ; അത് തികച്ചും ന്യായമായ കാര്യമാണ്. ഗവൺമെന്റിന്റെ ഈ നിലപാടിൽ ഞാൻ ശക്തമായി പ്രതിഷേധിക്കുകയാണ്. അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കണമെന്ന് ആവശ്യം ഉന്നയിച്ചുകൊണ്ട് അവർ സമരം ചെയ്യുകയാണ്. ആ സമരത്തിന് ആധാരമായ വിഷയങ്ങൾ ഗവൺമെന്റ് പരിശോധിക്കണമെന്ന് വ്യക്തമായി നോട്ടീസ് നൽകിയിരിക്കുന്നു. ആ നോട്ടീസിൽ പറയുന്ന കാര്യങ്ങളാണ് ശ്രീ. നജീബ്

കാന്തപുരം ഇവിടെ അവതരിപ്പിച്ചത്. അദ്ദേഹം ആദ്യമായി ഈ നിയമസഭയിലേക്ക് വരുന്ന പുതിയ ഒരു അംഗമാണ്. സഭയിൽ ഒരു കീഴ്വഴക്കമുണ്ട്. പുതിയ അംഗങ്ങൾ ഇത്തരം കാര്യങ്ങൾ അവതരിപ്പിക്കുമ്പോൾ അവരോട് സൗമനസ്യത്തോടെ സഹകരിക്കുകയെന്ന പൊതുസമീപനം നമ്മളെല്ലാവരും സ്വീകരിക്കുന്നതാണ്. ആ ഒരു സമീപനംപോലും നിങ്ങൾ സ്വീകരിച്ചിട്ടില്ല. എന്നിട്ടും അദ്ദേഹം വിഷയം അവതരിപ്പിച്ചപ്പോൾ അതിൽ രാഷ്ട്രീയം കാണാനാണ് ഗവൺമെന്റ് ശ്രമിച്ചത്. രണ്ട് സമരങ്ങളാണ് സെക്രട്ടേറിയറ്റ് പടിക്കൽ നടക്കുന്നത്. ആ സമരമുഖത്ത് ഞങ്ങളെല്ലാവരും പോയതാണ്. ഞങ്ങൾ അവിടെ പോകുന്ന സമയത്ത് മറ്റ് പാർട്ടിയിലുള്ളവർ വരുന്നത് ആരൊക്കെയാണെന്ന് ഞങ്ങൾക്കറിയില്ല. അവരുമായി നമ്മൾ ഒന്നിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഇവിടെ പറഞ്ഞു. ഇത്തരം തെറ്റായ ദുർവ്യാഖ്യാനങ്ങൾ നടത്തരുത്. ഇവിടെ രണ്ട് വിഷയങ്ങൾക്കാണ് സമരം നടക്കുന്നത്. അങ്കണവാടി ജീവക്കാരുടെ ആവശ്യങ്ങളും ആശാ വർക്കർമാരുടെ പ്രശ്നങ്ങളും ചർച്ച ചെയ്യാൻ ഗവൺമെന്റ് അടിയന്തരമായി തയ്യാറാകണം. ഇന്നലെ ആശാവർക്കർമാരുമായുള്ള ചർച്ച പരാജയപ്പെട്ടു.

<u>മി. സ്പീക്കർ</u>: ആശാ പ്രവർത്തകരുടെ പ്രശ്നങ്ങൾ

കേന്ദ്രീകരിക്കേണ്ടതില്ല, ആ വിഷയം ഇവിടെ ധാരാളം ചർച്ച ചെയ്തതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, അവർ പൊട്ടിക്കരയുന്ന ചിത്രമാണ് മുഴുവൻ മാധ്യമങ്ങളിലും നൽകിയിരിക്കുന്നത്. ആശാ വർക്കർമാർ ഇന്ന് നിരാഹാര സമരത്തിലേക്ക് പോകുകയാണ്. അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കുകയും ആശാവർക്കർമാരുടെ സമരം ഒത്തുതീർപ്പാക്കുകയും ചെയ്യണം. ഈ രണ്ട് വിഷയങ്ങളും പരിഹരിക്കാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

(ശ്രീ. അനൂപ് ജേക്കബ്)

P-20-3-2025 10.50-11.00 UV-SR(1) bc

ശ്രീ. അനൂപ് ജേക്കബ്: സർ, ആശാ വർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും വിഷയങ്ങൾ സർക്കാർ പൂർണ്ണമായി ഗൗരവത്തോടെ എടുക്കുന്നില്ല. ഇന്ന് ഈ വിഷയം അവതരിപ്പിച്ചപ്പോൾ ഭരണപക്ഷ ബഞ്ചുകളിൽനിന്നും നിങ്ങൾ ഉയർത്തുന്ന ശബ്ദം അതിലേക്കാണ് വെളിച്ചം വീശുന്നത്. ഈ അടിസ്ഥാന ജനവിഭാഗങ്ങളോട് ഇത്രമാത്രം അസഹിഷ്ണുത

എന്തിനാണ്? നമ്മുടെയൊക്കെ പ്രദേശങ്ങളിൽ ഏറ്റവുമധികം കഠിനാധ്വാനം ചെയ്യുന്ന രണ്ട് വിഭാഗങ്ങളാണ് ആശാവർക്കർമാരും അങ്കണവാടി ജീവനക്കാരും. അവർ ഉന്നയിക്കുന്നത് ന്യായമായ ആവശ്യങ്ങളാണെന്ന തിരിച്ചറിവ് ഗവൺമെന്റിനുണ്ടാകണമെന്ന അഭ്യർഥനയാണ് എനിക്ക് മുന്നോട്ടുവയ്ക്കാനുള്ളത്. അവരുടെ വിഷയങ്ങളാണ് നിയമസഭയിൽ അവതരിപ്പിക്കുന്നത്. ആ വിഷയങ്ങളെ സഹിഷ്ണുതയോടെ മനസ്സിലാക്കാനും അനുഭാവപൂർവം അത് പരിഹരിക്കാനും ഗവൺമെന്റ് തയ്യാറാകണം. അവർ ഉന്നയിക്കുന്ന ന്യായമായ വേതന വർധനവ് അംഗീകരിച്ച് ഈ രണ്ട് സമരങ്ങളും എത്രയും വേഗം അവസാനിപ്പിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഇവിടെ ധാരാളം വിഷയങ്ങൾ പറഞ്ഞിട്ടുണ്ട്. ഞാൻ അതൊന്നും ആവർത്തിച്ച് പറയുന്നില്ല. അവരുടെ ആവശ്യങ്ങൾ തികച്ചും ന്യായമായതിനാൽ അത് ഗവൺമെന്റ് അനുഭാവപൂർവം പരിഗണിക്കണമെന്ന് ആവശ്യപ്പെടുകയാണ്. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ്

സഭവിട്ട് പുറത്തുപോയി.)

(ശ്രീമതി കെ. കെ. രമ)

P-20-3-2025 10.50-11.00 UV-SR(1) bc

ശ്രീമതി കെ. കെ. രമ: സർ, കേരളത്തിലെ അങ്കണവാടി ജീവനക്കാരും ആശാ പ്രവർത്തകരും കഴിഞ്ഞ കുറേദിവസങ്ങളായി സമരം ചെയ്യുകയാണ്. ആശാ പ്രവർത്തകർ 39 ദിവസമായി സമരം ചെയ്യുകയാണ്. തൊഴിലാളിവർഗ/സ്ത്രീപക്ഷ സർക്കാർ എന്ന് അവകാശപ്പെടുന്ന നിങ്ങൾ സ്ത്രീകളായ തൊഴിലാളികൾ സമരം ചെയ്യുമ്പോൾ അവരെ അപഹസിക്കുകയാണ്. കേന്ദ്ര സർക്കാരിനോട് ചോദിക്കണമെന്ന് സംസ്ഥാന സർക്കാരും സംസ്ഥാന സർക്കാരിനോട് ചോദിക്കണമെന്ന് കേന്ദ്ര സർക്കാരും. ഇത്തരത്തിൽ ഈ വിഭാഗത്തെ തട്ടിക്കളിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ ഏത് പക്ഷത്താണ് നിൽക്കുന്നത്. നിങ്ങൾ തൊഴിലാളി വിരുദ്ധരും സ്ത്രീ വിരുദ്ധരുമാണ്. ഈ വിഷയത്തിൽ കേരളത്തിലെ മുഖ്യമന്ത്രി എന്തുകൊണ്ടാണ് മൗനം ഭജിക്കുന്നത്; ഈ വിഷയം ചർച്ച ചെയ്യാൻ തയ്യാറാകുന്നുണ്ടോ; ഈ ഗുരുതരമായ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)

ശ്രീ. പി. എസ്. സുപാൽ: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ? അങ്ങ് പറയാനുള്ള കാര്യം പറഞ്ഞോളൂ; ഇതിൽ ക്രമപ്രശ്നമില്ല.

ശ്രീ. പി. എസ്. സുപാൽ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ സർക്കാർ അങ്കണവാടി ജീവനക്കാരെ അപമാനിച്ചു, പരിഹസിച്ചു എന്നൊക്കെയുള്ള ചില പ്രയോഗങ്ങൾ നടത്തിയിട്ടുണ്ട്. അത് സഭാരേഖകളിൽനിന്ന് നീക്കം ചെയ്യേണ്ടതുണ്ട്.

മി. സ്പീക്കർ: അത് പരിശോധിക്കാം.+

(ശ്രദ്ധക്ഷണിക്കൽ)

P-20-3-2025 10.50-11.00 UV-SR(1) bc

**ശ്രദ്ധക്ഷണിക്കൽ**

എ. സി. കനാൽ, വേമ്പനാട്ട് കായൽ എന്നിവയുടെ പുനരുദ്ധാരണം

ശ്രീ. തോമസ് കെ. തോമസ്: സർ, കഴിഞ്ഞ ദിവസം പ്രൊഫ. ആബിദ്

+ ബഹുമാനപ്പെട്ട സഭാധ്യക്ഷന്റെ ഉത്തരവു പ്രകാരം (ഫയൽ നമ്പർ KLS/2746/2025/EB തീയതി 21/03/2025) സഭാരേഖകളിൽ നിലനിർത്തി

ഹുസൈൻ ഉന്നയിച്ച ചോദ്യത്തിന്റെ മറുപടിയിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി കുട്ടനാടിനെക്കൂടി ഉൾപ്പെടുത്തിയതിൽ വളരെയധികം സന്തോഷമുണ്ട്. കുട്ടനാട്ടിൽ എക്കലും ചെളിയും അടിഞ്ഞുകൂടി ജലസേചനത്തെയും കാർഷിക ഉൽപന്നത്തെയും സാരമായി ബാധിച്ചിട്ടുണ്ടെന്ന് അങ്ങയുടെ റിപ്പോർട്ടിലുണ്ട്. അതൊന്ന് തിരുത്തണമെന്നാണ് പ്രധാനമായും സൂചിപ്പിക്കാനുള്ളത്, നിസാരമായല്ല നല്ല രീതിയിൽ ബാധിച്ചിട്ടുണ്ട്. റെസ്റ്റൊറേഷൻ ഓഫ് ഇക്കോസിസ്റ്റം ഓഫ് കുട്ടനാട് ഇൻ ആലപ്പുഴ ഡിസ്ട്രിക്റ്റ് ഫേസ്-1 എന്ന പ്രവൃത്തിക്ക് 59.21 കോടി രൂപയുടെ ഡി.പി.ആർ. സർക്കാരിന് ലഭ്യമായിട്ടുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് ആദ്യമായി പറയുകയാണ്. ഏകദേശം 7 നിയോജകമണ്ഡലങ്ങളിലായി വ്യാപിച്ചുകിടക്കുന്ന കുട്ടനാടൻ പ്രദേശത്തുള്ള ഇപ്പോഴത്തെ പ്രധാന പ്രശ്നങ്ങളിലൊന്ന് അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണുദ്ദേശിക്കുന്നത്. കാലങ്ങളായി ഡ്രഡ്ജിങ് നടക്കാത്തുമൂലം എ.സി. കാനാൽ ഉൾപ്പെടെ ചെളി, കടകൽ, പായൽ എന്നിവ അടിഞ്ഞുകൂടി നീരൊഴുക്ക് നിലച്ച് വെള്ളം മലിനമാകുന്ന വളരെ ആശങ്കാജനകമായ ഒരു സ്ഥിതിവിശേഷം നിലനിൽക്കുകയാണ്. കുട്ടനാടിന്റെ അഭിമാനമായിരുന്ന എ.സി. കാനാൽ.

ആ കനാലിലൂടെ ചങ്ങനാശ്ശേരി വരെ എ.സി. റോഡിന് സമാന്തരമായി ബോട്ട് സർവീസ് നടത്തിയിരുന്നു. എന്നാൽ, ഇപ്പോൾ ഈ കനാലിൽ ചെളിയും കടകലും പായലുംകൊണ്ട് നിറഞ്ഞ് വള്ളങ്ങളോ ബോട്ടുകളോ ഇറക്കാൻ കഴിയാതെ വല്ലാതെ അവസ്ഥയിലാണ്. കൂടാതെ, എ.സി. കനാലിന് കുറുകെ താഴ്ന്നുകിടക്കുന്ന ചില കാർട്ടബിൾ ബ്രിഡ്ജുകളും ആവശ്യമില്ലാത്ത പാലങ്ങളുടെ തൂണുകളും, അതായത് അതിന്റെ മുകൾ ഭാഗത്ത് ഒന്നുമില്ല, അത്തരത്തിൽ നിൽക്കുന്ന തൂണുകളും ജലഗതാഗതം നടത്തുന്നതിന് പ്രയാസം സൃഷ്ടിക്കുന്നു. എ.സി. കനാലിന്റെ ഈ ദുരവസ്ഥ കുട്ടനാട്ടിലെ ഒട്ടുമിക്ക തോടുകളിലും നമുക്ക് കാണാൻ കഴിയും. അതുമൂലം ചെറിയ മഴ വന്നാൽപോലും കുട്ടനാട്ടിൽ വെള്ളപ്പൊക്കഭീഷണിയാണ്. ശരിയായ രീതിയിൽ വെള്ളം ഒഴുകി പോകാത്തതുമൂലമാണ് ഈ പ്രശ്നങ്ങൾ ഉണ്ടാകുന്നത്. മൂന്നുനാല് പ്രശ്നങ്ങളാണ് അങ്ങയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നത്. പെയ്തുമഴവെള്ളം ഒഴുകി മാറാത്തതുമൂലം കുട്ടനാട്ടിലെ എല്ലാ പ്രദേശങ്ങളിലും വെള്ളപ്പൊക്കഭീഷണി നേരിടുന്നുണ്ട്. പ്രത്യേകിച്ച് എന്റെ ജന്മദേശമായ കൈനകരി പ്രദേശവാസികളാണ് ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്നത്. ഉയർന്ന പ്രദേശങ്ങളിൽനിന്നുള്ള മഴവെള്ളം മുഴുവൻ വന്ന് അടിയുന്നതും എക്കലും പായലും അടിയുന്നതും

കൈനകരിയിലാണ്.	നീരൊഴുക്ക് നല്ല രീതിയിൽ ഇല്ലാത്തതിനാൽ ധാരാളം പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. നീരൊഴുക്ക് സുഗമമല്ലാത്തതിനാൽ കെട്ടികിടക്കുന്ന ജലം അതിവേഗത്തിൽ മലിനമാകുകയാണ് ചെയ്യുന്നത്. പാടങ്ങളിൽനിന്നും മറ്റുള്ള സ്ഥലങ്ങളിൽനിന്നും ഒഴുകി വരുന്ന മലിനവും വിഷമയവുമായ ജലമെല്ലാം ചേർന്ന് വരുമ്പോൾ വളരെ പ്രതികൂലമായ അവസ്ഥയാണ് അവിടെയുണ്ടാകുന്നത്. ചെളിയും കടകലും പോളയും നിറഞ്ഞ് ജലഗതാഗതം തടസ്സപ്പെടുത്തുന്നതാണ് അവിടത്തെ ഏറ്റവും പ്രധാനപ്പെട്ട വിഷയം. ഉൾനാടൻ മത്സ്യങ്ങളുടെ ലഭ്യത ഗണ്യമായി കുറഞ്ഞിരിക്കുന്നു. ഈ വിഷയം ഞാൻ നേരത്തെ ഒരു ചോദ്യമായി ഉന്നയിച്ചിരുന്നതാണ്. പ്രത്യേകിച്ച് വേമ്പനാട്ട് കായലിൽ മത്സ്യങ്ങളുടെ ലഭ്യത വളരെ കുറവായാണ് വരുന്നത്. അത് ടൂറിസം സെക്ടറിനെയും വളരെ പിന്നോട്ടാണ് നയിക്കുന്നത്. ബോട്ടുകളും ഹൗസ് ബോട്ടുകളും അടുപ്പിക്കാനോ നല്ലരീതിയിൽ അവയ്ക്ക് സർവീസ് നടത്താനോ സംവിധാനങ്ങളില്ലാതെ പോകുന്നു. എ.സി. കനാലിന് ഒരറ്റം മുതൽ മറ്റേയറ്റം വരെ പൈലിംഗ് സ്ലാബ് അടിച്ച് ശക്തിപ്പെടുത്തണം. അത് വളരെ നല്ല രീതിയിൽ ചെയ്തെങ്കിൽ മാത്രമെ അതിന്റെ സൈഡ് ശക്തിപ്പെടുത്താൻ സാധിക്കുകയുള്ളൂ. പ്രത്യേകിച്ചും

കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട്....... അങ്ങ് പെട്ടെന്ന് ബെൽ അടിക്കരുത്. ഒന്നുരണ്ട് മിനിട്ടുകൂടി അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...... അങ്ങ് വാക്കുകൾ ചുരുക്കു; എന്താണ് വിഷയമെന്നുള്ളത് ബന്ധപ്പെട്ട മന്ത്രിക്ക് മനസ്സിലായി.

ശ്രീ. തോമസ് കെ. തോമസ്: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് മനസ്സിലായെങ്കിലും ഈ വിഷയം ഞാൻ ഉന്നയിക്കുന്നത് സഭാരേഖകളിൽ വരേണ്ടതുണ്ട്. ഇങ്ങനെയുള്ള കാര്യങ്ങൾ ഗൗരവമായി എടുക്കണം. കുടിവെള്ള പദ്ധതിയുടെ വിഷയവുമായി ബന്ധപ്പെട്ട് നാനൂറിലധികം കോടി രൂപ എൽ.ഡി.എഫ്. ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. പൈപ്പിടുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എ.സി. കനാലിന്റെയും എ.സി. റോഡിന്റെയും തീരങ്ങളിലുണ്ട്. ആ തടസ്സങ്ങൾ അടിയന്തരമായി പരിഹരിക്കുന്ന വിഷയംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സർക്കാർ ഇക്കാര്യം ഗൗരവമായിക്കണ്ട് രണ്ടാം കുട്ടനാട് പാക്കേജിലുൾപ്പെടുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തി എ.സി. കനാലിന്റെയും മറ്റ് തോടുകളുടെയും ആറുകളുടെയും കായലുകളുടെയും ചെളിയും കടകലും പോളയും നീക്കം ചെയ്യുന്നതിനോടൊപ്പം വേമ്പനാട്ട് കായലിലെ തണ്ണീർമുക്കം ബണ്ടിലൂടെയും തോട്ടപ്പള്ളി സ്പിൽവേയിലൂടെയും സുഗമമായി ജലം ഒഴുകുന്നതിന് കായലിൽ

ആവശ്യമായ ഡ്രഡ്ജിങ് നടത്തണമെന്നും ആവശ്യപ്പെടുന്നു. കുട്ടനാടിന് അഭിമാനമായിരുന്ന പ്രിയങ്കരനായ ഡോ. എം. എസ്. സ്വാമിനാഥന്റെ പഠനങ്ങളിലൂടെ ഇത്തരത്തിൽ കുട്ടനാട് അഭിമുഖീകരിക്കുന്ന മുഴുവൻ പ്രശ്നങ്ങളും സർക്കാരിന്റെയും പൊതുസമൂഹത്തിന്റെയും മുമ്പിൽ കൊണ്ടുവന്നിട്ടുണ്ട്. കുഞ്ഞുനാളിൽ ഞങ്ങൾ ഈ തോടുകളിൽ കുളിക്കുകയും ഈ വെള്ളം കുടിക്കുകയും ചെയ്തിരുന്നവരാണ്. നീരൊഴുക്ക് കുറഞ്ഞതുമൂലം ഇന്ന് വല്ലാത്ത പ്രതിസന്ധിയിലൂടെയാണ് കുട്ടനാടൻ ജനങ്ങൾ മുന്നോട്ടുപോകുന്നത്. ഇതിനെ മുതലെടുത്തുകൊണ്ട് പലയാൾക്കാരും ചെറിയ മീറ്റിങ്ങുകൾ മറ്റുംനടത്തി ആവശ്യമില്ലാത്ത കിംവദന്തിയുണ്ടാക്കുന്നതും അങ്ങയുടെ ശ്രദ്ധയിലേയ്ക്കുകൊണ്ടുവരികയാണ്. അതുകൊണ്ട് അടിയന്തരമായി ഈ വിഷയങ്ങൾ പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

(ശ്രീ. റോഷി അഗസ്റ്റിൻ)

P. 20.03.2025
LJ/ VS -(1)
11.00-11.10 (VR)

എ.സി. കനാൽ, വേമ്പനാട്ട് കായൽ എന്നിവയുടെ പുനരുദ്ധാരണം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട

അംഗം വളരെ പ്രധാനപ്പെട്ട വിഷയമാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഈ സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. എക്കലും ചെളിയുമെല്ലാം സാരമായി ബാധിച്ചിട്ടുണ്ടെന്ന് പറഞ്ഞാൽ അതിനർത്ഥം കാര്യമായി ബാധിച്ചിട്ടുണ്ടെന്നുതന്നെയാണ്. അതുകൊണ്ട് അതിനെക്കുറിച്ച് ഒരു ആശങ്കയുടെയും ആവശ്യമില്ല.

ജലവിഭവ വകുപ്പിനുകീഴിലുള്ള പാടശേഖരങ്ങളുടെ പുറംബണ്ട് നിർമ്മാണം, ബണ്ട് ഉയർത്തൽ, അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം എന്നീ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ടി പാടശേഖര ബണ്ട് നിർമ്മിക്കുന്നതിനും ബലപ്പെടുത്തുന്നതിനും കഴിവതും പാടശേഖരവുമായി അതിർത്തി പങ്കിടുന്ന കനാൽ/പുഴ/കായൽ എന്നിവയിൽ നിന്നെടുക്കുന്ന ചെളിയാണ് ഉപയോഗിച്ചുവരുന്നത്. ഇങ്ങനെ ചെയ്യുന്നതുമൂലം ടി ജലസ്രോതസ്സിലെ ഒഴുക്കിനുള്ള തടസ്സംമാറി ജലം സുഗമമായി ഒഴുകുന്ന സാഹചര്യമുണ്ടാകുന്നു. മനയ്ക്കച്ചിറ-ഒന്നാംകര, ഒന്നാംകര-നെടുമുടി, നെടുമുടി-പള്ളാത്തുരുത്തി എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളിലായി കനാൽ വികസിപ്പിക്കുകയെന്നതാണ് എ.സി. കനാലിനായി വർഷങ്ങൾക്കുമുമ്പ് തയ്യാറാക്കിയ പദ്ധതി. ഇതിൽ ഒന്നാംഘട്ട പ്രവൃത്തിയായ മനയ്ക്കച്ചിറ മുതൽ ഒന്നാംകര വരെയുള്ള ഭാഗം ഒന്നാം കുട്ടനാട് പാക്കേജിൽ 13-ാം ധനകാര്യ

കമ്മിഷനിലുൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. മണിമലയാറും പമ്പയാറുമായി എ.സി. കനാലിനെ ബന്ധിപ്പിച്ച് വെള്ളപ്പൊക്കമുണ്ടാകുമ്പോൾ അധികജലം ഒഴുക്കിവിടാനാണ് ലക്ഷ്യമിട്ടത്. എന്നാൽ  എ.സി. കനാൽ പള്ളാത്തുരുത്തി വരെ വികസിപ്പിക്കുന്നതുകൊണ്ട് കുട്ടനാട്ടിലെ വെള്ളപ്പൊക്ക നിയന്ത്രണത്തിന് കാര്യമായ പ്രയോജനം ലഭിക്കില്ലെന്ന് 'റൂം ഫോർ ദ റിവർ' പദ്ധതിയിലെ IIT സംഘത്തിന്റെ പഠനത്തിൽ വിലയിരുത്തിയിട്ടുണ്ട്. അതിന് IIT സംഘം സൂചിപ്പിച്ച കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. കനാലിന്റെ ബെഡ് സ്ലോപ്പ് അനുകൂലമല്ലാത്തതിനാൽ അധികജലം കായലിലേയ്ക്ക് ഒഴുകിപ്പോകുന്നതിന് കാര്യമായ സമ്മർദ്ദം ലഭിക്കില്ല.

2. അധികജലം എ.സി. കനാലിൽനിന്നും നദികളിലേയ്ക്ക് ഒഴുകുന്നതിനുപകരം തിരിച്ചൊഴുകാൻ സാധ്യതയുണ്ട്. എങ്കിലും കനാലിന്റെ രണ്ടാംഘട്ടമായ ഒന്നാംകര മുതൽ നെടുമുടി വരെയുള്ള ഭാഗത്തെ കൈയേറ്റമെല്ലാം ഒഴിപ്പിച്ച് കനാലിന്റെ ആഴവും വീതിയും പുനസ്ഥാപിച്ച് ജലസംഭരണശേഷി വർധിപ്പിക്കുന്നതുവഴി സമീപപ്രദേശങ്ങളിലെ വെള്ളപ്പൊക്കത്തെ ഒരു പരിധിവരെ നിയന്ത്രിക്കാനും സമീപപാടശേഖരങ്ങളിലെ കാർഷികോൽപ്പാദനത്തിന്റെ അഭിവൃദ്ധിക്ക് ഇത് പ്രയോജനപ്പെടുത്താനും ജലഗതാഗതത്തെ പ്രോത്സാഹിപ്പിക്കാനും തദ്വാരാ

അന്തരീക്ഷമലിനീകരണത്തിന്റെ തോതുകുറയ്ക്കാനും സാധിക്കും.

എ.സി. കനാലിന്റെ രണ്ടാംഘട്ടം നടപ്പാക്കുന്നതിനായി 170 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിൽ ലഭിച്ചതിനാൽ അതിന്റെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വേമ്പനാട്ട് കായൽ ആലപ്പുഴ-എറണാകുളം-കോട്ടയം എന്നീ ജില്ലകളിൽ വ്യാപിച്ചുകിടക്കുന്നതിനാൽ കായലിലേയ്ക്ക് ഒഴുകിയെത്തുന്ന പ്രധാന നദികളിൽനിന്നും വലിയ അളവിലുള്ള ചെളിയും എക്കലും കായലിൽ എത്തിച്ചേരുന്നു. കായലിലെ പോള, പായൽ എന്നിവ നീക്കംചെയ്തും എക്കൽ നീക്കി മത്സ്യപ്രജനന സാധ്യത വർധിപ്പിച്ചും കായലിന്റെയും തീരത്തിന്റെയും സൗന്ദര്യം വീണ്ടെടുത്തും ടൂറിസം മേഖലയെ പരിപോഷിപ്പിച്ചും ജലഗതാഗതത്തിന് കൂടുതൽ ഉപയോഗപ്രദമാക്കുന്ന നിലയാണ് സ്വീകരിക്കുന്നത്. വേമ്പനാട്ട് കായലിൽ എക്കൽ നിക്ഷേപവും പോളശല്യവും വളരെ രൂക്ഷമാണ്. 2018-ലെ മഹാപ്രളയത്തോടുകൂടി ഈ അവസ്ഥ കൂടുതൽ ഗുരുതരമായിരിക്കുന്നു. ഇത് ജലാശയങ്ങളുടെ വാഹകശേഷിയും സംഭരണശേഷിയും കുറയുന്നതിന് കാരണമാകുന്നുണ്ട്. കാലവർഷത്തോടനുബന്ധിച്ചുള്ള അമിതജലപ്രവാഹത്തെ വഹിക്കാൻ വേമ്പനാട്ട് കായലിനും അതിന്റെ

ഭാഗമായുള്ള ഉൾനാടൻ കായലുകൾക്കും സാധിക്കാതെവരുന്നു. ഇത് അനിയന്ത്രിതമായ വെള്ളക്കെട്ടിനും പ്രദേശവാസികളിൽ ആരോഗ്യപ്രശ്നങ്ങൾക്കും കാരണമാകുന്നു. വേലിയേറ്റ സമയത്ത് ഒഴുകിയെത്തുന്ന ജലപ്രവാഹം വേലിയിറക്കത്തോടെ ഒഴുകിമാറുന്നതിന് ഇത്തരത്തിൽ വിവിധ പ്രദേശങ്ങളിൽ അടിഞ്ഞുകൂടിയ എക്കൽ തടസ്സം സൃഷ്ടിക്കുന്നു. കാലാകാലങ്ങളിൽ അടിഞ്ഞുകൂടുന്ന എക്കലും ചെളിയും പോളയും നീക്കംചെയ്യുന്നതുമൂലം സുഗമമായ ജലനിർഗമനം സാധ്യമാകും. ഇതിൽനിന്നും ലഭിക്കുന്ന എക്കലും ചെളിലും താഴ്ന്നപ്രദേശങ്ങൾ നികത്താനും അതുവഴി വിവിധ വികസനപ്രവർത്തനങ്ങൾക്ക് പ്രയോജനകരമാകുകയും ചെയ്യും. പക്ഷേ നീക്കം ചെയ്യപ്പെടുന്ന എക്കലും ചെളിയും നിക്ഷേപിക്കുന്നതിനുള്ള സ്ഥലലഭ്യതക്കുറവ് ഇത്തരത്തിലുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള പ്രധാന തടസ്സമായിവരുന്നു. സ്ഥലപരിമിതിയും പ്രാദേശികമായ എതിർപ്പുമാണ് ഇതിനുകാരണം.

നീക്കംചെയ്യപ്പെടുന്ന ചെളി സാമ്പത്തികമൂല്യമുള്ളതല്ലെങ്കിലും ഫില്ലിങ് പ്രവൃത്തികൾക്കായി ഉപയോഗിക്കാവുന്നതാണ്. ടെണ്ടർ നടപടികൾ ചെയ്യുന്നതുകൂടാതെ താൽപ്പര്യപത്രം ക്ഷണിച്ച് ടി ചെളി നീക്കംചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്.

NHAI പോലെയുള്ള സ്ഥാപനങ്ങൾക്ക് നിശ്ചിതവില ഈടാക്കി പ്രസ്തുത ചെളി നൽകുന്നകാര്യവും പരിഗണിക്കാവുന്നതാണ്. വേമ്പനാട്ട് കായലിന്റെ വിവിധ പ്രദേശങ്ങളിലായി ഏകദേശം 50 ലക്ഷം $m^3$ ചെളിയും എക്കലും നീക്കംചെയ്യേണ്ടതുണ്ട്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ റെയിൽവേ പാലത്തിന്റെ സമീപത്തായി 25 ലക്ഷം $m^3$ ചെളിയും എക്കലും നീക്കംചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം സാധ്യതകളുമായി ബന്ധപ്പെട്ട്, ഇവിടെ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതുമായി ബന്ധപ്പെട്ട് കുട്ടനാട്ടിലെയും ചങ്ങനാശ്ശേരിലെയും എം.എൽ.എ.-മാരെ ഉൾപ്പെടുത്തി ഒരു മീറ്റിങ് നടത്തിയിരുന്നു. മനയ്ക്കച്ചിറ മുതൽ ഒന്നാംകര വരെയുള്ള ഭാഗങ്ങളാണ് ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ ഒന്നാംകര മുതൽ നെടുമുടി വരെയുള്ള ഭാഗത്തെ കനാൽ ക്ലിയർ ചെയ്യുന്നതിനാണ് ആകെ 102 കോടി രൂപയുടെ ഡി.പി.ആർ. ഇപ്പോൾ ഗവൺമെന്റിൽ ലഭ്യമായിട്ടുള്ളത്. ടൂറിസം സാധ്യതയുമായി ബന്ധപ്പെട്ട് മനയ്ക്കച്ചിറ ടൂറിസം സർക്കാർ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുകൂടിവരുമ്പോൾ  എക്കലും ചെളിയുമെല്ലാം കുറേ നീക്കാനും പോളകൾ മാറ്റപ്പെടാനും കഴിയും. ആ സാധ്യതകളെക്കുറിച്ച് വളരെ ഗൗരവമായി പരിശോധിച്ച് കാര്യങ്ങൾ

മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് ഗവൺമെന്റ് ആലോചിച്ചിട്ടുള്ളത്.

ശ്രീ. തോമസ് കെ. തോമസ്: സർ, ആലപ്പുഴ ജില്ല കളക്ടറായ ശ്രീ. അലക്സ് വർഗീസ് മുമ്പ് ഇറിഗേഷൻ വകുപ്പിന്റെ ചീഫ് എഞ്ചിനീയറായിരുന്നതിനാൽ അദ്ദേഹത്തിന് ഈ വിഷയം സംബന്ധിച്ച് വളരെ ശ്രേഷ്ഠമായ അറിവുണ്ട്. അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ ജലവിഭവ വകുപ്പുമന്ത്രിയും പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രിയും ആലപ്പുഴ ജില്ലയുടെ ചാർജുള്ള മറ്റ് രണ്ട് മന്ത്രിമാരും ഞാനുമുൾപ്പെടെ അവിടെയുള്ള ഉദ്യോഗസ്ഥരുടെ ഒരു മീറ്റിങ് ആലപ്പുഴ ജില്ലാ കളക്ടറേറ്റിൽ അടിയന്തരമായി വിളിച്ചുചേർത്ത് ഇതിനൊരു ശാശ്വതപരിഹാരം കാണാൻ സാധിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തീർച്ചയായും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ഉന്നതതല യോഗം ആവശ്യമാണെന്നുണ്ടെങ്കിൽ അത്തരം കാര്യങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.-മാരെയും ബഹുമാനപ്പെട്ട മന്ത്രിമാരെയും കൂടിയുൾപ്പെടുത്തി ഒരു മീറ്റിങ് ചേർന്ന് ഇക്കാര്യത്തിൽ ശാശ്വതപരിഹാരത്തെക്കുറിച്ച് ചിന്തിക്കാവുന്നതാണ്.

(ശ്രീ. ടി. ജെ. വിനോദ്)

P. 20.03.2025
LJ/ VS -(1)
11.00-11.10

(2) ആലുവയിൽ പുതിയ ജലശുദ്ധീകരണശാല

ശ്രീ. ടി. ജെ. വിനോദ്: സർ, അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന കൊച്ചി കോർപ്പറേഷനും സമീപപ്രദേശങ്ങളിലെ 5 മുനിസിപ്പാലിറ്റികളും സമീപ പഞ്ചായത്തുകളും ഉൾപ്പെടുന്ന വിശാലകൊച്ചിമേഖല അതീവ കുടിവെള്ളക്ഷാമമാണ് ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്നത്. ഈ പ്രദേശങ്ങളിലെ ഗാർഹിക വാണിജ്യാവശ്യങ്ങൾക്കും ജൽജീവൻ മിഷനിലൂടെ നടപ്പാക്കുന്ന പദ്ധതികൾക്കും കുടിവെള്ള സ്രോതസ് ഉറപ്പാക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ളതാണ്. ആലുവ ജലശുദ്ധീകരണശാലയിൽനിന്നും ഉൽപാദിപ്പിക്കുന്ന 225 MLD വെള്ളത്തിന്റെ 121.5 MLD വെള്ളവും, മരട് ശുദ്ധീകരണശാലയിൽ ഉൽപാദിപ്പിക്കുന്ന 100 MLD വെള്ളത്തിന്റെ 53.5 MLD വെള്ളവുമുൾപ്പെടെ 175 MLD വെള്ളമാണ് കൊച്ചിൻ കോർപ്പറേഷനിലാകെ ലഭ്യമാകുന്നത്. ഇതിൽ വിതരണനഷ്ടം 35 ശതമാനം ഉണ്ടാകുമെന്നാണ് വാട്ടർ അതോറിറ്റി പറയുന്നത്. കൊച്ചി കോർപ്പറേഷനിൽ ആകെയുള്ള ജലവിതരണ കണക്ഷനുകളുടെ എണ്ണം 1,40,000 ആണ്. അതായത്, ഗാർഹികേതര കണക്ഷനുകൾ-28000, വ്യാവസായിക കണക്ഷനുകൾ-251, സ്പെഷ്യൽ കണക്ഷനുകൾ-2, പൊതുടാപ്പുകൾ-5445 എന്നിങ്ങനെയാണ് അവയുടെ കണക്ക്. കൂടാതെ കൊച്ചിൻ പോർട്ട്, നേവൽ ബേസ്, കൊച്ചിൻ

ഷിപ്പ്യാർഡ്, റെയിൽവേ സ്റ്റേഷനുകൾ, പത്തോളം ആശുപത്രികൾ, കോളേജുകൾ, വൻകിട ഹോട്ടലുകൾ എന്നിവയുൾപ്പെടെ ബൾക്ക് കൺസ്യൂമേഴ്സുമുണ്ട്.

ഇന്ത്യൻ സ്റ്റാൻഡേർഡ് പ്രകാരം കൊച്ചി നഗരം ക്ലാസ് 2-ൽപ്പെടും. സെൻട്രൽ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിങ് ഓർഗനൈസേഷന്റെ മാനദണ്ഡപ്രകാരം സാധാരണഗതിയിൽ ഒരു ദിവസം ഒരു വ്യക്തിക്ക് 150 ലിറ്റർ വെള്ളം ആവശ്യമാണ്. ഇതുപ്രകാരം കൊച്ചിയിൽ പ്രതിദിനം 45 MLD വെള്ളത്തിന്റെ ഷോർട്ടേജുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇന്ന് കൊച്ചി നഗരത്തിൽ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ അമൃത് പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്. അമൃത് പദ്ധതി ഫേസ് 1-ൽ 184 കോടി രൂപയുടെയും ഫേസ്-2-ൽ 374 കോടി രൂപയുടെയുമുൾപ്പെടെ 558 കോടി രൂപയുടെ പ്രവർത്തനങ്ങൾ നഗരത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഇതിൽ ഭൂരിഭാഗം വർക്കുകളും പൈപ്പ് മാറ്റലും ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കലുമാണ്. ഈ ഭാഗത്ത് അമൃത് പദ്ധതിപ്രകാരം പ്രധാനമായും പൈപ്പ് മാറ്റുന്ന പ്രവൃത്തി നടന്നുകൊണ്ടിരിക്കുകയാണ്.

(തുടരും.....)

P.20-03-2025
PT-VS
11.10-11.20

(ശ്രീ. ടി. ജെ. വിനോദ് - തുടർച്ച)

മറ്റൊരു ഭാഗത്ത് എ.ഡി.ബി. പദ്ധതിയിലൂടെ പൈപ്പ് മാറ്റുന്നതുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികളെക്കുറിച്ചാണ് സർക്കാർ ആലോചിക്കുന്നത്. കൊച്ചിയിൽ പൈപ്പ് മാറ്റിയതുകൊണ്ടുമാത്രം പരിഹരിക്കാൻ സാധിക്കുന്ന പ്രശ്നങ്ങളല്ല ഇന്നുള്ളത്. വെള്ളത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കാത്തതുകാരണം ഗുരുതരമായ കുടിവെള്ള ക്ഷാമമാണ് ഇന്ന് നഗരത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഏതെങ്കിലും ഒരു പ്രദേശത്ത് കുടിവെള്ളം ലഭിക്കാതെ വരുമ്പോൾ മറ്റ് പ്രദേശങ്ങളിലെ വാൽവ് തിരിച്ച് ആ പ്രദേശത്തേയ്ക്ക് വെള്ളം ഡൈവർട്ട് ചെയ്തുവിടും. അപ്രകാരം ഡൈവർട്ട് ചെയ്ത് വിടുമ്പോൾ നേരത്തേ വെള്ളം ലഭിച്ചുകൊണ്ടിരുന്ന സ്ഥലത്ത് വെള്ളം ലഭിക്കാത്ത സാഹചര്യമാണ് ഇന്ന് നഗരത്തിൽ പ്രാക്ടീസ് ചെയ്തുകൊണ്ടിരിക്കുന്നത്. ഇതുമൂലം നഗരത്തിലെ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. 'കേരള അർബൻ വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പേരിൽ കൊച്ചിയിൽ എ.ഡി.ബി. സഹായത്തോടുകൂടി 798.13 കോടി രൂപയുടെ പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നുണ്ട്. പത്ത് വർഷത്തേയ്ക്ക് ജലവിതരണ ശൃംഖല നവീകരിച്ചും കുടിവെള്ളത്തിന്റെ

വിതരണത്തിലുണ്ടാകുന്ന നഷ്ടം 20 ശതമാനം കുറച്ചും കുടിവെള്ളം മുടങ്ങാതെ ലഭ്യമാകുമെന്നാണ് ഈ പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷേ ഇതുമായി ബന്ധപ്പെട്ട് നിലവിൽ കൊച്ചിയിൽ വെള്ളം എത്തിക്കുന്നതിനുള്ള പ്രോജക്ടും പുതിയ ജലസ്രോതസ്സും ഈ പദ്ധതിയിലില്ല. ഇത് പരിഹരിക്കാൻ കൊച്ചി കോർപ്പറേഷൻ, അതിനോടൊപ്പം ചേർന്ന അഞ്ച് മുനിസിപ്പാലിറ്റികൾ, പതിമൂന്ന് പഞ്ചായത്തുകൾ എന്നീ പ്രദേശങ്ങൾക്ക് പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ആലുവയിൽ നിലവിലുള്ള ശുദ്ധീകരണശാലക്ക് സമീപം വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലത്തെ 190 എം.എൽ.ഡി. ശുദ്ധീകരണശാലയിൽ പുതിയ ജലവിതരണ സ്രോതസ്സ് ഉണ്ടാക്കുകയെന്നതാണ് പരിഹാരമാർഗ്ഗം. പുതിയ ജല സ്രോതസ്സ് കണ്ടെത്താതെ നിലവിലെ സംവിധാനമുപയോഗിച്ച് ജലം എത്തിക്കാനുള്ള വാട്ടർ അതോറിറ്റിയുടെ തീരുമാനം ഇപ്പോൾ നേരിടുന്ന കുടിവെള്ള ക്ഷാമത്തിനൊരു പരിഹാരം ആകില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആയതിനാൽ കൊച്ചി നഗരത്തിലെ ഈ ഗുരുതരമായ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ എന്തുനടപടിയാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ശ്രീ. റോഷി അഗസ്റ്റിൻ)

P.20-03-2025
PT-VS
11.10-11.20

## ആലുവയിൽ പുതിയ ജലശുദ്ധീകരണശാല

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശ്രീ. ടി. ജെ. വിനോദ് ഇവിടെ സബ്മിഷനിലൂടെ അവതരിപ്പിച്ചത് ഒരു പൊതുവിഷയമാണ്. കൊച്ചിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും എറണാകുളത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണമെന്നതും വളരെ ഗൗരവപൂർവ്വം കാണേണ്ടതാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സർക്കാർ നിലവിൽ എടുത്തിട്ടുള്ള തീരുമാനങ്ങളും എടുക്കാൻ പോകുന്ന തീരുമാനങ്ങളിലൂടെയും തീർച്ചയായും ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നാണ് കരുതുന്നത്. കൊച്ചി കോർപ്പറേഷനിലേയ്ക്കും സമീപ പഞ്ചായത്തുകളിലേയ്ക്കും കുടിവെള്ളം വിതരണം നടത്തിവരുന്നത് ആലുവയിൽ സ്ഥിതി ചെയ്യുന്ന നാല് ജല ശുദ്ധീകരണശാലകളിലായി ഉൽപാദിപ്പിക്കപ്പെടുന്ന 225 എം.എൽ.ഡി. ജലം ഉപയോഗിച്ചാണ്. അനുവദനീയമായതിലും 30 ശതമാനം അധിക ജലം ഉൽപാദിപ്പിച്ച് 290 എം.എൽ.ഡി. ജലം വിതരണം ചെയ്തുപോരുന്നു. കൂടാതെ മരടിൽ സ്ഥാപിച്ചിട്ടുള്ള 100 എം.എൽ.ഡി. പദ്ധതിയിൽനിന്നും

പശ്ചിമ കൊച്ചിയിലേയ്ക്ക് വെള്ളം വിതരണം ചെയ്യുന്നുണ്ട്. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന കൊച്ചി കോർപ്പറേഷനും സമീപ പ്രദേശങ്ങൾക്കും ഗാർഹിക വാണിജ്യാവശ്യങ്ങൾക്കുള്ള ജലം നിലവിൽ അപര്യാപ്തമാണ്. ഇതിനുപുറമെയാണ് ജൽ ജീവൻ മിഷൻ വഴി പഞ്ചായത്തുകളിലെ മുഴുവൻ വീടുകളിലും ശുദ്ധജല കണക്ഷൻ നൽകിയത്. 'അമൃത് പദ്ധതി' വഴി കോർപ്പറേഷൻ പരിധിയിൽ കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി അതിവേഗം പൂർത്തിയായി വരുന്നു. ഈ പ്രവൃത്തികൾ പൂർത്തിയാകുന്നതോടുകൂടി രൂക്ഷമായ കുടിവെള്ളക്ഷാമം കൊച്ചിയിലും സമീപ പഞ്ചായത്തുകളിലും അനുഭവപ്പെടുമെന്ന് മുൻകൂട്ടികണ്ട് 2050 വരെയുള്ള ഉപഭോഗ ഡിമാൻഡ് കണക്കാക്കിയാണ് ആലുവയിൽ നിർദിഷ്ട 190 എം.എൽ.ഡി. പ്ലാന്റ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത പദ്ധതിയിൽ പെരിയാറിൽ പുതിയ പമ്പ് ഹൗസ്, പമ്പ് സെറ്റ്, ഉന്നതതല ജലസംഭരണി, ശുദ്ധീകരണശാല ഉൾപ്പെടെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ ജല ശുദ്ധീകരണശാല നിലവിൽ വരുമ്പോൾ ആലുവ, ഏലൂർ, തൃക്കാക്കര, കളമശ്ശേരി, മരട് മുനിസിപ്പാലിറ്റികൾക്കും, കീഴ്മാട് എടത്തല, ചൂർണിക്കര, ഞാറയ്ക്കൽ, എളംകുന്നപ്പുഴ, മുളവുകാട്, നായരമ്പലം, വരാപ്പുഴ, ചേരാനെല്ലൂർ,

കുമ്പളം, ചെല്ലാനം, കുമ്പളങ്ങി, കടമക്കുടി എന്നീ ഗ്രാമപഞ്ചായത്തുകൾക്കും കൊച്ചി കോർപ്പറേഷനിലേയ്ക്കും പ്രയോജനപ്പെടുന്നതാണ്. ആലുവയിൽ 190 എം.എൽ.ഡി. ജലശുദ്ധീകരണ ശാലയുടെ നിർമ്മാണം സംസ്ഥാന സർക്കാരിന്റെയും കേരള വാട്ടർ അതോറിറ്റിയുടെയും അഭ്യർഥന മാനിച്ച് എ.ഡി.ബി. കെ.യു.ഡബ്ല്യൂ.എസ്.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുത്താൻ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കൊച്ചി, തിരുവനന്തപുരം എന്നീ രണ്ട് നഗരങ്ങളിൽ 24*7 ജലവിതരണ സംവിധാനം നടപ്പാക്കുന്നതിനായി എ.ഡി.ബി. ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കേരള അർബൻ വാട്ടർ സർവീസസ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി 2511 കോടി രൂപയുടെ ഭരണാനുമതി ഗവൺമെന്റ് ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും അടങ്ങുന്ന പ്രവൃത്തിയുടെ ടെൻഡറും കൺസൾട്ടൻസിയെ തിരഞ്ഞെടുക്കാനുള്ള ടെൻഡറും 190 എം.എൽ.ഡി. ശുദ്ധീകരണ ശേഷിയുള്ള പുതിയ ജലശുദ്ധീകരണശാല ആലുവയിൽ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾക്കായി 523 കോടി രൂപ ഉൾപ്പെടുത്തി 07-02-2020-ലെ 2511 കോടി രൂപയുടെ ഭരണാനുമതി പുതുക്കാനുള്ള പ്രൊപ്പോസലും കേരള വാട്ടർ അതോറിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്;

ഇത് പരിശോധനയിലാണ്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതോടുകൂടി കുടിവെള്ള സ്രോതസ്സ് ഉറപ്പാക്കി കൊച്ചി കോർപ്പറേഷനിലും അതിനോടൊപ്പം ചേർന്ന് കിടക്കുന്ന അഞ്ച് മുനിസിപ്പാലിറ്റികൾക്കും 13 പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലും കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതിക്ഷിക്കുന്നത്. അതിനുപരിയായി, ഈ വിഷയങ്ങൾ എം.എൽ.എ.-മാരുമായും കൊച്ചി കോർപ്പറേഷൻ മേയറുമായും ചർച്ച ചെയ്തിരുന്നു. ഇവിടെ എം.എൽ.എ. സൂചിപ്പിച്ച കാര്യം വസ്തുതയാണ്. എ.ഡി.ബി.-യുടെ സഹായത്തോടെ ചെയ്യുന്ന പദ്ധതിയിൽ പുതിയതായി ഒരു സോഴ്സ് കണ്ടെത്താൻ സാധിക്കാതെ വരുന്നതുകൊണ്ടാണ് ഏറ്റവും വലിയ ആശങ്ക ഉയർന്നത്. അവിടെ 190 എം.എൽ.ഡി. പ്ലാന്റ് ഉണ്ടാക്കുകയെന്നത് മാത്രമാണ് ശാശ്വതമായ പരിഹാരം. അതിന് willing ആകുന്ന സാഹചര്യം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത് രൂപപ്പെടുന്ന ഘട്ടത്തിൽ മാത്രമാണ് ഇത്തരം കാര്യങ്ങളുമായി മുന്നോട്ടുപോകാൻ സാധ്യമാകുന്നത് എന്നവിവരം ജനപ്രതിനിധികളിൽനിന്നും അവിടെ നടത്തിയ ചർച്ചയിലും ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യങ്ങൾ അവരുമായി ചർച്ച നടത്തും. ഗവൺമെന്റ് അവസാനഘട്ട പരിശോധനയിൽ അക്കാര്യംകൂടി സാധ്യമാക്കാൻ

കഴിയുന്നവിധത്തിൽ വന്നാൽ, കൊച്ചിയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുമെന്ന പ്രതീക്ഷയാണുള്ളത്. അക്കാര്യത്തിൽ ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുന്ന സാധ്യത രൂപപ്പെട്ടുമെന്നാണ് ഗവൺമെന്റിന് അറിയിക്കാനുള്ളത്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, ആലുവയിൽ നിലവിലുള്ള ജലശുദ്ധീകരണശാലയ്ക്ക് സമീപം കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള 1.57 ഏക്കർ സ്ഥലത്ത് 190 എം.എൽ.ഡി. ശുദ്ധീകരണ ശേഷിയുള്ള ഒരു പുതിയ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് കുടിവെള്ളം നഗരത്തിൽ എത്തിക്കാനുള്ള പദ്ധതി എ.ഡി.ബി. പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, 190 എം.എൽ.ഡി. അതിൽ ഉൾപ്പെടുത്താൻ കഴിയുമെങ്കിൽ മാത്രമാണ് എ.ഡി.ബി. പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടുപോകാൻ ആഗ്രഹിക്കുന്നത്.

(സബ്മിഷൻ)

P.20-03-2025
PT-VS
11.10-11.20

**സബ്മിഷൻ**

(1) <u>പാവറട്ടി പെരിങ്ങാട് പുഴ സംരക്ഷിത വനമേഖലയാക്കിയ</u>

## വിജ്ഞാപനം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യം ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തൃശ്ശൂർ ജില്ലയിലെ പാവറട്ടി പഞ്ചായത്തിലെ ചേറ്റുവ-പെരിങ്ങാട് പുഴയെ റിസർവ് വനമാക്കി നോട്ടിഫിക്കേഷൻ ഇറക്കിയിരിക്കുകയാണ്. അവിടെ കണ്ടൽ കാടുകളുണ്ടെന്ന് പറഞ്ഞുകൊണ്ടാണ് റിസർവ് വനമാക്കിയിരിക്കുന്നത്. നാട്ടിൻപുറം പ്രദേശത്തെയാണ് റിസർവ് ഫോറസ്റ്റായി നോട്ടിഫിക്കേഷൻ ഇറക്കിയിരിക്കുന്നത്. അവിടെ മൂന്ന് ഏക്കറിന് താഴെ മാത്രമെ കണ്ടൽക്കാടുള്ളൂ. അതിൽ 234 ഏക്കർ സ്ഥലം റിസർവ് ഫോറസ്റ്റായി നോട്ടിഫൈ ചെയ്തിരിക്കുകയാണ്. 2025 ഫെബ്രുവരി 28-ന് ഇറക്കിയ ഇടക്കാല ഉത്തരവിൽ ബഹുമാനപ്പെട്ട കോടതി പറഞ്ഞിരിക്കുന്നത് മെറിറ്റിൽ ഈ കേസ് പരിഗണിക്കുന്നതിനുമുമ്പ് സർക്കാരിന്റെ അന്തിമ തീരുമാനം അറിയിക്കണമെന്നാണ്. റിസർവ് വനമാക്കിയ ഈ പ്രദേശത്തെ പുഴ പൂർണ്ണമായി റിസർവായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ പുഴ ഏതെങ്കിലും വനത്തിന്റെ ഭാഗമോ, വനത്തിലൂടെ ഒഴുകുന്നതോ, വനത്തിൽനിന്നും ആരംഭിക്കുന്നതോ അല്ല. ഈ പുഴയെ റിസർവ്

വനമാക്കുന്നത് കേരളത്തിൽ എന്നല്ല, രാജ്യത്തുതന്നെ ഒരിടത്തും ഉണ്ടാകാത്ത കാര്യമാണ്. നാട്ടിൻപുറത്തുകൂടി ഒഴുകുന്ന ഒരു പുഴയെ ഒരു സുപ്രഭാതത്തിൽ റിസർവ് ഫോറസ്റ്റായി പ്രഖ്യാപിച്ചാൽ.... ഈ പുഴയിൽനിന്ന് മീൻ പിടിക്കാൻ ഇറങ്ങിയാൽ ഫോറസ്റ്റ് ആക്റ്റനുസരിച്ച് കേസിൽ പ്രതിയാകും. ഇക്കാര്യത്തിൽ പീനൽ പ്രൊവിഷനുണ്ട്. അതുകൊണ്ട് മീൻ പിടിക്കാനും വെള്ളത്തിലിറങ്ങാനും സാധിക്കില്ല. മാത്രമല്ല, ഇത് വനം വകുപ്പിന്റെ പരിധിയിൽപ്പെട്ടതായതിനാൽ ഇതിൽ കൈയേറ്റവും കടന്നുകയറ്റവും ഉണ്ടാകും. എങ്ങനെയാണ് നാട്ടിൻപുറത്ത് ഇത് ചെയ്യാൻ കഴിയുന്നത്; പുഴയെ വനമാക്കി വനം വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതോടുകൂടി വന നിയമങ്ങൾ പൂർണ്ണമായി ആളുകൾക്ക് ബാധകമായി മാറും. നിലവിൽ തീരദേശ പരിപാലന നിയമങ്ങൾ പ്രാബല്യത്തിലുള്ള പ്രദേശമാണിത്. വനനിയമങ്ങൾകൂടി അടിച്ചേൽപ്പിക്കപ്പെട്ടുമ്പോൾ നഷ്ടമാകുന്നത് ആ പ്രദേശത്തെ ആളുകൾക്ക് ജീവിക്കാനുള്ള അവകാശമാണ്. ഈ കഴിഞ്ഞ പ്രളയത്തിൽ വലിയ തോതിലുള്ള ചെളിയായിരുന്നു അവിടെ അടിഞ്ഞുകയറിയിരുന്നത്. ഇതിന്റെ ആഴം വർധിപ്പിച്ചില്ലെങ്കിൽ ആ പ്രദേശം മുഴുവൻ വെള്ളത്തിനടിയിലാകും എന്നതിനാൽ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് 4.67 കോടി രൂപയുടെ ഒരു

പദ്ധതി തയ്യാറാക്കി. ഈ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചതോടുകൂടി അത് ഇപ്പോൾ തടയപ്പെട്ടിരിക്കുകയാണ്.

(തുടരും..........)

P 20-03-2025
BL-VS-1
11.20-11.30

(സബ്മിഷൻ - ശ്രീ. വി. ഡി. സതീശൻ...തുടർച്ച)

ഇത് വനഭൂമിയായി നോട്ടിഫൈ ചെയ്തതിനാൽ ടി പുഴയുടെ ആഴം കൂട്ടാനും മണലും ചെളിയും നീക്കം ചെയ്യാനുമുള്ള ഇറിഗേഷൻ പ്രോജക്ട് ഇല്ലാതായി. അതിനാൽ ചെറിയ മഴ ഉണ്ടായാൽപ്പോലും ആ പ്രദേശത്ത് വലിയ വെള്ളപ്പൊക്കമുണ്ടാകുന്നെന്ന് മാത്രമല്ല, നൂറ് കണക്കിന് വീടുകൾ നശിക്കാനും ആയിരക്കണക്കിന് ഏക്കർ കൃഷിപ്പാടങ്ങൾ മുഴുവൻ വെള്ളത്തിൽ മുങ്ങാനും കാരണമായിരിക്കുകയാണ്. ഇത് കൃഷിയുള്ള സ്ഥലമാണ്. എന്ത് കാര്യത്തിനാണ് ഇപ്രകാരം ചെയ്തത്; ഉദ്യോഗസ്ഥർ ഇപ്രകാരം എഴുതിത്തരുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇതെല്ലാം നേക്കണ്ടേ; നാട്ടിൻപുറത്തുള്ള സ്ഥലത്തെ ആണോ റിസർവ് വനമായി പ്രഖ്യാപിക്കുന്നത്? 242 ഏക്കർ റിസർവ് വനം. പുഴയുടെ ആഴം വർധിപ്പിക്കാൻ സാധിക്കാത്തതിനാൽ കൃഷിയും മുഴുവൻ നശിച്ചു, അവിടെ

വെള്ളവും കയറി. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, തീരദേശ പരിപാലന നിയമം എന്നിവയെല്ലാം ഇവിടെയുണ്ട്. കൂടാതെ, നിരവധി നിരോധനങ്ങളും നമ്മുടെ നാട്ടിലുണ്ട്. പാവറട്ടി പഞ്ചായത്തിലെ ചേറ്റുവ പെരിങ്ങാട് പുഴയെ സംരക്ഷിത വനമേഖലയാക്കുന്നതിൽനിന്നും ദയവുചെയ്ത് ഗവൺമെന്റ് പിന്മാറണം. സംസ്ഥാനത്തെ കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന് നിയമം പ്രാബല്യത്തിലുണ്ട്; എന്റെ നിയോജകമണ്ഡലത്തിൽ ഇഷ്ടംപോലെ കണ്ടൽക്കാടുകളുണ്ട്. ഒരെണ്ണം നശിപ്പിക്കാൻ ഞങ്ങളാരും സമ്മതിക്കില്ല. വനസംരക്ഷണ നിയമപ്രകാരം അതിന് പ്രൊട്ടക്ഷനും പീനൽ പ്രൊവിഷനുമുണ്ട്. മൂന്നേക്കറിൽ താഴെ കണ്ടൽക്കാട് ഉള്ളതിന്റെ പേരിൽ 242 ഏക്കർ സ്ഥലം റിസർവ് ഫോറസ്റ്റ് ആക്കാനുള്ള ഈ തീരുമാനത്തിൽനിന്നും സർക്കാർ പിന്മാറണമെന്ന് ഞാൻ വിനയപൂർവം അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രസ്തുത വിഷയം സംബന്ധിച്ച് ശ്രീ. മുരളി പെരുനെല്ലി എം.എൽ.എ.-യും നോട്ടീസ് നൽകിയിട്ടുണ്ട്. അതിനാൽ അദ്ദേഹത്തിനും സബ്മിഷൻ അവതരിപ്പിക്കാവുന്നതാണ്.

(ശ്രീ. മുരളി പെരുനെല്ലി)

P 20-03-2025
BL-VS-1
11.20-11.30

**പാവറട്ടി പെരിങ്ങോട് പുഴ സംരക്ഷിത വന മേഖലയാക്കിയ വിജ്ഞാപനം**

ശ്രീ. മുരളി പെരുനെല്ലി: സർ, മണലൂർ മണ്ഡലത്തിലെ പാവറട്ടി, മുല്ലശ്ശേരി പഞ്ചായത്തുകളെ ബാധിക്കുന്ന ഗൗരവതരമായ വിഷയമാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ഉന്നയിച്ചത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഈ മാർച്ച് മാസം 3-ാം തീയതി വനം വകുപ്പുമന്ത്രിയുമായി ഒരു യോഗം നിശ്ചയിച്ചിരുന്നെങ്കിലും അന്നേദിവസത്തെ അദ്ദേഹത്തിന്റെ അസൗകര്യം പ്രമാണിച്ച് ഇന്നലെ യോഗം നടത്തുകയുണ്ടായി. തൃശ്ശൂരിൽ വീണ്ടും യോഗം സംഘടിപ്പിക്കുന്നതിനുള്ള തീരുമാനമായിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു പുഴയാകമാനം റിസർവ് വനമാക്കി മാറ്റുകയാണ്. അതിന്റെയുള്ളിൽ ആകെ രണ്ട് ഏക്കർ സ്ഥലമാണ് കണ്ടൽക്കാടുള്ളത്. ഈ മേഖല റിസർവ് മേഖല ആയതിനാൽ സമീപവാസികളായ ജനങ്ങൾ വളരെയേറെ പ്രയാസം അനുഭവിക്കുകയാണ്. അവിടെ 8 കോടി രൂപ ചെലവഴിച്ചുകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ പോകുന്ന ഇടിയഞ്ചിറ റെഗുലേറ്റർ വഴി പുറത്തുപോകുന്ന വെള്ളം മുഴുവൻ ഈ പുഴ വഴിയാണ് കടലിലേയ്ക്കൊഴുകേണ്ടത്. അതിപ്പോൾ നികന്നുകിടക്കുകയാണ്. അവിടെ

മീൻപിടിക്കുന്ന തൊഴിലാളികൾക്ക് അതിനുള്ള സൗകര്യങ്ങളില്ല, അങ്ങോട്ടേയ്ക്ക് കാലെടുത്തുവച്ചാൽ വനംവകുപ്പ് ഇടപെടുന്ന രൂപത്തിലേയ്ക്ക് നീങ്ങുന്നതിനാൽ ചുറ്റുപാടുമുള്ള വീട്ടുകാർ വളരെ പ്രയാസത്തിലാണ്. അതിനാൽ താൽക്കാലികമായ കരട് നോട്ടിഫിക്കേഷൻ പിൻവലിച്ച് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് അടിയന്തരമായി പരിഹരിക്കുന്നതിനുള്ള മാർഗമെന്താണെന്ന് ഗൗരവതരമായി ആലോചിക്കണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

(ശ്രീ. എ. കെ. ശശീന്ദ്രൻ)

P 20-03-2025
BL-VS-1
11.20-11.30

പാവറട്ടി പെരിങ്ങോട് പുഴ സംരക്ഷിത വന മേഖലയാക്കിയ വിജ്ഞാപനം

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഒരു പ്രദേശത്തെ ജനങ്ങളാകെ അനുഭവിക്കുന്ന പ്രയാസങ്ങൾ സംബന്ധിച്ച വിഷയമാണ് ബഹുമാന്യരായ പ്രതിപക്ഷനേതാവും മണലൂർ എം.എൽ.എ.-യും സഭയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. അതേ സ്പിരിറ്റിൽത്തന്നെ ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത് എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ചതുകൊണ്ടാണ് ഞാൻ

അങ്ങോട്ടേയ്ക്ക് കടക്കുന്നത്. എന്റെ മുമ്പിലെത്തിയപ്പോൾ അങ്ങത് ശ്രദ്ധിക്കേണ്ടതായിരുന്നില്ലേ എന്ന പ്രതിപക്ഷനേതാവിന്റെ ഉപദേശം വിശാലാർത്ഥത്തിൽ ഞാൻ അംഗീകരിക്കുന്നുണ്ടെങ്കിലും 15-02-2021-നാണ് ഇത്തരത്തിലുള്ളൊരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. ആ പ്രദേശം അതീവ പാരിസ്ഥിതിക പ്രശ്നങ്ങളുള്ളൊരു പ്രദേശമാണെന്നും ആ പുഴയുടെ ഒഴുക്ക് നിലനിർത്തണമെങ്കിൽ ആ മേഖലയാകെ റിസർവ് വനമായി സംരക്ഷിക്കുന്നതാണ് അഭികാമ്യമെന്നും അന്നത്തെ ആ ജില്ലയിലെ ജനപ്രതിനിധികളെല്ലാം നിർദ്ദേശിക്കുകയുണ്ടായി. അതിനാലാണ് അപ്രകാരം സംഭവിച്ചത്. അതിന്റെയടിസ്ഥാനത്തിൽ 234.18 ഏക്കർ സർക്കാർ വക ഭൂമി അടിയന്തരമായും റിസർവ് വനമായി പ്രഖ്യാപിച്ച് സംരക്ഷിക്കേണ്ടതാണെന്ന് യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഈ നോട്ടിഫിക്കേഷനുണ്ടായതെന്ന കാര്യംകൂടി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. ആ യോഗത്തിന്റെ മിനിട്ട്സാണ് ഞാൻ വായിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചതുകൊണ്ടാണ് ഞാൻ ഇതെല്ലാം പറയുന്നത്. അവിടത്തെ സ്ഥിതിഗതികൾ നാട്ടുകാരും ജനപ്രതിനിധികളും

വിചാരിച്ചതുപോലെയല്ല ഉണ്ടായത്; മറിച്ചാണ് സംഭവിച്ചത്. പുഴ ഇല്ലാതാകുകയും റിസർവ് വനമായി പ്രഖ്യാപിക്കുകയും ചെയ്തതിനാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും എം.എൽ.എ.-യും ഇവിടെ ഉന്നയിച്ചതുപോലെ കാര്യങ്ങൾ മറ്റൊരു ദിശയിലേയ്ക്ക് മാറുകയാണുണ്ടായത്. അത് ആരെയോ കുറ്റപ്പെടുത്തുന്നതായ സ്വരം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൽനിന്നും വന്നതിലുള്ള പ്രയാസംകൊണ്ടാണ് ഞാനിത് പറഞ്ഞത്. പക്ഷേ ഇതൊരു പ്രശ്നമാണ്. നോട്ടിഫിക്കേഷൻ പിൻവലിക്കണം. അതിനായി നിയമപരമായ നടപടികളിലൂടെ കേന്ദ്രസർക്കാരിനെ സമീപിച്ചേ മതിയാകൂവെന്ന വസ്തുത ബഹുമാനപ്പെട്ട ജനപ്രതിനിധികൾക്കും പ്രതിപക്ഷനേതാവിനും അറിയാവുന്നതാണ്. അതിനാൽ ഞാനത് പ്രത്യേകം എടുത്തുപറയുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ എം.എൽ.എ.-യെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് ഇന്നലെ ഒരു ഉന്നതതലയോഗം ചേർന്നിരുന്നു. അതിലെടുത്ത തീരുമാനങ്ങളിൽ ഒന്ന്, ഇതിനെ ഡീ-നോട്ടിഫൈ ചെയ്യാനാവശ്യമായ നിയമപരവും ഭരണപരവുമായ നടപടികൾ എന്താണെന്ന് ആരായുകയും അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്നാണ്. രണ്ട്, ആ പ്രദേശത്തെ ജനങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ

താൽക്കാലിക സംരക്ഷണ നടപടികളെന്താണെന്ന് ആലോചിക്കേണ്ടതുണ്ട് എന്നതാണ്. അതിന്റെ ഭാഗമായാണ് 22-ാം തീയതി രാവിലെ വീണ്ടും തൃശ്ശൂർ കളക്ടറേറ്റിൽ ഉദ്യോഗസ്ഥരും എം.എൽ.എ.-യും ഉൾപ്പെടെയുള്ളവരുടെ യോഗം ചേർന്ന് ചർച്ച ചെയ്യണമെന്ന് തീരുമാനിച്ചത്. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ പരിഹാര നടപടികൾ ആരായുന്നതിനുള്ള നീക്കങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായത്. അതിനാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സഹകരണം ഇക്കാര്യത്തിൽ ആവശ്യമാണ്. നിയമപരവും ഭരണപരവുമായ പ്രശ്നങ്ങളായതിനാൽ നിയമത്തിന്റെ വഴി പോയാൽ മാത്രമെ പരിഹരിക്കാൻ സാധിക്കുകയുള്ളൂവെന്ന് ബന്ധപ്പെട്ട ആളുകളെ ബോധ്യപ്പെടുത്താൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സഹായംകൂടി അഭ്യർത്ഥിക്കുന്നു. ഈ പ്രയാസങ്ങളിൽനിന്നും ജനങ്ങളെ സംരക്ഷിക്കാനാവശ്യമായ എല്ലാ നടപടികളും ഊർജ്ജിതമായിത്തന്നെ സ്വീകരിക്കാൻ സർക്കാർ ആത്മാർത്ഥമായി ശ്രമിക്കുമെന്ന് ഉറപ്പുനൽകാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു.

(ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ)

P 20-03-2025
BL-VS-1
11.20-11.30

(2) പൊതുമരാമത്ത് റോഡുകളോട് ചേർന്നുള്ള കൈവശഭൂമിക്ക് പട്ടയം

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ചെറുകിട നാമമാത്ര കർഷകർക്ക് പട്ടയം നൽകുന്ന കാര്യത്തിൽ ചരിത്രപരമായ നേട്ടം ഈ ഗവൺമെന്റ് കൈവരിച്ചിട്ടുണ്ട്. 180000-ത്തിലധികം ആളുകൾക്ക് ഇതിനോടകംതന്നെ പട്ടയം നൽകിയതായാണ് മനസ്സിലാക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽതന്നെ 75 വർഷമായി പട്ടയം കിട്ടാതിരുന്ന എയ്ഞ്ചൽവാലിയിലെയും പമ്പാവാലിയിലെയും രണ്ടായിരത്തോളം ആളുകൾക്ക് പട്ടയം നൽകിക്കഴിഞ്ഞു. അതോടൊപ്പം കോരുത്തോട്, എരുമേലി തെക്ക്-വടക്ക് വില്ലേജുകളിലായി പതിനായിരത്തോളം ആളുകൾക്ക് ഹിൽമെന്റ് സെറ്റിൽമെന്റ് പട്ടയങ്ങൾ നൽകാനുള്ള നടപടിക്രമങ്ങൾ സ്പെഷ്യൽ ഓഫീസ് സ്ഥാപിച്ച് നടന്നുവരികയാണ്. ബഹുമാനപ്പെട്ട മന്ത്രി നൽകുന്ന വളരെ ശക്തവും കാര്യക്ഷമവുമായ നേതൃത്വത്തിന് അദ്ദേഹത്തെയും വകുപ്പിനെയും പ്രത്യേകമായി അഭിനന്ദിക്കുകയാണ്. എന്നാൽ കുറെ ആളുകൾക്ക് പട്ടയം കിട്ടുന്നതുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്നൊരു തടസ്സം ബഹുമാനപ്പെട്ട മന്ത്രിയുടെ

ശ്രദ്ധയിൽകൊണ്ടുവരുന്നതിനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. പൊതുമരാമത്ത് വകുപ്പ് 30-09-2009-ൽ നം.20541/സി3/2009 എന്ന സർക്കുലർ പുറപ്പെടുവിച്ചതിനെത്തുടർന്ന് 30-08-2021-ൽ എൽ.ആർ. 1670/2021 എന്ന ഉത്തരവ് ലാൻഡ് റവന്യൂ കമ്മിഷണർ പുറപ്പെടുവിക്കുന്നു. ഇതിന്റെ വെളിച്ചത്തിൽ കോട്ടയം ജില്ലാ കളക്ടർ എല്ലാ തഹസിൽദാർമാർക്കും ഒരു അറിയിപ്പ് നൽകുന്നു. വിഷയം, 'ഭൂമി പതിവ്-പൊതുമരാമത്ത് വകുപ്പ് വക നിരത്തുകളുടെ അരികിൽവരുന്ന പുറമ്പോക്ക് സ്ഥലങ്ങൾ പതിച്ചുനൽകുന്നത് സംബന്ധിച്ച്'. സൂചന ശ്രദ്ധിക്കുക, 'പൊതുമരാമത്ത് വകുപ്പ് വക നിരത്തുകളുടെ അരികിൽ വരുന്ന പുറമ്പോക്ക് സ്ഥലങ്ങൾ പതിച്ചുനൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം തേടിയതിൽ ഇത്തരം അപേക്ഷകളിൽ പൊതുമരാമത്ത് വകുപ്പിന്റെ നിരാക്ഷേപ പത്രം ലഭിക്കുന്ന കേസുകളിൽ മാത്രം നടപടി സ്വീകരിച്ചാൽ മതിയെന്ന് ലാൻഡ് റവന്യൂ കമ്മിഷണറുടെ കാര്യാലയത്തിൽനിന്നും സൂചനപ്രകാരം നിർദേശം ലഭിച്ചിട്ടുള്ളതാണ്. ടി സാഹചര്യത്തിൽ നിരാക്ഷേപ പത്രം ലഭിക്കാത്ത കേസുകളിൽ അപേക്ഷ ഭൂമി അംഗീകൃത പതിവ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പതിവ് റിക്കോർഡുകൾ, പ്രൊപ്പോസലുകൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതില്ലായെന്ന് അറിയിക്കുന്നു. ഇത് കുറെ

ആളുകളുടെ ജീവൽപ്രശ്നമായതുകൊണ്ടാണ്. പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അതിർത്തിയിൽവരുന്ന ആളുകൾക്കൊന്നും പട്ടയം നൽകാത്ത സ്ഥിതി വന്നിരിക്കുന്നു. ഇപ്പോൾ ഒട്ടേറെ ആളുകൾക്ക് പട്ടയം ലഭിക്കുന്നതിന് വലിയ തടസ്സമായിരിക്കുകയാണ്. കഴിഞ്ഞദിവസം ക്രിസ് ജോസഫ് എന്നൊരാൾ എനിക്കൊരു നിവേദനം നൽകി. അദ്ദേഹത്തിന്റെ വീട് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ പകുതി ഭാഗത്തിന് പട്ടയം ലഭിച്ചു. ആകെ 15 സെന്റ് സ്ഥലമേയുള്ളൂ. ബാക്കി സ്ഥലത്തിന് പട്ടയം ലഭിക്കാത്ത വിഷയമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഉദാഹരണം പറഞ്ഞ് സമയം കളയാതെ പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കൂ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഇക്കാര്യത്തിൽ ഒരു പരിഹാരമുണ്ടാകണം. അതുപോലെ മലയോര പട്ടയവുമായി ബന്ധപ്പെട്ട്, 30/2025 എന്ന സർക്കുലർ; അത് നല്ലൊരു കാര്യത്തിനാണ്; റവന്യൂ വില്ലേജുകളായി കൺവെർട്ട് ചെയ്യുന്നതിനാണ്. ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന മലയോര പട്ടയത്തിന്റെ നടപടിക്രമങ്ങളെ തടസ്സപ്പെടുത്തുമോയെന്ന ആശങ്കയുണ്ട്... കാരണം ആദിവാസികളല്ലാത്ത നിരവധി പേർക്ക് പട്ടയം ലഭിച്ചിട്ടുണ്ട്. (.....മൈക്ക് ഓഫ്.....)

അക്കാര്യംകൂടി പരിശോധിച്ച് ഈ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കണം.

(ശ്രീ. കെ. രാജൻ)

P 20.03.2025
TB - AN(I)
11.30 - 11.40
SN

പൊതുമരാമത്ത് റോഡുകളോട് ചേർന്നുള്ള കൈവശഭൂമിക്ക് പട്ടയം

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ പൊതുമരാമത്ത് വകുപ്പിന്റെ 2009-ലെ സർക്കുലർ ചെറുകിട നാമമാത്ര കൈവശക്കാർക്ക് പട്ടയം ലഭിക്കുന്നതിനൊരു തടസ്സമായിവരുന്നുണ്ട്. പൊതുമരാമത്തിൽനിന്ന് എത്ര അകലെയുള്ള ഭൂമിയാണ് പതിവിന് വിധേയമാകുന്നതെന്നും വിധേയമല്ലാത്തത് എന്നതുസംബന്ധിച്ച് ഭൂമി പതിച്ചുനൽകുന്ന 1964-ലെ കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങളിലും 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിച്ചുനൽകുന്നത് സംബന്ധിച്ച ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടില്ലാത്തതാണ്. ഓരോ റോഡിനും സ്റ്റേറ്റ് ഹൈവേ, നാഷണൽ ഹൈവേ, മറ്റ് അപ്രധാനമായ റോഡുകൾ, നോട്ടിഫൈഡ് റോഡുകൾ

എന്നിവയ്ക്കെല്ലാം എത്ര വീതിയാണ് ആവശ്യമുള്ളതെന്നും ആയതിന്റെ വികസനത്തിന് ശിപാർശകൾ നിലവിലുണ്ടോയെന്നും പ്രസ്തുത റോഡ് വികസനത്തിനോട് ചേർന്നു വരുന്ന പുറമ്പോക്ക് ഭൂമികൾ ആവശ്യമായി വരുമോ എന്നത് സംബന്ധിച്ചും പൊതുമരാമത്ത് വകുപ്പിന് മാത്രമേ ആധികാരികമായി പറയുവാൻ സാധിക്കുകയുള്ളൂ. 2009-ലെ സർക്കുലറിന്റെ അടിസ്ഥാനത്തിൽ എല്ലാ ഉദ്യോഗസ്ഥന്മാരും റോഡ് പുറമ്പോക്കും അതിനോട് ചേർന്നുള്ള സ്ഥലങ്ങളും പതിച്ചുനൽകുന്നതിനുവേണ്ടിയുള്ള അപേക്ഷകൾ സ്വീകരിക്കുകയോ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യുകയോ ചെയ്യുന്നില്ലെന്നുള്ള പ്രശ്നം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സാധാരണ നിലയിൽ റവന്യൂ, പൊതുമരാമത്ത് വകുപ്പുകളുടെ ഒരു സംയുക്ത യോഗം ചേർന്ന് ഇക്കാര്യത്തിൽ പ്രായോഗികവും യുക്തിസഹവുമായ തീരുമാനം കൈക്കൊള്ളുന്നതിന് നടപടി സ്വീകരിക്കും. മലയോര പട്ടയവുമായി ബന്ധപ്പെട്ട 30/2025 എന്ന സർക്കുലർ മറ്റൊരു വിഷയമാണ്. അത് ഞാൻ സഭയിൽ നേരത്തെ വ്യക്തമാക്കിയതാണ്. RoR ലഭ്യമായിട്ടുള്ള ആളുകൾക്ക് അവരുടെ ഭൂമിയിൽ ടാക്സ് അടയ്ക്കാൻ സാധിക്കുന്നില്ലെന്ന പ്രശ്നം പരിഹരിക്കാനായി ഒരു ചരിത്രപരമായ നിലപാട്, വനഗ്രാമങ്ങളിൽനിന്ന് റവന്യൂ ഗ്രാമങ്ങളിലേയ്ക്ക് മാറുകയാണ്. അത്

മറ്റൊന്നിനെയും ബാധിക്കുന്നതല്ല.

(ശ്രീ. എ. കെ. എം. അഷ്റഫ്)

P 20.03.2025
TB - AN(I)
11.30 - 11.40

മഞ്ചേശ്വരം താലൂക്കിലെ റവന്യൂ ഉദ്യോഗസ്ഥരുടെ കുറവ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, മഞ്ചേശ്വരം താലൂക്കിലെ ഉദ്യോഗസ്ഥക്ഷാമവും ഗ്രൂപ്പ് വില്ലേജുകളെ വിഭജിച്ച് സ്വതന്ത്ര വില്ലേജ് ഓഫീസുകളാക്കണമെന്നുമുള്ള ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. കേരളത്തിലെ വടക്കേയറ്റത്തെ താലൂക്കായ മഞ്ചേശ്വരം താലൂക്കിലെ ഉദ്യോഗസ്ഥക്ഷാമം ഇവിടുത്തെ ദൈനംദിന പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുകയാണ്. 22 ക്ലാർക്ക് തസ്തികകൾ താലൂക്ക് ഓഫീസിന് അനുവദിച്ചിട്ടുണ്ടെങ്കിലും മാസങ്ങളായി 11 ക്ലാർക്കുമാർ മാത്രമാണ് ഇവിടെ ജോലി ചെയ്തുവരുന്നത്. 11 ക്ലാർക്കുമാരുടെ ഒഴിവാണ് ഇവിടെയുള്ളത്. 19 വില്ലേജ് അസിസ്റ്റന്റ് ഓഫീസർ പോസ്റ്റുകൾ താലൂക്ക് പരിധിയിലുണ്ടെങ്കിലും നിലവിൽ 11 വില്ലേജ് വില്ലേജ് അസിസ്റ്റന്റ് തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. 5 വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയും 2 വില്ലേജ് ഓഫീസർ തസ്തികയും ഒഴിഞ്ഞുകിടക്കുകയാണ്.

ജീവനക്കാരുടെ അഭാവംമൂലം നിലവിലുള്ള ജീവനക്കാർക്ക് ഒന്നിൽക്കൂടുതൽ സീറ്റുകൾ കൈകാര്യം ചെയ്യേണ്ടിവരുന്നു. തന്മൂലം സമയബന്ധിതമായി ജോലികൾ ചെയ്തുതീർക്കാനോ പൊതുജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാക്കാനോ സാധിക്കുന്നില്ല. ഇത്തരത്തിൽ അമിത ജോലിഭാരം കാരണം ഉദ്യോഗസ്ഥർക്ക് മാനസിക സമ്മർദമുണ്ടാക്കുകയും അവരുടെ കാര്യക്ഷമത കുറയുകയും ചെയ്യുന്നു. നിലവിൽ ആയിരത്തിയഞ്ഞൂറോളം പട്ടയ അപേക്ഷകൾ തീർപ്പാക്കാനുണ്ട്. താലൂക്ക് തല ലാൻഡ് അസൈൻമെന്റ് കമ്മിറ്റിയിൽ തീരുമാനമായിട്ടും 316 പേരുടെ പട്ടയങ്ങളുടെ കാര്യത്തിൽ തുടർ നടപടിയില്ലാത്ത അവസ്ഥയാണിവിടെയുള്ളത്. കൈവശഭൂമിക്ക് പട്ടയത്തിനായി പാവപ്പെട്ട നൂറുകണക്കിന് ആളുകൾ ഓഫീസ് കയറിയിറങ്ങി പ്രതീക്ഷകൾ കൈവിട്ട് പ്രയാസപ്പെടുന്നു. ജീവനക്കാരുടെ കുറവും സ്ഥലം മാറ്റവുമാണ് ഇതിനുള്ള കാരണം. പതിവിന് അനുയോജ്യമായ സർക്കാർ ഭൂമി ഇവിടെയുണ്ടായിട്ടും ആയിരക്കണക്കിന് പാവപ്പെട്ട ഭൂരഹിതരുടെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കപ്പെടാതിരിക്കുകയാണ്. ഇത് തീർപ്പാക്കുന്നതിനായി നിശ്ചിതകാലത്തേയ്ക്ക് ഒരു ഡെപ്യൂട്ടി തഹസീൽദാർ, രണ്ട് ക്ലാർക്കുമാർ എന്നിവരെ ലാൻഡ് അസൈൻമെന്റ് സെക്ഷനിൽ അധികമായി അനുവദിക്കേണ്ടതായുണ്ട്. മഞ്ചേശ്വരം താലൂക്കിൽ റീസർവെ

പൂർത്തീകരിച്ച വില്ലേജുകളാണ് കൂടുതലുമുള്ളത്. റീസർവെ സബ്ഡിവിഷനുവേണ്ടി അപേക്ഷിച്ച് മൂന്നുനാല് വർഷമായി ഓഫീസ് കയറിയിറങ്ങുന്ന നിരവധി ആളുകൾ ഇവിടെയുണ്ട്. സർവെയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിനായി ഒരാൾ മാത്രമാണ് ഇവിടെ നിലവിലുള്ളത്. ഇതിന് പരിഹാരം കാണേണ്ടതായുണ്ട്. ഒരു ഫുൾടൈം ഹെഡ് സർവെയർ, ഒരു സർവെ ഡ്രാഫ്റ്റ്സ്മാൻ എന്നിവരെ അടിയന്തരമായി നിയമിച്ച് സർവെ സംബന്ധമായ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കേണ്ടതായുണ്ട്. സി.എം.ഡി.ആർ.എഫ്., കാൻസർ, ടി.ബി. പെൻഷൻ അപേക്ഷകൾ, അനന്തരാവകാശ സർട്ടിഫിക്കറ്റ്, നെൽവയൽ തരംമാറ്റ സർട്ടിഫിക്കറ്റ്, ന്യായവില തുടങ്ങിയ അപേക്ഷകൾ താലൂക്കിൽ തീരുമാനമാകാതെ കിടക്കുകയാണ്. പുതിയ അധ്യയന വർഷം ആരംഭിക്കുമ്പോൾ ഗഡിനാട് സർട്ടിഫിക്കറ്റിനുവേണ്ടി അപേക്ഷിച്ച കുട്ടികൾക്ക് ഉദ്യോഗസ്ഥക്ഷാമംമൂലം നൽകാൻ സാധിക്കുന്നില്ല. കാലവർഷം തുടങ്ങുമ്പോൾ അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നേതൃത്വം നൽകേണ്ടതായുണ്ട്. നിലവിലെ ഉദ്യോഗസ്ഥ ക്ഷാമം ഇതിന് തടസ്സമായി മാറും. മഞ്ചേശ്വരം താലൂക്ക് ഓഫീസിലും താലൂക്ക് പരിധിയിലെ വില്ലേജ് ഓഫീസുകളിലും വിജിലൻസ് നടപടി നേരിട്ടവരെയാണ് നിയമിക്കുന്നത്.

കന്നട അറിയാവുന്ന പ്രദേശമാണ്. കന്നട-മലയാളം യോഗ്യതയുള്ള ഉദ്യോഗാർഥികളെ പി.എസ്.സി. നിയമിക്കാതായിട്ട് 15 വർഷം പിന്നിട്ടിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് പി.എസ്.സി. വീണ്ടും സുപ്രീം കോടതിയെ സമീപിക്കുമ്പോൾ ഇപ്പോഴും കാത്തുനിൽക്കുന്ന ഉദ്യോഗാർഥികൾക്ക് അതൊരു വലിയ പ്രയാസം സൃഷ്ടിക്കുന്നുണ്ട്. ഏറ്റവും കൂടുതൽ ഗ്രൂപ്പ് വില്ലേജുകളുള്ള താലൂക്കാണ് മഞ്ചേശ്വരം. 48 വില്ലേജുകൾക്ക് 19 വില്ലേജ് ഓഫീസുകളാണ് നിലവിലുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ച് സ്വതന്ത്ര വില്ലേജുകളാക്കണമെന്നത് വർഷങ്ങളായി ആവശ്യമാണ്. ഇതിൽ ജനസാന്ദ്രത കൂടിയ ഉപ്പള, കോയിപ്പാടി, ഇച്ചിലംകോട്, കുഞ്ചത്തൂർ, ബൊംബ്രാണ എന്നീ ഗ്രൂപ്പ് വില്ലേജുകൾ അടിയന്തരമായി ...... (......മൈക്ക് ഓഫ് ......)

(ശ്രീ. കെ. രാജൻ)

P 20.03.2025
TB - AN(I)
11.30 - 11.40

മഞ്ചേശ്വരം താലൂക്കിലെ റവന്യൂ ഉദ്യോഗസ്ഥരുടെ കുറവ്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന് ഡിമാന്റ് ഡിസ്കഷനിൽ ചർച്ച ചെയ്യുന്നതിനേക്കാൾ കൂടുതൽ സമയം ലഭിച്ചു. മഞ്ചേശ്വരത്തെ പ്രശ്നങ്ങളൊന്നും പറയാൻ ഇനി ബാക്കിയില്ല. അങ്ങ് ഉന്നയിച്ച എല്ലാ കാര്യങ്ങൾക്കും ഞാൻ മറുപടി പറയുന്നില്ല. മഞ്ചേശ്വരം താലൂക്കിൽ വില്ലേജ് ഓഫീസർ തസ്തികയിൽ രണ്ട് ഒഴിവുകളും ക്ലാർക്ക്, വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ 20 ഒഴിവുകളും വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ 5 ഒഴിവുകളും ഇപ്പോൾ നിലവിലുണ്ട്. എൽ.ഡി. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിലെ 20 ഒഴിവുകൾ കന്നട-മലയാളം വിഭാഗത്തിന് മാത്രമായി മാറ്റിവച്ചിരിക്കുകയാണ്. കന്നട-മലയാളം എൽ.ഡി. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുണ്ടെങ്കിലും ചില ഉദ്യോഗാർത്ഥികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.-യിൽനിന്ന് നിയമന ശിപാർശ അയക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാര്യത്തിൽ സ്പഷ്ടതവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ

അടിസ്ഥാനത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നികത്താൻ സാധിക്കാത്ത നിലവിലെ സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഉദ്യോഗാർഥികളെ നിയമിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. മഞ്ചേശ്വരം താലൂക്കിന്റെ കീഴിലുള്ള വില്ലേജുകളിൽ വി.എഫ്.എ. തസ്തികയിൽ നിലവിലുള്ള 5 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. ഉടനടി അവർക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. വില്ലേജ് ഓഫീസർ തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വില്ലേജ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകുന്ന മുറയ്ക്ക് ഒഴിവുള്ള രണ്ട് വില്ലേജ് ഓഫീസർ തസ്തികയിലും ഉദ്യോഗസ്ഥരെ നിയമിക്കുന്നതാണ്.  നിലവിൽ മഞ്ചേശ്വരം, കാസർഗോഡ് ജില്ലകളിലെ എൽ.ആർ.എം. വിഭാഗങ്ങളിൽ ഒരു ഹെഡ് സർവെയറും ഒരു ഡ്രാഫ്റ്റ്സ്മാന്റെയും സേവനം സർവെ വകുപ്പിൽനിന്ന് ലഭ്യമാകുന്നതാണ്. എൽ.ആർ.എം. റീസർവെ വിഭാഗത്തിൽ തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകൾ പരിശോധിച്ച് ആയതിൽ ആവശ്യമായ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണ്. മഞ്ചേശ്വരം താലൂക്കിൽ ഗ്രൂപ്പ് വില്ലേജുകൾ അടക്കം 68 വില്ലേജുകൾ 19 വില്ലേജ് ഓഫീസുകളിലായി പ്രവർത്തിച്ചുവരുന്നു.

ആകെയുള്ള 19 വില്ലേജ് ഓഫീസുകളിൽ 14 വില്ലേജ് ഓഫീസുകളും ഒന്നിലധികം വില്ലേജുകൾ അടങ്ങുന്ന ഗ്രൂപ്പ് വില്ലേജുകളായിട്ടാണ് പ്രവർത്തിച്ചുവരുന്നത്. റവന്യൂ ഭരണം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ജനങ്ങൾക്ക് സമയബന്ധിതമായി മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുന്നതിനും വില്ലേജുകളുടെ വിഭജനം ആവശ്യമാണെന്നുള്ളത് ഒരു വസ്തുതയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി മെച്ചപ്പെടുന്ന മുറയ്ക്ക് ജനസാന്ദ്രത കൂടിയ വില്ലേജുകൾ ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിഗണിക്കുന്നതാണ്. XXXXXXXX[+]പട്ടയ അപേക്ഷകൾ ദീർഘമായുണ്ടെന്നാണ് അദ്ദേഹം പറയുന്നത്. പക്ഷെ അദ്ദേഹം അത് പരിശോധിച്ചാൽ മനസ്സിലാകും മഞ്ചേശ്വരം താലൂക്കിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ പട്ടയങ്ങൾ വിതരണം ചെയ്ത ഒരു കാലമാണിത്. പട്ടയ ഡാഷ് ബോർഡിൽ എല്ലാ പ്രശ്നങ്ങളും ഉൾപ്പെടുത്തിയ ഒരു കാലം. എന്തായാലും പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഡെപ്യൂട്ടി തഹസീൽദാരെയും ക്ലാർക്കുമാരെയും നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. സി.എം.ഡി.ആർ.എഫ്., കാൻസർ, ടി.ബി.

+ ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം രേഖയിൽനിന്ന് നീക്കം ചെയ്തു.(File No KLS/2745/2025/EB Dt.21-3-2025)

അപേക്ഷകൾ അനന്തരാവകാശ സർട്ടിഫിക്കറ്റുകൾ, നെൽവയൽ തരംമാറ്റം, ന്യായവില, Gadinadu Kannadiga Certificate തുടങ്ങിയ അപേക്ഷകളിൽ സമയബന്ധിതമായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ശ്രീ. പി. സി. വിഷ്ണുനാഥ്)

P 20.03.2025
TB - AN(I)
11.30 - 11.40

കുണ്ടറ നിയോജകമണ്ഡലത്തിലെ കുടിവെള്ള ലഭ്യത

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലമായ കുണ്ടറയിലെ കുണ്ടറ, പേരയം, പെരിനാട്, തൃക്കോവിൽവട്ടം, നെടുമ്പന, കൊറ്റങ്കര, ഇളമ്പള്ളൂർ എന്നീ ഏഴ് പഞ്ചായത്തുകളിലും അതിരൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. ജൽ ജീവൻ മിഷൻ പദ്ധതിപ്രകാരം കുണ്ടറ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഗുണഭോക്താക്കളുടെ ആവശ്യമനുസരിച്ച് ജല കണക്ഷനുകൾ നൽകിയിട്ടുണ്ട്. പക്ഷെ അതിനാനുപാതികമായ ജല ലഭ്യതയില്ല. അത് ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ടായി മാറുകയാണ്. ജല കണക്ഷനുകൾ വർധിച്ചെങ്കിലും ജലലഭ്യത അതിനനുസരിച്ച് ലഭിക്കുന്നില്ല. ഞാങ്കടവ് പദ്ധതിയിൽ ഇളമ്പള്ളൂർ പോലീസ് സ്റ്റേഷൻ നന്ദിരിക്കൽ റോഡിൽ 170 മീറ്റർ ദൂരത്ത് പൈപ്പ് ലൈൻ ഇടുന്നതുമായി ബന്ധപ്പെട്ട് മോർത്തിന്റെ അനുമതി ഇപ്പോഴും

ലഭിച്ചിട്ടില്ല. അത് ലഭ്യമാക്കാനുള്ള അടിയന്തര നടപടി ആവശ്യമാണ്. ഞാങ്കടവ് പദ്ധതിയിലെ തടയണയുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കണം. പെരിനാട് കുടിവെള്ള പദ്ധതിയുടെ ടെൻഡർ നടപടിയിലെ ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്. അത് അടിയന്തരമായി പരിഹരിക്കണം. കൊറ്റങ്കരയിലെ വാട്ടർ ടാങ്ക് നിർമ്മാണം ആരംഭിക്കുന്നതിലെ കാലതാമസം അടിയന്തരമായി ഒഴിവാക്കണം. ഇതെല്ലാം പരിശോധിക്കുമ്പോൾ കുണ്ടറ നിയോജകമണ്ഡലത്തിന് മാത്രമായി ഒരു പ്രത്യേക കുടിവെള്ള പദ്ധതി ആരംഭിക്കണമെന്നുകൂടി ഈ സബ്മിഷനിലൂടെ അങ്ങയോട് അഭ്യർഥിക്കുകയാണ്. കൊട്ടാരക്കര ഡിവിഷന്റെ കീഴിലുള്ള ഇളമ്പൽ പദ്ധതിയിൽനിന്നാണ് നിലവിൽ കുണ്ടറയിലേയ്ക്ക് ജലം എത്തുന്നത്. അത് കൊട്ടാരക്കരയിലും കുണ്ടറയിലും ഈ സോഴ്സാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ കുണ്ടറയിലേയ്ക്ക് പൂർണ്ണമായും ജലം ലഭ്യമാകാറില്ല. കൊട്ടാരക്കര നെടുവത്തൂർ പദ്ധതി ആരംഭിച്ചാൽ കുണ്ടറയിൽ കുറച്ചുകൂടി ജലം ലഭിക്കാൻ സാധ്യതയുണ്ട്. എങ്കിലും കുണ്ടറയ്ക്ക് മാത്രമായി ഒരു പ്രത്യേക വാർട്ടർ സപ്ലൈ സ്കീം വേണമെന്നുള്ളതിന് പ്രസക്തിയുണ്ട്.

(തുടരും ......)

പി. 20-03-2025
ആർ.ആർ.-എ.എൻ.-1
11.40-11.50

(സബ്മിഷൻ-ശ്രീ. പി. സി. വിഷ്ണുനാഥ് തുടർച്ച)

വാട്ടർ കണക്ഷൻ എത്താത്ത പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്ന് അനുവദിച്ച് നൽകാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. വേനൽകാലത്ത് കെ.ഐ.പി. കനാൽ വഴി വെള്ളം തുറന്നുവിട്ടാൽ പരിസരത്തെ കിണറുകളിൽ ജല ലഭ്യതയുണ്ടാകാറുണ്ട്. പക്ഷെ ജലം തുറന്നുവിടാൻ അറിയിപ്പ് നൽകുന്ന അവസരത്തിൽ കൃഷിക്കാർ അതിനോട് യോജിക്കില്ല. കനാൽ മെയിന്റനൻസ് നടക്കാത്തതുകാരണം കെ.ഐ.പി. കനാലിൽനിന്ന് വെള്ളം തുറന്നുവിടുന്ന അവസരത്തിൽ, കൊയ്ത്തുകാലം കഴിഞ്ഞശേഷം വെള്ളം തുറന്നുവിട്ടാൽ മതിയെന്ന് നെൽകർഷകർ അഭിപ്രായപ്പെടും. അത്തരത്തിലൊരു പ്രശ്നമുണ്ട്. അതിനാവശ്യമായ നടപടി സ്വീകരിക്കണം. കൂടാതെ അടിയന്തരമായി പഞ്ചായത്തുകൾക്ക് ഒരു ഉത്തരവ് കൊടുക്കേണ്ട കാര്യംകൂടി സൂചിപ്പിക്കുന്നു. ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കേണ്ട സമയമായി. ബഹുമാനപ്പെട്ട ജലവിഭവവകുപ്പുമന്ത്രി, തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ച് ഇതുസംബന്ധിച്ച്

സർക്കാരിന്റെ ഭാഗത്തുനിന്ന് ഉത്തരവിറക്കണം. പ്ലാൻ ഫണ്ടിൽ നിന്നും പണം ഉപയോഗിച്ച് ടാങ്കർ ലോറികളിൽ കുടിവെള്ളം എത്തിക്കാനുള്ള നടപടി സ്വീകരിക്കാനുള്ള നിർദേശംകൂടി നൽകണമെന്ന് അഭ്യർഥിക്കുന്നു.

(ശ്രീ. റോഷി അഗസ്റ്റിൻ)

പി. 20-03-2025
ആർ.ആർ.-എ.എൻ.-1
11.40-11.50

കുണ്ടറ നിയോജകമണ്ഡലത്തിലെ കുടിവെള്ള ലഭ്യത

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലെ വിഷയങ്ങളാണ്. ഒട്ടേറെ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. കുണ്ടറ നിയോജകമണ്ഡലത്തിലെ കുണ്ടറ, പേരയം എന്നീ പഞ്ചായത്തുകളിൽ നിലവിലെ BAWSS to Kundara and adjoining panchayaths എന്ന കുടിവെള്ള പദ്ധതിയിൽനിന്നും ജലവിതരണം നടത്തുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇളമ്പൽ സ്ഥാപിച്ചിരിക്കുന്ന 16 MLD ജല ശുദ്ധീകരണശാലയിൽനിന്നും 500mm DI പൈപ്പുകൾ വഴി കുണ്ടറ, പേരയം എന്നീ ഉപരിതല ജലസംഭരണികളിൽ ജലം എത്തിച്ച് വിതരണം ചെയ്തുവരുന്നു. ടി പഞ്ചായത്തുകളിലെ ഉയർന്ന സ്ഥലങ്ങളിൽ ജല വിതരണം

ഉറപ്പാക്കുന്നതിന് വിവിധ സോണുകളായി തിരിച്ച് വാൽവുകൾ ക്രമീകരിച്ച് ആഴ്ചയിൽ രണ്ട് - മൂന്ന് ദിവസങ്ങളായി ജലവിതരണം ഉറപ്പാക്കുന്നുണ്ട്. ടി പദ്ധതിയിലെ പമ്പ് സെറ്റുകളെല്ലാംതന്നെ 100% stand by ഉൾപ്പെടെ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ പൈപ്പ് ലൈനുകളിലൂടെയുള്ള ചോർച്ചകളും അടിയന്തരമായി പരിഹരിച്ച് ജലവിതരണം ഉറപ്പാക്കുന്നു. കുണ്ടറ നിയോജകമണ്ഡലത്തിലെ ഇളമ്പള്ളൂർ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന പുനക്കന്നൂർ ചിറ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായ പുനക്കന്നൂർ ചിറയിലെ ജലനിരപ്പ് താഴ്ന്നതിനാൽ പൂർണ്ണമായ തോതിൽ പ്രവർത്തിക്കാൻ കഴിയുന്നില്ല. KIP കനാൽ വഴിയുള്ള ജലലഭ്യതയുണ്ടായാൽ ഇത് പരിഹരിക്കാൻ കഴിയുന്നതാണ്. ഇതിനായി കനാലിന്റെ ചുമതലയുള്ള KIP കൊട്ടിയം ഓഫീസിലേക്ക് ഇതുസംബന്ധിച്ച് അറിയിപ്പ് നൽകിയിട്ടുണ്ട്. നിലവിൽ JICA കുടിവെള്ള പദ്ധതിയിൽനിന്നും മാമച്ച് കുറ്റിപ്പുറത്ത് സ്ഥാപിച്ചിട്ടുള്ള കുഴൽകിണർ പദ്ധതി പ്രകാരം ജലലഭ്യത ഉറപ്പാക്കുന്നുണ്ട്. ടി പദ്ധതിയിലെ പമ്പ് സെറ്റുകളും അനുബന്ധ മെഷിനറികളും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി വരൾച്ചാകാലത്ത് shutdown ഉണ്ടാകാതെ പ്രവർത്തിക്കുന്നതിന് സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ പൈപ്പ്ലൈനുകളിലെ പൊട്ടലുകളും പൊതുജനങ്ങളുടെ പരാതികളും

അടിയന്തരമായി ഇടപെട്ട് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കുണ്ടറ നിയോജകമണ്ഡലത്തിൽ പെരിനാട് പഞ്ചായത്തിലെയും കൊറ്റങ്കര പഞ്ചായത്തിലെയും ജലവിതരണം കുഴൽ കിണറുകളെയും തൃക്കോവിൽവട്ടം പഞ്ചായത്തിൽ കണ്ണനല്ലൂർ ജലശുദ്ധീകരണശാലയിൽ നിന്നുമുള്ള ജലത്തെയും നെടുമ്പന പഞ്ചായത്തിൽ ജിക്കാ പദ്ധതി ജലത്തെയുമാണ് മുഖ്യമായും ആശ്രയിക്കുന്നത്. ആസന്നമായിരിക്കുന്ന വരൾച്ച കാലത്തെ മുന്നിൽക്കണ്ടുകൊണ്ട് ടി പഞ്ചായത്തുകളിൽ വിവിധ പ്രവൃത്തികൾ നടപ്പാക്കിവരുന്നു. അവയിൽ സ്റ്റേറ്റ് പ്ലാൻ, ഡ്രൌട്ട് റിലീഫ് ഫണ്ട് വിനിയോഗിച്ചുകൊണ്ടുള്ള പമ്പ് സെറ്റുകൾ, വാൽവുകൾ എന്നിവയുടെ സ്ഥാപനം, പഞ്ചായത്ത് ഡെപ്പോസിറ്റ്, എം.എൽ.എ. ഫണ്ട് എന്നിവയുപയോഗിച്ച് പുതുതായി നിർമ്മിച്ച കുഴൽ കിണറുകളുടെ കമ്മീഷനിങ് എന്നിവയും ഉൾപ്പെടുന്നു. അതോടൊപ്പം കൂടുതൽ ഇന്റർകണക്ഷൻ പ്രവൃത്തികൾ നടത്തിയും വാൽവുകൾ ക്രമീകരിച്ചും കാലഹരണപെട്ടതും ചോർച്ചയുള്ളതുമായ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിച്ചും നിലവിലുള്ള പമ്പിങ് സമയം വർധിപ്പിച്ചും വരൾച്ചാകാലത്തും ഉപഭോക്താക്കൾക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള സാധ്യമായ നടപടി സ്വീകരിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ

നിയോജകമണ്ഡലത്തിലെ ജലലഭ്യത സംബന്ധിച്ചുള്ള ആശങ്കയാണ് ഇവിടെ സൂചിപ്പിച്ച പ്രധാനപ്പെട്ട വിഷയം. ടി വിഷയം ഒരുപോലെ അഭിമുഖീകരിക്കുന്ന സ്ഥലങ്ങളാണ് കൊട്ടാരക്കരയും കുണ്ടറയും. പുതിയൊരു പദ്ധതി വരുമ്പോൾ കുറച്ചുകൂടി ആശ്വാസകരമായിരിക്കും. പക്ഷെ അതോടൊപ്പം പൈപ്പ് ലൈനുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ, വാട്ടർ ടാങ്കിന്റെ പ്രശ്നങ്ങൾ, പെർമിഷൻ കിട്ടേണ്ടതും പ്രവൃത്തി നടപ്പാക്കേണ്ടതുമായ കാര്യങ്ങൾ, കെ.ഐ.പി. കനാലുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിങ്ങനെ ഇതുസംബന്ധിച്ച് സമഗ്രമായൊരു വിഷയം പ്രദേശവാസികൾ നേരിടുന്നുണ്ട്. കൊല്ലം ജില്ലയിൽ പൊതുവെയും ഇത്തരം വിഷയങ്ങളുണ്ട്. ഈ വിഷയം പരിഹരിക്കുന്നതിന് എം.എൽ.എ.-യുടെയും വകുപ്പ് ഉദ്യോഗസ്ഥരുടെയും സാന്നിധ്യത്തിൽ ഒരു യോഗം വിളിച്ചുചേർക്കാം. എല്ലാ കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കുകയെന്നതാണ് നമ്മുടെ ലക്ഷ്യം. സോഴ്സിന്റെ കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള മാർഗം കണ്ടെത്തണം. അതിനായി ആൾട്ടർനേഷൻ കണ്ടെത്തി സാധ്യമായ കാര്യങ്ങൾ ചെയ്യാൻ സർക്കാർ തയ്യാറാകുന്നതാണ്.

(ശ്രീ. എ. സി. മൊയ്തീൻ)

പി. 20-03-2025
ആർ.ആർ.-എ.എൻ.-1
11.40-11.50

## കലശമല ഇക്കോ ടൂറിസം ഭൂമി ഏറ്റെടുക്കൽ

ശ്രീ. എ. സി. മൊയ്തീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ കലശമല ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ട വികസനത്തിനായി 10 കോടി രൂപയുടെ ഭരണാനുമതി 2019-ൽ ലഭ്യമായിട്ടുണ്ട്. അതേത്തുടർന്ന് 50 ലക്ഷം രൂപ കണ്ടിജൻസി ഫണ്ട് അടയ്ക്കുകയും പ്രത്യേക ഉദ്യോഗസ്ഥനെ നിയോഗിച്ച് ഭൂമി ഏറ്റെടുക്കുന്ന നടപടികൾ കളക്ടറേറ്റിൽനിന്ന് ആരംഭിച്ചതുമാണ്. ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ കഴിഞ്ഞു. വിദഗ്ധ സമിതി രൂപീകരിച്ച് സാമൂഹികാഘാത പഠനവും പൂർത്തിയാക്കി. പക്ഷെ കളക്ടറേറ്റിൽ നിന്ന്, ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി അടയ്ക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ള തുക 12,24,70,050 രൂപയാണ്. എന്നാൽ ഭരണാനുമതി പുതുക്കിയപ്പോൾ കണ്ടിജൻസി ചാർജ് ഒഴിവാക്കി 11,24,70,050 രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്. ചട്ടം അനുസരിച്ച്, ഇതോടൊപ്പം കണ്ടിജൻസി ഫണ്ട് അനുവദിക്കാതെ ഭൂമി ഏറ്റെടുക്കൽ നടപടി അനുവദിക്കാൻ കഴിയില്ലെന്നാണ് റവന്യൂ വകുപ്പിന്റെ നിലപാട്. കണ്ടിജൻസി ഫണ്ട് ഒഴിവാക്കി അനുമതി നൽകുകയോ ഫണ്ട്

അനുവദിക്കുകയോ ചെയ്യണം. സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ട് നാല് വർഷത്തിലധികമായി. അതുകൊണ്ട് അടിയന്തരമായി സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. നിലവിൽ 11,24,70,050 രൂപയുടെ ഭരണാനുമതിയുണ്ട്. അത് അടവാക്കിക്കൊണ്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിക്കാൻ അനുമതിയുണ്ടാകണം.

(ശ്രീ. കെ. രാജൻ)

പി. 20-03-2025
ആർ.ആർ.-എ.എൻ.-1
11.40-11.50

കലശമല ഇക്കോ ടൂറിസം ഭൂമി ഏറ്റെടുക്കൽ

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ):സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാര തുകയായി 11.74 കോടി രൂപ നിശ്ചയിച്ചിട്ടുണ്ട്. ഇതിനുള്ള കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപ സ്പെഷ്യൽ തഹസിൽദാർക്ക് വകുപ്പ് കൈമാറുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് അധിക തുക ആവശ്യമായ ഘട്ടത്തിൽ പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിനെ സമീപിച്ചപ്പോൾ 17-02-2025-ന് 11.74 കോടി രൂപയുടെ ഭരണാനുമതി നൽകി. സർക്കാർ ആവശ്യങ്ങൾക്ക്

ഭൂമി ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ് അനുവദിക്കില്ലെന്ന നിബന്ധനയോടെയാണ് പുതുക്കിയ ഭരണാനുമതി നൽകിയത്. എന്നാൽ നിലവിൽ നൽകിയ 50 ലക്ഷം രൂപകൂടി ഉൾപ്പെടുത്തി ഭരണാനുമതി പുതുക്കണമെന്ന് ഒരിക്കൽക്കൂടി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നുണ്ട്. ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനത്തിന്റെ കാലാവധി ദീർഘിപ്പിക്കാനും വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാനുള്ള പ്രത്യേക ഇടപെടൽ വകുപ്പ് നടത്തുകയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ റവന്യൂ-ടൂറിസം വകുപ്പുകൾ കൂടിയാലോചിച്ച് ഇതുസംബന്ധിച്ച താൽകാലിക പ്രതിസന്ധി പരിഹരിച്ച് ഏറ്റവും വേഗതയിൽ നടപടികളുമായി മുന്നോട്ടുപോകാം.

(ശ്രീ. ജി. എസ്. ജയലാൽ)

പി. 20-03-2025
ആർ.ആർ.-എ.എൻ.-1
11.40-11.50

പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം

ശ്രീ. ജി. എസ്. ജയലാൽ: സർ, ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെ പരവൂർ ഒല്ലാൽ റെയിൽവേ ക്രോസ് മേൽപ്പാലം നിർമ്മിക്കുന്നതിനായി കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ

കിഫ്ബി വഴി 36.75 കോടി രൂപ അനുവദിക്കുകയും നിർവഹണ ചുമതല ആർ.ബി.ഡി.സി.കെ.-ക്ക് നൽകുകയും ചെയ്തു. ജനങ്ങളുടെ പതിറ്റാണ്ടുകളായിട്ടുള്ള ആവശ്യമാണ് ഒല്ലാൽ മേൽപ്പാലം. ഈ മേൽപ്പാലം നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പലതവണ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചാണ് 11-08-2023-ൽ ഒല്ലാൽ മേൽപ്പാലത്തിന്റെ നിർമ്മാണം റെയിൽവേ അവരുടെ വർക്ക് പ്ലാനിൽ ഉൾപ്പെടുത്തിയത്. തുടർന്ന് ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ ജി.എ.ഡി. രണ്ട് തവണ റെയിൽവേ മടക്കി അയയ്ക്കുകയും സംയുക്ത പരിശോധനയ്ക്കുശേഷം 30-12-2023-ൽ പുതുക്കിയ ജി.എ.ഡി., ആർ.ബി.ഡി.സി.കെ. റെയിൽവേക്ക് സമർപ്പിക്കുകയും ചെയ്തു. 26-02-2024-ൽ അതും അംഗീകാരം നൽകാതെ റെയിൽവേ മടക്കി അയച്ചു. എസ്.വി. (സ്പെഷ്യൽ വെഹിക്കിൾ) ലോഡിങ് പ്രകാരമുള്ള ആർ.ഡി.എസ്.ഒ. അംഗീകൃത ജി.എ.ഡി. ഡ്രോയിങ് വേണമെന്നതാണ് റെയിൽവേയുടെ ആവശ്യം. ഈ നിബന്ധന മുന്നോട്ടുവയ്ക്കുമ്പോഴും അത്തരത്തിൽ ഒരു ഡ്രോയിങ് ആർ.ഡി.എസ്.ഒ.-യിൽ നിലവില്ലെന്ന് മനസ്സിലാക്കണം. നിലവില്ലാത്ത ഡ്രോയിങ്ങാണ് റെയിൽവേ

ആവശ്യപ്പെടുന്നത്. അത് ലഭ്യമാക്കുന്നതുവരെ വ്യവസ്ഥകൾക്ക് വിധേയമായി ജി.എ.ഡി. അംഗീകരിക്കാമെന്ന് റെയിൽവേ അറിയിച്ചിട്ട് ഏതാണ്ട് ഒരു വർഷമാകുന്നു. നാളിതുവരെ ഒല്ലാൽ മേൽപ്പാലത്തിന്റെ ജി.എ.ഡി.-ക്ക് റെയിൽവേ അംഗീകാരം നൽകിയിട്ടില്ല. അംഗീകാരം നൽകാത്ത പാലത്തിന്റെ നിർമ്മാണ ഉദ്ഘാടനം ഓൺലൈൻ മുഖേന ബഹുമാനപ്പെട്ട പ്രധാനമന്ത്രി നിർവഹിച്ചു എന്നത് വിരോധാഭാസമാണ്. ഈ സാഹചര്യത്തിൽ പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി.-ക്ക് അംഗീകാരം ലഭിക്കുന്നതിന് റെയിൽവേയിൽ ആവശ്യമായ ഇടപെടൽ നടത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും ഒരു പ്രധാന ഉദ്യോഗസ്ഥനെ നിയമിച്ച് നടപടികൾ സ്വീകരിച്ച് മേൽപ്പാലം യാഥാർഥ്യമാക്കണം.

(ശ്രീ. കെ. രാജൻ)

പി. 20-03-2025
ആർ.ആർ.-എ.എൻ.-1
11.40-11.50

<u>പരവൂർ ഒല്ലാൽ റെയിൽവേ മേൽപ്പാലം</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>):സർ, ഒല്ലാൽ റെയിൽവേ

മേൽപ്പാലം യാഥാർഥ്യമാക്കണമെന്ന ആവശ്യം ശ്രീ. ജി. എസ്. ജയലാൽ സഭയിൽ നേരത്തെതന്നെ ഉന്നയിച്ചിട്ടുള്ളതാണ്. അക്കാര്യത്തിൽ പ്രത്യേകമായി ഇടപെടുകയും ആർ.ഒ.ബി. യാഥാർഥ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തുകയും ചെയ്തിരുന്നു. അദ്ദേഹം ആദ്യം ഈ വിഷയം ഉന്നയിക്കുമ്പോൾ പദ്ധതി റെയിൽവേ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നില്ല. എന്നാൽ പിന്നീട് എം.എൽ.എ.-യുടെയും സർക്കാരിന്റെയും നിരന്തരമായ ആവശ്യത്തെ തുടർന്ന് റെയിൽവേ പ്ലാനിൽ ഉൾപ്പെടുത്തുകയുണ്ടായി. പിന്നീട് ജി.എ.ഡി. അംഗീകാരത്തിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടന്നത്. ചില സാങ്കേതിക പ്രശ്നങ്ങൾ അവിടെയും ഉയർന്നുവന്നു. ആ ഘട്ടത്തിൽ ആർ.ബി.ഡി.സി.കെ.-യുടെ നേതൃത്വത്തിൽ റെയിൽവേയുമായി പ്രത്യേക യോഗം ചേരുകയും ജി.എ.ഡി.-യുടെ കാര്യത്തിൽ ചില ധാരണകളിൽ എത്തുകയും ചെയ്തു. റെയിൽവേ അറിയിച്ച തിരുത്തലോടുകൂടിയുള്ള ജി.എ.ഡി. റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയാണ്. ആർ.ബി.ഡി.സി.കെ. മാനേജിങ് ഡയറക്ടർ ഇക്കാര്യത്തിൽ ഫോളോഅപ്പുകൾ നടത്തുന്നുണ്ട്. വേഗത്തിൽ അംഗീകാരം ലഭിക്കുമെന്നാണ് റെയിൽവേ അറിയിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട പ്രധാനമന്ത്രി തറക്കല്ലിടുക ഉൾപ്പെടെ ചെയ്ത സാഹചര്യത്തിൽ ജി.എ.ഡി.-ക്ക് റെയിൽവേയിൽനിന്ന് അംഗീകാരം

ലഭ്യമാക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുകയും ലഭ്യമായാലുടൻ ഭൂമി ഏറ്റെടുക്കൽ നടപടികളിലേയ്ക്ക് കടക്കാനാവുകയും ചെയ്യുമെന്ന് അറിയിക്കുന്നു.

(ശ്രീ. കെ. ഡി. പ്രസേനൻ)

P 20-03-2025
NR/AN (1)
11.50-12.00

ആലത്തൂർ മണ്ഡലത്തിലെ പറക്കുന്നം പാലം-അപ്രോച്ച് റോഡ്-നിർമ്മാണം

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ആലത്തൂർ മണ്ഡലത്തിൽ ഏറ്റവും കൂടുതൽ പിന്നാക്ക ജനവിഭാഗം തിങ്ങിപ്പാർക്കുന്ന ഒരുസ്ഥലത്തിനുവേണ്ടി 2017-ലെ കിഫ്ബി പ്രോജക്റ്റിന്റെ ഭാഗമായി പ്രഖ്യാപിച്ച സുപ്രധാനമായൊരു പാലമാണ് പറക്കുന്നം പാലം. അതിനാവശ്യമായ അലൈൻമെന്റും ഡിസൈനും തയ്യാറാക്കുകയും ചെയ്തിരുന്നു. അതുമായി ബന്ധപ്പെട്ട പ്രാഥമിക യോഗങ്ങളിൽ ഞാൻ പങ്കെടുക്കുകയുമുണ്ടായി. പാലം നിർമ്മാണത്തിന് ഏത് സ്ഥലമാണ് ആവശ്യമായി വരികയെന്ന് കണ്ടെത്തി സ്ഥലം ഉടമകളെ വിളിച്ച് ചേർത്തു. അവർ ഫ്രീസറണ്ടറിങ്ങിന് തയ്യാറായതിനാൽ പാലം പണിയുന്നതിന് ഒരു പ്രശ്നവുമുണ്ടായിരുന്നില്ല. പാലം നിർമ്മിക്കുന്നതിന് പതിനഞ്ച് കോടി രൂപ അനുവദിക്കുകയും ചെയ്തു. എന്നാൽ പിന്നീട് ഡിസൈൻ വിഭാഗം ടീം അവിടെ പരിശോധിക്കുകയും അലൈൻമെന്റിൽ

ചെറിയ മാറ്റം വരുത്താൻവേണ്ടി നിർദേശിക്കുകയും ചെയ്തു. ഒരിക്കലും ഫ്രീസറണ്ടറിങ് കിട്ടില്ലെന്നു മാത്രമല്ല, വില കൊടുത്താൽപോലും ഭൂമി നൽകാൻ തയ്യാറാകാതെ നിയമപരമായ തടസ്സങ്ങൾ ഉന്നയിക്കുമെന്ന് ഉറപ്പുള്ള ഒരു പ്രവാസിയുടെ ഭൂമിയുടെ അഞ്ചോ പത്തോ സ്ക്വയർ ഫീറ്റ് സ്ഥലം നിർമ്മാണത്തിൽ കയറിവരുന്ന രീതിയിൽ അതിന്റെ അലൈൻമെന്റ് മാറ്റി. അതിന് അവർ പറഞ്ഞ കാരണം..... ആ കുറിപ്പ് അടുത്ത കാലത്താണ് ഞാൻ കണ്ടത്, എം.എൽ.എ. അറിയാതെയാണ് അവർ അലൈൻമെന്റുകളെല്ലാം മാറ്റുന്നത്. അവസാനം എൽ.എ. പ്രൊവിഷൻ ഉൾപ്പെടെ കിഫ്ബി അനുവദിച്ചു. പക്ഷേ അത് റവന്യൂ വകുപ്പിലേക്ക് കൊടുക്കുന്ന നടപടിക്രമമാകുമ്പോഴാണ് ഇതിൽ ഗൗരവമായ ഇടപെടൽ ഞാൻ നടത്തുന്നത്. അവിടെ അലൈൻമെന്റ് മാറ്റേണ്ട ഒരു കാര്യവുമുണ്ടായിരുന്നില്ലെന്നാണ് ഇപ്പോൾ അവിടെ പരിശോധിച്ചപ്പോൾ മനസിലായത്. ഇറിഗേഷൻ വകുപ്പിന്റെ എന്തോ അവിടെ നിൽക്കുന്നുണ്ടെന്നാണ് കാരണമായി അവർ നോട്ടിൽ എഴുതിയിരിക്കുന്നത്. അങ്ങയൊന്നുമില്ല. അവിടത്തെ പാടശേഖര സമിതിയുടെ ലിഫ്റ്റ് ഇറിഗേഷന്റെ പ്രോജക്ടിന്റെ ഭാഗമായി പണ്ട് പണിത ഒരു ചെറിയ ഷെഡ്ഡുണ്ട്. ഏതുസമയത്തുപറഞ്ഞാലും നാട്ടുകാരോ പഞ്ചായത്തോ അത്

മാറ്റിക്കൊടുക്കുന്നതാണ്. പ്രായോഗികമായ അല്ലെങ്കിൽ പ്രാദേശികമായ പരിശോധനയൊന്നും ഇല്ലാതെ അവർ നിശ്ചയിച്ച പ്രകാരം അലൈൻമെന്റ് മാറ്റിയതിന്റെ ഫലമായി വലിയ കാലതാമസമാണുണ്ടായത്. അടിയന്തരമായി ഞങ്ങൾ മീറ്റിങ് വിളിച്ചുചേർക്കുകയും പഴയ അലൈൻമെന്റിൽ പണിതാൽ ഒരുകുഴപ്പവും ആ പാലത്തിനുണ്ടാകില്ലെന്നും അതുകൊണ്ട് ആ പാലം പണിയണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. എൽ.എ. പ്രൊവിഷനോ അധികം തുകയോ ആവശ്യമില്ലാതെ നിലവിലുള്ള തുകയിൽതന്നെ സേവിങ്സ് കണ്ടെത്താൻവേണ്ടി കഴിയും. അതിന് അനുമതി നൽകണമെന്ന് പറഞ്ഞ് തീരുമാനമെടുത്ത് നൽകിയിട്ടുണ്ട്. അതുകൊണ്ട് അടിയന്തരമായി ആ പാലം നിർമ്മിക്കുന്നതിനാവശ്യമായ സഹായമുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

(ശ്രീ. കെ. രാജൻ)

P 20-03-2025
NR/AN (1)
11.50-12.00

ആലത്തൂർ മണ്ഡലത്തിലെ പറക്കുന്നം പാലം-അപ്രോച്ച് റോഡ്-നിർമ്മാണം

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ആലത്തൂർ

മണ്ഡലത്തിലെ പറക്കുന്നം പാലം-അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തിക്ക് 14.53 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും നൽകിയിട്ടുണ്ട്. പാലത്തിന്റെ സ്ഥലമേറ്റെടുക്കുന്ന നടപടികൾ പ്രാരംഭഘട്ടത്തിലേക്ക് കടക്കുകയും ചെയ്തിരുന്നു. ബഹുമാനപ്പെട്ട അംഗം അതിന്റെ വിശദാംശങ്ങളെല്ലാം ഇവിടെ സൂചിപ്പിച്ചതുകൊണ്ട് അത് പ്രത്യേകമായി പ്രതിപാദിക്കുന്നില്ല. നിലവിലുള്ള അലൈൻമെന്റിൽ മാറ്റംവരുത്തിയാൽ സ്ഥലമേറ്റെടുക്കൽ നടപടികൾക്ക് കാലതാമസം ഒഴിവാക്കാനാകുമെന്ന് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് അനുസരിച്ച് പുതുക്കിയ അലൈൻമെന്റ് തയ്യാറാക്കുകയാണ്. അലൈൻമെന്റ് പുതുക്കി പുതിയ ഡിസൈൻ തയ്യാറാക്കി കിഫ്ബിയിൽനിന്നും അനുമതി ലഭിച്ചാൽ തുടർനടപടികളിലേക്ക് കടക്കാനാകും. ഈ സബ്മിഷന്റെ ഭാഗമായി ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ഉന്നയിച്ച കാര്യങ്ങൾകൂടി ഉൾപ്പെടുത്തി ഈ നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ KRFB-PMU പ്രോജക്ട് ഡയറക്ടർക്ക് ഇതിനകം നിർദേശം നൽകിയിട്ടുണ്ട്. ഇന്ന് അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾകൂടി പ്രത്യേകമായി അവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(ശ്രീ. ആന്റണി ജോൺ)

P 20-03-2025
NR/AN (1)
11.50-12.00

തങ്കളം-കാക്കനാട് നാലുവരി പാത

ശ്രീ. ആന്റണി ജോൺ: സർ, എറണാകുളം ജില്ലയിലെ പ്രധാനപ്പെട്ട റോഡ് വികസന പദ്ധതിയുമായി ബന്ധപ്പെട്ടുള്ളതാണ് എന്റെ സബ്മിഷൻ. നിരവധി തവണ ഈ സഭയിൽതന്നെ ചോദ്യങ്ങളായും സബ്മിഷനുകളായും ടി വിഷയം ഞാൻ കൊണ്ടുവന്നിട്ടുള്ളതാണ്. എന്റെ മണ്ഡലത്തിലെ കോതമംഗലം തങ്കളത്തുനിന്നും ആരംഭിച്ച് ജില്ലാ ആസ്ഥാനമായ കാക്കനാട് എത്തിച്ചേരുന്ന, ആകെ ഇരുപത്തിയേഴ് കിലോമീറ്റർ ദൂരം വരുന്ന തങ്കളം-കാക്കനാട് നാലുവരി പാത നിർമ്മാണ പദ്ധതി 2006-2007-ലെ വി.എസ്. ഗവൺമെന്റിന്റെ കാലത്ത് അംഗീകരിച്ചതാണ്. പിന്നീട് 2009-2010 കാലത്ത് കോതമംഗലം മണ്ഡലത്തിൽ ഒരുകിലോമീറ്റർ ദൂരം വരുന്ന പ്രദേശത്ത് ആ റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചിരുന്നു. അതിന്റെ തുടർച്ചയായി പിന്നീട് പത്തുവർഷക്കാലത്തിനുശേഷം 2019-ലാണ് വീണ്ടും അരകിലോമീറ്റർ റോഡിന്റെ നിർമ്മാണം കോതമംഗലം പട്ടണത്തോട് ചേർന്നുവരുന്ന പ്രദേശത്ത് നിർമ്മിക്കാൻവേണ്ടി സാധിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ ഒന്നാം പിണറായി സർക്കാരിന്റെ ആദ്യ രണ്ട്

ബജറ്റുകളിൽ ഈ പദ്ധതി കിഫ്ബി പദ്ധതിയായി മാറ്റുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിരുന്നു. അത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്ന ഘട്ടത്തിലാണ് ഈ റോഡിന് IRC മാനദണ്ഡം അനുസരിച്ച് നേരത്തെ നിശ്ചയിച്ചിരുന്ന അലൈൻമെന്റ് സാധ്യമല്ലെന്നുള്ള വാദം വരികയും അതിന്റെ തുടർച്ചയായി പദ്ധതിതന്നെ പ്രതിസന്ധിയിലാക്കുന്ന നിലയിൽ കാര്യങ്ങൾ എത്തുകയുമാണുണ്ടായത്. എന്റെ മണ്ഡലത്തിലെ ഇരമല്ലൂർ വില്ലേജിൽ ഭൂമി ഏറ്റെടുക്കൽ നടപടികളടക്കം അവസാന ഘട്ടത്തിൽ എത്തിയിട്ടുള്ളതാണ്. കോതമംഗലം മണ്ഡലം മാത്രമല്ല, മൂവാറ്റുപുഴ, പെരുമ്പാവൂർ, കുന്നത്തുനാട് എന്നീ നാലുമണ്ഡലങ്ങളിലൂടെ കടന്നാണ് ഈ പാത ജില്ലാ ആസ്ഥാനമായിട്ടുള്ള കാക്കനാട് എത്തുന്നത്. യഥാർത്ഥത്തിൽ ജില്ലയിലെതന്നെ റോഡ് വികസന പദ്ധതിയിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയെന്നപോലെതന്നെ, ജില്ലയുടെ കിഴക്കൻ മേഖലയെ ജില്ലാ ആസ്ഥാനവുമായി അതിവേഗം ബന്ധിപ്പിക്കുന്ന പദ്ധതിയാണിത്. അതോടൊപ്പം എറണാകുളം-ഇടുക്കി ജില്ലകളെ തമ്മിൽ അതിവേഗം ബന്ധിപ്പിക്കുന്ന പദ്ധതിയെന്നുള്ള നിലയിലും ടൂറിസം ഐ.ടി. രംഗങ്ങളിൽ വലിയ വികസന സാധ്യതകൾ നൽകുന്ന പദ്ധതിയെന്നുള്ള നിലയിലും ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രതിസന്ധി പരിഹരിച്ചുകൊണ്ട് പദ്ധതി

യാഥാർത്ഥ്യമാക്കുന്നതിന് വേണ്ടിയിട്ടുള്ള അടിയന്തര ഇടപെടലുണ്ടാകണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

(ശ്രീ. കെ. രാജൻ)

P 20-03-2025
NR/AN (1)
11.50-12.00

തങ്കളം-കാക്കനാട് നാലുവരി പാത

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കാക്കനാട്-തങ്കളം നാലുവരി പാത യാഥാർത്ഥ്യമാക്കണമെന്നാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ആവശ്യപ്പെട്ടത്. ഇത് യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയാണ് തുടർച്ചയായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കാക്കനാട്-തങ്കളം നാലുവരി പാതയുടെ നിർമ്മാണം പ്രധാന പദ്ധതിയായി കിഫ്ബി പരിഗണിച്ച പദ്ധതികളിൽ ഒന്നാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം വളരെ വിശദമായി സൂചിപ്പിച്ചതുപോലെ, ചില പ്രതിസന്ധികൾ ഇടക്കാലത്തുണ്ടായെന്നത് യാഥാർത്ഥ്യമാണ്. ഗ്രേഡിയന്റ് കൂടുതലായതിനാൽ

IRC മാനദണ്ഡങ്ങൾ പാലിച്ച് റോഡ് ഡിസൈൻ ചെയ്യാൻ സാധ്യമല്ലെന്ന് ഡിസൈൻ വിഭാഗം കണ്ടെത്തി. ഇതിനെത്തുടർന്ന് മറ്റ് അലൈൻമെന്റുകൾ പരിശോധിച്ചുവരികയാണ്. കിഫ്ബിയുടെ ടി.ആർ.സി. വിങിന്റെ സാങ്കേതിക സഹായത്തോടെയാണ് മറ്റ് അലൈൻമെന്റുകളെ സംബന്ധിച്ച് പരിശോധന നടത്തുന്നത്. എല്ലാ സാധ്യതകളും പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കും. ഈ റോഡിന്റെ ചെയിനേജ് 24/600 മുതൽ 26/057 വരെ വികസിപ്പിക്കുന്നതിന് സ്ഥലമേറ്റെടുക്കാൻ സംസ്ഥാന ബജറ്റിൽനിന്നും ഇരുപതുകോടി രൂപ അനുവദിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലുള്ള സ്ഥലമേറ്റെടുക്കൽ നടപടികളും പുരോഗമിക്കുന്നു. ഏറ്റവും ശ്രദ്ധയോടെ ഈ പദ്ധതി നടപ്പാക്കാൻ ആവശ്യമായ നടപടിക്രമങ്ങൾ സാധ്യമായതെല്ലാം സർക്കാർ കൈക്കൊള്ളും. സർക്കാർ പ്രഖ്യാപിച്ചൊരു പദ്ധതിയെന്ന നിലയിൽ അത് മുഖവിലയ്ക്കെടുത്ത് മുന്നോട്ടുപോകും.

(ശ്രീ. എൻ. ഷംസുദ്ദീൻ)

P 20-03-2025
NR/AN (1)
11.50-12.00

<u>മണ്ണാർക്കാട്-മുള്ളി-തമിഴ്നാട് പാത തുറക്കൽ</u>

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മണ്ണാർക്കാട് നിന്നും അട്ടപ്പാടി മുള്ളി വഴി ഊട്ടിയിലേക്ക് പോകുന്ന പരമ്പരാഗതമായിട്ടുള്ള പാതയുണ്ട്. അതുവഴിയാണ് ആളുകൾ നിലഗിരി ജില്ലയിലെ ഊട്ടിയിലേക്ക് പോകുകയും വരികയും ചെയ്തിരുന്നത്. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുമുമ്പ് തമിഴ്നാട് ആ പാത അടയ്ക്കുകയുണ്ടായി. അതുവഴി ആളുകളെ യാത്ര ചെയ്യാൻ അനുവദിക്കാത്ത സ്ഥിതിവന്നു. 05-07-2022-ൽ സമാനമായ ഒരു സബ്മിഷൻ ഉന്നയിച്ച് ഗൗരവതരമായ ഈ വിഷയം നിയമസഭമുമ്പാകെ ഞാൻ കൊണ്ടുവന്നിരുന്നതാണ്. സംസ്ഥാന സർക്കാർ ഇടപെടാമെന്നും യാത്ര പുനഃസ്ഥാപിക്കേണ്ടത് ആവശ്യമാണെന്ന് ഗവൺമെന്റിന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും അതിനുമറുപടിയായി ബഹുമാനപ്പെട്ട മന്ത്രി അന്ന് സൂചിപ്പിക്കുകയുണ്ടായി. അതിന് പരിഹാരമാകാത്തതുകാരണമാണ് വീണ്ടും ഒരു സബ്മിഷൻ ഇവിടെ കൊണ്ടുവന്നത്. അവിടെ ഒരു സമ്മേളനത്തിന് പോയപ്പോൾ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. എം. കെ. സ്റ്റാലിന് ഞാൻതന്നെ ഒരു നിവേദനം നൽകിയിരുന്നു. മറ്റു പലരും പല സംഘടനകളും നിവേദനങ്ങൾ കൊടുത്തു. പക്ഷേ ഇതുവരെ പരിഹാരമായിട്ടില്ല. രണ്ട് സംസ്ഥാനങ്ങൾ തമ്മിലുള്ള ചർച്ചയ്ക്ക് വേണ്ട സൗകര്യങ്ങൾ ചെയ്യാമെന്ന് ഗവൺമെന്റ് പറഞ്ഞിരുന്നു.

അതും നടന്നില്ല. അന്തർ സംസ്ഥാന വിഷയമായതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി നൽകട്ടെയെന്ന് കരുതി ഈ സഭാസമ്മേളനത്തിന്റെ തുടക്കത്തിൽ (23-01-2025-ന്) ഞാൻ മുഖ്യമന്ത്രിക്ക് കൊടുത്ത സബ്മിഷനാണിത്. മുഖ്യമന്ത്രി ആ സബ്മിഷന് മറുപടി നൽകാത്ത സാഹചര്യത്തിലാണ് വനം വകുപ്പുമന്ത്രിയിൽനിന്നെങ്കിലും ഒരിക്കൽക്കൂടി മറുപടി ലഭിക്കട്ടെയെന്ന് കരുതി വീണ്ടും ഈ സബ്മിഷൻ അങ്ങയുടെ മുമ്പിൽ സമർപ്പിക്കുന്നത്. മണ്ണാർക്കാടുനിന്നും ഊട്ടിയിലേക്ക് നൂറ് കിലോമീറ്ററിനുള്ളിൽ എത്താൻ സാധിക്കുന്ന വഴിയാണിത്. പാലക്കാട് ജില്ലക്കാർക്ക് മാത്രമല്ല, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ ജില്ലക്കാർക്കൊക്കെ സുഖവാസ കേന്ദ്രമായ അല്ലെങ്കിൽ ടൂറിസം കേന്ദ്രമായ ഊട്ടിയിലേക്ക് പോകാനുള്ള ഏറ്റവും നല്ല എളുപ്പ മാർഗമാണിത്. മാത്രമല്ല, പോകുന്ന വഴിയാകട്ടെ നല്ല മനോഹരമായ പ്രദേശങ്ങളാണ്. ആ സ്ഥലം കാണാൻ ചെറുപ്പക്കാർക്ക് വലിയ ആഗ്രഹവുമാണ്. അതുകൊണ്ട് അവർ വളരെ സജീവമായി അതുവഴി പോയിരുന്നതാണ്. പക്ഷേ ഇപ്പോൾ നിർദാക്ഷണ്യം അതുവഴി പോകുന്നത് തടഞ്ഞിരിക്കുകയാണ്. ചില മുടന്തൻ ന്യായങ്ങളാണ് അതിന് കാരണമായി പറയുന്നത്. ഗവൺമെന്റ് ഇക്കാര്യത്തിൽ സജീവമായി ഇടപെടണം. ഈ വിഷയം ഗൗരവകരമായി

എടുക്കണം എന്നതുകൊണ്ടാണ് ഞാൻ വീണ്ടും സബ്മിഷൻ ഇവിടെ ഉന്നയിക്കുന്നത്. ഒരു ഉദ്യോഗസ്ഥ സംഘത്തെ തമിഴ്നാട്ടിലേക്ക് അയച്ച് ടി പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. മുമ്പ് പോയിരുന്നപോലെ എല്ലാവർക്കും അതുവഴി യാത്ര ചെയ്യാനുള്ള സൗകര്യങ്ങളുണ്ടാവണം. ഇപ്പോൾ തദ്ദേശീയരെപോലും തടഞ്ഞിരിക്കുകയാണ്. അട്ടപ്പാടിയിലും നീലഗിരി ജില്ലയിലുമായി ആദിവാസികൾ ഉൾപ്പെടെയുള്ള കുടുംബക്കാർ അടുത്തടുത്ത പ്രദേശങ്ങളിലുണ്ട്, വിവാഹബന്ധങ്ങളുള്ളവരുമുണ്ട്. അവർക്കുപോലും പോകുന്നതിന് ഇതൊരു തടസ്സമാണ്. അതുകൊണ്ട് ഈ വിഷയം പരിഹരിക്കുന്നതിന് ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധയും ഇടപെടലുമുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

(ശ്രീ. എ. കെ. ശശീന്ദ്രൻ)

P-20-03-2025-AK-SO (1) -12.00-12.10

<u>മണ്ണാർക്കാട് -മുള്ളി-തമിഴ്നാട് പാത തുറക്കൽ</u>

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗം ഇവിടെ വിശദീകരിച്ചതുപോലെ ടി വിഷയം പല പ്രാവശ്യം സഭയുടെയും മന്ത്രിയുടെയും വകുപ്പിന്റെയും

ശ്രദ്ധയിൽപ്പെട്ടതാണ്. 118 കി.മീ. ദൂരമുള്ള ഈ റോഡിന്റെ പകുതിയിലധികം ഭാഗം തമിഴ്നാടിന്റെ വനാതിർത്തിയുമായി ബന്ധപ്പെട്ടതാണ്. കേരളത്തിന്റെ ഭാഗത്ത് യാതൊരു തരത്തിലുള്ള യാത്രാതടസ്സങ്ങളും അന്നുമില്ല, ഇന്നുമില്ല, നാളെ ഉണ്ടാവുകയുമില്ല. എന്നാൽ കഴിഞ്ഞ പ്രാവശ്യം ഉന്നയിച്ച ഇതേ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ, സംസ്ഥാന വനം വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി തമിഴ്നാട് സർക്കാരിന്റെ അഡീഷണൽ ചീഫ് സെക്രട്ടറിയുമായി ചർച്ച നടത്തുകയും ടി വിഷയം പരിശോധിക്കാമെന്ന് അനുഭാവപൂർവം മറുപടി നൽകിയെങ്കിലും തുടർനടപടികളുമായി മുന്നോട്ടുപോകാൻ സാധിച്ചിട്ടില്ല. അതിനാൽ മേല്പറഞ്ഞ ആവശ്യം വീണ്ടും തമിഴ്നാട് സർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരാനുള്ള നടപടികൾ മാത്രമേ സർക്കാരിന് സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടൽ ആവശ്യമാണെങ്കിൽ ടി വിഷയം ശ്രദ്ധയിൽപ്പെടുത്തി അദ്ദേഹത്തിന്റെ സഹായത്തോടെ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇന്ന് രാവിലെ ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയ അവസരത്തിൽ നിലവിൽ വകുപ്പുമന്ത്രിതന്നെ അതിനായി ശ്രമിച്ചോളുവെന്നും പിന്നീട് സർക്കാർ ഇടപെടാമെന്നുമുള്ള അനുകൂലമായ നിലപാടാണ്

അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഏതായാലും വനം മേഖലയിലൂടെയുള്ള യാത്രയ്ക്ക് കേരളം നൽകുന്നതുപോലെയുള്ള ഉദാരമായ സമീപനമല്ല തമിഴ്നാട് ഇതുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലും സ്വീകരിച്ചുപോരുന്നതെന്ന് നാം മനസിലാക്കേണ്ടതുണ്ട്. കോഴിക്കോട്-മൈസൂർ ദേശീയപാതയിൽപ്പോലും രാത്രി 9 മണിക്കുശേഷം ഗതാഗതം നിരോധിച്ചുകൊണ്ടുള്ള ഉത്തരവ് വന്നിട്ട് 20 വർഷങ്ങളോളമായി. നിരന്തരമായ ഇടപെടലുകളുണ്ടായിട്ടും ഇക്കാര്യത്തിൽ അവർ പിന്നോട്ടുപോകാൻ തയ്യാറല്ല. വനസംരക്ഷണത്തിനും വന്യജീവി സംരക്ഷണത്തിനും ഭരണഘടനാപരമായ ബാധ്യത നിർവഹിക്കുന്നതിൽ കേരളത്തേക്കാൾ പ്രതിബദ്ധതയോടുകൂടി അവർ പ്രവർത്തിക്കുന്നുവെന്നതിനെ ഈ അർത്ഥത്തിൽ കുറ്റപ്പെടുത്താൻ സാധിക്കില്ലെങ്കിലും ജനകീയമായ ആവശ്യങ്ങളോട് ഉദാരമായ സമീപനം സ്വീകരിക്കണമെന്ന അഭ്യർത്ഥനയാണ് ഈ സഭയ്ക്ക് ബഹുമാനപ്പെട്ട തമിഴ്നാട് സർക്കാരിനുമുമ്പാകെ നിർദേശിക്കാനുള്ളത്. ഈ വിഷയത്തിൽ തമിഴ്നാട് സർക്കാരുമായി തുടർച്ചയായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മണ്ണാർക്കാട് അംഗത്തിന്റെ ആവശ്യത്തോട് നീതിപുലർത്താൻ സാധിക്കുമെന്നാണ് കരുതുന്നത്.

(ശ്രീ. മുരളി പെരുനെല്ലി)

P-20-03-2025-AK-SO (1) -12.00-12.10

## മണലൂർ നിയോജകമണ്ഡലത്തിലെ പാരീസ് റോഡ് പുനർനിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: സർ, മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ പാരീസ് റോഡ് റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഏകദേശം 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതാണ്. ഇതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ ഡ്രഡ്ജിങ്ങും കേബിൾ ജോലികളും നടക്കുന്നതിനാൽ പാരീസ് റോഡ് പൊളിഞ്ഞ് ശോചനീയമായ അവസ്ഥയിലാണ്. ഈ റോഡിന്റെ നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്തുവെങ്കിലും ഡ്രെയിൻ, കലുങ്ക് എന്നിവയുടെ നിർമ്മാണമുൾപ്പെടെ ഏകദേശം 20 ശതമാനം പ്രവൃത്തി മാത്രമാണ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ളത്. എന്നാൽ ഇതിനിടയിൽ കരാറുകാരനെ മാറ്റി പ്രവൃത്തികൾ പുനഃക്രമീകരിക്കാനുള്ള നടപടി സ്വീകരിച്ചുവെങ്കിലും നിർമ്മാണം പുനഃരാരംഭിക്കാൻ സാധിക്കാത്ത ശോച്യാവസ്ഥയാണ് നിലനിൽക്കുന്നത്. 08-07-2024-ലെ ചോദ്യത്തിനും 10-07-2024-ൽ ഇതേ വിഷയത്തിന്മേൽ സബ്മിഷൻ ഉന്നയിച്ചപ്പോഴും ഈ പ്രവൃത്തികൾ

പുനഃക്രമീകരിച്ച് നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുമെന്നും അറിയിച്ചെങ്കിലും നിലവിലെ കരാർ റദ്ദാക്കി പ്രവൃത്തി പുനഃക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. സമാനമായ രീതിയിൽ സംസ്ഥാനത്ത് 8 റോഡുകളുടെ നിർമ്മാണം മുടങ്ങിക്കിടക്കുകയാണെന്നാണ് റീബിൽഡ് കേരളയുടെ എക്സിക്യൂട്ടീവ് ഡയറക്ടറുമായി ബന്ധപ്പെട്ടപ്പോൾ അറിയാൻ സാധിച്ചത്. നിരവധി വാഹനങ്ങൾ കടന്നുപോകുന്നതും കുന്നംകുളത്തേയ്ക്കുള്ള ഏറ്റവും എളുപ്പമാർഗ്ഗത്തിലുള്ള റോഡുമായതിനാൽ യാത്രക്കാർക്ക് വളരെ പ്രയാസമുണ്ടാക്കുന്നുണ്ട്. ടെൻഡർ ചെയ്ത് ടി പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാരെ ലഭിക്കാത്ത സാഹചര്യത്തിൽ ഇ-ക്വട്ടേഷൻ നടത്താമെന്നാണ് മനസിലാക്കിയിട്ടുള്ളത്. പാരീസ് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടിയെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

(ശ്രീ. ഒ. ആർ. കേളു)

P-20-03-2025-AK-SO (1) -12.00-12.10

<u>മണലൂർ നിയോജകമണ്ഡലത്തിലെ പാരീസ് റോഡ് പുനർനിർമ്മാണം</u>

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ

ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, തൃശ്ശൂർ ജില്ലയിലെ കണ്ടാണശ്ശേരി പഞ്ചായത്തിലെ പാരീസ് റോഡിന്റെ പുനരുദ്ധാരണം എന്ന പ്രവൃത്തിക്കുവേണ്ടി റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി 1.85 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുകയും തുടർന്ന് കരാറുകാരനായ ശ്രീ. ബിബിൻ തോമസുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുകയും ചെയ്തു. പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ടി പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ 25-09-2024-ൽ പുനഃക്രമീകരിക്കുകയുണ്ടായി. ടി പ്രവൃത്തി രണ്ടുപ്രാവശ്യം ടെൻഡർ ചെയ്തുവെങ്കിലും കരാറുകാർ ആരുംതന്നെ പ്രവൃത്തി ഏറ്റെടുത്തിട്ടില്ല. അതേസമയം 31-12-2024-ലെ സർക്കാർ ഉത്തരവുപ്രകാരം റീബിൽഡ് കേരള പ്രോജക്ട് മാനേജ്മെന്റിന്റെ യൂണിറ്റ് കാലാവധി 2025 ജൂൺ 30-ന് അവസാനിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ മൊത്തത്തിലുള്ള നിർമ്മാണപ്രവൃത്തികളുടെ തൽസ്ഥിതി പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ടി നടപടി പൂർത്തിയായാൽ മാത്രമേ ഈ പദ്ധതി സംബന്ധിച്ച തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

(ശ്രീ. എം. എസ്. അരുൺ കുമാർ)

P-20-03-2025-AK-SO (1) -12.00-12.10

പൊതു ഇടങ്ങളിലെ തെരുവുനായശല്യം

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, വളരെ വേദനയോടുകൂടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. എന്റെ മണ്ഡലത്തിൽ പഠനത്തിലും കലാ-കായിക മേഖലയിലും ഏറെ മിടുക്കനായ സാവന്ത് എന്ന വിദ്യാർഥി ഒന്നരമാസംമുമ്പ് സൈക്കിളിൽ യാത്രചെയ്യവെ തെരുവുനായ ആക്രമിക്കുകയും കുട്ടി റോഡിൽ വീഴുകയും ചെയ്തു. എന്നാൽ, തെരുവുനായ ആക്രമിച്ച കാര്യം കുട്ടി വീട്ടുകാരോട് പറയാതിരുന്നതിനാൽ പ്രതിരോധ കുത്തിവയ്പെടുക്കാൻ സാധിച്ചില്ല. ശരീരത്തിൽ പ്രകടമായ മുറിവുകളൊന്നുംതന്നെ ഉണ്ടായിരുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. ആക്രമണത്തെത്തുടർന്ന് കുട്ടിക്ക് പനി ബാധിക്കുകയും ആശുപത്രിയിലെത്തിക്കുകയും പിന്നീട് പേവിഷ ബാധയുണ്ടെന്ന് സ്ഥിരീകരിക്കുകയും കുട്ടി മരണപ്പെടുകയും ചെയ്യുന്നൊരു സാഹചര്യമുണ്ടായി. ഓരോ നിയോജക മണ്ഡലത്തിലെയും മിക്ക പഞ്ചായത്തുകളിലും വ്യാപകമായി തെരുവുനായ ആക്രമണമുണ്ടാകുന്ന സാഹചര്യം

നിലനിൽക്കുകയാണ്. എന്റെ മണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായി നിലനിൽക്കുന്നത് രണ്ട് "പ" കളാണ്, അതായത് ഒന്ന് പട്ടിയും മറ്റൊന്ന് പന്നിയുമാണ്. 1960-ലും 2001-ലും ഇതിനായി കേന്ദ്ര നിയമങ്ങൾ കൊണ്ടുവന്നെങ്കിലും അവയൊക്കെ മൃഗങ്ങൾക്ക് കൂടുതൽ സംരക്ഷണം നൽകുന്ന നിലയിലെത്തുകയും മനുഷ്യജീവനുകൾക്ക് വിലയില്ലാത്ത നിലയിലേയ്ക്ക് പലപ്പോഴും മാറുന്ന സാഹചര്യമാണ് കണ്ടുവരുന്നത്. തെരുവുനായകളില്ലാത്ത തെരുവുകളായി കേരളത്തെ മാറ്റിയെടുക്കുന്നതിനാവശ്യമായ പ്രവർത്തനം നടത്തണമെന്നാണ് സൂചിപ്പിക്കാനുള്ളത്. എ.ബി.സി. (അനിമൽ ബർത്ത് കൺട്രോൾ) പ്രോഗ്രാമിന്റെ ഭാഗമായി വാക്സിനെടുത്താലും പല രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിയാലും തെരുവുനായകളെ എവിടെനിന്നാണോ കൊണ്ടുവന്നത് അവിടെത്തന്നെ തിരികെ കൊണ്ടുവിടുകയാണ് ചെയ്യുന്നത്. തെരുവുനായ ആക്രമണങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ ഇവ തടയാനാവശ്യമായ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. വന്യമൃഗ ആക്രമണങ്ങൾക്കെതിരെ ധാരാളം പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്; ഇല്ലെന്ന് പറയുന്നില്ല. തെരുവുനായകളില്ലാത്ത തെരുവുകളായി കേരളത്തെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ

ആവശ്യപ്പെടുകയാണ്.

(ശ്രീ. ഒ. ആർ. കേളു)

P-20-03-2025-AK-SO (1) -12.00-12.10

## പൊതു ഇടങ്ങളിലെ തെരുവുനായശല്യം

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, വർധിച്ചു വരുന്ന തെരുവുനായ അക്രമം പരിഹരിക്കുന്നതിനായി 23-08-2022-ലെ സ. ഉ. (സാധാ) നം. 2065/2022/LSGD, 15-09-2022-ലെ സ. ഉ. (സാധാ) നം. 2244/2022/LSGD എന്നീ ഉത്തരവുകൾപ്രകാരം സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്ത് തെരുവുനായകളുടെ വംശവർധനവ് നിയന്ത്രിക്കുക, പേവിഷബാധ തടയുക, തെരുവോരങ്ങളിലെ മാലിന്യ നിക്ഷേപം നിരുത്സാഹപ്പെടുത്തുക തുടങ്ങിയ പദ്ധതികളാണ് ഇപ്പോൾ നടപ്പാക്കിവരുന്നത്.

സംസ്ഥാനത്ത് തെരുവുനായകളുടെ വംശവർധനവ് നിയന്ത്രിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ ഒന്നാണ് അനിമൽ ബർത്ത് കൺട്രോൾ

(എ.ബി.സി) പ്രോഗ്രാം. തദ്ദേശ സ്വയംഭരണ വകുപ്പും മൃഗസംരക്ഷണ വകുപ്പും സംയുക്തമായാണ് പ്രസ്തുത പ്രവർത്തനം നടത്തിവരുന്നത്. പ്രസ്തുത പ്രവർത്തനത്തിനായി മൃഗസംരക്ഷണ വകുപ്പ് സാങ്കേതിക സഹായം നൽകിവരുന്നു. നിലവിൽ സംസ്ഥാനത്ത് 15 എ.ബി.സി കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്, പുതിയ 9 കേന്ദ്രങ്ങൾ തുടങ്ങുന്നതിന് നടപടികൾ നടന്നുവരുന്നുമുണ്ട്. പ്രസ്തുത പദ്ധതി നടപ്പാക്കുന്നതോടൊപ്പം തെരുവുനായകളുടെ ശല്യം പരിഹരിക്കുന്നതിനായി തീവ്ര വാക്സിനേഷൻ യജ്ഞം, അഭയ കേന്ദ്രങ്ങൾ സജ്ജമാക്കൽ, ശുചിത്വയജ്ഞം, ഐ.ഇ.സി കാമ്പയിൻ വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകൽ എന്നിവയും നടത്തിവരുന്നു. കൂടാതെ അനിമൽ ബർത്ത് കൺട്രോൾ റൂൾസ് 2023 പ്രകാരമുള്ള പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. എ.ബി.സി പ്രോഗ്രാം നടപ്പാക്കുന്നതിന് പ്രോജക്ടുകൾ രൂപീകരിക്കുന്നതിലേക്ക് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ തെരുവുനായ്ക്കൾക്കുള്ള വാക്സിനേഷൻ, എ.ബി.സി പ്രോഗ്രാം, റാബീസ് ഫ്രീ കേരള തുടങ്ങിയ പരിപാടികൾക്കായി 47.60 കോടി രൂപ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുണ്ട്.

അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള കമ്പാഷൻ ഫോർ അനിമൽസ് വെൽഫെയർ അസോസിയേഷൻ (CAWA) എന്ന സ്ഥാപനം ഇന്ത്യൻ ഇമ്മ്യൂണോളജിക്കൽ ലിമിറ്റഡിന്റെ CSR ഫണ്ടുപയോഗിച്ച് റാബിസ് ഫ്രീ കേരള പദ്ധതിയിലുൾപ്പെടുത്തി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്രേന്ദ്രീകരിച്ച് മാസ് ഡോഗ് വാക്സിനേഷൻ, പബ്ലിക് അവയർനസ്സ് എന്നിവ നടത്തുന്നതിന് സർക്കാർ അനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരികയാണ്.

2016 മുതൽ 31-08-2024 വരെ സംസ്ഥാനത്ത് ആകെ 109119 നായകളെ വന്ധ്യംകരണം നടത്തിയിട്ടുണ്ട്. മറ്റുവിവരങ്ങൾ സംബന്ധിച്ച Cumulative Report അനുബന്ധമായി ചേർക്കുന്നു.

<u>പേവിഷബാധ തടയുക</u>

പേവിഷബാധ നിയന്ത്രിക്കുന്നതിനായി വളർത്തുനായകളെ വാക്സിനേറ്റ് ചെയ്യുന്നതിന് ഉടമകൾക്കും തെരുവുനായകളെ വാക്സിനേറ്റ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാക്സിനേഷൻ ഡ്രൈവ് നടത്തിവരുന്നു.

പൊതുജനങ്ങളിൽ പേവിഷബാധ തടയുന്നതിനായി ആരോഗ്യ വകുപ്പ്

മുഖേന നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പരിശീലനങ്ങൾ-ദേശീയ പേവിഷ നിയന്ത്രണ പദ്ധതിയുടെ (NRCP) ഭാഗമായി ഡോക്ടർമാർ, നഴ്സിംഗ് ഓഫീസർമാർ എന്നിവർക്ക്, നായകളുടെ കടിയേറ്റാൽ നൽകേണ്ട പ്രഥമ ശുശ്രൂഷ സംബന്ധിച്ച് പരിശീലനം നൽകുന്നു.

2. എല്ലാ സ്ഥാപനങ്ങളിലും പ്രഥമശുശ്രൂഷയുടെ ഭാഗമായി മുറിവ് കഴുകാനുള്ള സംവിധാനം ലഭ്യമായിട്ടുണ്ട്.

3. വാക്സിൻ, ഇമ്മ്യൂണോഗ്ലോബുലിൻ എന്നിവയുടെ ലഭ്യതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നുണ്ട്. നിലവിൽ സംസ്ഥാനത്തെ 700 സ്ഥാപനങ്ങളിൽ വാക്സിനും, 85 സ്ഥാപനങ്ങളിൽ കാറ്റഗറി-3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കിയിട്ടുണ്ട്.

4. IEC/BCC പ്രവർത്തനങ്ങൾ-നായ കടിയേറ്റാൽ സ്വീകരിക്കേണ്ട പ്രഥമ ശുശ്രൂഷയെക്കുറിച്ചും പ്രതിരോധ കുത്തിവയ്പുകളുടെ ആവശ്യകതയെപ്പറ്റിയും വിവിധ മാധ്യമങ്ങളിലൂടെ അവബോധ സന്ദേശങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നു. പൊതുവിദ്യാഭ്യാസ വകുപ്പുമുഖേന കുട്ടികൾക്കും അധ്യാപകർക്കുംവേണ്ടി സെഷ്യൽ അസംബ്ലി നടത്തിവരുന്നു.

5. പേവിഷബാധ പരിശോധനകൾ നടത്തുന്നതിനായി തിരുവനന്തപുരം സ്റ്റേറ്റ് പബ്ലിക് ഹെൽത്ത് ലാബിൽ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**തെരുവോരങ്ങളിലെ മാലിന്യ നിക്ഷേപം നിരുത്സാഹപ്പെടുത്തുക**

മാലിന്യങ്ങൾ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുന്നത് തടയാനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഭക്ഷണപദാർഥങ്ങളും അറവുമാലിന്യങ്ങളും ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനും ഉറവിടത്തിൽ സംസ്കരിക്കാൻ സ്ഥലമില്ലാത്ത അറവുശാലകളിൽ അംഗീകൃത ഏജൻസികൾക്ക് കൈമാറി മാലിന്യ സംസ്കരണ സംവിധാനം ഉറപ്പുവരുത്തുകയും ചെയ്യുന്നു. ചിക്കൻ സ്റ്റാളുകളിലെ മാലിന്യം റെന്ററിംഗ് പ്ലാന്റുകൾക്ക് കൈമാറി ചെറിയ ജീവികൾക്കുള്ള തീറ്റയായി മാറ്റുന്നു. കൂടാതെ പൊതുസ്ഥലങ്ങളിലും ആൾപ്പാർപ്പില്ലാത്ത സ്ഥലങ്ങളിലും അറവുമാലിന്യവും ഭക്ഷണപദാർഥവും ഉപേക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി ആയതിന് ഉത്തരവാദികളായവരിൽനിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിഴ ഈടാക്കിവരുന്നുണ്ട്.

തെരുവുനായ ആക്രമണത്തിനിരയാകുന്നവർക്ക് ജസ്റ്റിസ് (റിട്ട.) സിരി ജഗൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അർഹമായ നഷ്ടപരിഹാരം നൽകിവരുന്നു. കൂടാതെ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിമുഖേനയും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

(റിപ്പോർട്ട് സമർപ്പണം)

P-20-03-2025-AL-SO (12.10-12.20)

**റിപ്പോർട്ടുകളുടെ സമർപ്പണം**

1. 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ റിപ്പോർട്ടുകൾ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ എക്സ്-ഓഫിഷ്യോ അംഗമായ ഞാൻ 2024-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ, 2025-ലെ സർവകലാശാല നിയമങ്ങൾ (ഭേദഗതി) (2-ാം നമ്പർ) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. 2025-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ എക്സ്-ഓഫിഷ്യോ അംഗമായ ഞാൻ 2025-ലെ കേരള ധനകാര്യ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നു.

### 3. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അറുപത്തിനാല് മുതൽ അറുപത്തിയാറ് വരെയുള്ള റിപ്പോർട്ട്

ശ്രീ. ടി. പി. രാമകൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എ. സി. മൊയ്തീൻ): സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അംഗമായ ഞാൻ സമിതിയുടെ അറുപത്തിനാല് മുതൽ അറുപത്തിയാറ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 4. പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ

ശ്രീമതി ശാന്തകുമാരി കെ.: സർ, പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അധ്യക്ഷയായ ഞാൻ സമിതിയുടെ അഞ്ചും ആറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

### 5. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനഞ്ചും പതിനാറും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

6. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ

ശ്രീ. പ്രമോദ് നാരായണൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാറും പതിനേഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

(ധനകാര്യം)

P-20-03-2025-AL-SO (12.10-12.20)

**ധനകാര്യം**

2025-2026 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും

ധനാഭ്യർഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/ മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർഥന നമ്പർ XXX - ഭക്ഷ്യം

ധനാഭ്യർഥന നമ്പർ XXXI - മൃഗസംരക്ഷണം

ധനാഭ്യർഥന നമ്പർ XXXII - ക്ഷീരവികസനം

ധനാഭ്യർഥന നമ്പർ XXXVIII - ജലസേചനം

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2025-2026 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

| ധനാഭ്യർഥന നമ്പർ | ധനാഭ്യർഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2025-2026 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| XX | ശുദ്ധജലവിതരണവും ശുചീകരണവും | 416,92,41,000 | 881,99,00,000 | 1298,91,41,000 |
| XXV | പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2285,30,14,000 | 1202,61,39,000 | 3487,91,53,000 |
| XXX | ഭക്ഷ്യം | 2028,48,23,000 | 37,92,00,000 | 2066,40,23,000 |
| XXXI | മൃഗസംരക്ഷണം | 1024,84,34,000 | 27,35,00,000 | 1052,19,34,000 |
| XXXII | ക്ഷീരവികസനം | 173,70,68,000 | 40,70,00,000 | 214,40,68,000 |
| XXXVIII | ജലസേചനം | 468,63,03,000 | 413,75,03,000 | 882,38,06,000 |
| *I | സംസ്ഥാന നിയമസഭ | 144,67,88,000 | --- | 144,67,88,000 |
| *IV | തിരഞ്ഞെടുപ്പുകൾ | 136,83,00,000 | --- | 136,83,00,000 |
| *VII | മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 290,15,79,000 | --- | 290,15,79,000 |
| *X | ട്രഷറികളും അക്കൗണ്ടുകളും | 408,69,50,000 | --- | 408,69,50,000 |
| *XVI | പെൻഷനും പലവകയും | 42532,29,74,000 | --- | 42532,29,74,000 |
| *XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 15980,48,50,000 | --- | 15980,48,50,000 |
| *XLV | പലവക വായ്പകളും മുൻകൂറുകളും | --- | 669,06,81,000 | 669,06,81,000 |

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, ഞാൻ ഉപക്ഷേപങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയെയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയെയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയെയും മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയെയും ജലസേചനം എന്ന XXXVIII-ാംനമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ആറ് ധനാഭ്യർത്ഥനകളെയും സംബന്ധിച്ച ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ഖണ്ഡനോപക്ഷേപങ്ങൾ**

**ധനാഭ്യർത്ഥന നമ്പർ XX - ശുദ്ധജലവിതരണവും ശുചീകരണവും**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് പലയിടങ്ങളിലും കുടിവെള്ളം കിട്ടാത്ത അവസ്ഥയുള്ളതായും, ഇടയ്ക്കിടെയുണ്ടാകുന്ന പൈപ്പ് പൊട്ടലും, പൈപ്പ് ലൈൻ പണികളും മൂലം റോഡുകൾ സഞ്ചാരയോഗ്യമല്ലാതായതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജലജീവൻ മിഷനുവേണ്ടി പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പ്രാദേശിക റോഡുകളുൾപ്പെടെയുള്ള എല്ലാ റോഡുകളും കുഴിച്ചത് നവീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് കനത്ത ചൂട് അനുഭവപ്പെടാൻ ഇടയുണ്ടെന്ന് കാലാവസ്ഥ നിരീക്ഷണ കേന്ദ്രങ്ങളിൽനിന്നും അറിയിപ്പുണ്ടായ സാഹചര്യത്തിൽ കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ഗുണനിലവാര പരിശോധനാ ലാബുകളുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വൻതുകകൾ കുടിശ്ശികയായി ലഭിക്കാനുള്ളതിനാൽ കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുക്കാൻ കരാറുകാർ തയ്യാറാകാത്ത സാഹചര്യം സംജാതമായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജല ഗുണനിലവാര നിർണ്ണയ ലാബുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ശുദ്ധജലവിതരണവും ശുചീകരണവും

എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജൽജീവൻ പദ്ധതി ഏറ്റെടുത്ത കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടിവെള്ള വിതരണ പദ്ധതികൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വെള്ളക്കരം വർദ്ധിപ്പിച്ച നടപടി പിൻവലിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ജലസ്രോതസ്സുകളിലും ജലസംഭരണികളിലുമുള്ള ജലത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ മേഖലയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കേന്ദ്രസഹായത്തോടെയുള്ള പദ്ധതിയായ ജലജീവൻ മിഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട കരാറുകാർക്ക് നൽകാനുള്ള തുക കുടിശ്ശിക ആയതു കാരണം പ്രവൃത്തികൾ സ്തംഭിച്ചിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാന സർക്കാർ വിഹിതം നൽകാത്തതിനാൽ ജൽജീവൻ മിഷൻ പദ്ധതി പ്രതിസന്ധിയിൽ ആയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജൽജീവൻ മിഷൻ പദ്ധതി നിർവ്വഹണത്തിൽ ഉള്ളതായി പറയപ്പെടുന്ന പാളിച്ചകൾ പരിഹരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി

കുറവുചെയ്യേണ്ടതാണ് (ജൽജീവൻ മിഷൻ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജൽജീവൻ മിഷൻ പദ്ധതിയിൽ കരാറുകാർക്ക് നൽകുവാനുള്ളതായി പറയപ്പെടുന്ന കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വാട്ടർ അതോറിറ്റിക്ക് ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപയിൽ 12,98,914 രൂപ കുറവുചെയ്യേണ്ടതാണ് (2030-ഓടെ, എല്ലാ മേഖലകളിലും ജല-ഉപയോഗ കാര്യക്ഷമത ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും ജലക്ഷാമം പരിഹരിക്കുന്നതിനും ജലക്ഷാമം അനുഭവിക്കുന്ന ആളുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കുന്നതിനും ശുദ്ധജല വിതരണം ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 12,98,91,41,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട

അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. ഷംസുദ്ദീൻ
2. ശ്രീ. കുറുക്കോളി മൊയ്തീൻ
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. എ. കെ. എം. അഷ്റഫ്
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. പി. അബ്ദുൽ ഹമീദ്
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
8. ശ്രീമതി കെ. കെ. രമ
9. ശ്രീ. പി. ഉബൈദുള്ള
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. സജീവ് ജോസഫ്
12. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ
13. ശ്രീ. സണ്ണി ജോസഫ്
14. ശ്രീ. സനീഷ്കുമാർ ജോസഫ്
15. ഡോ. മാത്യു കുഴൽനാടൻ
16. ശ്രീ. ചാണ്ടി ഉമ്മൻ

## ധനാഭ്യർഥന നമ്പർ XXV - പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു

പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടിക വിദ്യാർത്ഥികളുടെ 2024-25 വർഷത്തെ ഗ്രാന്റും പ്രൊഫഷണൽ കോളേജ് വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസും വിതരണം ചെയ്യാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിർമാണ സാമഗ്രികളുടെ വിലവർദ്ധനയും ഉയർന്ന കൂലിയും പരിഗണിച്ച് പട്ടികജാതി-പട്ടിക സമുദായക്കാർക്ക് നൽകിവരുന്ന ഭവന നിർമ്മാണ ഗ്രാൻറ് കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു

പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ/ പിന്നാക്കവിഭാഗ വികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന ക്ഷേമ-വികസന പദ്ധതികൾ കാലോചിതമായി പരിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകിവന്നിരുന്ന വിവിധ സ്കോളർഷിപ്പുകളുടെ തുക വെട്ടിക്കുറച്ചതായി പറയപ്പെടുന്ന തീരുമാനം പുനഃപരിശോധിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു

പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള ഫണ്ടുകൾ വെട്ടിക്കുറച്ചതുമൂലം ഈ വിഭാഗക്കാർ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000

രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ന്യൂനപക്ഷക്ഷേമ വകുപ്പ് വഴി നൽകിവരുന്ന ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികവർഗ്ഗ സങ്കേതങ്ങളിൽ വന്യജീവി ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നത് തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതിയിൽപ്പെട്ട ഭൂരഹിതരായവർക്ക് ഭൂമി വിതരണം ചെയ്യാൻ നടപടി

സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (2025-26 സാമ്പത്തികവർഷം പദ്ധതി അടങ്കലിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന് വകയിരുത്തിയ തുക പൂർണ്ണമായും സമയബന്ധിതമായി ചെലവഴിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്കോളർഷിപ്പിനുള്ള തുക വെട്ടിക്കുറച്ചതുമൂലം സ്കോളർഷിപ്പുകളും മറ്റാനുകൂല്യങ്ങളും സമയബന്ധിതമായി അനുവദിക്കാൻ കഴിയാത്ത സാഹചര്യം സംജാതമായതായി പറയപ്പെടുന്ന വിഷയം ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പാക്കുന്ന പദ്ധതികളിൽ അഴിമതി നടക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളുടെ ക്ഷേമ പദ്ധതികൾക്കുള്ള ഫണ്ട് വെട്ടിക്കുറയ്ക്കുന്നത് ഒഴിവാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഇ-ഗ്രാൻറ് കുടിശ്ശിക തീർത്ത് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക, ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുകൾ കുടിശ്ശിക തീർത്തു വിതരണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു

പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മുഴുവൻ ഭൂരഹിതർക്കും വീട് നിർമ്മിച്ചുനൽകുവാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് നൽകാനുള്ള കുടിശ്ശിക തുക അടിയന്തരമായി വിതരണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു

പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ആദിവാസി സമൂഹത്തിൽപ്പെട്ടവരിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചു വരുന്നത് തടയാൻ അടിയന്തര ഇടപെടൽ നടത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (യഥാസമയം നടപടികൾ സ്വീകരിക്കാത്തതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ കേന്ദ്ര പദ്ധതികളുടെ ഉൾപ്പെടെയുള്ള ഫണ്ടുകൾ ലാപ്സ് ആയി പോകുന്നത് ഒഴിവാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ സാധിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കിഫ്ബി മുഖേന എസ്.സി/ എസ്.ടി വിഭാഗങ്ങൾക്കുള്ള പദ്ധതികൾക്കായി നാളിതുവരെ അഞ്ച് ശതമാനത്തിൽ താഴെ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000

രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വനാവകാശ നിയമപ്രകാരം അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുടങ്ങിയതുമൂലം പ്രതിസന്ധി ഉണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപയിൽ 34,87,915 രൂപ കുറവുചെയ്യേണ്ടതാണ് (മലപ്പുറം താലൂക്ക്

ആശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണ നടപടികൾക്ക് പി.എം.ജെ.വി.കെ. പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഫണ്ട് വിനിയോഗം വേഗത്തിലാക്കുന്ന കാര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 34,87,91,53,000 രൂപയിൽനിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കുറുക്കോളി മൊയ്തീൻ
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. എ. കെ. എം. അഷ്റഫ്
5. ശ്രീ. മോൻസ് ജോസഫ്
6. ശ്രീ. പി. അബ്ദുൽ ഹമീദ്
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

8. ശ്രീമതി കെ. കെ. രമ

9. ശ്രീ. പി. ഉബൈദുള്ള

10. ശ്രീ. ടി. വി. ഇബ്രാഹിം (ധനാഭ്യർഥന നമ്പർ XXX)

P-20-03-2025-HA/SO (I)-12.20-12.30

**ധനാഭ്യർഥന നമ്പർ XXX-ഭക്ഷ്യം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നിത്യോപയോഗ സാധനങ്ങളുടെ വിലവർധനവും, സപ്ലൈകോ ഔട്ട് ലെറ്റുകളിൽ സാധനങ്ങൾക്ക് ദൗർലഭ്യം നേരിടുന്നതായി പറയപ്പെടുന്നതുമായ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റേഷൻ സാധനങ്ങളുടെ വാതിൽപ്പടി വിതരണം നടക്കാത്തതിനാൽ റേഷൻ വിതരണത്തിൽ പ്രതിസന്ധിയുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സപ്ലൈകോ വിതരണ കേന്ദ്രങ്ങളിൽ മുഴുവൻ അവശ്യ സാധനങ്ങളും സബ്സിഡി നിരക്കിൽ ലഭ്യമാക്കുക വഴി പൊതുവിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ

ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സപ്ലൈകോയ്ക്ക് വിവിധ സാധനങ്ങൾ വിതരണം ചെയ്യുന്ന കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സപ്ലൈകോ ഔട്ട് ലെറ്റുകളിലും മാവേലി സ്റ്റോറുകളിലും സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സെർവ്വർ തകരാറുമൂലം ഇ-പോസ് മെഷീൻ പ്രവർത്തിക്കാത്തതിനെത്തുടർന്ന് റേഷൻ വിതരണം അവതാളത്തിലാകുന്നത് തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

__ശ്രീ. യു. എ. ലത്തീഫ്__: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റേഷൻ കടകളിൽ ഉപയോഗിക്കുന്ന ഇ-പോസ് മെഷീൻ പ്രവർത്തിക്കാത്തതുമൂലം റേഷൻ വിതരണം തടസ്സപ്പെടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

__ശ്രീ. കുറുക്കോളി മൊയ്തീൻ__: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി സംഭരിക്കുന്ന നെല്ലിന്റെ വില യഥാസമയം നൽകാത്തതുമൂലം കർഷകർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

__ശ്രീ. പി. ഉബൈദുള്ള__: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (റേഷൻ വ്യാപാരികൾക്കുള്ള വരുമാനം വർധിപ്പിക്കുന്നതിനും റേഷൻ വ്യാപാരികളുടെ കമ്മീഷൻ

പരിഷ്കരിക്കുന്നതിനും യഥാസമയം ലഭ്യമാക്കുന്നതിനും സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മാവേലി സ്റ്റോറുകളിലും റേഷൻ കടകളിലും സബ്സിഡി സാധനങ്ങൾ ലഭ്യമല്ലാത്തതുമൂലം അവശ്യ ഭക്ഷ്യവസ്തുക്കൾക്ക് പൊതുവിപണിയിലുണ്ടാകുന്ന വിലക്കയറ്റം സാധാരണ ജനങ്ങൾക്ക് വലിയ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സപ്ലൈകോ ഔട്ട് ലെറ്റുകളിൽ അവശ്യസാധനങ്ങളുടെ കുറവ് പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നെല്ല് സംഭരിച്ച ഇനത്തിൽ കർഷകർക്ക് നൽകാനുള്ളതായി പറയപ്പെടുന്ന കുടിശ്ശിക വിതരണം ചെയ്യാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇ-പോസ് മെഷീനുകളുടെ പ്രവർത്തനം തകരാറിലാകുന്നതുമൂലം റേഷൻ വിതരണം മുടങ്ങുന്നത് ഒഴിവാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപയിൽ 20,66,402 രൂപ കുറവുചെയ്യേണ്ടതാണ് (കർഷകരിൽനിന്നും നെല്ല് സംഭരിച്ച് അരിയാക്കി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിലേയ്ക്ക്

കൈമാറിയ ഇനത്തിൽ നടപ്പു സാമ്പത്തികവർഷം കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് തുക ലഭിക്കാനുള്ളതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 20,66,40,23,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. ഷംസുദ്ദീൻ
2. ശ്രീ. കുറുക്കോളി മൊയ്തീൻ
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. എ. കെ. എം. അഷ്റഫ്
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
6. ശ്രീ. മോൻസ് ജോസഫ്
7. ശ്രീ. പി. അബ്ദുൽ ഹമീദ്
8. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

9. ശ്രീമതി കെ. കെ. രമ

10. ശ്രീ. പി. ഉബൈദുള്ള

11. ശ്രീ. ടി. വി. ഇബ്രാഹിം

12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. അൻവർ സാദത്ത്

14. ശ്രീ. റോജി എം. ജോൺ

15. ശ്രീ. സനീഷ്കുമാർ ജോസഫ്

16. ശ്രീ. എം. വിൻസെന്റ്

17. ശ്രീ. ചാണ്ടി ഉമ്മൻ

18. ഡോ. മാത്യു കുഴൽനാടൻ

19. ശ്രീ. സജീവ് ജോസഫ്

**ധനാഭ്യർത്ഥന നമ്പർ XXXI-മൃഗസംരക്ഷണം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ താറുമാറായതായും കാലിത്തീറ്റയുടെ വില നിയന്ത്രിക്കാൻ കഴിയാത്തതായും ക്ഷീരകർഷകരുടെ പെൻഷൻ കൃത്യമായി നൽകാതിരിക്കുന്നതായും പറയപ്പെടുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇതര സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ഇറച്ചിക്കോഴി, പാൽ ഉൽപന്നങ്ങൾ, പക്ഷി മൃഗാദികൾ എന്നിവ അതിർത്തിയിൽ കുറ്റമറ്റ രീതിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ക്ഷീരകർഷകർക്ക് മികച്ച ബ്രീഡുകളിൽപ്പെട്ട കന്നുകാലികളെ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ മേഖലയിലുള്ള കർഷകരുടെ വളർത്തുമൃഗങ്ങൾക്ക് ഗുണനിലവാരമുള്ള ചികിത്സ ലഭ്യമാക്കുന്നതിനായി മൊബൈൽ വെറ്ററിനറി സേവനങ്ങൾ സംസ്ഥാനത്തെ മുഴുവൻ ക്ഷീര ബ്ലോക്കുകളിലും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വളർത്തുമൃഗങ്ങൾക്കുള്ള ചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരകർഷകരെയും കുടുംബാംഗങ്ങളെയും ഉൾപ്പെടുത്തി ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഉരുക്കൾ നഷ്ടപ്പെടുന്ന കർഷകർക്ക് നഷ്ടപരിഹാരം യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാസർഗോഡ് ജില്ലയിലെ

മൃഗസംരക്ഷണ വകുപ്പിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കായി കൂടുതൽ സേവനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മൃഗസംരക്ഷണ വകുപ്പിന് പര്യാപ്തമായ ബജറ്റ് വിഹിതം ലഭിക്കാത്തതുമൂലം മൃഗസംരക്ഷണ പ്രവർത്തനങ്ങൾ ശരിയായി നടക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000

രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ചെക്ക് പോസ്റ്റുകൾ വഴി കൊണ്ടുവരുന്ന കന്നുകാലികളെ പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മുട്ട ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടാൻ നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മിതവ്യയ വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപയിൽ 10,52,193 രൂപ കുറവുചെയ്യേണ്ടതാണ് (മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ഫണ്ടിൽ നിന്നും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 10,52,19,34,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എൻ. ഷംസുദ്ദീൻ
2. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
3. ശ്രീ. യു. എ. ലത്തീഫ്
4. ശ്രീ. കുറുക്കോളി മൊയ്തീൻ
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. പി. അബ്ദുൽ ഹമീദ്
7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
8. ശ്രീമതി കെ. കെ. രമ
9. ശ്രീ. പി. ഉബൈദുള്ള
10. ശ്രീ. ടി. വി. ഇബ്രാഹിം
11. ശ്രീ. ചാണ്ടി ഉമ്മൻ
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

13. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

14. ശ്രീ. സണ്ണി ജോസഫ്

15. ശ്രീ. റോജി എം. ജോൺ

16. ശ്രീ. എ. പി. അനിൽ കുമാർ

17. ശ്രീ. സജീവ് ജോസഫ്

18. ഡോ. മാത്യു കുഴൽനാടൻ

19. ശ്രീ. എം. വിൻസെന്റ്

20. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

## ധനാഭ്യർഥന നമ്പർ XXXII - ക്ഷീരവികസനം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലിത്തീറ്റയുടെ വിലവർധനവ് തടയാൻ കഴിയുന്നില്ലെന്നും ക്ഷീരകർഷകർ നൽകുന്ന പാലിന് മതിയായ വില ലഭ്യമാകുന്നില്ലെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000

രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലാവസ്ഥാ വ്യതിയാനംമൂലം പ്രതിസന്ധിയിലായ ക്ഷീരമേഖലയെ സംരക്ഷിക്കുന്നതിനും ക്ഷീരകർഷകരെ സഹായിക്കുന്നതിനും പ്രത്യേക പദ്ധതികൾ നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരകർഷകർ, അവരുടെ കുടുംബങ്ങൾ, ക്ഷീരസംഘം ജീവനക്കാർ എന്നിവർക്കായി സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലിത്തീറ്റയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനും ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തീറ്റപ്പുൽക്കൃഷി വ്യാപകമാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലിവളർത്തലിന് ആവശ്യമായ കാലിത്തീറ്റ, പിണ്ണാക്ക് തുടങ്ങിയ സാധനസാമഗ്രികളുടെ വിലക്കയറ്റം തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മിൽമയുടെ പ്രവർത്തനം

വിപുലപ്പെടുത്താൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ ക്ഷീരകർഷകരെയും ഉരുക്കളെയും ഇൻഷ്വർ ചെയ്യാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (കന്നുകാലികൾ രോഗം ബാധിച്ച് മരണപ്പെട്ടാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നതിനും നഷ്ടപരിഹാരത്തുക വിതരണം ചെയ്യുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരകർഷകർക്ക് സബ്സിഡി നിരക്കിൽ ആവശ്യത്തിന് കാലിതീറ്റ ലഭിക്കാത്തതും മറ്റ് ആനുകൂല്യങ്ങൾ ഇല്ലാത്തതുമായ കാരണങ്ങളാൽ ക്ഷീരമേഖലയിൽ നിന്ന് കർഷകർ പിൻമാറിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ക്ഷീരമേഖലയെ സംരക്ഷിക്കുന്നതിനും ക്ഷീരകർഷകരുടെ വരുമാനവർധനവിനും പര്യാപ്തമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച

ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാലിത്തീറ്റയുടെ വിലവർധനവ് തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ചാണ്ടി ഉമ്മൻ</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇതര സംസ്ഥാനങ്ങളിൽ ഉൽപാദിപ്പിച്ച് കേരളത്തിൽ വിറ്റഴിക്കുന്ന പാലിന്റെയും പാലുൽപന്നങ്ങളുടെയും ഗുണനിലവാര പരിശോധനയ്ക്ക് കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്താത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു

രൂപയായി കുറവു ചെയ്യേണ്ടതാണ് (മിൽമയിൽ നടന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് അന്വേഷണം നടത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മായം കലർന്ന പാലും പാലുൽപന്നങ്ങളും വിപണനം നടത്തുന്നത് തടയുവാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തീറ്റപ്പുൽകൃഷി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ക്ഷീരവികസനം എന്ന XXXII-ാം നമ്പർ

ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപയിൽ 21,44,068 രൂപ കുറവുചെയ്യേണ്ടതാണ് (ആദായകരമായ ക്ഷീരോൽപാദനം ഉറപ്പാക്കുന്നതിനും പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി ക്ഷീരഗ്രാമം പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 2,14,40,68,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. കുറുക്കോളി മൊയ്തീൻ
2. ശ്രീ. എൻ. ഷംസുദ്ദീൻ
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. യു. എ. ലത്തീഫ്
5. ശ്രീ. എ. കെ. എം. അഷ്റഫ്

6. ശ്രീ. പി. അബ്ദുൽ ഹമീദ്

7. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

8. ശ്രീമതി കെ. കെ. രമ

9. ശ്രീ. പി. ഉബൈദുള്ള

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. സനീഷ്കുമാർ ജോസഫ്

13. ശ്രീ. അൻവർ സാദത്ത്

14. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

15. ശ്രീ. എ. പി. അനിൽ കുമാർ

16. ശ്രീ. സണ്ണി ജോസഫ്

**ധനാഭ്യർഥന നമ്പർ XXXVIII - ജലസേചനം**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. മോൻസ് ജോസഫ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നിലവിലെ സർക്കാരിന്റെ ഭരണകാലത്ത് ഒരു ജലസേചന പദ്ധതി പോലും കമ്മീഷൻ ചെയ്യാനും ഡാമുകളുടെ സംഭരണശേഷി വർധിപ്പിക്കാനും കഴിയാത്തതായി

പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസേചന വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന ഇറിഗേഷൻ ടൂറിസം പദ്ധതി ഫലപ്രദമല്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലവിഭവ വകുപ്പിന്റെ കീഴിലുള്ള അണക്കെട്ടുകളിൽ ഡാം ഡെസിൽറ്റേഷൻ നടപ്പിലാക്കുമ്പോൾ വെള്ളത്തിന്റെ ഗുണനിലവാരം, പരിസ്ഥിതി എന്നിവയെ ദോഷകരമായി ബാധിക്കാതിരിക്കുവാൻ മുൻകരുതൽ നടപടി സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കൊടുംവരൾച്ചാ ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ ജലസ്രോതസ്സുകൾ മാലിന്യമുക്തമാക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നദികളിലേക്കും ജലാശയങ്ങളിലേക്കും മാലിന്യങ്ങൾ ഒഴുക്കിവിടുന്നവർക്കെതിരെ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000

രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മഴക്കാലത്തിനു മുൻപായി വെള്ളപ്പൊക്ക നിയന്ത്രണ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കൂടുതൽ കർഷകർക്ക് ജലസേചന സൗകര്യം ലഭ്യമാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജലസേചന പദ്ധതികളുമായി ബന്ധപ്പെട്ട കനാലുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, ജലസേചനം എന്ന XXXVIII-ാം

നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നദീതീരങ്ങൾ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ പുരോഗതിയിൽ കേരളം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ പിന്നിലാണെന്നത് കാര്യകാരണ സഹിതം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ശുദ്ധജല വിതരണത്തിനായുള്ള പദ്ധതികളുടെ ഗുണഫലം ജനങ്ങൾക്ക് പൂർണ്ണമായി

ലഭ്യമാകുന്നില്ലെന്ന് പറയപ്പെടുന്നത് സംബന്ധിച്ച്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഭൂഗർഭജലനിരപ്പ് താഴാതെ സംരക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കടലാക്രമണം ഫലപ്രദമായി ചെറുക്കുന്നതിന് അനുയോജ്യമായ നൂതന സങ്കേതങ്ങൾ പ്രയോജനപ്പെടുത്താത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള

8,82,38,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (നദികളിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് സ്വാഭാവിക ഒഴുക്ക് പുനഃസ്ഥാപിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>മിതവ്യയ വെട്ടിക്കുറയ്ക്കൽ</u>

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപയിൽ 8,82,380 രൂപ കുറവുചെയ്യേണ്ടതാണ് (2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ജലവിഭവ വകുപ്പിന്റെ വിവിധ പദ്ധതികൾക്കായി വകയിരുത്തിയ തുക പരിപൂർണ്ണമായും ചെലവഴിക്കുന്നതും, സാമ്പത്തിക പ്രതിസന്ധിമൂലം വകയിരുത്തിയ തുക വെട്ടിക്കുറച്ചതുമായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,82,38,06,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ

അവതരിപ്പിച്ചു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
2. ശ്രീ. യു. എ. ലത്തീഫ്
3. ശ്രീ. കുറുക്കോളി മൊയ്തീൻ
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. എ. കെ. എം. അഷ്റഫ്
6. ശ്രീ. മോൻസ് ജോസഫ്
7. ശ്രീ. പി. അബ്ദുൽ ഹമീദ്
8. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
9. ശ്രീമതി കെ. കെ. രമ
10. ശ്രീ. പി. ഉബൈദുള്ള
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
13. ശ്രീ. അൻവർ സാദത്ത്
14. ശ്രീ. റോജി എം. ജോൺ
15. ശ്രീ. സണ്ണി ജോസഫ്
16. ശ്രീ. സനീഷ്കുമാർ ജോസഫ്
17. ശ്രീ. സജീവ് ജോസഫ്
18. ശ്രീ. ചാണ്ടി ഉമ്മൻ

19. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ

20. ഡോ. മാത്യു കുഴൽനാടൻ

(ചർച്ച)

P-20-03-2025-HA/SO (I)-12.20-12.30

**ചർച്ച**

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ശുദ്ധജലവിതരണവും ശുചീകരണവും, പട്ടികജാതി/പട്ടികവർഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം, ഭക്ഷ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു. സാമൂഹ്യ- സാംസ്കാരിക- സാമ്പത്തിക ജീവിതത്തിൽ കേരളം ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയാണ്. എന്തുകൊണ്ടാണ് കേരളം അങ്ങനെയൊരു മാതൃകയായത്. കേരളത്തിലെ ആദ്യത്തെ ഗവൺമെന്റായ ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുണ്ടായിരുന്ന ഗവൺമെന്റ് ഭൂപരിഷ്കരണവും വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവൽകരണവും നടത്തിയതാണ് ഇതിന് അടിസ്ഥാനപരമായ കാരണം. കേരളത്തിൽ എല്ലാവർക്കും ഭൂമിയും വിദ്യാഭ്യാസവും ലഭിച്ചു. അതിന്റെ ഭാഗമായി സാമൂഹിക സാമ്പത്തിക ജീവിതത്തിൽ കേരളത്തിലെ ജനങ്ങൾ വളരെയേറെ ഉയർന്നുവന്നു. ഇത് ഏതെങ്കിലുമൊരു വിഭാഗത്തിന്

മാത്രമായി പരിമിതപ്പെട്ടില്ല. സമൂഹത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും ഈ ആനുകൂല്യങ്ങൾ ലഭ്യമായി. പ്രത്യേകിച്ചും പാർശ്വവൽക്കരിക്കപ്പെട്ട പട്ടികജാതി പട്ടികവർഗ വിഭാഗത്തിനെയും പിന്നാക്ക വിഭാഗത്തിനെയും ചേർത്തുപിടിച്ചാണ് മുന്നോട്ടുപോയത്. എൽ.ഡി.എഫ്. ഗവൺമെന്റ്; പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും വലിയ പരിഗണന നൽകിയത് ഈ ദുർബല വിഭാഗങ്ങൾക്കാണ്. സമൂഹത്തിൽ വളരെ പിന്നാക്കം നിൽക്കുന്നതും ഒരു കാലത്ത് അവഗണിക്കപ്പെട്ടിരുന്നതുമായ ജനങ്ങളെ ഈ സർക്കാർ ചേർത്തുപിടിച്ചു. അതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റിന്റെ നിഷേധാത്മകമായ നിലപാടുണ്ടായിട്ടും അവർക്ക് എല്ലാ ആനുകൂല്യങ്ങളും നൽകി. ഭൂമി, വിദ്യാഭ്യാസം, ജോലി എന്നിവ നൽകുകയും എല്ലാ രംഗങ്ങളിലും അവർക്കാവശ്യമായ പരിഗണന കൊടുക്കുകയും ചെയ്തു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ വിഭാഗത്തിൽപ്പെട്ട 8278 കുടുംബങ്ങൾക്കും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 28010 കുടുംബങ്ങൾക്കുമാണ് ഭൂമി നൽകിയത്. 2026 ആകുമ്പോൾ എസ്.സി./എസ്.ടി. വിഭാഗത്തിലെ മുഴുവൻ ആളുകൾക്കും ഭൂമിയും വീടും ലഭ്യമാക്കുകയെന്നാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതുപോലെ ഏറ്റവും

പ്രാധാന്യത്തോടെ കാണേണ്ടതാണ് വിദ്യാഭ്യാസം. പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്ക് പഠനമുറി നൽകി, അവരെ സ്കൂളുകളിലെത്തിക്കുന്നതിന് വാഹന സൗകര്യം നൽകി, മെന്റർ ടീച്ചർമാരെ ആവശ്യത്തിന് നിയമിച്ചു തുടങ്ങി എല്ലാ അർഥത്തിലും അവരുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുത്തു. മാത്രമല്ല ഈ വിഭാഗത്തിൽപ്പെട്ട 652 വിദ്യാർഥികൾ വിദേശത്ത് പഠിക്കാൻ പോയിരിക്കുകയാണ്. അവർക്ക് സ്റ്റൈപ്പന്റ്, ഫീസ് ഇനങ്ങളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 25 ലക്ഷം രൂപയും മറ്റ് പിന്നാക്ക ജാതി വിഭാഗങ്ങൾക്ക് 10 ലക്ഷം രൂപയും സർക്കാർ നൽകുന്നുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർഥികളുടെ പഠനത്തിനുവേണ്ടിയാണ് എം.ആർ.എസ്.-കൾ ആരംഭിച്ചത്. ആ എം.ആർ.എസ്.-കളെ ശക്തിപ്പെടുത്തിക്കൊണ്ട് ഏറ്റവും നല്ല രീതിയിൽ കേരളത്തിൽ പ്രവർത്തിക്കുകയാണ്. കാസർഗോഡ് ജില്ലയിൽ മൂന്ന് എം.ആർ.എസ്.-കൾ ഉണ്ട്. അതിലൊന്നാണ് സാവിത്രിഭായി ഫൂലെ മെമ്മോറിയൽ ആശ്രമം സ്കൂൾ. നിലവിൽ അവിടെയൊരു പ്രശ്നമുണ്ട്. അവിടെ ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസുകൾക്ക് അംഗീകാരം കിട്ടിയിട്ടുണ്ട്. നിലവിൽ അഞ്ച് മുതൽ എട്ട് വരെയുള്ള ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. അതിന് അംഗീകാരം

ലഭിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായും സ്വീകരിക്കേണ്ടതുണ്ട്.

(തുടരും)

P.20-03-25
12.30-12.40
GS/AY(1) (SV)

(ശ്രീ. സി. എച്ച്. കുഞ്ഞമ്പു....തുടർച്ച)

ഇപ്പോൾ കോളനികൾ എന്നത് ഉന്നതികളായി മാറിയിട്ടുണ്ട്. ഇവയെ അഭിവൃദ്ധിപ്പെടുത്തുന്നതിനാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി എന്ന സംവിധാനം കൊണ്ടുവന്നത്. 231 അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതികളിൽ ചിലത് പൂർത്തിയായിട്ടുണ്ട്; ബാക്കിയുള്ളവ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതുവഴി ഇത്തരം പ്രദേശങ്ങളിൽ കണക്റ്റിവിറ്റി, വൈദ്യുതി തുടങ്ങിയ പല സൗകര്യങ്ങളും ചെയ്തുകൊടുക്കുന്ന നല്ലൊരു പദ്ധതിയാണിത്. പി.എസ്.സി. വഴി ധാരാളം ആളുകൾക്ക് ജോലി കൊടുത്ത ഗവൺമെന്റാണ് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ്. അതിൽ പട്ടികജാതി/പട്ടികവർഗ വിഭാഗം മാത്രമെടുത്ത് പരിശോധിച്ചാൽ 51753 പട്ടികജാതിക്കാർക്കും 10513 പട്ടികവർഗ വിഭാഗക്കാർക്കുമാണ് പി.എസ്.സി.-വഴി ഈ ഗവൺമെന്റ് ജോലി നൽകിയിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ, ഏറ്റവും കൂടുതൽ

പരിഗണക്കപ്പെട്ടൊരു വിഭാഗമാണ് പട്ടികജാതി/പട്ടികവർഗക്കാരും മറ്റ് പിന്നാക്ക വിഭാഗത്തിലെ ആളുകളും. ഇത്തരം വിഭാഗങ്ങൾക്ക് പലതരത്തിലുള്ള നേട്ടങ്ങൾ കൊടുക്കുന്നതുപോലെതന്നെ മറ്റ് ജനവിഭാഗങ്ങളും കേരളത്തിൽ സാമ്പത്തിക സാമൂഹിക മേഖലയിൽ ഉയർന്നുവന്നിട്ടുണ്ട്.

ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഒരു വകുപ്പാണ് ജലവിഭവവകുപ്പ്. അതിൽ ജെ.ജെ.എം. (ജൽ ജീവൻ മിഷൻ)-ഉം AMRUT പദ്ധതിയും ഏറ്റവും ജനോപകാരപ്രദമായ പദ്ധതികളാണ്. എല്ലാ ഗ്രാമീണ വീടുകളിലേക്കും ജലം എത്തിക്കുന്ന ജെ.ജെ.എം. പദ്ധതിക്ക് 44,714 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരിക്കുന്നത്. ചില സ്ഥലങ്ങളിൽ അതിന്റെ പ്രവൃത്തി പൂർത്തിയായെങ്കിലും മറ്റുചിലയിടങ്ങളിൽ അത് കൃത്യമായി നടക്കുന്നില്ലെന്നത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടാകാം. സാമ്പത്തിക പ്രതിസന്ധികളുണ്ടെങ്കിലും പ്രസ്തുത പദ്ധതി വേഗത്തിലാക്കി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിൽ 25 ശതമാനം ഗാർഹിക കണക്ഷനുകളാണ് നേരത്തെയുണ്ടായിരുന്നത്. പുതിയ കണക്ഷനുകൾക്കൂടി നൽകിയതിനുശേഷം ഇപ്പോഴത് ഏകദേശം 50 ശതമാനത്തിൽ

കൂടുതലായിട്ടുണ്ട്. എന്നാൽ ഇനിയും കുറെ കണക്ഷനുകൾ കൊടുക്കാനുണ്ട്. അതുപോലെ നമ്മുടെ നഗരങ്ങളിൽ വെള്ളം എത്തിക്കുന്നതിനുവേണ്ടി AMRUT പദ്ധതി നടപ്പാക്കിവരികയാണ്. കിഫ്ബി വഴിയും നബാർഡ് വഴിയുമെല്ലാം ശുദ്ധജലവിതരണത്തിനാവശ്യമായ പദ്ധതികൾ മികച്ച രീതിയിൽ കേരളത്തിൽ നടക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം വേണമെങ്കിൽ 'മൂന്നാം കടവ് പദ്ധതി' നടപ്പാക്കേണ്ടതുണ്ട്. നേരത്തെ അത് വലിയ പദ്ധതിയായി ഉദ്ദേശിച്ചിരുന്നെങ്കിലും ഇപ്പോൾ ഒരു മിനി ഡാം പണിത് പരമാവധി വെള്ളം സംഭരിച്ച് കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ ജല ദൗർലഭ്യം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർഥിക്കാനുള്ളത്.

നമ്മുടെ പ്രതിപക്ഷനേതാവിനെക്കുറിച്ച് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. സി.പി.ഐ.(എം)-ന്റെ കരട് രാഷ്ട്രീയ പ്രമേയം വന്ന സമയത്ത് അദ്ദേഹത്തിന്റെ പ്രതികരണം ഇതായിരുന്നു; മോദി സർക്കാർ ഫാസിസ്റ്റല്ലെന്ന് സി.പി.ഐ.(എം) രഹസ്യരേഖയിൽ പറഞ്ഞുവെന്നും ഇത് ബി.ജെ.പി.-യുമായുള്ള അന്തർധാരയാണെന്നും അദ്ദേഹം കണ്ടുപിടിക്കുകയുണ്ടായി. അന്ധൻ ആനയെ കണ്ടതുപോലെയാണ് നമ്മുടെ

പ്രതിപക്ഷനേതാവ് ആ പ്രമേയത്തെ കണ്ടത്. ഒന്നുകിൽ അദ്ദേഹം പ്രസ്തുത രേഖ വായിക്കണം. ആ രേഖ വായിച്ചിട്ടുണ്ടോയെന്ന് ചോദിച്ചപ്പോൾ ഞാനത് വായിച്ചില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. അതൊന്ന് വായിക്കുകയോ; അല്ലെങ്കിൽ അറിയുകയോ ചെയ്യാതെ പിന്നെ എവിടെനിന്നാണ് അദ്ദേഹത്തിന് ആ വിവരം ലഭിച്ചത്. മലയാള മനോരമ പത്രത്തിൽ നിന്നായിരിക്കും പ്രസ്തുത വിവരം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ടാകുക. മലയാള മനോരമയുടെ വരാന്തയിൽ അന്തിയുറങ്ങുന്ന ആളാണ് നമ്മുടെ പ്രതിപക്ഷനേതാവ്. മനോരമ പറയുന്നതുകേട്ട് പുറപ്പെട്ടാൽ അദ്ദേഹത്തിന് വഴിതെറ്റാൻ സാധ്യതയുണ്ട്. കേരളത്തിൽ കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ വന്നാൽ ആത്മഹത്യ ചെയ്യുമെന്നാണ് കെ. സി. മാമ്മൻ മാപ്പിളയുടെ മലയാള മനോരമ പത്രം പണ്ട് പറഞ്ഞിട്ടുള്ളത്. ഇനി മൂന്നാം തവണ പിണറായി സർക്കാർ അധികാരത്തിൽ വന്നാൽ ആത്മഹത്യ ചെയ്യുമെന്ന് നമ്മുടെ പ്രതിപക്ഷനേതാവ് പറയാതിരുന്നാൽ മതി. കാരണം, മൂന്നാം തവണ എൽ.ഡി.എഫ്. അധികാരത്തിൽ വരുമെന്ന കാര്യം ഇന്ന് കേരളത്തിലെ ഏറെക്കുറെ ജനങ്ങളും ഉറപ്പിച്ച ഒരു കാര്യമാണെന്നത് നിങ്ങൾക്കുമറിയാം; എല്ലാവർക്കുമറിയാം. അതുകൊണ്ട് മലയാള മനോരമ പത്രത്തിന്റെ വാക്കുകേട്ട് നമ്മുടെ പ്രതിപക്ഷനേതാവ് ആത്മഹത്യയൊന്നും

ചെയ്യേണ്ടതില്ല. ഫാസിസ്റ്റ് അല്ലെന്ന് പറയുന്നതിനുമുമ്പ് അതൊന്ന് വായിച്ചുനോക്കിയിട്ട് കാര്യങ്ങൾ സൂചിപ്പിക്കണമെന്നാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

ക്ഷീര വകുപ്പിനെ സംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്, നമ്മുടെ കേരളം ക്ഷീരമേഖലയിൽ പാലുൽപാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിച്ചിട്ടുണ്ട്. ഏകദേശം എട്ട് ലക്ഷത്തോളം കുടുംബങ്ങൾ ഇന്ന് കന്നുകാലികളെ വളർത്തി ജീവിക്കുകയാണ്; അതാണ് അവരുടെ ഉപജീവനമാർഗം. പാലിന്റെ ഉൽപാദനം 25.8 ലക്ഷം മെട്രിക് ടൺ ആണ്. നമുക്ക് പാൽ സംഭരിക്കുന്നതിനുവേണ്ടി മൂവായിരത്തിലേറെ സഹകരണ സംഘങ്ങളിലായി നാല് ലക്ഷത്തോളം അംഗങ്ങളുണ്ട്. ഇത്തരത്തിൽ ഇന്ന് ക്ഷീരമേഖലയിൽ ഫലപ്രദമായ പാൽ സംഭരണവും വിതരണവുമാണ് നടക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിയാണ് അതിന് ശക്തമായ നേതൃത്വം കൊടുക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ ബേഡഡുക്ക ഹൈടെക് ആട് ഫാമിന്റെ പ്രവൃത്തി 95 ശതമാനം പൂർത്തിയായിട്ടുണ്ടെന്ന കാര്യമാണ് ബഹുമാനപ്പെട്ട മൃഗസംരക്ഷണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. കാസർഗോഡ് വികസന പാക്കേജിലെ 153.89 ലക്ഷം രൂപയും മൃഗസംരക്ഷണ വകുപ്പിൽനിന്ന് 150 ലക്ഷം രൂപയും ചെലവഴിച്ചാണ് പ്രസ്തുത ഫാം

നിർമ്മിച്ചത്. അടിയന്തരമായി ആ ഫാമിന്റെ ഉദ്ഘാടനം നിർവഹിക്കുന്നതിനാവശ്യമായ നടപടി കുറച്ചുകൂടി വേഗത്തിലാക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർഥിക്കാനുള്ളത്.

ഇന്ത്യയ്ക്കാകെ മാതൃകയായ ഒരു പൊതുവിതരണ സംവിധാനമാണ് കേരളത്തിൽ ഭക്ഷ്യവകുപ്പിനുള്ളത്. റേഷൻകടകളും മറ്റ് സംവിധാനങ്ങളുമെല്ലാം ശക്തമായ നിലയിലാണ് പ്രവർത്തിക്കുന്നത്. കേരളത്തിൽ റേഷൻ വിതരണം ഒരിക്കൽപ്പോലും മുടങ്ങിയിട്ടില്ല. സപ്ലൈകോ, കൺസ്യൂമർ ഫെഡ്, മാവേലിസ്റ്റോർ, സഹകരണ സ്റ്റോർ, കെ-സ്റ്റോർ എന്നിവയെല്ലാം മികച്ച രീതിയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പൊതുവിതരണ രംഗത്തുള്ള ഈ ഇടപെടൽ കാരണമാണ് കേരളത്തിലെ ഓപ്പൺ മാർക്കറ്റുകളിൽ വില നിയന്ത്രിക്കുന്നതിന് നമുക്ക് സാധിച്ചത്. അത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അതുപോലെ റേഷൻ വിതരണത്തിന്റെ കാര്യത്തിൽ, റേഷൻ സാധനങ്ങൾ സ്റ്റോറുകളിലേക്ക് എത്തിക്കുന്നതിനുള്ള ചെലവുമുഴുവൻ വഹിക്കുന്നത് സംസ്ഥാന ഗവൺമെന്റാണ്. അതിനുവേണ്ടി 23 കോടി രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാന

ഗവൺമെന്റ് ഫലപ്രദമായി ഇടപെടുന്നതിന്റെ തെളിവാണിത്. എല്ലാവർക്കും, പ്രത്യേകിച്ച് പാവപ്പെട്ട ജനങ്ങൾക്ക് റേഷൻകാർഡ് കൊടുക്കുന്നതിന് സർക്കാർ ഏറ്റെടുത്ത നടപടി ശരിയായ നടപടിതന്നെയാണ്. ഇപ്പോൾ ഏകദേശം അറുപത്തിരണ്ടായിരത്തിൽപ്പരം അനർഹരായ ആളുകളാണ് മുൻഗണനാ കാർഡുകൾ കൈവശംവച്ചിരുന്നത്. അത് സർക്കാർ തിരിച്ചുപിടിച്ചെന്നുമാത്രമല്ല പാവപ്പെട്ട ജനങ്ങൾക്ക് ഒരു ലക്ഷത്തോളം റേഷൻ കാർഡ് വിതരണം ചെയ്യുകയും ചെയ്തു. അതായത് അർഹതപ്പെട്ടവർക്ക് കാർഡ് ലഭിക്കുകയും അനർഹരിൽനിന്നും തിരികെ വാങ്ങുകയും ചെയ്തിട്ടുണ്ടെന്നാണ് അതുസംബന്ധിച്ച് സൂചിപ്പിക്കാനുള്ളത്.

<u>ചെയർപേഴ്സൺ</u>: പ്ലീസ്.....കൺക്ലൂഡ്.....അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. റോജി എം. ജോൺ)

P.20-03-25
12.30-12.40
GS/AY(1) (SV)

<u>ശ്രീ. റോജി എം. ജോൺ</u>: സർ, ബഹുമാന്യനായ ഉദുമ അംഗം ഇവിടെ പ്രതിപക്ഷനേതാവിന്റെ പരാമർശത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി.

മോദി സർക്കാർ ഫാസിസ്റ്റാണോ നവഫാസിസ്റ്റാണോ എന്നുള്ള ചർച്ചകൾ നിങ്ങൾ നടത്തിയാൽ മതി; ഞങ്ങൾക്ക് അക്കാര്യത്തിൽ ആശങ്കയൊന്നുമില്ല. മോദി സർക്കാർ ഈ രാജ്യത്തെ ഫാസിസ്റ്റ് സർക്കാർ ആണെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു സംശയവുമില്ല. രണ്ടാമത്തെ കാര്യം, നിങ്ങൾ പ്രതിപക്ഷനേതാവിനെക്കുറിച്ച് വിമർശനം ഉന്നയിക്കുമ്പോൾ ഞങ്ങൾക്ക് സത്യത്തിൽ സന്തോഷമാണ്. കാരണം, കേരളത്തിന്റെ പ്രതിപക്ഷനേതാവ്, നല്ല പ്രതിപക്ഷനേതാവാണെന്ന് ഭരണകക്ഷിപറഞ്ഞാൽ അതിൽക്കൂടുതൽ വലിയ അപമാനമുണ്ടോ; ഭരണകക്ഷിക്ക് അനഭിമതനായുള്ള പ്രതിപക്ഷനേതാവാണ് കേരളത്തിലുള്ളതെന്ന് പറയുമ്പോൾ ഞങ്ങൾക്ക് അക്കാര്യത്തിൽ സന്തോഷംതന്നെയാണ്. കാരണം, ഭരണകക്ഷിയുടെ പോരായ്മകൾ അക്കമിട്ട് നിരത്തി അദ്ദേഹം ഉന്നയിക്കുമ്പോൾ നിങ്ങൾക്കത് പൊള്ളുന്നുണ്ടെന്ന കാര്യം ഞങ്ങൾക്ക് ബോധ്യപ്പെട്ടു. അതുകൊണ്ട് അക്കാര്യം ഇവിടെപ്പറഞ്ഞ് നിർത്തുകയാണ്.

മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് പറയുകയാണെങ്കിൽ, ക്ഷീരസംഘങ്ങളിലെല്ലാം കർഷകരുടെ എണ്ണം കുറഞ്ഞുവരികയാണ്. ദിവസേനയുള്ള കളക്ഷൻ നൂറ് ലിറ്ററിന് താഴെ വരുന്ന നിരവധി

ക്ഷീരസംഘങ്ങൾ നമുക്കുണ്ട്. ഇത് പരിഹരിക്കുന്നതിന് സർക്കാർ ഇടപെടൽ ആവശ്യമാണ്. കർഷകർക്ക് സർക്കാർ കണ്ടിജൻസി ഫണ്ട് നൽകാറുണ്ട്. എന്നാൽ പശു ചത്തുപോകുമ്പോൾ കണ്ടിജൻസി ഫണ്ടായി ലഭിക്കുന്ന പതിനയ്യായിരം രൂപ അതിനെ കുഴിച്ചിടാൻ മാത്രമേ തികയുകയുള്ളൂ. അതുകൊണ്ട് കണ്ടിജൻസി ഫണ്ടിന്റെ തുക വർധിപ്പിക്കുന്നതിനും ക്ഷീരകർഷകരുടെ എണ്ണം വർധിപ്പിക്കുന്നതിനും സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ക്ഷീരസംഘങ്ങളിൽ നടത്തുന്ന ഓഡിറ്റ് സമയബന്ധിതമായി നടത്താൻ സർക്കാർ തയ്യാറാകണം. പല ക്ഷീരസംഘങ്ങളിലും 2021-22, 2022-23 എന്നീ സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റാണ് നിലവിൽ നടന്നുകൊണ്ടിരിക്കുന്നത്. 'ക്ഷീരഗ്രാമം പദ്ധതി' ആരംഭിച്ച കാലഘട്ടത്തിൽ ധനസഹായമായി ഒരു കോടി രൂപ നൽകിയിരുന്നെങ്കിലും പിന്നീടത് 50 ലക്ഷം രൂപയായും 25 ലക്ഷം രൂപയായും അതിനുശേഷം 10 ലക്ഷം രൂപയായും കുറഞ്ഞു. നിലവിൽ പഞ്ചായത്ത് 10 ലക്ഷം രൂപ നൽകിയാൽ മാത്രമേ ബാക്കി പണം സർക്കാർ അനുവദിക്കുകയുള്ളൂ എന്ന നിലയിലേക്ക് വന്നിട്ടുണ്ട്. മുമ്പുണ്ടായിരുന്നതുപോലെ കൂടുതൽ തുക അനുവദിച്ചുകൊണ്ട് ധാരാളം പഞ്ചായത്തുകൾക്ക് ക്ഷീരഗ്രാമം പദ്ധതി ലഭ്യമാക്കുന്നതിന്

സർക്കാരിന്റെ ഇടപെടലുണ്ടാകണം. കാലിത്തീറ്റയുടെ വില വർധനവിനെ സംബന്ധിച്ച് നിരവധിതവണ നിയമസഭയിൽ സൂചിപ്പിച്ചിട്ടുള്ളതാണ്. പാവപ്പെട്ട ക്ഷീരകർഷകർക്ക് പദ്ധതിയിൽനിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങളൊന്നുംതന്നെ ലഭിക്കുന്നില്ല. കാരണം, പാലിന് ഒരു രൂപ വർധിപ്പിച്ചാൽ അതിന്റെ പതിൻമടങ്ങായി കാലിത്തീറ്റയ്ക്ക് വില വർധിപ്പിച്ചുകൊണ്ട് അതിന്റെ പ്രയോജനം ക്ഷീരകർഷകർക്ക് ലഭിക്കാത്ത സ്ഥിതിയാണ് ഇവിടെയുള്ളത്. സഹകരണ സംഘം ഭേദഗതി നിയമത്തിൽ പുതിയ ഒരു വകുപ്പ് കൊണ്ടുവന്നിരുന്നു. നാൽപതുവയസ്സിനുതാഴെയുള്ള ഒരു പുരുഷനും വനിതയും സംഘങ്ങളിൽ അംഗങ്ങളായിട്ടുണ്ടാകണമെന്നാണ് ആ വകുപ്പിലുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ പല സംഘങ്ങളും പരിശോധിച്ചാൽ നാൽപ്പതുവയസ്സിനുതാഴെയുള്ള ക്ഷീരകർഷകരെ ലഭിക്കാനില്ലെന്നകാര്യം മനസ്സിലാകും. അതുകൊണ്ടുതന്നെ പല സംഘങ്ങളിലെയും ഭരണസമിതിയിൽ നാൽപ്പതുവയസ്സിനുതാഴെയുള്ള പുരുഷന്റെയും വനിതയുടെയും സ്ഥാനം ഒഴിഞ്ഞുകിടക്കുകയാണ്. അത് ഏതുരീതിയിൽ പരിഹരിക്കാൻ സാധിക്കുമെന്ന് സർക്കാർ പരിശോധിക്കേണ്ടതായിട്ടുണ്ട്. അതുപോലെ, നമ്മുടെ സംസ്ഥാനത്ത് നാലുശതമാനം പലിശയ്ക്ക് കാർഷിക വായ്പ ലഭിക്കുന്നുണ്ട്. ക്ഷീരകർഷകരെ

കർഷകരുടെ ഗണത്തിൽപ്പെടുത്തി, കാർഷിക വായ്പയുടെ പരിധിയിൽപ്പെടുത്തി, പ്രത്യേകിച്ച് കന്നുകാലികളെ വാങ്ങാനെടുക്കുന്ന വായ്പയുടെ പലിശ നാല് ശതമാനമാക്കി മാറ്റുന്നതിന് സർക്കാർ ഇടപെടൽ നടത്തണമെന്ന് അഭ്യർഥിക്കുകയാണ്.

ജല ജീവൻ മിഷനുമായി ബന്ധപ്പെട്ട് വെട്ടിപ്പൊളിച്ച റോഡുകൾ മുഴുവനും താറുമാറായികിടക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. പ്രത്യേകിച്ച് മഴക്കാലമാണ് വരാൻപോകുന്നത്. അങ്ങനെ വരുമ്പോൾ ബാക്കിയുള്ള റോഡുകൾ പൂർണ്ണമായും താറുമാറായ അവസ്ഥയുണ്ടാകും. സർക്കാർ അക്കാര്യത്തിൽ അടിയന്തരമായി ഇടപെടേണ്ടതായിട്ടുണ്ട്. ജലസേചന വകുപ്പിനുകീഴിലുള്ള പല സ്ഥലങ്ങളിലും എം.എൽ.എ. ഫണ്ടുപയോഗിച്ചോ അല്ലെങ്കിൽ പഞ്ചായത്തുകളോ മുനിസിപ്പാലിറ്റികളോ പദ്ധതി തുടങ്ങാനായി എൻ.ഒ.സി.-ക്കുവേണ്ടി കയറി ഇറങ്ങി നടക്കുകയാണ്. എൻ.ഒ.സി. നൽകുന്നതിനുവേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറിംഗ് ലെവലിൽ ഒരു വികേന്ദ്രീകൃത സംവിധാനം നടപ്പാക്കിയാൽ നമ്മുടെ ഭരണസംവിധാനം കൂടുതൽ മെച്ചപ്പെടും. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണം.

മലയാറ്റൂരിന്റെ മനോഹാരിത ബഹുമാനപ്പെട്ട മന്ത്രിക്ക് നന്നായി

അറിയാവുന്നതാണ്. എല്ലാ വർഷവും അദ്ദേഹം മലയാറ്റൂർ മല കയറാൻ വരുന്നതാണ്. ഇറിഗേഷൻ ടൂറിസത്തിന് ധാരാളം പ്രാധാന്യമുള്ള സ്ഥലമാണത്. പ്രത്യേകിച്ച് അവിടെയുള്ള 'മണപ്പാട്ട് ചിറ' ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിലാണ്. അവിടെ സ്വകാര്യ പങ്കാളിത്തത്തോടുകൂടി Zip line-ഉം കേബിൾ കാർപോലുള്ള സംവിധാനങ്ങളും കൊണ്ടുവരാൻ സാധിക്കും. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു യോഗം വിളിച്ചുചേർത്ത് അവിടെ എന്തുചെയ്യാൻ സാധിക്കുമെന്നത് ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(തുടരും)

P-20-03-2025
MR/AY(2)
12.40-12.50 (SV)

(ശ്രീ. റോജി എം. ജോൺ....തുടർച്ച)

മുനമ്പം പ്രശ്നത്തിന് ശാശ്വതമായ പരിഹാരമുണ്ടാകണമെന്നാണ് ന്യൂനപക്ഷക്ഷേമവുമായി ബന്ധപ്പെട്ട് പറയുമ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ളത്. പണം നൽകി വാങ്ങിയ ഭൂമിയിൽനിന്ന് കുടിയിറക്കപ്പെടുന്ന ആശങ്കയിൽ, റവന്യൂ അവകാശങ്ങളില്ലാതെ അറുന്നൂറോളം കുടുംബങ്ങൾക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകേണ്ടതായി

വരുന്ന അവസ്ഥ വളരെ ദയനീയമാണ്. മുനമ്പത്തെ ജനങ്ങളുടെ ആവശ്യങ്ങൾ ന്യായമാണ്. കാലാകാലങ്ങളായി താമസിക്കുന്ന കിടപ്പാടം അവർക്ക് നഷ്ടപ്പെടാൻ പാടില്ല. ഒരു ജനകീയ പ്രശ്നത്തെ വർഗീയവൽക്കരിക്കുന്നതിനുള്ള പരിശ്രമമാണ് സംഘപരിവാർ ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്നത്. മുനമ്പത്തിന്റെ പേരിൽ കേരളത്തിലെ ക്രിസ്ത്യൻ, മുസ്ലീം മതവിഭാഗങ്ങളുടെ ഇടയിൽ ഭിന്നിപ്പുണ്ടാക്കി രാഷ്ട്രീയ ലാഭം കൊയ്യാൻ ബി.ജെ.പി. ശ്രമിക്കുകയാണ്. അതിന് വളം വച്ചുകൊടുക്കുന്ന നിലപാട് സംസ്ഥാന സർക്കാർ ദയവുചെയ്ത് സ്വീകരിക്കരുത്. സർക്കാർ ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചപ്പോൾത്തന്നെ ഈ വിഷയം അനന്തമായി നീണ്ടുപോകുമെന്നുള്ള ആശങ്ക ഞങ്ങൾ ഉന്നയിച്ചിരുന്നു. ഇപ്പോൾ കോടതി ഇടപ്പെട്ട് കമ്മീഷനെ റദ്ദ് ചെയ്തിരിക്കുകയാണ്. ഈ പ്രശ്നത്തെ അനന്തമായി നീട്ടിക്കൊണ്ടുപോകാൻ കഴിയില്ല. മുനമ്പം വിഷയത്തിന് കോടതി വ്യവഹാരത്തിലൂടെ നിയമപരമായ പരിഹാരം കാണാൻ സമീപഭാവിയിൽ കഴിയില്ല. അതിന് രാഷ്ട്രീയ ഇച്ഛാശക്തിയാണ് വേണ്ടത്. ഈ സർക്കാർ നിയമിച്ച വഖഫ് ബോർഡാണ് സംസ്ഥാനത്തുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് വഖഫ് ബോർഡിനേയും മുനമ്പത്തെ ജനങ്ങളെയും മറ്റുബന്ധപ്പെട്ട വ്യക്തികളെയും സംഘടനകളെയും

ഉൾപ്പെടുത്തിക്കൊണ്ട് ചർച്ച ചെയ്ത് ഈ വിഷയത്തിന് ഒരു നാഴിക നേരത്തെ പരിഹാരം കാണാൻ സർക്കാർ തയ്യാറാകണം. മുനമ്പം വിഷയത്തിൽ ശാശ്വതപരിഹാരം ഉണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അതുപോലെ, ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ പിന്നാക്കാവസ്ഥ സംബന്ധിച്ച് പഠിച്ച് പരിഹാരമാർഗങ്ങൾ നിർദേശിക്കുന്നതിനായി നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ട് എത്ര നാളായി? ഈ വിഷയം നിയമസഭയിൽ ഞാൻതന്നെ നിരവധി തവണ ഉന്നയിക്കുകയും അതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയും ചെയ്തിട്ടുണ്ട്. കമ്മിഷൻ പഠിച്ച് ഒരു റിപ്പോർട്ട് നൽകി, ആ റിപ്പോർട്ടിനെക്കുറിച്ച് പഠിക്കുന്നതിനുവേണ്ടി സർക്കാർ മറ്റൊരു സമിതിയെ നിയോഗിച്ചു. ആ സമിതിയുടെ പഠനം ഇതുവരെ പൂർത്തിയായിട്ടില്ല. ആ പഠനം എപ്പോൾ പൂർത്തിയാകും? ദയവുചെയ്ത് ക്രൈസ്തവ ന്യൂനപക്ഷങ്ങളുടെ ഉന്നമനത്തിന്റെ കാര്യത്തിൽ സർക്കാരിന് ആത്മാർഥതയുണ്ടെങ്കിൽ ജസ്റ്റിസ് ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ട് കോൾഡ് സ്റ്റോറേജിൽ വയ്ക്കാതെ അത് പുറത്തുവിടാനും ശിപാർശകൾ നടപ്പാക്കാനും സർക്കാർ തയ്യാറാകണം.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ പദ്ധതിച്ചെലവുകൾ 50

ശതമാനമായി വെട്ടിക്കുറച്ചപ്പോൾ എല്ലാ സ്കോളർഷിപ്പുകളും വെട്ടിച്ചുരുക്കിയിരിക്കുകയാണ്. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പും വിദ്യാർത്ഥികൾക്കുള്ള വിദേശ സ്കോളർഷിപ്പും മദർതെരേസ സ്കോളർഷിപ്പും എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പുകളും ഉൾപ്പെടെ ന്യൂനപക്ഷ വിദ്യാർത്ഥികൾക്കായുള്ള എല്ലാ സ്കോളർഷിപ്പുകളും സർക്കാർ വെട്ടിച്ചുരുക്കിയിരിക്കുകയാണ്. ഇങ്ങനെ സ്കോളർഷിപ്പുകൾ വെട്ടിച്ചുരുക്കാനാണെങ്കിൽ ദയവുചെയ്ത് സ്കോളർഷിപ്പുകൾക്ക് മദർതെരേസയുടെയും ജോസഫ് മുണ്ടശ്ശേരിയുടെയും എ.പി.ജെ. അബ്ദുൾ കലാമിന്റെയുമൊക്കെ പേരുകൾ നൽകി അവരെ അപമാനിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ സ്കോളർഷിപ്പുകൾ പുനഃസ്ഥാപിക്കാൻ സർക്കാർ തയ്യാറാകണം.

ന്യൂനപക്ഷങ്ങളോട് മാത്രമല്ല, ഈ നാട്ടിലെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളോടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏറ്റവും വലിയ അപരാധം ചെയ്തിരിക്കുന്നത് എന്നുപറയാം. റീ-സ്ട്രക്ച്ചറിംഗ് എന്ന ഓമനപ്പേരിട്ട പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുള്ള അലോക്കേഷനിൽ കഴിഞ്ഞ സാമ്പത്തികവർഷം 500 കോടി രൂപയുടെ വെട്ടിക്കുറവാണ് വരുത്തിയിരിക്കുന്നത്. ലൈഫ് മിഷൻ ഭവന പദ്ധതിക്കുള്ള 300 കോടി

രൂപ 120 കോടി രൂപയാക്കി ചുരുക്കി. അതായത്, 1,370 കോടി രൂപയുടെ പദ്ധതികൾ അനുവദിച്ചിരുന്നതിൽനിന്നും കഴിഞ്ഞ വർഷം 20 പദ്ധതികളിലായി 500 കോടി രൂപയാണ് വെട്ടിക്കുറച്ചത്. അതിന്റെ കണക്കുകൾ എന്റെ കയ്യിലുണ്ട്. ലൈഫ് മിഷൻ മുഖേനയുള്ള ഭവന പദ്ധതിയും ഇതിലുൾപ്പെടും. ബജറ്റിൽ ഭവന പദ്ധതിക്ക് ഉൾപ്പെടുത്തിയിരുന്ന 300 കോടി രൂപയിൽ കുറവ് വരുത്തിയതോടെ വിഹിതം ഇപ്പോൾ കേവലം 120 കോടി രൂപയായി ചുരുങ്ങി. എല്ലാ പദ്ധതിയുടെയും വിവരങ്ങൾ എന്റെ കൈവശമുണ്ട്. വീട് പൂർത്തീകരണവും നവീകരണവും പദ്ധതിയിലും വിവാഹ ധനസഹായത്തിനുള്ള പദ്ധതിയിലും പെൺകുട്ടികൾക്കുള്ള വാത്സല്യ നിധി പദ്ധതിയിലും അംബേദ്കർ ഗ്രാമപദ്ധതിയിലുമുൾപ്പെടെ അനുവദിച്ചിരുന്ന തുക വെട്ടിക്കുറച്ചിരിക്കുകയാണ്. അതുപോലെ, പട്ടികജാതി വിഭാഗങ്ങൾക്കുള്ള പ്രീമെട്രിക്-പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ ഗണ്യമായി വെട്ടിക്കുറച്ചുവെന്നുമാത്രമല്ല, ആ സ്കോളർഷിപ്പുകൾ സമയബന്ധിതമായി നൽകാത്തതിനാൽ ഇന്ന് സ്കൂളുകളിൽ വിവേചനം നേരിടുന്ന പാവപ്പെട്ട നിർധനരായ പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ കുട്ടികൾക്ക് കൃത്യമായി പഠനം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുകയാണ്. ബഹുമാന്യനായ എം. വിജിൻ എം.എൽ.എ.-ക്ക്

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടി എന്റെ കൈയിലുണ്ട്. കേരളത്തിൽ 30,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി അനുവദിച്ച് ചെലവാക്കിയപ്പോൾ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി അതിൽ അനുവദിച്ചത് കേവലം 78 കോടി രൂപയാണ്. അതായത്, എല്ലാ കാലഘട്ടങ്ങളിലും പത്ത് ശതമാനം പട്ടികജാതി വിഭാഗങ്ങൾക്കും 2 ശതമാനം പട്ടികവർഗ വിഭാഗങ്ങൾക്കുംവേണ്ടി നീക്കിവച്ചിരുന്ന ഒരു സംസ്ഥാനത്ത് 30,000 കോടി രൂപ ചെലവാക്കിയപ്പോൾ, അതിന്റെ പത്ത് ശതമാനം എന്നുപറഞ്ഞാൽ 3,000 കോടി രൂപയും ഒരു ശതമാനം എന്നുപറഞ്ഞാൽ 300 കോടി രൂപയും അര ശതമാനം എന്നുപറഞ്ഞാൽ 150 കോടി രൂപയുമാണ്. ആ അര ശതമാനത്തിനും താഴെ കാൽ ശതമാനം മാത്രം ഈ നാട്ടിലെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്ക് നീക്കിവയ്ക്കുന്ന ഒരു സർക്കാരാണോ പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്? പട്ടികജാതി വിഭാഗത്തിൽനിന്നുള്ള ഒരു മന്ത്രിയില്ലാത്ത ഗവൺമെന്റ് ഈ സംസ്ഥാനത്തുണ്ടാകുന്നത് കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ വിഭാഗത്തെ വഞ്ചിച്ച ഗവൺമെന്റാണ് ഈ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എന്നുപറയാതിരിക്കാൻ നിർവാഹമില്ല.

ഡൽഹിയിൽ ഇരിക്കുന്ന ശ്രീ. കെ. വി. തോമസിന് 12.5 ലക്ഷം രൂപയാണ് യാത്രാ ചെലവിനത്തിൽ നൽകുന്നത്. കോളേജ് പ്രൊഫസർക്കും എം.എൽ.എ.-യ്ക്കും എം.പി.-ക്കും ഒരു മാസം പെൻഷനായി എത്ര ലക്ഷം രൂപ ലഭിക്കുമെന്ന് ചോദിച്ചത് ഞാനല്ല; ബഹുമാന്യനായ ജി. സുധാകരനാണ്. അദ്ദേഹം ചോദിച്ചത് ഞാൻ ചോദിക്കുന്നില്ല; 'ഇത് പുഴുങ്ങി തിന്നാനുള്ളതാണോ' എന്നാണ് അദ്ദേഹം ചോദിച്ചത്. അത് പുഴുങ്ങി തിന്നുകയോ കറിവച്ച് കഴിക്കുകയോ വറുത്തുകഴിക്കുകയോ എന്നുള്ളത് അദ്ദേഹത്തിന്റെ വ്യക്തിപരമായ കാര്യമാണ്.

ചെയർപേഴ്സൺ: പ്ലീസ്...........കൺക്ലൂഡ്

ശ്രീ. റോജി എം. ജോൺ: സർ, 78 വയസ്സായ ശ്രീ. കെ. വി. തോമസിന് ഈ ആനുകൂല്യങ്ങളും സൗകര്യങ്ങളും നൽകുന്നതിന് പ്രായപരിധി തടസ്സമില്ല. ബഹുമാനപ്പെട്ട എ. കെ. ബാലനും സി.പി.ഐ.(എം)-ന്റെ പല നേതാക്കൾക്കും പ്രായപരിധി ബാധകമാണ്. എന്നാൽ ശ്രീ. കെ. വി. തോമസിന് പ്രായപരിധി ബാധകമല്ലെന്ന് പറയുമ്പോൾ, എനിക്ക് പറയാനുള്ളത് ഈ സർക്കാരിന് കേരളത്തിലെ ഇടതുപക്ഷ സി.പി.ഐ.(എം) മൈക്ക് ഓഫ്.......

(ശ്രീ. വി. ശശി)

P-20-03-2025
MR/AY(2)
12.40-12.50 (SV)

<u>ശ്രീ. വി. ശശി</u>: സർ, ഈ ധനാഭ്യർഥനകളെ ഞാൻ പിന്താങ്ങുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭക്ഷ്യ പൊതുവിതരണ വകുപ്പ് മൗലികവും മാതൃകാപരവുമായ ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരികയാണ്. അതിലൊന്നാണ് അർഹമായ കുടുംബങ്ങൾക്ക് നഷ്ടപ്പെട്ടുപോയ മുൻഗണനാ കാർഡുകൾ ലഭ്യമാക്കിക്കൊടുത്തത്. ചുരുങ്ങിയ സമയംകൊണ്ട് ആ ദൗത്യം ഭംഗിയായി പൂർത്തിയാക്കാൻ സാധിച്ചു. സർക്കാരിന്റെ കൈവശമുണ്ടായിരുന്നതും സറണ്ടർ പരിശോധനയിലൂടെയും ഓപ്പറേഷൻ യെല്ലോയിലൂടെയും ലഭ്യമാക്കിയതുമുൾപ്പെടെ 458732 മുൻഗണനാ കാർഡുകളാണ് അർഹരായവരുടെ കൈകളിൽ എത്തിക്കാൻ സാധിച്ചത്. ഇതൊരു ചെറിയ കാര്യമല്ല; അഭിമാനാർഹമായ ഒരു കാര്യമായിട്ടാണ് ഇതിനെ കാണേണ്ടത്. സാർവത്രികമായി ഭക്ഷ്യഭദ്രത നടപ്പാക്കിയെന്നുറപ്പാക്കണമെങ്കിൽ എല്ലാവർക്കും റേഷൻകാർഡ് ലഭ്യമാക്കിയിരിക്കണം. ഇതിനെതിരായി ഉന്നയിക്കുന്ന സാങ്കേതിക തടസ്സങ്ങളെല്ലാം ഒഴിവാക്കി 508421 പുതിയ റേഷൻകാർഡുകളാണ് ഇതിനകം വിതരണം ചെയ്തത്. ഇതിനുപുറമെ, ഭിന്നശേഷിക്കാരായ

കുട്ടികളുൾപ്പെടെ താമസിക്കുന്ന ക്ഷേമസ്ഥാപനങ്ങൾക്ക് 8012 കാർഡുകൾ നൽകി. തെരുവോരത്ത് താമസിക്കുന്നവർക്കും ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർക്കുമെല്ലാം ആധാർ പരിശോധന നടത്തി റേഷൻ കാർഡുകൾ നൽകിയത് പ്രശംസനീയമാണ്. പാർശ്വവൽക്കരിക്കപ്പെട്ടവർക്കിടയിൽ ഭക്ഷ്യഭദ്രതാ പദ്ധതി നടപ്പാക്കിയതും ശ്രദ്ധേയമാണ്. പൊതുനിരത്തുകളിൽനിന്നും വളരെദൂരെ യാത്രാസൗകര്യം ഇല്ലാത്ത ഇടങ്ങളിലെ ഊരുകളിലും സെറ്റിൽമെന്റുകളിലും താമസിക്കുന്ന ധാരാളം പട്ടികവർഗ കുടുംബങ്ങൾ ഇന്ന് സംസ്ഥാനത്തുണ്ട്. ഇവർക്കായി വാതിൽപ്പടിയിൽ റേഷൻ സാധനങ്ങൾ എത്തിക്കാൻ ഏർപ്പെടുത്തിയ 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി ഏറെ പ്രശംസിക്കപ്പെട്ടു. ഇതിനകം 139 കേന്ദ്രങ്ങളിൽ ഈ പദ്ധതി നടപ്പാക്കി. ഇതുപോലെയുള്ള ഇടങ്ങൾ ഇനിയും നമ്മുടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. അവിടെയും ഈ പദ്ധതി നടപ്പാക്കണമെന്ന് അഭ്യർഥിക്കുന്നു. ഇവിടങ്ങളിൽ വിതരണം ചെയ്യുന്ന ഗോതമ്പിനുപകരം ആട്ട വിതരണം ചെയ്യുന്നതിനുകൂടി നടപടി സ്വീകരിക്കേണ്ടതുണ്ട്. അതിനുകാരണം പൊതുയിടങ്ങളിൽനിന്നും മാറി താമസിക്കുന്നവർക്ക് വളരെയധികം ദൂരം യാത്രചെയ്തുവന്ന് ഗോതമ്പ് പൊടിയാക്കി മാറ്റി ഉപയോഗിക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

ഇതുകണക്കിലെടുത്താണ് ഗോതമ്പിനുപകരം ആട്ട വിതരണം ചെയ്യണമെന്ന നിർദേശം അങ്ങയുടെ മുമ്പിൽ വയ്ക്കുന്നത്. ഇതോടൊപ്പം, റേഷൻകടയിൽ നേരിട്ടെത്തി സാധനങ്ങൾ വാങ്ങാൻ കഴിയാത്ത കിടപ്പുരോഗികൾക്കുവേണ്ടി ആവിഷ്കരിച്ച "ഒപ്പം" പദ്ധതിയെക്കുറിച്ച് എടുത്തുപറയേണ്ടതാണ്. അതത് പ്രദേശത്തെ ഓട്ടോറിക്ഷ തൊഴിലാളികളുടെ സേവനം പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന "ഒപ്പം" പദ്ധതി നിർധനരായ കിടപ്പുരോഗികളെ സംബന്ധിച്ചിടത്തോളം അനുഗ്രഹമാണ്.

(തുടരും.......)

P20-03-2025
RJ-AY (2)
12.50-1.00 (SV)

(ശ്രീ. വി. ശശി....തുടർച്ച)

പൊതുവിതരണ ശൃംഖലയെ ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കൂടുതൽ ജനോപകാരപ്രദമായി ശക്തിപ്പെടുത്തുന്നതിന് രൂപം നൽകിയ കെ-സ്റ്റോർ പദ്ധതി ഇതിനകം 1595 റേഷൻകടകളിൽ നടപ്പാക്കിവരുന്നുണ്ട്. റേഷൻകടകളുടെ പശ്ചാത്തല സൗകര്യം വിപുലപ്പെടുത്തിയാണ് കെ-സ്റ്റോർ പദ്ധതി നടപ്പാക്കുന്നത്. മിനി ബാങ്കിങ്, യൂട്ടിലിറ്റി പേയ്മെന്റ്, ഛോട്ടു ഗ്യാസ്, പൊതുമേഖലാ സ്ഥാപനങ്ങൾ,

കുടുംബശ്രീ, കൃഷി-വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഉൽപന്നങ്ങളാണ് കെ-സ്റ്റോറിലെ വിപണന ഇനങ്ങൾ. 2025-ൽ കെ-സ്റ്റോറുകളുടെ എണ്ണം രണ്ടായിരമായി വർധിപ്പിക്കുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്. ഭക്ഷ്യ-പൊതുവിതരണ രംഗത്ത് ഉയർത്തിക്കാണിക്കാവുന്ന ഒട്ടേറെ നേട്ടങ്ങൾ ഇക്കാലയളവിലുണ്ടായിട്ടുണ്ട്. നൂറുശതമാനം റേഷൻ കാർഡുകളും ആധാറുമായി ബന്ധിപ്പിക്കുന്ന പ്രവർത്തനം പൂർത്തിയാക്കിയ ആദ്യ സംസ്ഥാനം കേരളമാണ്. വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിന് മുന്നേറാൻ കഴിഞ്ഞതിന് കേന്ദ്ര സർക്കാർ പരിഗണിക്കപ്പെട്ട ഒരു ഘടകം, സംസ്ഥാനത്തിലെ മികച്ച നിലവാരത്തിലുള്ള പൊതുവിതരണ സമ്പ്രദായമാണ്. കൂടാതെ റൂട്ട് ഓപ്റ്റിമൈസേഷൻ ഉൾപ്പെടെയുള്ള പൊതുവിതരണ ശൃംഖലയുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ പ്രശസ്തിപത്രം ലഭിച്ചതും ശ്രദ്ധേയമാണ്. മുൻഗണനാ കാർഡുകളുടെ മസ്റ്ററിങ്ങുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലും കേരളം ഒന്നാം സ്ഥാനത്താണ്. നീല, വെള്ള കാർഡുകൾക്ക് ഉത്സവ സീസണുകളിൽ പത്തുകിലോ അരി  പ്രത്യേകമായി നൽകിയതും എല്ലാ മാസവും ടൈഡ് ഓവർ വിഹിതത്തിൽനിന്നും പരമാവധി അരി ലഭ്യമാക്കിയതും

എടുത്തുപറയേണ്ട കാര്യമാണ്. ഈ നേട്ടങ്ങളുടെ പട്ടിക വിവരിക്കുമ്പോൾ ദേശീയ ഭക്ഷ്യ-ഭദ്രതാ നിയമം...............

ചെയർപേഴ്സൺ: അങ്ങയുടെ സമയം പോകും.........

ശ്രീ. ജി. എസ്. ജയലാൽ: സർ, ഭക്ഷ്യവകുപ്പിന്റെ നേതൃത്വത്തിൽ വലിയൊരു മാനുഷിക പ്രവർത്തനവുംകൂടി നടക്കുന്നുണ്ട്. നമ്മുടെ നാട്ടിലെ മാരകരോഗമുള്ളവർക്ക് കാർഡ് തരംമാറ്റി നൽകുന്നുണ്ട്. ഏതു പാതിരാത്രിക്ക് ഭക്ഷ്യവകുപ്പിൽ അപേക്ഷ ലഭിച്ചാലും ഉടനെ എ.എ.വൈ, ബി.പി.എൽ കാർഡായി തരംമാറ്റി നൽകുന്ന സംവിധാനം ജനങ്ങൾക്ക് ഗുണകരമാകുന്നുണ്ട്. അക്കാര്യം നല്ല രീതിയിൽ ഭക്ഷ്യവകുപ്പ് കൈകാര്യം ചെയ്യുന്നുമുണ്ട്. അതുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. വി. ശശി: സർ, ഇതിനിടയിൽ ദേശീയ ഭക്ഷ്യ-ഭദ്രതാ നിയമം നടപ്പാക്കിയതോടെ  കേരളത്തിന് കേന്ദ്രത്തിൽനിന്നും കടുത്ത വെല്ലുവിളി നേരിടേണ്ടിവന്ന കാര്യംകൂടി ഞാൻ സൂചിപ്പിക്കുകയാണ്. പ്രതിവർഷം ലഭിച്ചുകൊണ്ടിരുന്ന 16.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യം 14.25 ലക്ഷം മെട്രിക് ടണ്ണായി വെട്ടിക്കുറച്ചു. ടൈഡ് ഓവർ അരി വിതരണം വർധിപ്പിച്ചതുമില്ല. കൂടാതെ ടൈഡ് ഓവറായി ലഭിച്ചിരുന്ന 6459 മെട്രിക് ടൺ ഗോതമ്പും ലഭിക്കാതെയായി. ഇതോടൊപ്പമാണ് മണ്ണെണ്ണ വിഹിതവും

കേന്ദ്രം പൂർണ്ണമായും ഒഴിവാക്കിയത്. ഇതെല്ലാം പൊതുവിതരണ സംവിധാനത്തിന് നേരിടേണ്ടിവന്ന കടുത്ത വെല്ലുവിളിയാണ്. പ്രതിവർഷം കേരളത്തിലെ കർഷകരിൽനിന്നും സംഭരിക്കുന്ന ആറുലക്ഷം മെട്രിക് ടൺ നെല്ലാണ് മലയാളികൾക്ക് ഏറ്റവും പ്രിയങ്കരമായ ചമ്പാവരിയാക്കി മാറ്റുന്നത്. അതും ഭക്ഷ്യഭദ്രത ഉറപ്പാക്കുന്നതിന് വളരെ സഹായകരമാണ്. ഇത്തരത്തിൽ ഈ പ്രതികൂല സാഹചര്യത്തിലും പൊതുവിതരണ രംഗത്ത് വളരെയേറെ മെച്ചപ്പെട്ട പ്രവർത്തനമാണ് ബന്ധപ്പെട്ട വകുപ്പിന് കാഴ്ചവയ്ക്കാൻ സാധിച്ചതെന്നകാര്യം നമുക്ക് നിസ്സംശയം സൂചിപ്പിക്കാൻ കഴിയും.

സംസ്ഥാനത്ത് പട്ടിക വിഭാഗത്തിലുള്ള 15.2 ലക്ഷം വിദ്യാർഥികൾക്ക് പ്രീ-മെട്രിക്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്. ഇതിൽ പ്രീ-മെട്രിക് വിഭാഗത്തിലെ ഒമ്പതും പത്തും ക്ലാസ്സിലെ വിദ്യാർഥികൾക്കുമാത്രമാണ് ഇ-ഗ്രാന്റ് നൽകുന്നത്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നത് പതിനൊന്നാം ക്ലാസ്സുമുതൽ പി.എച്ച്.ഡി. വരെയുള്ള വിദ്യാർഥികൾക്കാണ്. പ്രീ-മെട്രിക് സ്കോളർഷിപ്പ് 500 രൂപ മുതൽ 1500 രൂപ വരെയും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് 3000 രൂപ മുതൽ 12000 രൂപ വരെയുമാണ് കേന്ദ്ര വിഹിതമായി നൽകുന്നത്. 2.5 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള കുടുംബത്തിലെ

വിദ്യാർഥികൾക്കുമാത്രമാണ് ഈ സ്കോളർഷിപ്പുകൾ അനുവദിക്കുന്നത്. എന്നാൽ, വരുമാനപരിധി പരിഗണിക്കാതെ നിശ്ചയിക്കപ്പെട്ട സ്കോളർഷിപ്പ് തുക വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാർ അനുവദിച്ചുനൽകുന്നുണ്ട്. ഓരോ വർഷവും ലഭിക്കേണ്ട സംസ്ഥാന സ്കോളർഷിപ്പ് തുക അതതു വർഷം വിദ്യാർഥികൾക്ക് ലഭിക്കുന്നില്ലെന്ന കാര്യം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒന്നാം വർഷത്തെ സ്കോളർഷിപ്പ് രണ്ടാം വർഷവും രണ്ടാം വർഷത്തേത് മൂന്നാം വർഷവുമാണ് ലഭിക്കുന്നത്. ഓരോ വർഷവും ബജറ്റ് തുക ചെലവാക്കുന്നത് മുൻവർഷത്തെ സ്കോളർഷിപ്പ് നൽകാനാണ്. ഈ അവസ്ഥ ഒഴിവാക്കി അർഹമായ കേന്ദ്ര സംസ്ഥാന സ്കോളർഷിപ്പ് അതത് അക്കാദമിക് വർഷംതന്നെ ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയോട് അഭ്യർഥിക്കുകയാണ്. അതിനുള്ള നടപടിയുണ്ടാകണം.

മറ്റൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, പട്ടികജാതി, പട്ടികവർഗ വിദ്യാർഥികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസം ലക്ഷ്യമാക്കി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൊന്നാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ. 1990 മുതൽ ഒരു വർഷം നീണ്ടുനിന്ന ഡോ. അംബേദ്കർ ജന്മശതാബ്ദി ആഘോഷത്തോടനുബന്ധിച്ചാണ്

കേരളത്തിൽ ആദ്യമായി പ്രസ്തുത സ്കൂളുകൾ സ്ഥാപിച്ചത്. തിരുവനന്തപുരം ജില്ലയിലെ കട്ടേല എന്ന പ്രദേശത്ത് പട്ടികവർഗ വിദ്യാർഥിനികൾക്കായി സ്ഥാപിച്ച ഡോ. അംബേദ്കർ മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ ഹയർസെക്കൻഡറി സ്കൂൾ അതിലൊന്നാണ്. മറ്റൊന്ന്, വയനാട് മാനന്തവാടിയിൽ ആൺകുട്ടികൾക്കുമാത്രമായി സ്ഥാപിച്ച റസിഡൻഷ്യൽ സ്കൂളാണ്. ഈ പദ്ധതിയിലൂടെ 22 മോഡൽ റസിഡൻഷ്യൽ സ്കൂളുകളാണ് നിലവിൽ സ്ഥാപിച്ചിട്ടുള്ളത്. ടി സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഉന്നതവിജയം ലഭിക്കുന്നുവെന്നത് യാഥാർഥ്യമാണ്. ടി സ്കൂളുകളിലെ അധ്യാപകരെ നിയമിക്കുന്നത് പൊതുവിദ്യാഭ്യാസ വകുപ്പാണ്. ഇതേ മാതൃകയിലാണ് തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് ഉൾപ്പെടെ കേരളത്തിലുള്ള പ്രധാനപ്പെട്ട പാരാമെഡിക്കൽ സെന്ററുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത സ്ഥാപനങ്ങളിലെ അധ്യാപകരെയും ആവശ്യമായ മറ്റു ജീവനക്കാരെയും നിയമിക്കുന്നത് ആരോഗ്യവകുപ്പിലെ ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ മുഖാന്തരം പബ്ലിക് സർവീസ് കമ്മീഷനാണ്. ഇതുപോലെ പാലക്കാട് പ്രവർത്തിച്ചുവരുന്ന മെഡിക്കൽ കോളേജിലെ ടീച്ചിങ് ആൻഡ് നോൺ ടീച്ചിങ് സ്റ്റാഫും ഡോക്ടർമാരുമുൾപ്പെടെയുള്ള ജീവനക്കാരെ

ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ ഉദ്യോഗസ്ഥരാക്കി മാറ്റണമെന്നുള്ള പട്ടികജാതി പട്ടികവർഗ ക്ഷേമം സംബന്ധിച്ച നിയമസഭാ സമിതിയുടെ ശിപാർശ എത്രയുംവേഗം നടപ്പാക്കണമെന്നുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളുകളും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും പ്രവർത്തനം ആരംഭിക്കാത്ത സ്ഥിതിയിലാണ്. വരുന്ന അധ്യയനവർഷംതന്നെ അവയെല്ലാം തുറന്നുപ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പ്രാഥമിക ഉൽപാദന മേഖലയിൽപ്പെട്ട മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിലെ ഉൽപാദനവും ഉൽപാദനക്ഷമതയും ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ പ്രയോഗത്തിലൂടെ വർധിപ്പിക്കുകയെന്നതാണ് വകുപ്പിന്റെ പ്രധാന ലക്ഷ്യം. മാംസോൽപാദന മേഖലയ്ക്ക് വളരെയധികം പ്രാധാന്യം നൽകേണ്ടതുണ്ട്. കേരളത്തിലെ ഭൂരിഭാഗം ആളുകളും മാംസാഹാരികളാണെന്ന കാര്യം യാഥാർത്ഥ്യമാണ്. ആധുനിക സൗകര്യങ്ങളോടുകൂടിയ അറവുശാലകൾ വിരലിലെണ്ണാവുന്നതേയുള്ളൂ. എന്നാൽ അനധികൃത അറവുശാലകളും

അശാസ്ത്രീയ മാംസ വിപണന കേന്ദ്രങ്ങളും ധാരാളമുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുകയെന്നത് സന്തോഷകരമായ കാര്യമാണ്. സ്വീകരിച്ച നടപടികൾ ത്വരിതപ്പെടുത്തണം. ശുദ്ധമായ മാംസോൽപാദനം ഉറപ്പാക്കുന്നതിനാണ് 1996-ലെ കേരള പഞ്ചായത്ത് രാജ് നിയമം നിർമ്മിച്ചിട്ടുള്ളത്. പ്രസ്തുത നിയമം കർശനമായി നടപ്പാക്കിയാൽ ഇതിനുള്ള നടപടി സ്വീകരിക്കാനാകും.

പാലുൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്നത് സംസ്ഥാന സർക്കാർ മുന്നോട്ടുവയ്ക്കുന്ന പ്രഖ്യാപിത ലക്ഷ്യമാണ്. പ്രളയകാലത്തിനുമുമ്പ് നാം ലക്ഷ്യത്തിലേയ്ക്കെത്തിയിരുന്നു; പിന്നീട് കുറച്ച് പിന്നോട്ടുപോയി. പ്രളയകാലം നമുക്ക് ധാരാളം പ്രതിസന്ധികളുണ്ടാക്കി. എന്നാൽ ഇപ്പോൾ നാം തിരിച്ചുവരവിന്റെ പാതയിലാണ്. നിലവിൽ നടത്തിവരുന്ന നിരവധി പദ്ധതികളും അനുബന്ധ പ്രവർത്തനങ്ങളും ഫലം കണ്ടുവരുന്നുണ്ട്. മറ്റു സംസ്ഥാനങ്ങളിൽനിന്നും പാൽ വാങ്ങേണ്ടിവരുന്ന സാഹചര്യം പൂർണ്ണമായും ഇല്ലാതാക്കണം. അതിനായി സംസ്ഥാനത്ത് വളർത്തുന്ന പശുക്കളുടെ എണ്ണവും ഉൽപാദന ക്ഷമതയും വർധിപ്പിക്കണം. അതിന് സഹായകരമായ രീതിയിലാണ് കന്നുകാലി പ്രജനനം നടപ്പാക്കി വരുന്നത്. കന്നുക്കുട്ടികളെ ശാസ്ത്രീയ പരിചരണത്തിലൂടെ

കറവപ്പശുക്കളാക്കാനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. അതിനായി കന്നുക്കുട്ടി പരിപാലന പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നുണ്ട്.

ക്ഷീരഗ്രാമം പദ്ധതി, സമഗ്ര കന്നുക്കുട്ടി ഇൻഷ്വറൻസ് സ്കീം, പശു വിതരണം, പാൽ ഉൽപാദനം, ബോണസ്, കറവ.....

ചെയർപേഴ്സൺ: പ്ലീസ്... അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. വി. ശശി: സർ, ...ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ വളരെ ഫലപ്രദമായി ഈ രംഗത്ത് നടപ്പാക്കിവരുന്നു. അതിന്റെ പ്രയോജനം ഈ ക്ഷീര മേഖലയിൽ ലഭ്യമാകുന്നുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

(ശ്രീ. പി. അബ്ദുൽ ഹമീദ്)

P - 20.03.2025
KA- PR(2)
1.00-1.10
SM

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. സാമ്പത്തിക മാനേജ്മെന്റിന് കടമെടുപ്പ് മാത്രമാണ് പരിഹാരമെന്ന കാഴ്ചപ്പാട് മാറേണ്ടതുണ്ട്. പ്രത്യേകിച്ചും, കേന്ദ്ര സർക്കാർ നമ്മുടെ സംസ്ഥാനത്തോട് കാണിക്കുന്ന പ്രതികൂല സമീപനം നമുക്ക്

അറിയാവുന്നതാണ്. പുതിയ ആശയങ്ങളെക്കുറിച്ചും പുതിയ സാധ്യതകളെക്കുറിച്ചും പ്രതീക്ഷാനിർഭരമായ ഒരു ആലോചനയും സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നില്ലായെന്നത് വളരെ ദൗർഭാഗ്യകരമാണ്. അതിപ്പോൾ അവതരിപ്പിച്ച ബജറ്റിലും തെളിഞ്ഞുകാണാവുന്നതാണ്. കേരളത്തിന്റെ വിഭവങ്ങളെ വിപണിയിലെ ആവശ്യത്തിനനുസരിച്ച് വളർത്താൻ സർക്കാർ നിർബന്ധമായും മുന്നോട്ടുവരണമെന്ന് ആമുഖമായി പറയുകയാണ്. കേരളത്തിന്റെ സാമ്പത്തികനില മെച്ചപ്പെടുകയാണെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത്. അതോടൊപ്പം, കേരളത്തിൽ സാമ്പത്തിക പ്രതിസന്ധിയാണെന്ന് പറഞ്ഞ് പ്രതിപക്ഷം നമ്മുടെ നാടിനെ അവഹേളിക്കരുതെന്നും മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഇന്നലെ ആരോഗ്യ വകുപ്പുമന്ത്രി ആശാ വർക്കർമാരുമായി അവരുടെ ഡിമാൻഡുകളെക്കുറിച്ച് ചർച്ച ചെയ്തിരുന്നു. ആ സന്ദർഭത്തിൽ സാമ്പത്തിക പ്രതിസന്ധി കാരണം ഓണറേറിയം വർധിപ്പിക്കാൻ യാതൊരു നിർവാഹവുമില്ലായെന്ന് മന്ത്രി അവരോട് പറയുകയുണ്ടായി. കേരളത്തിലെ ഉത്തരവാദപ്പെട്ട മന്ത്രിയാണ് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് പറയുന്നത്. ധനകാര്യ വകുപ്പുമന്ത്രി മറ്റൊരുതരത്തിൽ പറയുന്നു. പ്രതിപക്ഷം ഇങ്ങനെ പറഞ്ഞുകൊണ്ട്

അവഹേളിക്കരുതേയെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുന്നു. ഇതിൽ ആര് പറയുന്നതാണ് ശരിയെന്ന് നിങ്ങൾ തീരുമാനിച്ചാൽ മതിയെന്നാണ് എനിക്ക് അതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

എല്ലാ ഗ്രാമീണ വീടുകളിലും പ്രതിദിനം 50 ലിറ്റർ ശുദ്ധജലം എത്തിക്കുമെന്ന പ്രഖ്യാപനത്തോടുകൂടിയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ ജൽജീവൻ മിഷൻ പദ്ധതി ആരംഭിച്ചത്. എന്താണ് ഇന്ന് ആ പദ്ധതിയുടെ സ്ഥിതി? റോഡ് മുഴുവൻ കുത്തിപ്പൊളിച്ച് കിടക്കുകയാണ്; കാൽനടക്കാർക്കും സ്കൂൾ വിദ്യാർത്ഥികൾക്കുപോലും സഞ്ചരിക്കാൻ കഴിയാത്ത അവസ്ഥയാണ്; വിദ്യാലയത്തിൽ കുട്ടികൾക്ക് പോകണമെങ്കിൽ സ്കൂൾ ബസ്സുപോലും റോഡിലേക്ക് ഇറക്കാൻ സാധിക്കുന്നില്ല; പരീക്ഷ എഴുതാൻ കിലോമീറ്റർ നടന്നാണ് കുട്ടികൾ പോകുന്നത്. കഴിഞ്ഞ ഒന്നരമാസം മുമ്പ് സി.പി.ഐ.(എം)-ന്റെ ഏരിയാ ലോക്കൽ കമ്മിറ്റിയുടെ കാൽനടജാഥ ഉണ്ടായിരുന്നു. ഈ പ്രാവശ്യം ഹൈവേ ജാഥയാണ് നടത്തിയത്. പഞ്ചായത്തിലേക്ക് ആർക്കും പോകാൻ സാധിച്ചിട്ടില്ല. എം.എൽ.എ.-മാരെ സംബന്ധിച്ചിടത്തോളം മണ്ഡലത്തിൽ പോകണമെങ്കിൽ, ആളെ തിരിച്ചറിയാതിരിക്കുവാൻ പർദ ഇട്ടുപോകേണ്ട സ്ഥിതിയാണ്. അത്രത്തോളം

പ്രതിഷേധമാണ് ജനങ്ങളിൽ നിന്ന് നേരിടുന്നത്. കരാറുകാർക്ക് 4,500 കോടി രൂപയാണ് നൽകാനുള്ളത്. കുടിശ്ശിക നൽകാതെ ഇനി പ്രവർത്തനം നടത്തുകയില്ലെന്ന് പറഞ്ഞ് അവർ സെക്രട്ടേറിയറ്റിന് മുമ്പിൽ സമരം നടത്തുകയാണ്. ജൽജീവൻ മിഷനെ ജീവൻ വയ്പ്പിക്കുവാനുള്ള അടിയന്തര നടപടി സ്വീകരിക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ റോഡ് വിട്ടുകൊടുത്തു. അവർ എല്ലാ സൗകര്യങ്ങളും ഒരുക്കികൊടുത്തപ്പോൾ റോഡിലൂടെ ഇറങ്ങി നടക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. അടിയന്തരമായി ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ ഇടപെട്ട് യുദ്ധകാലാടിസ്ഥാനത്തിൽ തീരുമാനമുണ്ടാകണം. എല്ലാ വീടുകളിലും ശുദ്ധജല വിതരണം, 102 വില്ലേജുകളിൽ തുടങ്ങിവച്ച പരിപാടിയാണ്. എന്താണ് ഇത് ഇടയ്ക്കുവച്ച് നിന്നുപോകാൻ കാരണം? സംസ്ഥാന ഗവൺമെന്റ് രണ്ടാംഘട്ടത്തിൽ കൊടുക്കേണ്ട പണം കൊടുത്തില്ല. കേന്ദ്രവും പണം കൊടുത്തില്ല. അതോടുകൂടി അത് സ്തംഭനാവസ്ഥയിലായി. സമയബന്ധിതമായി പൂർത്തീകരിക്കേണ്ട പദ്ധതി വേണ്ടത്ര പ്രാധാന്യത്തോടുകൂടി ചെയ്യാത്തതിന്റെ ദുരന്തമാണ് ഇപ്പോൾ അനുഭവിക്കുന്നത്. ഈ വിഷയത്തിൽ മന്ത്രിയുടെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. എന്റെ നിയോജകമണ്ഡലമായ

വള്ളിക്കുന്ന് ഒരു തീരദേശ മണ്ഡലമാണ്. ഈ തീരദേശ പഞ്ചായത്തുൾപ്പെടെ മൂന്ന് പഞ്ചായത്തുകൾക്കുവേണ്ടി രൂപകല്പന ചെയ്ത എം.സി.വി.പി. പദ്ധതി പാതിവഴിയിലെത്തി നിൽക്കുകയാണ്. ചേലേമ്പ്ര പഞ്ചായത്തിൽ 50 ശതമാനം മാത്രമേ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളൂ. കാക്കഞ്ചേരി കിൻഫ്രാ പാർക്കിലേക്കുള്ള പമ്പിങ് മെയിൻ നിർമ്മാണവും ഇഴഞ്ഞുനീങ്ങുകയാണ്. പള്ളിക്കൽ പഞ്ചായത്തിലെ ജൽജീവൻ പദ്ധതി അവസാനഘട്ട കരാർ എടുത്ത കരാറുകാരൻ പണിയെടുത്ത പല വീടുകളിലും കണക്ഷൻപോലും ലഭിച്ചിട്ടില്ല. പൂർത്തീകരിച്ച പലയിടങ്ങളിലും വെള്ളം എത്തുന്നില്ല. വെള്ളം എത്തിയ സ്ഥലങ്ങളിലാകട്ടെ പൊട്ടലും ചീറ്റലുമാണ്. റോഡുകളൊക്കെ പൈപ്പ് പൊട്ടി വെള്ളം പാഴാകുന്ന അവസ്ഥയാണ്. രണ്ട് ദേശീയപാതകളെ ബന്ധിപ്പിക്കുന്ന പ്രധാന പാതയാണ് കൊട്ടപ്പുറം-കാക്കഞ്ചേരി റോഡ്. ഈ റോഡിലൂടെ പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച പൈപ്പ് ലൈനിന്റെ ഓരോ 100 മീറ്ററിലും പൊട്ടൽ തുടർക്കഥയാകുന്നു. പ്രവൃത്തിയുടെ ക്വാളിറ്റി പരിശോധിക്കാൻപോലും ആളില്ലാത്ത അവസ്ഥയാണ്. പെരുവള്ളൂർ ജൽജീവൻ പദ്ധതി ഒച്ചിന്റെ വേഗതയിലാണ് നടക്കുന്നത്. മണ്ഡലത്തിലെ റോഡുകൾ നന്നാക്കുന്നതിന് വേണ്ടത്ര ഫണ്ട് ജെ.ജെ.എം. പദ്ധതിയിൽ ലഭിച്ചിട്ടില്ല. ഇതിന് മണ്ഡലത്തിനാകെ 50 കോടി രൂപയുടെ പ്രത്യേക

പാക്കേജ് പ്രഖ്യാപിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുകയാണ്. കടലുണ്ടിപുഴയും പുള്ളിപ്പുഴയും മണ്ഡലത്തിലെ പ്രധാനപ്പെട്ട ജലസ്രോതസ്സുകളാണ്. രണ്ടു പുഴയിലും മണ്ണും ചെളിയും നിറഞ്ഞ് ഒഴുക്ക് തടസ്സപ്പെട്ടിട്ടുണ്ട്. കടലുണ്ടി പുഴയും കടലും ചേരുന്ന കടലുണ്ടിക്കടവ് അഴിമുഖത്ത് മണ്ണും ചെളിയും മണലും അടിഞ്ഞ് ഒഴുക്ക് തടസ്സപ്പെട്ടിട്ട് ഏകദേശം ഏഴ് വർഷം കഴിഞ്ഞു. ഇത് നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കത്തിലൂടെയും ഈ സഭയുടെ ശ്രദ്ധയിലും പലതവണ കൊണ്ടുവന്നതാണ്. പക്ഷെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. കൂടാതെ, കടലുണ്ടി പുഴയിലെ വള്ളിക്കുന്ന്, തേഞ്ഞിപ്പാലം, മൂന്നൂർ എന്നീ പഞ്ചായത്തുകളിലെ കർഷകരുടെ പ്രധാന ആശ്രയമാണ് കടലുണ്ടി പുഴ. എന്നാൽ പുഴയിലേക്ക് ഉപ്പുവെള്ളം കയറുന്നതിനാൽ കൃഷിയും കുടിവെള്ളവും ഭീഷണി നേരിടുകയാണ്. കർഷകർക്ക് ഏറെ ആശ്രയമായ കടലുണ്ടി പുഴയ്ക്കു കുറുകെ ആലുംകടവ് റഗുലേറ്റർ പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ട് രണ്ട് വർഷം കഴിഞ്ഞു. പദ്ധതിയുടെ ഭരണാനുമതി ഇതുവരെ ലഭിച്ചിട്ടില്ല. കൂടാതെ കാലപ്പഴക്കമുള്ള മണ്ണട്ടാംപാറ അണക്കെട്ടിന് ലീക്കുണ്ട്. ഇത് പുനർനിർമ്മിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. 50 വർഷത്തിലേറെ പഴക്കമുള്ള അണക്കെട്ടാണ് ഇപ്പോൾ

അപകടാവസ്ഥയിൽ നിൽക്കുന്നത്.

പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കാൻ സംസ്ഥാനത്തെ 3872 റേഷൻ കടകൾ പൂട്ടാനും, റേഷൻ വ്യാപാരികളുടെ വേതന പരിഷ്കരണമടക്കമുള്ള പ്രശ്നങ്ങൾ പഠിക്കാൻ നിയോഗിച്ച സമിതി നിർദേശം നൽകിയതായി അറിയാൻ കഴിഞ്ഞു. ഡയറക്ട് പേയ്മെന്റ് സംവിധാനം നടപ്പിലാക്കി സംസ്ഥാനത്തെ പൊതുവിതരണരംഗത്തെ തകർക്കാൻ ശ്രമിക്കുന്ന കേന്ദ്ര സർക്കാരിന്റെ നയങ്ങൾക്ക് കൂട്ടുപിടിക്കുന്നതാവും ഈ നടപടി. ആയതിനാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ പൂട്ടുന്നതിനുപകരം അത് ലാഭകരമാക്കി തുടർന്നുകൊണ്ടുപോകുവാൻ കഴിയുന്ന നയങ്ങൾ രൂപീകരിക്കാൻ കഴിയണം. റേഷൻ വ്യാപാരികളുടെ വേതന പരിഷ്കരണവുമായി ബന്ധപ്പെട്ട പാക്കേജിലെ വ്യവസ്ഥകൾ പുനഃപരിശോധിക്കാമെന്ന് 2018-ൽ ഉറപ്പുനൽകിയെങ്കിലും നാളിതുവരെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. അവരുടെ കമ്മീഷൻ തുക കൃത്യമായി വിതരണം ചെയ്യുന്നില്ല. ഈ മാസത്തെ കമ്മീഷൻ 15-ന് മുമ്പ് വിതരണം ചെയ്യുമെന്ന് ഉറപ്പുനൽകിയെങ്കിലും ഇതുവരെ നൽകുവാൻ സാധിച്ചിട്ടില്ല. ക്രമക്കേടുകളുടെ പേരിൽ അനാവശ്യ കേസുകൾ ഉണ്ടാക്കി വ്യാപാരികളെ ആത്മഹത്യയിലേക്ക് തള്ളിവിടുകയാണ്. കരാറുകാർക്ക് നൽകുവാനുള്ള

കുടിശ്ശിക നൽകുവാൻ സാധിക്കാത്തതിനാൽ മിക്ക റേഷൻകടകളിലും സാധനങ്ങളില്ല. ഇതിനെല്ലാം അടിയന്തര പരിഹാരമുണ്ടാകണം.

സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ ന്യൂനപക്ഷ വിദ്യാർഥികളുടെ സ്കോളർഷിപ്പുകൾ വെട്ടികുറയ്ക്കുന്നത് ശരിയല്ല. സാമ്പത്തികവർഷം തീരാൻ രണ്ടുമാസം മാത്രം അവശേഷിക്കെ ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പദ്ധതി ചെലവ് വെറും മൂന്ന് ശതമാനത്തിൽ താഴെയാണ്. വെട്ടിക്കുറച്ച ന്യൂനപക്ഷ സ്കോളർഷിപ്പുകൾ അടിയന്തരമായി പുന:സ്ഥാപിക്കണം. ന്യൂനപക്ഷ വിവാദത്തിലൂടെ വിദ്യാർഥികൾക്ക് യഥാസമയം ഹോസ്റ്റൽ ഫീസ് പോലും അടയ്ക്കാൻ സാധിക്കാത്തതിനാൽ പഠനത്തിൽനിന്നുള്ള കൊഴിഞ്ഞുപോക്ക് വർധിക്കുകയാണ്. മൈനോരിറ്റി വിഭാഗത്തിൽപ്പെട്ട പാരാമെഡിക്കൽ സ്ഥാപനങ്ങൾ, നഴ്സിങ് കോളേജുകളടക്കമുള്ള സ്ഥാപനങ്ങൾ മൈനോരിറ്റി സ്റ്റാറ്റസിനായി അപേക്ഷ നൽകുമ്പോൾ അനാവശ്യമായ കാലതാമസം നേരിടുകയാണ്. മുമ്പ് കേന്ദ്ര സർക്കാർ നേരിട്ട് നൽകിയിരുന്ന മൈനോരിറ്റി സ്റ്റാറ്റസ് നിലവിൽ സംസ്ഥാന സർക്കാരിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാത്രമേ കേന്ദ്രം നൽകുകയുള്ളൂ. എന്നാൽ ഇവിടെ ശിപാർശ നൽകുവാൻ കാലതാമസം നേരിടുകയാണ്. അതുപോലെ മൈനോരിറ്റി സ്ഥാപനങ്ങൾ സീറ്റ് വർധനവിനായി അപേക്ഷ നൽകുമ്പോൾ

അത് അനുവദിക്കുന്നതിന് സർക്കാർ വിമുഖത കാണിക്കുകയാണ്. ഇതിന് പരിഹാരമുണ്ടാകണം.

ചേലേമ്പ്ര പഞ്ചായത്തിൽ കഴിഞ്ഞയാഴ്ചയിൽ പത്തിലേറെ കന്നുകാലികൾ പേ വിഷബാധയേറ്റ് മരണപ്പെട്ടു. ചേലേമ്പ്രയിലും പരിസരത്തും കുറുനരി ശല്യം വ്യാപകമാണ്. ഇത്തരത്തിൽ പേ വിഷബാധയേറ്റ് മരണപ്പെട്ട കന്നുകാലി കർഷകർക്ക് നഷ്ടപരിഹാരം നൽകണം. കൂടാതെ, വന്യജീവി സംരക്ഷണ വകുപ്പ് മൃഗസംരക്ഷണ വകുപ്പുമായി സംയോജിച്ച് തെരുവുനായ്ക്കളുടേയും കുറുനരികളുടേയും ശല്യത്തിന് ശാശ്വതപരിഹാരം കാണണമെന്നുകൂടി അഭ്യർഥിക്കുകയാണ്.

(ശ്രീ. പ്രമോദ് നാരായൺ)

P - 20.03.2025
KA- PR(2)
1.00 - 1.10

ശ്രീ. പ്രമോദ് നാരായൺ: സർ, എല്ലാ പുഴയും ഗംഗയാണ്. എല്ലാ ചോലകളിലും പുലരുന്നത് ജോർദാൻ അരുവിയുടെ കാരുണ്യമാണ്. എല്ലാ നീർച്ചാലുകളിലും അലിയുന്നത് സംസമിന്റെ പുണ്യമാണ്. ജാതി-മത-കുല ഭേദങ്ങളാൽ വരഞ്ഞ അതിർത്തികളെയെല്ലാം ഒരുമയുടേയും മമതയുടേയും

ജലധാരകളാൽ മായ്ച്ചുകളയാനാകുമെന്ന് ലോകത്തിന് കാണിച്ചുകൊടുത്ത നാടാണ് കേരളമെന്നും ആ കേരളത്തിന്റെ മഹിതമായ സങ്കല്പത്തിന്റെ ആധാരപ്രേരണയാകുന്നത് ഇടതുപക്ഷം നടത്തിയ നെഞ്ചുരഞ്ഞ പോരാട്ടങ്ങളാണെന്നും ആമുഖമായി സൂചിപ്പിച്ചുകൊണ്ട് ശുദ്ധജലം ഉൾപ്പെടെയുള്ള ധനാഭ്യർഥനകളെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്.

നോബൽ സാഹിത്യസമ്മാനം നേടിയ T. S. Eliot-ന്റെ " The Waste Land" എന്ന കവിത ആരംഭിക്കുന്നത് ' April is the cruellest month' എന്ന നാനാർഥങ്ങൾ ചിതറുന്ന വരികളോടെയാണ്. ഏപ്രിൽ, മേയ് മാസങ്ങളിൽ മലയാളികൾ പങ്കുവച്ചിരുന്ന, 'ഉഷ്ണം പുരണ്ട ഒരു കുശലം! എന്തൊരു ചൂടാണിത്!' എന്നാൽ അവിടെനിന്നും സൂര്യാഘാതമേറ്റ് ആളുകൾ മരിച്ചുവീഴുന്ന ഒരു കാലത്തെത്തുമ്പോൾ വേനൽക്കാലം മാത്രമല്ല മലയാളികളുടെ ജീവിതംതന്നെ ഉരുകിത്തിളയ്ക്കുന്ന ഉത്കണ്ഠകളിലേക്ക് വീഴുകയാണ്. അസഹനീയമായ വേനലിൽനിന്നും അതിതീവ്ര മഴയിലേക്ക് എത്തുമ്പോൾ ഇതിനിടയിൽ പിടഞ്ഞുപോകുന്ന ഒരു ജീവിതമുണ്ട്. കേരളം കാലാവസ്ഥാ മാറ്റത്തിന്റെയും ആഗോള താപനത്തിന്റെയും പ്രശ്നങ്ങളെ നേരിടുമ്പോൾ, Cameron Stracher-ന്റെ "The Water Wars" എന്ന പുസ്തകത്തിന്റെ തലക്കെട്ട് ഓർമ്മിപ്പിക്കുന്നതുപോലെ, ജലം വരാനിരിക്കുന്ന

കാലത്തെ യുദ്ധങ്ങൾക്കുപോലും കാരണമാകുന്ന അമൂല്യമായ വിഭവമാണെന്ന് നാം തിരിച്ചറിയണം. ജലത്തിന്റെ കാര്യത്തിൽ ഒരു ജല ബജറ്റിനെക്കുറിച്ച് കേരളം മൊത്തത്തിൽ ആലോചിക്കണം. കേരളത്തിലെ എല്ലാ ഗ്രാമങ്ങളും ആലോചിക്കണം. വർഷത്തിൽ ആയിരത്തിലേറെ മില്ലീമീറ്റർമാത്രം മഴ ലഭിക്കുന്ന വടക്കൻ യൂറോപ്പിൽ കുടിവെള്ള ക്ഷാമമില്ല.

(തുടരും.......)

P- 20-03-2025
SS - PR (2)
01.10 - 01.20

(ശ്രീ. പ്രമോദ് നാരായൺ തുടർച്ച.......)

കഴിഞ്ഞ വർഷം 3100-ലേറെ മില്ലീമീറ്റർ മഴ ലഭിച്ച നമ്മുടെ കേരളത്തിൽ കുടിവെള്ളം കുടത്തിലേന്തി കുന്നുകയറുന്ന അമ്മമാരുടെ മഹാസങ്കടം കാണാൻ കഴിയും. 'വെള്ളം' എന്നത് വളരെ അമൂല്യമായ വിഭവമാണ്. കേന്ദ്ര ഭൂജല ബോർഡും ഭൂജല വകുപ്പും നടത്തിയിട്ടുള്ള ഒരു ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷനുണ്ട്. 159 ബ്ലോക്കുകളായി കേരളത്തെ തിരിക്കുമ്പോൾ അതിൽ 19-ലേറെ ബ്ലോക്കുകൾ ക്രിട്ടിക്കലും സെമിക്രിട്ടിക്കലുമാണ്. കേരളത്തിന്റെ ഭൂഗർഭശേഷിയെ സംബന്ധിച്ച ആശങ്കപ്പെടുത്തുന്ന കണക്കുകളാണ് നമ്മുടെ

മുന്നിലുള്ളത്. കേരളം വളരെ ഗൗരവത്തോടെ, നാമെല്ലാം ഒരുമിച്ചുനിന്ന് വരുംകാല കേരളത്തിനുവേണ്ടി ഒരു വലിയ ജനകീയ മുന്നേറ്റം സംഘടിപ്പിക്കണം. ബൃഹത്തായ പദ്ധതികളെക്കുറിച്ചല്ല നാം ചിന്തിക്കേണ്ടത്. കേരളത്തിന് ഭൂമിശാസ്ത്രപരമായി പ്രാദേശികമായ ഒരു സമീപനം നമുക്കുണ്ടാകണം. എല്ലാ പഞ്ചായത്തുകളിലും പെയ്യുന്ന മഴയുടെ അളവ് അറിയാൻ മഴമാപിനികൾ സ്ഥാപിക്കണം. വേനൽക്കാലത്ത് നമുക്ക് എത്രമേൽ ഉഷ്ണം അനുഭവപ്പെടുന്നു, എന്നാൽ മഴക്കാലത്ത് ധാരാളം മഴ ലഭിക്കുകയാണ്. ഈ മഴയെ മണ്ണിന്റെ അടരുകളിലേക്ക് അല്ലെങ്കിൽ മൺപാളികളിലേക്ക് എത്തിക്കാൻ കഴിയുന്ന റീചാർജ്ജിങ് സമ്പ്രദായം എന്നത് കേവലമൊരു അക്കാദമിക് ചിന്തയല്ല, അതൊരു വലിയ പരിഹാരമാണ്. നമ്മുടെ കുളങ്ങൾ നാം മറന്നു. ആ കുളങ്ങൾ നൽകിയ മമതയുടെയും സ്നേഹത്തിന്റെയും വലിയ ഈർപ്പമുണ്ടായിരുന്നു. കിണറുകളെ നാം മറന്നു. നമ്മുടെ തണ്ണീർത്തടങ്ങളുടെ സഞ്ചയങ്ങളെ നാം മറന്നു. മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ളതാണ് നമ്മുടെ നിർമ്മലമായ പുഴയുടെയുമൊക്കെ ഉറവിടങ്ങളെന്ന് നാം കരുതുന്നു. ഇതൊരു അവബോധത്തിന്റെയും സമീപനത്തിന്റെയും പ്രശ്നമാണ്. ലോകത്തിനാകെ മാതൃകയാകുന്ന ഒരു വലിയ ജനകീയ മുന്നേറ്റം ഇത്തരത്തിൽ

സംഘടിപ്പിക്കണം. അതിൽ കേരളത്തിലെ മുഴവൻ മലയാളികളെയും അണിനിരത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഉറവിടത്തിലേക്ക് നമ്മുടെ നീർച്ചാലുകളെ മലിനപ്പെടുത്തുന്നതിനെക്കുറിച്ച് പറയുമ്പോൾ, ഒരു വാൽക്കഷ്ണമെന്നതുപോലെ തോന്നിയ ചിന്തയും പങ്കുവയ്ക്കുകയാണ്. പ്രകൃതിസംരക്ഷണത്തെക്കുറിച്ചുള്ള സെമിനാറുകളിൽപോലും മുന്നിലിരിക്കുന്നത് പ്ലാസ്റ്റിക് നിറച്ച കുപ്പിയിലെ ജലമാണ്. ഒരു പരിഹാസചിരി ഉയരുന്നുണ്ട്. ബഹുമാന്യനായ മന്ത്രി പ്രഖ്യാപിച്ച ഒരു മാതൃകാപദ്ധതിയാണ് ബയോഡീഗ്രേഡബിൾ കുപ്പി. മണ്ണിൽ വീണാൽ അഴുകിപ്പോകുന്ന കുപ്പിയിൽ വെള്ളമെത്തിക്കുമെന്നത് മാതൃകാപദ്ധതിയായി കേരളം പ്രഖ്യാപിക്കണം. ജല സാക്ഷരതയിലേക്ക് നമുക്ക് എത്താനാകട്ടെ.

പൊതുസമൂഹത്തിന് വെള്ളമെത്തിക്കാൻ കഴിയുന്ന തരത്തിൽ, കേരളത്തിന് ദാഹമകറ്റാൻ കഴിയുന്ന തരത്തിൽ ജൽജീവൻ പദ്ധതി ഇച്ഛാശക്തിയോടെയാണ് കേരളത്തിലെ ജലവിഭവ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ശ്രീ. റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതെന്ന് ഞാൻ അഭിമാനത്തോടെ പറയുന്നു. ഒരു മൂടുപടത്തിന്റെയും ആവശ്യമില്ല. കേരളത്തിന്റെ എല്ലാ മേഖലയിലും വെള്ളമെത്തിക്കാൻ ആ പദ്ധതിയിലൂടെ ഈ സാമ്പത്തിക പ്രയാസത്തിൽനിന്നുതന്നെ കഴിയും.

ശബരിമല എന്റെ മണ്ഡലത്തിലാണ്. ശബരിമലയിൽ എത്രയോ കാലമായി ടാങ്കറുകളിലാണ് വെള്ളമെത്തിച്ചിരുന്നതെങ്കിൽ ഇത്തവണ നിലയ്ക്കലേക്ക് നേരിട്ട് വെള്ളമെത്തിക്കാൻ കഴിഞ്ഞത് മന്ത്രിയുടെ നേരിട്ടുള്ള ഇടപെടലിലൂടെ, സമർപ്പിതമായ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥ പ്രവർത്തനത്തിലൂടെയാണ്. ഞാൻ അതിന് പ്രത്യേകമായി അങ്ങയെ അഭിനന്ദിക്കുകയാണ്.

ഞാൻ ചില നിർദേശങ്ങൾമാത്രം വയ്ക്കുകയാണ്. നമുക്ക് ഒരു ടെക്നിക്കൽ ഓഡിറ്റിങ് വേണം. കേരളത്തെ മൊത്തമായി ഒരുപോലെ കണ്ടാൽപോരാ. റാന്നി പോലുള്ള മണ്ഡലങ്ങൾ മലയോര മേഖലയാണ്. ഒരു ടെക്നിക്കൽ ടീമിനെ ചുമതലപ്പെടുത്തി പദ്ധതികൾ ഓഡിറ്റ് ചെയ്യണം. എനിക്ക് ഒരു മിനിട്ടുകൂടി അധികമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്ങ് ബെല്ലടിക്കേണ്ട, ഞാൻ കൃത്യമായി ഒരു മിനിട്ട് കഴിഞ്ഞ് അവസാനിപ്പിക്കാം. ടെൻഡർ 10% എക്സസ് വന്നാൽ ക്യാബിനറ്റിലേക്കും ഗവൺമെന്റിലേക്കും പോകണം. നേരത്തെ അത് കേരള വാട്ടർ അതോറിറ്റി ബോർഡിനുതന്നെ തീരുമാനിക്കാമായിരുന്നു. ഒരുപാട് കാലതാമസമാണ് വരുന്നത്. നമുക്ക് അക്കാര്യത്തിൽ തീരുമാനങ്ങൾ തിരുത്താനാകണം. WTP Well-കൾ, പൈപ്പ് ഇടുന്നതുപോലെയുള്ള കാര്യങ്ങളിൽ അടുത്ത ഘട്ടമായി ടെൻഡർ

ചെയ്യാനോ ടെൻഡറെടുത്താൽ കോൺട്രാക്ടർമാർ വരാൻ തയ്യാറായല്ലെങ്കിൽ ജെ.ജെ.എം.-നുവേണ്ടി കാത്തിരിക്കേണ്ട കാര്യമില്ല. വാട്ടർ അതോറിറ്റിക്ക് തന്നെ ചെയ്യാൻ കഴിയുമോയെന്ന് പരിശോധിക്കണം. 30 വർഷത്തെ കാത്തുകൊണ്ടാണ് നാം പദ്ധതികളൊക്കെ രൂപകല്പന ചെയ്തത്. 3 എം.എൽ.ഡി.-ക്ക് മുകളിലുണ്ട്, നാം എന്തിനാണ് അൾട്ടിമേറ്റ് ഡിമാന്റിനായി കാത്തിരിക്കുന്നത്. ഒരു പ്രഷർ ഫിൽട്ടർ വച്ചാൽ നമുക്ക് അടിയന്തരമായി വെള്ളം എത്തിക്കാൻ കഴിയും. മറ്റൊന്ന്, പൈപ്പ് ലഭ്യതയുടെ കാര്യമാണ്. റാന്നി മണ്ഡലത്തിലെ പാറക്കൽ കോളനിയിൽ വെള്ളമെത്തിക്കുന്നതിന് പൈപ്പ് ഇല്ല എന്നാണ് കാരണമായി പറയുന്നത്. പൈപ്പ് ഒരു പൂൾവഴി എത്തിക്കാൻ വാട്ടർ അതോറിറ്റിതന്നെ മുൻകൈയെടുക്കണം. ഇതുമായി ബന്ധപ്പെട്ട സാമ്പത്തിക ബാധ്യതകളും പരിഹരിക്കണം. പട്ടികജാതി വകുപ്പിനെക്കുറിച്ച് ഒരു കാര്യംകൂടി പറയാനുണ്ട്. ഇത് മാർച്ച് മാസമാണ്, അറിവും തൊഴിലുമാണ് ഏറ്റവും വലിയ മാറ്റത്തിലേക്കുള്ള വഴിയെന്ന് 1912 ഇതുപോലൊരു മാർച്ച് മാസത്തിൽ ധീരനായ വിപ്ലവകാരി അയ്യൻകാളി നടത്തിയ വലിയൊരു പ്രഖ്യാപനത്തിന്റെ മാറ്റൊലികൾ ചരിത്രത്തിന്റെ ചിറകിലേറി ഈ നിയമസഭാ മന്ദിരത്തിൽപോലും അലയടിക്കുന്നുണ്ട്.

2022-27-ൽ പഞ്ചവത്സര പദ്ധതിക്ക് മുന്നോടിയായി സംസ്ഥാന

പ്ലാനിംഗ് ബോർഡ് നടത്തിയ വർക്കിങ് ഗ്രൂപ്പിന്റെ റിപ്പോർട്ട് സൂചിപ്പിക്കുന്നത് നമ്മുടെ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ കുഞ്ഞുങ്ങൾ ഇപ്പോഴും പരമ്പരാഗത കോഴ്സുകളാണ് പഠിക്കുന്നതെന്നാണ്. സെൻട്രൽ യൂണിവേഴ്സിറ്റികൾ, നാഷണൽ സ്കൂളുകൾ എന്നിവിടങ്ങളിലേക്ക് ഇവർക്ക് എത്താൻ കഴിയുന്നില്ല. അവരെ അവിടേക്ക് എത്തിക്കാൻ കഴിയുന്ന സ്കോളർഷിപ്പുപോലെ മെന്റർഷിപ്പുകളും വേണം. 'നാഷണൽ സർവേ ഓൺ ഹയർ എഡ്യൂക്കേഷൻ' കണക്കുകൾ പ്രകാരം, 'ഗ്രോസ് ഇൻഡക്സ് റേഷ്യോ' എടുക്കുമ്പോൾ വൈജ്ഞാനിക രംഗത്ത് മാറ്റമുണ്ടാക്കുന്ന കോഴ്സുകളിലേക്ക് എത്തുന്നത് 25.9% കുട്ടികൾ മാത്രമാണ്. അത്തരത്തിലുള്ള ഒരു പദ്ധതിക്ക് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പ് മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ജലത്തിൽ തുടങ്ങി അന്നത്തിൽ തീർക്കുമ്പോൾ, റാന്നിയിലുള്ള ആദിവാസി ഊരുകളിലേക്ക് നേരിട്ട് റേഷൻ എത്തിക്കണമെന്ന ആദ്യത്തെ നിവേദനം പരിഗണിച്ചുകൊണ്ട് 'വാതിൽപ്പടി' റേഷൻ നടപ്പിലാക്കിയ ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രിയെക്കൂടി അഭിവാദ്യം ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. മോൻസ് ജോസഫ്)

P - 20-03-2025
SS - PR (2)
01.10 - 01.20

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ എനിക്ക് തൊട്ടുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട റാന്നി അംഗം ശ്രീ. പ്രമോദ് നാരായൺ, കേരളത്തിന്റെ മഹത്വത്തെക്കുറിച്ചും നല്ല കാലത്തെക്കുറിച്ചുമെല്ലാം പറഞ്ഞു. ഇന്ന് കേരളത്തിന്റെ യഥാർത്ഥ അവസ്ഥ എന്താണ്? ഇന്ന് 'വേൾഡ് ഹാപ്പിനസ്സ് ഡേ' ആണ്. ഇന്നത്തെ മലയാള മനോരമ പത്രത്തിന്റെ കവർ ചിത്രം 'കണ്ണീർ മടക്കം'. ഇത്രയും ദിവസം സെക്രട്ടേറിയറ്റ് പടിക്കൽ സത്യാഗ്രഹമനുഷ്ഠിച്ച ആശാ വർക്കർമാരുടെ സമരം ഒത്തുതീർപ്പാക്കാൻ ഈ സർക്കാർ തയ്യാറാകാത്തതുകൊണ്ട് പൊട്ടിക്കരയുന്ന കേരളത്തിലെ പാവപ്പെട്ട സഹോദരിമാരുടെ കണ്ണുനീരാണ് എല്ലാ പത്രങ്ങളുടെയും കവർ ചിത്രം. 'വേൾഡ് ഹാപ്പിനസ്സ് ഡേ' ആചരിക്കുമ്പോൾ 'മോസ്റ്റ് അൺഹാപ്പി ഡേയ്സ് ഓഫ് കേരള', ഇതല്ലേ ഇന്ന് കേരളത്തിന്റെ അവസ്ഥ. ആശാ വർക്കർമാരുടെ സമരം, അങ്കണവാടി ജീവനക്കാരുടെ സമരം, കണ്ണീരിന്റെ താഴ്വരകളിലൂടെ സെക്രട്ടേറിയറ്റ്. മയക്കുമരുന്നും മദ്യവും ഉപയോഗിക്കുന്നതിലൂടെ കേരളത്തിൽ അക്രമങ്ങളും കൊലപാതകങ്ങളും പെരുകുന്നു, കവർച്ച വർധിക്കുന്നു. നാട് ആശങ്കയുടെ

മുൾമുനയിൽ സങ്കടപ്പെട്ട് നിൽക്കുന്ന ദുരവസ്ഥ, കർഷകന്റെ കണ്ണുനീർ വീണ് കേരളം. ബഹുമാനപ്പെട്ട അംഗം ഇവിടെ ജലത്തിന്റെ കാര്യവും അന്നത്തിന്റെ കാര്യവും സൂചിപ്പിച്ചു. ജലത്തിന്റെ കാര്യത്തിലേക്ക് ഞാൻ പിന്നീട് വരാം. അന്നത്തിന്റെ കാര്യത്തിൽ, നമ്മുടെ പാടശേഖരങ്ങൾ കണ്ണീർപാടങ്ങളായി. അവിടം മുഴുവൻ നെല്ല് കൊയ്തിട്ടിട്ട് സമയത്ത് കൊണ്ടുപോകാൻ കഴിയാതെ നിരാശയിൽ കഴിയുന്ന നെൽകൃഷിക്കാർ. ഇങ്ങനെ എല്ലാ രംഗത്തും കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും കണ്ണീരിലാഴ്ത്തിയ, കണ്ണീർ കുടിപ്പിക്കുന്ന ഇടതുപക്ഷ സർക്കാരിന്റെ ദുർഭരണത്തിനെതിരെയാണ് കേരള ജനത പ്രതികരിക്കുന്നത്. ഞാൻ ടി. എസ്. എലിയറ്റിലേക്കൊന്നും പോകുന്നില്ല. നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഇന്ന് ജൽജീവൻ മിഷൻ പദ്ധതിയുടെ അവസ്ഥ എന്താണ്? ജലവിഭവ വകുപ്പിന്റെ ചർച്ച നടക്കുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി നേതൃത്വം കൊടുത്തുകൊണ്ട് ശ്രീ. പി. ജെ. ജോസഫ് ജലവിഭവ വകുപ്പുമന്ത്രിയായി അധികാരത്തിലിരുന്ന കാലഘട്ടത്തിൽ തുടക്കം കുറിച്ച കുടിവെള്ള പദ്ധതികൾ നമ്മുടെ സംസ്ഥാനത്തിന്റെ പരിധിയിലും കേന്ദ്രപദ്ധതികളുമായി ബന്ധപ്പെട്ടായിരുന്നു. ആ ഗവൺമെന്റിന്റെ അവസാന കാലഘട്ടത്തിലാണ് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി 'ജൽജീവൻ

മിഷൻ' പദ്ധതി നമ്മുടെ സംസ്ഥാനത്തിനും ലഭിക്കുന്നത്. ആദ്യഘട്ടത്തിൽ എൽ.ഡി.എഫ്. അതിനോട് യോജിച്ചില്ലെങ്കിലും, പിന്നീട് അവർ യോജിച്ചു. അങ്ങനെ, ഒന്നാം പിണറായി ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ ജൽജീവൻ മിഷൻ പദ്ധതിക്ക് കേരളത്തിൽ തുടക്കം കുറിച്ചു. അഞ്ച് വർഷം കടന്നുപോയി, ഇപ്പോൾ രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത്, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ നേതൃത്വത്തിൽ 'ജൽജീവൻ മിഷൻ പദ്ധതി' പൂർത്തീകരണത്തിലേക്ക് വരേണ്ട കാലഘട്ടമാണ്. ഇന്നത്തെ യഥാർത്ഥ അവസ്ഥ എന്താണ്?

(തുടരും..........)

P- 20-03-2025
KS - PR- (2)
1.20 - 1.30

(ശ്രീ. മോൻസ് ജോസഫ് തുടർച്ച....)

ഇന്ന് ജൽജീവൻ പദ്ധതി നമ്മുടെ സംസ്ഥാനത്ത് പരിപൂർണമായ സ്തംഭനാവസ്ഥയിലേക്ക് പോയിരിക്കുന്നുവെന്ന് പറയുന്നത് പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ നിലപാടാണോ? സത്യസന്ധമായി ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയങ്ങൾ പരിശോധിക്കണം. 4,000 കോടി രൂപയുടെ കുടിശ്ശിക

ഉണ്ടായതുമൂലം നിർമ്മാണ പ്രവർത്തനങ്ങൾ ഫെബ്രുവരി മാസം മുതൽ കേരളത്തിലെ വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള കോൺട്രാക്ടർമാർ നിർത്തിവച്ചിരിക്കുകയാണ്. ഏപ്രിൽ മാസം വരുമ്പോൾ വരൾച്ചയുടെ ഘട്ടങ്ങളിലേക്ക് നമ്മൾ കടക്കാൻ പോകുന്നു. ഇതിനു മുൻപായി ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കേണ്ട നിർണായക സമയത്താണ് ഈ ചർച്ച നടക്കുന്നത്. ഒരു കാര്യവും അത്തരത്തിൽ നടന്നിട്ടില്ല. അതുകൊണ്ട്, ഈ പ്രശ്നങ്ങൾ പരിഹരിച്ചാൽ മാത്രമേ ഇവിടെ ജൽജീവൻ മിഷൻ പദ്ധതി നമുക്ക് തൃപ്തികരമായി പൂർത്തിയാക്കാൻ കഴിയൂ. ബഹുമാനപ്പെട്ട മന്ത്രി അതിന് മുൻകൈയെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഇവിടെ മറ്റ് എം.എൽ.മാർ ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട കാര്യമാണ് എനിക്കും പറയാനുള്ളത്, ജൽജീവൻ മിഷൻ പദ്ധതിക്കുവേണ്ടി പി.ഡബ്ല്യൂ.ഡി റോഡുകളും ഗ്രാമീണ റോഡുകളും വിട്ടുകൊടുത്ത മേഖലയിലെല്ലാം പ്രശ്നങ്ങളാണ്. തിരുവനന്തപുരം സിറ്റി മുതൽ ഭരണ-പ്രതിപക്ഷഭേദമെന്യേ എല്ലാ എം.എൽ.എ. മാരുടെയും മണ്ഡലത്തിൽ പി.ഡബ്ല്യൂ.ഡി. റോഡുകൾ വാട്ടർ അതോറിറ്റിക്ക് വിട്ടുകൊടുത്തിരുന്നു, എന്നാൽ അവർ പൈപ്പ് സ്ഥാപിച്ച് തീർന്നിരുന്നില്ല. അതിനുശേഷം റോഡ് മെയിന്റനൻസ് പ്രവൃത്തി നടത്താത്തതുമൂലം എല്ലാ റോഡുകളും തകർന്നുകിടക്കുകയാണ്. കടത്തുരുത്തി

മണ്ഡലത്തിലെ കടത്തുരുത്തി-പിറവം റോഡ്, വൈക്കം-കടത്തുരുത്തി-പിറവം എന്നീ മണ്ഡലങ്ങളെ യോജിപ്പിക്കുന്ന റോഡും തകർന്നിരിക്കുകയാണ്. ഗ്രാമീണ റോഡുകളുടെ കാര്യമാണെങ്കിൽ ഒരുരക്ഷയുമില്ല. ഗ്രാമീണ റോഡുകൾ നന്നാക്കാൻ യാതൊരു നടപടിയുമില്ല. അതുകൊണ്ടുതന്നെ ഗ്രാമീണ റോഡുകൾ തകർന്ന് തരിപ്പണമായിക്കിടക്കുകയാണ്. നമ്മുടെ ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി വിഹിതം വെട്ടിക്കുറച്ചതിനാൽ അവരെക്കൊണ്ടും പ്രവൃത്തി നടത്താൻ സാധിക്കില്ല. ഗവൺമെന്റിന്റെ സ്പെഷ്യൽ ഫണ്ട് കൊടുത്താലല്ലാതെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. അതുകൊണ്ട് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് വാട്ടർ അതോറിറ്റിക്കുവേണ്ടി പൈപ്പിടാൻ വിട്ടുകൊടുത്ത റോഡുകൾ എന്നനിലയിൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രികൂടി ഇടപെട്ട് ഗവൺമെന്റിൽനിന്നും സ്പെഷ്യൽ സാങ്ഷൻ കൊടുത്തുകൊണ്ട് ഈ റോഡുകൾ നന്നാക്കാനുള്ള നടപടികൾ ഉണ്ടാകണം എന്നുകൂടി ആവശ്യപ്പെടുകയാണ്.

ഡാം റിസർവോയറിന് ചുറ്റുമുള്ള സ്ഥലം ബഫർ സോണായി പ്രഖ്യാപിച്ചുകൊണ്ട് ജലവിഭവ വകുപ്പ് പുറപ്പെടുവിച്ച പുതിയ ഉത്തരവിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സണ്ണി ജോസഫ് ചോദ്യോത്തര വേളയിൽ ചൂണ്ടിക്കാണിച്ചപ്പോൾ വിഷയം ഗൗരവമുള്ളതല്ലെന്ന് ബഹുമാനപ്പെട്ട

ജലവിഭവ വകുപ്പുമന്ത്രി മറുപടി പറഞ്ഞെങ്കിലും, എല്ലാ മാധ്യമങ്ങളും വിഷയ ഗൗരവമുള്ളതായി ചൂണ്ടിക്കാണിച്ചിരിക്കുകയാണ്. ആയിരക്കണക്കിന് കുടുംബങ്ങളും പ്രധാനപ്പെട്ട ചില പട്ടണങ്ങളും ഉൾപ്പെടെ ബഫർ സോൺ പരിധിയിൽ ഉൾപ്പെടുന്നതിനാൽ വലിയ പ്രതിസന്ധി വരാൻപോകുകയാണ്. കുറച്ചുനാളായി ഈ ഉത്തരവ് മൂടിവച്ചിരിക്കുകയായിരുന്നു എന്നാണ് മനസ്സിലാകുന്നത്, മാസങ്ങൾക്കുശേഷമാണ് ഇത് പുറത്തുവിട്ടിരിക്കുന്നത്. വിഷയത്തിൽ എന്തൊക്കെയോ ദുരൂഹതകളുള്ളതായിട്ടാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്. ജനങ്ങൾക്കിടയിലുണ്ടായ ആശങ്ക പരിഹരിക്കുന്നതരത്തിൽ ബഫർ സോണുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് വ്യക്തത വരുന്നതിനായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടിയിൽ ഇക്കാര്യങ്ങൾ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. ജലവിഭവ വകുപ്പിന്റെ കാര്യത്തിൽ ഈ പ്രതിസന്ധി ഘട്ടത്തിൽ മനുഷ്യന് വെള്ളം സമയത്തിന് കൊടുക്കാൻ സാധിക്കുമോയെന്ന ആശയങ്കയിൽ നിൽക്കുമ്പോൾ, അന്നത്തിന്റെ കാര്യമാണെങ്കിൽ അതിനെക്കാൾ കുഴപ്പത്തിലാണ്. അന്നത്തിന്റെ കാര്യമെല്ലാം തൃപ്തികരമാണെന്നാണ് ഇവിടെ പറഞ്ഞത്. എന്നാൽ എല്ലാം തൃപ്തികരമാണോ? ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി, അങ്ങ് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ

പാടശേഖരങ്ങളിലെ പ്രശ്നങ്ങൾ തീർന്നു, നെല്ല് സംഭരണം നടക്കും എന്നെല്ലാം ഞങ്ങൾ വിശ്വസിച്ചു. എന്നാൽ, അങ്ങ് കാര്യങ്ങൾ പരിശോധിക്കണം. ഞാൻ ഇന്നലെ സഭയിൽനിന്നും വിട്ടുനിന്നുകൊണ്ട് കോട്ടയത്തേക്ക് പോവുകയും നെൽകർഷകർ 'പാഡി ഓഫീസ്' പിക്കറ്റ് ചെയ്യുന്ന സമരത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. സമര സ്ഥലത്തേക്ക് കർഷകർ മുളച്ചനെല്ലും കിളിർത്തനെല്ലും കൊണ്ടുവന്നിരുന്നു, ഞാൻ പാഡി ഓഫീസറുടെ മുമ്പിൽ അവ വച്ചുകൊണ്ട് മറുപടി പറയാൻ പറഞ്ഞു, ഈ പറയുന്നതെല്ലാം വസ്തുതയാണ്. മുളച്ച, കിളിർത്ത നെല്ലിൽനിന്നും കുറച്ച് ഞാൻ ഇങ്ങോട്ട് കൊണ്ടുവന്നിട്ടുണ്ടെങ്കിലും നിമയസഭാ പ്രവത്തനചട്ടം അനുസരിച്ച് സഭയിൽ പ്രദർശിപ്പിക്കാൻ സാധിക്കാത്തതുകൊണ്ട് കാണിക്കുന്നില്ല. സഭയുടെ മേശപ്പുറത്ത് വയ്ക്കുക എന്നതാണല്ലോ നമ്മുടെ കീഴ്‌വഴക്കം. സ്പീക്കർ അനുവദിക്കുകയാണെങ്കിൽ മേശപ്പുറത്തുവയ്ക്കാം, അപ്പോൾ ഈ മുളച്ചനെല്ലും കിളിർത്തനെല്ലും അങ്ങേയ്ക്ക് നേരിട്ട് കാണാം. കണക്കുകളൊന്നും ഞാൻ പറയുന്നില്ല, എത്ര ക്വിന്റൽ നെല്ലാണ് സംഭരിച്ചത്; എത്ര ക്വിന്റൽ നെല്ലാണ് പാടത്ത് കിടക്കുന്നത് എന്നെല്ലാം നോക്കണം, അങ്ങ് അന്വേഷിക്കണം. കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും നെല്ല് സംഭരണം പരിപൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. അതിന്റെ കാരണം

മില്ലുടമകളുടെ കള്ളക്കളിയാണ്. നെല്ല് കിളിർത്തുകഴിഞ്ഞാൽ അവർക്കത് ചുളുവിലക്ക് കൊണ്ടുപോകാൻ സാധിക്കും. എല്ലാവർഷവും ഈ തട്ടിപ്പ് നടക്കുകയാണ്. മില്ലുടമകൾ അവർക്ക് തോന്നിയ വിലക്ക് ഈ മുളച്ച നെല്ല് കൊണ്ടുപോകുകയാണ്. കൃഷിക്കാരൻ പ്രതീക്ഷയോടെ നെല്ല് ഉൽപാദിപ്പിക്കുന്നു, ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നു, നമ്മളെല്ലാവരും അതിന്റെ കൂടെ നിൽക്കുന്നു, എന്നാൽ കൊയ്ത്തിന്റെ സമയത്ത് സർക്കാർ അവരെ കൈവിടുകയാണ്. എല്ലാവർഷവും ഈ പ്രതിസന്ധി ഉണ്ടാകുകയാണ്, മില്ലുടമകളും കൃഷിക്കാരും തമ്മിലുള്ള യുദ്ധമായി അത് മാറുകയാണ്, അവിടെ ഗവൺമെന്റ് നിസ്സഹായമായി കൈയ്യുംകെട്ടി നിൽക്കുകയാണ്, ഈ ഏർപ്പാട് അവസാനിപ്പിക്കണം. ഇവിടെ ഒരു ഗവൺമെന്റുണ്ടോ? ഗവൺമെന്റ് ഉണ്ടെങ്കിൽ നേരിട്ട് നെല്ല് സംഭരിക്കണം. നേരിട്ട് നെല്ല് സംഭരിക്കാൻ കഴിയുന്ന ഒരു സംവിധാനം ആവിഷ്കരിക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കുപോലും ഒരു പരിധിക്കപ്പുറം ഇടപെടാൻ സാധിക്കുന്നില്ല. പാഡി ഓഫീസർമാരോട് പറയാനേ സാധിക്കുകയുള്ളൂ, മില്ലുടമകളുടെ പ്രശ്നത്തിൽനിന്നും അവർ ഒളിച്ചോടുകയാണ്. ഗവൺമെന്റിന് മില്ലുടമകളെ നിലയ്ക്കുനിർത്താൻ കഴിയണം. മില്ലുടമകളെ ഇവിടേക്ക് വരുത്തിക്കൊണ്ട് അവരേക്കൂടി

ഉൾപ്പെടുത്തി ചർച്ചചെയ്ത്, കൃത്യമായ ഒരു ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയുന്ന സാഹചര്യം ഭാവിയിലേയ്ക്കെങ്കിലും ഉണ്ടാക്കാൻ സാധിക്കണം. കുട്ടനാട്-അപ്പർകുട്ടനാട് മേഖലയിൽ കെട്ടിക്കിടക്കുന്ന മുഴുവൻ നെല്ലും കയറ്റിയയയ്ക്കാൻ കഴിയുന്ന വിധത്തിൽ ഒരു അടിയന്തര ഇടപെടൽ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് രാഷ്ട്രീയത്തിനതീതമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഇതുപോലെ ഓരോ മേഖലയുമായി ബന്ധപ്പെട്ടും നിരവധി പ്രശ്നങ്ങളാണ് നമ്മുടെ മുന്നിലുള്ളത്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളോട് ചെയ്തിരിക്കുന്നത് എത്ര വലിയ അനീതിയാണ്? ആ കുട്ടികൾക്കുവേണ്ടിയുള്ള സ്കോളർഷിപ്പുകൾ സംബന്ധിച്ച് നിയമസഭയിൽ അടിയന്തരപ്രമേയംതന്നെ കൊണ്ടുവന്നു. പ്രതിപക്ഷനേതാവ് ഇക്കാര്യം വളരെ വ്യക്തമായിത്തന്നെ ചൂണ്ടിക്കാണിച്ചുകൊണ്ട് നിരവധി പ്രാവശ്യം പ്രസംഗിച്ചു. എന്നിട്ടും ഇപ്പോൾപ്പോലും ഗവൺമെന്റ് ഒരു പരിഹാരമുണ്ടാക്കിയിട്ടില്ല. ലൈഫ് പദ്ധതിയിൽ എല്ലാ വിഭാഗങ്ങളും പ്രതിസന്ധിയിലാണ്, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് വെട്ടിക്കുറച്ചുകൊണ്ട് ലൈഫ് പദ്ധതിയിലൂടെയുള്ള ആ പാവങ്ങളുടെ വീട് നിർമ്മാണവും പൂർണ്ണമായി

സ്തംഭനത്തിലായിരിക്കുകയാണ്. മഴക്കാലം വരാൻപോകുകയാണ്, ടാർപോളിൻ വലിച്ചുകെട്ടിയാണ് ആ പാവങ്ങൾ അന്തിയുറങ്ങുന്നത്. ഞാൻ എന്റെ പ്രസംഗം വളരെ വേഗം അവസാനിപ്പിക്കാം. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഫണ്ട് പുനഃസ്ഥാപിക്കണം, അവർക്കുവേണ്ടിയുള്ള സ്കോളർഷിപ്പുകൾ പുനഃസ്ഥാപിക്കണം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ അക്കാര്യങ്ങൾ വ്യക്തമാക്കണം. അവർക്ക് ഭൂമി നൽകുമെന്ന് പറഞ്ഞെങ്കിലും നൽകിയിട്ടില്ല. എന്നാൽ വീട് വയ്ക്കാനുള്ളതും പഠിക്കാനുള്ളതുമായ സഹായങ്ങളെങ്കിലും നൽകണ്ടേ? അതുകൊണ്ട്, അന്യായമായ നടപടികളെ പുനഃപരിശോധിച്ചുകൊണ്ടുള്ള മറുപടി മന്ത്രിയുടെ പ്രസംഗത്തിൽ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഒറ്റവാക്കിൽ ഞാൻ അവസാനിപ്പിക്കുകയാണ്, സംസ്ഥാനത്തെ ക്രൈസ്തവ മതവിഭാഗങ്ങൾ, മുസ്ലീം മതവിഭാഗങ്ങൾ എന്നിവർ ഉൾപ്പെടെയുള്ള ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടിയുള്ള സ്കോളർഷിപ്പ് സ്കീമുകളെക്കുറിച്ച് ശ്രീ. റോജി എം. ജോൺ ഉൾപ്പെടെ മറ്റ് എം.എൽ.എ.-മാർ നേരത്തെ ചൂണ്ടിക്കാണിച്ചു, അതിന്റെ സ്ഥിതിയും വളരെ കഷ്ടത്തിലാണ്. ആ പദ്ധതികൾ അവതാളത്തിലായിരിക്കുകയാണ്. പ്രസ്തുത ഫണ്ടും പുനഃസ്ഥാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരത്തിൽ എല്ലാ ആനുകൂല്യങ്ങളും വെട്ടിച്ചുരുക്കുകയും

ഇല്ലാതാക്കുകയും ചെയ്തശേഷം സദ്ഭരണം നടക്കുകയാണെന്ന് പറഞ്ഞാൽ കൈകൂപ്പി ഞങ്ങൾ വിനയത്തോടെ പറയുന്നു, ഈ ദുരവസ്ഥ മാറ്റാനായി ഇടതുപക്ഷ മുന്നണി ഇനിയെങ്കിലും മനസ്സ് കാണിക്കണം. യാതൊരു ഉപകാരവും ജനങ്ങൾക്കില്ലാത്ത ബജറ്റിലെ വിവിധ നിർദേശങ്ങൾ ഇവിടെ വന്നിരിക്കുന്നു എന്നുള്ളതുകൊണ്ട് ഞാൻ ഈ ധനാഭ്യർഥനകളെ എതിർത്തുകൊണ്ട് അവസാനിപ്പിക്കുന്നു.

(ശ്രീ. യു. ആർ. പ്രദീപ്)

P - 20-03-2025
KS - PR - (2)
1.20 - 1.30

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഇവിടെ അവതരിപ്പിച്ച വിവിധ ധനാഭ്യർഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു. ധാരാളം കാര്യങ്ങൾ എടുത്തുപറയേണ്ടതുണ്ടെങ്കിലും സമയക്കുറവുമൂലം ചുരുക്കി അവതരിപ്പിക്കാൻ ശ്രമിക്കാം. കഴിഞ്ഞ 9 വർഷമായി കേരളത്തിലെ ഇടതുപക്ഷ സർക്കാർ മികച്ച രീതിയിലുള്ള ഭരണം കാഴ്ചവച്ചുകൊണ്ട് ഓരോ വകുപ്പും നന്നായി ശ്രദ്ധിച്ച് കൈകാര്യം ചെയ്ത് മുന്നോട്ടുപോയ്ക്കൊണ്ടിരിക്കുകയാണ്. അവർക്ക് കിട്ടിയ സമയത്ത് വളരെ നല്ലരീതിയിൽ ഭരിച്ചശേഷം അടുത്തതായി നിങ്ങൾ ഭരിച്ചുനോക്കുവെന്ന് പറഞ്ഞ് നമ്മുടെ കൈയിലേക്ക്

ഭരണം ഏൽപ്പിച്ചുതന്നതുപോലെയാണ് പ്രതിപക്ഷത്തിരിക്കുന്ന ആളുകളുടെ കളിയാക്കലും വിമർശനങ്ങളും കേട്ടാൽ തോന്നിപ്പോകുന്നത്. യഥാർഥത്തിൽ നിങ്ങൾക്ക് ഭരണം കൈയിൽകിട്ടിയ കാലത്ത് നിങ്ങൾ എന്താണ് ചെയ്തത്, നിങ്ങളുടെ കാലഘട്ടത്തിൽ എത്രമാത്രം പരാതികൾ വന്നു, എന്തെല്ലാം വിമർശനങ്ങൾ കേൾക്കേണ്ടിവന്നു എന്നെല്ലാം അറിയാൻ നിങ്ങൾ അന്നത്തെ സാഹചര്യത്തിലേക്ക് ഒന്ന് കണ്ണോടിച്ചുനോക്കണം. കഴിഞ്ഞ 9 വർഷത്തിനിടയിൽ കേരളത്തിൽ മികച്ചരീതിയിലുള്ള പ്രവർത്തനം ഓരോ വകുപ്പും മത്സരിച്ച് ചെയ്തുകൊണ്ടിരിക്കുകയാണ്, പൊതുവിതരണ വകുപ്പിന്റെ പ്രവർത്തനംതന്നെ എടുത്തുനോക്കിയാൽ അക്കാര്യം മനസ്സിലാകും. കേരളം വിശപ്പ് രഹിത സംസ്ഥാനമായിരിക്കുകയാണ്, എന്നാൽ ഇന്ന് നമ്മുടെ രാജ്യം ഈ വിഷയത്തിൽ എവിടെ നിൽക്കുന്നുവെന്ന് നോക്കാം. വേൾഡ് ഹങ്കറി ഇൻഡക്സിന്റെ കണക്കെടുത്ത് പരിശോധിച്ചാൽ നമ്മുടെ രാജ്യം തുടർച്ചയായി പിന്നോട്ട് പോയ്ക്കൊണ്ടിരിക്കുയാണ്, ഇപ്പോൾ 105-ാം സ്ഥാനത്തേക്കാണ് എത്തിയിരിക്കുന്നതെന്ന് മനസ്സിലാകും. എന്നാൽ, ആ സ്ഥാനത്ത് കൊച്ചുകേരളം എത്തുമാത്രം ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്? വളരെ നല്ലരീതിയിൽ ഇടപെടുകൊണ്ട് വിശപ്പുരഹിത കേരളമാക്കിമാറ്റിയെടുക്കാനുള്ള മികച്ച പ്രവർത്തനങ്ങൾ

ഇവിടെ നടക്കുന്നു. 'എല്ലാവർക്കും റേഷൻകാർഡ്' എന്ന പദ്ധതിപ്രകാരം വളരെ കൃത്യമായി ഇടപെട്ടുകൊണ്ട് 520563 റേഷൻകാർഡ് ഈ കുറഞ്ഞസമയംകൊണ്ട് നൽകാൻ സാധിച്ചു. അതുമാത്രമോ, ഭിന്നശേഷിക്കാരായ കുട്ടികൾ താമസിക്കുന്ന സ്ഥാപനങ്ങളിൽ ഏകദേശം 792 കാർഡുകൾ വിതരണം ചെയ്തുകഴിഞ്ഞു. മാത്രമല്ല, വീടിനുവേണ്ടി അപേക്ഷിച്ച് കാത്തിരിക്കുന്ന കുടുംബങ്ങൾക്ക്, സ്വന്തമായി വീടില്ലാത്തതിന്റെ പേരിൽ റേഷൻകാർഡ് ലഭിക്കാതിരിക്കരുത് എന്നുപറഞ്ഞുകൊണ്ട് ആധാർ കാർഡുമായി ലിങ്ക്ചെയ്ത്, ആധാർ കാർഡിന്റെ അടിസ്ഥാനത്തിൽ റേഷൻ ലഭ്യമാക്കണമെന്ന നല്ല ഉദ്ദേശ്യത്തോടെ റേഷൻകാർഡ് വിതരണംചെയ്യുന്നു. ഇതുകൂടാതെ ഇതരസംസ്ഥാനത്തുനിന്നും നമ്മുടെ നാട്ടിലെത്തി ഇവിടം സ്വർഗ്ഗമാണെന്ന് കണക്കാക്കി നമ്മുടെ നാട്ടിൽ പണിയെടുക്കുകയും താമസിക്കുകയും ചെയ്യുന്ന കുടുംബങ്ങൾക്ക് എ.ടി.എം. രൂപത്തിൽ റേഷൻ കാർഡ് വിതരണംചെയ്ത് അവർക്കും റേഷൻ കിട്ടാനുള്ള ഇടപെടൽ നടത്തുന്നു. പാവപ്പെട്ടവരെയും സാധാരണക്കാരെയും സംരക്ഷിക്കുന്ന ഗവൺമെന്റാണ് ഇതെന്ന് ഈ പ്രവർത്തനങ്ങൾ തെളിയിക്കുന്നില്ലേ? മറ്റ് വകുപ്പുകളുടെ സേവനങ്ങളും ഉൽപന്നങ്ങളും ലഭ്യമാകുന്ന രീതിയിൽ ഏകദേശം 1779 റേഷൻകടകൾ കെ-സ്റ്റോറുകളാക്കിമാറ്റി. ഇത്തരം

കാര്യങ്ങൾക്കായി ആളുകൾക്ക് വിവിധ സ്ഥലങ്ങളിൽ പോകാതെ റേഷൻകടകളിൽത്തന്നെ സൗകര്യങ്ങൾ ലഭിക്കുന്നതരത്തിൽ ഇടപടൽ നടത്തുകയാണ്, ഇത്തരത്തിൽ കേരളം മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. റേഷൻകടകളിൽ നേരിട്ടെത്തി സാധനങ്ങൾ വാങ്ങാൻ സാധിക്കാത്ത കിടപ്പുരോഗികൾ ഉൾപ്പെടെയുള്ള അശരണരായ ആളുകൾക്ക് സഹായകമായി 'ഒപ്പം പദ്ധതി' ആവിഷ്കരിച്ചു. പ്രദേശത്തെ ഓട്ടോറിക്ഷാ തൊഴിലാളികളുമായിച്ചേർന്ന് റേഷൻ സാധനങ്ങൾ വീടുകളിൽ എത്തിച്ചുനൽകുന്ന ഈ പദ്ധതി എത്രമാത്രം ആശ്വാസകരമാണെന്ന് ആലോചിച്ചുനോക്കൂ. ഇത്തരത്തിൽ ധാരാളം പ്രവർത്തനങ്ങൾ നമുക്ക് കാണാൻ സാധിക്കും. ട്രൈബൽ സെറ്റിൽമെന്റ് ഏരിയകളിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് വാതിൽപ്പടി സേവനം ഉൾപ്പെടെയുള്ള ധാരാളം പ്രവർത്തനങ്ങൾ ഗവൺമെന്റ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെയെല്ലാം സംസ്ഥാനം ചെയ്യുമ്പോൾ മറുവശത്ത് കേന്ദ്രം റേഷൻ സംവിധാനംതന്നെ ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്. ഇപ്പോൾ കൊണ്ടുവരുന്ന ഡി.ബി.ടി. (Direct Benifit Transfer) സംവിധാനത്തിലൂടെ പണം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അയച്ചുകൊടുത്താൽമതി എന്നരീതിയിലുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നേരിട്ടുതന്നെ കേന്ദ്രമന്ത്രിയോട് ഈ വിഷയത്തിലുള്ള പ്രതിഷേധം അറിയിച്ചുവെന്നാണ് മനസ്സിലാകുന്നത്. കേന്ദ്രം ഇത്തരത്തിൽ ചിന്തിക്കുമ്പോൾ കേരളം സാധാരണക്കാരന്റെ വിശപ്പ് മാറ്റാനുള്ള വ്യത്യസ്തങ്ങളായ പദ്ധതികൾ ആവിഷ്ക്കരിച്ച് എല്ലാവർക്കും റേഷൻ ഉറപ്പുവരുത്തുന്ന ഇടപെടലുകൾ നടത്തുകയാണ്.

(തുടരും...)

P.20-03-2025
AV-FM
01.30-01.40 (RC)

(ശ്രീ. യു. ആർ. പ്രദീപ് തുടർച്ച......)

സിവിൽ സപ്ലൈസ് വകുപ്പിന്റെ കാര്യങ്ങൾ പരിശോധിക്കുമ്പോൾ അത്തരം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെങ്കിൽ ഇന്നത്തെ ധനാഭ്യർഥനയിലുൾപ്പെട്ട പട്ടികജാതി, പട്ടികവർഗ വകുപ്പിന്റെ ഇടപെടലുകൾ സംബന്ധിച്ച്........ മറ്റ് വകുപ്പുകളൊക്കെ മോശമെന്നല്ല. ഇപ്പോൾ ഏറെ ചർച്ച ചെയ്യുകയും പ്രതിപക്ഷത്തെ പ്രിയപ്പെട്ട ശ്രീ. റോജി എം. ജോൺ ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ വലിയതോതിൽ അവതരണം നടത്തിയതിന്റെ ഭാഗമായി കയ്യടിച്ച് ചിരിക്കുന്ന ഒരു കാഴ്ച

കുറച്ചുമുമ്പ് നമ്മൾ കണ്ടു. പട്ടികജാതി, പട്ടികവർഗ വകുപ്പ് കൈകാര്യം ചെയ്യുന്ന രീതി കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായിട്ടാണ്. അതൊന്ന് പരിശോധിക്കാം. 2021-22-ൽ കേന്ദ്രം നൽകുന്ന ഫണ്ട്, 4464 കോടി രൂപയുടെ അഭ്യർഥന നടത്തിയപ്പോൾ 17 കോടി 63 ലക്ഷം കോടി രൂപയാണ് ലഭിച്ചതെങ്കിൽ 2024-25-ൽ 2.36 കോടി രൂപ മാത്രമാണ് നമുക്ക് ലഭിച്ചത്. കേന്ദ്രസർക്കാർ വിവിധ വകുപ്പുകൾക്ക് ആധികാരികമായി നൽകേണ്ട പണം നൽകുന്നില്ല. ഇത്തരത്തിൽ അർഹമായ തുക നൽകാതെ കേന്ദ്രസർക്കാർ നമ്മെ വല്ലാതെ ശ്വാസംമുട്ടിക്കുന്നു. ഈ കണക്ക് പാർലമെന്റിനകത്തും ലഭിക്കില്ലേ? ഈ നാട്ടിൽനിന്ന് വിജയിച്ചുപോയ ഒന്നുരണ്ട് വി.ഐ.പി.-കളുണ്ടായിരുന്നല്ലോ. ദേശാടനപക്ഷികൾ വരുന്നതുപോലെ കേരളത്തിൽ വന്നുപോകുമ്പോൾ അവിടെയൊന്ന് ഇരിക്കാൻപോലും തയ്യാറാകുന്നില്ല. കേരളത്തിനോട് എന്തുകൊണ്ട് ഇത്തരം സമീപനം സ്വീകരിക്കുന്നുവെന്ന് ചോദിക്കാൻ തയ്യാറാകുന്നില്ല. കേരള ഗവൺമെന്റ് നടത്തുന്ന ഇടപെടലുകൾ കണ്ടില്ലെന്ന് നടിച്ച് ഈ ഗവൺമെന്റിനെ കളിയാക്കി, എങ്ങനെ നാല് വോട്ട് ലഭിക്കാൻ സാധിക്കുമെന്ന് തന്ത്രപരമായ രീതിയിൽ സംസാരിച്ചാൽ ഇത് സത്യമാകുമോ? കേരളത്തിൽ നടത്തുന്ന പ്രവർത്തനം സംബന്ധിച്ച്

ജലവിഭവ വകുപ്പുൾപ്പെടെ ഓരോ വകുപ്പിനും എടുത്തുപറയാൻ ധാരാളം കാര്യങ്ങളുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് ചേലക്കരയിലെ കൃഷിക്കാർക്ക് ഒരുപാട് നഷ്ടമുണ്ടായി. അവിടെ തകർന്നുപോയ ഡാമുകളെല്ലാം ദിവസങ്ങൾ/മാസങ്ങൾകൊണ്ട് പഴയ രൂപത്തിലാക്കിയെടുക്കാൻ സാധിച്ചു. കർഷകരെല്ലാം വലിയ സന്തോഷത്തിലാണ്. അതുപോലെ തോടുകളെയും വലിയ തോതിൽ ബാധിക്കുകയുണ്ടായി. പ്രളയത്തിൽ മാത്രമല്ല, തുടർച്ചയായ വരൾച്ചയുടെ ഭാഗമായി കർഷകർക്ക് പ്രയാസം വന്നപ്പോൾ ജലസേചന വകുപ്പ് സമയബന്ധിതമായി ഇടപെടൽ നടത്തിയത് ജനങ്ങൾ കാണുകയാണ്. നിയമസഭയ്ക്കകത്തുവന്ന് യു.ഡി.എഫ്. എന്തൊക്കെ ആക്ഷേപങ്ങൾ നടത്തിയാലും ഇതെല്ലാം ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഓരോ വകുപ്പും ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നുവെന്ന കാര്യത്തിൽ സംശയമില്ല. ഒരു കാര്യം കൂടി ജലസേചന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ അസുരൻകുണ്ട് ഡാമുണ്ട്. ധാരാളം കർഷകർക്ക് വെള്ളം ലഭ്യമാക്കുന്ന പദ്ധതി കൂടിയാണത്. ആ പദ്ധതിയിൽ ലീക്കുമായി ബന്ധപ്പെട്ട് യഥാസമയം വെള്ളം കൊടുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ട്. ജലവിഭവ വകുപ്പ് അക്കാര്യത്തിൽ ഇടപെടൽ നടത്തിയാൽ കർഷകർക്ക്

ആശ്വാസമായി മാറും. മറ്റൊന്ന്, പട്ടികജാതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താനുള്ളതാണ്. പട്ടികജാതി വിഭാഗക്കാർക്ക് ആനുകൂല്യം നൽകുന്നതിന് എല്ലാ നിയോജകമണ്ഡലങ്ങൾക്കും തുല്യമായ തുകയാണ് നൽകുന്നത്. ചേലക്കര നിയോജകമണ്ഡലത്തിൽ ഏകദേശം 543 പട്ടികജാതി സങ്കേതങ്ങളുണ്ട്. അങ്ങനെ ഓരോ നിയോജകമണ്ഡലത്തിലും ചെറുതും വലുതുമായി ധാരാളം സങ്കേതങ്ങളുണ്ട്. എന്നാൽ എല്ലാ നിയോജകമണ്ഡലങ്ങൾക്കും ആനുകൂല്യം നൽകുന്നതിനായി തുല്യമായ തുകയാണ് അനുവദിക്കുന്നത്. അംബേദ്കർ ഗ്രാമം പദ്ധതി മുഖാന്തരം ഒരു വർഷം ഒരു നിയോജകമണ്ഡലത്തിൽനിന്നും രണ്ട് സങ്കേതങ്ങളെ തിരഞ്ഞെടുക്കുന്ന തരത്തിൽ മാറ്റിചിന്തിച്ചുകൊണ്ട് കൂടുതൽ സങ്കേതങ്ങളുള്ള സ്ഥലങ്ങളിൽ കുറച്ചധികം ഫണ്ട് നൽകാൻ സാധിക്കുമോയെന്ന് ആലോചിക്കണം.

<u>ചെയർപേഴ്സൺ</u>: സമയം കഴിഞ്ഞു.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, ഒരു കാര്യം സിവിൽ സപ്ലൈസ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്, ഞായറാഴ്ചകളിൽ റേഷൻ കടകൾ തുറന്നുപ്രവർത്തിച്ചാൽ മറ്റൊരു ദിവസം കോമ്പൻസേറ്റ് ചെയ്യാൻ സാധിക്കുമോയെന്ന് ആലോചിക്കണം.

(ശ്രീമതി ശാന്തകുമാരി കെ.)

P.20-03-2025
AV-FM
01.30-01.40

ശ്രീമതി ശാന്തകുമാരി കെ.: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുകയാണ്. ദീർഘനാളത്തെ ബഹിരാകാശ ജീവിതത്തിനുശേഷം ഭൂമിയിലേയ്ക്കിറങ്ങിയ ബഹിരാകാശ സഞ്ചാരി, ഭൂമിയിലെ മുഴുവൻ സ്ത്രീ സമൂഹത്തിനും പ്രചോദനമായ, ലോകം കണ്ട ധീര വനിത ശ്രീമതി സുനിത വില്യംസിന് കേരളത്തിലെ വനിതകൾക്കുവേണ്ടി അഭിവാദ്യം നേരുകയാണ്.

ബഹുമാനപ്പെട്ട പ്രതിപക്ഷത്തിരിക്കുന്ന വിവിധ അംഗങ്ങൾ ചർച്ചകൾ നടത്തുന്ന ഘട്ടത്തിൽ പട്ടികജാതി ജനവിഭാഗങ്ങളെ സംബന്ധിച്ചുള്ള ഒരു വിഷയം സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യയിലെ 16.6 ശതമാനം വരുന്ന പട്ടികജാതി വിഭാഗങ്ങൾക്ക് കേന്ദ്ര ഗവൺമെന്റ് ഇത്തവണ മാറ്റിവച്ച ഫണ്ട് 3.4 ശതമാനമാണ്. 9 ശതമാനം വരുന്ന പട്ടികവർഗ വിഭാഗത്തിന് മാറ്റിവച്ചത് 2.9 ശതമാനമാണ്. എന്നാൽ, കേരളത്തിൽ 9.1 ശതമാനമുള്ള പട്ടികജാതി വിഭാഗങ്ങൾക്ക് 9.81 ശതമാനവും 1.45 ശതമാനമുള്ള പട്ടികവർഗ വിഭാഗങ്ങൾക്ക് 2.82 ശതമാനവുമാണ് മാറ്റിവച്ചത്. അതായത്

ജനസംഖ്യയെക്കാൾ കൂടുതൽ ഫണ്ടാണ് മാറ്റിവച്ചത്. ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഈ വിഭാഗക്കാർക്കായി ഏറ്റവും കൂടുതൽ ഫണ്ട് വിനിയോഗിക്കുന്ന സംസ്ഥാനമാണ് കേരളം. ഇത്തരത്തിൽ ഈ വിഭാഗങ്ങളെ പരമാവധി ദ്രോഹിക്കുകയും അവരുടെ എല്ലാ പദ്ധതികളും വെട്ടിക്കുറയ്ക്കുകയും ചെയ്യുന്ന കേന്ദ്രനടപടിയെ സംബന്ധിച്ച് യു.ഡി.എഫ്.-ന് ഒരു അഭിപ്രായവുമില്ല. സംസ്ഥാനം ഫണ്ട് വെട്ടിക്കുറച്ചെന്ന നിലയിലാണ് ചർച്ചകൾ നടത്തിക്കൊണ്ടുവരുന്നത്. അത് അവരോടുള്ള സ്നേഹമാണെന്ന് എനിക്ക് തോന്നുന്നില്ല, രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി മാത്രമാണ്. പട്ടികജാതി ജനവിഭാഗങ്ങൾക്കുവേണ്ടി നിലവിലുണ്ടായിരുന്ന വിഹിതമായ 2979 കോടി രൂപയിൽനിന്നും 3188.25 കോടി രൂപയായാണ് സംസ്ഥാന ഗവൺമെന്റ് വർധിപ്പിച്ചത്. എസ്.ടി. വിഭാഗത്തിന് 859.50 കോടി രൂപയിൽനിന്ന് 920 കോടി രൂപയായി വർധിപ്പിച്ചു. പിന്നാക്കവിഭാഗത്തിൽപ്പെടുന്നവർക്ക് 266.26 കോടി രൂപയിൽനിന്ന് 276.62 കോടി രൂപയായി വർധിപ്പിച്ചു. അതായത് പട്ടികജാതി, പട്ടികവർഗ പിന്നാക്ക വിഭാഗങ്ങളെ പൊതുസമൂഹത്തോടൊപ്പം ഉയർത്തുന്നതിനുവേണ്ടി ശ്രമിക്കുന്ന ഇന്ത്യയിലെ ഏക സംസ്ഥാനം കേരളമാണെന്നിരിക്കെ പട്ടികജാതിക്കാർക്കൊന്നും നൽകുന്നില്ലെന്ന നിലയിൽ

പൊതുസമൂഹത്തിലൊരു വിവേചനമുണ്ടാക്കാൻ പ്രതിപക്ഷം നടത്തുന്നത് വല്ലാത്തൊരു അങ്കലാപ്പാണ്.

ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചില കാര്യങ്ങൾ പറയുകയുണ്ടായി. ഇവിടെ പട്ടികജാതിക്കാർക്ക് മന്ത്രിയുണ്ടോ എന്നാണ് ചോദിക്കുന്നത്. പട്ടികജാതി വകുപ്പ് ടി വിഭാഗത്തിൽപ്പെട്ടവർ കൈകാര്യം ചെയ്താൽ പോരാ, ഞങ്ങൾക്ക് നൽകണമെന്ന് കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രി ശ്രീ. സുരേഷ്ഗോപി പറഞ്ഞതിന് സമാനമായ രീതിയിൽ അവരോടൊപ്പം ചേർന്നുകൊണ്ടാണ് പ്രതിപക്ഷം ഈ വർത്തമാനം പറയുന്നത്. 2006 മുതൽ 2011 വരെയുള്ള ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കാലഘട്ടത്തിൽ ഇന്നത്തെ ആലത്തൂർ എം.പി.-യായ ശ്രീ. കെ. രാധാകൃഷ്ണൻ സ്പീക്കറായിരുന്നു, അന്ന് സഖാവ് എ. കെ. ബാലൻ കൈകാര്യം ചെയ്തിരുന്നത് വൈദ്യുതി വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കക്ഷേമ വകുപ്പുമാണ്. അതുപോലെ യു.ഡി.എഫ്-ന്റെ ബഹുമാനപ്പെട്ട ശ്രീ. എ. പി. അനിൽ കുമാറും ശ്രീമതി പി. കെ. ജയലക്ഷ്മിയുമെല്ലാം ആ നിലയിൽ പരിഗണന കൊടുത്തുവന്നവരാണ്. ഈ വർത്തമാനകാലഘട്ടത്തിൽ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കെതിരെ പൊതുവായൊരു വിവേചനം നിങ്ങളുടെ

ഭാഗത്തുനിന്നും കൊണ്ടുവരുന്നതിന്റെ രാഷ്ട്രീയ ലക്ഷ്യമെന്താണ്? ഏറ്റവും ഉയർന്ന പരിഗണനയാണ് ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഈ വിഭാഗങ്ങൾക്ക് എപ്പോഴും നൽകിയിട്ടുള്ളത്. ഈ ഘട്ടത്തിൽ ഇത്തരമൊരു വിവേചനത്തിന് ചർച്ച കൊണ്ടുവരുന്നതിന്റെ ലക്ഷ്യം രാഷ്ട്രീയമാണ്. ആ വിഭാഗത്തിനിടയിൽ ഏതെങ്കിലും തരത്തിൽ കുത്തിതിരുപ്പുണ്ടാക്കിയെടുക്കാൻ കഴിയുമോയെന്ന ഗവേഷണത്തിന്റെ ഭാഗമാണ്. ഇത് അംഗീകരിക്കില്ല. അവർ ഏറ്റവും ഉയർന്ന നിലയിൽ പ്രവർത്തിച്ച് മുന്നോട്ടുപോകുകയാണ്.

(തുടരും......)

പി.-20-03-2025
എച്ച്.ആർ.-എഫ്.എം.-2
01:40-01:50

(ശ്രീമതി ശാന്തകുമാരി കെ. തുടർച്ച.....)

പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾ ഇന്ന് സമൂഹത്തിൽ ഉന്നതമായ സ്ഥാനങ്ങളിലെത്തിയിരിക്കുകയാണ്. പഠനത്തിനായി 810 കുട്ടികൾ വിദേശ യൂണിവേഴ്സിറ്റികളിൽ പോകുന്നു. ഈ വിഭാഗത്തിൽനിന്ന് അഞ്ഞൂറ് അക്രെഡിറ്റഡ് എഞ്ചിനീയർമാർ വിവിധ പഞ്ചായത്തുകളിൽ ജോലി ചെയ്യുന്നുണ്ട്. സ്കോളർഷിപ്പ് വെട്ടിക്കുറച്ചെന്ന് ഇവിടെ ബഹുമാനപ്പെട്ട

ശ്രീ. റോജി എം. ജോൺ പറഞ്ഞു. ആരാണ് സ്കോളർഷിപ്പ് വെട്ടിക്കുറച്ചത്? കുട്ടികൾക്ക് സ്കോളർഷിപ്പിനായി കേന്ദ്ര ഗവൺമെന്റ് രണ്ട് ലക്ഷം രൂപ ഉയർന്ന വരുമാന പരിധി നിശ്ചയിച്ചപ്പോൾ, പട്ടികജാതി-പട്ടികവർഗ സ്കോളർഷിപ്പിന് വരുമാന പരിധിയില്ലെന്ന് നിശ്ചയിച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്. വരുമാനത്തിന്റെ പേരിൽ കേന്ദ്രം കുട്ടികൾക്ക് സ്കോളർഷിപ്പ് നിഷേധിച്ചു. 756686 കുട്ടികൾക്ക് കേന്ദ്രം നിഷേധിച്ച തുകയടക്കം കേരളം പൂർണ്ണമായും കൊടുത്ത് തീർത്തുകൊണ്ടിരിക്കുകയാണ്. പതിനാല് ലക്ഷത്തിലധികം വരുന്ന കുട്ടികൾ ഇന്ന് പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് അടക്കമുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വാങ്ങുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം മറച്ചുവച്ചുകൊണ്ട് ഇത്തരമൊരു ചർച്ച ഇവിടെ കൊണ്ടുവരുന്നത് ഗുണകരമല്ല.

റൂൾ 50 അവതരിപ്പിച്ചുകൊണ്ട് ചില പരാമർശങ്ങൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് വന്നതിനെക്കുറിച്ചുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അങ്കണവാടി ജീവനക്കാരുമായി ബന്ധപ്പെട്ട് അവരെ മോശപ്പെടുത്തുന്ന തരത്തിലുള്ള റൂൾ 50 ആണ് പ്രതിപക്ഷം ഇവിടെ അവതരിപ്പിച്ചത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മികച്ച വേതനമാണ് കേരളത്തിൽ അവർക്ക് ലഭിക്കുന്നത്. ഈ ഘട്ടത്തിൽ ഈയൊരു രീതിയിൽ സംസാരിക്കുന്നതിന്റെ

ലക്ഷ്യം രാഷ്ട്രീയം മാത്രമാണ്. ഞാനടക്കമുള്ള എല്ലാ എം.എൽ.എ.-മാരും ആസ്തി വികസന ഫണ്ടിൽനിന്ന് സ്മാർട്ട് അങ്കണവാടികൾക്ക് തുക നൽകിയിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ ബഹുമാനപ്പെട്ട മന്ത്രിയാണ് സ്മാർട്ട് അങ്കണവാടിയുടെ ഉദ്ഘാടനം നിർവഹിച്ചത്. ഇത്തരത്തിൽ ഭരണപക്ഷ, പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും ഫണ്ട് കൊടുത്തിട്ടുണ്ട്. പഞ്ചായത്തുകൾക്കാണ് ഇതിന്റെ പൂർണ്ണ അധികാരം. അങ്കണവാടി വർക്കേഴ്സിന്റെ ഓണറേറിയം പഞ്ചായത്താണ് നൽകുന്നത്. അങ്കണവാടി വർക്കർമാർക്ക് ആനുകൂല്യങ്ങൾ നേരിട്ട് കൊടുക്കുകയാണെന്നാണ് ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. എവിടെയാണ് അങ്ങനെയുള്ളതെന്ന് കണ്ടെത്തണം. ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിലൊന്നും അങ്ങനെയില്ല. യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർ അത് കൃത്യമായി പരിശോധിക്കണം. ഓരോ സ്ഥലത്തും തുക മുടക്കേണ്ടത് പഞ്ചായത്തിന്റെ ചുമതലയാണ്. പഞ്ചായത്താണ് അത്തരം ആനുകൂല്യങ്ങളെല്ലാം അവർക്ക് നൽകുന്നത്. വാടക കൊടുക്കുന്നത് സംബന്ധിച്ചും മുട്ടയുടെ അഡ്വാൻസ് കൊടുക്കുന്നത് സംബന്ധിച്ചും ഇവിടെ പറഞ്ഞു. ഇതൊക്കെ വസ്തുതാവിരുദ്ധമായ കാര്യങ്ങളാണ്. നമ്മുടെ പ്രിയപ്പെട്ട സഹോദരിമാരോട് ഞാൻ സംസാരിച്ചശേഷമാണ് ഇക്കാര്യങ്ങൾ ഇവിടെ

ചർച്ച ചെയ്യുന്നത്. അവർ സംതൃപ്തരാണ്. അവരെ സംബന്ധിച്ച ചില കാര്യങ്ങളിൽ അനുഭാവപൂർവമായ നടപടി സ്വീകരിക്കണമെന്ന നിലപാടാണ് ഇടതുപക്ഷ ഗവൺമെന്റിനുള്ളത്. ഞങ്ങൾ അവർ നടത്തുന്ന സമരത്തിനെതിരല്ല. വ്യത്യസ്തമായ പദ്ധതികൾ കുട്ടികളുടെ വികസനത്തിനായി അങ്കണവാടികളിലൂടെ നടപ്പാക്കുമ്പോൾ അതെല്ലാം മറച്ചുവച്ചുകൊണ്ട് അവരെ മോശപ്പെടുത്തുന്നതിനുള്ള സമീപനമാണ് ഇവിടെ സ്വീകരിക്കുന്നത്. നാലോ അഞ്ചോ വോട്ട് കിട്ടുന്നതിനുവേണ്ടി ഇങ്ങനെയൊക്കെ പറയുമോ? പാർശ്വവൽകൃതമായ ഈ സമൂഹത്തിൽ അവരെ മാനസിക വിഭ്രാന്തിയിലേയ്ക്ക് കൊണ്ടുപോകാനും രാഷ്ട്രീയമായി അവരെ തെരുവ് വീഥികളിലേയ്ക്ക് വലിച്ചിഴയ്ക്കാനുമുള്ള രാഷ്ട്രീയ ലാക്കാണ് ഇപ്പോൾ കോൺഗ്രസും പ്രതിപക്ഷവും നടപ്പാക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

എന്റെ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾക്കുടി പറയുകയാണ്. ജൽജീവൻ മിഷൻ സംബന്ധിച്ച് വിവിധ അംഗങ്ങൾ ഇവിടെ സംസാരിച്ചു. ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ ഇടുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കരിമ്പ ഗ്രാമപഞ്ചായത്തിൽ ടാങ്ക്

നിർമ്മാണത്തിന് റീടെൻഡർ വിളിച്ച് എഗ്രിമെന്റ് വയ്ക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ബഹുമാനപ്പെട്ട മന്ത്രി അതുസംബന്ധിച്ച് പരിശോധിക്കണമെന്നഭ്യർത്ഥിക്കുന്നു. നാഷണൽ ഹൈവേ 966-ന്റെ ഭാഗത്തുകൂടി പൈപ്പ്ലൈൻ ഇടുന്നതിന് എൻ.എച്ച്.എ.ഐ.-യുടെ എൻ.ഒ.സി. ലഭിക്കാത്ത വിഷയവും പരിശോധിക്കപ്പെടേണ്ടതായിട്ടുണ്ട്. ഇത്തരത്തിൽ എഗ്രിമെന്റ് വയ്ക്കാൻ കഴിയാത്ത പല പദ്ധതികളുമുണ്ട്. ഇറിഗേഷനുമായി ബന്ധപ്പെട്ട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും സുപ്രധാനമായ ഒരു പദ്ധതിയാണ് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട്. ഗവൺമെന്റിന്റെ ഇറിഗേഷൻ ടൂറിസം പോളിസിയുടെ ഭാഗമായി 161 കോടി രൂപയുടെ പി.പി.പി. (പബ്ലിക്-പ്രൈവറ്റ് പാർട്ണർഷിപ്പ്) പദ്ധതി നടപ്പാകാൻ പോകുകയാണ്. ആ ജലസേചന പദ്ധതി ഇപ്പോഴും കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടില്ല. ഡാമിന്റെ പല കൈവരികളും ഇടിയുകയാണ്. ഇത്തവണ അടിയന്തരമായി ഫണ്ട് അനുവദിച്ചുകൊണ്ട് കാഞ്ഞിരപ്പുഴ ഇറിഗേഷൻ പദ്ധതിയെ സമ്പുഷ്ടമാക്കണമെന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

ശിരുവാണി ഡാമിൽനിന്ന് തമിഴ്നാടിന് വെള്ളം കൊടുക്കുകയും അവിടത്തെ മറ്റ് നടപടികൾക്കും മെയിന്റനൻസിനുംവേണ്ടി അവർ നമുക്ക്

തുക നൽകുകയും ചെയ്യുന്നു. അവിടത്തെ സിങ്കപ്പാറ എന്ന പ്രദേശത്തെ പട്ടികവർഗ വിഭാഗങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് തമിഴ്നാട്ടിൽനിന്ന് തുക നൽകേണ്ടതുണ്ടെങ്കിലും പലപ്പോഴും അതിന് പ്രയാസം നേരിടുന്നു. കഴിഞ്ഞ ദിവസം ആ സഹോദരങ്ങൾ അവിടെ സമരം നടത്തി. അവരുടെ നഗറുകളിലേയ്ക്ക് പോകുന്ന റോഡുകൾ വൃത്തിയാക്കിയിട്ടില്ല. മറ്റ് ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് പണം നൽകുന്നില്ല. അതുകൊണ്ട് അടിയന്തരമായി തമിഴ്നാടിൽനിന്ന് തുക വാങ്ങി പരിഹാരം കണ്ടെത്താൻ കഴിയണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിന്തുണയ്ക്കുന്നു.

(ശ്രീ. മുരളി പെരുനെല്ലി)

പി.-20-03-2025
എച്ച്.ആർ.-എഫ്.എം.-2
01:40-01:50

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർത്ഥനകളെ വളരെ സന്തോഷപൂർവം പിന്തുണയ്ക്കുകയാണ്. ഇന്നത്തെ കേരളത്തിന് കരുത്തുറ്റ അടിത്തറ പാകിയ 1957-ലെ ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിന് നേതൃത്വം നൽകിയ സഖാവ് ഇ.എം.എസ്.

നമ്പൂതിരിപ്പാടിന്റെ ചരമദിനമായിരുന്നു ഇന്നലെ. "തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ ദൃഷ്ടിയിൽ പെട്ടാലും ദോഷമുള്ളോർ" എന്ന അവസ്ഥയിലായിരുന്ന കേരളത്തെ ലോകത്തോട് കണ്ണി ചേർത്ത ആ സർക്കാർ കേരളത്തിന്റെ അസൂയാവഹമായ മാറ്റത്തിന്റെ അടിത്തറ പാകിയ നിരവധി നിയമനിർമ്മാണങ്ങൾക്കാണ് തുടക്കം കുറിച്ചത്. ഉന്നതകുലജാതരായ സവർണ്ണാധികാരത്തിന്റെ അടിത്തറയായ ഭൂബന്ധങ്ങളെ പിഴുതെറിഞ്ഞ ഒരു സർക്കാരാണ് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ സർക്കാർ. ഇന്ത്യയിൽ ഇന്നുവരെയും ഒരു സംസ്ഥാനത്തും നടപ്പാക്കിയിട്ടില്ലാത്ത സമഗ്രമായ കാർഷിക പരിഷ്കരണംവഴി കേരളത്തിൽ പട്ടികജാതി, പട്ടികവർഗ, പിന്നാക്ക ജനവിഭാഗങ്ങളെ സമൂഹത്തിന്റെ പൊതുധാരയിലേയ്ക്ക് കൊണ്ടെത്തിച്ചത് അന്നത്തെ സർക്കാർ ഭൂബന്ധങ്ങളിൽ നടപ്പാക്കിയ മാറ്റമാണെന്ന് നമുക്ക് കാണാൻ കഴിയും. സ്വന്തമായി ഒരു തുണ്ട് ഭൂമിയും അതിൽ ഒരു വീടുമെന്ന ആ മലയപ്പുലയന്റെ സ്വപ്നം യാഥാർഥ്യമാക്കിയ ഇന്ത്യയിലെ ഒരേയൊരു സംസ്ഥാനം കേരളമാണ്. തന്റെ വീട്ടുമുറ്റത്ത് നട്ടുവളർത്തിയ വാഴയിലെ കുല വെട്ടിയെടുക്കാൻ ഇന്ന് ഒരു ജന്മിത്തമ്പുരാനും ഈ കേരളത്തിൽ വരില്ല. അങ്ങനെയൊരാൾ വന്നാൽ അയാളുടെ കൈ വെട്ടാനുള്ള കരുത്ത് നേടിയവരായി കേരളീയ സമൂഹം

മാറിയത് ആ സർക്കാരിന്റെ നിയമനടപടികളുടെ ഭാഗമായാണ്. നവോത്ഥാന നായകർ, സാമൂഹ്യപരിഷ്കർത്താക്കൾ, സാമ്രാജ്യത്വ വിരുദ്ധ ദേശീയ പ്രസ്ഥാനത്തിന്റെ നേതാക്കൾ, പുന്നപ്ര-വയലാർ, കരിവെള്ളൂർ, കയ്യൂർ തുടങ്ങി നിരവധി കാർഷിക പ്രക്ഷോഭങ്ങൾ, സമൂഹത്തെ ഇളക്കി മറിച്ച സാംസ്കാരിക ഇടപെടലുകൾ എന്നിവയെല്ലാം സമ്മേളിച്ച സമരഭൂവിൽനിന്നാണ് 1957-ൽ സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ഒരു സൂര്യ തേജസ് പോലെ ഈ കേരളത്തിൽ അധികാരത്തിൽ വന്നത്. ആ സർക്കാരിനെ അട്ടിമറിക്കാൻ സി.ഐ.എ.-യുടെ പണംപറ്റി കുപ്രസിദ്ധ വിമോചന സമരത്തിന് നേതൃത്വം നൽകിയവരാണ് ഇന്ന് വീണ്ടും പിണറായി സർക്കാരിനെതിരെ കേരള വിരുദ്ധ ശക്തികളുമായി കൂട്ടുചേർന്നുകൊണ്ട് വിവിധ സമരാഭാസങ്ങൾ കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുന്നത്. സമസ്ത മേഖലകളിലും ജനോപകാരപ്രദമായ നടപടികൾ ആവിഷ്കരിച്ച് ഈ സർക്കാർ ഇന്ത്യയുടെ നെറുകയിൽ ഒരു പൊൻതൂവലായി നിലനിൽക്കുകയാണ്. സ്വന്തമായി ഒരു വീടെന്ന സ്വപ്നം ഇന്നിവിടെ പൂവണിയുകയാണ്. പട്ടികവിഭാഗക്കാരുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട്, മൂന്ന് വർഷത്തിനിടെ 30117 പട്ടികജാതി കുടുംബങ്ങൾക്കും 4811 പട്ടികവർഗക്കാർക്കും ലൈഫ്

പദ്ധതിപ്രകാരം വീടുകൾ നിർമ്മിച്ച് നൽകിയ സംസ്ഥാനമാണ് കേരളം. എസ്.സി. വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽനിന്ന് വിവിധ കോഴ്സുകൾ പൂർത്തീകരിച്ച അൻപത്തിനാല് വിദ്യാർഥികൾക്ക് എസ്.സി./എസ്.ടി. കോർപ്പറേഷൻ യാത്രാ ചെലവുകൾക്ക് സാമ്പത്തിക സഹായം നൽകി. അവരിപ്പോൾ വിദേശത്തേയ്ക്ക് പറന്നുയരാൻ പോകുകയാണ്. കേരളത്തിൽ മാത്രം കാണാൻ കഴിയുന്ന കാര്യമാണിത്. സാർവത്രികവും സൗജന്യവുമായ വിദ്യാഭ്യാസം നടപ്പാക്കിയ ഇ.എം.എസ്. സർക്കാരിന്റെ തുടർച്ചയെന്ന നിലയിൽ പിണറായി സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം ഇവിടെ നടപ്പാക്കി. അതിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് ഇന്ന് വമ്പൻ പുരോഗതിയാണ് സംഭവിച്ചിരിക്കുന്നത് എന്ന് നമുക്ക് കാണാൻ കഴിയും. പട്ടിക വിഭാഗത്തിലെ വിദ്യാർഥികളുടെ പഠനം സുരക്ഷിതമാക്കാൻ പഠനമുറികളാരംഭിച്ച സംസ്ഥാനമാണ് കേരളം. ആയിരക്കണക്കിന് പഠന മുറികളാണ് സർക്കാർ ഇവിടെ നിർമ്മിച്ച് നൽകിയത്. മണലൂർ മണ്ഡലത്തിൽ മാത്രം 444 പഠന മുറികൾക്കായി ഏകദേശം ഒൻപത് കോടി രൂപയാണ് അനുവദിച്ചത്. ഇതുപോലെ മറ്റ് നിയോജകമണ്ഡലങ്ങളിലും കാണാൻ കഴിയുന്നതാണ്.

ഭക്ഷ്യ വകുപ്പ് ഒരു ലക്ഷത്തോളം കുടുംബങ്ങൾക്കുകൂടി സൗജന്യ

റേഷനുള്ള മുൻഗണനാ കാർഡുകൾ നൽകുന്നുവെന്നത് മാതൃകാപരമായ കാര്യമാണ്. അർഹതയില്ലാതെ കൈവശം വച്ചിരുന്ന ഏകദേശം എഴുപതിനായിരം മുൻഗണനാ കാർഡുകൾ തിരിച്ചുപിടിച്ച് അർഹതപ്പെട്ടവർക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു. റേഷൻ മസ്റ്ററിങ്ങിന് ഫേസ് ആപ് ഉപയോഗിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. റേഷൻ കടകളിലോ മറ്റ് സ്ഥാപനങ്ങളിലോ പോകാതെതന്നെ സ്വന്തമായി മൊബൈൽ ആപ് വഴി മുഖം സ്വയം സ്കാൻ ചെയ്ത് മസ്റ്ററിങ് നടത്താനുള്ള സംവിധാനം വന്നിരിക്കുകയാണ്.

കേരളത്തിൽ നെല്ല് സംഭരണം വളരെ മാതൃകാപരമായി നടപ്പാക്കുകയാണ്. കേന്ദ്ര സർക്കാരിൽനിന്ന് ആയിരം കോടി രൂപയോളം ഇപ്പോഴും കിട്ടാനുണ്ട് എന്നുള്ളത് ഇവിടെ ഭക്ഷ്യ വകുപ്പുമന്ത്രി സൂചിപ്പിച്ചു. ഇതുസംബന്ധിച്ച് പ്രതിപക്ഷത്തിന് ഒരഭിപ്രായവും രേഖപ്പെടുത്താനില്ല. കേന്ദ്രത്തിനെതിരെ ഒരു കാര്യത്തിലും അഭിപ്രായം രേഖപ്പെടുത്താൻ പ്രതിപക്ഷത്തിന് നാവ് പൊങ്ങുന്നില്ല എന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇന്ത്യയിൽ നെല്ലിന് ഏറ്റവും ഉയർന്ന വില നൽകുന്ന സംസ്ഥാനം കേരളമാണ്. സംസ്ഥാന സർക്കാർ ഇൻസെന്റീവ് വഴിയാണ്

ഈ ഉയർന്ന വില കൊടുക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. ദുരന്ത നിവാരണ ഫണ്ടിൽനിന്നും മൃഗസംരക്ഷണ വകുപ്പുമുഖേന ലഭ്യമാക്കുന്ന ധനസഹായത്തിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചത് വളരെ സന്തോഷകരമായ കാര്യമാണ്. നഷ്ടപരിഹാരത്തുക വർധിപ്പിച്ചതും കർഷകരോടുള്ള സർക്കാരിന്റെ സമീപനം കൃത്യമായി വ്യക്തമാക്കുന്നുണ്ട്. സർക്കാരിന്റെയും ക്ഷീരവികസന വകുപ്പിന്റെയും ശ്രദ്ധയോടുകൂടിയുള്ള നീക്കത്തിന്റെ ഭാഗമായി പാലുൽപാദനത്തിൽ കേരളം സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ് എന്നത് വളരെ സന്തോഷകരമായിട്ടുള്ള കാര്യമാണ്.

(തുടരും.....)

P-20-03-2025
VV-FM-I
1.50-2.00

(ശ്രീ. മുരളി പെരുനെല്ലി തുടർച്ച...)

ജലസേചന മേഖല കാർഷികാഭിവൃദ്ധിക്ക് അനിവാര്യമായ ഒരു ഘടകമാണ്. തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കാതിരിക്കുന്നതിനും അധികം വരുന്ന ജലം പുറത്തേയ്ക്ക് വിടുന്നതിനുംവേണ്ടി ഏകദേശം പതിനൊന്ന് കോടിയോളം രൂപ ചെലവഴിച്ചുകൊണ്ടാണ് മണലൂർ നിയോജകമണ്ഡലത്തിൽ ഏനാമാക്കൽ,

ഇടിയഞ്ചിറ റെഗുലേറ്ററുകൾ നിർമ്മിച്ചത്. കാലപ്പഴക്കം ചെന്ന അവയുടെ പുനർനിർമ്മാണത്തിന് സർക്കാർ മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. ഇടിയഞ്ചിറ റെഗുലേറ്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് മുന്നോട്ടുപോകുകയാണ്. ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനർനിർമ്മാണം കോടതിയുടെ ഇടപെടൽ കാരണം നിലവിൽ സ്തംഭനാവസ്ഥയിലാണെങ്കിലും കോടതി വിധി അനുകൂലമായി വന്നതിന്റെ അടിസ്ഥാനത്തിൽ കേസ് അവസാനിപ്പിച്ച് അടിയന്തരമായി നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടിയെടുക്കണം എന്നുള്ളതാണ് അതുമായി ബന്ധപ്പെട്ടുകൊണ്ട് പറയാനുള്ളത്.

1957-ലെ സർക്കാരിനെ അട്ടിമറിച്ചവർ പുതിയ സഖ്യങ്ങളുണ്ടാക്കി കേരള ജനതയുടെ താൽപര്യങ്ങൾക്കനുസൃതമായി മുന്നോട്ടുപോകുന്ന ഇടതുപക്ഷ സർക്കാരിനെ അട്ടിമറിക്കാനുള്ള പരിശ്രമങ്ങൾ നടത്തികൊണ്ടിരിക്കുന്നുവെന്നത് വളരെ ഗൗരവപൂർവം കാണേണ്ട ഒന്നാണ്. ഒന്നും ഫലിക്കുന്നില്ല, ഒരു അമ്പും ഏശുന്നില്ല എന്നതുകൊണ്ട് അവസാനമിപ്പോൾ നിരാശമൂലം ആശാ വർക്കർമാരെയും അങ്കണവാടി ജീവനക്കാരെയുമാണ് സമീപിച്ചിരിക്കുന്നത്. അതിന് മുമ്പിൽനിന്നാണ് സമരത്തിലേക്ക് പോകുന്നത്. നിരാശയുടെ പടുകുഴിയിലേക്ക് പ്രതിപക്ഷം

പതിക്കും എന്നത് ഒരു തർക്കവുമില്ലാത്ത കാര്യമാണെന്ന് നാം കാണേണ്ടതുണ്ട്.

കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട് പറയുമ്പോൾ മുല്ലശ്ശേരി-പാവറട്ടി കുടിവെള്ള പദ്ധതിയുടെ നിർമ്മാണം 90 ശതമാനം പൂർത്തീകരിച്ചു. അടിയന്തരമായി പദ്ധതി കമ്മീഷൻ ചെയ്ത് വീടുകളിലേക്ക് വെള്ളമെത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്.

ഇവിടെ ശ്രീമതി സുനിത വില്യംസിന്റെ മടക്കവുമായി ബന്ധപ്പെട്ട് ഒരു പരാമർശം നടത്തുകയുണ്ടായി. ചില സാങ്കേതിക തകരാറുകൾമൂലമാണ് അവർക്ക് ബഹിരാകാശത്ത് ഇത്രയും നാൾ തങ്ങേണ്ടിവന്നത്. എന്നാൽ ശാസ്ത്രം അതിൽ കൃത്യമായി ഇടപെട്ട് പരിഹാരം കണ്ടെത്തി സുനിത വില്യംസിനെ ഭൂമിയിലേക്ക് മടക്കിക്കൊണ്ടുവന്നു എന്നത് വളരെ സന്തോഷകരമായ കാര്യമാണ്. ഇവിടെ പ്രതിപക്ഷം നടത്തുന്ന ഒരുപാട് കുതന്ത്രങ്ങളുണ്ട്. അതിന്റെ ഭാഗമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെതിരെ കള്ള പ്രചാരവേലകൾ സംഘടിപ്പിച്ച് ജനമനസ്സുകളിൽ വിഷം കുത്തിവച്ചുകൊണ്ട് സർക്കാരിനെതിരെ തിരിച്ചുവിടാനുള്ള പരിശ്രമമാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. വിഷം

കുത്തിനിറയ്ക്കുന്ന പ്രചാരണ പരിപാടികൾ ഏറ്റുപിടിക്കുന്നതിനായി ഒരുപറ്റം കുത്തക മാധ്യമങ്ങളും നമ്മുടെ സമൂഹത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ജനമനസ്സുകളിലേക്ക് സർക്കാർവിരുദ്ധ വികാരം കുത്തിനിറച്ചുകൊണ്ട് മുന്നോട്ടുപോകുന്ന പ്രതിപക്ഷത്തിന്റെ പരിശ്രമങ്ങളെ ശരിയായ രീതിയിൽതന്നെ തറപറ്റിച്ചുകൊണ്ട് മൂന്നാംവട്ടവും സുരക്ഷിതമായിതന്നെ ഈ സർക്കാർ നിലവിൽവരുമെന്ന കാര്യത്തിൽ യാതൊരു തർക്കവും വേണ്ട. ഇടതുപക്ഷജനാധിപത്യ മുന്നണി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന എല്ലാ നയനടപടികൾക്കും എല്ലാവിധ പിന്തുണയും നൽകിക്കൊണ്ട് ഈ ധനാഭ്യർഥനകളെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

(ശ്രീ. ഐ. സി. ബാലകൃഷ്ണൻ)

P-20-03-2025
VV-FM-I
1.50-2.00

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. സമൂഹത്തിൽ ഏറെ പിന്നാക്കം നിൽക്കുന്നതും കഷ്ടത അനുഭവിക്കുന്നതുമായ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഭരണഘടനയിൽ വളരെ

വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നതിനുവേണ്ടിയാണ് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് 2011-ൽ അധികാരത്തിൽ വന്നപ്പോൾ പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പുകൾക്ക് രണ്ട് മന്ത്രിമാരെ നിയമിച്ചത്. അവർ ആ വകുപ്പ് മാത്രമല്ല മറ്റ് വകുപ്പുകളും കൈകാര്യം ചെയ്തിട്ടുണ്ട്. ഇവിടെ പ്രതിപക്ഷാംഗങ്ങൾ നല്ല ഉദ്ദേശ്യത്തോടെയാണ് പറഞ്ഞതാണ്. അല്ലാതെ രാഷ്ട്രീയ ലാക്കോടെ പറഞ്ഞതല്ല. കാരണം കർണ്ണാടക സംസ്ഥാനത്ത് പ്രധാനപ്പെട്ട മൂന്ന് വകുപ്പുകൾ കൈകാര്യം ചെയ്യുന്നത് പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപ്പെട്ട എം.എൽ.എ.-മാരാണ്. ഇന്ന് പട്ടികവർഗ വിഭാഗക്കാർ നേരിടുന്ന പ്രശ്നങ്ങളിൽ ആഴത്തിൽ ഇറങ്ങിചെല്ലാൻ കഴിയണം. ഒരു രൂപ ഒരു പട്ടികവർഗ കുടുംബത്തിന് അനുവദിക്കുന്നുണ്ടെങ്കിൽ 85 പൈസയെങ്കിലും അവരുടെ കൈയിലേക്ക് എത്തണമെന്ന് മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധി പറഞ്ഞിട്ടുണ്ട്. ഇന്നവർ ചൂഷണത്തിന് ഇരയായിക്കൊണ്ടിരിക്കുകയാണ്. ഉദാഹരണമായി ഇന്നത്തെ സാഹചര്യത്തിൽ വിദ്യാർഥികളുടെ സ്കോളർഷിപ്പുതന്നെ പരിശോധിക്കാം. ഭരണഘടനാപരമായി അവർക്ക് എല്ലാ സൗകര്യങ്ങളും സമയബന്ധിതമായി ലഭിക്കണം. എന്നാൽ ഇന്ന് അതൊന്നും ലഭിക്കാതെ അവരുടെ

സ്കോളർഷിപ്പുപോലും വെട്ടിക്കുറച്ചു. അത് പുനഃസ്ഥാപിക്കണ്ടേ; ആ കുട്ടികൾക്ക് പഠിക്കണ്ടേ; അവർക്കാവശ്യമായ സംവിധാനങ്ങൾ ചെയ്യണ്ടേ? അത് പുനഃസ്ഥാപിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്. വീടുകളിൽ പഠിക്കാൻ കഴിയാത്ത തരത്തിൽ സാഹചര്യങ്ങൾ വളരെ മോശമായ, സമൂഹത്തിലെ താഴെത്തട്ടിലുള്ള, പിന്നാക്കം നിൽക്കുന്ന കുട്ടികളെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടുവരുന്നതിനാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചത്. എന്നാൽ ഇന്ന് പല എം.ആർ.എസ്.-കളും നോക്കുകുത്തികളായി നിൽക്കുകയാണ്. അവിടത്തെ അധ്യാപകർ കുട്ടികളോടൊപ്പം താമസിച്ച് പഠിപ്പിക്കുന്ന ഒരു രീതിയാണ് പദ്ധതിയിൽ വിഭാവന ചെയ്തിരുന്നതെങ്കിൽ ഇന്ന് നാല് മണി കഴിഞ്ഞാൽ എല്ലാ അധ്യാപകരും വീടുകളിലേക്ക് തിരിച്ചുപോകുകയാണ്. കുട്ടികൾ ഒറ്റയ്ക്കാണ്. അവിടത്തെ മറ്റ് സ്റ്റാഫുകളുമുണ്ടാകും. ഇതല്ലല്ലോ നാം കണ്ട കാഴ്ചപ്പാട്.

അതോടൊപ്പംതന്നെ ഭൂമിയില്ലാത്ത നിരവധി കുടുംബങ്ങളുണ്ട്. കേരളത്തിൽ ഇന്ന് 75000 കുടുംബങ്ങൾ ഭൂമിയില്ലാതെ വലയുകയാണ്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന വനാവകാശ നിയമം ഇന്നും പൂർണ്ണമായി

നടപ്പാക്കാൻ കഴിയാതെ പരാജയപ്പെട്ട ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറിയിരിക്കുകയാണ്. എവിടെയാണ് കമ്മിറ്റികൾ നടക്കുന്നത്? ആർ.ഡി.ഒ. ലെവലിലുള്ള കമ്മിറ്റികൾ, ജില്ലാ തലത്തിലുള്ള കമ്മിറ്റികൾ എന്നിവ എവിടെയെങ്കിലും നടക്കുന്നുണ്ടോ? വനാവകാശ നിയമമനുസരിച്ച് എവിടെയെങ്കിലും ഭൂമി കൊടുത്തിട്ടുണ്ടോ? ഇത് പരിശോധിക്കണം. ഇന്നും അഞ്ച് സെന്റ് ഭൂമിയിൽ നിരവധി വീടുകൾ വച്ച് താമസിക്കുന്ന, അല്ലെങ്കിൽ ഒരു വീട്ടിൽ നാലും അഞ്ചും കുടുംബങ്ങൾ താമസിക്കുന്ന സാഹചര്യത്തിലേക്ക് പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർ എത്തിയിരിക്കുകയാണ്. ലൈഫ് മിഷൻ പദ്ധതി, ഒരു പന്തിയിൽ രണ്ട് സദ്യ. എന്തിനാണ് പട്ടികവർഗ പദ്ധതികൾ? ഭരണഘടനാപരമായി ഇതൊരു സബ് പ്ലാൻ പദ്ധതിയാണ്. ഈ പദ്ധതി ലൈഫ് മിഷനിലേക്ക് കൊണ്ടുവന്നിരിക്കുകയാണ്. 'ഉന്നതി' - കളിലുള്ള കുടുംബങ്ങൾക്ക് ആറ് ലക്ഷം രൂപ, ഒറ്റയ്ക്ക് എവിടെയെങ്കിലും മാറി താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് നാല് ലക്ഷം രൂപ. ഒരു പന്തിയിൽ രണ്ട് സദ്യയായി മാറ്റിയത് ഈ ഗവൺമെന്റാണ്. അവർ ഒറ്റയ്ക്ക് താമസിച്ചാലും പട്ടികവർഗക്കാരനല്ലേ? അവരെ അവഗണിക്കുന്ന സാഹചര്യം തിരുത്തണമെന്നാവശ്യപ്പെടുകയാണ്.

ആംബുലൻസുകളുടെ പ്രവർത്തനങ്ങൾ, ഞാൻ മനസ്സിലാക്കുന്നത്

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ ITDP (Integrated Tribal Development Projects), TDO (Tribal Development Office) ഓഫീസുകൾ എല്ലാ മേഖലകളിലും ആംബുലൻസ് സംവിധാനം സജ്ജമാക്കിയിരുന്നു. ഇന്ന് പത്തും പതിനഞ്ചും വർഷം കാലപ്പഴക്കമുള്ള ആംബുലൻസുകളാണുള്ളത്. അതിന്റെ സേവനം ലഭിക്കാതെ കേരളത്തിലെ പട്ടികവർഗക്കാരായ രോഗികൾ വലയുന്ന സാഹചര്യം ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാഗ്രഹിക്കുകയാണ്.

പട്ടികവർഗ പെൺകുട്ടികളുടെ വിദ്യാഭ്യാസം, പുരോഗതി എന്നിവയ്ക്കുവേണ്ടിയാണ് പത്ത് കോടി രൂപ വാത്സല്യനിധി പദ്ധതിയിലൂടെ അനുവദിച്ചത്. എന്നാലിപ്പോൾ കേൾക്കുന്നു, ഒരു രൂപപോലും കൊടുക്കാൻ പാടില്ലെന്ന്. എന്ത് നിലപാടാണിത്? അതാണോ ഒരു ഗവൺമെന്റ് സ്വീകരിക്കേണ്ട മാർഗം? അതാണോ ഒരു ഗവൺമെന്റ് പട്ടികവർഗക്കാരോട് ചെയ്യേണ്ട നിലപാട്? പത്ത് കോടി രൂപ അനുവദിച്ച് വിദ്യാഭ്യാസം, ഉന്നമനം, പുരോഗതി എന്നിവയിലേക്ക് പാവപ്പെട്ട പട്ടികവർഗ വിഭാഗക്കാരായ പെൺകുട്ടികളെ എത്തിക്കുന്നതിനുവേണ്ടിയുള്ള സാഹചര്യമാണ് നാം കൊണ്ടുവരേണ്ടത്. അല്ലാതെ അത് കൊടുക്കരുത്

എന്നുള്ള തീരുമാനമല്ല. ഇന്ന് വിവിധ മേഖലകളിൽ തൊഴിൽ പദ്ധതികളുമായി ബന്ധപ്പെട്ട പ്രശ്നമുണ്ട്. കഴിഞ്ഞ ദിവസം പട്ടികജാതി-പട്ടികവർഗ കോർപ്പറേഷനുമായി ബന്ധപ്പെട്ട് ചർച്ചകൾ നടന്നു. അവർക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്നില്ല. ഇന്ന് ഉദ്യോഗാർഥികൾ വലയുകയാണ്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിരവധി പദ്ധതികൾ കൊണ്ടുവന്നിരുന്നു. പദ്ധതികളുടെ പേര് പറയാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷേ അതൊക്കെ അട്ടിമറിച്ച ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്.

കാർഷിക മേഖല, ഇന്ന് കേരളത്തിലെ പട്ടികവർഗ സങ്കേതങ്ങൾ/ഉന്നതികൾ എടുത്ത് പരിശോധിച്ചാൽ നിരവധി ഭൂമി തരിശായി കിടക്കുകയാണെന്ന് കാണാൻ സാധിക്കും. കൃഷി ചെയ്യാനുള്ള സംവിധാനങ്ങളൊരുക്കി അവർക്കാവശ്യമായ വിഭവങ്ങൾ ഉൽപാദിപ്പിക്കാനുള്ള സാഹചര്യമൊരുക്കണ്ടേ? ഇന്ന് പട്ടികവർഗക്കാരുടെ ഭൂമി പാട്ടത്തിനെടുത്ത് അവരെ ചൂഷണം ചെയ്യുന്ന ഒരു സാഹചര്യം കേരളത്തിൽ വർധിച്ചുവരികയാണ്. ഭരണഘടനാപരമായി അത് തടയണ്ടേ? അത് തടയാൻ കഴിയുന്നില്ല. ഇന്ന് അവരുടെ ഭൂമി അവരിൽനിന്നും നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അത് തിരിച്ചുപിടിക്കാനുള്ള സാഹചര്യമുണ്ടാകണം. അന്യാധീനപ്പെട്ട ഭൂമി

തിരിച്ചുപിടിക്കണം. അതുസംബന്ധിച്ച് സുപ്രീംകോടതി വിധിയുള്ളതാണ്. ആ വിധിപോലും അട്ടിമറിക്കപ്പെട്ട സാഹചര്യം ഇന്ന് നിലനിൽക്കുകയാണ്. അതോടൊപ്പംതന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യമാണ്. സ്കോളർഷിപ്പും ഇ-ഗ്രാന്റുമൊക്കെ സമയബന്ധിതമായി കൊടുക്കേണ്ടതുണ്ട്. പാലക്കാട് അകത്തേത്തറ എഞ്ചിനീയറിങ് കോളേജിലെ പട്ടികജാതി-പട്ടികവർഗ-പിന്നാക്ക വിഭാഗ വിദ്യാർഥികൾക്ക് അനുവദിച്ച ഇ-ഗ്രാന്റ്സ് ബന്ധുക്കളുടെ അക്കൗണ്ടുകളിലേക്ക് മാറ്റിക്കൊണ്ട് അവിടെയുള്ള ക്ലാർക്ക് തട്ടിയെടുത്തു. ആ ക്ലാർക്കിന്റെ പേര് പറയാൻ ഞാനാഗ്രഹിക്കുന്നില്ല. അവിടെ അഴിമതിയുണ്ടായിട്ടുണ്ട്. കെ.എസ്.യു., എസ്.എഫ്.ഐ. പ്രവർത്തകർ സമരത്തിലാണുള്ളത്. ആ ക്ലാർക്ക് ചെയ്തത് അഴിമതിയാണ്. പാവപ്പെട്ട കുട്ടികൾക്ക് കൊടുക്കുന്ന ഇ-ഗ്രാന്റ്സ് ബന്ധുക്കളുടെ അക്കൗണ്ടുകളിലേക്ക് മാറ്റി തുക തട്ടിയെടുക്കുന്നുവെന്ന് പറയുമ്പോൾ എത്ര നെറികെട്ട ഒരു അഴിമതിയാണത്. ഇതൊക്കെ അന്വേഷിക്കണ്ടേ? സർക്കാർ ഇതൊന്നും അന്വേഷിക്കാതെ മുന്നോട്ടുപോകുകയാണ്.

(തുടരും...)

P. 20-03-2025 RA-SG (2) 2.00-2.10 ബി.സി

(ശ്രീ. ഐ. സി. ബാലകൃഷ്ണൻ തുടർച്ച.......)

എല്ലാ ജില്ലകളിലെയും എല്ലാ നിയോജകമണ്ഡലത്തിലും എസ്.സി./എസ്.ടി. വിഭാഗങ്ങളുണ്ട്. നിരവധി ഉദ്യോഗസ്ഥരുണ്ടെങ്കിലും ജനപ്രതിനിധികൾ ശ്രമിച്ചാൽപോലും ഫോൺ മുഖേനയോ നേരിട്ടോ ബന്ധപ്പെടാൻ കഴിയാത്ത സാഹചര്യമുള്ള ഏക സംസ്ഥാനമായി കേരളം മാറുകയാണ്. ഫോൺ വിളിച്ചാൽ ഫോൺ എടുക്കുകയോ തിരിച്ചുവിളിച്ച് കാര്യങ്ങൾ അന്വേഷിക്കുകയോ ചെയ്യാത്ത നിലപാടുകളാണ് ഇവിടെ സ്വീകരിച്ചുവരുന്നത്. അതുകൊണ്ട് ഈ വകുപ്പിൽ കാതലായ മാറ്റങ്ങളുണ്ടാകേണ്ടതുണ്ട്.

ജലസേചന വകുപ്പുമായി ബന്ധപ്പെട്ട ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. എന്റെ നിയോജകമണ്ഡലം കർണ്ണാടകയുടെ അതിർത്തിയിലാണ് സ്ഥിതി ചെയ്യുന്നത്. മുള്ളൻകൊല്ലി, പുൽപ്പള്ളി ഗ്രാമപഞ്ചായത്തുകളിൽ കടുത്ത വരൾച്ച അനുഭവപ്പെട്ടു കൊണ്ടിരിക്കുകയാണെന്ന കാര്യം ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പണി പൂർത്തിയായ പല പദ്ധതികളും കമ്മീഷൻ ചെയ്യാൻ കഴിയുന്നില്ല. പല പദ്ധതികൾക്കും പണം അനുവദിച്ചുവെങ്കിലും ടെക്നിക്കൽ സാങ്ഷൻ നൽകി ടെൻഡർ നടപടികളിലേക്ക് പോകാൻ കഴിയാത്ത സാഹചര്യങ്ങൾ

നിലനിൽക്കുകയാണ്. അതുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾ ഈ ഗവൺമെന്റിനെ തള്ളിപ്പറയുന്നത്. ഇന്ന് ആശാവർക്കർമാരും അങ്കണവാടി വർക്കേഴ്സുമെല്ലാം സമരത്തിലായതോടെ ഗ്രാമം ഉറങ്ങികിടക്കുകയാണ്.

ചെയർപേഴ്സൺ: പ്ലീസ്............കൺക്ലൂഡ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഇരുപതിന കർമ്മ പരിപാടിയിൽ കൊണ്ടുവന്ന അങ്കണവാടി പദ്ധതി ഇന്ദിരാ പ്രിയദർശിനി കണ്ട സ്വപ്നമാണ്. അവിടത്തെ ഗർഭിണികളായ സഹോദരിമാർക്കും വൃദ്ധരായ മാതാപിതാക്കൾക്കും ജനിച്ചുവീഴുന്ന കുട്ടികൾക്കും പോഷകാഹാരം നൽകേണ്ട സ്ഥാപനംപോലും അടച്ചിടേണ്ട ഗതികേടിലേക്ക് ഈ ഗവൺമെന്റ് എത്തിച്ചിരിക്കുകയാണ്. അതിനാൽ ഈ ധനാഭ്യർത്ഥനകളെ എതിർത്തുക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(ശ്രീ. പി. പി. സുമോദ്)

P. 20-03-2025 RA-SG (2) 2.00-2.10 ബി.സി.

ശ്രീ. പി. പി. സുമോദ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗമായ ഐ. സി. ബാലകൃഷ്ണൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയൊന്നും ഈ സർക്കാർ അനുവദിച്ചിട്ടില്ലെന്നാണ് പറഞ്ഞത്. കഴിഞ്ഞ

മൂന്ന് വർഷത്തിനിടയിൽ 11358 പട്ടികജാതിക്കാർക്ക് 607 ഏക്കർ ഭൂമിയാണ് ഈ സർക്കാർ വിതരണം ചെയ്തത്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കണക്കെടുത്താൽ, കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 3848 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 4261 ഏക്കർ ഭൂമി വിതരണം ചെയ്തു. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയുള്ള ഇന്ത്യയിലെ ആദ്യ ജില്ലയായി തിരുവനന്തപുരം തലസ്ഥാനനഗരം മാറി. ഈ വസ്തുതകൾ കാണാതെ വകുപ്പിനെ അധിക്ഷേപിക്കുന്ന വിധത്തിൽ കാര്യങ്ങൾ പറയരുത്.

വീടുകളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ പട്ടികജാതി കുടുംബങ്ങൾക്ക് 30117 വീടുകളും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 4811 വീടുകളും അനുവദിക്കുന്ന സാഹചര്യമുണ്ടായി. ഇത്തരത്തിൽ ആ വിഭാഗങ്ങളെ ചേർത്ത് പിടിക്കുന്ന സമീപനവുമായാണ് ഈ വകുപ്പ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയായ പ്രിയപ്പെട്ട ശ്രീ. ഒ. ആർ. കേളു ഓരോ ജില്ലയിലെയും എം.എൽ.എ.-മാരെ വിളിച്ച് യോഗം ചേർന്നുകൊണ്ട് ക്രിയാത്മകമായി ഈ കാര്യങ്ങളെല്ലാം നടത്തുന്നുവെന്ന് നിസംശയം പറയാൻ സാധിക്കും. ഇത്തരമൊരു വേളയിൽ, എന്റെ നിയോജകമണ്ഡലത്തിലെ നാല് പ്രധാനപ്പെട്ട പദ്ധതികൾ

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെയും വകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. കെൽപാം മില്ലിന്റെ ഡ്രൈ റൺ കഴിഞ്ഞു; ട്രയൽ റണ്ണാണ് ഇനി നടത്താനുള്ളത്. പട്ടികജാതി വകുപ്പിന്റെ ധനസഹായം ഉപയോഗിച്ചുകൊണ്ട് 9,25,00,000 രൂപയ്ക്കാണ് ഈ പദ്ധതി ആരംഭിച്ചത്. 59 പേർക്ക് ജോലി ലഭിക്കുന്ന ടി പദ്ധതി ഈ വർഷംതന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടാകണം.

അതോടൊപ്പം കമ്മ്യൂണിറ്റി കോളേജിന്റെ കാര്യവും സൂചിപ്പിക്കാനുണ്ട്. മെഡിക്കൽ കോളേജ് എന്നുപറയുന്നതുപോലെ, ഈ വിഭാഗത്തിനുവേണ്ടിയുള്ള ഏകകമ്മ്യൂണിറ്റി കോളേജ് നിർമ്മിക്കുന്നതിനുവേണ്ടി 7,74,00,000 രൂപ ചെലവുവരുന്ന വിധത്തിൽ കെട്ടിട നിർമ്മാണം ആരംഭിച്ചു. ഈവർഷംതന്നെ അതിന്റെ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഒരു ബാച്ച് രണ്ടുവർഷം 40 സീറ്റ് എന്ന തരത്തിൽ നിരവധി പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് Certificate Programme in Precision Machinist (CPPM) എന്ന സർട്ടിഫിക്കറ്റും ഏറ്റവും മികച്ച വിദ്യാഭ്യാസവും തുടർന്ന് ജോലിയുമെല്ലാം ലഭിക്കുന്ന വിധത്തിലുള്ള ഏറ്റവും

പ്രധാനപ്പെട്ട കോഴ്സാണിത്. കെട്ടിടത്തിന്റെ നിർമ്മാണം ഈ വർഷംതന്നെ പൂർത്തീകരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

മറ്റൊന്ന്, നിയോജകമണ്ഡലത്തിലെ മറ്റൊരു പ്രധാനപ്പെട്ട സ്ഥാപനമായ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് 2019-ലാണ് ആരംഭിച്ചത്. ഇപ്പോൾ വാടക കെട്ടിടത്തിലാണത് പ്രവർത്തിക്കുന്നത്. ഒരുവർഷത്തെ കോഴ്സാണ് അവിടെ പഠിപ്പിക്കുന്നത്. ടി കോഴ്സ് പഠിച്ച് ഇറങ്ങുമ്പോൾത്തന്നെ കേരളത്തിലെ കെ.ടി.ഡി.സി. പോലെയുള്ള പ്രധാനപ്പെട്ട ഹോട്ടലുകളിൽ ഫുഡ് പ്രോസസ്സിംഗ്, ഫുഡ് ആൻഡ് ബിവറേജ് സർവീസായുമൊക്കെ ജോലി ലഭിക്കുന്ന പ്രധാനപ്പെട്ട കോഴ്സാണ്. അവിടെ 75 ശതമാനം സീറ്റ് പട്ടികജാതി വിഭാഗങ്ങൾക്കാണ് നീക്കിവച്ചിട്ടുള്ളത്. നേരത്തെ പറഞ്ഞ കമ്മ്യൂണിറ്റി കോളേജിന്റെ നിർമ്മാണം പൂർത്തീകരിച്ചാൽ ആ കെട്ടിടത്തിലേക്ക് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനത്തെ മാറ്റാൻ സാധിക്കും.

പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സുകളുൾപ്പെടെയുള്ള രണ്ട് വർഷത്തെ കോഴ്സുകൾ നടത്തുന്നുണ്ട്. 60 ശതമാനം പട്ടികജാതി വിദ്യാർഥികൾ പഠിക്കുന്ന കോഴ്സാണത്. ആ

കോളേജിന് സ്വന്തമായി കെട്ടിടം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ചു. എന്നാൽ താല്ക്കാലികമായിട്ടെങ്കിലും വാർഡൻ, സെക്യൂരിറ്റിയുൾപ്പെടെയുള്ള ജീവനക്കാരെ നിയമിച്ച് കുട്ടികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കാനാവശ്യമായ ഇടപെടലുകൾ നടത്തണം. ഇത്തരം സ്ഥാപനങ്ങൾ മന്ത്രി നേരിട്ട് സന്ദർശിക്കുകയും ആദ്യഘട്ടത്തിൽ അതിന്റെ അവലോകന യോഗമുൾപ്പെടെ നടത്തുകയും ചെയ്തു. ഈ കാര്യങ്ങളെല്ലാം ത്വരിതഗതിയിൽ പുരോഗമിക്കുന്നതിനും ഈ വർഷംതന്നെ ടി പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ ശ്രദ്ധ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണം.

കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ ഈ വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് പഠനമുറികൾ ഏറ്റവും നല്ലനിലയിൽ കേരളത്തിൽ ഉയർന്നുവന്ന കാഴ്ച നമുക്ക് കാണാൻ സാധിക്കും. കേരളത്തിലാകെ 15000 പഠനമുറികളാണ് കേരളത്തിലാകെ പൂർത്തീകരിച്ചത്. നേരത്തെ എട്ട് മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുണ്ടായിരുന്ന പഠനമുറികൾ നിലവിൽ അഞ്ച് മുതൽ ഏഴാം ക്ലാസ്സുവരെയുള്ള വിദ്യാർഥികൾക്കുകൂടി ഉപയോഗിക്കാവുന്ന വിധത്തിൽ വ്യാപിപ്പിക്കുന്നതിന് ഈ പദ്ധതി സഹായിച്ചു. ഇത്തരം പദ്ധതികളിലൂടെ ഈ വകുപ്പ് മുന്നോട്ടുപോകുന്ന കാഴ്ച നമുക്ക് കാണാൻ സാധിക്കും.

എ.ബി.സി.ഡി. പദ്ധതി, ഇംഗ്ലീഷ് അക്ഷരമാലയിലെ ആദ്യത്തെ ഏറ്റവും പ്രധാനപ്പെട്ട നാല് അക്ഷരങ്ങൾ എന്ന നിലയിൽ അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ എന്ന രൂപത്തിൽ കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജനനസർട്ടിഫിക്കറ്റ്, ആധാർ കാർഡ്, റേഷൻ കാർഡ്, ഇലക്ഷൻ ഐ.ഡി. പ്രൂഫ്, ബാങ്ക് പാസ്ബുക്ക് ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട രേഖകൾ എക്കാലത്തും ഡിജിറ്റലൈസ് ചെയ്യാൻ സാധിക്കുന്ന രൂപത്തിലേക്കുള്ള പദ്ധതി കേരളത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഫലപ്രദമായി നടപ്പിലാക്കി. ഇവരുടെ ആധികാരികമായ രേഖകൾ നഷ്ടപ്പെട്ടാൽ, അത് ഇല്ലാത്തവർക്ക് സർക്കാർ ആനുകൂല്യം ലഭിക്കാതെ പോകുന്ന സാഹചര്യം മറികടക്കാൻവേണ്ടിയുള്ള ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയായി വയനാട്, പാലക്കാട്, പത്തനംതിട്ട ഉൾപ്പെടെയുള്ള ജില്ലകളിൽ എ.ബി.സി.ഡി. പദ്ധതി ഫലപ്രദമായി നടപ്പിലാക്കി. വകുപ്പുമായി ബന്ധപ്പെട്ടുകൊണ്ട് ഗദ്ദിക പ്രോഗ്രാം പുനരാരംഭിക്കും. കഴിഞ്ഞ രണ്ടുമൂന്ന് വർഷമായി ആ പ്രോഗ്രാമില്ല. പട്ടികവർഗ്ഗ പട്ടികജാതി വിഭാഗത്തിലെ കലാകാരന്മാർക്ക് അവരുടെ കരകൗശല ഉത്പന്നങ്ങൾ പ്രദർശിപ്പിക്കാനും ജനങ്ങൾക്ക് അത് വാങ്ങാനും കഴിയുന്ന നിലയിൽ ഉപജീവന മാർഗ്ഗത്തിനുൾപ്പെടെ സഹായകരമാകുന്ന

രൂപത്തിലേക്കുള്ള ഗദ്ദിക പദ്ധതി കേരളത്തിൽ പുനാരംഭിക്കണം. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുൾപ്പെടെ സ്വപ്നതുല്യമാർന്ന നേട്ടങ്ങളിലേക്ക് ഉയർന്നുപൊങ്ങുന്ന കാഴ്ചയാണ് വിങ്സ് പദ്ധതിയുടെ ഭാഗമായി നമുക്ക് കാണാൻ കഴിയുന്നത്. കണ്ണൂർ ജില്ലയിലെ ആലക്കോട് സ്വദേശി ഗോപിക ഗോവിന്ദ് എയർഹോസ്റ്റസായി മാറിയതും സങ്കീർത്തന എന്ന പെൺകുട്ടി പൈലറ്റായതും ഈ വകുപ്പിന്റെ ധനസഹായത്തോടെയാണ്. ഇത്തരത്തിൽ ജീവിതത്തിൽ വിജയം കണ്ട നിരവധി പേർക്ക് മാതൃകയാകുന്ന രൂപത്തിലേക്ക് ഈ പദ്ധതി മാറുന്ന സാഹചര്യം നിലവിൽ കാണാൻ സാധിക്കും. ഇതിനോടൊപ്പംതന്നെ വിദേശസർവകലാശാലകളിൽ 820 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികളാണ് കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ ഇന്ത്യക്കുപുറത്ത് വിദേശ സർവകലാശാലകളിൽ പോയി പഠിക്കുന്നത്. ഇരുപത് വർഷം മുമ്പ് കേരളത്തിലെ സാധാരണ പട്ടികജാതി കുടുംബത്തിൽപ്പെട്ട ഒരു വിദ്യാർഥിക്ക് ഇത് സ്വപ്നം കാണാൻ സാധിക്കുമായിരുന്നോ? കേരളത്തിലെ പട്ടികജാതി ജനവിഭാഗങ്ങൾ വിദ്യാഭ്യാസ മേഖലയിലൂൾപ്പെടെ ഉയർന്നുവന്നാൽ അവർക്ക് അവരുടേതായ ജീവിത വിജയമുണ്ടാകും. ആ

വിജയം നേടാൻ സാധിക്കുന്ന രൂപത്തിൽ കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ കേരളത്തിലെ വിവിധ ജില്ലകളിൽനിന്ന് 820 പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളാണ് രാജ്യത്തിനുപുറത്ത് വിവിധ സർവകലാശാലകളിൽ പഠനം നടത്തുന്നത് എന്നതിനെ നിസാരമായി കാണരുത്. ഇപ്പോൾ യു.ഡി.എഫ്. കനുഗോലു ക്യാപ്സ്യൂളായാണ് സഭയിലേക്ക് വരുന്നത്. യു.ഡി.എഫ്.-ന്റെ ഡാൻസ് ടീച്ചർ ശ്രീ. സുനിൽ കനുഗോലു ആണെന്ന് നിസംശയം പറയാൻ സാധിക്കും. അതിനൊപ്പം ഡാൻസ് കളിക്കുകയും ആർത്ത് വിളിക്കുകയുമാണ് കേരളത്തിലെ മാധ്യമങ്ങളെയുൾപ്പെടെ ഉപയോഗപ്പെടുത്തികൊണ്ട് യു.ഡി.എഫ്. ചെയ്യുന്നത്. നേരത്തെ ആശാവർക്കർമാരുടെ സമരം ഇന്ന് അങ്കണവാടി വർക്കേഴ്സുമായി ബന്ധപ്പെട്ട നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപമുൾപ്പെടെ യഥാർഥത്തിൽ ഇവർ വോളന്റീയർമാരാണ്. ഇവരെ ജീവനക്കാരായി പ്രഖ്യാപിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റിനെതിരെ അതിശക്തമായ സമരമാണ് കേരളത്തിൽ യു.ഡി.എഫ്. നടത്തേണ്ടത്. എന്നാൽ ഒരു വർഷത്തിനുള്ളിൽ കേരളത്തിൽ വരാൻ പോകുന്ന നിയമസഭാ തിരഞ്ഞെടുപ്പും പഞ്ചായത്ത് തിരഞ്ഞെടുപ്പുമെല്ലാം ലക്ഷ്യമിട്ടുകൊണ്ട് കേരളത്തിലെ ഗവൺമെന്റിനെ

തകർക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് മാധ്യമങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് യു.ഡി.എഫ്. നടത്തുന്നത്. അതിനെയെല്ലാം മറികടന്നുകൊണ്ട് കേരളത്തിലെ സാധാരണ ജനങ്ങളെയും മറ്റുജനവിഭാഗങ്ങളെയും ചേർത്തുപിടിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുമെന്ന് പറഞ്ഞുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

(ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ)

P-20-03-2025 RL-SG-2 2.10-2.20 ബി.സി

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ധനാഭ്യർഥനകളെ മുഴുവനും പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. അങ്കമാലി അംഗം ഫാസിസത്തെ സംബന്ധിച്ച് സംസാരിക്കുന്നത് കേട്ടു. ഫാസിസത്തെ സംബന്ധിച്ച് ഒരു ചുക്കും ചുണ്ണാമ്പുമറിയില്ല എന്നതാണ് വസ്തുത. ഒരു ജനതയെ അന്ധനും ബധിരനും മൂകനുമായി നിർത്തുന്നതാണ് ഫാസിസമെന്ന് ഒറ്റവാക്ക്യത്തിൽ സൂചിപ്പിക്കാം. അത്തരമൊരവസ്ഥ രാജ്യത്ത് വന്നിട്ടില്ലെന്ന് എല്ലാപേർക്കും അറിയാവുന്നതാണ്. എന്നാൽ പുതിയകാലത്ത് പുതിയ രൂപത്തിലും ഭാവത്തിലും കടന്നുവരുന്ന ഫാസിസ്റ്റ് രൂപത്തെയാണ് നവ ഫാസിസം എന്ന പേരിലൂടെ സി.പി.ഐ.(എം) അഭിസംബോധന ചെയ്യുന്നത്. ഇതൊന്നും അടിയന്തരാവസ്ഥയുടെ ഉപജ്ഞാതാക്കൾക്ക് മനസ്സിലാകില്ല. ന്യൂസീലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ

ലക്സൺ കുറെ ദിവസങ്ങളായി രാജ്യത്ത് സന്ദർശനം നടത്തുകയാണ്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി നരേന്ദ്ര മോദിയും ന്യൂസീലൻഡ് പ്രധാനമന്ത്രിയും സ്വതന്ത്ര വ്യാപാര കരാർ സംബന്ധിച്ച് ചർച്ച നടത്തുകയാണ്. വ്യാപാരക്കരാർ 60 ദിവസത്തിനകം തീരുമാനമാകുമെന്ന് കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രി ശ്രീ. പിയൂഷ് ഗോയലിന്റെയും പ്രസ്താവന നാം കാണുകയുണ്ടായി. ലോകത്ത് ക്ഷീരോൽപന്നങ്ങൾ ഏറ്റവും കുറഞ്ഞ ചെലവിൽ വൻതോതിൽ ഉൽപാദിപ്പിക്കുന്ന രാജ്യമാണ് ന്യൂസീലൻഡ്. ലോകത്തിലെ ഒട്ടുമിക്ക രാജ്യങ്ങളിലും അവരുടെ ഉത്പന്നങ്ങൾ വ്യാപിക്കുന്നുണ്ട്. ഇന്ത്യൻ വിപണികൂടി അവർക്ക് തുറന്നുകൊടുത്താൽ ഉണ്ടാകുന്ന ഭവിഷ്യത്തിനെ സംബന്ധിച്ച് നാം ഗൗരവമായി കാണേണ്ടതാണ്. അമൂൽ, മിൽമ, തമിഴ്നാട്ടിലെ ആവിൻ, കർണ്ണാടകയിലെ നന്ദിനി എന്നീ പാലുൽപന്നങ്ങൾ നമുക്ക് പ്രിയപ്പെട്ടതാണ്. കേരളത്തിലുൾപ്പെടെയുള്ള ഇന്ത്യാരാജ്യത്തെ കോടിക്കണക്കിനുവരുന്ന ചെറുകിട ഇടത്തരം ക്ഷീരകർഷകർ മുഴുവൻ പെരുവഴിയിലാകുന്ന നിലപാടാണ് വരാൻപോകുന്നത്. അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപും ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായും തമ്മിലുള്ള സ്വതന്ത്ര വ്യാപാര ചർച്ചകൾ നടന്നു. അമേരിക്കയുടെ ഉത്പന്നങ്ങളും ഇന്ത്യൻ വിപണി കൈയടക്കാൻപോകുന്നു. Regional Comprehensive Economic Partnership (RCEP) കരാർ കുറെ നാളുകളായി തുടരുകയാണ്. അതും പ്രായോഗികമായി

വരികയാണ്. തെക്ക് കിഴക്കനേഷ്യൻ രാജ്യങ്ങളുമായും ലോകത്തിലെ വിവിധ രാജ്യങ്ങളുമായും സ്വതന്ത്ര വ്യാപാര കരാർ ഒപ്പിടുകയും അതിന്റെ ഫലമായി ആ ഉത്പന്നങ്ങൾ മുഴുവനും ഇന്ത്യൻ വിപണി കൈയടക്കിക്കഴിഞ്ഞാൽ ഇന്ത്യാരാജ്യത്തെ കർഷകരുടെയും ജനതയുടെയും അവസ്ഥ എന്തായിരിക്കുമെന്ന് ആലോചിക്കേണ്ടതാണ്. 1991-ൽ നരസിംഹ റാവു സർക്കാരും ഡോ. മൻമോഹൻസിങ്ങുംചേർന്ന് നടപ്പിലാക്കിയ പുത്തൻ സാമ്പത്തിക പരിഷ്കരണത്തിന്റെ ദുരന്തമാണ് ഇന്ത്യാ രാജ്യത്തെ ജനങ്ങളിപ്പോൾ അനുഭവിക്കുന്നത്. വലിയ രൂപത്തിലുള്ള പ്രയാസങ്ങളാണ് വരാൻപോകുന്നത്. കഴിഞ്ഞ കാൽനൂറ്റാണ്ടുകാലമായി രാജ്യത്തിന്റെ അനുഭവങ്ങൾവച്ചുകൊണ്ട് കോൺഗ്രസ് എന്ന പാർട്ടി, ഞങ്ങൾ എടുത്ത നയം തെറ്റായിപ്പോയി എന്നുപറയാൻ അവർ തയ്യാറായോ? ബി.ജെ.പി.-യുടെ സാമ്പത്തിക നയത്തെ അവർക്ക് എതിർക്കാൻ കഴിയുന്നില്ല. കാരണം അവരാണ് അതിന്റെ ഉപജ്ഞാതാക്കൾ. ഒരേ നാണയത്തിന്റെ രണ്ടുവശങ്ങളായി രാജ്യത്ത് നടപ്പിലാക്കുന്ന സാമ്പത്തിക നയത്തെ ബി.ജെ.പി.-യും കോൺഗ്രസും പിന്തുണയ്ക്കുന്ന കാഴ്ച നമ്മൾ കാണുകയാണ്. ഈ ദുരവസ്ഥയ്ക്ക് കാരണം കോൺഗ്രസാണെന്നുള്ള കാര്യം ഒരുകാലത്തും ഇന്ത്യൻ ജനത വിസ്മരിക്കില്ല എന്ന് നാം മനസ്സിലാക്കേണ്ടതാണ്. പുത്തൻ സാമ്പത്തിക പരിഷ്കരണത്തിന് ബദൽ എന്ത് ചോദ്യം ലോകത്തും സംസ്ഥാനത്തും രാജ്യത്തുമുയർന്നുവരുമ്പോൾ,

സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള കേരള സർക്കാർ എന്ന് അഭിമാനപൂർവം നമുക്ക് പറയാൻ സാധിക്കും. പുതിയ നയത്തിനെതിരായുള്ള സമരങ്ങളും പ്രക്ഷോഭങ്ങളും ശക്തമായി തുടരുന്നതോടൊപ്പംതന്നെ ഈ അവസ്ഥയെ അതിജീവിക്കാൻവേണ്ടിയുള്ള പുതിയ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്; ക്ഷീരോൽപാദനമേഖലയിൽ യുവസംരംഭകരെ ആകർഷിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. അതിനനുയോജ്യമായ രൂപത്തിലുള്ള സ്റ്റാർട്ടപ്പുകൾ ആരംഭിക്കണം. വ്യാവസായിക രംഗത്ത് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുമ്പോൾ നൽകുന്ന ആനുകൂല്യങ്ങൾ മുഴുവനും ക്ഷീര മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുകൂടി നൽകി വലിയരൂപത്തിലുള്ള മുന്നേറ്റം സംഘടിപ്പിക്കാൻ കഴിയണം. പാലുൽപാദന രംഗത്ത് അഭിമാനകരമായ സ്ഥാപനമാണ് മിൽമ. ആ മിൽമയെ ആധുനികവൽക്കരിച്ചുകൊണ്ടും പുതിയ കാലഘട്ടത്തിനനുയോജ്യമായ രൂപത്തിൽ സ്കാൻഡിനേവിയൻ രാജ്യങ്ങളിലെങ്ങനെയാണോ പാലുൽപാദന രംഗത്ത് വലിയരൂപത്തിൽ മുന്നേറ്റം സംഘടിപ്പിച്ചത്, ആ മാതൃകയിൽ മിൽമയെ കൂടുതൽ ശക്തിപ്പെടുത്തി ലോകത്തെമ്പാടുമുള്ള രാജ്യങ്ങളിലേയ്ക്ക് സംസ്ഥാനത്തെ പാലുൽപന്നങ്ങൾ കയറ്റി അയയ്ക്കാൻ സാധിക്കുന്ന രൂപത്തിൽ മുന്നോട്ടുപോകാൻ സാധിക്കണം. ആഭ്യന്തര ഉത്പാദനത്തിന്റെ 80 ശതമാനവും സംസ്ഥാനത്തുതന്നെ ഉൽപാദിപ്പിക്കുന്നുവെന്നത് മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്.

സമയബന്ധിതമായി ഇക്കാര്യത്തിൽ പൂർണ്ണ സ്വയംപര്യാപ്തത നേടാൻ സാധിക്കുന്ന രൂപത്തിൽ മുന്നോട്ടുപോകണമെന്നാണ് അഭ്യർഥിക്കാനുള്ളത്. കോവിഡ് കാലത്ത് പാലെടുക്കാൻ മിൽമ തയ്യാറാകാതിരുന്നപ്പോൾ കടകമ്പോളങ്ങൾ മുഴുവൻ അടഞ്ഞുകിടന്നപ്പോൾ ക്ഷീരകർഷകർ അവരുടെ പാലുകൾ മുഴുവനും ഒഴുക്കേണ്ടിവന്നു. അന്നത്തെ സംസ്ഥാന സർക്കാർ ഇടപെട്ടുകൊണ്ട് മുഴുവൻ ശേഖരിച്ച് അനാഥാലയങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും വിതരണം നടത്തി. ഇതിനൊരു പരിഹാരമായി അന്ന് ഉയർന്നുവന്ന നിർദേശം, ഒരു പാൽപ്പൊടി നിർമ്മാണ ഫാക്ടറി കേരളത്തിൽ വേണമെന്നായിരുന്നു. ഒരുവരുമാനവുമില്ലാതിരുന്ന ആ ഘട്ടത്തിൽ എൽ.ഡി.എഫ്. സർക്കാർ പത്തുകോടി രൂപ പ്രഖ്യാപിക്കുകയും, 131.3 കോടി രൂപ ചെലവഴിച്ചുകൊണ്ട് മലപ്പുറം ജില്ലയിലെ മൂർക്കനാടിൽ അത് യാഥാർഥ്യമാക്കുകയും ചെയ്തുവെന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ ഈ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട നേട്ടങ്ങളിൽ ഒന്നാണ്. പ്രതിദിനം ഒരു ലക്ഷം ലിറ്റർ പാൽ പൊടിയാക്കി മാറ്റാനുള്ള സംവിധാനമാണ് അവിടെയുള്ളത്. സങ്കരയിനം പശുക്കളുടെ ഉൽപാദനശേഷി 10.77 ലിറ്റർ വർധിപ്പിച്ചുകൊണ്ട് തെക്കെ ഇന്ത്യയിൽ രണ്ടാം സ്ഥാനം നേടാൻ സാധിച്ചു. ന്യൂനപക്ഷ വകുപ്പ് ഏറ്റവും ശ്രദ്ധേയമായരൂപത്തിലാണ് പ്രവർത്തിച്ചുപോകുന്നത്. ഇന്ത്യാ രാജ്യത്തെ പട്ടികജാതി ന്യൂനപക്ഷ വിഭാഗങ്ങൾ മുഴുവനും ഭയവിഹ്വലരായി കഴിയുകയാണ്.

യു.പി.-യിലെ സംഭൽ, രാജസ്ഥാനിലെ അജ്മീർ എന്നിവിടങ്ങളിൽ കുഴിച്ചുപരിശോധന ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. ഉത്തർപ്രദേശിൽ ആരംഭിച്ച ബുൾഡോസർ രാജ് ഡൽഹിയിലൂടെകടന്ന് ഇപ്പോൾ ഗുജറാത്തിലെത്തിയിരിക്കുകയാണ്. ഡൽഹിയിൽ അതിനെ തടയാൻ സി.പി.ഐ.(എം) പി. ബി. അംഗം ബൃന്ദാ കാരാട്ട് മുന്നിലുണ്ടായിരുന്നു എന്ന കാര്യം പ്രത്യേകം നാം ഓർമ്മിക്കേണ്ടതാണ്. വർഗ്ഗീയ ജാതീയ സംഘർഷങ്ങളില്ലാത്ത ഒരുദിവസംപോലും ഇവിടെ ഇല്ലായെന്ന് കാണാം. ഇന്ത്യാ രാജ്യത്തെ ഏറ്റവും വലിയ ജനാധിപത്യ പാർട്ടിയെന്നും ഏറ്റവും വലിയ പ്രതിപക്ഷമെന്നും പറയുന്ന കോൺഗ്രസ് ഈ അതിക്രമങ്ങളെ നേരിടുന്ന കാര്യത്തിൽ എവിടെയെങ്കിലും മുൻപന്തിയിൽ നിന്നതായി നിങ്ങൾക്ക് കാണാൻ സാധിച്ചിട്ടുണ്ടോ? അവർ മൗനം പാലിക്കുകയാണ്; മൗനം പാലിച്ചുകൊണ്ട് അക്രമത്തിന് കൂട്ടുനിൽക്കുന്ന നിലപാടാണ് അവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള അഖിലേന്ത്യാ അന്തരീക്ഷത്തിൽ കഴിഞ്ഞ ഒമ്പതുവർഷക്കാലത്തിനിടയിൽ വർഗ്ഗീയ സംഘർഷങ്ങളോ ജാതീയ സംഘടനങ്ങളോ ഇല്ലാത്ത സംസ്ഥാനമായി ഈ കൊച്ചുകേരളം തലയുയർത്തി നിൽക്കുന്നു. സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന ഈ മന്ത്രിസഭയുടെ കാലഘട്ടത്തിൽ ലഭിച്ച അഭിമാനകരമായ നേട്ടമാണ് ഈ കേരളത്തിലെന്ന് കാണാൻ സാധിക്കും. ഇതുപോലെ മതന്യൂനപക്ഷങ്ങൾക്കും

പട്ടികജാതിക്കാർക്കും സംരക്ഷണം നൽകുന്ന ഏതെങ്കിലുമൊരു സംസ്ഥാനം ഇന്ത്യാരാജ്യത്തുണ്ടെന്ന് പറയാൻ സാധിക്കുമോ? ഈ സമാധാനാന്തരീക്ഷത്തെ തകർക്കാനും കലുഷിതമാക്കാനുംവേണ്ടിയുള്ള ശ്രമമാണ് ഇവിടെയും ഇപ്പോൾ നടന്നുവരുന്നത്. കേന്ദ്രം കൊണ്ടുവന്ന വഖഫ് ഭേദഗതി ബിൽ, വഖഫ് സ്വത്തുക്കൾ മുഴുവനും അന്യാധീനപ്പെടാനും ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ മുഴുവനും കവർന്നെടുക്കാനും മാത്രമേ കഴിയൂ. കേരള ന്യൂനപക്ഷ വകുപ്പ് വളരെ മാതൃകാപരമായ രൂപത്തിൽ പ്രവർത്തിച്ച് മുന്നോട്ടുപോകുന്നു. മാതൃകാപരമായ രൂപത്തിലാണ് കഴിഞ്ഞവർഷങ്ങളിൽ മുഴുവനും ഹജ്ജ് കമ്മിറ്റി പ്രവർത്തിച്ചിട്ടുള്ളത്. കോഴിക്കോട്, കൊച്ചി, കണ്ണൂർ എന്നീ അന്താരാഷ്ട്ര വിമാനത്താവളങ്ങളാണ് മൂന്ന് എംബാർക്കേഷൻ പോയിന്റുകൾ. അവിടെനിന്നും 18200 ഹാജിമാരെ ഏതൊരു പരാതികളുമില്ലാതെ യാത്രയയച്ച സ്ഥിതിവിശേഷവും ഉണ്ടായിട്ടുണ്ട്.

(തുടരും....)

പി. 20.03.2025 പി.എസ്./എസ്.ജി (2) 02:20 - 02:30

(ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ) തുടർച്ച...

ശ്രീ. വി.എസ്.അച്യുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന ഘട്ടത്തിൽ ശ്രീ. പാലൊളി മുഹമ്മദ് കുട്ടിയുടെ നേതൃത്വത്തിലാണ് കോഴിക്കോട് കരിപ്പൂരിൽ ഹജ്ജ് ഹൗസ് നിർമ്മിച്ചത്. അന്ന് മുസ്ലീംലീഗ് എന്ത് നിലപാടാണ്

സ്വീകരിച്ചതെന്ന് ഇപ്പോഴെങ്കിലുമൊന്ന് ആലോചിക്കുന്നത് നല്ലതാണ്. നിസ്സഹരണ രൂപത്തിലുള്ള നിലപാടായിരുന്നു അന്നവർ സ്വീകരിച്ചിരുന്നതെന്ന് നമുക്ക് കാണാം. കണ്ണൂരിൽ പുതിയ ഹജ്ജ് ഹൗസ് നിർമ്മിക്കുന്നതിനുവേണ്ടി 5 കോടി രൂപയാണ് ഇപ്പോൾ സംസ്ഥാന ബജറ്റിൽ നീക്കി വച്ചിട്ടുള്ളത്. ഇതോടൊപ്പം തന്നെ നല്ലനിലയിൽ നടന്ന് പോകുന്ന ഹജ്ജ് നടപടികളിൽ ഹാജുമാരിൽ മുഴുവനും ആശയക്കുഴപ്പമുണ്ടാക്കാൻ വേണ്ടി സമാന്തര രൂപത്തിലുള്ള ഹജ്ജ് കമ്മിറ്റികളും പരിപാടികളും സംഘടിപ്പിച്ച് മുന്നോട്ട് പോകുന്നൊരു പ്രവണത ഖേദകരവും ദൗർഭാഗ്യകരമാണ്; ഹജ്ജ് നല്ല നിലയിൽ നടന്നുകൊണ്ട് പോകണമെന്ന് ആഗ്രഹിക്കുന്നവരുടെ ഭാഗത്തുനിന്ന് ഉണ്ടാകാൻ പാടില്ലാത്തതാണ്. ഇക്കാര്യം കൂടി വിശ്വാസികൾ പ്രത്യേകം കാണുന്നുണ്ടെന്ന് അപ്പുറത്തുള്ളവർ മനസ്സിലാക്കുന്നത് നല്ലതാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

(ശ്രീമതി ഒ. എസ്. അംബിക)

പി. 20.03.2025 പി.എസ്./എസ്.ജി (2) 02:20 - 02:30 ബി.സി

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. പാതയോരങ്ങളിൽ തോട്ട പുറംപോക്കിൽ കനാൽ

ബണ്ടുകളിലാക്കെ കുടിൽ കെട്ടി ജീവിക്കേണ്ടി വന്ന സമൂഹമുണ്ടായിരുന്നു ഒരു കാലഘട്ടത്തിൽ. സമൂഹത്തിന്റെ ദൈന്യതയും ബുദ്ധിമുട്ടുകളും തിരിച്ചറിഞ്ഞ് എല്ലാവർക്കും സ്വന്തമായി ഭൂമിയെന്ന നയം നടപ്പിലാക്കിയത് സംസ്ഥാന സർക്കാരാണ്. ഇതിന്റെ ഭാഗമായി ഭൂരഹിത പുനരധിവാസ പദ്ധതിക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി 55-ൽ നിന്നും 75 ആക്കി ഉയർത്തുകയും വരുമാനപരിധി അൻപതിനായിരത്തിൽ നിന്ന് ഒരു ലക്ഷം രൂപയാക്കി ഉയർത്തുകയും ചെയ്തത് നമ്മുടെ സർക്കാരാണ്. ദുർബല വിഭാഗങ്ങൾക്ക് ഭൂമിയും പാർപ്പിടവും ഒരുക്കുന്നതിനുവേണ്ടി 7.5 ലക്ഷം രൂപ വരെ നൽകുന്നു. എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് മാത്രം നൽകിവന്നിരുന്ന 'പഠനമുറി' പദ്ധതിയിൽ അഞ്ചാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള വിദ്യാർഥികളെയും ഉൾപ്പെടുത്തിയെന്ന് മാത്രമല്ല കേന്ദ്രീയ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും ഈ ആനുകൂല്യം നൽകി. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളിൽ 15000 പഠനമുറികളും പട്ടികവർഗ്ഗക്കാർക്കായി 364 സാമൂഹിക പഠനമുറികളും സർക്കാർ പൂർത്തീകരിച്ചിട്ടുണ്ട്. സാങ്കേതികമായി മാത്രം പൂർത്തീകരിക്കപ്പെട്ടതും അടച്ചുറപ്പും സുരക്ഷിതത്വവും ഇല്ലാത്ത ഭവനങ്ങളെ പൂർണ്ണതയിൽ എത്തിക്കുന്നതിനായി സേഫ് പദ്ധതി

ആവിഷ്കരിച്ച് നടപ്പിലാക്കിയ സർക്കാരാണ് നമ്മുടേത്. അതിലൂടെ പദ്ധതി ആവിഷ്കരിച്ച് കേവലം രണ്ട് വർഷക്കാലയളവിൽ  പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിലായി 17829 ഭവനങ്ങൾ പൂർത്തിയാക്കി സർക്കാർ അഭിമാനകരമായ നേട്ടം കൈവരിച്ചിട്ടുണ്ട്.  കേന്ദ്രസർക്കാർ രണ്ടര ലക്ഷം രൂപ വരുമാനപരിധി ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പിന് അനുവദിക്കുമ്പോൾ സംസ്ഥാന സർക്കാർ വരുമാനം പരിഗണിക്കാതെ 15.2 ലക്ഷം വിദ്യാർഥികൾക്ക് ഓരോ വർഷവും പ്രീമെട്രിക്, പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ അനുവദിക്കുന്നുണ്ട്. സ്കോളർഷിപ്പ് പരിഷ്കരണം ഈ വർഷം നടപ്പിലാക്കാനിരിക്കുന്നു. കുട്ടികളുടെ വിദ്യാഭ്യാസം, പെൺകുട്ടികളുടെ വിവാഹം, കുടുംബാംഗങ്ങളുടെ ചികിത്സ എന്നിങ്ങനെ വിവിധങ്ങളായ ആവശ്യങ്ങൾക്ക് പട്ടികജാതി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതി പ്രകാരം ലഭ്യമായ ഭൂമി സർക്കാർ അനുവാദത്തോടെ പണയപ്പെടുത്താനുള്ള ഉത്തരവും സർക്കാർ ഇറക്കിയിരിക്കുന്നു.  ഉന്നതികളിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഒരുകോടി രൂപ വീതം ചെലവഴിച്ച് 754 ഉന്നതികൾ ഏറ്റെടുക്കാൻ ഈ സർക്കാരിന് സാധിച്ചു. എന്റെ മണ്ഡലത്തിൽ ഏഴ് ഉന്നതികളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ ഈ നാല് വർഷം കൊണ്ട് സാധിച്ചു. സർക്കാർ  അധികാരത്തിൽ

വന്നതിനുശേഷം പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കിയ എ.ബി.സി.ഡി. (അക്ഷയ ബിഗ് ക്യാമ്പയിൻ ഫോർ ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ) പദ്ധതിയിലൂടെ ജനന സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, റേഷൻ കാർഡ്, തിരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, ബാങ്ക് പാസ് ബുക്ക് തുടങ്ങിയ ആധികാരിക രേഖകൾ എക്കാലത്തേക്കുമായി ഡിജിറ്റലൈസ് ചെയ്ത് സൂക്ഷിക്കുകയും മതിയായ അധികാരിക രേഖകൾ ഇല്ലാത്തവർക്കും നഷ്ടപ്പെട്ടവർക്കും സർക്കാർ അനുകൂല്യങ്ങൾ ലഭിക്കാതെ അനുവദിച്ച പോകുന്ന സാഹചര്യം ഒഴിവാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. പാലക്കാട്, വയനാട് ജില്ലകളിലാണ് ഈ പദ്ധതി പൂർത്തിയായിരിക്കുന്നത്. M.S.W. യോഗ്യതയുള്ള 60 പട്ടികജാതി വിഭാഗക്കാരെ പട്ടികജാതി വികസന വകുപ്പിലും 54 പേരെ പട്ടികവർഗ്ഗ വികസന വകുപ്പിലും സോഷ്യൽ വർക്കർമാരായി നിയമിച്ചതിനോപ്പം 380 പേരെ മാനേജ്മെന്റ് ട്രെയിനികളായും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ വിവിധ ഓഫീസുകളിലും തദ്ദേശ സ്ഥാപനങ്ങളിലും നിയമിച്ചു. മാത്രവുമല്ല പട്ടികജാതി വിഭാഗത്തിൽപ്പെട്ട നിയമബിരുദധാരികളായ യുവതീ-യുവാക്കൾക്ക് പ്രായോഗിക പരിശീലനം നൽകി കരിയറിൽ മികവ് തെളിയിക്കുന്നതിനും മികച്ച അഭിഭാഷകരായി രൂപപ്പെടുത്തുന്നതിനുമായി ജില്ലാ കോടതികൾ,

സ്പെഷ്യൽ കോടതികൾ, ഹൈക്കോടതി, ഗവൺമെൻറ് പ്ലീഡർ ഓഫീസ് എന്നിവിടങ്ങളിൽ 69 ലീഗൽ അസിസ്റ്റന്റുമാരായും നിയമിച്ചു.

വിദേശരാജ്യങ്ങളിൽ ഉന്നത പഠനം സ്വപ്നം കാണുന്നവർ, വിദേശ സർവകലാശാലകളിൽ സ്കോളർഷിപ്പോടെ പഠിക്കുവാൻ കഴിവും പ്രാപ്തിയുമുള്ളവർ, പട്ടിക വിഭാഗത്തിൽപെട്ട ഇത്തരം വിദ്യാർഥികൾക്കായി വിദേശ പഠന സ്കോളർഷിപ്പ് പദ്ധതി പ്രകാരം പട്ടികജാതി വികസന വകുപ്പ് ഗവൺമെൻറ് ഓഫ് കേരള ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവർസീസ് സ്റ്റഡീസ് എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ആയിരത്തോളം വിദ്യാർഥികൾക്ക് ഇതിലൂടെ വിദേശ സർവകലാശാലകളിൽ പഠിക്കുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ നൂറു തൊഴിൽ ദിനങ്ങൾക്ക് പുറമേ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 100 അധിക തൊഴിൽ ദിനങ്ങൾ കൂടി ലഭ്യമാക്കുന്ന 'ട്രൈബൽ പ്ലസ്' പദ്ധതി ആവിഷ്കരിച്ച് ബജറ്റിൽ തുക അനുവദിച്ചിരിക്കുന്നു. രാജ്യത്തിന് മാതൃകയായി മാറുന്ന നമ്മുടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പട്ടികജാതി വകുപ്പിന്റെ 10 MRS-ലും പട്ടികവർഗ്ഗ വകുപ്പിന്റെ 22 MRS-ലുമായി SSLC പരീക്ഷ എഴുതിയ 872 വിദ്യാർഥികളിൽ എല്ലാവർക്കും വിജയം നേടാൻ സാധിച്ചു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം

പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കിയത് നിരവധി വികസന പ്രവർത്തനങ്ങൾ നമുക്ക് കാണാൻ സാധിക്കും. രാജ്യത്ത് ആദ്യമായി പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്ന മുഴവൻ കുടുംബങ്ങൾക്കും സ്വന്തമായി ഭൂമി ഉറപ്പാക്കിയ ആദ്യ ജില്ല നമ്മുടെ തിരുവനന്തപുരം ജില്ലയാണെന്ന് നാം അഭിമാനിക്കുകയാണ്. മാറുന്ന കാലത്തിന്റെ സാധ്യതകൾ അനുഭവിച്ചറിയുവാനും ഉപയോഗപ്പെടുത്തുവാനും കഴിയുന്ന തരത്തിൽ ഉൾനാടൻ ഗ്രാമങ്ങളിലെ ജനതയ്ക്കായി ഫൈവ് ജി ഇൻററർനെറ്റ് സേവനങ്ങൾ ലഭ്യമാക്കി. കാടിന്റെ മക്കൾ - കാടിന്റെ ഓരോ ചലനങ്ങളും സ്പന്ദനങ്ങളും തിരിച്ചറിയുന്നവർ കാടറിവിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുവാനം അവർക്ക് സുരക്ഷിതമായ ജീവിതം ഉറപ്പാക്കുന്നതിനും, അവരുടെ ആവാസം സംരക്ഷിക്കപ്പെടുന്നതിനുമായി അവരെ കാടിന്റെ കാവൽക്കാരാക്കി മാറ്റി. 372 പുരുഷന്മാരും 88 വനിതകളും അടങ്ങുന്ന 460 പേർ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി പരിശീലനം പൂർത്തിയാക്കി. പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, അനധികൃത കുടിയേറ്റം തടയൽ തുടങ്ങിയ പ്രവർത്തനങ്ങളിൽ ഇവർക്ക് ഏറെ കാര്യങ്ങൾ ചെയ്യാനാവും എന്നതിൽ തർക്കമില്ല. ഒരിക്കലും സാധ്യമാകില്ല എന്ന് കരുതിയ 34 ആദിവാസി ഊരുകളിലേക്ക് വൈദ്യുതി എത്തിക്കാൻ ഈ ഗവൺമെന്റിന്

സാധിച്ചു. കാസർഗോഡ് ജില്ലാ കലോത്സവത്തിൽ ഭരതനാട്യം, കേരള നടനം, കുച്ചുപ്പുടി എന്നീ ഇനങ്ങൾക്ക് സമ്മാനം നേടിയ സച്ചു എന്ന മാസ്റ്റർ സതീഷ് എന്ന പത്താം ക്ലാസ് വിദ്യാർഥിയായ കലാകാരൻ ചെറുപ്രായത്തിൽ തന്നെ അച്ഛനെ നഷ്ടപ്പെട്ട് സാമ്പത്തിക പ്രയാസങ്ങളിൽ നട്ടംതിരിയുന്ന കുടുംബത്തിൽ നിന്നുള്ള ഈ കൊച്ചു കലാകാരന് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാനുള്ള ആടയാഭരണങ്ങൾ പട്ടികവർഗ്ഗ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നൽകുമ്പോൾ ഒരു ജനതയുടെ പ്രതീക്ഷകൾക്ക് സർക്കാർ നിറം പകരുകയായിരുന്നു ഈ സർക്കാർ. പുരാതനകാലം മുതൽ കൃഷിയും കന്നുകാലിവളർത്തലും കാർഷിക സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ലുതായി പ്രവർത്തിച്ചിരുന്നവയാണ്. ഗ്രാമീണ കർഷകന്റെ ഉപജീവനം ഇതിനെ ആശ്രയിച്ചായിരുന്നു. എന്റെ നിയോജക മണ്ഡലമായ ആറ്റിങ്ങലിൽ നിരവധി ആളുകളാണ് കന്നുകാലി വളർത്തലിലൂടെ ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുന്നത്. അപ്പോഴും നമുക്കറിയാം അന്യസംസ്ഥാനത്ത് നിന്ന് വരുന്ന പാലിനെ കൂടി ആശ്രയിച്ചാണ് മലയാളിയുടെ ഉപയോഗത്തിന് പരിഹാരം കാണാൻ സാധിക്കുന്നത്. നിരവധിയായ പ്രശ്നങ്ങളാണ് നമുക്ക് അഭിമുഖീകരിക്കാനുണ്ടായിരുന്നത്. പാലുൽപാദനത്തിന്റെ ചെലവിൽ 50%- വും കാലിത്തീറ്റയ്ക്കായി

വേണ്ടിവരുന്നു എന്നതാണ് ഇപ്പോൾ നേരിടുന്ന ഒരു പ്രധാന പ്രശ്നം. ഇത് പരിഹരിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് സന്തുലിത തീറ്റക്രമം കർഷകർക്ക് മുൻപാകെ അവതരിപ്പിച്ചു. ഇത് പ്രാവർത്തികമാക്കുന്നതിലൂടെ കുറഞ്ഞ ചെലവിൽ കൂടുതൽ പാൽ ഉത്പാദനം നടത്തുവാൻ സാധിക്കുന്നു. വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും വിവരങ്ങൾ സ്വീകരിക്കുന്നതിനായി കന്നുകാലി സെൻസിന് തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് ആകെയുള്ള കന്നുകാലികളുടെയും വളർത്തുമൃഗങ്ങളുടെയും പക്ഷികളുടെയും പ്രായം ഇനം എന്നിങ്ങനെയുള്ള വിശദവിവരങ്ങൾ, മൃഗസംരക്ഷണ മേഖലയിലെ കർഷകരുടെയും വനിതാ സംരംഭകരുടെയും എണ്ണം ഈ മേഖലയുമായി ബന്ധപ്പെട്ട് ഗാർഹിക സംരംഭങ്ങളുടെയും ഗാർഹികേതര സംരംഭങ്ങളുടെയും സ്ഥാപനങ്ങളുടെയും വിശദ വിവരങ്ങൾ ഇവരിലൂടെ ശേഖരിക്കുകയാണ്. ഇതോടൊപ്പം തന്നെ അറവുശാലകൾ മാംസ സംസ്കരണ പ്ലാന്റുകൾ, ഗോശാലകൾ എന്നിവയുടെ വിവരങ്ങളും ശേഖരിക്കുന്നു. മൃഗസംരക്ഷണ വകുപ്പ് ദുരന്തനിവാരണ ഫണ്ടിൽ നിന്നും കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിന് സ്വീകരിച്ചിരുന്ന മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചു. പുതുക്കിയ ഉത്തരവ് പ്രകാരം പാമ്പുകടി വിഷബാധ എന്നിങ്ങനെയുള്ള സാഹചര്യങ്ങൾ മൂലം കന്നുകാലികൾ

മുൻകാലങ്ങളിൽ നഷ്ടപ്പെടുന്നത് ഉൾപ്പെടെ നിലവിലില്ലാതിരുന്ന പല രോഗങ്ങളും ഉൾപ്പെടുത്തി കർഷകർക്ക് ആശ്വാസം നൽകുവാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. പുതുക്കിയ ഉത്തരവുപ്രകാരം ഇൻഷുറൻസ് തുകയോ ജില്ലാ കളക്ടറുടെ സഹായമോ ലഭിക്കാത്ത ദുരിതബാധിതരായ എല്ലാ കർഷകർക്കും ധനസഹായത്തിന് അർഹതയുണ്ട്. മൃഗസംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്നതിന് വളരെ ആശ്വാസകരമാണ്. ആടുകളെ ബാധിക്കുന്ന വയറസ് രോഗ ബാധയായ ആട് വസന്ത നിർമ്മാർജ്ജനം നടപ്പിലാക്കി മുന്നോട്ട് പോകുന്നുണ്ട്. ഇങ്ങനെ അടിസ്ഥാന വിഭാഗത്തിനും ജീവിതത്തിന്റെ സമസ്ത മേഖലകളിലും കരുതലും മാതൃകാപരമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന കേരളത്തിന്റെ പുതുചരിത്രത്തിൽ നവകേരള സൃഷ്ടിക്ക് നിരവധിയായ പദ്ധതികൾ ആവിഷ്ക്കരിച്ച് കുറ്റമറ്റ രീതിയിൽ നടപ്പിലാക്കുന്ന ഈ സർക്കാരിന്റെ ഉപധനാഭ്യർഥനയെ ഞാൻ പിന്താങ്ങുന്നു. (ശ്രീ. പി. ഉബൈദുള്ള)

പി. 20.03.2025 പി.എസ്./എസ്.ജി (2) 02:20 - 02:30 ബി.സി

ശ്രീ. പി. ഉബൈദുള്ള: സർ, നാമിവിടെ ശുദ്ധജലവിതരണത്തെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഒരു തുള്ളി വെള്ളം പോലും ലഭിക്കാതെ പാവപ്പെട്ട ആശാവർക്കർമാർ സെക്രട്ടേറിയറ്റ് നടയിൽ സമരം ചെയ്യുകയാണ്. ആ

സമരത്തെക്കുറിച്ച് രാവിലെ പ്രിയപ്പെട്ട ശ്രീ. നജീബ് കാന്തപുരം അടിയന്തര പ്രമേയം അവതരിപ്പിച്ചിരുന്നു; അതൊന്ന് കേൾക്കാനുള്ള സഹിഷ്ണുതപോലും ഇടതുപക്ഷ അംഗങ്ങൾ കാണിച്ചില്ലെന്നത് പുതിയ നയ വ്യതിയാനത്തിന്റെ ഭാഗമാണ്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി നമ്മുടെ റോഡാകെ കീറിമുറിച്ച് തകർന്ന് തരിപ്പണമായി കിടക്കുകയാണ്. അതൊരു മണ്ഡലത്തിലേയോ ജില്ലയിലേയോ പ്രശ്നമല്ല. എവിടെയൊക്ക ഈ പദ്ധതിയുണ്ടോ അവിടെയെല്ലാം റോഡിലൂടെ ജനങ്ങൾക്ക് സഞ്ചരിക്കാൻ കഴിയാത്ത സ്ഥിതിയാണുണ്ടായിട്ടുള്ളത്. ഈ റോഡുകളുടെ റീ-സ്റ്റോറേഷനുവേണ്ടി പഞ്ചായത്തുകൾക്ക് ഫണ്ട് കൊടുക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഇതുവരെയും പഞ്ചായത്തുകൾക്ക് ഫണ്ട് നൽകിയിട്ടില്ല. എനിക്ക് പറയാനുള്ളത് ഓരോരോ പഞ്ചായത്തിലും എത്ര റോഡുകൾ ജലൽജീവൻ മിഷന്റെ (JJM) ഭാഗമായി ഗതാഗത യോഗ്യമല്ലാതായിട്ടുണ്ടോ അത് സംബന്ധിച്ച് വ്യക്തമായൊരു കണക്ക് ശേഖരിച്ച് പുനഃരുദ്ധീകരിക്കുന്നതിനുവേണ്ടി പഞ്ചായത്തുകൾക്ക് പ്രത്യേകമായ ഫണ്ട് അനുവദിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്.

(തുടരും)....

P-20-3-2025
2.30-2.40 UV-AU-1
(VR)

(ശ്രീ. പി. ഉബൈദുള്ള തുടർച്ച........)

ജൽജീവൻ മിഷൻ പദ്ധതിയിലൂടെ വർക്ക് ഏറ്റെടുത്ത എഴുന്നൂറോളം കരാറുകാർക്ക് പണം നൽകാനുണ്ട്. അവരെല്ലാം ഇപ്പോൾ വർക്ക് നിർത്തി പോകുകയാണ് ചെയ്തത്. അവരിൽ പലരും കയ്യിലുള്ള പണം കൊണ്ടല്ല കരാർ ജോലിയിലേക്ക് വന്നത്. ബാങ്കുകളിൽനിന്ന് കൂടിയ നിരക്കിൽ പലിശകൊടുത്ത് വായ്പയെടുത്താണ് ഈ ജോലിയിലേക്ക് വന്നത്. എന്നാൽ ഇപ്പോൾ തുക തിരിച്ചടക്കാൻ കഴിയാതെ പലരുടെയും സ്വത്ത് ജപ്തി ഭീഷണിയിലാണ്. ഇങ്ങനെയുള്ള സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. കരാറുകാർക്ക് കൊടുക്കാനുള്ള പണം സംബന്ധിച്ച് ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ ചോദ്യത്തിന് 'ജൽജീവൻ മിഷൻ പദ്ധതി നടപ്പാക്കിയവകയിൽ 4371.32 കോടി രൂപയുടെ ബില്ലുകൾ കരാറുകാർക്കിനിയും നൽകാനുണ്ടെന്നാണ് ' ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ പറയുന്നത്. ഈ തുക നൽകാതിരുന്നാൽ എങ്ങനെയാണ് ഈ വർക്കുമായി മുന്നോട്ടുപോകാൻ സാധിക്കുന്നത്; 'അംബേദ്കർ ഗ്രാമം പദ്ധതി' പഴയ യു.ഡി.എഫ്. ഭരണകാലത്ത് ആരംഭിച്ചതാണ്. എന്നാൽ ഇന്ന്

അംബേദ്കർ ഗ്രാമം പദ്ധതിയുടെ പ്രവർത്തനം ആകെ അവതാളത്തിലാണ്. എസ്.സി. വകുപ്പ് പരിശോധിക്കുമ്പോൾ ഒരു കോടി രൂപ അപര്യാപ്തമായതിനാൽ അത് രണ്ട് കോടി രൂപയായി വർധിപ്പിച്ചാൽ മാത്രമെ കോളനികളുടെ നവീകരണം സാധ്യമാകുകയുള്ളൂ. ഇപ്പോൾ അതിനുള്ള മാനദണ്ഡം 25 വീടുകളെങ്കിലുമുള്ള ഉന്നതികളാണ് ഈ പദ്ധതിക്കായി തിരഞ്ഞെടുക്കുന്നത്. സ്കാറ്റേർഡായിട്ടുള്ള കുടുംബങ്ങൾ നമ്മുടെ നാട്ടിലുള്ളതിനാൽ 25 കുടുംബങ്ങളുള്ള ഉന്നതികൾ എന്ന വ്യവസ്ഥ മാറ്റി ചുരുങ്ങിയത് 10 കുടുംബങ്ങളുള്ള ഉന്നതികളിലെങ്കിലും അംബേദ്കർ ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനുള്ള സംവിധാനമുണ്ടാകണമെന്നാണ് എനിക്ക് നിർദേശിക്കാനുള്ളത്. എസ്.സി./എസ്.ടി വിഭാഗത്തിലെ വിദ്യാർഥികൾക്ക് പഠനമുറി നിർമ്മാണത്തിൽ ധനസഹായമായി രണ്ട് ലക്ഷം രൂപ നൽകുന്നുണ്ട്. ആ തുക അപര്യാപ്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഈ പദ്ധതിയിന്മേൽ രണ്ട് ഘട്ടങ്ങളിലായി വാല്യുവേഷൻ നടത്തുന്നുണ്ട്. ഡിപ്പാർട്ട്മെന്റ് പദ്ധതി നടത്തുന്നയിടത്ത് ഒരു വാല്യുവേഷന്റെയും ആവശ്യമില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുമ്പോൾ രണ്ട് ഘട്ടങ്ങളിലായാണ് വാല്യുവേഷൻ നടത്തേണ്ടത്. അവസാന വാല്യുവേഷൻ മാത്രം മതിയെന്ന് തീരുമാനിക്കുകയാണെങ്കിൽ

ഗുണഭോക്താക്കൾക്ക് അത് സൗകര്യമാകും. കാരണം അതിലൂടെ വലിയ പ്രയാസങ്ങളാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. എസ്.സി. പ്രൊമോട്ടർമാർ ഫീൽഡിൽ പോയി ജോലി ചെയ്യേണ്ടവരാണ്. അവർക്ക് പതിനായിരം രൂപയാണ് ഓണറേറിയം ലഭിക്കുന്നത്. ഈ തുക വർഷങ്ങൾക്കുമുമ്പ് തീരുമാനിച്ചതാണ്. ഇപ്പോൾ വാഹനത്തിന്റെ ചാർജ് വർദ്ധിച്ചതിനാൽ അവർ ഫീൽഡിൽ പോകുന്നതിൽ പലരീതിയിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. ആയതിനാൽ എസ്.സി. പ്രൊമോട്ടർമാരുടെ ഓണറേറിയം വർധിപ്പിക്കണം. ക്ലറിക്കൽ അസിസ്റ്റന്റുമാരുടെ ഓണറേറിയം 10000 രൂപയാണ്. ആ തുക കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഇന്ത്യയിലെ മുസ്ലീം ന്യൂനപക്ഷം അഭിമുഖീകരിക്കുന്ന ജീവൽപ്രധാനമായ പ്രശ്നങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിനാണ് യു.പി.എ. സർക്കാർ 'സച്ചാർ കമ്മിറ്റി'യെ നിയോഗിച്ചത്. വി. എസ്. അച്ചുതാനന്ദൻ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സച്ചാർ കമ്മിറ്റിയുടെ പേര് 'പാലൊളി കമ്മിറ്റി' എന്നാക്കി മാറ്റിയെന്നല്ലാതെ ന്യൂനപക്ഷങ്ങൾക്ക് സച്ചാർ കമ്മിറ്റി നിർദേശിച്ചിട്ടുള്ള ഒരു ആനുകൂല്യവും നടപ്പാക്കാൻ മുന്നോട്ടുവന്നിട്ടില്ല. ന്യൂനപക്ഷങ്ങൾക്കായി പ്രസംഗങ്ങൾ മാത്രമെ നടക്കുന്നുള്ളൂ; പ്രവൃത്തിപഥത്തിൽ അതൊന്നും കാണാൻ കഴിയുന്നില്ല. പാവപ്പെട്ട മദ്രസ

അധ്യാപകർ തുച്ഛമായ വേതനത്തിലാണ് ജോലി ചെയ്യുന്നത്. ആ മദ്രസ അധ്യാപകർക്കുള്ള ക്ഷേമനിധിയിൽ ഒൻപത് വർഷമായി ഒരു നയാപൈസപോലും ഗ്രാന്റ് കൊടുത്തിട്ടില്ല. അവിടെ അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. വഖഫ് ബോർഡിന് ഗ്രാന്റ് നൽകാത്തതിനാൽ വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കേണ്ട വിവാഹ ധനസഹായം, ചികിത്സാ ധനസഹായം എന്നിവ വർഷങ്ങളായി മുടങ്ങിക്കിടക്കുകയാണ്. ഇതൊക്കെ കൊടുത്തുതീർക്കാൻ നടപടിയില്ലേ; ഇക്കാര്യം നേരത്തെ അങ്കമാലി അംഗവും ശ്രീ. മോൻസ് ജോസഫും പറഞ്ഞതാണ്. മുസ്ലീം-ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾ വർഷങ്ങളായി അനുഭവിച്ചുകൊണ്ടിരുന്ന സ്കോളർഷിപ്പുകൾ വെട്ടിച്ചുരുക്കാനാണ് ഈ സർക്കാർ തീരുമാനിച്ചത്. ഇതാണ് ന്യൂനപക്ഷങ്ങളോടുള്ള ഈ സർക്കാരിന്റെ സമീപനം.

മൃഗസംരക്ഷണ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട സ്വയം തൊഴിൽ സംരംഭങ്ങളിലുൾപ്പെട്ട ഒന്നാണ് ഇറച്ചിക്കോഴി വളർത്തൽ. 2024-ൽ കേന്ദ്ര സർക്കാർ പുറത്തിറക്കിയ മൃഗസംരക്ഷണ മേഖലയിലെ അടിസ്ഥാന വിവര രേഖപ്രകാരം 51.8 കോടി കിലോഗ്രാം മാംസമാണ് കേരളത്തിൽ 2022-23 വർഷത്തിൽ ഉൽപാദിപ്പിക്കപ്പെട്ടത്. കാർഷിക മേഖല പൊതുവെ

തകരുകയും ഇക്കണോമിക് റിവ്യൂവിൽ വന്ന കണക്കുകൾ പ്രകാരം സംസ്ഥാന ഖജനാവിലേക്ക് കാർഷിക മേഖലയിൽ നിന്നുള്ള വിഹിതം വർഷംതോറും കുറയുകയും ചെയ്യുമ്പോൾ മാംസോൽപാദന മേഖല വളർന്നുകൊണ്ടിരിക്കുകയാണ്. മറ്റ് മേഖലകളെപ്പോലെ ഇൻഷ്വറൻസ് പരിരക്ഷ, വിലസ്ഥിരതാ ഫണ്ട്, താങ്ങുവില, ക്ഷേമനിധി, സംരംഭം തുടങ്ങാൻ ഏകജാലക സംവിധാനം എന്നിവ കോഴിവളർത്തൽ മേഖലയിൽ നിലവിലില്ല. ഇങ്ങനെ ഇല്ലായ്മയുടെ കഥ മാത്രം പറയാനുള്ള കോഴിവളർത്തൽ മേഖലയിലെ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. മിൽമ മോഡലിൽ കോഴി കർഷകരുടെ കൂട്ടായ്മ ആരംഭിക്കണം. കോഴി വളർത്തൽ മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരനിർദേശങ്ങൾ സമയബന്ധിതമായി സമർപ്പിക്കാൻ ഒരു കമ്മീഷനെ നിയോഗിക്കണമെന്നുകൂടി ഈ ഘട്ടത്തിൽ ഞാൻ ആവശ്യപ്പെടുകയാണ്. പ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ ഇത്തരം കാർഷികമേഖലകളെ പുനരുജ്ജീവിപ്പിക്കാനും അവയ്ക്ക് ജീവൻ നൽകാനുമുള്ള ശ്രമങ്ങൾ നടത്തണം. ക്ഷീര കർഷകരെ സംബന്ധിച്ച് ഏറ്റവും പ്രയോജനകരമായ ഒരു പദ്ധതിയാണ് എസ്.എൽ.ബി.പി. (Special Livestock Breeding Programme) ഈ പദ്ധതി പ്രകാരം 12,500

രൂപയാണ് കർഷകർക്ക് സബ്സിഡി ഇനത്തിൽ നൽകിവരുന്നത്. ഇത് വർഷങ്ങൾക്കുമുമ്പ് പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ നിശ്ചയിച്ച തുകയാണ്. അതിനുശേഷം കാലിത്തീറ്റയുടെ വില വലിയതോതിൽ വർധിച്ചെങ്കിലും സബ്സിഡി തുകയിൽ വർധനവ് വരുത്തിയിട്ടില്ല. ഈ വിഷയം ഗൗരവമായി പരിഹരിച്ച് കന്നുകുട്ടി പരിപാലന സബ്സിഡി 25000 രൂപയായി വർധിപ്പിക്കണമെന്ന് ഈ ധനാഭ്യർഥനയുടെ ഭാഗമായി ആവശ്യപ്പെടുകയാണ്. മറ്റ് രാഷ്ട്രീയ കാര്യങ്ങൾ പറയാൻ സമയമില്ലാത്തതിനാൽ ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

(ശ്രീ. ലിന്റോ ജോസഫ്)

P-20-3-2025
2.30-2.40(1)
UV-AU

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുകയാണ്. മുസ്ലീംലീഗിന് എന്താണ് സംഭവിച്ചതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. കഴിഞ്ഞ ദിവസം മുസ്ലീംലീഗിന്റെ അംഗങ്ങൾ ചർച്ചയുടെ ഭാഗമായി അവരുടെ പ്രധാനപ്പെട്ട അജണ്ടയെക്കുറിച്ച് പറഞ്ഞത് ഞാനിവിടെ സൂചിപ്പിച്ചു. പർദ്ദയിട്ട് നടക്കുന്നത് ആളുകൾ തിരിച്ചറിയാൻ വേണ്ടിയല്ല, തിരിച്ചറിയാതിരിക്കാനാണെന്ന് എനിക്കുമുമ്പ് സംസാരിച്ച ശ്രീ.

പി. അബ്ദുൽ ഹമീദ് സൂചിപ്പിച്ചു. മുസ്ലീംലീഗ് എന്തുകൊണ്ടാണ് ഇങ്ങനെ വ്യത്യസ്തമായ നിലപാടുകൾ സ്വീകരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല; പല തരത്തിലാണ് മുസ്ലീംലീഗിന്റെ ചില കാര്യങ്ങൾ പുറത്തേക്ക് വരുന്നത്. അവർ ഇത്തരം നിലപാടുകൾ സ്വീകരിക്കുമ്പോൾ വളരെ സങ്കടം തോന്നുകയാണ്. ആശാവർക്കർമാരുമായി ബന്ധപ്പെട്ട കാര്യമാണ് എനിക്കുമുമ്പെ സംസാരിച്ച ശ്രീ. പി. ഉബൈദുള്ള ചർച്ചയുടെ ഭാഗമായി സൂചിപ്പിച്ചത്. അവരുടെ കാര്യത്തിൽ യു.ഡി.എഫ്.-ന് എന്ത് ആത്മാർഥതയാണുള്ളത്; ശ്രീ. പി. രാജീവ് ഇക്കാര്യം പറഞ്ഞതാണ്. ഒരു വിഷയം ഉന്നയിച്ചുകൊണ്ട് ഒരു കൈവിരൽ ചൂണ്ടുമ്പോൾ നാല് വിരലുകൾ നമുക്ക് നേരെയാണ് ചൂണ്ടുന്നതെന്നുള്ള യാഥാർഥ്യബോധം ഉൾക്കൊള്ളാൻ യു.ഡി.എഫ്.-ലെ അംഗങ്ങൾ തയ്യാറാകണ്ടേ; ഇവരുടെ കാലത്ത് എത്രയായിരുന്നു ഓണറേറിയം; ആ ഓണറേറിയം വർധിപ്പിക്കുന്നതിനായി ഏതെല്ലാം തരത്തിലുള്ള ആശാവർക്കർമാരുടെ സമരം നടത്തിയിട്ടുണ്ട്. അന്ന് സമരത്തിന്റെ ഭാഗമായി അവർ ഉന്നയിച്ചിരുന്ന കാര്യങ്ങൾ ന്യായമാണോ; ഇവർ പറയുന്നതുപോലെ ന്യായമായ സമരമാണോ ഇപ്പോൾ നടക്കുന്നത്; യു.ഡി.എഫ്. കേരളം ഭരിക്കുകയും കോൺഗ്രസ് രാജ്യം ഭരിക്കുകയും ചെയ്തിരുന്ന 2011 മുതൽ 2014 വരെയുള്ള കാലഘട്ടത്തിൽ

ആശാവർക്കർമാരെ സ്ഥിരപ്പെടുത്തുന്നതിനും തൊഴിലാളികളായി അംഗീകരിക്കുന്നതിനും മിനിമം വേതനം നൽകുന്നതിനും ഏതെങ്കിലും തരത്തിലുള്ള നിലപാടുകൾ സ്വീകരിച്ചിരുന്നോ; ഇല്ല. യു.ഡി.എഫ്. ഭരണകാലത്ത് ഓണറേറിയം 1000 രൂപയായിരുന്നത് ഇന്ന് 7000 രൂപയായി. കഴിഞ്ഞ എട്ട് വർഷങ്ങളിലായി, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഘട്ടംഘട്ടമായി വർധിപ്പിച്ചാണ് 7000 രൂപയിലേക്ക് എത്തിയത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് നടന്ന സമരത്തെ തിരിഞ്ഞ് നോക്കാതിരുന്നവർ ഇന്ന് ഞങ്ങൾക്ക് ക്ലാസ് എടുക്കുന്നത്, 'ഞങ്ങൾ ഇടുമ്പോൾ ബർമുഡ നിങ്ങൾ ഇടുമ്പോൾ കുട്ടി ട്രൗസർ' എന്ന നിലപാടിലാണ്. അത് വളരെ ഗൗരവത്തോടെ പരിശോധിക്കേണ്ടതാണ്. നിങ്ങൾ ഇവിടെ ആത്മാർത്ഥതയില്ലാതെയാണ് ഈ വിഷയത്തെ കാണുന്നത്. അതുകൊണ്ടാണ് വേസ്റ്റ് പെറുക്കി നടക്കുന്നവരും കക്കൂസ് മാലിന്യം ക്ലീൻ ചെയ്യുന്നവരുമാണ് ആശാവർക്കർമാരെന്ന് കോൺഗ്രസ് പാർട്ടിയിലെ മുതിർന്ന നേതാവ് പറഞ്ഞത്. അവരുടെ തൊഴിൽ അതാണെന്ന് പറയേണ്ടിവന്ന അവസ്ഥയെപ്പറ്റി നമ്മൾ ചിന്തിക്കേണ്ടതുണ്ട്. ഒരു യൂത്ത് കോൺഗ്രസിന്റെ നേതാവ് പറഞ്ഞത്, ആശാവർക്കർമാർ ട്രോളി തള്ളി നടക്കുന്നവരാണെന്നാണ്. ആശാ വർക്കർമാരുടെ ജോലി

എന്താണെന്നും അവർ നടത്തുന്ന കഠിനാധ്വാനമെന്താണെന്നും തിരിച്ചറിയാൻ കഴിയാതെ രാഷ്ട്രീയത്തിന്റെ പേരിൽമാത്രം അവരെ പിന്തുണയ്ക്കുന്ന; ആത്മാർഥതയുടെ ചെറു കണികപോലുമില്ലാത്തവരാണ് ഈ സമരത്തെ പിന്തുണക്കുന്നതെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുകയാണ്. അങ്കണവാടി പ്രവർത്തകരുടെ കാര്യം ഇന്ന് സൂചിപ്പിക്കുന്ന സാഹചര്യമുണ്ടായി. 2011 മുതൽ 2016 വരെ യു.ഡി.എഫ്. സർക്കാർ കേരളം ഭരിച്ചല്ലോ; ആ സമയം അങ്കണവാടി വർക്കർമാർക്ക് നൽകിയിരുന്ന ഓണറേറിയം എത്രയായിരുന്നു; വർക്കർമാർക്ക് 5600 രൂപയും ഹെൽപ്പർമാർക്ക് 4100 രൂപയുമായിരുന്നു. ഞങ്ങളുടെകാലത്ത് ഓണറേറിയം വർധിപ്പിച്ചിരുന്നുവെന്ന് പ്രതിപക്ഷ നേതാവ് ഇന്ന് തന്ത്രപരമായി പറഞ്ഞു. 2016 ഫെബ്രുവരി മാസം 25-നാണ് വർധിപ്പിച്ച ഉത്തരവ് ഇറങ്ങുന്നത്; പിന്നെ കൊടുക്കേണ്ടിവരില്ലല്ലോ; കാരണം 2016 ഫെബ്രുവരി മാസം ഗവൺമെന്റിന്റെ കാലാവധി കഴിയുകയാണ്. ആ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. നമ്മൾ യാദൃശ്ചികമായി പറയാറുണ്ട്, എന്ത് വികസന പ്രവർത്തനം നടന്നാലും അതിനടിയിൽ ഒരു കല്ല് കിടക്കുമെന്ന്. അതുപോലെ ഞങ്ങളിട്ട കല്ലാണെന്ന് പറയുന്നതിനായി 2016 ഫെബ്രുവരി 25-ന് ഇറക്കിയ ഉത്തരവല്ലാതെ അതിൽനിന്ന് ഒരു അങ്കണവാടി

അധ്യാപകർക്കോ പ്രവർത്തകയ്ക്കോ ഹെൽപ്പർക്കോ വർധിപ്പിച്ച ഓണറേറിയം കൊടുക്കാൻ നിങ്ങളുടെ സർക്കാർ തയ്യാറായോ; ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ എന്തിനാണ് പച്ചക്കള്ളം പറയുന്നതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

(തുടരും)

P. 20.03.2025
LJ / AU -(2)
02.40-02.50

(ശ്രീ. ലിന്റോ ജോസഫ് തുടർച്ച....)

എനിക്കിവിടെ ഏറ്റവും ശ്രദ്ധേയമായി തോന്നിയ ഒരു കാര്യം പറയുകയാണ്. 'എന്റെ സ്വപ്നങ്ങൾക്ക് പറക്കാൻ ചിറകുമുളപ്പിച്ചത് പിണറായി വിജയൻ ഗവൺമെന്റാണ്", ഇതൊരു പരസ്യവാചകമല്ല. ഇത് കണ്ണൂർ തളിപ്പറമ്പിൽ സങ്കീർത്തന ദിനേശൻ എന്ന കുട്ടിയുടെ വാക്കുകളാണ്. അധികാരത്തിൽ വന്നശേഷം 842 വിദ്യാർഥികളെ വിദേശപഠനത്തിനയച്ച സർക്കാരിന്റെ പേരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ആകാശത്തിലൂടെ പറന്നുനടക്കുന്ന വിമാനങ്ങളെനോക്കി അത്ഭുതമൂറിയിരുന്ന കുഞ്ഞുങ്ങൾക്ക് ഫ്ലൈറ്റിൽ യാത്രചെയ്ത് വിദേശത്തുപോയി അവർക്കിഷ്ടമുള്ള കോഴ്സ് പഠിക്കാനും അവരുടെ അവകാശങ്ങൾ നേടിയെടുക്കാനുമാവശ്യമായ

പദ്ധതികൾ വിഭാവനം ചെയ്തത് ഈ സർക്കാരാണ്. കൂടാതെ 6 വിദ്യാർഥികളെ വിമാനം പറത്തുന്നവരാക്കി മാറ്റുന്നതിന് പദ്ധതികളാവിഷ്കരിച്ച സർക്കാരിന്റെ പേരാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഇങ്ങനെ വിവിധ പദ്ധതികളാവിഷ്കരിച്ച് സമസ്തമേഖലയെയും ചേർത്തുനിർത്തുന്ന ഭരണം കാഴ്ചവച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

നമ്മുടെ നഗരങ്ങളുടെ വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അംബേദ്കർ ഗ്രാമം പോലെയും അംബേദ്കർ സെറ്റിൽമെന്റ് പോലെയുമുള്ള വ്യത്യസ്തങ്ങളായ പദ്ധതികളാവിഷ്കരിക്കാറുണ്ട്. ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പലപ്പോഴും ഏജൻസികളെ ഏൽപ്പിക്കുകയും അവർ കാലതാമസം വരുത്തുകയും ചെയ്യുന്ന സാഹചര്യമുള്ളതിനാൽ അത് വളരെ ഗൗരവത്തോടെ പരിശോധിച്ച് അത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാനാവശ്യമായ ഇടപെടലുണ്ടാകണം.

ന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ വലിയതോതിൽ ആശങ്കയുണ്ടാക്കുന്ന വർഗ്ഗീയ വിഭജനത്തിനുള്ള പ്രവണത ഇക്കാലത്ത് ഉയർന്നുവരുന്നുണ്ട്. കേരളത്തെപ്പോലെ മതനിരപേക്ഷതയെ

ചേർത്തുപിടിക്കുന്ന ഒരു സംസ്ഥാനത്ത് വർഗ്ഗീയതയ്ക്ക് വളക്കൂറില്ലാത്ത നാടായി മാറുമ്പോൾ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെ വർഗ്ഗീയ വിഭജനത്തിനുവേണ്ടി അതികഠിനമായ പരിശ്രമം നടത്തുന്നതിനെ ഗൗരവത്തോടെ കണ്ട് അത് തടയാനാവശ്യമായ പരിശ്രമം നടത്തേണ്ടതുണ്ട്. അമ്പലത്തിൽ നിന്നുള്ള പണമെടുത്ത് പള്ളികൾക്കും മോസ്കുകൾക്കും കൊടുക്കുകയാണെന്നുള്ള പ്രചരണവും മദ്രസ അധ്യാപകർക്കുള്ള പണം നൽകുന്നത് അമ്പലത്തിൽനിന്ന് പണമെടുത്തിട്ടാണെന്നുമുള്ള തെറ്റിദ്ധരിപ്പിക്കലും ഉണ്ടാവുകയാണ്. ഇങ്ങനെ മതവിഭാഗങ്ങളെ പരസ്പരം വിദ്വേഷപരമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പ്രചരണം നടത്തുന്നവർക്കെതിരെ കർശനമായ നിയമനടപടി സ്വീകരിക്കേണ്ടതുണ്ട്.

ജലസേചന പദ്ധതികൾ വളരെ കാര്യക്ഷമമായാണ് സർക്കാർ മുന്നോട്ടുകൊണ്ടുപോകുന്നത്. ജൽ ജീവൻ മിഷൻ (JJM) പദ്ധതിയുടെ ഭാഗമായി എല്ലാ കുടുംബങ്ങളിലും ശുദ്ധജലം എത്തിക്കാനുള്ള പദ്ധതിയാവിഷ്ക്കരിച്ചാണ് സർക്കാർ മുന്നോട്ടുപോകുന്നത്. എന്നാൽ കേന്ദ്രസർക്കാർ കൃത്യമായ ഘട്ടങ്ങളിൽ പണം അനുവദിക്കാത്തതിന്റെ ഭാഗമായി പലസ്ഥലത്തും നമ്മുടെ പദ്ധതികൾ മുടങ്ങിപ്പോകുന്ന സാഹചര്യമുള്ളതിനാൽ ആ പദ്ധതികൾ കൃത്യമായി നടപ്പാക്കാനാവശ്യമായ

കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതുണ്ട്. അതിന്റെ ഭാഗമായി കരാറുകാരുടെ അലംഭാവം ഇല്ലാതാക്കുന്നതിന് കർശനമായ നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയാണ്.

വ്യത്യസ്തങ്ങളായതും ഉയരം കൂടിയതുമായ സ്ഥലത്താണ് വലിയ സ്ക്വയർ ഫീറ്റിൽ വാട്ടർടാങ്കുകൾ നിർമ്മിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിലെ എള്ളുങ്ങൽ, തിരുവമ്പാടി തുടങ്ങിയ സ്ഥലങ്ങളിലും മറ്റ് നിരവധി മേഖലകളിലും ഉയർന്ന പ്രദേശത്താണ് വാട്ടർ ടാങ്കുകളുള്ളത്. ആ വാട്ടർ ടാങ്കുകളുടെ അടിഭാഗം വിവിധ ഓഫീസുകൾക്കുവേണ്ടി ഉപയോഗിക്കാൻ കഴിയുന്ന സാഹചര്യമുണ്ട്. മൂന്ന്-നാല് നിലയുടെ ഉയരമുള്ള വലിയ കെട്ടിടങ്ങളായതിനാൽ അവ ടൂറിസത്തിന്റെ ആവശ്യത്തിനോ മറ്റേതെങ്കിലും ഓഫീസുകളുടെ പ്രവർത്തനത്തിനോ ഉപയോഗപ്പെടുത്താൻ കഴിയുമോയെന്നുള്ളത് വളരെ ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്.

വാട്ടർ സ്പോർട്സിന് അനന്തമായ സാധ്യതയാണുള്ളത്. ഇന്ന് വിവിധ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതോടൊപ്പം വാട്ടർ സ്പോർട്സും ഉപയോഗപ്പെടുത്താൻ കഴിയേണ്ടതുണ്ടെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. നമ്മുടെ പുഴയോരങ്ങളുടെ ഭാഗമായുള്ള പുഴപ്പുറമ്പോക്കുകൾ ഉപയോഗപ്പെടുത്താൻ കഴിയാതെ കിടക്കുന്നതിനാൽ

അത്തരം പ്രദേശങ്ങളെ കൃത്യമായി തിരിച്ചറിഞ്ഞ് ഉപയോഗപ്പെടുത്താൻ ടൂറിസം പദ്ധതികൾക്കോ കായികമേഖലകൾക്കോ സാധ്യമാകുന്ന തരത്തിലുള്ള പദ്ധതികളാവിഷ്കരിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. മറ്റ് കാര്യങ്ങളൊക്കെ എല്ലാവരും ചർച്ചയിൽ പങ്കെടുത്ത് സൂചിപ്പിച്ചതിനാൽ അതിലേയ്ക്കൊന്നും കടക്കാതെ, ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

(ശ്രീ. കെ. കെ. രാമചന്ദ്രൻ)

P. 20.03.2025
LJ/ AU -(2)
02.40-02.50

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, സർക്കാരിന്റെ വിവിധ വകുപ്പുകൾക്കുവേണ്ടിയുള്ള ധനാഭ്യർഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. സംസ്ഥാനത്ത് വളരെ അഭിനന്ദനാർഹമായ നിരവധി പ്രവർത്തനപദ്ധതികൾ നടപ്പാക്കിക്കൊണ്ടാണ് ഇറിഗേഷൻ വകുപ്പും ജലസേചന വകുപ്പും മുന്നോട്ടുപോകുന്നത്. ഗ്രാമീണമേഖലയിലുൾപ്പെടെ കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ പദ്ധതികൾ, ഇറിഗേഷൻ ടൂറിസം പദ്ധതികൾ, സ്കൂളുകളിൽ ജലഗുണനിലവാര ലാബുകൾ നിർമ്മിക്കാൻ വേണ്ടിയുള്ള നടപടികൾ എന്നുതുടങ്ങി ചെറുതും വലുതുമായ നിരവധി

പ്രവർത്തനപദ്ധതികളാണ് ജലസേചന വകുപ്പ് ഏറ്റെടുത്ത് മുന്നോട്ടുപോകുന്നത്. സംസ്ഥാനത്ത് Kerala Irrigation Infrastructure Development Corporation (KIIDC)-ന്റെ നേതൃത്വത്തിൽ ഏതാണ്ട് 2200-ലധികം കോടിരൂപയുടെ പദ്ധതികളേറ്റെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. റെഗുലേറ്ററുകളും കാനകളും തീരദേശ സംരക്ഷണവുമുൾപ്പെടെ വലിയ പദ്ധതികളേറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകുകയാണ്.

'Hilly Aqua' എന്ന ഒരു സംരംഭത്തിലൂടെ ജലവിഭവ വകുപ്പിന്റെ നേതൃത്വത്തിൽ വിദേശരാജ്യങ്ങളിൽ വലിയതോതിൽ കുപ്പിവെള്ളം കയറ്റുമതി ചെയ്യുകയാണ്. പൂർണ്ണമായും പ്ലാസ്റ്റിക്ക് കുപ്പി ഒഴിവാക്കി മണ്ണിൽ ലയിച്ചുപോകുന്ന വിധത്തിലുള്ള കുപ്പികളാക്കിയതിനാൽ അത് വളരെ പ്രശംസനീയമായ നിലയിലാണ് പ്രവർത്തിക്കുന്നത്.

പുതുക്കാട് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ചില പ്രത്യേക പ്രവൃത്തികൾക്കുള്ള ഇടപെടലും അംഗീകാരവും സാമ്പത്തിക സഹായങ്ങളുമൊക്കെ ഈ കാലയളവിൽ ലഭ്യമായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് മൈനർ ഇറിഗേഷനുമായി ബന്ധപ്പെട്ട പദ്ധതിയാണ്. ഏകദേശം പതിനെട്ട് വർഷമായി മുടങ്ങിക്കിടന്ന തോട്ടുമുഖം ലിഫ്റ്റ്

ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്തതിന്റെ രണ്ടാംഘട്ട പ്രവർത്തനം പുരോഗമിച്ചുകൊണ്ടിരിക്കുന്നതിനാൽ അതിനുവേണ്ടി 50 ലക്ഷം രൂപ വകുപ്പ് അനുവദിക്കുകയുണ്ടായി. വല്ലച്ചിറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിർമ്മാണഘട്ടത്തിൽ കരാറുകാരൻ മരണപ്പെട്ടുപോയതിനാൽ അതിന്റെ ഭാഗമായുള്ള പ്രതിസന്ധികൾ പരിഹരിച്ച് മുന്നോട്ടുപോകാൻ പുതുക്കിയ എസ്റ്റിമേറ്റിന് അനുമതി നൽകി.

പുതുക്കാട് ഗ്രാമപഞ്ചായത്തിലെ ചെങ്ങലൂരുള്ള മനയ്ക്കലക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഏകദേശം 35 വർഷങ്ങൾക്കുമുമ്പ് ആരംഭിച്ച പദ്ധതിയായതിനാൽ അതിനുവേണ്ടി ഞാൻ പ്രത്യേക അഭ്യർത്ഥന നടത്തുകയാണ്. അക്കാലത്ത് ഇന്നത്തെപ്പോലെ ഇരുമ്പ് പൈപ്പുകളൊന്നുമില്ലാത്തതിനാൽ അവിടെ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ നിരവധി പറമ്പുകളിലും മറ്റും പൊട്ടുകയും അത് നന്നാക്കാൻ കഴിയാതെകിടക്കുന്നതിനാൽ വകുപ്പ് അതിനൊരു എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊടുത്തിട്ടുണ്ട്. അതനുസരിച്ച് പ്രസ്തുത പദ്ധതിയുടെ പൈപ്പും മോട്ടോറുമൊക്കെ മാറ്റി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മേജർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള ആറ്റപ്പിള്ളി റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ട് വർഷങ്ങളേറെ കഴിഞ്ഞു.

അതിന്റെ ഒരു ഘട്ടത്തിൽ അപ്രോച്ച് റോഡ് പണിത് തകർന്ന പ്രശ്നം നിരവധി ഘട്ടങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിധ്യത്തിൽ ചർച്ച നടത്തി, അതിനൊരു എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പുമന്ത്രി എന്റെ ഒരു പ്രസംഗത്തിന് മറുപടിയായി ആ പദ്ധതി നടപ്പാക്കേണ്ടതിനാൽ ആയത് നടപ്പാക്കാനാവശ്യമായ പണം നീക്കിവയ്ക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ജലവിഭവ വകുപ്പ് പ്രത്യേകമായി അതിലൊരു ഇടപെടൽ നടത്തി ആ പദ്ധതി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

തൃക്കൂർ ഗ്രാമപഞ്ചായത്തിലെ ബരദ എന്ന സ്ഥലത്ത് ഒന്നര ഏക്കർ സ്ഥലം  കാടുപിടിച്ചുകിടക്കുന്നതിനാൽ, ഇറിഗേഷൻ വകുപ്പിന്റെ ഭാഗമായുള്ള ടൂറിസം പദ്ധതിയോ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിലുള്ള ഒരു കളിസ്ഥലമോ നിർമ്മിച്ച് ആ സ്ഥലത്തെ ഉപയോഗപ്പെടുത്തണമെന്ന് പ്രത്യേകമായി അഭ്യർത്ഥിക്കുകയാണ്. അഡീഷണൽ ഇറിഗേഷന്റെ ഭാഗമായി കടവുകളും കുളങ്ങളും കെട്ടി സംരക്ഷിക്കേണ്ടതുള്ളതിനാൽ അക്കാര്യവും പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ സിവിൽ സപ്ലൈസുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളാണ് കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ അഞ്ചേകാൽ ലക്ഷം പേർക്കാണ് റേഷൻ കാർഡ് നൽകിയത്. 'അതിദരിദ്രരില്ലാത്ത കേരളം' എന്ന സർക്കാരിന്റെ പ്രഖ്യാപനം വിജയകരമാക്കാൻ, 7000-ലധികം അതിദരിദ്രർക്ക് പ്രത്യേകമായി കാർഡുകൾ വിതരണം ചെയ്യുകയും ഇതരസംസ്ഥാന അതിഥിതൊഴിലാളികൾക്ക് 'റേഷൻ റൈറ്റ് കാർഡ്' എന്ന പേരിൽ കാർഡ് നൽകുകയും ചെയ്തുകൊണ്ട് ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്ന മികച്ചപ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. ഈ സാമ്പത്തിക പ്രയാസങ്ങൾക്കിടയിലും സപ്ലൈകോയിൽ 1366 പേരുടെ നിയമനം നടത്തിയെന്നുള്ളതും വളരെ പ്രശംസനീയമാണ്. ഈ ഗവൺമെന്റിന്റെ കാലത്ത് അത് വളരെ പ്രധാനപ്പെട്ടതാണ്. കടുത്തസാമ്പത്തിക പ്രയാസങ്ങൾ അഭിമുഖീകരിക്കാൻ സർക്കാർ പ്രത്യേക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം ഇതെല്ലാം ചെയ്യുന്നത് മികച്ചപ്രവർത്തനമായാണ് നാം കാണേണ്ടത്.

(തുടരും.....)

P.20-03-2025
PT-AU
2.50-3.00

(ശ്രീ. കെ. കെ. രാമചന്ദ്രൻ തുടർച്ച..........)

ചില പ്രത്യേക പദ്ധതികൾ ഈ വകുപ്പിന്റെ ഭാഗമായിട്ടുണ്ട്. റേഷൻ വാങ്ങാൻ പോകാൻ സാധിക്കാത്ത പ്രായമായ ആളുകളുള്ള വീടുകളിൽ 'ഒപ്പം' പദ്ധതിയുടെ ഭാഗമായി ഓട്ടോറിഷ തൊഴിലാളികളുടെയും മറ്റും സഹായത്താൽ റേഷൻ സാധനങ്ങൾ അവരുടെ വീടുകളിൽ എത്തിക്കുകയാണ്. രണ്ടായിരത്തി അഞ്ഞൂറോളം വരുന്ന കെ-സ്റ്റോറുകളിലൂടെ നിത്യോപയോഗ സാധനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കാനും അതിലൂടെ മികച്ചരീതിയിൽ വിലനിലവാരം നിയന്ത്രിക്കാനുമുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇത് കുറച്ചുംകൂടി വിപുലീകരിക്കേണ്ടതുണ്ട്. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ കെ-സ്റ്റോർ പദ്ധതിയുടെ ഭാഗമായി കൊണ്ടുവരേണ്ടതുണ്ട്. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് വളരെ മികച്ച നിലയിലാണിന്ന് പ്രവർത്തിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം ശ്രീ. ലിന്റോ ജോസഫ് ഉൾപ്പെടെയുള്ള അംഗങ്ങൾ ഇവിടെ പരാമർശിക്കുകയുണ്ടായി. കേരളത്തിലെ വിദ്യാർഥികൾക്ക് വിദേശത്തുപോയി പഠിക്കുന്നതിനായി സൗകര്യങ്ങൾ ഒരുക്കുന്നു. പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെട്ട 460 പേർക്ക് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി.

പി.എസ്.സി. മുഖേന കേരളത്തിൽ ആദ്യമായാണ് ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിച്ച് ഇത്രയും പേരെ ഒരുമിച്ച് നിയമിച്ചത്. 372 യുവാക്കൾക്കും 88 യുവതികൾക്കുമാണ് പുതിയ തസ്തിക സൃഷ്ടിച്ചതിന്റെ ഭാഗമായി തൊഴിൽ ലഭിച്ചത്. 'കാട് കാക്കാൻ കാട് അറിയുന്ന കാടിന്റെ മക്കൾക്ക് പ്രത്യേക അവസരം ഒരുക്കുന്ന എൽ.ഡി.എഫ്. സർക്കാരിന് പ്രത്യേക അഭിവാദ്യങ്ങൾ. മൃഗസംരക്ഷണ വകുപ്പുൾപ്പെടെ എല്ലാവകുപ്പുകളും മികച്ച പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സഞ്ചരിക്കുന്ന മൊബൈൽ വെറ്ററിനറി സംവിധാനങ്ങൾ നടപ്പാക്കി. അതിന്റെ ഭാഗമായി 29 ബ്ലോക്കുകളിൽ പ്രത്യേകമായി ഈ പദ്ധതി നടപ്പാക്കിവരുന്നു. ആവശ്യമുള്ള ബ്ലോക്കുകളിൽ ഈ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. കൊടകര ബ്ലോക്കിലും ഈ പദ്ധതി നടപ്പാക്കാൻ തയ്യാറാകേണ്ടതുണ്ടെന്ന് അറിയിക്കുകയാണ്. മൊബൈൽ സ്കാൻ, മൊബൈൽ സർജറി, എന്നിങ്ങനെ സഞ്ചരിക്കുന്ന സംവിധാനങ്ങൾ ഒരുക്കിയിട്ടുള്ള പ്രവർത്തനങ്ങൾ മൂന്ന് ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. അത് തൃശ്ശൂർ ജില്ലയിലുംകൂടി ആരംഭിക്കേണ്ടതുണ്ട്. അതുപോലെ നായ്ക്കളെ വന്ധ്യംകരണം നടത്തി അലഞ്ഞ് തിരിയാൻ വിടാതിരിക്കാനുള്ള സംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്. അനിമൽ ബർത്ത് കൺട്രോളർ (എ.ബി.സി.) പ്രോഗ്രാം നമ്മുടെ പ്രദേശത്തും

ജില്ലയിലുമെല്ലാം നടപ്പാക്കേണ്ടതുണ്ടെന്നുകൂടി അറിയിച്ചുകൊണ്ട് ഈ വികസന പ്രവർത്തനങ്ങളുമായി കേരളത്തെ മുന്നോട്ടുനയിക്കുന്ന വിവിധ വകുപ്പുകൾക്കുവേണ്ടിയുള്ള ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

(ശ്രീ. കോവൂർ കുഞ്ഞുമോൻ)

P.20-03-2025
PT-AU
2.50-3.00

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, ധനാഭ്യർഥനകളെ പൂർണ്ണമായും അംഗീകരിക്കുകയാണ്. വലിയ പ്രതിസന്ധി ഘട്ടത്തിലൂടെയാണ് നമ്മുടെ രാജ്യവും സംസ്ഥാനവും കടന്നുപോകുന്നത്. കേരളത്തിൽ വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിൽപോലും കേരളത്തിലെ മുഴുവൻ വകുപ്പുകളും ആ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്തുകൊണ്ട് വലിയ മുന്നേറ്റത്തിലേയ്ക്ക് പോകുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമാണ് ഈ കൊച്ചുകേരളമെന്ന് വളരെ അഭിമാനത്തോടെ പറയുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക ജനവിഭാഗങ്ങൾക്ക് താങ്ങും തണലുമായി നിൽക്കുന്ന കാലഘട്ടത്തിലാണ് ഈ ധനാഭ്യർഥന ഇന്ന് ഇവിടെ ചർച്ച ചെയ്യുന്നത്. മുൻ മന്ത്രി ശ്രീ. കെ. രാധാകൃഷ്ണനും ഇപ്പോഴത്തെ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. ഒ. ആർ. കേളുവും ഈ വകുപ്പിനെ

കേരളത്തിൽ ഏറ്റവും ശ്രദ്ധേയമാക്കി മാറ്റിയെന്നത് ഒരു വസ്തുതയാണ്. യു.ഡി.എഫ്.-നുപോലും എതിർക്കാൻ കഴിയാതെ ഒരു പരാതിക്കും ഇടവരാതെ സുതാര്യതയോടെ കൊണ്ടുപോകുന്നൊരു വകുപ്പാണ് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ്. എല്ലാ മേഖലകളിലും നല്ല രീതിയിലുള്ള മാറ്റമാണ് ഈ വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളുടെ ഉന്നത വിദ്യാഭ്യാസത്തിന് വലിയ സംഭാവനയാണ് കേരളം നൽകുന്നത്. ഒരുകാലത്തുമില്ലാത്ത തരത്തിൽ പട്ടികജാതി മേഖലയിൽ നിന്നുള്ളവർക്ക് വിമാനം ഓടിക്കാനുള്ള സാഹചര്യം കേരളത്തിൽ സംജാതമായത് ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിക്കുന്നതുകൊണ്ടാണ്. പട്ടികജാതി വിഭാഗത്തിലുള്ള എത്ര പൈലറ്റുമാരാണ് ഇന്ന് വിമാനം പറത്തുന്നത്. മുമ്പത്തെ കാലഘട്ടത്തിലൊന്നും ഇത്തരം സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. ശ്രീ. എ. പി. അനിൽ കുമാർ, അങ്ങയുടെ കാലഘട്ടത്തിലും ഇത്തരം കാര്യങ്ങൾ ഇല്ലായിരുന്നു. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട അംഗമായിരുന്ന ശ്രീ. എ. പി. അനിൽ കുമാർ. അദ്ദേഹം മന്ത്രിയായി പ്രവർത്തിച്ച ഘട്ടങ്ങളിൽ ആ വകുപ്പിനെ ഏറ്റവും ശ്രദ്ധേയമാക്കി. ഇക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ

പ്രത്യേകം അഭിനന്ദിക്കുകയാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക വകുപ്പുമന്ത്രിമാർ ഉണ്ടായിരുന്നു. ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഇവിടെ ഇരിക്കുന്നതുകൊണ്ടാണ് ഇത് പറയുന്നത്. പട്ടികവർഗ്ഗ വകുപ്പിൽ അന്നൊരു മന്ത്രിയുണ്ടായിരുന്നു. അവരുടെ ഭരണകാലത്ത് ഒരു പ്രവർത്തനങ്ങളും നടന്നില്ല. അന്ന് വകുപ്പിന് ലഭ്യമായ ഫണ്ടുകളെല്ലാം ലാപ്സായിപ്പോയി. പക്ഷെ പട്ടികജാതി വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. പി. അനിൽ കുമാർ എല്ലാ ഫണ്ടും ഉപയോഗപ്പെടുത്തി. ഇക്കാര്യം ഞാൻ വളരെ അഭിമാനത്തോടെ പറയുകയാണ്. ഞാൻ എൽ.ഡി.എഫ്.-ന്റെ ഭാഗത്തുള്ള ആളാണെങ്കിൽപോലും ചെയ്ത കാര്യം ചെയ്തില്ലെന്ന് പറയുന്നത് ശരിയല്ല. മന്ത്രിമാരായ ശ്രീ. റോഷി അഗസ്റ്റിനും ശ്രീ. കെ. ബി. ഗണേഷ് കുമാറും ശ്രീ. വി. ഡി. സതീശനും ശ്രീ. മഞ്ഞളാംകുഴി അലിയും ശ്രീ. എ. പി. അനിൽ കുമാറും ഞാനും 2001-ൽ കേരള നിയമസഭയിലേയ്ക്ക് ആദ്യമായി ചെറുപ്പക്കാരായി കടന്നുവന്നപ്പോൾ ഞങ്ങൾ ഒറ്റക്കെട്ടായി നിൽക്കുമായിരുന്നു. അന്നും ഇന്നും ആ സാഹോദര്യബന്ധം ഞങ്ങൾ ഊട്ടി ഉറപ്പിക്കുകയാണ്. അക്കാര്യത്തിൽ ഒരു മാറ്റവുമില്ല. ഇതെല്ലാം ഞാൻ കാത്തുസൂക്ഷിക്കുന്ന ആളാണ്. പക്ഷേ രാഷ്ട്രീയം പറഞ്ഞാൽ ഞാനും

രാഷ്ട്രീയം പറയും. അതാണ് എന്റെ പ്രത്യേകത. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കൊടിക്കീഴിൽ മത്സരിച്ചുകൊണ്ടാണ് ഞാൻ അഞ്ച് തവണ എം.എൽ.എ. ആയത്. അതുകൊണ്ട് ആ പ്രതിബദ്ധതയോടെയാണ് ഞാൻ നിയമസഭയിൽ സാധാരണ സംസാരിക്കാറുള്ളത്.

എനിക്ക് ഒന്നുരണ്ട് നിർദ്ദേശങ്ങൾ പറയാനുള്ളത്, കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികളുടെ പഠന സൗകര്യവുമായി ബന്ധപ്പെട്ട് 'ക്വാളിറ്റി എഡ്യൂക്കേഷൻ' വേണമെന്നാണ് ഞാനും നിങ്ങളും ആഗ്രഹിക്കുന്നത്. രണ്ടുലക്ഷം രൂപയാണ് 'പഠനമുറി'ക്കുവേണ്ടി സംസ്ഥാന ഗവൺമെന്റ് മാറ്റിവച്ചിട്ടുള്ളത്. ഇത് ധാരാളം കുട്ടികൾക്ക് ആശ്വാസമാകുന്നുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ വീട്ടിൽ മറ്റൊരു പഠന റൂം ഒരുക്കുന്നതിനുള്ള സംവിധാനമില്ലായിരുന്നു. ഇപ്പോൾ അത് ഒരുക്കിക്കൊണ്ടാണ് കേരളത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി വളരെ നല്ല നിലയിലുള്ള പ്രവർത്തനം നടത്തുന്നത്. പട്ടികജാതി പ്രൊമോട്ടർമാർ ഇപ്പോൾ ഹോം സർവെ നടത്തുകയാണ്. ഇങ്ങനെ ഹോം സർവെ നടത്തുമ്പോൾ ഒരു കാലത്തുമില്ലാത്ത തരത്തിൽ ധാരാളം ചോദ്യങ്ങൾ ചോദിക്കേണ്ടതായി

വരുന്നു. ആസൂത്രണ കമ്മീഷനാണെന്നുതോന്നുന്നു ഈ ചോദ്യങ്ങൾ ശരിയാക്കിയത്. 288 ചോദ്യമാണ് ഒരു പട്ടികജാതി പ്രൊമോട്ടർ വീടുകളിൽ ചെന്ന് ചോദിക്കേണ്ടത്. അവർക്ക് ടാബില്ലാത്തതിനാൽ അവരുടെ മൊബൈൽ ഫോൺ ഉപയോഗിച്ചാണ് ഇത്തരം കാര്യങ്ങൾ ചെയ്യേണ്ടത്. ഒരു വീട്ടിൽ സർവെ നടത്തുന്നതിന് അവർക്ക് വെറും 10 രൂപയാണ് ലഭിക്കുന്നത്. ഒരു വീട്ടിൽ സർവെ നടത്താൻ ഏകദേശം മൂന്ന് മണിക്കൂർ വേണ്ടിവരും. ആദ്യഘട്ടം പോകുമ്പോൾ കുടുംബനാഥൻ ഇല്ലെങ്കിൽ അടുത്ത ആഴ്ച വീണ്ടും അവിടെ പോകേണ്ട അവസ്ഥയുണ്ടാകാറുണ്ട്. ഞാൻ പറഞ്ഞ കാര്യങ്ങളെല്ലാം ശ്രദ്ധേയമാണ്. അങ്ങയുടെ ഒരു മീറ്റിങ്ങിൽ ഞാൻ ഇക്കാര്യങ്ങളെല്ലാം പറഞ്ഞതാണ്. പട്ടികജാതി പ്രൊമോട്ടർമാരുടെ ഓണറേറിയം വർധിപ്പിക്കണം. അതുപോലെ 287 ചോദ്യങ്ങൾ ചോദിക്കണമെന്ന വ്യവസ്ഥയിൽനിന്നും അത് ചുരുക്കണം. ഹോസ്റ്റലിൽനിന്ന് പഠിക്കുന്ന കുട്ടികളുടെ അലവൻസ് വർധിപ്പിക്കണം. വർഷങ്ങൾക്കുമുമ്പ് നൽകിക്കൊണ്ടിരുന്ന അലവൻസാണ് ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നത്. അതും വർധിപ്പിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. സമൂഹത്തിന്റെ ഏറ്റവും പിന്നണിയിൽ കഴിഞ്ഞിരുന്ന ഒരുവലിയ വിഭാഗത്തെ ഉയർത്തിക്കൊണ്ടുവരാൻ

കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കാട്ടിയ നല്ല പ്രവർത്തനത്തിന്റെ ഭാഗമായാണ് അവർക്ക് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്താൻ സാധിച്ചത്. അതിൽ പ്രധാനപ്പെട്ട കുറച്ച് സാമൂഹ്യ പരിഷ്കർത്താക്കളുണ്ട്. അവരെ നമുക്ക് മറക്കാൻ സാധിക്കില്ല. ശ്രീനാരായണ ഗുരുദേവനും മന്നത്തു പത്മനാഭനും ചട്ടമ്പി സ്വാമി തിരുവടികളും മഹാത്മാ അയ്യങ്കാളിയും സി. കേശവനും ഡോ. പി. പൽപ്പുവും വക്കം അബ്ദുൽ ഖാദർ മൗലവിയും ഉൾപ്പെടെയുള്ളവർ ഈ സംസ്ഥാനത്ത് നടത്തിയ പ്രവർത്തനത്തിന്റെ പരിണിത ഫലമായാണ് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗങ്ങൾക്ക് ഈ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്താൻ കഴിഞ്ഞതെന്ന് വളരെ അഭിമാനത്തോടെ പറയാൻ ഞാനാഗ്രഹിക്കുകയാണ്.

(തുടരും....)

P 20-03-2025
BL-UL-2
03.00-03.10
SN

(ശ്രീ. കോവൂർ കുഞ്ഞുമോൻ...തുടർച്ച)

പട്ടികജാതി, ഈഴവ ജാതി പിന്നാക്ക വിഭാഗങ്ങൾ കേരളത്തിലെ പല ക്ഷേത്രങ്ങളിലും ഇന്ന് പൂജ നടത്തുന്നു. പണ്ട് ബ്രാഹ്മണർക്കുമാത്രം

തീറെഴുതിക്കൊടുത്തിരുന്ന ആ മേഖലയിൽ ഇന്ന് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരും ഈഴവ ജാതിയിലുമുള്ള കുട്ടികൾ അത് പഠിച്ച് പല ക്ഷേത്രങ്ങളിലും പൂജ നടത്തുകയാണ്. നിങ്ങൾ അത് മനസ്സിലാക്കാൻ വേണ്ടിയാണ് പറഞ്ഞത്. ആ സിസ്റ്റം കേരളത്തിലുണ്ടാക്കിയെടുത്തത് ആരാണ്; യു.ഡി.എഫ്. ആണോ? ഇന്ന് കേരളം ഭരിക്കുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയായതുകൊണ്ടാണ് നമുക്കാർക്കും തിരിഞ്ഞുനോക്കാൻ സാധിക്കാത്ത മേഖലയിൽ, അമ്പലത്തിന്റെ അകത്തളങ്ങളിൽ വിഗ്രഹമേതായാലും അതിനെ പൂജിക്കാനുള്ള അവകാശം പിന്നാക്കവിഭാഗങ്ങൾക്ക് നൽകികൊണ്ടുള്ള മാറ്റം സംഭവ്യമായത്. ഇതിന് എതിരഭിപ്രായം എന്തെങ്കിലുമുണ്ടെങ്കിൽ മുൻമന്ത്രി കൂടിയായിരുന്ന ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാറിന് ഏറ്റവും അവസാനം എന്നെ ഖണ്ഡിച്ച് സംസാരിക്കാം. ഇതിലൊന്നും ഒരു പ്രശ്നവുമുള്ള ആളല്ല അദ്ദേഹംമെന്ന് എനിക്കറിയാം.

രാജ്യത്തെ ഏറ്റവും മികച്ച പൊതുവിതരണ സംവിധാനമാണ് കേരളത്തിലേത്. മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളുടെ പൊതുവിതരണ ശൃംഖലയുമായി പരിശോധിച്ചുനോക്കിയാൽ കൊച്ചുകേരളമാണ് മെച്ചപ്പെട്ട തലത്തിൽ പോകുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇടതുസർക്കാർ

വന്നതിനുശേഷമാണ് കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മുൻഗണന നൽകിക്കൊണ്ട് റേഷൻകടകൾ നടത്താനുള്ള ലൈസൻസ് നൽകിയത്. എസ്.സി. വിഭാഗങ്ങൾക്ക് 119-ഉം എസ്.ടി. വിഭാഗങ്ങൾക്ക് 118-ഉം അംഗവൈകല്യം സംഭവിച്ചവർക്ക് 41-ഉം ആയിരുന്നു. കൂടാതെ, കേരളത്തിലെ 13 ജില്ലകളിലെ 137 ഊരുകളിൽ കിലോമീറ്ററുകൾ താണ്ടി ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്ന സൗകര്യവും നിലവിലുണ്ട്. എന്നാൽ ശ്രീമതി ജെ. ചിഞ്ചുറാണി മിനിസ്റ്ററുടെയും ശ്രീ. പി. എസ്. സുപാലിന്റെയും എന്റേയും ജില്ലയായ കൊല്ലത്തെ പതിനാലാമത്തെ ജില്ലയെന്ന നിലയിൽ പരിഗണിക്കണം. ഈ ജില്ലയിൽ ഉൾപ്പെടുന്ന കടയ്ക്കലും ചടയമംഗലത്തും പുനലൂരും കുളത്തുപ്പുഴയിലും ധാരാളം ഊരുകളുണ്ട്. അവിടെയും ഭക്ഷ്യധാന്യങ്ങൾ എത്തിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് ഈ അവസരത്തിൽ സൂചിപ്പിക്കുന്നു.

സമയപരിമിതിമൂലം എല്ലാ വകുപ്പുകളെയും സംബന്ധിച്ച് എപ്രകാരം സംസാരിക്കണമെന്ന് അറിയില്ല. പലപ്പോഴും യു.ഡി.എഫ്. കളിയാക്കുന്നുണ്ടെങ്കിലും ഇന്ത്യയിൽ കുടിവെള്ള പദ്ധതി ഏറ്റവും നന്നായി നടക്കുന്നത് കേരളത്തിലാണ്. ഇന്ത്യയിൽ നടപ്പാക്കിയ മെഗാ പ്രോജക്ടാണ് ജെ.ജെ.എം. (Jal Jeevan Mission) പദ്ധതി. അത് കേരളത്തിലാണ് ഏറ്റവും

നന്നായി നടക്കുന്നതെന്ന് വളരെ അഭിമാനത്തോടുകൂടി പറയാം. അതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റോഷി അഗസ്റ്റിനെ ഈ അവസരത്തിൽ അഭിനന്ദിക്കുന്നു. എന്റെ മണ്ഡലത്തിൽ 10 പഞ്ചായത്തുകളാണുള്ളത്. അവയിൽ 317.98 കോടി രൂപയുടെ പ്രവർത്തങ്ങളാണ് നടത്തുന്നത്. ഞാൻ മോണിറ്ററിംഗ് നടത്തുന്നതിനാൽ വളരെ സുതാര്യമായിട്ടാണ് അവിടത്തെ പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് എനിക്ക് വ്യക്തമാണ്. കഴിഞ്ഞദിവസവും മീറ്റിങ് നടത്തി, വളരെ സുതാര്യവും സംശുദ്ധവുമായ നിലയിലാണ് അവിടത്തെ പ്രവർത്തനങ്ങൾ. ഇപ്പോൾ വരൾച്ചയായതിനാൽ കനാലുകളിൽ വെള്ളം ഒഴുക്കിവിടാൻ സാധിക്കുന്നില്ല. എന്റെ മേഖലയിൽ മാത്രമല്ല, കേരളത്തിൽ മിക്കയിടത്തും ഈ വിഷയം നിലനിൽക്കുന്നുണ്ട്. കെ.ഐ.പി. (Kallada Irrigation Project) കനാലുകളിൽ വലിയ വൃക്ഷങ്ങൾ വളർന്നുനിൽക്കുന്നതിനാൽ ഡാമിൽനിന്നും തുറന്നുവിടുന്ന വെള്ളം സുതാര്യമായി കൊണ്ടുപോകാൻ കഴിയാത്ത സ്ഥിതിയാണ്. അത് ശ്രദ്ധിക്കണം. വരൾച്ചാക്കാലത്ത് കനാലുകൾ തുറന്നാൽ മാത്രമേ നീരുറവകളുണ്ടായി കിണറുകളിൽ വെള്ളം വരുകയുള്ളൂ. അക്കാര്യത്തിലൂടെ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയും.

2025-26 സാമ്പത്തിക വർഷത്തിൽ 309 കോടി രൂപയാണ് മൃഗസംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ വകയിരുത്തിയിരിക്കുന്നത്. മൃഗസംരക്ഷണ മേഖലയിലും ക്ഷീര മേഖലയിലും വിപ്ലവകരമായ മാറ്റമാണ് കേരളത്തിലുണ്ടായിക്കൊണ്ടിരിക്കുന്നത്. പണ്ട് രണ്ട് പശുക്കളെ വളർത്തുന്നവരുണ്ടായിരുന്നു. ഇപ്പോൾ അതെല്ലാം മാറി. ഇപ്പോൾ അഞ്ച്, പത്ത് എന്നിങ്ങനെ അമ്പത് പശുക്കളെ വളർത്തുന്നവരുണ്ട്, അതുവഴി ഈ മേഖലയെ കൂടുതൽ പുഷ്ടിപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണം. ഇപ്പോഴും ശ്രീ. കെ. പി. മോഹനനെപോലുള്ള 75 വയസ്സ് കഴിഞ്ഞവരാണ് പശുക്കളെ വളർത്തുന്നത്. ഈ മേഖലയിലേയ്ക്ക് കൂടുതൽ യുവതീയുവാക്കൾ കടന്നുവരണം. ക്ഷീര മേഖലയിൽ തൊഴിൽചെയ്യുന്ന, ഒരു ദിവസം 15 ലിറ്റർ പാൽ സംഭരിക്കുന്ന കർഷകരെ ദേശീയ ഗ്രാമീണ പദ്ധതിയിലുൾപ്പെടുത്തണം. അതിലൂടെ കേരളത്തിലെ ക്ഷീരമേഖലയെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കും. കേരളത്തിലെ എല്ലാ വകുപ്പുകളും പ്രോജ്വലമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. നിങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ പ്രവർത്തനങ്ങൾക്കെല്ലാം ഒരു നിയമസഭാംഗമെന്ന നിലയിൽ എല്ലാവിധ ഹൃദയാഭിവാദ്യങ്ങൾ ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(ശ്രീ. കെ. ഡി. പ്രസേനൻ)

P 20-03-2025
BL-UL-2
03.00-03.10

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഞാൻ ഈ നിയമസഭാ മന്ദിരത്തെ നമിക്കുകയാണ്. നട്ടാൽ മുളയ്ക്കാത്ത നുണ ബോംബുകളുടെ റോക്കറ്റുകൾ പ്രതിപക്ഷ കസേരകളിൽനിന്നും ഇടതടവില്ലാതെ വിക്ഷേപിച്ചിട്ടും പിടിച്ചുനിൽക്കുന്ന മന്ദിരമേ, നിനക്ക് വന്ദനം. ഇന്നത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം മുതൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രതിപക്ഷ ചർച്ചകളിൽവരെ നമ്മൾ കേൾക്കേണ്ടി വരുന്ന പച്ചക്കള്ളങ്ങൾക്ക് ഏത് ദൈവംതമ്പുരാൻ വിചാരിച്ചാലാണ് വിരാമമിടാൻ കഴിയുകയെന്ന് ഞാൻ ആശങ്കപ്പെടുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി എം. ജോൺ ഈ ചർച്ച ആരംഭിച്ചപ്പോൾത്തന്നെ കിഫ്ബി പണംകൊണ്ട് നിർമ്മിച്ച പൊതുവിദ്യാലയങ്ങളിലും പൊതുജനാരോഗ്യ കേന്ദ്രങ്ങളിലും എസ്.സി./എസ്.ടി. വിഭാഗങ്ങളെ പ്രവേശിപ്പിക്കുന്നില്ലായെന്ന പച്ചക്കള്ളമാണ് ശതമാനക്കണക്കുകൾ വച്ചുകൊണ്ട് ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. അപ്രകാരം പറയാൻ പാടുണ്ടോ; വള്ളിക്കുന്ന് എം.എൽ.എ.-യായ ശ്രീ. പി. അബ്ദുൽ ഹമീദാണ്

അതിനുശേഷം പ്രതിപക്ഷ ഭാഗത്തുനിന്നും സംസാരിച്ചത്. സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് മന്ത്രി ശ്രീമതി വീണാ ജോർജ്ജ് പറഞ്ഞത് സത്യമാണെന്ന് സ്ഥാപിച്ച് 5 മിനിട്ടിനകമാണ് 50 കോടി രൂപയുടെ റോഡ് പാക്കേജ് വള്ളിക്കുന്ന് മണ്ഡലത്തിൽ ആവശ്യമാണെന്നും പിന്നെയും തുക ബാക്കിയുണ്ടെങ്കിൽ, അതുകൊണ്ട് അണക്കെട്ടും പാലവും കൂടി നിർമ്മിക്കണമെന്നുമുള്ള അഭ്യർത്ഥനകൾകേട്ട് ഞാൻ അന്തംവിട്ടുപോകുകയാണ്. അതുപോലെ ജലവിഭവ വകുപ്പിനെതിരെ അദ്ദേഹം ഉന്നയിച്ച ആക്ഷേപങ്ങളെല്ലാംതന്നെ തുടർന്നുള്ള അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ ജലരേഖയായി മാറിപ്പോകുന്നത് കാണാൻ സാധിക്കും. പിന്നെ പ്രസ്താവനകൾ ഉന്നയിച്ചത് ന്യൂനപക്ഷ വകുപ്പിനെയാണ്. സർക്കാർ ന്യൂനപക്ഷ സ്കോളർഷിപ്പുകളെല്ലാം വെട്ടിക്കുറച്ചുവെന്ന് ചില കണക്കുകളുടെ സഹായത്താൽ ആരോപിച്ചു. നവ മാധ്യമങ്ങളിലെ വീഡിയോകളിൽനിന്നും കട്ട് ചെയ്താണല്ലോ പല പ്രസംഗങ്ങളും നടത്തുന്നത്. പാർലമെന്റ് പ്രസംഗത്തിൽ പ്രതിപക്ഷാംഗങ്ങളിലാരോ അവതരിപ്പിച്ച കണക്ക് വെട്ടിയെടുത്തുകൊണ്ടുവന്ന് സഭ മാറി സഭ്യമല്ലാതെ പറഞ്ഞുപോയതാണ് എന്നാണ് ആ വിഷയത്തെ സംബന്ധിച്ച് ഞാൻ കരുതുന്നത്.

വിവിധ വകുപ്പുകളുടെ ധനാഭ്യർത്ഥനകൾ നമ്മുടെ മുമ്പിലുണ്ട്. അതിൽ

ഭക്ഷ്യ വകുപ്പ് നമ്മെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ടതാണ്. രാജ്യത്തെ മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് എല്ലാവർക്കും റേഷൻകാർഡുള്ള സംസ്ഥാനമാണ് കേരളം. 520563 റേഷൻ കാർഡുകളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് അനുവദിക്കപ്പെട്ടത്. വിശപ്പുരഹിത കേരളം എന്ന സ്വപ്ന സാക്ഷാത്കാരത്തിനായി 20 രൂപയുടെ സുഭിക്ഷമായ ഭക്ഷണവുമായി കയറിവന്ന വകുപ്പാണ് നമ്മുടെ ഭക്ഷ്യവിതരണ വകുപ്പ്.

നെല്ല് സംഭരണം പാലക്കാടിനെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒരു ജീവൽപ്രശ്നം കൂടിയാണ്. അതിൽ ഏറ്റവും നല്ലനിലയിൽ ഇടപെടൽ നടത്തുന്നൊരു സർക്കാരാണ് ഇടതുപക്ഷ സർക്കാർ. ഇടതുപക്ഷ സർക്കാരിന്റെ കാലത്തുമാത്രമാണ് നെൽകർഷകരെ ഇത്രയധികം പരിഗണിച്ചത്. രാജ്യത്ത് ഏറ്റവും കൂടുതൽ വില നൽകുന്നു എന്നതിൽ മാത്രമല്ല, സംഭരണച്ചുമതല സംസ്ഥാന സർക്കാർ നേരിട്ട് ഏറ്റെടുത്ത്, സിവിൽ സപ്ലൈസ് വകുപ്പ് മുഖാന്തരം പ്രവർത്തനങ്ങൾ ഭംഗിയായി നിർവഹിച്ചുപോകുകയാണ്. പല സംസ്ഥാനങ്ങളിലും സ്വകാര്യ ഏജൻസികൾക്ക് നൽകുന്നതുപോലെ ഇവിടെയും കേന്ദ്ര ഏജൻസികൾക്ക് കൈമാറ്റം ചെയ്യാനുള്ള അട്ടിമറിക്കായി പരിശ്രമം നടക്കുകയാണ്. ആ കെണിയിൽ നമ്മൾ പെടാതിരിക്കാൻ ശ്രദ്ധിക്കണം. സംഭരിക്കുന്ന

സമയത്തുതന്നെ അതിന്റെ വില നൽകാനുള്ള സംവിധാനമുണ്ടാക്കുകയാണ് പ്രധാനമായും ചെയ്യേണ്ടത്. കാലാനുസൃതമായ വിലവർധനവ് കേന്ദ്രസർക്കാർ വരുത്തുന്നില്ല. വില നൽകാനും ഭക്ഷ്യധാന്യം സംഭരിക്കാനും അവർക്ക് മാത്രമേ അധികാരമുള്ളൂ. നമ്മൾ ഇൻസെന്റീവായാണ് നൽകുന്നത്. പക്ഷെ കേന്ദ്രം അങ്ങനെ തരില്ല എന്നിരിക്കിലും നമ്മൾ അതിനെ കണ്ടുകൊണ്ട് സംസ്ഥാനത്തിന് സ്വതന്ത്രമായി പ്രത്യേക സാമ്പത്തികപിന്തുണ ഉറപ്പാക്കാനും കാലാനുസൃതമായ വിലവർധനവ് ഇൻസെന്റീവായോ അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിലോ നൽകാനും സാധിക്കുമോ എന്ന് പരിശോധന നടത്തേണ്ടതുണ്ട്.

അരികുവൽക്കരിക്കപ്പെട്ട സമൂഹത്തെ ഉന്നതിയിലേക്കുയർത്തുന്ന ലക്ഷ്യബോധത്തോടുകൂടിയാണ് ഈ സർക്കാർ മുന്നേറിക്കൊണ്ടിരിക്കുന്നത്. ഭൂരഹിതരില്ലാത്ത കേരളമെന്ന സ്വപ്നത്തിൽ ആദ്യം സഫലമാവുക അടിസ്ഥാന ജനവിഭാഗത്തിന്റെ സ്വപ്നമായിരിക്കുമെന്ന ഉറപ്പാണ് എൽ.ഡി.എഫ്. നൽകിയിട്ടുള്ളത്. അത് പാലിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. എല്ലാ പട്ടികവർഗ വിഭാഗങ്ങൾക്കും ഭൂമിയുള്ള ഇന്ത്യയിലെ ഏക ജില്ലയും, ആദ്യത്തെ ജില്ലയും എന്ന നേട്ടത്തോടെ കേരള തലസ്ഥാനമായ തിരുവനന്തപുരം മാറിയതിനെ

സംബന്ധിച്ച് ഇവിടെ പല എം.എൽ.എ.-മാരും നേരത്തെ സൂചിപ്പിച്ചു. അത് മാറിയതല്ല. ഈ ജില്ലയെ അത്തരത്തിൽ മാറ്റിയതാണ്. ആ മാറ്റിയ മുന്നണിയുടെ പേര് എൽ.ഡി.എഫ്. ആണ് മാറ്റിയ മുഖ്യമന്ത്രിയുടെ പേര് ശ്രീ. പിണറായി വിജയൻ എന്നുമാണ്. ഇന്നല്ലെങ്കിൽ നാളെ ചരിത്രം ഇത് രേഖപ്പെടുത്തും.

എസ്.സി./എസ്.ടി. വിദ്യാർഥികൾക്കായി നിരവധി പദ്ധതികൾ ആവിഷ്കരിച്ചുപോകുന്ന ഒരു സർക്കാരാണിത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് തകർന്നുവീഴാനിരുന്ന 17829 ഭവനങ്ങൾ നവീകരിച്ച് ഇന്നവിടെ ജീവൻ നിലനിർത്താൻ വേണ്ടിയുള്ള സേഫ് പദ്ധതി നടപ്പാക്കിയത് ഈ ഗവൺമെന്റാണെന്ന് പ്രതിപക്ഷം ഓർക്കണം. പതിനഞ്ച് ലക്ഷത്തിലധികം വിദ്യാർഥികൾക്ക് എല്ലാവർഷവും സ്കോളർഷിപ്പ് അനുവദിക്കുന്ന ഈ ഗവൺമെന്റ്, കേന്ദ്രസർക്കാർ സാമ്പത്തിക ഉപരോധം നടപ്പാക്കുമ്പോഴും കാലോചിതമായ സ്കോളർഷിപ്പുകൾ പരിഷ്കരിക്കുമെന്നാണ് ഞങ്ങൾ പ്രഖ്യാപിക്കുന്നത്. ഇത് കേരളത്തിൽ അല്ലാതെ മറ്റെവിടെയാണ് കേൾക്കാൻ കഴിയുന്നത്; കോൺഗ്രസ് ഭരിക്കുന്ന ഏതെങ്കിലും നാട്ടിൽ ഈ വാദം മുന്നോട്ടുവയ്ക്കാൻ സാധിക്കുമോ?

(തുടരും)

P 20.03.2025
TB - UL(II)
3.10 - 3.20

(ശ്രീ. കെ. ഡി. പ്രസേനൻ തുടർച്ച.......)

തദ്ദേശസ്വയംഭരണ വകുപ്പിൽ 500 പട്ടികജാതി വിഭാഗക്കാരെ അക്രഡിറ്റഡ് എഞ്ചിനീയർമാരായി നിയമിച്ചതും പാരാമെഡിക്കൽ കോഴ്സ് പൂർത്തിയാക്കിയ 400 പട്ടികജാതിക്കാരെയും 250 പട്ടികവർഗക്കാരെയും ആരോഗ്യ വകുപ്പിൽ നിയമിച്ചതും പി.എസ്.സി. സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ 500 പട്ടികവർഗ വിഭാഗക്കാരെ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരായി നിയമിച്ചതും ഈ സർക്കാരാണ്. കാടിന്റെ മക്കൾ കാടിന്റെ കാവൽക്കാരും നാടിന്റെ നേരവകാശികളുമാണെന്ന് പ്രഖ്യാപിക്കുന്ന പദ്ധതികളാണ് ഈ വകുപ്പിന്റെ നേതൃത്വത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ജലത്തിന് വേണ്ടിയായിരിക്കും വരാനിരിക്കുന്ന ലോകമഹായുദ്ധമെന്നാണ് സാമൂഹ്യ ശാസ്ത്രജ്ഞന്മാരുടെ പ്രവചനങ്ങൾ. അത് സത്യമായാലും ഇല്ലെങ്കിലും ഒരു കാര്യം ഉറപ്പാണ് കേരളത്തിലാരും കുടിവെള്ളത്തിനുവേണ്ടി യുദ്ധം ചെയ്യേണ്ടിവരില്ലെന്ന പ്രഖ്യാപനമാണ് ജലവിഭവ വകുപ്പിന്റെ വർത്തമാന കാല പ്രവർത്തനങ്ങൾ സൂചിപ്പിക്കുന്നത്. എല്ലാ വീടുകളിലും കുടിവെള്ളം ഉറപ്പുവരുത്താൻ വിവിധ പദ്ധതികളിലൂടെ

കേരളം കുതിക്കുകയാണ്. ജൽ ജീവൻ മിഷന്റെ കണക്കുകൾ ഞാൻ പറയുന്നില്ല. അമൃത്, കിഫ്ബി, സംസ്ഥാന പ്ലാൻ, റീബിൽഡ് കേരള എന്നീ പദ്ധതികളിലൂടെ ലക്ഷക്കണക്കിന് കുടുംബങ്ങളിൽ കുടിവെള്ളം എത്തിക്കാനുള്ള പ്രവർത്തനവുമായാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. കാലംതെറ്റി കലിതുള്ളി പെയ്തിറങ്ങുന്ന പെരുമഴയുടെ കുത്തൊഴുക്കിനെ കുടിവെള്ളമായി മാറ്റാൻ ഡാമുകളുടെ സംഭരണശേഷി കൂട്ടുന്നതിന് ഈ സർക്കാർ പദ്ധതിയുണ്ടാക്കി. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തുതന്നെ തുടങ്ങിയ പദ്ധതിയാണിത്. ഇപ്പോൾ രണ്ടാം പിണറായി സർക്കാർ പാലക്കാട്ടെ ചുള്ളിയാർ ഡാമിലും തലസ്ഥാന ജില്ലയായ തിരുവനന്തപുരത്തെ അരുവിക്കര ഡാമിലും ചെളിയും മണലും നീക്കം ചെയ്യുന്ന നടപടികൾ അതിവേഗം പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഘട്ടത്തിൽ ഒന്നാം പിണറായി സർക്കാർ ആരംഭിച്ച പൈലറ്റ് പദ്ധതിയായ മംഗലം ഡാമിലെ പദ്ധതി നിലച്ചുപോയിരിക്കുകയാണ്. അത് അടിയന്തരമായി പുനരാരംഭിക്കാൻ നേതൃത്വം നൽകേണ്ടതാണ്.

മൃഗസംരക്ഷണ വകുപ്പിന്റെ ഏറ്റവും ഉജ്ജ്വലമായ ഇടപെടൽ എന്നുപറയുന്നത് ഫാം ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികളാണ്. ആ നൂലാമാലകളെല്ലാം മാറ്റി ഇന്ന് കർഷകർക്ക് അവരുടെ വളർത്തുമൃഗങ്ങളെ

പരിപാലിക്കാൻ സാധിക്കുന്ന അവസ്ഥാവിശേഷമുണ്ടായിട്ടുണ്ട്. മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം വിവിധ ബ്ലോക്കുകളിലേയ്ക്ക് വ്യാപിപ്പിക്കുന്ന വേളയിൽ അത് ആലത്തൂരിലേയ്ക്കും വ്യാപിപ്പിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. പിണറായി സർക്കാരിന്റെ കാലത്ത് സമാനതകളില്ലാത്ത സാമൂഹ്യമുന്നേറ്റം സാധ്യമാക്കിയ കേരളം നവ ലോകത്തെ നവീനതകളുടെ പറുദീസയായി അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്. ദുരിതപൂർണ്ണമായിരുന്ന യു.ഡി.എഫ്. കാലഘട്ടത്തെ അതിജീവിച്ച കേരളം മഹാമാരികളെയും മറക്കാനാകാത്ത മഹാപ്രളയത്തെയും മറികടന്നത് ഇതേ പിണറായി സർക്കാരിന്റെ കാലത്തായിരുന്നു. അതിന് ആവശ്യമായ ഊർജവും ഉത്തേജനവും ഞങ്ങൾക്ക് നൽകിയത് ഈ നാടും നാട്ടുകാരുമാണ്. അതേ നാട്ടുകാർ നവ കേരളത്തിനായി നിലയുറപ്പിച്ചിരിക്കുന്നത് പിണറായി സർക്കാർ തീർക്കുന്ന പുതുവഴികളിലാണ്. അത്തരം നവ കേരളത്തിനായുള്ള പുതുവഴികളിൽ കേന്ദ്ര ബി.ജെ.പി. സർക്കാരും കേരളത്തിലെ പ്രതിപക്ഷവും മാർഗം മുടക്കി കിടന്നാൽ കിടന്ന കിടപ്പിൽ നിങ്ങൾക്ക് പുത്തൻ ടേക്ക് ഓഫിലൂടെ പറന്നുയർന്ന മലയാള നാടിന്റെ വികസന വിമാനത്തെ ഇനിയും കാണാമെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി

പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

(ശ്രീ. എൻ. ഷംസുദ്ദീൻ)

P 20.03.2025
TB - UL(II)
3.10 - 3.20

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇന്നത്തെ ധനാഭ്യർത്ഥനകളിലൊന്ന് പട്ടിക ജാതി/പട്ടികവർഗ വികസനം സംബന്ധിച്ചാണ്. ഏതൊരു ഭരണകൂടവും ആ നാട്ടിലെ അധസ്ഥിത, പീഡിത, പിന്നാക്ക, ന്യൂനപക്ഷ ജനവിഭാഗങ്ങളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളാണ് പരിഗണനയിൽ കൊണ്ടുവരേണ്ടത്. എന്നാൽ നമ്മുടെ സംസ്ഥാനത്ത് എസ്.സി./എസ്.ടി., മൈനോറിറ്റി വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമത്തിനായി രൂപീകരിച്ച പദ്ധതികൾ അവതാളത്തിലാണ്. പദ്ധതി വിഹിതത്തിന്റെ നിശ്ചിത ശതമാനം പട്ടിക ജാതി/പട്ടികവർഗ ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണമെന്നുള്ളത് ഭരണഘടനാപരമായ തത്വമാണ്. അതിന്റെയടിസ്ഥാനത്തിലാണ് എസ്.സി.പി./ടി.എസ്.പി. പദ്ധതികൾ രൂപംകൊണ്ടത്. സംസ്ഥാനത്ത് ബജറ്റിന് പുറത്ത് Borrowings ഉള്ളതുകൊണ്ട് ബജറ്റിന്റെ സൈസ് കുറഞ്ഞുവരികയാണ്. ഈ സാഹചര്യത്തിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ന്യായമായി

ലഭിക്കേണ്ട വിഹിതം ലഭിക്കാത്ത സ്ഥിതിയാണ്. അക്കാര്യങ്ങൾ നിയമസഭയിൽ ചൂണ്ടിക്കാണിച്ചപ്പോൾ എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെ ഭരണകക്ഷിയിലുള്ള അംഗങ്ങൾ പറയുന്നത് ഇവിടെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡിലൂടെയും പാലത്തിലൂടെയും പട്ടികജാതി/പട്ടികവർഗക്കാരും യാത്ര ചെയ്യുന്നില്ലേ; അവരുടെ മക്കൾ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂളിൽ പഠിക്കുന്നില്ലേ എന്നൊക്കെയാണ് ചോദിക്കുന്നത്? അത് തുടർന്നും ചോദിക്കും. എന്നാൽ അതല്ല പ്രതിപക്ഷം ഉദ്ദേശിക്കുന്നത്. നിലവിലുള്ള ബജറ്റിന്റെ പത്ത് ശതമാനം വിഹിതം എസ്.സി. വിഭാഗത്തിനും രണ്ട് ശതമാനം വിഹിതം എസ്.ടി. വിഭാഗത്തിനും അർഹതപ്പെട്ടതാണ്. ബജറ്റിന്റെ സൈസ് കുറയുമ്പോൾ അവരുടെ ആനുകൂല്യം കുറയുമെന്നുള്ളതാണ് ചൂണ്ടിക്കാണിച്ചത്. എത്ര പദ്ധതികളാണ് ഇന്ന് താറുമാറായികിടക്കുന്നതെന്ന് പരിശോധിച്ചുനോക്കിയാൽ വ്യക്തമാകും. പട്ടികവർഗ വിഭാഗത്തിലുള്ള സഹോദരിമാർക്ക് പ്രസവകാലത്ത് സഹായധനം നൽകുന്ന ജനനി ജന്മരക്ഷ പദ്ധതയിലൂടെ ഇപ്പോൾ തുക നൽകുന്നില്ല. യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് വിദ്യാവാഹിനി, ഗോത്രസാരഥി പദ്ധതികൾ ആരംഭിച്ചത്. ഡ്രൈവർമാർക്ക് പണം

നൽകാത്തതുകൊണ്ട് വാഹനങ്ങൾ ഓടുന്നില്ല. അട്ടപ്പാടിയിൽ പ്രവർത്തിച്ചിരുന്ന കമ്മ്യൂണിറ്റി കിച്ചൺ 192 ഊരുകളിൽ പാചകം ചെയ്ത ഭക്ഷണം രണ്ട് നേരം സുഭിക്ഷമായി നൽകിയിരുന്നു. ഇന്ന് അത് എവിടെയും പ്രവർത്തിക്കുന്നില്ല. പട്ടിക വിഭാഗങ്ങൾക്ക് വീടുകളുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച സേഫ് പദ്ധതിയും ഇന്നില്ല. യൂണിവേഴ്സിറ്റി കോളേജിൽ അടക്കം എസ്.സി./എസ്.ടി. ഫെലോഷിപ്പ് നിരവധി വിദ്യാർഥികൾക്ക് നൽകാനുണ്ട്. പണം ലഭിക്കാത്തതുമൂലം ഗവേഷണ വിദ്യാർഥികളായ പലരും പഠനം നിർത്തിയ സ്ഥിതിയിയാണ്. അതുപോലെ എസ്.സി. പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം മൂന്ന് വർഷത്തിലധികമായി മുടങ്ങിയിരിക്കുകയാണ്. അവർക്കുണ്ടായിരുന്ന ഇൻഷ്വറൻസ് പദ്ധതിയായ വാൽസല്യനിധി ഇപ്പോഴില്ല. നമ്മുടെ നാട്ടിൽ ഏറ്റവും പരിഗണന നൽകേണ്ട ജനവിഭാഗത്തോടുള്ള സർക്കാരിന്റെ സമീപനം ഇതാണ്. ധാരാളം പദ്ധതികൾ മുടങ്ങിക്കിടക്കുകയുമാണ്.

മറ്റൊരു ധനാഭ്യർഥന ജലവിഭവ വകുപ്പിന്റേതാണ്. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിച്ച ജൽ ജീവൻ മിഷന്റെ പ്രവർത്തനം ലക്ഷ്യമിട്ടതെന്താണ്? എല്ലാ ഗ്രാമീണ വീടുകളിലും പ്രതിദിനം 50 ലിറ്റർ ശുദ്ധജലം എത്തിക്കണമെന്നുള്ളതാണ്. പ്രസ്തുത പദ്ധതി ക്രമപ്രകാരം

നടന്നിരുന്നെങ്കിൽ ഇപ്പോൾ എല്ലാ സ്ഥലങ്ങളിലും അതിന്റെ പണി പൂർത്തീകരിക്കുമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി എന്താണ്? 4,500 കോടി രൂപ ഇതുവരെ ചെയ്ത പ്രവൃത്തിക്ക് കരാറുകാർക്ക് നൽകാനുണ്ട്. ആയതിനാൽ കരാറുകാർ പ്രവൃത്തി ഉപേക്ഷിച്ചു പോയിരിക്കുകയാണ്. ഇനി ഇത് എവിടെയെത്തും. സംസ്ഥാനത്തെ എല്ലാ റോഡുകളും മാന്തിപ്പൊളിച്ചിട്ടിരിക്കുകയാണ്. ചില സ്ഥലങ്ങളിലെ വീടുകളിൽ ടാപ്പ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഈ ടാപ്പിൽ നിന്നും എന്നുമുതലാണ് ജലം ലഭിക്കുന്നത്? ഇത് വളരെ വലിയ പ്രതിസന്ധിയാണ്. കാരണം നിങ്ങൾക്ക് ഇതിലൊരു അവധാനതയുമുണ്ടായിരുന്നില്ല. നൽകാനുള്ള ഫണ്ട് നിങ്ങളുടെ പക്കലുണ്ടോയെന്ന് നിങ്ങൾ പരിശോധിച്ചില്ല. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 1,500 കോടി രൂപ വീതം പദ്ധതിക്കായി വകയിരുത്തിയ ഫണ്ട് വിനിയോഗിച്ചതോടുകൂടി അതിന്റെ പ്രവർത്തനം അവസാനിച്ചു. നിയമപ്രകാരം കേന്ദ്ര സർക്കാർ വിഹിതമായ 45 ശതമാനം ലഭ്യമാക്കുമ്പോഴാണ് സംസ്ഥാന സർക്കാരിന്റെ മാച്ചിങ് ഗ്രാന്റായ 30 ശതമാനവും പഞ്ചായത്തുകളുടെ വിഹിതമായ 15 ശതമാനവും നൽകേണ്ടത്. സംസ്ഥാന സർക്കാർ പഞ്ചായത്തുകൾക്ക് നൽകാനുള്ള ഗ്രാന്റുകളിൽനിന്ന് കുറയ്ക്കാമെന്ന ധാരണയോടുകൂടിയായിരിക്കും ഇതിന് തുടക്കം കുറിച്ചത്. പക്ഷെ

തുടക്കം കുറിച്ചുവെന്നല്ലാതെ ഇത് എവിടെ അവസാനിപ്പിക്കുമെന്ന് നിങ്ങൾക്കിന്നൊരു ധാരണയുമില്ല. 22,500 കോടി രൂപ സംസ്ഥാന സർക്കാർ നൽകിയാൽ മാത്രമേ കേരളം മുഴുവൻ ജൽ ജീവൻ പദ്ധതിപ്രകാരം വെള്ളം ലഭിക്കുകയുള്ളൂ. അത് എന്ന് നൽകുമെന്ന് നിങ്ങൾക്ക് എങ്ങനെ പറയാൻ സാധിക്കും; ഇപ്പോൾ ആ തുക നൽകാൻ സാധിക്കുമോ? ജൽ ജീവൻ പദ്ധതിയുടെ കാര്യത്തിൽ വല്ലാത്ത പ്രതിസന്ധിയാണ് ഉണ്ടായിട്ടുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പിന്റെ കാര്യത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതാണ്. ക്രിസ്ത്യൻ, മുസ്ലിം, സിക്ക്, പാഴ്സി എന്നീ വിഭാഗങ്ങൾക്ക് 2024-25 വർഷത്തിൽ 87.63 കോടി രൂപ സ്കോളർഷിപ്പിന് വകയിരുത്തിയെങ്കിലും 2.69 ശതമാനമാണ് ചെലവഴിച്ചത്. സിക്ക്, പാഴ്സി എന്നീ വിഭാഗങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഇല്ലാത്തതുകൊണ്ട് അത് ബാധകമല്ല. ഈ തുക വക മാറ്റി ചെലവഴിച്ചതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണ്. പാവപ്പെട്ട ന്യൂനപക്ഷ ജനവിഭാഗങ്ങൾക്ക് നൽകേണ്ട സ്കോളർഷിപ്പ് തുക സർക്കാർ വക മാറ്റി ചെലവഴിച്ചിരിക്കുകയാണ്. സാമ്പത്തിക പ്രതിസന്ധിയായിരിക്കാം, പക്ഷെ അങ്ങനെ ചെയ്യാമോ? എത്രയോ കുട്ടികളുടെ വിദ്യാഭ്യാസം

മുന്നോട്ടുകൊണ്ടുപോകേണ്ട തുകയാണ് സർക്കാർ വക മാറ്റി ചെലവഴിച്ചിരിക്കുന്നത്.

വൈദ്യുത പദ്ധതികളെക്കുറിച്ച് പറയുമ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ളത് എന്റെ നിയോജകമണ്ഡലത്തിലെ അട്ടപ്പാടിയിൽ കാറ്റാടിയിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ഒരു പദ്ധതിയുണ്ട്. അത് വളരെ പ്രയോജനകരമാണ്. അത് വ്യാപിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. അതുപോലെ  ഒരു മൾട്ടി പർപ്പസ് പദ്ധതിയാണ് അട്ടപ്പാടി വാലി ഇറിഗേഷൻ പ്രോജക്ട്. ജലസേചനത്തിനും വൈദ്യുതിക്കും കുടിവെള്ളത്തിനുമൊക്കെ ഉപയോഗിക്കാവുന്ന പദ്ധതി എങ്ങുമെത്താത്ത അവസ്ഥയിലാണ്. കാവേരി ട്രിബ്യൂണലിന്റെ വിധി പ്രകാരം 6 ടി.എം.സി. വെള്ളം കേരളത്തിന് ലഭിക്കും. അത് ഉപയോഗിക്കേണ്ടത് ഈ പദ്ധതിയിലൂടെയാണ്. പക്ഷെ പദ്ധതി ആരംഭിച്ചിട്ടില്ല. അതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ പ്രസംഗിച്ചപ്പോൾ കോൺഗ്രസ്സും ബി.ജെ.പി.-യും തമ്മിൽ വലിയ സഹകരണമാണെന്നാണ് പറഞ്ഞത്. എന്ത് വർത്തമാനമാണ് ഈ കാലഘട്ടത്തിൽ പറയുന്നത്? പുറത്തുനടക്കുന്ന ചർച്ച എന്താണ്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഡൽഹിയിൽപ്പോയി കേന്ദ്ര

ധനകാര്യ വകുപ്പുമന്ത്രിയെ കണ്ടു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സന്ദർശിച്ചതെന്തിനാണെന്ന് ഇതുവരെ വെളിപ്പെടുത്തിയിട്ടുണ്ടോ? ഏത് മന്ത്രിമാരെ കണ്ടാലും എന്തിനാണ് കണ്ടതെന്ന് വെളിപ്പെടുത്താറുണ്ട്. നബാഡ് ലോണുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യാനാണ് ശ്രീ. സിദ്ധരാമയ്യ കേന്ദ്ര മന്ത്രിയെ സന്ദർശിച്ചത്. ശ്രീ രേവന്ത് റെഡ്ഡി കൃഷ്ണ നദി ജല പ്രശ്നം സംബന്ധിച്ച് ചർച്ച ചെയ്യാനാണ് സന്ദർശനം നടത്തിയത്. ശ്രീ. പിണറായി വിജയനോടൊപ്പം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ കേരള ഹൗസിൽ ബ്രേക്ക് ഫാസ്റ്റിന് വന്നത് എന്തിനായിരുന്നു? അനൗദ്യോഗിക മീറ്റിങ് ആണെന്നാണ് പറയുന്നത്. നിങ്ങൾ ധനകാര്യ പ്രശ്നം ചർച്ച ചെയ്യാനാണ് പോകുന്നതെങ്കിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ കൊണ്ടുപോകേണ്ടതല്ലേ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ കൊണ്ടുപോയില്ലല്ലോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് ആർക്കാണ് മനസ്സിലാകാത്തത്, ആരാണ് അത് വിശ്വസിക്കുന്നത്?

(തുടരും ......)

P 20-03-2025
NR/UL (2)
3.20-3.30

(ശ്രീ. എൻ. ഷംസുദ്ദീൻ തുടർച്ച...)

ഫ്ലൈറ്റിൽ ഗവർണ്ണറും മുഖ്യമന്ത്രിയും ഞാനും ഒരുമിച്ചാണ് യാത്ര ചെയ്തത്. എം.പി.-മാർക്ക് നൽകുന്ന സൽക്കാരത്തിലേക്ക് ഗവർണ്ണർ മുഖ്യമന്ത്രിയെയും, ധനകാര്യ മന്ത്രിക്ക് നൽകുന്ന സൽക്കാരത്തിലേക്ക് മുഖ്യമന്ത്രി ഗവർണ്ണറെയും ക്ഷണിച്ചു. ഇതൊന്നും യാന്ത്രികമല്ല, എന്തിനുവേണ്ടി ചർച്ച നടത്തിയെന്നാണ് എല്ലാവരും ചോദിക്കുന്നത്. തൃശ്ശൂർ പൂരം കലക്കിയതും ശ്രീ. ഇ. പി. ജയരാജന്റെ വീട്ടിൽ പ്രകാശ് ജാവ്ദേക്കർ സന്ദർശിച്ചതും, അതിനെതുടർന്ന് തൃശ്ശൂരിലെ സീറ്റ് താമരയ്ക്ക് കൊടുത്തതും, തുടങ്ങി രാഷ്ട്രീയ അന്തർധാരയുടെ തുടക്കമാണ് ഈ ചർച്ചകളിലൂടെ തുടക്കം കുറിച്ചിട്ടുള്ളതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഡിമാന്റുകളെ ഞാൻ അതിശക്തമായി എതിർക്കുന്നു.

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ)

P 20-03-2025
NR/UL (2)
3.20-3.30

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, 2025-26 സാമ്പത്തിക വർഷത്തെ ശുദ്ധജലവിതരണവും ശുചീകരണവും, പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റ് പിന്നാക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം, ഭക്ഷ്യം,

മൃഗസംരക്ഷണം, ക്ഷീരവികസനം ജലസേചനം എന്നീ ധനാഭ്യർത്ഥനകളെ സന്തോഷപൂർവം പിന്താങ്ങുകയാണ്.

കഴിഞ്ഞ ഒമ്പതുകൊല്ലമായി കേരളം വിവിധ പശ്ചാത്തലസൗകര്യ സൃഷ്ടിക്കായി നടത്തുന്ന മുതൽമുടക്ക് സംസ്ഥാനത്ത് നേട്ടങ്ങൾ സമ്മാനിച്ചുകൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണ്. സംരംഭകത്വത്തിനും നിക്ഷേപത്തിനും ഏറ്റവും അനുകൂലമായ സംസ്ഥാനമായി കേരളം മാറുന്നുയെന്ന് എല്ലാവരും പറയുന്ന സമയം കൂടിയാണ്. എന്നാൽ ചിലപ്പോൾ ഒറ്റപ്പെട്ട ചില ചർച്ചകളോ ചിന്തകളോ ഇതിന്റെ ഭാഗമായിട്ടൊക്കെ ഉണ്ടാകാറുണ്ട്. കേന്ദ്ര ധനകാര്യ മന്ത്രി നോക്കുകൂലിയെ സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി. കേരളത്തിന്റെ വ്യവസായ വികസനത്തിന് ഏറെ പ്രതിസന്ധി സൃഷ്ടിച്ച ഒരുകാര്യമെന്ന രീതിയിലും, അതുകാരണം കേരളം വളർച്ചയിൽ വളരെ പിന്നോട്ടുപോയെന്നുമുള്ള രീതിയിലാണ് അവർ നോക്കുകൂലിയെപ്പറ്റി പരാമർശിച്ചത്. പൊതുസമൂഹത്തിനും അതുപോലെ ബന്ധപ്പെട്ട വികസനത്തിനും പ്രവർത്തനങ്ങൾക്കുമൊക്കെ നല്ലപോലെ സേവനം ചെയ്യ ഒരുവിഭാഗത്തെ അടച്ച് ആക്ഷേപിക്കുകയാണ് യഥാർത്ഥത്തിൽ കേന്ദ്രമന്ത്രി ചെയ്തത്. കേന്ദ്ര മന്ത്രിമാരുമായി സംസാരിക്കാൻ മുഖ്യമന്ത്രിയും ബന്ധപ്പെട്ട ആളുകളും പോകുമ്പോൾ ശ്രീ. എൻ. ഷംസുദ്ദീൻ

ഉൾപ്പെടെ അത് വലിയ പോരായ്മയായിട്ടാണ് കാണുന്നത്. കേരള ഹൗസിൽ ആദ്യമായാണ് ഒരു കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി കേരളത്തിലെ മുഖ്യമന്ത്രിയെ കണ്ടതെന്നുള്ളത് പ്രതിപക്ഷം രഹസ്യമായെങ്കിലും സമ്മതിക്കുന്നു. നമ്മൾ എത്ര ഗൗരവത്തോടുകൂടിയാണ് അക്കാര്യം കാണുന്നതെന്നുകൂടി മനസ്സിലാക്കണം. അവർ വരുന്നു, അവിടെ ചർച്ച ചെയ്യുന്നു, അത് കേവലം കാപ്പി കുടിക്കുക, ചായ കുടിക്കുക എന്നതിനപ്പുറം ഒരു രാഷ്ട്രീയമാനംകൂടിയുണ്ട്. അത് കൃത്യമായി കാണണം. കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്നുയെന്നുള്ളതാണ് നാം കാണേണ്ട കാര്യം. ഊർജം, ഗതാഗതം, ജലവിതരണം തുടങ്ങി കേരളത്തിലെ അടിസ്ഥാന ഉപാധികൾ ലഭ്യമാക്കുന്ന പശ്ചാത്തല സൗകര്യങ്ങൾ കേരളത്തെ പുതിയ കാലത്തേയ്ക്ക് പുതുക്കി പണിയുകയാണ്. നാം മുൻകൂട്ടി കണ്ടതുപോലെ ധനസൂചികയിൽ സംസ്ഥാനം സാധാരണനില കൈവരിക്കുന്നുവെന്ന് കാണാൻ കഴിയും. പ്രളയവും, കോവിഡും കശക്കിയക്കാലത്ത് സർക്കാർ ഒന്നും ചെയ്യാതെ കൈയുംകെട്ടി ഇരിക്കുന്നൊരു സമീപനമാണ് എടുത്തതെങ്കിൽ കേരളം പട്ടിണിയിലും പലായനത്തിലും മുരടിപ്പിലുമൊക്കെ ആയിപോയേനെ. ഇടതുപക്ഷ ഗവൺമെന്റ് ഒരു പുതിയ ബദൽ നിർദേശിക്കുന്നുയെന്ന് പറയുന്നത്

അവിടെയാണ്. അതാണ് ഇന്ന് നാം കൊയ്യുന്ന നേട്ടങ്ങളുടെയെല്ലാം അടിത്തറ. ആ അടിത്തറയിൽ ഊന്നിനിന്നുകൊണ്ട് വളർച്ചയും സുസ്ഥിരതയും കൈവരിക്കാനുതകുന്ന ഭാവനാ സമ്പന്നമായ ബജറ്റാണ് 2025-26-ലെ കേരള ബജറ്റെന്ന് കാണാൻ കഴിയും. കേന്ദ്ര ഗവൺമെന്റ് കേരളത്തോട് കാണിക്കുന്ന അവഗണനയുടെ ഒരുകുറവും നമ്മുടെ ബജറ്റിൽ വരുത്തിയിട്ടില്ല. ഓരോ ദിവസവും പല രൂപത്തിൽ കുറവുകൾ വരികയാണ്. ആ കുറവുകളെ യു.ഡി.എഫ്. നിരന്തരം പ്രോൽസാഹിപ്പിച്ചുകൊണ്ടിരിക്കുന്ന സമീപനമാണെന്ന് ഇവിടെ ഏത് സന്ദർഭത്തിലും നമുക്ക് കാണാൻ കഴിയും. നമുക്ക് ലഭിക്കാനുള്ളത് സംബന്ധിച്ച് യാതൊരു വിധത്തിലുമുള്ള ഉൽകണ്ഠയുമില്ല. പക്ഷേ നൽകാനുള്ളത് സംബന്ധിച്ച് വലിയ ഉൽകണ്ഠയാണ്. അത് കാര്യം കൃത്യമായി പറയുന്നുണ്ട്. കോടി കണക്കിന് രൂപയാണ് കൂട്ടിപറയുന്നത്, അത്രയും തുക ഉണ്ടാവുമോയെന്ന് അറിയില്ല എന്നാലും കൂട്ടി പറയുകയാണ്. രണ്ടാമതായി, നമ്മൾ ഓരോ സ്ഥലത്തും കൂടുതൽ തുക കൊടുക്കുന്നുയെന്ന് പറയുന്നു. ആശാവർക്കർമാർക്കും അംഗനവാടികൾക്കും തുക കൊടുക്കേണ്ടതുണ്ട്, ലൈഫ് മിഷൻ പദ്ധതി വഴി നൽകുന്ന തുക നാല് ലക്ഷമെന്നത് ആറ് ലക്ഷവും, പുനർഗേഹം പത്തുലക്ഷമെന്നുള്ളത് പതിനഞ്ച് ലക്ഷവുമാക്കേണ്ടതുണ്ട്. അതുപോലെ

എല്ലാ മേഖലകളിലും വർധിപ്പിക്കേണ്ടതുണ്ട്. തുക കൂട്ടാൻ യാതൊരു മടിയുള്ള സർക്കാരല്ല നമ്മുടേത്. പക്ഷേ പണം എവിടെയെന്ന ചോദ്യത്തിന് ഉത്തരംകൂടി നൽകണ്ടേ? കേന്ദ്രത്തിൽനിന്നും കേരളത്തിന് ലഭിക്കാനുള്ള എല്ലാ സംഖ്യയും വാങ്ങി തരുന്നതിൽ നമ്മൾ ഒരുമിച്ച് നിൽക്കണം, അതല്ല കൊടുക്കാനുള്ളത് കൊടുക്കണം കൂട്ടാനുള്ളത് കൂട്ടിക്കോയെന്നാണ് നിങ്ങൾ ആവർത്തിക്കുന്നതെങ്കിൽ അടുത്ത പ്രാവശ്യവും നിങ്ങൾ പ്രതിപക്ഷത്തുതന്നെ ഇരിക്കുമെന്ന് ഉറപ്പിച്ചു പറയുകയാണ്.

ഭക്ഷ്യ പൊതുവിതരണ-ഉപഭോക്തൃകാര്യ, ലീഗൽ മെട്രോളജി വകുപ്പുകൾ സുതാര്യമായ, കാര്യക്ഷമമായ പ്രവർത്തനങ്ങളാണ് ഈ കാലയളവിൽ നടത്തിക്കൊണ്ടിരിക്കുന്നത്. നമുക്ക് അഭിമാനിക്കാൻ കഴിയുന്ന ഒരുകാര്യം കൂടിയാണിത്. എല്ലാവർക്കും റേഷൻ കാർഡുള്ള സംസ്ഥാനമാണ് കേരളം, അത് മറ്റേത് സംസ്ഥാനത്തിന് അവകാശപ്പെടാൻ കഴിയും? മുമ്പ് റേഷൻകാർഡ് ലഭിക്കുന്നതിന് വീട്ടുനമ്പർ നിർബന്ധമായിരുന്നെങ്കിൽ ഇപ്പോൾ ആ സ്ഥാനത്ത് സീറോ എന്ന് കാണിച്ചാൽ മതിയാകും. തെരുവിൽ അലയുന്ന ആളുകൾക്കുപോലും റേഷൻ കാർഡ് നൽകുന്ന സംസ്ഥാനമാണ് കേരളം. അതാണ് നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകത, അങ്ങനെ നമ്മൾ എല്ലാ അർത്ഥത്തിലും മുന്നോട്ടുപോകുകയാണ്. റേഷൻ കാർഡ് ഇപ്പോൾ

എ.ടി.എം. മാതൃകയിലേക്ക് മാറ്റുകയാണ്. അതുപോലെതന്നെ വളരെ പ്രയാസകരമായ സാഹചര്യങ്ങളിൽ ഭിന്നശേഷിക്കാർ, മാനസിക വൈകല്യമുള്ള ആളുകൾ എന്നിവർ നടത്തുന്ന സ്ഥാപനങ്ങളുണ്ട്. എനിക്ക് തോന്നുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്താണ് കേരളത്തിൽ അത്തരം സ്ഥാപനങ്ങളിലെല്ലാം റേഷൻ നൽകിയതെന്ന്. ഞങ്ങൾ അവിടെ പിറന്നാൾ പോലുള്ള ആഘോഷങ്ങളിൽ പങ്കെടുക്കുമ്പോൾ എത്ര സന്തോഷത്തോടുകൂടിയാണ് ആ സ്ഥാപനങ്ങളിലെ മേധാവികൾ ഞങ്ങളോട് പെരുമാറുന്നത്. അവർക്കുവേണ്ടി ഇത്തരമൊരു നയമെടുത്ത, സമീപനമെടുത്ത ഗവൺമെന്റിനെ, സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയെ പ്രത്യേകമായി ഞാൻ അഭിനന്ദിക്കുകയാണ്. ഒരുപാട് നിബന്ധനകൾ ഇന്ന് കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ കൊണ്ടുവരുന്നുണ്ട്. അവ തീരദേശമേഖലയെ സാരമായി ബാധിക്കുന്നു. നിലവിലെ സ്ഥിതി അനുസരിച്ച് സാധാരണ ആളുകൾക്ക് റേഷൻ കടയിൽനിന്നും മണ്ണെണ്ണ ലഭിക്കുമോ? ഔൺസ് ഗ്ലാസിൽപോലും ലഭിക്കില്ല. ആ മണ്ണെണ്ണ നമുക്ക് പുനഃസ്ഥാപിക്കാൻ കഴിയണ്ടേ. മത്സ്യത്തൊഴിലാളികളുടെ മണ്ണെണ്ണ സബ്സിഡി നിർത്തലാക്കുമെന്ന തെറ്റായ പ്രചാരണങ്ങൾ തീരദേശങ്ങളിൽ ചിലർ നടത്തുന്നു. കടലിൽ ഖനനം ചെയ്യുന്ന വിഷയത്തിൽ പുതിയ

പ്രവണതവരുന്നു. അങ്ങനെ നിരവധിയായിട്ടുള്ള കാര്യങ്ങളിൽ, ആശങ്കകൾ ഉയർത്താനും അത്തരം കാര്യങ്ങളിൽ ഒരുദാക്ഷണ്യവുമില്ലാതെ മുന്നോട്ടുകൊണ്ടുപോകാനും ഏകപക്ഷീയമായിട്ടുള്ള നയങ്ങളിൽ നിൽക്കാനും കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നുയെന്ന് നമുക്ക് കാണാൻ കഴിയും. ഒരുകാര്യം മാത്രം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. പണ്ടുകാലങ്ങളിൽ റേഷൻ കടകളിൽ മാറാലയും എലികാഷ്ഠവുംകൊണ്ട് നിറഞ്ഞ സ്ഥിതിയുണ്ടായിരുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് ആ അവസ്ഥയ്ക്ക് മാറ്റമുണ്ടായി, ഇന്ന് റേഷൻ കടകൾ വളരെ ഭംഗിയോടെ കാണപ്പെടുന്നു. അരിമാത്രമല്ല, കുടുംബശ്രീ ഉൽപന്നങ്ങളാലും സമൃദ്ധമാണ്. ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി കെ സ്റ്റോർ മാതൃകയിൽ കൂടുതൽ വിപുലീകരിക്കാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിനിയും നന്നായി മുമ്പോട്ട് കൊണ്ടുപോകണമെന്നുമാത്രം ഞാൻ സൂചിപ്പിക്കുകയാണ്. ജലസേചനത്തിലും ശുദ്ധജലവിതരണത്തിലും ഭാവനാപൂർണമായിട്ടുള്ള പദ്ധതികളാണ് നമ്മുടെ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജൽജീവൻ പദ്ധതികൾ ഇപ്പോഴുമുണ്ട്. പലതരത്തിലുള്ള പ്രായോഗികമല്ലാത്ത നിർദേശങ്ങളും അവരുടെ ഭാഗത്തുനിന്നും വരുന്നുണ്ട്. പർദ്ദയിട്ടുവേണം ഞങ്ങളുടെ നിയമസഭാമണ്ഡലങ്ങളിൽ പ്രവേശിക്കാനെന്നുപോലും നേരത്തെ

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചു. അത്രമാത്രം പ്രശ്നമുള്ള രീതിയിൽ ഇതിനെ മാറ്റിമറിക്കാൻ ഉദ്യോഗസ്ഥ തലത്തിലോ കേന്ദ്രഗവൺമെന്റ് നയങ്ങളോ പരിപാടികളോ ഒക്കെയായിട്ട് ബന്ധപ്പെട്ട് വരുന്നുണ്ട്. പ്രിയപ്പെട്ട മന്ത്രിയോട് അഭ്യർഥിക്കാനുള്ളൊരുകാര്യം കുടിവെള്ളവിതരണ വിഷയത്തിൽ, കുടിവെള്ളത്തിന്റെ പ്രാദേശിക സാധ്യതകൾകൂടി പരിശോധിക്കണം. നമ്മുടെ നാട്ടിൽ ധാരാളം നദികളുണ്ട്, കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനം കൂടിയാണ്. പുരയ്ക്ക് മുകളിൽ മഴ വെള്ളം നിൽക്കുന്ന സമയത്തും കുടിവെള്ളമില്ലെന്ന് പറഞ്ഞ് വീണ്ടും നമ്മൾ വലിയ രീതിയിൽ പരാതികൾ പറയുന്നു. കേരളത്തിന് മഴവെള്ളത്തെ നന്നായി പ്രയോജനപ്പെടുത്താൻ കഴിയേണ്ടതല്ലേ. വ്യവസായ വകുപ്പിന് മഴവെള്ളത്തെ കുടിവെള്ളമാക്കി മാറ്റി അവ മറ്റുസംസ്ഥാനങ്ങളിലേക്കും വിദേശത്തേയ്ക്കും കയറ്റുമതി ചെയ്യാനുള്ള പദ്ധതികൾക്ക് നേതൃത്വം നൽകാനാകുമെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. മാത്രമല്ല റീചാർജിങ്ങിനും നല്ല സാധ്യതയുണ്ട്. നമ്മുടെ നാട്ടിലെ മിക്ക വീടുകളും ടെറസ് കെട്ടിടങ്ങളാണ്, അതിന്റെ മുകളിൽ ടാങ്കുമുണ്ട്. ഈ ടാങ്കിൽ നാലഞ്ചുമാസത്തെ മഴവെള്ളം സംഭരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയാൽ ആ നാലുമാസവും പുറത്തുനിന്നും കുടിവെള്ളം ഉപയോഗിക്കേണ്ടിവരുന്നില്ല, ഒപ്പംതന്നെ കറന്റും

ലാഭിക്കാം. അത്തരം പുതിയ സാധ്യതകളെ പ്രയോജനപ്പെടുത്താൻ നമ്മുടെ വകുപ്പുമന്ത്രി ശ്രദ്ധിക്കുമെന്നാണ് ഞാൻ കരുതുന്നത്, അതിനനുസരിച്ച് പരിപാടികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

(തുടരും)

P-20-03-2025-AK-AM (2) -3.30-3.40

(ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ-തുടർച്ച)

പലപ്പോഴും കിണറുകളും കുളങ്ങളും നമ്മൾ വേണ്ടരീതിയിൽ പ്രയോജനപ്പെടുത്താതെ പോകുന്നതുകൊണ്ട് അവ മാലിന്യക്കൂമ്പാരങ്ങളായി മാറുകയും അതിലൂടെ പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങളുണ്ടാകുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് ഇത്തരത്തിലുള്ള കുളങ്ങളും കിണറുകളും പുതുയുഗത്തിനുചേർന്ന രീതിയിൽ സംരക്ഷിക്കുന്നതിനുള്ള ബൃഹദ്പദ്ധതികൾ കേരളമൊട്ടാകെ നടപ്പാക്കാൻ ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ മേഖലയിൽ നിരവധി പരിപാടികൾക്ക് തുടക്കം കുറിക്കുകയും തിരുവനന്തപുരം ജില്ല ഇക്കാര്യത്തിൽ വളരെയധികം മുന്നോട്ടുപോയിട്ടുണ്ട്. എല്ലാ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും ഭൂമിയുള്ള ആദ്യത്തെ ജില്ലയായി തിരുവനന്തപുരം ജില്ല മാറിയിരിക്കുകയാണ്. എല്ലാവർക്കും ഭൂമി നൽകാൻ സാധിക്കുന്ന വിധത്തിലുള്ള

ഭൂരഹിത/ഭവനരഹിത പദ്ധതികൾക്കായുള്ള നിയമത്തിലുൾപ്പെടെ മാറ്റം വരുത്തുകയാണ്. ടി പദ്ധതിയിൽ മുമ്പുണ്ടായിരുന്ന പ്രായപരിധി 55 വയസ്സിൽനിന്നും 70 ആക്കി ഉയർത്തുകയും വരുമാനപരിധി 50,000/- രൂപയിൽനിന്നും 1 ലക്ഷം രൂപയായി വർധിപ്പിക്കുകയും ചെയ്തപ്പോൾ കൂടുതലാളുകൾക്ക് അപേക്ഷ നൽകാൻ സാധിക്കും. എല്ലാ അർത്ഥത്തിലും, പഠനത്തിൽ മുന്നോട്ടുപോകുന്നതിനായി വിദ്യാർത്ഥികൾക്ക് സ്വന്തമായി ലഭിച്ച 'പഠനമുറി' എന്ന സംവിധാനത്തെക്കുറിച്ച് അവർ വളരെ സന്തോഷത്തോടുകൂടിയാണ് പറയുന്നത്. കൂടാതെ, അവർക്ക് പൈലറ്റാകാനുൾപ്പെടെയുള്ള സംവിധാനങ്ങൾ ഈ സർക്കാരിന്റെ കാലത്താണ് സാധ്യമായത്. പട്ടികജാതി വികസന കോർപ്പറേഷൻ നിരവധി കാര്യങ്ങൾ അവർക്കായി ചെയ്യുന്നുണ്ടെങ്കിലും പലപ്പോഴും ചിലയാളുകൾ കോർപ്പറേഷൻ മുഖേന വായ്പയെടുത്ത തുക തിരിച്ചടയ്ക്കാതെവരുമ്പോൾ അതുമായി ബന്ധപ്പെട്ട ജപ്തിനടപടികൾ വരാറുണ്ട്. വായ്പ എഴുതിത്തള്ളുകയെന്ന സമീപനത്തോടെ ബോധപൂർവം വായ്പയെടുത്ത തുക തിരിച്ചടയ്ക്കാത്തവരും വായ്പാതുകകൾ കൃത്യമായി തിരിച്ചടയ്ക്കുന്നതിനുള്ള മനഃസ്ഥിതി കാണിക്കുന്നവരുമുണ്ട്. അതുകൊണ്ട് കൃത്യമായി വായ്പാതുക തിരിച്ചടയ്ക്കുന്നവർക്ക് ഒരു ഇൻസെന്റീവ് നൽകുന്ന

കാര്യം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് പ്രത്യേകമായി ശ്രദ്ധിക്കണമെന്ന് പറയുകയാണ്. അതവർക്കൊരു പ്രോത്സാഹനം കൂടിയാണ്. അതല്ലെങ്കിൽ കടമെടുത്താൽ തിരിച്ചടയ്ക്കേണ്ടതില്ലെന്ന ഒരു പൊതുസ്ഥിതിയിലേക്ക് മാറാൻ കാരണമാകും.

മൃഗസംരക്ഷണ മേഖലയിൽ കർഷകന്റെ വീട്ടുപടിയ്ക്കൽ സേവനങ്ങളെത്തിക്കുന്നതുൾപ്പെടെ നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്.

ചെയർപേഴ്സൺ: പ്ലീസ്, കൺക്ലൂഡ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. സംസ്ഥാനം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമായ മയക്കുമരുന്നിനെതിരെ ഭരണപക്ഷത്തും പ്രതിക്ഷത്തുമുള്ളവർ ഒരുമിച്ച് നല്ലരീതിയിൽ പോരാട്ടം നടത്തേണ്ട കാലഘട്ടമാണ്. ചെറുപ്പത്തിൽ നമ്മൾ പഠിച്ച കാര്യമാണ്,

" വിഷ വൃക്ഷം മുളയ്ക്കുമ്പോൾ പിഴുതങ്ങുകളയാഞ്ഞാൽ

വിഷമമായ് വരുംമൂത്താൽ മഴുകൊണ്ട് പെടുന്നതല്ല...."

എന്നുപറയുന്നുണ്ട്. ഇപ്പോൾ മയക്കുമരുന്നിനെതിരെ പൊരുതേണ്ട സമയമായതിനാൽ നല്ല കാമ്പയിനുകൾ സംഘടിപ്പിക്കുകയും

ആവശ്യമെങ്കിൽ അതിന്റെ പ്രചാരണങ്ങൾക്കായി ചെറിയ സംഖ്യകൂടി അനുവദിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഈ ധനാഭ്യർഥനകളെ ഞാൻ വളരെ സന്തോഷപൂർവം പിന്താങ്ങുന്നു.

(ശ്രീ. എം. രാജഗോപാലൻ)

P-20-03-2025-AK-AM (2) -3.30-3.40

ശ്രീ. എം. രാജഗോപാലൻ: സർ, ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. 'ഇന്ന് മാർച്ച് 20, അന്താരാഷ്ട്ര സന്തോഷദിനമാണ് . ഈ ദിനത്തെക്കുറിച്ച് കേരളം ഓർക്കുന്നത് നന്നായിരിക്കും. ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ 2012 മുതലാണ് ലോക സന്തോഷദിനം ആചരിക്കപ്പെടുന്നത്. സന്തോഷത്താൽ ലോകത്തെ അതിശയിപ്പിക്കുന്ന ഒരു ജനതയും രാജ്യവുമുണ്ട്, അത് ഫിൻലാൻഡാണ്. ‘ UN SDSN (Sustainable Development Solutions Network)’ -ന്റെ വേൾഡ് ഹാപ്പിനസ് റിപ്പോർട്ട് പ്രകാരം ഏഴുവർഷമായി ഫിൻലാൻഡ് ഈ നേട്ടം തുടരുകയാണ്. തൊട്ടുപിന്നിൽ ഡെൻമാർക്ക്, സ്വിറ്റ്സർലാൻഡ്, ഐസ്‍ലാൻഡ്, നോർവെ, നെതർലാൻഡ്, സ്വീഡൻ എന്നീ രാജ്യങ്ങളുമുണ്ട്. 2024-ലെ ഹാപ്പിനസ് റിപ്പോർട്ടിൽ 126-ാം സ്ഥാനമുള്ള ഇന്ത്യയുടെ അവസ്ഥ ഏറെ പരിതാപകരമാണ്. ലോകത്തെ

സമ്പന്നരാജ്യമായ അമേരിക്ക പതിനെട്ടാമതാണ്. സാമ്പത്തിക പുരോഗതിയല്ല സന്തോഷത്തിന്റെ അടിസ്ഥാനമെന്ന് ഈ കണക്കുകൾ വ്യക്തമാക്കുകയാണ്. ആയുർദൈർഘ്യം, മാനസികാരോഗ്യം, സുസ്ഥിര വികസനം, വയോജനക്ഷേമം, തൊഴിൽ സാധ്യത, കുട്ടികളുടെ സന്തുഷ്ടി, രോഗനിയന്ത്രണം എന്നിങ്ങനെ നിരവധി ഘടകങ്ങളെ ആശ്രയിച്ചാണ് ഒരു ജനതയുടെ സന്തോഷം ഉൾപ്പെടുന്നത്. ഈ മേഖലകളിലെല്ലാം കേരളം ഇന്ന് ലോകരാഷ്ട്രങ്ങളുടെ നടുവിൽ മുൻനിര സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും 2025 നവംബർ മാസത്തോടുകൂടി അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണ്. ആഹ്ലാദനിർഭരവും അഭിമാനോജ്വലവുമായ സാമൂഹിക ജീവിതം നയിക്കുന്ന ഒരു ജനതയെ ലോകത്തിന് സമ്മാനിച്ച് അതുവഴി ഫിൻലാൻഡിനൊപ്പം പറന്നുയരാൻ നമ്മുടെ കൊച്ചുകേരളത്തിന് സാധ്യമാകും. ദാരിദ്ര്യ കടലിനുനടുവിൽ സമ്പന്നത്തുരുത്ത് സൃഷ്ടിക്കുന്ന നരേന്ദ്ര മോദി ഗവൺമെന്റിൽനിന്നും ഈ രാജ്യത്തെ പട്ടികജാതി/പട്ടികവർഗ്ഗ/പിന്നാക്ക സമൂഹം എന്തുനീതിയാണ് പ്രതീക്ഷിക്കേണ്ടത്? ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ എണ്ണം 250 ആയി. കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ നമ്മുടെ ബാങ്കിങ് സംവിധാനം എഴുതിത്തള്ളിയ 16.11

ലക്ഷം കോടി രൂപയിൽ, കുറഞ്ഞത് 12 ലക്ഷം കോടി രൂപയെങ്കിലും കോർപറേറ്റ് വമ്പൻമാരുടേതായിരുന്നുവെന്ന വസ്തുത നമ്മെ ഞെട്ടിപ്പിക്കുന്നതാണ്. ശ്രീ. നരേന്ദ്ര മോദിയുടെ സമ്പന്ന വർഗ്ഗ പക്ഷപാദിത്വം ഇവിടെ പ്രതിഫലിപ്പിക്കുന്നു. അവസാന ബജറ്റിൽ പൊയ്ക്കാലികൾക്ക് പ്രത്യേക സമ്മാനം, ശ്രീ. നിധീഷ് കുമാറും ശ്രീ. എൻ. ചന്ദ്രബാബു നായിഡുവും ഇല്ലെങ്കിൽ ശ്രീ. നരേന്ദ്ര മോദി ഇന്ന് അധികാരസ്ഥാനത്തില്ല. കേന്ദ്രസർക്കാരിന്റെ ആയുസിനും ആരോഗ്യത്തിനും വേണ്ടിമാത്രമുള്ള ഒരു രാഷ്ട്രീയ ബജറ്റായിരുന്നു മോദി സർക്കാരിന്റേത്. ഇവിടെ കേരളത്തിൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന്റെ ബജറ്റ് ജനങ്ങളുടെ ആയുസിനും ആരോഗ്യത്തിനുംവേണ്ടിയുള്ള ജനക്ഷേമ ബജറ്റായിരുന്നു. അതാണ് ഇത് തമ്മിലുള്ള വ്യത്യാസം.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരായി കേന്ദ്രസർക്കാരിന്റെ കടന്നാക്രമണങ്ങൾ രൂക്ഷമായിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്താണ് നാം ഇവിടെ എസ്.സി/എസ്.ടി. വിഭാഗത്തിലുള്ള ജനങ്ങൾക്കുള്ള ക്ഷേമപദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുന്നത്. ജനക്ഷേമപദ്ധതികൾ നടപ്പാക്കി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ

ഹൃദയത്തിൽ സ്ഥാനമുറപ്പിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ വികസനപ്രവർത്തനങ്ങളെ ചുരുക്കിക്കാണാൻ ശ്രമിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗം ഞാൻ സാകൂതം കേൾക്കുകയുണ്ടായി. ഈ മേഖലയോട് ഇന്ന് കേന്ദ്രസർക്കാർ കാണിക്കുന്ന അവഗണനാ മനോഭാവത്തെക്കുറിച്ച് നിങ്ങളാരെങ്കിലും ഒരക്ഷരം പറയാൻ തയ്യാറായോ? ഇന്ത്യൻ ജനസംഖ്യയുടെ 16.5 ശതമാനം വരുന്ന പട്ടികജാതിക്കാരും 8.05 ശതമാനം വരുന്ന പട്ടികവർഗ്ഗക്കാരും സഹസ്രാബ്ദങ്ങളുടെ ജാതിവിവേചനത്തിന്റെയും അടിച്ചമർത്തലിന്റെയും പിന്നോക്കാവസ്ഥയുടെയും ഭാരം വഹിക്കുന്നവരാണ്. 2014-ൽ ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ. സർക്കാർ കേന്ദ്രത്തിൽ അധികാരത്തിലെത്തിയതിനുശേഷം രാജ്യത്തെ ദളിത്-ആദിവാസി ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക പുരോഗതിയെ തടസ്സപ്പെടുത്തുകയും അവരുടെ ഭരണഘടനാപരമായ അവകാശങ്ങളെ അട്ടിമറിക്കുകയും ജാതിജന്യമായ അടിച്ചമർത്തലുകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്ന അത്യന്തം പ്രതിഷേധാർഹവും അപലപനീയവുമായ നിലപാടാണ് സ്വീകരിച്ചുവരുന്നത്. പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കായി നടപ്പാക്കുന്ന പ്രത്യേക ഘടകപദ്ധതികളിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറിയതോടെ 16.8

ശതമാനം വരുന്ന പട്ടികജാതി വിഭാഗത്തിന് ബജറ്റ് വിഹിതം 0.25 ശതമാനവും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 0.32 ശതമാനവുമായി ചുരുങ്ങിയ നിലയാണുള്ളത്. അസമത്വം ചൂണ്ടിക്കാണിക്കാൻ മുഖ്യമന്ത്രിമാർക്ക് സാധിക്കുന്ന ഒരു വേദിയായിരുന്ന പ്ലാനിങ് ബോർഡ് സംവിധാനത്തെ ശ്രീ. നരേന്ദ്ര മോദി ഇല്ലാതാക്കിയതിനാൽ അവിടെയും നമുക്ക് ശബ്ദമുയർത്താൻ സാധിക്കുന്നില്ല. എസ്.ടി. വർഗ്ഗങ്ങളുടെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിൽ 100 കോടി രൂപയും ഫെലോഷിപ്പ് തുകയായ 230 കോടി രൂപയും പൂർണമായി ഉപേക്ഷിക്കുന്ന നിലയാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. എസ്.സി. വിദ്യാർഥികളുടെ മുൻവർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് 6353 കോടി രൂപയിൽനിന്നും 5900 കോടി രൂപയായി കുറയ്ക്കുന്ന നിലയുമുണ്ടായിരിക്കുന്നു. ഇങ്ങനെ പല മേഖലകളിലും നിഷേധാത്മകമായ സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നത്. ആദ്യം പ്രസംഗിച്ചവരിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗമായ ശ്രീ. റോജി എം. ജോൺ ചില കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി, അദ്ദേഹം ദളിത് വിഷയത്തിൽ സ്വന്തം പാർട്ടിയുടെ നിലപാടെന്താണെന്ന് ആദ്യം പരിശോധിക്കുന്നത് നന്നായിരിക്കും. ദളിത് സമൂഹത്തോട് കോൺഗ്രസിന്റെ സമീപനമെന്താണെന്നും അദ്ദേഹം അന്വേഷിക്കണം. 1990-കളിൽ

കോൺഗ്രസിന് രാജ്യത്തെ ദളിത് സമൂഹത്തിന്റെയും മറ്റ് പിന്നാക്ക വിഭാഗക്കാരുടെയും വിശ്വാസം നഷ്ടപ്പെട്ടുവെന്ന് അടുത്തയിടെ തുറന്നുപറഞ്ഞത് ശ്രീ. രാഹുൽ ഗാന്ധിയായിരുന്നു. ‘ Congress lost trust of Dalits, OBC’ s in the 1990’ s, says Rahul Gandhi’ ഇതായിരുന്നു വാർത്ത, ചിത്രമുണ്ട് കോപ്പി നൽകാം. ഇതായിരുന്നു ആദ്യത്തെ പ്രതികരണം.

ഹരിയാനയിലെ കോൺഗ്രസ് ദളിത് നേതാവും മുൻ കേന്ദ്രമന്ത്രിയുമായ കുമാരി സെൽജ നിയമസഭാ തിരഞ്ഞെടുപ്പിനുശേഷം തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങളിലിറങ്ങാൻ തന്നെ കോൺഗ്രസ് നേതൃത്വം അനുവദിച്ചില്ലെന്നാണ് വെളിപ്പെടുത്തിയിരിക്കുന്നത്. ‘ Why did they not let me campaign’ : Selja blames Haryana Congress unit for poll debacle.’ അതുപോലെ Shri Bhupinder Singh Hooda-യുടെ നേതൃത്വത്തിലുള്ള കോൺഗ്രസ് പാർട്ടി കുമാരി സെൽജയെ ഒതുക്കിനിർത്തിയാണ് തിരഞ്ഞെടുപ്പിനെ നേരിട്ടത്. 10 വർഷം ഭരിച്ച ബി.ജെ.പി. അവിടെ തോൽവി ഉറപ്പാക്കി മത്സരിക്കാനിറങ്ങിയപ്പോൾ കോൺഗ്രസ് പാർട്ടി ബി.ജെ.പി-ക്ക് ഭരണം അങ്ങോട്ട് വച്ചുനൽകുകയായിരുന്നു. കുമാരി സെൽജയെപ്പോലെയുള്ള ജനകീയ

നേതാക്കളുടെ അഭിപ്രായം അവഗണിച്ചുകൊണ്ട് സീറ്റ് വിഭജനമുൾപ്പെടെ നടത്തിയതിന്റെ ഫലമായിരുന്ന അവിടത്തെ പരാജയം.

(തുടരും.....)

P-20-03-2025-AL-AM (3.40-3.50)

ശ്രീ. എം. രാജഗോപാലൻ (.....തുടർച്ച)

ഹരിയാന നിയമസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞിട്ട് ഇപ്പോൾ ആറുമാസം പിന്നിട്ടിരിക്കുകയാണ്. ഒരു പ്രതിപക്ഷനേതാവിനെപ്പോലും തിരഞ്ഞെടുക്കാൻ കോൺഗ്രസ്സിന് ഹരിയാനയിൽ കഴിയുന്നുണ്ടോ; ഇന്ത്യൻ രാഷ്ട്രീയത്തിൽ, രാഷ്ട്രീയ നാണക്കേടിന്റെ പര്യായമായി നിങ്ങൾ മാറുകയല്ലേ? ഇതുവരെയും അവിടെയൊരു പ്രതിപക്ഷനേതാവിനെ തിരഞ്ഞെടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ; ആറുമാസമെന്നത് വലിയൊരു കാലയളവാണ്. പ്രതിപക്ഷനേതാവില്ലാതെയാണ് ഒരു നിയമസഭയിൽ കോൺഗ്രസ് പ്രവർത്തിക്കുന്നത്. എന്താണ് കാരണം; ഒരു ദളിത് സ്ത്രീ ആ പദവിയിലേക്ക് വരുന്നത് അംഗീകരിക്കാൻ ഹരിയാന കോൺഗ്രസ് നേതൃത്വത്തിന് കഴിയുന്നില്ല, അതാണ് കാരണം. കുമാരി ഷെൽജയെ പ്രതിപക്ഷനേതാവായി അംഗീകരിക്കാൻ കഴിയാത്ത രാഷ്ട്രീയമാണ്

കോൺഗ്രസിനുള്ളത്. നിങ്ങളാണോ ആദിവാസി, എസ്.സി./എസ്.ടി. വിഭാഗത്തോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നത്? അടുത്തകാലത്ത് ന്യൂനപക്ഷ വിഭാഗവുമായി ബന്ധപ്പെട്ട് ചില പരാമർശങ്ങൾ ഇവിടെ ഉയർന്നുവരികയുണ്ടായി. പാലൊളി കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ചും കേരളത്തിൽ മതന്യൂനപക്ഷങ്ങളോട് കാണിക്കുന്ന സമീപനത്തെക്കുറിച്ചുമെല്ലാം ഇവിടെ വിശദീകരിച്ചു. ഞങ്ങൾക്കൊന്നും ചെയ്തില്ല അല്ലെങ്കിൽ ഈ വിഭാഗത്തിനുവേണ്ടി ഒന്നും ചെയ്തില്ലെന്നാണ് ബഹുമാനപ്പെട്ട മലപ്പുറം എം.എൽ.എ. പറഞ്ഞത്. ഭയവിഹ്വലതകളില്ലാതെ നെഞ്ചുറപ്പോടെ ശിരസ്സുയർത്തി അഭിമാനബോധത്തോടെ നട്ടെല്ല് നിവർത്തി നിങ്ങൾക്ക് ഈ സഭയ്ക്കകത്തും പുറത്തും പ്രസംഗിക്കാനും ആശയങ്ങൾ പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യവും അധികാരവും ഇവിടെ ഉറപ്പുവരുത്തുന്നത് ഈ പുരോഗമന കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ വർഗ്ഗീയതക്കെതിരെയുള്ള അതിശക്തമായ പോരാട്ടത്തിന്റെ ഫലമാണെന്നുള്ള തിരിച്ചറിവാണ് നിങ്ങൾക്കുണ്ടാകേണ്ടത്. മതന്യൂനപക്ഷങ്ങൾക്കെതിരെ ഭൂരിപക്ഷവർഗ്ഗീയത ആളിക്കത്തിച്ച് അധികാരത്തിൽവന്ന എൻ.ഡി.എ. സർക്കാരിനുകീഴിൽ ഇന്ത്യയിൽ ഇന്ന് ന്യൂനപക്ഷ പീഡനം നാൾക്കുനാൾ വർധിക്കുകയല്ലേ; ബി.ജെ.പി. ഭരണമുള്ള

സംസ്ഥാനങ്ങൾ നടപ്പാക്കുന്ന ഗോവധ നിരോധനം, സ്ഥലനാമങ്ങൾ മാറ്റൽ, ആരാധനാലയങ്ങൾ കുഴിച്ച് പരിശോധിക്കൽ തുടങ്ങിയവ മുസ്ലിം സഹോദരങ്ങളെ പരിഭ്രാന്തിയിലാക്കിയിരിക്കുകയാണ്. 1991-ൽ പാർലമെന്റിൽ പാസ്സാക്കിയ ആരാധനാലയ സംരക്ഷണ നിയമം, ബി.ജെ.പി. സർക്കാരുകളും ചില കോടതികളും അംഗീകരിക്കുന്നില്ല. ഇന്ത്യയിലെ ചില നഗരങ്ങളിൽ മുസ്ലിം മതവിഭാഗങ്ങൾക്ക് ഫ്ലാറ്റുകൾ വാങ്ങാൻപോലും സാധിക്കുന്നില്ല. വഖഫ് നിയമം ഭേദഗതി, മുസ്ലിം വ്യക്തിനിയമം ഭേദഗതി തുടങ്ങിയവയെല്ലാം മുസ്ലിം ജനതയെ അപരവൽക്കരിക്കാനുള്ള നീക്കമാണ്. ഈ ഗൗരവകരമായ പ്രശ്നത്തെ ഭരണഘടനയുടെ അടിസ്ഥാനത്തിൽ കാണാൻ കോൺഗ്രസ്സിന് കഴിയുന്നില്ല. കോൺഗ്രസ്സിന്റേത് വോട്ട് ബാങ്ക് രാഷ്ട്രീയമാണ്, എക്കാലവും അങ്ങനെതന്നെയാണ്. അയോധ്യ തർക്കസ്ഥലത്ത് ശ്രീരാമക്ഷേത്രത്തിന്റെ ശിലാസ്ഥാപനത്തിന് അനുമതി നൽകിയ രാജീവ് ഗാന്ധി സർക്കാരാണ് ബാബറി മസ്ജിദിന്റെ തകർച്ചയിലേക്കും അയോധ്യയിൽ രാമക്ഷേത്രം ഉയരുന്നതിനും ഇടയാക്കിയത്. അറിയാവുന്ന പതിനെട്ട് ഭാഷകളിൽ പൂജാമുറിയിൽ കയറി നാമം ജപിച്ച പി. വി. നരസിംഹറാവുവിന്റെ ഭരണകാലത്താണ് സംഘ് പരിവാർ ബാബറി മസ്ജിദ് തകർത്തു

തരിപ്പണമാക്കിയത്. അപ്പോൾ കോൺഗ്രസ് എന്ന രാഷ്ട്രീയ പാർട്ടിക്ക് മൗനമായിരുന്നു. അയോധ്യ ക്ഷേത്രത്തിന്റെ പ്രാണപ്രതിഷ്ഠക്കുശേഷം ആത്മാവ് കൈവന്നുവെന്നും യഥാർഥ സ്വാതന്ത്ര്യം ലഭ്യമായത് ഇപ്പോഴാണെന്നും മതേതര ജനാധിപത്യ രാജ്യത്ത് ഭരിക്കുന്ന സർക്കാർ, മന്ത്രിസഭായോഗത്തിൽ പ്രമേയം അവതരിപ്പിക്കുമ്പോൾ..., അപ്പോഴും നമ്മുടെ കോൺഗ്രസ്സിന് തീർത്തും മൗനമായിരുന്നു. കോൺഗ്രസ്സിന്റെ മൃദുഹിന്ദുത്വ നിലപാടാണ് രാജ്യത്ത് സംഘ് പരിവാറിന്റെ അക്രമം ശക്തിപ്പെടാനിടയായത്. ഇന്ത്യയിൽ ക്രിസ്ത്യൻ മതവിഭാഗങ്ങൾക്കെതിരെ അക്രമങ്ങൾ വർധിച്ചുവരികയാണ്. മണിപ്പൂരിൽനിന്ന് വരുന്ന വാർത്തകൾ മനുഷ്യമനസ്സാക്ഷിയെ ഞെട്ടിക്കുന്നതാണ്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ പലയിടത്തും ക്രൈസ്തവർ ഇന്ന് ആക്രമണത്തിന് ഇരയാകുകയാണ്. മുസ്ലീം ജനതയ്ക്കിടയിൽ ചില ഇസ്ലാമിക തീവ്രവാദ പ്രസ്ഥാനങ്ങൾ വളരാൻ ശ്രമിക്കുന്നു, നല്ല ജാഗ്രത പാലിക്കണം. ഒരു കാര്യം കൂടി പറഞ്ഞ് നിർത്തുകയാണ്. ഇവിടെ ആശാപ്രവർത്തകരുടെയും അങ്കണവാടിക്കാരുടെയും സമരം നടക്കുന്നുണ്ട്. അവർക്ക് അവകാശങ്ങൾ വേണമെന്ന് തോന്നുന്നതുകൊണ്ടാണ് അവർ സമരം നടത്തുന്നത്. അവർക്ക് അവകാശമുണ്ട്, സ്വാതന്ത്ര്യമുണ്ട്. പക്ഷേ ഇവിടെ അതല്ല പ്രശ്നം,

കോൺഗ്രസ്സിന്റെ നിലപാട് എന്താണ്? ഇതൊക്കെ വരാനിരിക്കുന്ന തിരഞ്ഞെടുപ്പിനെ മുന്നിൽ കണ്ടുകൊണ്ട് സ്കീം വർക്കേഴ്സിനെ അണിനിരത്തുകയല്ലേ; സമരത്തിന്റെ പോക്ക് എങ്ങോട്ടാണ്? അടുത്ത സമരത്തെക്കുറിച്ച് ഞങ്ങൾ പ്രതീക്ഷിക്കുന്നത്....., നിങ്ങളുടെ പഴയ ചൈതന്യ സമരം ഓർക്കുന്നില്ലേ; ചൈതന്യ ഓഫീസ് പിടിച്ചെടുക്കൽ സമരം. ശ്രീ. കെ. കരുണാകരന്റെ കാലത്ത് ചൈതന്യ സമരം നടത്തി. പോലീസിന് ലാത്തിച്ചാർജ്ജ് ചെയ്യേണ്ടിവന്നു. അപ്പോൾ കോൺഗ്രസ്സിന്റെ ഗ്രൂപ്പ് വഴക്കായിരുന്നു. ആ സമരത്തിൽ കുറേപേർ ആശുപത്രിയിലായി. പരിക്കുപറ്റി ആശുപത്രിയിലായവരോട് പോലീസ് റിപ്പോർട്ട് ചോദിച്ചു, 'പേര്?' ശെൽവമണി', 'പേര്?' മാരിമുത്തു'; ഉടനെ പ്രതികരിക്കുകയാണ്...., 'വേലയുമില്ലെ കൂലിയുമില്ലെ അടിതാൻ മിച്ചം'. അങ്ങനെ ലോറിയിൽ ആളുകളെ കൊണ്ടിറക്കിയാണ് ചൈതന്യ സമരം നടത്തിയത്. അതുപോലെ അനാവശ്യ സമരങ്ങൾ........, അടുത്ത ഗവൺമെന്റ് നിങ്ങളുടേതാണുപോലും, മനപ്പായസത്തിനെന്തിനാ മധുരം കുറയ്ക്കുന്നത്?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...

ശ്രീ. എം. രാജഗോപാലൻ: ഈ രീതിയിൽ കേരളത്തിലെ

സർക്കാരിനെ അട്ടിമറിക്കാൻ കഴിയില്ലെന്ന് അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

(ശ്രീ. എ. പി. അനിൽ കുമാർ)

P-20-03-2025-AL-AM (3.40-3.50)

ശ്രീ. എ. പി. അനിൽ കുമാർ: സർ, ശ്രീ. എം. രാജഗോപാലൻ സംസാരിച്ചപ്പോൾ സി.പി.ഐ.(എം.) എന്ന പുരോഗമന പ്രസ്ഥാനം കേരളത്തിലുള്ളതുകൊണ്ടാണ് ജനാധിപത്യവും മതേതരത്വവും ഞങ്ങളുമൊക്കെ ഇവിടെ ജീവിക്കുന്നതെന്ന് പറഞ്ഞു. എന്താണ് അദ്ദേഹം ഇത്ര വിനയത്തോടെ പറയുന്നതെന്ന് ഞാനാലോചിക്കുകയാണ്. ഇന്ത്യാരാജ്യത്തുതന്നെ നിങ്ങൾ സി.പി.ഐ.(എം.) ഉള്ളതുകൊണ്ടല്ലേ ജനാധിപത്യവും മതേതരത്വവും നിലനിൽക്കുന്നത്? വിനയമുള്ളതുകൊണ്ടാവാം അങ്ങ് അല്പം കുറച്ചത്; അക്കാര്യത്തിൽ സന്തോഷം.

ജലവിഭവ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ എല്ലാ അംഗങ്ങളും ഇവിടെ പറഞ്ഞു. എല്ലായിടത്തും എല്ലാ കാര്യങ്ങളിലും കേരളം ഒന്നാമതാണ്. ജൽ ജീവന്റെ കാര്യത്തിൽ എവിടെയാണ് നാം നിൽക്കുന്നത്. ഞാൻ ലിസ്റ്റെടുത്ത് നോക്കുമ്പോൾ കേരളത്തിൽ ഏതാണ്ട് 11

സംസ്ഥാനങ്ങളിൽ ഇതിനോടകം പദ്ധതി പൂർത്തീകരിച്ചു. മറ്റ് സംസ്ഥാനങ്ങൾ പലതും വളരെ മുന്നിലാണ്. ലിസ്റ്റ് പരിശോധിക്കുമ്പോൾ അഞ്ചാമതോ ആറാമതോ ഉണ്ടാകുമെന്ന് കരുതി. ഏറ്റവുമൊടുവിലാണ് കേരളം വന്നത്. ഇന്ത്യയിൽ ഏറ്റവും ഒടുവിലാണ്..., ഇതുവരെ 54% പ്രവൃത്തി മാത്രമാണ് കേരളം പൂർത്തിയാക്കിയത്. കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണിത്. അതുകൊണ്ടുതന്നെ കേന്ദ്ര സർക്കാർ എത്ര ഫണ്ട് അനുവദിച്ചു; സംസ്ഥാന സർക്കാർ എത്ര ഫണ്ട് അനുവദിച്ചു. അതെല്ലാം അങ്ങ് മറുപടിയിൽ പറഞ്ഞാൽ നന്നായിരുന്നു. ജൽ ജീവൻ പദ്ധതിയെക്കുറിച്ച് എല്ലാവർക്കും അറിയാം. സഭയിൽ നേരത്തെ പറഞ്ഞ കാര്യങ്ങൾ ഞാനാവർത്തിക്കുന്നില്ല. നമ്മുടെ ഗ്രാമീണ റോഡുകൾ മുഴുവൻ വെട്ടിപ്പൊളിച്ച് യാത്ര ചെയ്യാൻ കഴിയാത്ത രീതിയിലാണുള്ളത്. ഞാൻ അഞ്ചോ ആറോ പ്രാവശ്യം ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥന്മാരുടെയും യോഗം വിളിച്ചുചേർത്തിരുന്നു. അവർ തമ്മിൽ പരസ്പരം പ്രശ്നങ്ങളാണ്. ജൽ ജീവൻ മിഷനുമായി ബന്ധപ്പെട്ട് നിരവധി പരാതികളാണ് പി.ഡബ്ല്യൂ.ഡി.-ക്ക് പറയാനുള്ളത്. പി.ഡബ്ല്യൂ.ഡി.-യെക്കുറിച്ച് അവരും പറയുന്നു. ഇവരുടെ പ്രശ്നങ്ങൾ തീർക്കലാണ് ഞങ്ങളുടെ പ്രധാനപ്പെട്ട ജോലി. ജൽ ജീവൻ

മിഷൻ പദ്ധതിയിലൂടെ എല്ലായിടത്തും കുടിവെള്ളമെത്തിക്കുകയെന്ന ലക്ഷ്യമാണ് നമ്മുടെ മുന്നിലുള്ളത്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും പഞ്ചായത്തിന്റെയും ഗുണഭോക്താക്കളുടെയും സഹായത്തോടുകൂടിയുള്ളതാണ് ജൽ ജീവൻ മിഷൻ പദ്ധതി. അല്ലാതെ നിങ്ങൾ പറയുന്നതുപോലെ നൂറുശതമാനവും ഈ സർക്കാരിന്റെ തുക ചെലവഴിച്ചുകൊണ്ടുള്ള ഒരു പദ്ധതിയല്ല. പക്ഷേ അത് നടപ്പാക്കുന്നത് നിങ്ങളാണ്, അതുകൊണ്ട് വേഗത്തിൽ നടപ്പാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഭക്ഷ്യവകുപ്പുമായി ബന്ധപ്പെട്ട് ഒരു വാർത്ത ഞാൻ കണ്ടിരുന്നു. ഒരു മലയാളിയെ സംബന്ധിച്ചിടത്തോളം റേഷൻ ഷോപ്പ്, റേഷൻ കട എന്നൊക്കെ പറയുന്നത് വൈകാരികമായി വളരെ അടുപ്പമുള്ള ഒന്നാണ്, നമ്മുടെ അസ്ഥിത്വവുമായി ബന്ധപ്പെട്ടുനിൽക്കുന്ന ഒന്നാണ്. അങ്ങനെയുള്ള ഏതാണ്ട് 3872 റേഷൻ കടകൾ പൂട്ടുമെന്നൊരു വാർത്ത കണ്ടു. അത് ശരിയാണോയെന്ന് അറിയില്ല. ആ വാർത്തയുടെ അടിസ്ഥാനത്തിലാണ് ഞാൻ സംസാരിക്കുന്നത്. ഏകദേശം 94310027 റേഷൻ കാർഡുകളും 13,872 റേഷൻ കടകളുമുണ്ടെന്നാണ് പറയുന്നത്. അതിൽ 4000-ത്തോളം റേഷൻ കടകൾ പൂട്ടിയാലുള്ള സ്ഥിതി എന്താണ്; റേഷൻ കടകളിൽ ഇന്ന്

സാധനങ്ങളൊന്നുമില്ലെന്ന് എല്ലാവർക്കുമറിയാം. പക്ഷേ ഇല്ലെങ്കിൽപോലും ഒരു റേഷൻ കാർഡ് സ്വന്തമായി ഉണ്ടാവുകയെന്ന് പറയുമ്പോൾ അതിന് വലിയൊരു വില മലയാളി നൽകുന്നുണ്ട്. മാത്രമല്ല, പല കാര്യങ്ങൾക്കും ഇന്ന് റേഷൻ കാർഡ് ആവശ്യമാണ്. അതുകൊണ്ട് റേഷൻ കാർഡും റേഷൻ കടകളും നിലനിർത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സി.പി.ഐ.(എം) സംസ്ഥാന സമ്മേളനം നടക്കുന്നതിനെക്കുറിച്ച് ഒരു വാർത്ത ഏതോ ഒരു പത്രത്തിൽ വായിച്ചു. സി.പി.ഐ.(എം.) സമ്മേളനത്തിന്റെ നയരേഖ അനുസരിച്ച് റേഷൻ കാർഡ് ഉടമകൾക്ക് നീല, വെള്ള എന്നുള്ള രീതിയിൽ സെസ്സ് ഏർപ്പെടുത്തുന്നുവെന്നായിരുന്നു ആ വാർത്ത. ആധികാരികമായി അറിവില്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ പറയുന്നില്ല. ഞാൻ പത്രത്തിൽ വായിച്ചതാണ്. ദയവുചെയ്ത് റേഷൻ കാർഡിന് സെസ്സ് ഏർപ്പെടുത്തുന്ന ഒരു സാഹചര്യമുണ്ടാകരുതെന്നാണ് അതുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്, ഏർപ്പെടുത്തിയില്ലെങ്കിൽ വളരെ നല്ലത്.

മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന ഇന്ന് ചർച്ച ചെയ്യുകയാണ്. മൃഗങ്ങൾക്ക് ഇന്ന് മനുഷ്യനെപ്പോലെ തന്നെ രക്ഷയില്ലാത്ത അവസ്ഥയാണ്. ശ്രീ. യു. എ. ലത്തീഫിന്റെ നിയോജകമണ്ഡലത്തിൽ ഒറ്റ

രാത്രികൊണ്ട് പുലിയിറങ്ങി ഏഴ് ആട്ടുകളെയാണ് കടിച്ചുകൊന്നത്. ഇത് സർവസാധാരണമാണ്. എന്റെ നിയോജകമണ്ഡലത്തിൽ പുലിയും കടുവയും ആനയും പന്നിയുമൊക്കെ ഇറങ്ങുന്നു. സത്യത്തിൽ മനുഷ്യർക്ക് ബുദ്ധിമുട്ടുള്ളതുപോലെ മൃഗങ്ങൾക്കും ഇന്ന് രക്ഷയില്ലാത്ത സാഹചര്യമാണുള്ളത്. വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന നഷ്ടപരിഹാരത്തുക വളരെ കുറവാണ്. അത് വർധിപ്പിച്ച് നൽകണമെന്ന് അഭ്യർഥിക്കുകയാണ്.

മിൽമയുമായി ബന്ധപ്പെട്ട വിഷയത്തിൽ നമുക്കറിയാം, മിൽമക്ക് വളരെ കുറച്ച് പാൽ മാത്രമാണ് ലഭിക്കുന്നത്. ഇന്ന് കർണാടക പാൽ കേരളത്തിലേക്ക് വരുന്നു. മലബാറിൽ 'നന്ദിനി' എന്ന ബ്രാൻഡിൽ പാലിന്റെ ഷോപ്പുകളും മറ്റും ആരംഭിക്കുന്നുണ്ട്. അതൊക്കെ യഥാർഥത്തിൽ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസം സൃഷ്ടിക്കുന്നതാണ്. സമയപരിമിതിമൂലം കൂടുതൽ കാര്യങ്ങളിലേക്ക് പോകുന്നില്ല.

എന്റെ സുഹൃത്ത് ശ്രീ. കോവൂർ കുഞ്ഞുമോൻ സംസാരിച്ചപ്പോൾ ചില കാര്യങ്ങൾ പറഞ്ഞു. ഒരു നുണ ആയിരമാവർത്തി പറഞ്ഞ് സത്യമാക്കുന്നത് എല്ലാവരുടെയും സ്വഭാവമാണ്. അദ്ദേഹം അവസാനം പറഞ്ഞു, 'ഞാൻ പറഞ്ഞോട്ടെ, അത് ശരിയല്ലെങ്കിൽ....' എന്ന്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

ഇപ്പോൾ സഭയിലില്ല; നമ്മുടെ ക്ഷേത്രങ്ങളിൽ ശാന്തിക്കാരെ നിയമിക്കുന്ന കാര്യത്തിൽ പിന്നോക്ക വിഭാഗങ്ങൾക്കും എസ്.സി. വിഭാഗങ്ങൾക്കും റിസർവേഷൻ കൊണ്ടുവന്നത് എൽ.ഡി.എഫ്.-ന്റെ കാലത്താണെന്ന് അദ്ദേഹം പറഞ്ഞു. ഒരിക്കൽ ഡോ. കെ. ടി. ജലീലും പറഞ്ഞതായി ഓർക്കുന്നു. ഉത്തരവാദിത്വപ്പെട്ട പലരും മുൻമന്ത്രിമാരായ അംഗങ്ങൾപോലും അതാവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നപ്പോൾ അത് ശരിയല്ല, തെറ്റാണെന്ന് ഞാൻ അന്നും പറഞ്ഞതാണ്. കാരണം അത് യു.ഡി.എഫ്.-ന്റെ കാലത്താണ് ആ നിയമം കൊണ്ടുവന്നത്. യു.ഡി.എഫ്.-ന്റെ കാലത്ത് കൊണ്ടുവന്ന നിയമത്തിന്മേൽ ചട്ടം രൂപീകരിക്കുകയും ചെയ്തു. തുടർന്ന് നിയമനം നടത്തുന്നതിനായി അപേക്ഷ ക്ഷണിച്ചു, പക്ഷേ നിയമനം നടത്താൻ കഴിഞ്ഞില്ല. നിയമനം നടത്തിയത് നിങ്ങളാണ്. ഇനിയും ഇവരിത് ആവർത്തിച്ചുപറയരുത്. കേരളത്തിലെ ക്ഷേത്രങ്ങളിൽ പിന്നോക്ക ജനവിഭാഗങ്ങൾക്ക്, പട്ടികജാതി വിഭാഗങ്ങൾക്ക് ശ്രീകോവിലിൽ കയറി പൂജ നടത്താനുള്ള അധികാരം നൽകിയത് നിങ്ങളാണെന്ന് ഇനി പറയരുത്. അതുകൊണ്ട് അതിന്റെ മുഴുവൻ കാര്യങ്ങൾ, നിയമം, റൂൾസുൾപ്പെടെ എടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ചെയർ അനുവദിച്ചാൽ ഞാനത് മേശപ്പുറത്തുവയ്ക്കാം. ദയവുചെയ്ത് അതാവർത്തിക്കരുത്. ശരിയാണ്, നിങ്ങൾ

നിയമനം നടത്തി. ഞങ്ങളാണ് ആ നിയമം കൊണ്ടുവന്നത്, അപ്പോൾ തിരഞ്ഞെടുപ്പ് വന്നു. തിരഞ്ഞെടുപ്പ് വന്നപ്പോൾ ഞങ്ങൾക്ക് നിയമനം നടത്താൻ സാധിച്ചില്ല. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ നിയമനം നടത്തിയെന്ന കാര്യം ഞങ്ങൾ അംഗീകരിക്കുന്നു. പക്ഷേ, നിയമം കൊണ്ടുവരുന്നതല്ലേ പ്രധാനം; നിയമം കൊണ്ടുവന്നത് ഞങ്ങളുടെ കാലത്താണ്. ദയവുചെയ്ത് അതാവർത്തിച്ച് പറയരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

(തുടരും...)

P-20-03-2025-HA/AM (II)-3.50-4.00

(ശ്രീ. എ. പി. അനിൽ കുമാർ-തുടർച്ച....)

കേരളത്തിലെ ദളിത് വിഭാഗങ്ങളെയും ആദിവാസികളെയും മത്സ്യത്തൊഴിലാളികളെയും സംബന്ധിച്ചിടത്തോളം അവർക്കുള്ള പദ്ധതി മുഖേന ലഭിക്കേണ്ട വിഹിതത്തിൽ അങ്ങേയറ്റം പ്രയാസമുള്ള കാര്യങ്ങളുണ്ട്. ലൈഫ് മിഷൻ എന്നത് ഏറ്റവും നല്ല പ്രോഗ്രാമായിരുന്നു ഇത്. അവർക്കുള്ള പദ്ധതി വിഹിതം ലൈഫ് മിഷനിൽ ഉൾപ്പെടുത്തുകയാണ് ചെയ്തത്. അതുവഴി യഥാർഥത്തിൽ എസ്.സി. വിഭാഗങ്ങൾക്ക് എസ്.സി. ഡിപ്പാർട്ട്മെന്റിന്റെ പ്ലാൻ ഫണ്ടിലൂടെ ലഭിക്കേണ്ട തുക മൊത്തമായും ലൈഫ്

മിഷനിൽ നൽകുകയാണ് ചെയ്തത്. ഇന്ന് ആ ലൈഫ് മിഷനിൽനിന്ന് 4 ലക്ഷം രൂപയാണ് ലഭിക്കുന്നത്. മറ്റെല്ലാ വിഭാഗങ്ങൾക്കും പഞ്ചായത്ത് ഫണ്ട് നൽകുന്നുണ്ട്. രണ്ട് ലക്ഷം രൂപ പഞ്ചായത്തും ഒരു ലക്ഷം രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമാണ് നൽകുന്നത്. ഒരു ലക്ഷം രൂപ മാത്രമാണ് ഗവൺമെന്റ് നൽകുന്നത്. ആ കാറ്റഗറിയിലുൾപ്പെടുത്തിക്കൊണ്ട് പരമാവധി എസ്.സി. വിഭാഗങ്ങൾക്ക് ഫണ്ടനുവദിച്ച് വീട് നൽകുകയും ഈ വകുപ്പിനുകീഴിലുള്ള പ്രവൃത്തികൾ നടത്താൻ അവർക്ക് അനുവാദം നൽകുകയും ചെയ്തിരുന്നെങ്കിൽ എത്രമാത്രം മികച്ച രീതിയിൽ ഈ ഭവന പദ്ധതി നടപ്പാക്കാൻ കഴിയുമായിരുന്നു. അതൊന്നും നിങ്ങൾ ചെയ്യുന്നില്ല; നിങ്ങൾ എന്തെങ്കിലുമൊക്കെ ചെയ്തെന്ന് വരുത്തിത്തീർക്കുകയാണ്. യഥാർത്ഥത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം ലൈഫ് മിഷൻ പദ്ധതിയിലൂടെ ഇന്ന് ലഭിക്കാതെ പോകുന്ന സ്ഥിതിയുണ്ട്. ദളിത് മുന്നേറ്റങ്ങൾക്ക് ഏറ്റവും കൂടുതൽ പങ്ക് വഹിച്ചത് എൽ.ഡി.എഫ്. ആണെന്നും ഇതിനായി കോൺഗ്രസ് ഒന്നും ചെയ്തില്ലെന്നും ശ്രീ. എം. രാജഗോപാലൻ ഇവിടെ സംസാരിച്ചു. കേരളത്തിന്റെയും ഇന്ത്യയുടെയും ചരിത്രം പരിശോധിച്ചാൽ എന്നെങ്കിലും കേരളത്തിലെ ദളിത് സമൂഹത്തെ നിങ്ങൾ അഡ്രസ്സ് ചെയ്തിട്ടുണ്ടോ? ദളിത് സമൂഹത്തിനുവേണ്ടി ഏറ്റവും

നന്നായി പ്രവർത്തിച്ച ഡോ. ബി. ആർ. അംബേദ്ക്കറിനെ നിങ്ങൾ തള്ളിപ്പറഞ്ഞവരാണ്. ഡോ. ബി. ആർ. അംബേദ്ക്കറിനെ ബ്രിട്ടീഷുകാരുടെ ഏജന്റാണെന്നാണ് നിങ്ങൾ പറഞ്ഞത്. നിങ്ങളുടെ സിദ്ധാന്തം വേറെയായിരുന്നു. വർഗ്ഗ സമരത്തെ ജാതി സമരം കൊണ്ട് ഡോ. ബി. ആർ. അംബേദ്കർ നേരിടുന്നുവെന്നും വർഗ്ഗസമരത്തിലൂടെയാണ് രക്ഷപ്പെടേണ്ടത്, ജാതി പറഞ്ഞുകൊണ്ടല്ലെന്നുമാണ് കമ്മ്യൂണിസ്റ്റ് പാർട്ടി പറഞ്ഞത്. പക്ഷേ ഡോ. ബി. ആർ. അംബേദ്കർ ഉയർത്തിപ്പിടിച്ച ജാതിവ്യവസ്ഥയ്ക്കെതിരെയുള്ള പോരാട്ടമാണ് പിന്നീട് എല്ലാവർക്കും അംഗീകരിക്കേണ്ടിവന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടി അതൊക്കെ തിരുത്തണം. നിങ്ങളെ സംബന്ധിച്ചിടത്തോളം വർഗ്ഗ സമരത്തിലൂടെ രക്ഷപ്പെടാമെന്ന് കരുതിയോ? അത് മാർക്സിയൻ കാഴ്ചപ്പാടാണ്. പക്ഷേ ഇന്ത്യയിലെ ജാതിവ്യവസ്ഥ എത്രത്തോളം ആഴത്തിലുള്ളതാണ്. അത് വർഗ്ഗസമരത്തിലൂടെ മാറ്റാൻ കഴിയുന്നതാണോ? നിങ്ങൾ എന്നും അതിനെ എതിർത്തിട്ടേയുള്ളൂ. കേരളത്തെ സംബന്ധിച്ചിടത്തോളം, മഹാനായ ഇ.എം.എസ്. എത്രയോ ചരിത്രങ്ങളെഴുതിയിട്ടില്ലേ? കേരള ചരിത്രത്തിലെ നവോത്ഥാന മുന്നേറ്റങ്ങളെക്കുറിച്ച് പറഞ്ഞിട്ടില്ലേ; എവിടെയെങ്കിലും മഹാത്മാ അയ്യങ്കാളിയെക്കുറിച്ച് ഒരു വാക്ക് ഇ.എം.എസ്. എഴുതിയത്

നിങ്ങൾക്ക് കാണിച്ചുതരാൻ സാധിക്കുമോ? ഇ.എം.എസ്.-ന്റെ ചരിത്രങ്ങളിൽ അയ്യങ്കാളിയില്ല, ദളിത് പോരാട്ടങ്ങളില്ല. എന്നിട്ടാണ് കേരളത്തിലെ എല്ലാ ദളിത് പോരാട്ടങ്ങൾക്കും നിങ്ങളാണ് മുന്നിൽ നിൽക്കുന്നതെന്ന് നിങ്ങൾ പറയുന്നത്. ഞങ്ങളുടെ കോൺഗ്രസ് അധ്യക്ഷന്റെ പേര് നിങ്ങൾക്ക് അറിയാമോ? ശ്രീ. മല്ലികാർജ്ജുൻ ഖർഗെ എന്നാണ്. ഏറ്റവും പിന്നാക്ക വിഭാഗത്തിൽനിന്ന് വന്ന നേതാവാണ് അദ്ദേഹം. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ ബ്രിട്ടീഷുകാരിൽനിന്ന് ഇന്ത്യയെ മോചിപ്പിക്കാൻവേണ്ടി ഞങ്ങൾ ഒരു പോരാട്ടം നടത്തി. കേരളത്തിലെയും ഇന്ത്യയിലെയും പാർശ്വവൽക്കരിക്കപ്പെട്ട എസ്.സി. വിഭാഗം ജനങ്ങളെ മുന്നോട്ടുകൊണ്ടുവരുന്നതിനുവേണ്ടി സ്വാതന്ത്ര്യസമരം നിർത്തിവച്ച് അതിനുവേണ്ടി ഗാന്ധിജി ഇറങ്ങിത്തിരിച്ചത് ഇന്ത്യയുടെ ചരിത്രത്തിന്റെ ഭാഗമാണ്, സ്വാതന്ത്ര്യ സമരചരിത്രത്തിന്റെ ഭാഗമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യ സമര ചരിത്രമെന്നത് ഒരു ദ്വിമുഖ സമരചരിത്രമാണ്. അത് ബ്രിട്ടീഷുകാർക്കെതിരെയും അതുപോലെ ഇവിടത്തെ സവർണ്ണ മേധാവിത്വത്തിനെതിരെയുമുള്ള സമരമാണ്. (....ബഹളം...) ഇവിടെ പലരും പറയുന്നൊരു കാര്യം..., ശ്രീ. കോവൂർ കുഞ്ഞുമോൻ വീണ്ടും

ആവർത്തിച്ചുപറഞ്ഞിരുന്നു.

കേരളത്തിൽ 2016-നുശേഷം പിണറായി വിജയൻ ഗവൺമെന്റ് വന്നതിനുശേഷമാണ് നമ്മുടെ കുട്ടികളുടെ സ്വപ്നങ്ങൾക്ക് ചിറക് മുളച്ചത്, അവർ പൈലറ്റായി ആകാശത്തിലൂടെ പറന്നതെന്നാണ്. എന്നാൽ ഇതിനൊക്കെ എത്രയോ മുമ്പ് നമ്മുടെ കുട്ടികളുടെ സ്വപ്നങ്ങൾക്ക് ചിറക് മുളച്ചിട്ടുണ്ട്. അവർ പൈലറ്റായി ആകാശത്തിലൂടെ പറന്നിട്ടുണ്ട്. ഇതൊന്നും ഈ ഗവൺമെന്റ് വന്നതിനുശേഷമല്ല. ഇവിടെ എന്തെല്ലാം നടന്നിട്ടുണ്ടോ അതൊക്കെ 2016-ന് ശേഷമാണെന്ന് നിങ്ങൾ പറയരുത്. ഇതൊക്കെ അതിനുമുമ്പുള്ള കാര്യങ്ങളാണ്. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. നിങ്ങൾ ദളിത് സ്നേഹത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ; ഞാൻ ഈ സഭയിൽത്തന്നെ 3 പ്രാവശ്യം സബ്മിഷൻ കൊണ്ടുവന്നു. എന്റെ പ്രസംഗത്തിൽ ബഹുമാന്യനായ മുഖ്യമന്ത്രിയോട് പറഞ്ഞൊരു കാര്യമുണ്ട്...., ദേവസ്വം ബോർഡുകളിൽ റിസർവേഷൻ നടപ്പാക്കിയപ്പോൾ ദേവസ്വത്തിനുകീഴിലുള്ള കോളേജുകളിൽ എസ്.സി./എസ്.ടി., ഒ.ബി.സി. റിസർവേഷൻ നടപ്പാക്കണമെന്ന് ഞങ്ങൾ പറഞ്ഞിട്ട് എത്രയോ നാളായി. ഉത്തരവിറക്കിയിട്ടുണ്ടെന്ന് മുൻമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞു. എവിടെയാണ് ഉത്തരവ്? നിയമസഭയിൽ

നിയമം കൊണ്ടുവന്നാണ് അത് പാസ്സാക്കേണ്ടത്. ഇന്ന് എയ്ഡഡ് കോളേജുകളിൽ ലക്ഷക്കണക്കിന് ആളുകൾ പഠിക്കുമ്പോൾ അതിലൊന്നും എസ്.സി./എസ്.ടി. വിഭാഗങ്ങളില്ല. പക്ഷേ, ദേവസ്വം ബോർഡിനുകീഴിലുള്ള കോളേജുകളിലെങ്കിലും സംവരണമേർപ്പെടുത്താൻ കഴിഞ്ഞ 9 വർഷമായി നിങ്ങൾക്ക് കഴിഞ്ഞിട്ടില്ല. യാതൊരു സംശയവും വേണ്ട, 2026 കഴിഞ്ഞ് യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ ഞങ്ങൾ ആദ്യം ചെയ്യാൻ പോകുന്ന കാര്യങ്ങളിലൊന്ന് അതായിരിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

(ശ്രീ. വി. ഡി. സതീശൻ)

P-20-03-2025-HA/AM (II)-3.50-4.00

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, അങ്ങയുടെ അനുവാദത്തോടുകൂടി ഒരു കാര്യം പരാമർശിക്കുകയാണ്. ഇന്ന് രാവിലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ നോട്ടീസ് ബഹുമാനപ്പെട്ട അംഗം ശ്രീ. നജീബ് കാന്തപുരം അവതരിപ്പിക്കുമ്പോഴും ഞാനുൾപ്പെടെയുള്ള ആളുകൾ വാക്കൗട്ട് പ്രസംഗം നടത്തുമ്പോഴും അങ്ങ് സൂചിപ്പിച്ചതുപോലെതന്നെ പ്ലാൻ ചെയ്തുവന്ന് തുടർച്ചയായി

തടസ്സപ്പെടുത്തുകയായിരുന്നു. ഞങ്ങൾ അതിൽ ശക്തിയായ പ്രതിഷേധം ചെയറിനെ അറിയിച്ചു. ആ പ്രതിഷേധത്തിന്റെ ഭാഗമായി ഇതൊരിക്കലും ആവർത്തിക്കാതിരിക്കുന്നതിനായി ഇന്ന് മന്ത്രിമാരുടെ മറുപടികൾ ഞങ്ങൾ ബഹിഷ്കരിക്കുകയാണ്. പരിഹാസത്തോടെയും പുച്ഛത്തോടെയും ഇവർ പറഞ്ഞ ആശാവർക്കർമാർ നടത്തുന്ന നിരാഹാര സമരത്തിന് അഭിവാദ്യങ്ങളർപ്പിക്കാൻ വേണ്ടിയാണ് ഞങ്ങൾ പോകുന്നത്. ഞങ്ങൾ സഭാ നടപടികൾ ബഹിഷ്കരിക്കുകയാണ്.

മി. സ്പീക്കർ: വളരെ പ്രധാനപ്പെട്ട ധനാഭ്യർത്ഥനകളിന്മേൽ ബഹുമാനപ്പെട്ട അംഗങ്ങൾ വളരെ ഗുരുതരമായ ആശങ്കകളും അവരുടെ ആവശ്യങ്ങളും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. അതിൽ ബഹുമാനപ്പെട്ട മന്ത്രിമാരുടെ മറുപടി കേൾക്കണമെന്നാണ് ചെയർ റിക്വസ്റ്റ് ചെയ്യുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങേയ്ക്ക് മറുപടി നൽകാം. ഞങ്ങൾ കൊണ്ടുവരുന്നതും ഇതുപോലെ ഗൗരവമുള്ള കാര്യങ്ങളാണ്. എത്ര തെറ്റായ രീതിയാണിത്. അങ്ങേയ്ക്ക് അറിയാമല്ലോ, അവസാനം മന്ത്രി പറഞ്ഞ കാര്യത്തിൽ മാത്രമാണ് ഞാൻ രാഷ്ട്രീയം പറഞ്ഞത്. മറ്റ് സമയങ്ങളിൽ വിഷയത്തെക്കുറിച്ച് മാത്രമാണ് സംസാരിച്ചത്. തുടർച്ചയായി ഒരു പ്രതിപക്ഷനേതാവിനും ഈ നിയമസഭാ ചരിത്രത്തിലുണ്ടായിട്ടില്ലാത്ത

തരത്തിലുള്ള അവഹേളനവും അധിക്ഷേപവും നിരന്തരമായ തടസ്സപ്പെടുത്തലുമാണ് ഞാനുൾപ്പെടെയുള്ളവർ ഇന്ന് ഇവിടെ നേരിട്ടത്. മനഃപൂർവമായി പ്രസംഗം നിരന്തരമായി തടസ്സപ്പെടുത്തുകയാണുണ്ടായത്. മന്ത്രിമാരുടെ പ്രസംഗം തടസ്സപ്പെടുത്തിയോ ബഹളമുണ്ടാക്കിയോ അല്ല ഞങ്ങൾക്ക് പ്രതികരിക്കുന്നത്. We want to register our protest on the floor, ഞങ്ങൾ ഇങ്ങനെയാണ് ഞങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കുന്നത്. ഞങ്ങൾ മന്ത്രിമാരുടെ മറുപടി പ്രസംഗം ബഹിഷ്കരിക്കുകയാണ്.

(നടപടി നിർത്തിവയ്ക്കാനുള്ള ഉപക്ഷേപസമയത്ത് പ്രതിപക്ഷാംഗങ്ങളുടെ പ്രസംഗം ഭരണകക്ഷിയംഗങ്ങൾ തുടർച്ചയായി തടസ്സപ്പെടുത്തുന്നതിൽ പ്രതിഷേധിക്കുന്നതായി പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തുകയും പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഇന്ന് നടന്ന ചർച്ചകളിന്മേലുള്ള വസ്തുത എന്താണെന്ന് ഈ സഭ അറിയുകയും സഭാരേഖകളിലുണ്ടാവുകയും വേണം. തെറ്റായ ധാരാളം വിഷയങ്ങളെ സംബന്ധിച്ച് ഇവിടെ വിശദീകരിച്ചിട്ടുണ്ട്. അതിന്റെ വസ്തുതകൾ പറയാനുള്ള അവസരമുണ്ടാകണം.

P-20-03-2025-HA/AM (II)-3.50-4.00

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ധനാഭ്യർത്ഥന ചർച്ചകളിൽ പങ്കെടുത്തതിനുശേഷം അതിന് മറുപടി പറയുന്നതിനുമുമ്പ് പ്രതിപക്ഷ വാക്കൗട്ട് നടക്കുന്നത് ഒരു തെറ്റായ സന്ദേശമാണ് കേരളത്തിലെ ജനങ്ങൾക്ക് നൽകുന്നത്. സർക്കാർ എന്താണ് ചെയ്യാൻ പോകുന്നതെന്നും ഗവൺമെന്റിന്റെ നിലപാടെന്താണെന്നും വ്യക്തമാക്കേണ്ട സമയത്ത്, അതിൽ ഉന്നയിക്കപ്പെട്ട വിമർശനങ്ങളും നിർദേശങ്ങളും ഗവൺമെന്റ് എങ്ങനെയാണ് പരിഗണിക്കേണ്ടതെന്ന് ഇവിടെ ഓരോരുത്തരും അറിയുകയും അതുവഴി കേരള പൊതുസമൂഹം അറിയേണ്ടതാണെന്നും അതിന്റെ ഭാഗമാണ് ഞങ്ങളെന്നും ബോധ്യമില്ലാതെ പ്രതിപക്ഷാംഗങ്ങൾ ഈ അവസരത്തിൽ ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചത് ശരിയായ നടപടിക്രമമല്ല. അത്തരം പ്രതിഷേധങ്ങളുണ്ടായിരുന്നെങ്കിൽ അത് രാവിലെ തന്നെ രേഖപ്പെടുത്തി അവർ സഭ ബഹിഷ്കരിക്കുകയായിരുന്നു ഉചിതം. സഭയിൽ ധനകാര്യ ചർച്ചയിൽ പങ്കെടുത്തതിനുശേഷം മറുപടി കേൾക്കാതിരിക്കുന്നു എന്നത് തെറ്റായ സൂചനയാണെന്നുമാത്രം പരാമർശിക്കുന്നു. പക്ഷേ, ഞങ്ങൾക്ക് ഗവൺമെന്റിനുവേണ്ടി ചില

കാര്യങ്ങൾ സംസാരിക്കാനുണ്ട്. അത് കൂടുതൽ സമയമെടുത്ത് സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. എങ്കിൽപ്പോലും ജലവിഭവവുമായി ബന്ധപ്പെട്ട്; പ്രത്യേകിച്ച് ശുദ്ധജല വിതരണവുമായി ബന്ധപ്പെട്ട് ഏറ്റവും സുപ്രധാനമായൊരു ഘട്ടമാണിത്. ജലജീവൻ മിഷൻ പദ്ധതിയെക്കുറിച്ചുപോലും ആക്ഷേപകരമായെന്ന് ഞാൻ പറയുന്നില്ലെങ്കിൽപ്പോലും വസ്തുതകൾ മനസ്സിലാക്കാതെ സംസാരിച്ചത് തികച്ചും തെറ്റായ നിലപാടാണ്.

(തുടരും....)

പി. 20-03-2025
ആർ.ആർ.-എൽ.ഡി.-2
4.00-4.10 (SV)

(ശ്രീ. റോഷി അഗസ്റ്റിൻ തുടർച്ച)

ഞാൻ അതിന്റെ മെരിറ്റിലേക്ക് കടക്കുന്നതിനുമുമ്പ്, ചർച്ചയിൽ ഏറ്റവും അവസാനമായി സംസാരിച്ച ശ്രീ. എ. പി. അനിൽ കുമാർ സൂചിപ്പിച്ച പ്രധാനപ്പെട്ട രണ്ട് വിഷയങ്ങൾ ശ്രദ്ധിക്കുകയുണ്ടായി. ഇന്ത്യയിൽ ഏറ്റവും ഒടുവിൽ  ടി പദ്ധതി നടപ്പാക്കുന്ന സംസ്ഥാനമാണ് കേരളമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് കേരള ജനത കേൾക്കേണ്ടതുണ്ടോ; ഇന്ത്യയിൽ ഈ പദ്ധതി നടപ്പാക്കുന്ന സന്ദർഭത്തിൽ കേരളത്തിലെ

സ്ഥിതിയെന്തായിരുന്നു? ഈ പദ്ധതിയിൽ സ്റ്റേറ്റ് പ്ലാനും നബാർഡും ഉൾപ്പെടുത്തി ഒരു കാലഘട്ടത്തിൽ ആരംഭിച്ചുവെന്ന് അവർ പറയുകയുണ്ടായി. തെറ്റില്ല, നല്ലകാര്യം. പക്ഷെ ആ ഘട്ടത്തിൽ എവിടെവരെ എത്താൻ കഴിഞ്ഞു; ജൽജീവൻ മിഷൻ ആരംഭിക്കുന്ന സന്ദർഭത്തിൽ കേരളത്തിന്റെ സ്ഥിതിയെന്തായിരുന്നു? ആ സന്ദർഭത്തിൽ 17 ലക്ഷം ഗ്രാമീണ കുടുംബങ്ങൾക്ക് മാത്രമാണ് കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞത്. അത് 60 വർഷം കൊണ്ടാണെന്ന് ഓർക്കണം. എന്നാൽ, 17 ലക്ഷം കുടുംബങ്ങൾ എന്നതിൽനിന്ന് ഇന്ന് 39 ലക്ഷം കുടുംബങ്ങളിലേക്ക് അധികമായി ജലമെത്തിക്കാൻ കഴിഞ്ഞുവെന്ന കാര്യം കാണാതെ പോകുകയാണ്. ശതമാനാടിസ്ഥാനത്തിൽ സൂചിപ്പിക്കുകയാണെങ്കിൽ, 25 ശതമാനമായിരുന്നത് 55 ശതമാനമായി ഉയർന്നു എന്നുപറയാം. വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഈ പദ്ധതി ആരംഭിക്കുമ്പോൾത്തന്നെ ബഹുഭൂരിപക്ഷം സംസ്ഥാനങ്ങളിലും കുടിവെള്ള കണക്ഷന്റെ നിരക്ക് 40 ശതമാനത്തിനുമുകളിലായിരുന്നു. ആ സ്ഥിതി പരിശോധിച്ചശേഷം ഇവിടത്തെ കാര്യം വിലയിരുത്തുന്നത് ശരിയല്ല. 40 ശതമാനമായിരുന്ന പല വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിലും അത് 65-70 ശതമാനം വരെയായെങ്കിൽ കേരളം 25 ശതമാനത്തിൽനിന്ന് 55 ശതമാനം

വരെയായെന്നതിൽ നിന്നും നമ്മൾ അത്രയും പുറകിലല്ലെന്ന് മനസ്സിലാക്കാം. യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കാൻ ശ്രമിക്കരുത്. ഇത്തരം കാര്യങ്ങൾ ഇതിന്റെ ഭാഗമായി കാണേണ്ടതുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര രൂപ ചെലവഴിക്കപ്പെട്ടു? ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരും യോജിച്ച് നടപ്പാക്കുന്ന ഈ കേന്ദ്രാവിഷ്കൃത പദ്ധതിക്കാവശ്യമായ തുക നൽകുമെന്ന് സർക്കാർ അറിയിച്ചിട്ടുള്ളതാണ്. നാളിതുവരെ ടി പദ്ധതി നടപ്പാക്കാൻ സംസ്ഥാനത്ത് 44,714.79 കോടി രൂപയുടെ ഭരണാനുമതി നൽകി. കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവുമായി ഏകദേശം 12,000 കോടിയോളം രൂപ നൽകിക്കഴിഞ്ഞു. ഇക്കാര്യങ്ങളിലൊന്നും വീഴ്ച വരുത്താൻ ആഗ്രഹിക്കുന്നില്ല. ഈ പദ്ധതിയെ അതിന്റെ ശരിയായ ലക്ഷ്യത്തിൽ എത്തിക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. 115 ഗ്രാമ പഞ്ചായത്തുകളിൽ നൂറ് ശതമാനം ജലം നൽകാൻ കഴിഞ്ഞു. ഒൻപത് നിയമസഭാ മണ്ഡലങ്ങളിൽ പൂർണ്ണമായും വെള്ളമെത്തിക്കാൻ നമുക്ക് കഴിഞ്ഞു. ഇതുകൂടാതെ ഒക്ടോബർ മാസമാകുമ്പോഴേക്കും നേരത്തെ സൂചിപ്പിച്ച 115 കൂടാതെ 259 ഗ്രാമപഞ്ചായത്തുകളിൽക്കൂടി പൂർണ്ണമായും

വെള്ളമെത്തിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകുകയാണ്. 2026 ജനുവരി-ഫെബ്രുവരി മാസമാകുമ്പോൾ ഏതാണ്ട് 550-ൽ അധികം പഞ്ചായത്തുകളിൽ പൂർണ്ണമായും വെള്ളമെത്തിക്കാനാകും. അതുവഴി എത്ര വലിയ നേട്ടമാണ് സംസ്ഥാനത്തിനുണ്ടാകുന്നത്; അതോടൊപ്പം ഇതിന്റെ ശതമാനക്കണക്ക് പരിശോധിക്കുകയാണെങ്കിൽ 60 ശതമാനത്തിലും 40 ശതമാനത്തിലും അധികരിച്ച് നിൽക്കുന്ന പഞ്ചായത്തുകളാണ് ബഹുഭൂരിപക്ഷവും. നാം ഇവിടെ നടപ്പാക്കിയത് സസ്റ്റെയിനബിളായ ഒരു കുടിവെള്ള പദ്ധതിയാണ്. ഇതുമായി ബന്ധപ്പെട്ട് വടക്കെ ഇന്ത്യൻ സംസ്ഥാനങ്ങളിൽ മൈക്രോ പദ്ധതികളാണ് ആവിഷ്ക്കരിച്ചിരുന്നത്. എന്നാൽ ഡാമുകളിൽനിന്നും നദികളിൽനിന്നും വെള്ളമെടുത്ത് എല്ലാ മേഖലയിലും എല്ലാ സമയത്തും വെള്ളം ലഭിക്കുമെന്ന് ഉറപ്പുവരുത്തുന്ന പദ്ധതികളാണ് നമ്മൾ ഇവിടെ നടപ്പാക്കിയത്. ഇത്രയും വലിയൊരു പദ്ധതി കേരളമൊട്ടാകെ നടപ്പാക്കുന്ന അവസരത്തിൽ, ഇവിടെ ഉന്നയിക്കപ്പെട്ട ഓരോ വിമർശനങ്ങൾക്കും പ്രത്യേകമായി മറുപടി പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ചുരുക്കം ചിലർ മാത്രമാണ് അത്തരമൊരു രീതിയിൽ സംസാരിച്ചത്. വകുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാരണം റോഡുകൾ പൊളിഞ്ഞുപോയി എന്നതാണ് പൊതുവെയുള്ള പരാതി. അത് സ്വാഭാവികമായും സംഭവിക്കുന്ന കാര്യമാണ്.

പദ്ധതി നടപ്പാക്കുന്നതിനുള്ള ഓരോ സ്കീമുകളെടുത്ത് പരിശോധിക്കുമ്പോൾ അത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കാൻ കഴിയും. അങ്ങനെ റോഡുകൾ പൊളിഞ്ഞിട്ടുണ്ടെങ്കിൽ അത്തരം റോഡുകളുടെ റെസ്റ്റോറേഷന് ആവശ്യമായ തുകയും അനുവദിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യ മൂന്ന് ഘട്ടങ്ങളിലും റെസ്റ്റോറേഷന് ആവശ്യമായ പണമില്ലായിരുന്നു. എന്നാൽ അതിനാവശ്യമായ പണം ആവശ്യപ്പെട്ട് വീണ്ടും കേന്ദ്രസർക്കാരിനെ സമീപിച്ചു. ഈ ഇനത്തിൽ 1300 കോടി രൂപയിലധികം നമുക്ക് ലഭ്യമായി. റോഡ് റെസ്റ്റോറേഷൻ പ്രവൃത്തികൾ പഞ്ചായത്തുകൾ മുഖാന്തരമോ ഏറ്റെടുത്ത കരാറുകാരൻ മുഖാന്തരമോ  ചെയ്താൽ പ്രസ്തുത തുക റീ-ഇംമ്പേഴ്സ് ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തുടർന്നുള്ള എല്ലാ എഗ്രിമെന്റുകളിലും ടെൻഡറുകളിലും റോഡ് റെസ്റ്റോറേഷനുംകൂടി ഉൾപ്പെടുത്തിയുള്ള നടപടി സ്വീകരിച്ചാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിനുണ്ടായിട്ടുള്ള ചെറിയ ബുദ്ധിമുട്ടുകൾ പരിഹരിക്കേണ്ടതുണ്ട്. സ്വാഭാവികമായും ജനങ്ങൾ അനുഭവിക്കുന്ന വിഷമം തന്നെയാണ് അവർ രേഖപ്പെടുത്തുന്നത്. അത്തരം റോഡുകൾ restore ചെയ്യുന്നതിലൂടെ അതിന് പരിഹാരം കാണാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പലപ്പോഴും ചില

പ്രശ്നങ്ങൾ നേരിടുന്നുണ്ട്. പൈപ്പ് ലൈൻ, ഡിസ്ട്രിബ്യൂഷൻ ലൈൻ ഇട്ടുകഴിഞ്ഞാൽ അവിടെ പ്രഷർ ടെസ്റ്റ് നടത്തേണ്ടതായിട്ടുണ്ട്. ചില അവസരങ്ങളിൽ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുന്ന സന്ദർഭംവരെ പ്രഷർ ടെസ്റ്റ് നടത്തുന്നതിന് കാത്തിരിക്കേണ്ടി വരുന്നതിനാൽ ആ റോഡുകൾ പെർമനന്റായി restore ചെയ്യുന്നതിൽ കാലതാമസത്തിന് ഇടയാക്കിയിട്ടുണ്ട്. അത് ഒഴിവാക്കാനായി, മെയിൻ പമ്പിംഗ് ലൈൻ പോകുന്ന പ്രദേശത്ത്, താൽക്കാലികമായി ചെയ്യാൻ കഴിയുന്ന സ്ഥിതിയിൽ അതിനും ചില ക്രമീകരണങ്ങൾ ഏർപ്പെടുത്തി പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. കേരള ചരിത്രത്തിൽ സസ്റ്റെയിനബിളായി എല്ലാ വീടുകളിലും കുടിവെള്ളം എത്തിക്കുന്ന ഒരു പദ്ധതിയാണിത്. ബഹുമാനപ്പെട്ട രണ്ടാം പിണറായി സർക്കാരിന്റെ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് 85 ശതമാനത്തിൽ അധികം കുടുംബങ്ങളിലും പൂർണ്ണമായി കുടിവെള്ളം എത്തിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. എല്ലാ എം.എൽ.എ.-മാരും അവരവരുടെ നിയോജകമണ്ഡലങ്ങളിൽ അത്തരം കാര്യങ്ങൾ ശ്രദ്ധാപൂർവം നിരീക്ഷിച്ചാൽ സത്യാവസ്ഥ ബോധ്യമാകും. കൂടാതെ യഥാസമയം റിവ്യൂ നടത്തുന്നുണ്ട്. ജില്ലാതല റിവ്യൂകൾ കൃത്യമായി സംഘടിപ്പിക്കാറുണ്ട്. നമ്മുടെ

ശ്രദ്ധയിൽപ്പെടുത്തുന്ന പോരായ്മകൾ കൃത്യമായി മനസ്സിലാക്കി അതിന് പരിഹാരം കണ്ടെത്തി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ശ്രീ. പി. അബ്ദുൽ ഹമീദ് എം.എൽ.എ.-യാണ് ഇതുസംബന്ധിച്ച് കാര്യമായ വിമർശനങ്ങൾ ഉന്നയിച്ചിട്ടുള്ളത്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. റോഡുകൾ കീറിമുറിച്ചത് കാരണം സ്കൂൾ ബസ്സുകൾക്ക് പോകാൻ കഴിയുന്നില്ല, എന്നതാണ് അദ്ദേഹത്തിന്റെ പരാതി. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങളിൽ കുടിവെള്ളം എത്തിച്ചെന്നും അദ്ദേഹം പറയേണ്ടതല്ലേ; അവിടത്തെ സ്ഥിതി എന്തായിരുന്നു? മുമ്പ് അവിടെ ജലമെത്തിക്കാൻ കഴിഞ്ഞിരുന്നത് 22 ശതമാനമായിരുന്നു. എന്നാൽ ഇന്ന് 40 ശതമാനത്തോളം കുടുംബങ്ങളിൽ വെള്ളമെത്തിക്കാൻ കഴിഞ്ഞു എന്നുപറയാതെ പോയത് അവിടത്തെ ജനങ്ങളോട് അദ്ദേഹം കാണിച്ച മോശമായൊരു കീഴ്വഴക്കമാണ്. അവിടെ റോഡിലിറങ്ങി നടക്കാൻ കഴിയുന്നില്ലെങ്കിൽ അതിന് മറ്റെന്തെങ്കിലും കാരണമുണ്ടാകും. അത് കുടിവെള്ളത്തിന്റെ പേരിലാണെന്ന് ഞാനൊരിക്കലും വിചാരിക്കുന്നില്ല. അങ്ങനെയൊന്നുമല്ല പറയേണ്ടത്. കൂട്ടായിനിന്ന് പ്രവർത്തിച്ച് മുന്നേറേണ്ട സമയമാണിത്. അവിടെ ഇത്തരം കാര്യങ്ങളിൽ ചേർന്നുനിൽക്കേണ്ടവർ

അത് കാണാതെ പോയി എന്നതിലുള്ള കുണ്ഠിതം ഞാനിവിടെ രേഖപ്പെടുത്തുന്നു. റോഡുകളെക്കുറിച്ച് ഞാൻ ഇവിടെ സൂചിപ്പിച്ചു. 1.2 ലക്ഷം കിലോമീറ്റർ റോഡുകളാണ് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മുറിക്കേണ്ടിവരുന്നത്. 51000 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു. അതിൽ 41000 കിലോമീറ്റർ ഭാഗം പൂർണ്ണമായി restore ചെയ്തു. 9000 കിലോമീറ്ററാണ് restore ചെയ്യാൻ ബാക്കിയുള്ളത്. 1.2 ലക്ഷം കിലോമീറ്റർ റോഡുകൾ മുറിക്കേണ്ടതായിട്ടുള്ള ബൃഹത് പദ്ധതിയിൽ ചെറിയ പ്രശ്നങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അവ കഴിയുംവിധം പരിഹരിച്ച് മുന്നോട്ടുപോകും.

ഇതോടൊപ്പം നിരവധി പ്ലാനുകളും പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. NABARD, State plan, RKI, KIIFB എന്നിവ മുഖേനയുള്ളതും അമൃത് സ്കീം, സ്വീവറേജ് സിസ്റ്റം എന്നിവയെല്ലാം വളരെ നല്ല രീതിയിൽ കൊണ്ടുപോകുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സ്വീവറേജ് ഏറ്റവും പ്രധാനപ്പെട്ട ഒരു ഘടകമാണ്. പ്രാധാന്യം അർഹിക്കുന്ന രീതിയിൽ അതിനെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള സംവിധാനമാണ് രൂപപ്പെടുത്തിയിട്ടുള്ളത്.

വാട്ടർ അതോറിറ്റിയെ സംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിൽ, നമ്മുടെ സംസ്ഥാനത്ത് സ്വയം വരുമാനം കണ്ടെത്തേണ്ട ഒരു വകുപ്പായി

വാട്ടർ അതോറിറ്റി മാറിയിട്ടുണ്ട്. കുടിവെള്ളത്തിൽ നിന്ന് ലഭിക്കുന്ന വരുമാനമാണ് വാട്ടർ അതോറിറ്റിയുടെ നിത്യ ചെലവുകൾക്കുപോലും ഉപയോഗിക്കപ്പെടുന്നത്. ഇങ്ങനെ ഒരു സാഹചര്യത്തിൽ എങ്ങനെ മുന്നോട്ടുപോകാൻ കഴിയും? ചാർജ് വർധനവ് ബുദ്ധിമുട്ടുണ്ടാക്കുന്ന ഒന്നാണ്. 'നോൺ വാട്ടർ റവന്യൂ' എന്ന പുതിയ സ്കീമിലൂടെ വരുമാനം കണ്ടെത്താൻ ശ്രമിക്കുകയാണ്. കേരള വാട്ടർ അതോറിറ്റി റവന്യൂ കമ്മിയിലാണ് പ്രവർത്തിക്കുന്നതെന്ന് എല്ലാവർക്കും അറിയാം. അതനുസരിച്ച് മുന്നോട്ടുപോകുമ്പോൾ വർഷംതോറും വർധിച്ചുവരുന്ന ശമ്പളം, പെൻഷൻ, വൈദ്യുതിച്ചെലവ്, അറ്റകുറ്റപ്പണി തുടങ്ങിയവയെല്ലാം വലിയ ബുദ്ധിമുട്ടായി രൂപപ്പെടുന്നുണ്ട്. ജീവനക്കാരുടെ പെൻഷൻ കുടിശ്ശിക, പ്രോവിഡന്റ് ഫണ്ട് ഉൾപ്പെടെയുള്ളവ നൽകാൻ കാലതാമസമുണ്ടാകുന്നു. അതുകൊണ്ട് റവന്യൂ വരുമാനത്തിലെ കുറവിന് പരിഹാരമായാണ് ജലേതര വരുമാന മാർഗം/നോൺ വാട്ടർ റവന്യൂ പദ്ധതി അതോറിറ്റി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കേരളത്തിൽ നടപ്പാക്കുമ്പോൾ, ഇതിലൂടെ ലഭിക്കുന്ന വരുമാനം മറ്റൊന്നിനും മാറ്റിവയ്ക്കുന്നില്ല. ജീവനക്കാരുടെ പെൻഷനും പെൻഷനാനന്തര ആനുകൂല്യങ്ങളും മറ്റാനുകൂല്യങ്ങളും മറ്റ് വകുപ്പുകളിലെ ജീവനക്കാരെപ്പോലെ വാട്ടർ അതോറിറ്റി ജീവനക്കാർക്കും

കൊടുക്കണമെന്നുള്ളതുകൊണ്ടുതന്നെ വരുംകാല ഭാവിയിൽ വാട്ടർ അതോറിറ്റി ജീവനക്കാരുടെ സംരക്ഷണം ഉറപ്പുവരുത്താൻ കഴിയുന്ന ഒരു പദ്ധതിയായി നോൺ വാട്ടർ റവന്യൂ മാറുമ്പോൾ സാമൂഹികമായും മാറ്റങ്ങളുണ്ടാകും. നല്ല ഗസ്റ്റ് ഹൗസുകൾ, അടിസ്ഥാന സൗകര്യങ്ങൾ, സാമൂഹിക രംഗത്തെ മാറ്റങ്ങൾ എന്നിവയുണ്ടാകും. അത് ജനങ്ങൾക്ക് പ്രയോജനകരമാകുന്ന രീതിയിലുള്ള നിലപാട് സ്വീകരിക്കുമ്പോൾ ആയതിന്റെ വരുമാനം ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ പിൻകാല അനുഭവങ്ങളെല്ലാം മാറ്റി അവരെ സംരക്ഷിക്കുമെന്ന് ഉറപ്പുവരുത്തുന്ന ഒരു പദ്ധതിയായാണ് നോൺ വാട്ടർ റവന്യൂ നടപ്പാക്കാൻ ആഗ്രഹിക്കുന്നത്. അതിന്റെ ഭാഗമായുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ശ്രീമതി യു. പ്രതിഭ: സർ, ....... (മൈക്ക് ഓഫ്)

മി. സ്പീക്കർ: അങ്ങനെ യീൽഡ് ചെയ്യാൻ കഴിയില്ല. സമയം കുറവാണ്. ബഹുമാനപ്പെട്ട മന്ത്രി തുടർന്ന് സംസാരിക്കണം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, തലസ്ഥാന നഗരിയിൽ വാട്ടർ മ്യൂസിയം നടപ്പാക്കുന്നതിനുള്ള പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. അതോടൊപ്പം വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള സൗകര്യങ്ങളെല്ലാം പ്രയോജനപ്പെടുത്തി പരിശീലന പരിപാടികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

വാട്ടർ അതോറിറ്റിയുടെ പരിശീലന കേന്ദ്രമായ സെന്റർ ഫോർ വാട്ടർ എഡ്യൂക്കേഷനിൽ നാൽപത് പേർക്ക് വീതം പരിശീലനം നൽകാൻ കഴിയുന്ന ക്ലാസ് റൂമുകളും അനുബന്ധ സൗകര്യങ്ങളുമുണ്ട്. ഇതിന്റെ ഭാഗമായി അവിടെ വിവിധ കോഴ്സുകൾ ആരംഭിക്കാൻ ലക്ഷ്യമിടുന്നുണ്ട്. അതുകൊണ്ട് നോൺ വാട്ടർ റവന്യൂ എന്ന വലിയൊരു സങ്കല്പം ആ രീതിയിൽ രൂപപ്പെടുത്തിയെടുക്കാൻ കഴിയും. അത് വാട്ടർ അതോറിറ്റിയുടെ വരുംകാല ഭാവിയിൽ വലിയൊരു സന്ദേശം നൽകുന്ന കാര്യമായിരിക്കും.

ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം തീരദേശ സംരക്ഷണം, റഗുലേറ്ററുകൾ, ഡാമുകൾ, ഡീസിൽട്ടേഷൻ പ്രവർത്തനം എന്നിവ നടപ്പാക്കി മൈനർ-മേജർ ഇറിഗേഷൻ പദ്ധതികൾ മെച്ചപ്പെടുത്തുന്നതോടൊപ്പം നിരവധി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നമുക്ക് ഏകദേശം 576 കിലോമീറ്റർ തീരദേശമാണുള്ളത്. അതിൽ പ്രൊട്ടക്റ്റഡ് ഏരിയ 365 കിലോമീറ്ററും ഡാമേജ്ഡായിട്ടുള്ളത് 118 കിലോമീറ്ററും ഭാഗികമായി തകർന്നത് 120 കിലോമീറ്ററുമാണ്. ഈ രീതിയിൽ പരിശോധിക്കുമ്പോൾ ഇത് പൂർണ്ണമായും പരിഹരിക്കുന്നതിന് 5300 കോടി രൂപ വേണ്ടിവരുമെന്നാണ് ആദ്യ ബജറ്റിൽത്തന്നെ ആവശ്യപ്പെട്ടതും നടപ്പാക്കാൻ

ശ്രമിക്കുന്നതും. അതിൽ, ഹോട്ട്സ്പോട്ടുകളായി പ്രഖ്യാപിച്ച പത്ത് സ്ഥലങ്ങളിൽ 1500 കോടി രൂപയുടെ പ്രവർത്തനങ്ങൾ കിഫ്ബിവഴി നടപ്പാക്കാൻ തീരുമാനിച്ചു. ആദ്യ ഫേസായി ചെല്ലാനം തിരഞ്ഞെടുത്തിട്ടുണ്ട്. അനുബന്ധ ഹോട്ട്സ്പോട്ടുകളുടെ എൻ.സി.സി.ആർ. (നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച്) റിപ്പോർട്ടുകൾ ലഭ്യമായിട്ടുണ്ട്. എൻ.സി.സി.ആർ. റിപ്പോർട്ട് ലഭ്യമായ ഹോട്ട്സ്പോട്ടുകളിൽ കിഫ്ബി ധനസഹായത്തോടെ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ശ്രമങ്ങൾ ഗവൺമെന്റ് പൂർത്തീകരിച്ചിട്ടുണ്ട്.

(ശ്രീ. റോഷി അഗസ്റ്റിൻ തുടരും)

P.20-03-2025
4.10-4.20
GS/LD(2) (SV)

(ശ്രീ. റോഷി അഗസ്റ്റിൻ.......തുടർച്ച)

അതോടൊപ്പം എ.ഡി.ബി.-യുടെയും ലോകബാങ്കിന്റെയും സഹായത്തോടുകൂടി മറ്റ് ഇതര മേഖലകളിൽ വിവിധങ്ങളായ തീരദേശ പരിപാലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. പി. മോഹനൻ: സർ, കനാലിന്റെ കരെ ഭൂമികൾ ഒഴിഞ്ഞു കിടക്കുകയാണ് .....(മൈക്ക് ഓഫ്)

മി. സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ഇന്നലെ മറുപടി

പറഞ്ഞപ്പോൾ അങ്ങ് ശ്രദ്ധിക്കാത്തതുകൊണ്ടാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇറിഗേഷൻ മേഖലയിൽ നടപ്പാക്കുന്ന മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയാണ് ഇവിടെ സൂചിപ്പിച്ച ഇറിഗേഷൻ ടൂറിസം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ, ചോദ്യങ്ങളുടെ ഉത്തരം എം.എൽ.എ.-മാർ ആരും കേൾക്കുന്നില്ല, അതാണ് പ്രശ്നം. ഇന്നലെ അങ്ങ് അതിന്റെ മറുപടി പറഞ്ഞതാണ്.

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, ഇറിഗേഷൻ ടൂറിസത്തിന്റെ ഭാഗമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് നേരത്തെതന്നെ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. പൈലറ്റ് പ്രോജക്ടായി ഭൂതത്താൻകെട്ടിലും കാഞ്ഞിരപ്പുഴയിലും ആ പദ്ധതി വളരെവേഗം നടപ്പാക്കാൻ സാധിക്കും. അതുപോലെ ഇവിടെ കായിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള സ്ഥലം നിലവിൽ ഡിപ്പാർട്ടുമെന്റിന് ആവശ്യമില്ലെന്ന് കണ്ടാൽ മുനിസിപ്പാലിറ്റിയോ കോർപ്പറേഷനോ പഞ്ചായത്തോ ആവശ്യപ്പെടുകയാണെങ്കിൽ കായിക രംഗത്തെ പ്രോത്സാഹിപ്പിക്കാൻ ഉതകുന്നവിധത്തിൽ യുവാക്കളെ കുറച്ചുകൂടി സജ്ജമാക്കാനും കായികരംഗത്ത് മാറ്റമുണ്ടാകാനും കഴിയുന്ന തരത്തിൽ ഇത്തരം സ്ഥലങ്ങൾ

പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കുട്ടനാട് പാക്കേജ് പോലുള്ള നിരവധി കാര്യങ്ങളുണ്ട്, അതിലേക്കൊന്നും ഇപ്പോൾ കടക്കുന്നില്ല. ഇതെല്ലാം വിശദീകരിക്കുമ്പോൾ ഇത് കേൾക്കേണ്ട പ്രതിപക്ഷാംഗങ്ങൾ ആരും സഭയിലില്ലല്ലോ? അതുകൊണ്ട് നമ്മൾ അക്കാര്യങ്ങൾ ചർച്ച ചെയ്ത് മുന്നോട്ടുപോയിട്ടും വലിയ പ്രയോജനമില്ല.

ശ്രീമതി ശാന്തകുമാരി കെ.: സർ, കാഞ്ഞിരപ്പുഴയെ സംബന്ധിച്ച് ഒരു കാര്യം സൂചിപ്പിക്കാനുണ്ട്. (മൈക്ക് ഓഫ്)

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കാഞ്ഞിരപ്പുഴയെക്കുറിച്ച് ഞാൻ പറഞ്ഞു.

മി. സ്പീക്കർ: നോ....നോ..... പദാനുപദ മറുപടി പറയാൻ സാധിക്കില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ തുടർന്ന് സംസാരിച്ചോളൂ.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇവിടെ എം.എൽ.എ.-മാർ സൂചിപ്പിച്ച കാര്യങ്ങൾക്ക് മറുപടിയായി രണ്ട് മിനിട്ട് സംസാരിക്കാം. വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളുണ്ട്. ഇന്ത്യയിലാദ്യമായി നമ്മുടെ സംസ്ഥാനത്ത് കെ.ഐ.ഐ.ഡി.സി. (കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ)-യുടെ കീഴിൽ പ്രവർത്തിക്കുന്ന കുപ്പിവെള്ള യൂണിറ്റ് വിവിധ രാജ്യങ്ങളിലേക്ക് കുപ്പിവെള്ളം കയറ്റുമതി ചെയ്യാൻ പോകുകയാണ്. ദക്ഷിണേന്ത്യയിൽനിന്ന്

ആദ്യമായിട്ടാണ് കുപ്പിവെള്ള കമ്പനി ജി.സി.സി. (Gulf Cooperation Council) രാജ്യങ്ങളായ യു.എ.ഇ., അറേബ്യ, ഒമാൻ, ബഹ്റിൻ, ഖത്തർ മുതലായ രാജ്യങ്ങളിലേക്ക് കുപ്പിവെള്ളം കയറ്റുമതി ചെയ്യുന്നത്. ഇതുസംബന്ധിച്ച ധാരണാപത്രം യു.എ.ഇ. ആസ്ഥാനമായി പ്രവർത്തിക്കുന്ന Arohana General Trading LLC-യുമായി മൂന്ന് വർഷത്തെ കരാറിൽ ഒപ്പിട്ടു. അത് കൊണ്ടുപോകുന്നതിന് നമ്മുടെ കണ്ടെയ്നർ സജ്ജമായിക്കഴിഞ്ഞു. അതിനാവശ്യമായ അനുമതികളെല്ലാം ലഭ്യമായി. വരുംദിവസങ്ങളിൽ അതിന്റെ ഔപചാരികമായ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും. അതോടൊപ്പം പ്രധാനപ്പെട്ട മറ്റൊരു കാര്യമാണ് പ്ലാസ്റ്റിക്കിന്റേത്. ഇത് കുപ്പിവെള്ളവുമായി ബന്ധപ്പെട്ട് പ്രകൃതിയിൽ ഏറ്റവും കൂടുതൽ മലിനീകരണമുണ്ടാകുന്ന സ്ഥിതിയാണ് നാം കാണുന്നത്. അത് ഒഴിവാക്കി ബയോഡിഗ്രേഡബിളായിട്ടുള്ള കുപ്പികളിൽ 'ഹില്ലി അക്വാ' (Hilly Aqua) കുപ്പിവെള്ളം ഇന്ത്യയിൽത്തന്നെ ആദ്യമായി നമ്മൾ രംഗത്തിറക്കുകയാണ്. അതിന്റെ പ്രൊഡക്ഷനും രൂപപ്പെടുത്തിക്കഴിഞ്ഞു. ഈ മാസംതന്നെ അത് വിപണിയിലെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും. അക്കാര്യംകൂടി പൂർത്തീകരിക്കുമ്പോൾ രാജ്യത്തിനുതന്നെ മാതൃകയാകുന്ന രണ്ട് പ്രധാനപ്പെട്ട പദ്ധതികളാണ് നമ്മൾ രൂപപ്പെടുത്തുന്നത്. ശുദ്ധമായ വെള്ളത്തിന്റെ ടേസ്റ്റ്

അനുഭവിക്കാൻ ഗൾഫ് രാജ്യങ്ങളിലേക്ക് നമ്മുടെ വെള്ളം ആദ്യമായി കടന്നുപോകുന്നു. കൂടാതെ പ്ലാസ്റ്റിക്കിനെ മാറ്റി നിർത്തി, ഭൂമിയിൽത്തന്നെ അലിഞ്ഞുപോകുന്ന കുപ്പി കൊണ്ടുനടക്കാൻ ബുദ്ധിമുട്ടില്ലെന്ന് മാത്രമല്ല പ്രകൃതിക്ക് ഏറ്റവും കൂടുതൽ യോജിച്ച തരത്തിൽ അതിനെ പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ അത് ഏറ്റവും സ്വീകാര്യമായ കാര്യമായിരിക്കും. നമുക്ക് ഈ മാസംതന്നെ നടപ്പാക്കാൻ സാധിക്കുന്ന രണ്ട് പ്രധാനപ്പെട്ട പദ്ധതികളാണിവ.

ശബരിമലയിൽ കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞതിനെക്കുറിച്ച് ഇവിടെ എം.എൽ.എ.-മാർ സംസാരിച്ചപ്പോൾ സൂചിപ്പിച്ചു. അക്കാര്യത്തിൽ വലിയ അഭിമാനം തോന്നുകയാണ്. കാലാകാലങ്ങളായി നിലയ്ക്കലിൽ നാല്-നാലരക്കോടി രൂപയുടെ വെള്ളം വർഷംതോറും ലോറിയിൽ എത്തിക്കുന്ന സ്ഥിതിയാണുണ്ടായിരുന്നത്. ലക്ഷക്കണക്കിനുവരുന്ന അയ്യപ്പഭക്തർക്ക് അങ്ങനെയാണ് അവിടെ വെള്ളം ലഭ്യമാക്കാൻ സാധിച്ചത്. ഇതുമൂലമുണ്ടാകുന്ന ഗതാഗത തടസ്സം ഒഴിവാക്കാൻ കഴിയത്തക്കവിധത്തിൽ, നിലയ്ക്കൽ - സീതത്തോട് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിച്ചുവെന്നുള്ളതിൽ വളരെയേറെ അഭിമാനമുണ്ട്. അങ്ങനെ ചരിത്രത്തിലാദ്യമായി ശബരിമലയിൽ കുടിവെള്ളം എത്തിക്കാൻ

കഴിഞ്ഞൊരു ഗവൺമെന്റാണെന്ന് ഭാവിയിൽ പിണറായി സർക്കാരിനെക്കുറിച്ച് പറയാൻ കഴിയുന്നൊരു സ്ഥിതിവിശേഷം സംജാതമായിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. നിരവധി കാര്യങ്ങൾ പറയണമെന്നുണ്ടായിരുന്നെങ്കിലും ഈ ഘട്ടത്തിൽ അതിന്റെ ആവശ്യകതയുണ്ടെന്ന് തോന്നുന്നില്ല.

ഇവിടെ സംസാരിച്ച ഓരോ എം.എൽ.എ.-മാരും പറഞ്ഞ കാര്യങ്ങൾക്ക് മറുപടി പറയേണ്ടതാണെന്ന് എനിക്കറിയാം. അവർ ഉന്നയിച്ചതിലെ ചില പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ച് മാത്രം സൂചിപ്പിക്കാം. കാസർഗോഡ് ജില്ലയിലെ ചന്ദ്രഗിരിപ്പുഴയ്ക്ക് കുറുകെയുള്ള മൂന്നാം കടവ് പദ്ധതിയെക്കുറിച്ചാണ് ശ്രീ. സി. എച്ച്. കുഞ്ഞമ്പു സംസാരിച്ചപ്പോൾ പ്രധാനമായി ചൂണ്ടിക്കാണിച്ചത്. പ്രസ്തുത പദ്ധതിക്കുവേണ്ടി നമ്മൾ ശ്രമിച്ചു. പ്രദേശവാസികളുടെ എതിർപ്പാണ് അത് നടപ്പാക്കാൻ സാധിക്കാതെ വന്നതിന് കാരണം. പ്രസ്തുത പദ്ധതി കാസർഗോഡ് നടപ്പാക്കേണ്ടതാണ്, അവിടെ സോയിലിന്റെ പ്രശ്നമുണ്ട്. ടി പദ്ധതി സംബന്ധിച്ച് പുനഃപരിശോധന നടത്താൻ കഴിയുമോയെന്നുള്ളതിനെക്കുറിച്ച് തീർച്ചയായും ആലോചിക്കാം. ശ്രീ. പ്രമോദ് നാരായൺ സംസാരിച്ചപ്പോൾ ഒന്നുരണ്ട് നല്ല നിർദേശങ്ങൾ മുന്നോട്ടുവച്ചിരുന്നു. ജലത്തിന്റെ സാധ്യത സംബന്ധിച്ചുള്ള ബജറ്റാണ്

അതിലൊന്ന്.  ജലത്തിന്റെ സാധ്യതകൾ കണ്ടെത്തി അതിനനുസരിച്ച് രൂപകല്പന ചെയ്ത് ഒരു ജല ബജറ്റ് യാഥാർഥ്യമാക്കുന്ന സ്ഥിതിവിശേഷമുണ്ടാകണം. ഭൂഗർഭ ജലത്തെ സംബന്ധിച്ചിടത്തോളം, സെമി-ക്രിട്ടിക്കൽ, ക്രിട്ടിക്കൽ  എന്നൊക്കെ പറയുന്ന പ്രദേശങ്ങളിൽ ഭൂജലവിതാനം എത്രത്തോളം സംരക്ഷിക്കാൻ കഴിയുമെന്നുള്ളത് പരിശോധിക്കുന്നതിനുവേണ്ടി നമുക്ക് ചില പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. അതിന് ഗവൺമെന്റ് ഒരു സ്കീം ആലോചിക്കുന്നുണ്ട്. ഭൂഗർഭ ജലപരിപോഷണം ഈ വകുപ്പിന്റെ പ്രധാന ലക്ഷ്യമാണ്. സെമി-ക്രിട്ടിക്കൽ,  ക്രിട്ടിക്കൽ എന്നിങ്ങനെ പ്രഖ്യാപിച്ചിട്ടുള്ള ഏതെങ്കിലും ബ്ലോക്കുകളിൽ ഈ പദ്ധതി പുതിയ രൂപത്തിൽ അവതരിപ്പിക്കാൻ ശ്രമിക്കും.  ഏതൊരു പദ്ധതിയെയും മികവുറ്റതാക്കുന്നത് ജനപങ്കാളിത്തമാണ്. സർക്കാരിൽനിന്ന് സബ്സിഡി നൽകി ഭൂഗർഭജലപരിപോഷണം പൈലറ്റ് പ്രോജക്ടായി നടപ്പാക്കാൻ ഉദ്ദേശിക്കുകയാണ്. അതിലൂടെ നമുക്ക് എല്ലാ മേഖലയിലും വലിയ തോതിലുള്ള ഗുണം ലഭിക്കും. റീ-ചാർജ് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ എല്ലാ മേഖലകളിലും എത്തിക്കും.  സെമി ക്രിട്ടിക്കലായിട്ടുള്ള മേഖലയിൽ പൈലറ്റ് പ്രോജക്ടായി ഇത് കൊണ്ടുവരാനാണ് ആഗ്രഹിക്കുന്നത്.

അതുപോലെ ഒരു ടെക്നിക്കൽ ഓഡിറ്റിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. പ്രായോഗികമാണെന്നുണ്ടെങ്കിൽ നമുക്ക് അക്കാര്യം പരിശോധിക്കാം. ഓരോ പ്രദേശത്തെയും വിഷയങ്ങളുടെ പ്രാധാന്യം പരിഗണിച്ചുകൊണ്ട് അത് പരിശോധിക്കാൻ കഴിയുമോയെന്നുള്ളതിനെക്കുറിച്ച് തീർച്ചയായും ചിന്തിക്കും. പൈപ്പുകൾ ലഭിക്കാനുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് സൂചിപ്പിച്ചു. അക്കാര്യത്തിൽ ഡിപ്പാർട്ടുമെന്റിന് ഏതുതരത്തിൽ ഇടപെടാൻ സാധിക്കുമെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്. ശ്രീ. മോൻസ് ജോസഫ് എം.എൽ.എ. ചില റോഡുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സൂചിപ്പിച്ചു. ഞാൻ അത് ശ്രദ്ധിച്ചുവെങ്കിലും എവിടെയാണ് ആ പ്രശ്നമെന്ന് മനസ്സിലാക്കാൻ കഴിഞ്ഞില്ല. കടുത്തുരുത്തി-പിറവം റോഡിന്റെ പൈപ്പ് ലൈൻ പണി പൂർത്തീകരിച്ച് 19-09-2024-ൽ പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറിയതാണ്. റെസ്റ്റോറേഷൻ നടപടിക്കായി 3.14 കോടി രൂപ 22-01-2023-ൽ വാട്ടർ അതോറിറ്റി പി.ഡബ്ല്യൂ.ഡി.-യിൽ കെട്ടിവയ്ക്കുകയും ചെയ്തു. എന്നാൽ റോഡിലെ കലുങ്ക് പൊളിച്ച് നിർമ്മിക്കണമെന്ന ആവശ്യം ഉന്നയിച്ചു, ടി പ്രവൃത്തി വാട്ടർ അതോറിറ്റിക്ക് ചെയ്യാൻ കഴിയില്ല. അതുകൊണ്ട് 3.35 കോടി രൂപയുടെ അനുമതിക്കായി ഫയൽ ധനകാര്യ വകുപ്പിലേക്ക് അയച്ചു. 12-03-2025-ൽ ധനകാര്യ വകുപ്പുമന്ത്രി അതിന്

അംഗീകാരം നൽകി. ഇതുസംബന്ധിച്ച് രണ്ടുപ്രാവശ്യം എന്റെയുംകൂടി സാന്നിധ്യത്തിൽ എം.പി. ശ്രീ. ജോസ് കെ. മാണി ധനകാര്യ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയുടെ പശ്ചാത്തലത്തിൽ ഇതിന് അംഗീകാരം ലഭിച്ചുവെന്നുള്ളതിന് എനിക്ക് വളരെയേറെ സന്തോഷമുണ്ട്. ആ റോഡ് പൊളിച്ചതിന് വാട്ടർ അതോറിറ്റി കൃത്യമായി പണം പൊതുമരാമത്ത് വകുപ്പിന് നൽകിയെങ്കിലും അവിടെ കലുങ്ക് എടുത്തുമാറ്റുന്നത് സംബന്ധിച്ച പ്രവൃത്തി ചെയ്യേണ്ടത് വാട്ടർ അതോറിറ്റി അല്ലെന്നുള്ളതുകൊണ്ട് അക്കാര്യങ്ങൾക്ക് ധനകാര്യ വകുപ്പിന്റെ സഹായത്തോടുകൂടി പൊതുമരാമത്ത് വകുപ്പിലേക്കെത്തിച്ച് ആ തുക അനുവദിപ്പിച്ചുകൊടുക്കാൻ കഴിഞ്ഞു. സ്വാഭാവികമായും അത് ഉയർത്തിയത് എന്തിനാണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല.

ബഫർ സോണിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചിരുന്നു. ഇന്നലെ ഞാൻ ആ വിഷയം സംബന്ധിച്ച് സംസാരിച്ചിരുന്നു. അത് മറുപടി അർഹിക്കുന്ന കാര്യം തന്നെയാണ്. ബഫർ സോണുമായി ബന്ധപ്പെട്ട് ഒരാശങ്കയും ജനങ്ങൾക്ക് ആവശ്യമില്ല. അതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ഉത്തരവിനെ എന്തുകൊണ്ടാണ് ആ നിലയിൽ വിമർശനാത്മകമായി കാണുന്നതെന്ന് അറിയില്ല. വയനാട് ജില്ലയിലുണ്ടായ ഒരു നിർമ്മാണപ്രവർത്തനവുമായി

ബന്ധപ്പെട്ട് കോടതിയുടെ പരാമർശം വന്നപ്പോൾ ബഫർ സോൺ നിശ്ചയിക്കേണ്ടതായി വരുമെന്നുവന്നാൽ 100 മീറ്ററോ 200 മീറ്ററോ ആയാൽ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുകൊണ്ടുതന്നെയാണ് 20 മീറ്റർ, അവിടെ ബഫർ സോൺ എന്ന വാക്കുതന്നെ ആവശ്യമില്ല. ഗവൺമെന്റ് ആ നിലയിൽ അതിനെ കാണുന്നില്ല. അവിടെ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനോ മുൻകാലങ്ങളിലുള്ളതുപോലെ തുടർന്നുപോകുന്നതിനോ ഒരു തടസ്സവും നിലനിൽക്കുന്നില്ല. ജനങ്ങളുടെ സംരക്ഷണവും ഇറിഗേഷൻ, ടൂറിസം പോലുള്ള പദ്ധതികളും ഇത്തരം ഡാമുകളിലും പരിസര പ്രദേശങ്ങളിലുമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്നുള്ളതുകൊണ്ടുതന്നെ ആ ഉത്തരവിൽ കാതലായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ജനപക്ഷത്തുനിൽക്കാനാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്മേൽ ആർക്കും ദുഃഖം ഉണ്ടാകേണ്ട കാര്യമില്ല.

(തുടരും)

P-20-03-2025
MR/LD(3)
4.20-4.30 (SV)

(ശ്രീ. റോഷി അഗസ്റ്റിൻ തുടർച്ച.....)

ജനങ്ങൾക്ക് ആശങ്ക ഉണ്ടാകേണ്ട കാര്യമില്ല. ഇക്കാര്യം ഇന്നലെ വിശദീകരിച്ചതാണെങ്കിൽപ്പോലും ഒരിക്കൽക്കൂടി ആവർത്തിച്ച് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഈ ധനാഭ്യർഥന ചർച്ചയിൽ സംസാരിച്ച എല്ലാവരോടും നന്ദി രേഖപ്പെടുത്തുന്നു. ഡിമാന്റ് ഡിസ്കഷനിൽ പങ്കെടുക്കുമ്പോൾ ഉണ്ടാകുന്ന ഒരു പ്രധാന ബുദ്ധിമുട്ട്....

ശ്രീമതി യു. പ്രതിഭ: സർ, ജൽജീവൻ മിഷന്റെ പ്രവർത്തനങ്ങൾ ആദ്യഘട്ടത്തിൽ ഭംഗിയായി നടന്നൊരു മണ്ഡലമായിരുന്നു കായംകുളം. രണ്ടാംഘട്ടത്തിൽ നൂറ് ശതമാനവും പൂർത്തിയാക്കണമെന്ന ആഗ്രഹത്തിൽ പ്രവർത്തിച്ചെങ്കിലും അവിടെ ധാരാളം ടെക്നിക്കൽ പ്രശ്നങ്ങൾ വരുന്നുണ്ട്. പലപ്പോഴും പൈപ്പ്ലൈനിനും വാട്ടർ ടാങ്കിനും ഒന്നിച്ച് ടെൻഡർ ചെയ്യുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട് എന്നതിനാൽ അത് സ്പ്ലിറ്റ് അപ് ചെയ്ത് ടെൻഡർ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ? കേന്ദ്രത്തിൽനിന്നും ഒരു പെർമിഷനുവേണ്ടി നമ്മൾ കത്ത് അയച്ചിട്ടുണ്ടല്ലോ; അത് ലഭിക്കാത്തതുകൊണ്ടും കുറെ വർക്കുകൾ പെൻഡിങ്ങായി നിൽക്കുന്നുണ്ട്. അതും വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. റോഷി അഗസ്റ്റിൻ: സർ, അക്കാര്യങ്ങളിൽ വിഷമിക്കേണ്ട സ്ഥിതി വരുന്നില്ല. ജൽജീവൻ മിഷന്റെ കാലാവധി 2028 വരെ ദീർഘിപ്പിച്ചുകൊണ്ട്

കേന്ദ്ര ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് ആദ്യ ഘട്ടത്തിൽ ഉണ്ടായിരുന്ന എഗ്രിമെന്റ് വയ്ക്കാത്ത വർക്കുകളെ സംബന്ധിച്ചിടത്തോളം നിലവിൽ പ്രശ്നങ്ങളില്ല. കേന്ദ്രാനുമതി വന്നതിനുശേഷം എഗ്രിമെന്റ് വച്ചാൽ മതിയെന്ന അവസ്ഥ ഉണ്ടായിരുന്നതുകൊണ്ടാണ് നേരത്തെ എഗ്രിമെന്റ് വയ്ക്കാൻ സാധിക്കാതെ വന്നത്. ഈ പ്രശ്നം ഒന്നുരണ്ട് മാസത്തിനകം പരിഹരിക്കപ്പെടും. അതിനാൽ അത്തരം കാര്യങ്ങൾ പരിഹരിച്ച് മുന്നോട്ടുപോകാൻ സാധിക്കും. ടെൻഡർ എടുക്കാൻ സ്വാഭാവികമായും ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അത്തരം സന്ദർഭങ്ങളിൽ ഇവിടെ എം.എൽ.എ. സൂചിപ്പിച്ചതുപോലെ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾക്ക് വിധേയമാക്കി ടെൻഡർ എടുക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചശേഷം ആവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകും. ഇറിഗേഷൻ വകുപ്പിന്റെയും ശുദ്ധജല വിതരണത്തിന്റെയും ധനാഭ്യർത്ഥനകളുമായി ബന്ധപ്പെട്ട് സമൂഹത്തിന്റെ മാറ്റങ്ങൾക്ക് അനുസൃതമായി ശുദ്ധജല വിതരണം നല്ലനിലയിൽ നടത്തുന്നതിനുള്ള ചർച്ചകളിൽ പങ്കെടുത്ത എല്ലാവരെയും പ്രത്യേകമായി അഭിനന്ദിക്കുന്നു. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് ഒരിക്കൽ കൂടി അഭ്യർത്ഥിക്കുന്നു.

(മി. സ്പീക്കർ)

P-20-03-2025
MR/LD(3)
4.20-4.30

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങളുടെ അറിവിലേക്കാണ്, തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രോജക്ടുകളായ 'മാലിന്യ മുക്തം നവകേരളം' , 'കെ-സ്മാർട്ട്' സോഫ്റ്റ്‌വെയർ എന്നിവ സംബന്ധിച്ച് ഒരു ഹ്രസ്വ അവതരണം ഇന്ന് സഭാ സമ്മേളനത്തിനുശേഷം ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്കായി ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സംഘടിപ്പിക്കുന്നുണ്ട്. എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പ്രസ്തുത പരിപാടിയിൽ പങ്കെടുക്കണമെന്ന് അദ്ദേഹം അഭ്യർഥിച്ചതായി സഭയെ അറിയിക്കുകയാണ്.

(ശ്രീ. ഒ. ആർ. കേളു)

P-20-03-2025
MR/LD(3)
4.20-4.30 (SV)

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി: (ശ്രീ. ഒ. ആർ. കേളു): സർ, പ്രതിപക്ഷം ഇവിടെ ഇല്ലാത്തതുകൊണ്ട് ചുരുക്കി

അവതരിപ്പിക്കാം. മഹാത്മാഗാന്ധി ശ്രീനാരായണഗുരുവിനെ സന്ദർശിച്ചതിന്റെ നൂറാം വാർഷികവും അതുപോലെ പട്ടികവർഗ വികസന വകുപ്പ് രൂപീകരിച്ചതിന്റെ 50-ാം വർഷവുമാണ് സഭ നടക്കുന്ന ഈ അവസരത്തിൽ നമ്മുടെ മുന്നിൽ സജ്ജമായിട്ടുള്ളത്. സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ നടപ്പാക്കിവരുന്നു. പ്രതിപക്ഷ ഭാഗത്തുനിന്ന് ഉന്നയിച്ച ആരോപണങ്ങൾക്കുള്ള മറുപടി അവർ കേൾക്കണമായിരുന്നു. പദ്ധതികളൊന്നും നടപ്പാക്കുന്നില്ലെന്നൊരു പരാമർശമാണ് പൊതുവെ അവർ നടത്തിയിട്ടുള്ളത്. വകുപ്പിന്റെ ഭാഗത്തുനിന്നുള്ള പ്രവർത്തനങ്ങളെക്കുറിച്ച് കേൾക്കുന്നതിന് പ്രതിപക്ഷം ഇവിടെയില്ലെങ്കിലും നിയമപരമായി ധനാഭ്യർത്ഥനകൾ പാസ്സാക്കേണ്ടതിനാൽ സർക്കാരിനുവേണ്ടി ഇത് അവതരിപ്പിക്കാതിരിക്കാൻ സാധിക്കില്ല.

പട്ടികജാതി, പട്ടികവർഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പിലെ വിദ്യാഭ്യാസം, തൊഴിൽ, അടിസ്ഥാനസൗകര്യ വികസനം, ദാരിദ്ര്യനിർമ്മാർജനം, സാമൂഹ്യ നീതി ഉറപ്പുവരുത്തൽ എന്നിവയാണ് പ്രധാനമായും ഈ രംഗത്ത് വകുപ്പ് നടപ്പാക്കിവരുന്നത്. ഇന്ത്യയിൽ 16.6 ശതമാനം വരുന്ന പട്ടികജാതി വിഭാഗത്തിന് കേന്ദ്ര സർക്കാർ ബജറ്റിൽ 3.4

ശതമാനവും 9 ശതമാനം വരുന്ന പട്ടികവർഗ വിഭാഗത്തിന് 2.9 ശതമാനം തുകയും മാത്രമാണ് വകയിരുത്തുന്നത്. കേരളത്തിൽ പട്ടികജാതി വിഭാഗം 9.1 ശതമാനവും പട്ടികവർഗ വിഭാഗം 1.45 ശതമാനവും ആണെങ്കിലും പദ്ധതിയുടെ 9.81 ശതമാനം പട്ടികജാതിക്കും 2.89 ശതമാനം പട്ടികവർഗ വകുപ്പിനുമായി നീക്കിവച്ച് പദ്ധതി നടപ്പാക്കിവരുന്നു. പട്ടികജാതി വികസന വകുപ്പിലെ പദ്ധതി വിഹിതം മുൻ വർഷത്തെ 2979 കോടി രൂപയിൽനിന്നും 3188.25 കോടി രൂപയായി ഈ ബജറ്റിൽ വർധിപ്പിക്കാൻ സാധിച്ചു. പട്ടികവർഗ വികസന വകുപ്പിലെ പദ്ധതി വിഹിതം 859.50 കോടി രൂപയിൽനിന്നും 920 കോടി രൂപയായി ഈ വർഷം വർധിപ്പിച്ചിട്ടുണ്ട്. പിന്നാക്ക വിഭാഗ വികസന വകുപ്പിലെ പദ്ധതി വിഹിതം 266.26 കോടി രൂപയിൽനിന്നും 278.62 കോടി രൂപയായി ഈ വർഷം വർധിപ്പിച്ചിട്ടുണ്ട്. ലൈഫ് മിഷൻ മുഖേന പട്ടികജാതി മേഖലയിൽ 1,48,956 ഗുണഭോക്താക്കൾക്ക് വീട് വച്ചുകൊടുക്കാൻ സാധിച്ചു. 1561.3 കോടി രൂപ പട്ടികവർഗ വികസന മേഖലയിൽ ചെലവഴിച്ചിട്ടുണ്ട്. 52,000 ഗുണഭോക്താക്കൾക്കുവേണ്ടി 802 കോടി രൂപയും നമുക്ക് ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. 'സേഫ്' പദ്ധതിപ്രകാരം രണ്ട് ലക്ഷം രൂപ വീതം 20,829 പട്ടികജാതി കുടുംബങ്ങൾക്ക് ധനസഹായം നൽകാൻ സാധിച്ചിട്ടുണ്ട്. 2.5

ലക്ഷം രൂപ വീതം 8401 പട്ടികവർഗ കുടുംബങ്ങൾക്കും 'സേഫ്' പദ്ധതിയിൽ സഹായം അനുവദിച്ചിട്ടുണ്ട്.  അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ 930 ഗ്രാമങ്ങൾ അനുവദിച്ചു.  അടുത്ത വർഷം 1000 പുതിയ ഗ്രാമങ്ങൾ ഏറ്റെടുക്കും. 2017-18 മുതൽ ഇതുവരെ 40,236 പഠന മുറികൾക്ക് ധനസഹായം നൽകുന്നതിന് സാധിച്ചിട്ടുണ്ട്. നാല് വർഷത്തിനുള്ളിൽ രണ്ടുലക്ഷം രൂപ വീതം 15,419 പഠന മുറികൾക്ക് ധനസഹായം അനുവദിച്ചുകഴിഞ്ഞു.  2016-17 മുതൽ ഇതുവരെ പട്ടികജാതി വിഭാഗക്കാരായ 45,821 കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും പട്ടികജാതി വികസന വകുപ്പ് ഫണ്ട് ചെലവഴിച്ചു. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 14,358 പട്ടികജാതിക്കാർക്ക് 757 ഏക്കർ ഭൂമി വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്.  പട്ടികവർഗ വിഭാഗക്കാരായ 3908 പേർക്ക് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 4435.04 ഏക്കർ ഭൂമിയാണ് സർക്കാർ വിതരണം ചെയ്തിട്ടുള്ളത്. എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമിയുള്ള രാജ്യത്തെ ആദ്യ ജില്ലയായി തിരുവനന്തപുരത്തെ മാറ്റാൻ നമുക്ക് സാധിച്ചു. പ്രീ-മെട്രിക്/പോസ്റ്റ്-മെട്രിക് വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകൾ, ഹോസ്റ്റൽ സൗകര്യം, പഠന സഹായം എന്നിവ  നൽകിവരുന്നു. കേന്ദ്ര സർക്കാർ സ്കോളർഷിപ്പിന് 2.5 ലക്ഷം രൂപ വരുമാന പരിധി നിശ്ചയിച്ചെങ്കിലും കേന്ദ്രം നിഷേധിച്ചിട്ടും എല്ലാ വിദ്യാർഥികൾക്കും

ധനസഹായം നൽകുന്നതിന് സംസ്ഥാന ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. അതുപ്രകാരം 7,56,686 വിദ്യാർഥികൾക്കാണ് ഗവൺമെന്റ് ഗ്രാന്റ് നൽകിവരുന്നത്. കേന്ദ്രം നിഷേധിച്ച ഒ.ബി.സി. വിദ്യാർഥികളുടെ പ്രീ-മെട്രിക് സ്കോളർഷിപ്പ് 'കെടാവിളക്ക്' എന്ന സംസ്ഥാന പദ്ധതി ആവിഷ്കരിച്ച് 32.28 കോടി രൂപ വിതരണം ചെയ്തു. ചുരുങ്ങിയത് 1.25 ലക്ഷം വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകിവരുന്നു. സംസ്ഥാന സർക്കാർ വരുമാനപരിധിയില്ലാതെ 14 ലക്ഷം വിദ്യാർഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നത്. കേന്ദ്ര സഹായത്തിന് പുറമെ സ്റ്റൈപ്പന്റ്, പോക്കറ്റ്മണി, ഹോസ്റ്റൽ ഫീസ്, ട്യൂഷൻ ഫീസ്, എക്സാം ഫീസ് എന്നിവയും സംസ്ഥാന സർക്കാർ നൽകിവരുന്നുണ്ട്. 'വിദ്യാവാഹിനി' പദ്ധതിയിലൂടെ 186 പഞ്ചായത്തുകളിലെ 689 വിദ്യാലയങ്ങളിലെ 25,147 വിദ്യാർഥികൾക്ക് അതിന്റെ ഗുണം ലഭ്യമാക്കിവരുന്നു. എഞ്ചിനീയറിങ്, നഴ്സിങ്, പാരാമെഡിക്കൽ, കമ്മ്യൂണിറ്റി സോഷ്യൽ വർക്കർ, ലീഗൽ അസിസ്റ്റന്റ്, മാനേജ്മെന്റ് ട്രെയിനി, ലീഗൽ കൗൺസിൽ, ജേണലിസം, പ്രൊമോട്ടർ എന്നീ മേഖലകളിൽ 'ട്രേസ്' (ട്രെയിനിങ് ഫോർ കരിയർ എക്സലൻസ്) പദ്ധതി വഴി 4044 പേർക്ക് ഇന്റേൺഷിപ്പ് ലഭ്യമാക്കിവരുന്നു. കൊമേഴ്സ്യൽ പൈലറ്റ് കോഴ്സ്, വിദേശ പഠനം എന്നിവയ്ക്ക് 25 ലക്ഷം രൂപ സർക്കാർ

നൽകിവരുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് സ്കിൽ ഡെവലപ്മെന്റ് പദ്ധതി ആരംഭിച്ചു. പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 3641 കോടി രൂപയും പരിവർത്തിത ക്രൈസ്തവ വിഭാഗ വികസന കോർപ്പറേഷൻ മുഖേന 53.13 കോടി രൂപയും വായ്പ നൽകിയിട്ടുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ പാലക്കാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 56.54 കോടി രൂപ മാത്രമാണ് സഹായിച്ചത്. എന്നാൽ ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 733.22 കോടി രൂപ പാലക്കാട് മെഡിക്കൽ കോളേജിനുവേണ്ടി ചെലവഴിച്ച് മെഡിക്കൽ കോളേജ് പ്രവർത്തനസജ്ജമാക്കാൻ സാധിച്ചിട്ടുണ്ട്. 500 വിദ്യാർഥികൾ എം.ബി.ബി.എസ്. പൂർത്തീകരിച്ച് പാലക്കാട് മെഡിക്കൽ കോളേജിൽനിന്നും പുറത്തുപോയിട്ടുണ്ട്. നിലവിൽ അവിടെ 500 വിദ്യാർഥികൾ പഠനം നടത്തിവരുന്നു. പാലക്കാട് മെഡിക്കൽ കോളേജിൽ പുതിയ നഴ്സിങ് കോളേജ് ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. പാലക്കാട് മെഡിക്കൽ കോളേജ് മൂന്ന് മാസത്തിനകം പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതിന് കഴിയും. നാല് വർഷത്തിനുള്ളിൽ പട്ടികവർഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 100.04 കോടി രൂപ

ആശ്രുപത്രികൾ മുഖേന നമ്മൾ ചെലവഴിച്ചുവരുന്നു. പട്ടികവർഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കൈവരിച്ച നേട്ടങ്ങളും സാർവദേശീയ അനുഭവങ്ങളും പങ്കുവയ്ക്കുന്നതിന് അന്താരാഷ്ട്ര കോൺക്ലേവും ദേശീയ ട്രൈബൽ ഫെസ്റ്റിവലും ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ജെ.ഡി.സി./എച്ച്.ഡി.സി., ജേണലിസം മേഖലകളിലൂൾപ്പെടെ പുതുതായി ആയിരം പേർക്ക് ഇന്റേൺഷിപ്പ് നൽകുന്നതിനായി ഉദ്ദേശിക്കുന്നു. അർഹരായ എല്ലാ വിദ്യാർഥികൾക്കും സ്കോളർഷിപ്പുകൾ ലഭ്യമാക്കുന്നതിനും ഈയിനത്തിൽ കുടിശ്ശികയില്ലാതെ വിതരണം ചെയ്യുന്നതിനും വകുപ്പ് നടപടി സ്വീകരിക്കും. പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ സോഷ്യൽ ഓഡിറ്റ് നടത്തി ഐ.എസ്.എസ്. സർട്ടിഫിക്കേഷൻ ലഭ്യമാക്കി ആധുനിക സൗകര്യങ്ങൾ ഉറപ്പുവരുത്തും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പുതുതായി പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകൾ ആരംഭിക്കും. 2025-26 വർഷത്തിൽ 3340 പേർക്കുകൂടി ഭൂമി നൽകുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചു. കണ്ണൂർ, മലപ്പുറം, തൃശ്ശൂർ, കൊല്ലം ജില്ലകളിലെ പട്ടികവർഗ വിഭാഗക്കാർക്ക് ഭൂമി ഉറപ്പുവരുത്തി ഭൂരഹിതർ ഇല്ലാത്ത ജില്ലകളായി പ്രഖ്യാപിക്കും. കേരളത്തെ ആദിവാസി ഭൂരഹിതരില്ലാത്ത ആദ്യ

സംസ്ഥാനമാക്കുന്നതിന് വകുപ്പ് നടപടി സ്വീകരിക്കും. കോഴിക്കോട് മെഡിക്കൽ കോളേജിൽ കേന്ദ്ര സഹായത്തോടെ സിക്കിൾ സെൽ ഡിസീസ് (SCD)-ന് പ്രത്യേക വിഭാഗം സ്ഥാപിക്കുന്നതിന് അനുമതി നൽകി.

(തുടരും...)

P-20-03-2025
RJ-SR (3)
4.30-4.40
SM

(ശ്രീ. ഒ. ആർ. കേളു... തുടർച്ച)

സിക്കിൾ സെൽ അനീമിയ രോഗികളുടെ പ്രതിമാസ ധനസഹായം 2500 രൂപയായി ഉയർത്തി നാലുവർഷത്തിനുള്ളിൽ 9.63 കോടി രൂപ നൽകാൻ സാധിച്ചിട്ടുണ്ട്. ഒരു കോടി രൂപ വീതം നൽകുന്ന നൂറ് പുതിയ അംബേദ്കർ ഗ്രാമങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കും. ആറളം, അട്ടപ്പാടി, വട്ടലുക്കി, ഷോളയാർ തുടങ്ങിയ ഫാമിങ് സൊസൈറ്റികൾ, സുഗന്ധഗിരി, പ്രിയദർശിനി എസ്റ്റേറ്റുകൾ, ചീങ്ങേരി എക്സ്റ്റൻഷൻ പ്ലാന്റ് തുടങ്ങിയവയുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് അപെക്സ് ബോഡി സമിതി രൂപീകരിക്കും. 'എൻ ഊര്' മാതൃകയിൽ Heritage tourism, ethnic food startups എന്നിവ തിരുവനന്തപുരം, എറണാകുളം, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിൽ ആരംഭിച്ച് ആദിവാസി വിഭാഗങ്ങൾക്ക് തൊഴിലും വരുമാനവും

ഉറപ്പുവരുത്തും. ഓരോ ജില്ലയിലും മാതൃകാ അംബേദ്കർ ഗ്രാമങ്ങൾ ആരംഭിക്കും. 6000 പഠന മുറികളും സേഫ് പദ്ധതിയിൽ പതിനായിരം വീടുകളും പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള സംരംഭങ്ങൾക്ക് അധിക സഹായമായി പത്തുലക്ഷം രൂപവരെ നൽകുന്ന 'സ്മൃതി കേരളം' പദ്ധതി നടപ്പാക്കുന്നതാണ്. ഇതിനുള്ളിൽ ആയിരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും. കൂടാതെ ആധാർ, ഇലക്ഷൻ ഐ.ഡി., റേഷൻ കാർഡ്, ആരോഗ്യ ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള വ്യക്തിഗത രേഖകൾ ഡിജിറ്റൈസ് ചെയ്യുന്ന 'എ.ബി.സി.ഡി.' (Akshaya Big Campaign for Document Digitisation) പദ്ധതി സംസ്ഥാനത്ത് പൂർണ്ണമായും നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. വിദേശ സർവകലാശാലകളിൽ ബിരുദാനന്തര ബിരുദത്തിന് അയച്ച വിദ്യാർഥികളുടെ എണ്ണം ആയിരം തികയുകയാണ്. ഈ വർഷവും ടി പദ്ധതി തുടരും. മുന്നൂറുപേർക്കുകൂടി വിദേശ വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുന്നതാണ്. പാലക്കാട് ജില്ലയിൽ ആധുനിക റൈസ് മില്ലിന്റെ പ്രവർത്തനമാരംഭിച്ച് 59 പേർക്ക് നേരിട്ടും 41 പേർക്ക് പരോക്ഷമായും തൊഴിൽ നൽകുന്നതിനുള്ള നടപടി സ്വീകരിക്കും. അതുപോലെ ശ്രീ. പി. പി. സുമോദ് ഇവിടെ സൂചിപ്പിച്ച സ്കിൽ പാർക്കും പാരാമെഡിക്കൽ

ഹോസ്റ്റലും താമസംകൂടാതെ പ്രവർത്തനസജ്ജമാക്കും. ഇടമലക്കുടി പാക്കേജ് ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കും. ഈ സാമ്പത്തിക വർഷം പാലക്കാട് മെഡിക്കൽ കോളേജ് സമ്പൂർണ്ണമായി പ്രവർത്തനക്ഷമമാക്കുമെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. തിരഞ്ഞെടുത്ത ഐ.ടി. പാർക്കുകളെ പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് സ്കിൽ പാർക്കുകളാക്കി മാറ്റും. മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ ഒഴിവാക്കുന്നതിന് വനം-വന്യജീവി, ദുരന്തനിവാരണം എന്നീ വകുപ്പുകളുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കും. ഊരുകൂട്ടങ്ങൾ ശക്തിപ്പെടുത്തുന്നതിനും സാമൂഹ്യ പഠന മുറികളുടെ എണ്ണം 343-ൽ നിന്നും 400 ആയി വർധിപ്പിക്കുന്നതിനുമുള്ള നടപടിയും സ്വീകരിക്കും. തിരുവനന്തപുരം അംബേദ്കർ ഭവനിൽ അയ്യങ്കാളി പഠന കേന്ദ്രത്തിന്റെ പ്രവർത്തനമാരംഭിക്കും. 1987-ലെ മന്ത്രിസഭാ അംഗം പി. കെ. ചാത്തൻ മാസ്റ്ററുടെ പേരിൽ തൃശ്ശൂരിൽ സ്ഥാപിക്കാൻ തീരുമാനിച്ച കെട്ടിട സമുച്ചയം ഈ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കും. പ്രളയബാധിത മേഖലകളിൽ സുസ്ഥിര പുനരധിവാസ പദ്ധതി നടപ്പാക്കും. സംരംഭകരുടെ സംഗമം, പുതിയ സംരംഭകർക്കുള്ള പ്രോജക്ട് രൂപീകരണം, പരിശീലനം എന്നിവ സംഘടിപ്പിക്കും. പിന്നാക്ക വിഭാഗ വികസന

കോർപ്പറേഷൻ, പട്ടികജാതി-പട്ടികവർഗ വികസന കോർപ്പറേഷൻ, പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമവികസന കോർപ്പറേഷൻ എന്നിവയ്ക്ക് വരുംവർഷം 1200 കോടി രൂപയുടെ സംരംഭകസഹായം നൽകും. ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനും വിപണനത്തിനും സ്ഥിരം സംവിധാനമൊരുക്കും. ഉൽപാദനക്ഷമതയും ഗുണമേന്മയും വർധിപ്പിക്കാൻ നൂതന സാങ്കേതികവിദ്യകളും ആധുനികവൽക്കരണവും നടപ്പാക്കും. പാരമ്പര്യകലകളും സംസ്കാരവും സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കും. കരകൗശല നിർമ്മാണ തൊഴിലാളികളുടെയും കളിമൺപാത്ര നിർമ്മാണ തൊഴിലാളികളുടെയും തൊഴിലിടങ്ങൾ ആധുനികവൽക്കരിക്കാനും ഉൽപ്പന്നങ്ങൾക്ക് സ്ഥിരം വിപണി ഉറപ്പുവരുത്തുന്നതിനുമുള്ള പദ്ധതിയും നടപ്പാക്കും. ഇത്രയും കാര്യങ്ങളാണ് വരുംവർഷം വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇവിടെ നടന്ന ചർച്ചയിൽ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ച രണ്ടുമൂന്ന് കാര്യങ്ങൾക്കുകൂടി മറുപടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്. സർക്കാർ, എസ്.ടി. വിഭാഗത്തിന് 1366 കോടി രൂപയും എസ്.സി. വിഭാഗത്തിന് 4280 കോടി രൂപയുമാണ് ചെലവഴിച്ചത്.

അതേസമയം 2021 മുതൽ 2025 വരെയുള്ള നാല് വർഷത്തിൽ എൽ.ഡി.എഫ്. സർക്കാർ എസ്.ടി. വിഭാഗത്തിന് 2386 കോടി രൂപയും എസ്.സി. വിഭാഗത്തിന് 9280 കോടി രൂപയും ചെലവഴിച്ചു. പ്രസ്തുത കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് പറയുമ്പോൾ അത് കേൾക്കാൻപോലും മനസ്സുകാണിക്കാതെ പ്രതിപക്ഷം സഭവിട്ട് പുറത്തുപോകുകയാണ് ചെയ്തത്. മറ്റൊരുകാര്യം, ഇ.എം.എസ്. നമ്പൂതിരിപ്പാട് അയ്യങ്കാളിയെക്കുറിച്ച് ഒന്നും പരാമർശിച്ചിട്ടില്ലെന്ന പ്രതിപക്ഷത്തിന്റെ ആരോപണം സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. യഥാർത്ഥത്തിൽ ഇ.എം.എസ്. നമ്പൂതിരിപ്പാട് അയ്യങ്കാളിയെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ഞാൻ വീണ്ടും സൂചിപ്പിക്കുന്നില്ല. പട്ടികവർഗ വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കുന്നില്ലെന്നും അവർ തൊഴിൽരഹിതരാകുകയാണെന്നുമാണ് ബഹുമാനപ്പെട്ട അട്ടപ്പാടി എം.എൽ.എ. പറഞ്ഞത്. എന്നാൽ 500 പേർക്ക് നേരിട്ട് ഫോറസ്റ്റ് വകുപ്പിലും 175 പേർക്ക് എക്സ്സൈസ് വകുപ്പിലും 150 പേർക്ക് പോലീസ് വകുപ്പിലും ജോലി നൽകിയിട്ടുണ്ട്. കൂടാതെ പാരാമെഡിക്കൽ കോഴ്സുകൾ പാസ്സായ 400-ഓളം വിദ്യാർത്ഥികൾക്കും നേരിട്ട് ജോലി നൽകിയിട്ടുണ്ട്. ഇവിടെ ചർച്ച ചെയ്യപ്പെട്ട വിങ്സ് പദ്ധതിയിലൂടെ പൈലറ്റ്,

എയർഹോസ്റ്റസ് തുടങ്ങിയ കോഴ്സുകൾക്ക് യോഗ്യതനേടിയ കുട്ടികൾക്ക് ജോലി ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. പഠനത്തിനായി വിദേശത്തേക്ക് അയച്ച 800 വിദ്യാർഥികളിൽ 56 പേർക്കും അവിടെതന്നെ ജോലി ലഭിച്ചു. ഇങ്ങനെ നിരവധിപേർക്ക് ജോലി ലഭ്യമാക്കുന്നതിനും അതിനുവേണ്ടി ഇന്റേൺഷിപ്പ് നൽകുന്നതിനുംവേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയിരക്കണക്കിന് വിദ്യാർഥികൾക്ക് സ്കിൽ ട്രെയിനിങ് നൽകിവരുന്നുണ്ട്. ഈ അവസരത്തിലാണ് നിയമസഭയെ തെറ്റിദ്ധരിപ്പിച്ചുകൊണ്ട് ചില പ്രസ്താവനകൾ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുമുണ്ടായത്. ഇവിടെ ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ സൂചിപ്പിച്ച, പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ മുഖേന എടുത്ത ലോൺ കൃത്യമായി തിരിച്ചടയ്ക്കുന്നവരെ സംബന്ധിക്കുന്ന കാര്യങ്ങൾ അനുഭാവപൂർവം പരിശോധിക്കാവുന്നതാണ്. ശ്രീ. ലിന്റോ ജോസഫ് സൂചിപ്പിച്ച, അംബേദ്കർ പദ്ധതിയുടെ കാലതാമസം ഒഴിവാക്കുന്നതിനുള്ള പുതിയ നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ അഡ്മിനിസ്ട്രേറ്റീവ് സാങ്ഷനുവേണ്ടി ജില്ലാതലത്തിൽ നടപടി സ്വീകരിക്കുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അക്കാര്യങ്ങൾ പൂർത്തിയാകുമ്പോൾ കുറച്ചുകൂടി എളുപ്പത്തിൽ പദ്ധതി നടപ്പാക്കുന്നതിന് സാധിക്കും. എസ്.സി./എസ്.ടി. പ്രൊമോട്ടർമാരുടെ ഓണറേറിയം 10,000

രൂപയാണെന്ന് നേരത്തെ ഇവിടെ ഒരു അംഗം സൂചിപ്പിച്ചു. എന്നാൽ 13,500 രൂപയാണ് നിലവിൽ പ്രൊമോട്ടർമാർക്ക് നൽകിവരുന്നത്. ലൈഫ് പദ്ധതിയുടെ കാര്യത്തിൽ, 'ഉന്നതി' -ക്ക് പുറത്തുള്ളവർക്ക് നാല് ലക്ഷം രൂപയും അതിനുള്ളിലുള്ളവർക്ക് ആറുലക്ഷം രൂപയുമാണ് നൽകുന്നതെന്ന് ഇവിടെ പറയുകയുണ്ടായി. തുക വർധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് നേരത്തെതന്നെ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. 'ഉന്നതി' -ക്ക് പുറത്ത് താമസിക്കുന്ന എസ്.സി., എസ്.ടി. വിഭാഗക്കാർക്കും ആറുലക്ഷം രൂപയായി വർധിപ്പിച്ച് നൽകുന്നതിനുള്ള ഉത്തരവ് നിലവിൽ പുറപ്പെടുവിച്ചിട്ടുണ്ട്. 'വാത്സല്യനിധി' പദ്ധതി പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കും. എൽ.ഐ.സി.-യുമായി ബന്ധപ്പെട്ടാണ് ടി പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിരുന്നത്. എന്നാൽ എൽ.ഐ.സി. സ്വകാര്യവൽക്കരിച്ചതോടെ ഈ മേഖലയിൽനിന്നും അവർ പൂർണ്ണമായും പിൻമാറിയതിനാലാണ് ആ പദ്ധതി നിലച്ചുപോയത്. അത് പുനഃസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത്രയും കാര്യങ്ങളാണ് ഞാൻ ഇവിടെ സൂചിപ്പിക്കുന്നത്. ഈ ധനാഭ്യർഥന പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

(മി. സ്പീക്കർ)

P-20-03-2025
RJ-SR (3)
4.30-4.40

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ഇന്ന് ഔദ്യോഗിക ആവശ്യാർത്ഥം ഡൽഹിയിൽ പോയിരിക്കുകയാണ്. അതിനാൽ അതുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനയിന്മേൽ ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി മറുപടി പറയുന്നതാണ്.

(ശ്രീ. പി. രാജീവ്)

P 20-03-2025
RJ-SR (3)
4.30-4.40

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, ബഹുമാന്യരായ മന്ത്രിമാർ ഇവിടെ പറഞ്ഞതുപോലെ, പ്രതിപക്ഷം ഇല്ലാത്ത സഭയിലാണ് മറുപടി പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സഭ ബഹിഷ്കരിക്കുമ്പോൾ പറഞ്ഞതും അദ്ദേഹം രാവിലെ വാക്കൗട്ട് പ്രസംഗം നടത്തിയപ്പോൾ പറഞ്ഞതും കടകവിരുദ്ധമാണ്. രാവിലെ അദ്ദേഹം പറഞ്ഞത്, ഇങ്ങനെയാണെങ്കിൽ

മന്ത്രിമാരെ ഈ സഭയിൽ സംസാരിക്കാനേ അനുവദിക്കില്ലെന്നായിരുന്നു. ഇതാണ് ആ അനുവദിക്കാത്ത രീതി എന്നുള്ളത് ഇപ്പോഴാണ് മനസ്സിലായത്. പക്ഷെ കുറച്ചുനേരം കഴിഞ്ഞപ്പോൾ നിങ്ങൾ യഥേഷ്ടം പ്രസംഗിച്ചോ, ഞങ്ങൾ പറഞ്ഞതൊക്കെ തുറന്നുകാണിക്കുന്നത് താങ്ങാനുള്ള കരുത്തില്ലെന്ന് പറഞ്ഞ് അവർ സഭവിട്ട് ഇറങ്ങിപ്പോയി. പ്രതിപക്ഷം ഇറങ്ങിപോയതിന്റെകാര്യം ഇപ്പോൾ മനസ്സിലായല്ലോ; കേന്ദ്രത്തിന് ഒന്നും ചെയ്യാനില്ല; സംസ്ഥാനത്തിന് മാത്രമേ എന്തെങ്കിലും ചെയ്യാനുള്ളൂ എന്ന പുതിയ പ്രഖ്യാപനത്തോടെയാണ് പുതിയഘട്ടം ആരംഭിച്ചത്. ബി.ജെ.പി.-യുടെ ആ വാദത്തെ പിന്തുണയ്ക്കുന്നതിനുവേണ്ടിയാണ് ഇന്നത്തെ ഇവിടെനിന്നുള്ള പ്രകടനമെന്ന് അദ്ദേഹം പ്രഖ്യാപിച്ച കാര്യം നോക്കുമ്പോൾ മനസ്സിലാക്കാൻ കഴിയും.

ന്യൂനപക്ഷ പ്രവർത്തനങ്ങൾക്ക് ഈ സർക്കാർ പ്രാധാന്യം നൽകിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. പാർശ്വവൽക്കരിക്കപ്പെട്ട എല്ലാ വിഭാഗം ജനങ്ങളുടെയും താൽപര്യങ്ങളുടെ സംരക്ഷണമെന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത നയമാണ്. ഇവിടെ സൂചിപ്പിച്ച ചില കാര്യങ്ങളിലേക്ക് ഞാൻ പിന്നീട് വരാം. വളരെ ചുരുക്കിയേ സംസാരിക്കുന്നുള്ളൂ. പുതിയ പദ്ധതികൾ ഓരോ വർഷവും പരമാവധി

കൊണ്ടുവരാനും നിലവിലുള്ള പദ്ധതികൾ പരമാവധി ന്യൂനപക്ഷ ജനവിഭാഗങ്ങളിലേക്ക് എത്തിക്കാനും സർക്കാർ ശ്രമിക്കുന്നുണ്ട്. വിധവകൾക്കുള്ള ഭവന പുനരുദ്ധാരണ പദ്ധതിക്കുവേണ്ടി അമ്പതിനായിരം രൂപവരെ തിരിച്ചടക്കേണ്ടതില്ലാത്ത സഹായം നൽകുന്നുണ്ട്. ഈ വർഷം 710 ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം നൽകാൻ കഴിഞ്ഞിട്ടുണ്ട്. സ്പിൽ ഓവർ വിഭാഗത്തിൽ 515 വീടുകൾ പൂർത്തീകരിക്കുകയും 400 പുതിയ വീടുകൾക്കായി ആദ്യഗഡു അനുവദിക്കുകയും ചെയ്തു. അതിനായി നാലുകോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ 19-ാം തീയതി പാർലമെന്റിൽ കോൺഗ്രസ് നേതാവ് ശ്രീ. കൊടിക്കുന്നിൽ സുരേഷിന് കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി, ശ്രീ. കിരൺ റിജിജു നൽകിയ മറുപടിയിൽ, ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്കോളർഷിപ്പുകൾ ഇല്ലാതാക്കിയെന്നും അലോക്കേഷൻ കുറച്ചിരിക്കുന്നുവെന്നും സമാനമായ മറ്റാനുകൂല്യങ്ങളും സ്കോളർഷിപ്പുകളും അവർക്ക് ലഭിക്കുന്നതാണെന്നുമാണ് സൂചിപ്പിച്ചിരിക്കുന്നത്. അപ്പോൾ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് മാത്രമുള്ള പദ്ധതികളൊന്നും തുടരേണ്ടതില്ലെന്ന കാഴ്ചപ്പാടാണ് ശ്രീ. കൊടിക്കുന്നിൽ സുരേഷിന് നൽകിയ മറുപടിയിലുള്ളത്.

(ശ്രീ. പി. രാജീവ്....തുടരും)

P- 20.03.2025 - KA/SR(3)
4.40-4.50

(ശ്രീ. പി. രാജീവ് ...... തുടർച്ച)

അതുസംബന്ധിച്ച് ഒരു കാര്യംപോലും ഇവിടത്തെ ചർച്ചയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ  പരാമർശിച്ചതായി കണ്ടില്ല. ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർഥികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് പദ്ധതി പിൻവലിക്കുകയും മൗലാനാ ആസാദ് നാഷണൽ ഫെലോഷിപ്പ് സ്കീം നിർത്തലാക്കുകയും ചെയ്തതിന്റെ ഭാഗമായി 3000 കോടി രൂപ കേന്ദ്രം വെട്ടിക്കുറച്ചു. തുടർന്ന് സംസ്ഥാനം 'മാർഗ്ഗദീപം' എന്ന പേരിൽ പുതിയ സ്കോളർഷിപ്പ് പദ്ധതി ഏർപ്പെടുത്തുകയും അതിനായി 20 കോടി രൂപ വകയിരുത്തുകയും ചെയ്തു. പ്രസ്തുത തുക മാർച്ച് 31-നകം ചെലവഴിക്കുന്നതിനുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇതുകൂടാതെ, 11 സ്കോളർഷിപ്പ് പദ്ധതികൾ നടപ്പാക്കുന്നുണ്ട്. സംസ്ഥാനം ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ ഫണ്ടൊന്നും ചെലവഴിക്കുന്നില്ലെന്നും ആ തുക വകമാറ്റിയാണ് ചെലവഴിക്കുന്നതെന്നുമൊക്കെ ഇവിടെ പറയുകയുണ്ടായി. ന്യൂനപക്ഷ സ്കോളർഷിപ്പുകൾക്ക് അനുവദിച്ച തുകയിൽ ഒരു പൈസപോലും വകമാറ്റി ചെലവഴിച്ചിട്ടില്ലെന്നാണ് എനിക്ക് സഭയെ അറിയിക്കാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ നടത്തിയ പ്രസ്താവനയുടെ തുടർച്ചയായി

പ്ലാനിന്റെ കട്ടിങ്ങിൽനിന്നും മറ്റ് റീ-അപ്രോപ്രിയേഷനിൽനിന്നുമൊക്കെ സ്കോളർഷിപ്പുകളെ ഒഴിവാക്കിയിട്ടുണ്ട്. ഈ വർഷം സ്കോളർഷിപ്പുകൾക്കായി ചെലവഴിച്ച തുകകളുടെ കണക്ക് പരിശോധിച്ചാൽ, എ.പി.ജെ. അബ്ദുൽ കലാം സ്കോളർഷിപ്പിന് 40.62 ലക്ഷം രൂപ ചെലവഴിച്ചു. സി.എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പിന് 8 കോടി രൂപയുടെ ഭരണാനുമതിയുണ്ടായിരുന്നതിൽ 7.46 കോടി രൂപ ചെലവഴിച്ചുകഴിഞ്ഞു. പ്രൈവറ്റ് ഐ.ടി.ഐ./ഐ.ടി.സി. റീ-ഇംബേഴ്സ്മെന്റ് സ്കീമിനായി 3.96 കോടി രൂപ ചെലവഴിച്ചു. 4.2 കോടി രൂപയ്ക്കാണ് ഭരണാനുമതി ലഭിച്ചത്. ബാക്കികൂടി ചെലവഴിക്കാനുള്ള സമയമുണ്ട്. CSIR-UGC NET കോച്ചിങ്ങിനായി 500 വിദ്യാർത്ഥികൾക്ക് 9 ലക്ഷം രൂപ ചെലവഴിച്ചുകഴിഞ്ഞു. ഐ.ഐ.ടി., ഐ.ഐ.എം., ഐ.ഐ.എം.സി., ഐ.എം.സി. വിദ്യാർത്ഥികളുടെ സ്കോളർഷിപ്പിനായി 20 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്. അതിൽ 18 ലക്ഷം രൂപയും ഇതിനോടകം ചെലവഴിച്ചുകഴിഞ്ഞു. മദർ തെരേസ സ്കോളർഷിപ്പിന് 67.51 ലക്ഷം രൂപയാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അതിൽ 60.78 ലക്ഷം രൂപയും വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിൽ 4815 വിദ്യാർത്ഥികൾക്കായി വകയിരുത്തിയ മുഴുവൻ

തുകയും, അതായത് 100 ശതമാനം അലോക്കേഷനും ചെലവഴിച്ചുകഴിഞ്ഞു. അപ്പോഴാണ് ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾക്കുള്ള സ്കോളർഷിപ്പുകളൊന്നും വിതരണം ചെയ്യുന്നില്ലെന്നും ആ തുക വകമാറ്റി ചെലവഴിക്കുകയാണെന്നും ശ്രീ. എൻ. ഷംസുദ്ദീൻ ഇവിടെ പറഞ്ഞത്. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പിനായി വകയിരുത്തിയത് 100 ശതമാനവും ചെലവഴിച്ചുകഴിഞ്ഞു. മദർ തെരേസ സ്കോളർഷിപ്പിൽ 67.51-ൽ 60.78 ലക്ഷം രൂപയും ചെലവഴിച്ചുകഴിഞ്ഞിട്ടുണ്ട്. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പിനായി 144.26 ലക്ഷം രൂപ നൽകി കഴിഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസ വായ്പയുടെ പലിശയുടെ ധനസഹായമായി 50,000 രൂപ വരെയാണ് ഈയിനത്തിൽ നൽകിക്കൊണ്ടിരിക്കുന്നത്. ഇബ്രാഹിം സുലൈമാൻ സേട്ട് ഉറുദു സ്കോളർഷിപ്പായി 1000 രൂപയാണ് നൽകുന്നത്. അത് ഈ മാർച്ച് 31-നകം വിതരണം ചെയ്യാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.ജെ.വി.കെ.-യിൽ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്. എന്നാൽ കേന്ദ്ര വിഹിതം വലിയതോതിൽ വെട്ടിക്കുറയ്ക്കുകയാണ് ചെയ്തത്. ഈ സാഹചര്യത്തിൽ സംസ്ഥാനം 49 കോടി രൂപ ചെലവഴിച്ച് 37 പ്രോജക്ടുകൾ പൂർത്തീകരിക്കുകയും 143.49 കോടി രൂപ

ചെലവ് വരുന്ന 21 പ്രോജക്ടുകളുടെ പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുകയുമാണ്. 425 കോടി രൂപയുടെ പദ്ധതികൾ കേന്ദ്ര അനുമതിക്കുവേണ്ടി സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല.

വിധവകൾക്ക് സ്വയംതൊഴിൽ നൽകുന്ന പദ്ധതിയും ഗവൺമെന്റ് നടപ്പാക്കിവരുന്നുണ്ട്. ഒരു ലക്ഷം രൂപ വരെയുള്ള തൊഴിൽ സംരംഭം ആരംഭിക്കാൻ സഹായിക്കുന്ന പദ്ധതിയാണ്. ഇതിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരള സംസ്ഥാന ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്. 24 പരിശീലന കേന്ദ്രങ്ങളും 27 ഉപപരിശീലന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ജെ. ബി. കോശി കമ്മീഷന്റെ ശിപാർശകൂടി പരിഗണിച്ച് പുതുതായി 11 കേന്ദ്രങ്ങൾകൂടി ആരംഭിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഈ കേന്ദ്രങ്ങളിലെല്ലാം 2500-ഓളം ന്യൂനപക്ഷ ഉദ്യോഗാർഥികൾക്ക് പരിശീലനം നൽകുന്നുണ്ട്. ഇവിടെ പരിശീലനം ലഭിച്ച 100 കണക്കിന് ഉദ്യോഗാർഥികൾക്ക് ജോലി കിട്ടിയിട്ടുണ്ടെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്.

ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ നല്ല രീതിയിൽ വായ്പ

നൽകി പ്രവർത്തിക്കുന്നുണ്ട്. 15-ലേറെ വായ്പാ പദ്ധതികൾ നടപ്പാക്കുന്നു. 50 കോടി രൂപയായിരുന്ന സർക്കാർ ഗാരന്റി ഇപ്പോൾ 100 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. വായ്പയെടുത്തശേഷം തിരിച്ചടയ്ക്കാൻ കഴിയാത്തവർക്ക് ഇളവുനൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി അദാലത്ത് സംസ്ഥാനത്തുടനീളം നടത്തുന്നുണ്ട്. പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ശാഖകൾ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. നിലവിൽ കോഴിക്കോട് ജില്ലയിൽ ഹെഡ് ഓഫീസും കാസർഗോഡ്, മലപ്പുറം, എറണാകുളം, തിരുവനന്തപുരം എന്നീ ജില്ലകളിലായി അഞ്ച് റീജിയണൽ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. നേരത്തെ നൽകിയിരുന്ന വായ്പ ഇപ്പോൾ നാലിരട്ടിയായി വർധിച്ചിട്ടുണ്ട്. സച്ചാർ കമ്മീഷൻ റിപ്പോർട്ട് കേരളത്തിൽ എങ്ങനെ നടപ്പാക്കണമെന്നതിനെക്കുറിച്ച് പഠിക്കാനാണ് പാലൊളി കമ്മിറ്റിയെ നിയോഗിച്ചത്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ആദ്യമായി ന്യൂനപക്ഷക്ഷേമ വകുപ്പ് രൂപീകരിച്ചത്. അതിന്റെ തുടർച്ചയായി ന്യൂനപക്ഷ ഡയറക്ടറേറ്റ്, ന്യൂനപക്ഷ സെൽ, മദ്രസ അധ്യാപകർക്ക് ക്ഷേമനിധി, ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവ രൂപീകരിക്കുകയുണ്ടായി. വഖഫ് ബോർഡിന്റെ

പ്രവർത്തനങ്ങളും സജീവമായി നടക്കുന്നുണ്ട്. ഏറ്റവും കൂടുതൽ ആളുകൾ ഹജ്ജ് തീർഥാടനത്തിനുപോയ കാലമാണ് ഈ ഘട്ടത്തിലുണ്ടായത്. പുതുതായി കണ്ണൂർ എംബാർക്കേഷൻ പോയിന്റ് അനുവദിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞു. കഴിഞ്ഞ രണ്ട് വർഷവും ബജറ്റിൽ ഹജ്ജ് തീർഥാടനത്തിനായി ഒരു കോടി രൂപ വീതം അനുവദിച്ചത് പ്രത്യേകം എടുത്തുപറയേണ്ടതാണ്. കോഴിക്കോട് നിലവിലുള്ള ഹജ്ജ് ഹൗസിനോട് ചേർന്ന് വനിതകൾക്കുവേണ്ടി മാത്രം, ഇപ്പോൾ അവർക്ക് ഒറ്റയ്ക്ക് പോകാവുന്ന പുതിയ മാറ്റങ്ങൾ വന്നതുകൂടി പരിഗണിച്ച് 36000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള നല്ല സൗകര്യങ്ങളുള്ള ഒരു പുതിയ വനിതാ ബ്ലോക്ക് ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കണ്ണൂർ എംബാർക്കേഷൻ പോയിന്റിൽ സ്ഥിരമായി ഹജ്ജ് ടെർമിനൽ വേണമെന്നുള്ള ആവശ്യമുണ്ടായിരുന്നു. അതിനുവേണ്ടി ഹജ്ജ് ഹൗസ് നിർമ്മിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. അതിനായി ഒരേക്കർ ഭൂമി ഇപ്പോൾതന്നെ മാർക്ക് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. മദ്രസ ക്ഷേമനിധി ബോർഡിനെക്കുറിച്ച് വർഗ്ഗീയ ധ്രുവീകരണത്തിനുവേണ്ടി ഇവിടെ നടത്തിയ പ്രചാരവേല പൂർണ്ണമായും തെറ്റായ ഒന്നാണ്. ശമ്പളം സർക്കാരാണ് നൽകുന്നത്. മറ്റെല്ലാമേഖലയിലുമുള്ള ക്ഷേമനിധി പോലെതന്നെയാണ് ഈ മേഖലയ്ക്കകത്തെ ക്ഷേമനിധി സംവിധാനവും

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അംശദായം വാങ്ങി അവർക്കാവശ്യമായ ക്ഷേമം ഉറപ്പുവരുത്തുകയെന്ന പൊതുവെയുള്ള ക്ഷേമനിധി ആനുകൂല്യങ്ങളുടെ അതേ സംവിധാനംതന്നെയാണ് ഇവിടെയുമുള്ളത്.

ജെ. ബി. കോശി കമ്മീഷന്റെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ നടപടിയെടുക്കാൻ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ പുതിയ ഒരു കമ്മിറ്റിയെ നിയമിച്ചുവെന്നുള്ളതാണ്. യഥാർഥത്തിൽ, ആ കമ്മീഷൻ ശിപാർശകളിൽ 152 ശിപാർശകൾ വിവിധ വകുപ്പുകളിലായി നടപ്പാക്കി കഴിഞ്ഞിട്ടുണ്ട്. ചിലതിന് മന്ത്രിസഭയുടെ തീരുമാനം ആവശ്യമായിട്ടുണ്ട്. 12 ശിപാർശകൾ മന്ത്രിസഭയുടെ പരിഗണനയിലേക്ക് വരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി ഇത്തരം കാര്യങ്ങൾ നടപ്പാക്കുന്നതിനും വിവിധ സെക്രട്ടറിതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമാണ് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ചുമതല ഏൽപ്പിച്ചിട്ടുള്ളത്.

മുനമ്പം ഭൂമി പ്രശ്നത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ സർക്കാരിന്റെ നിലപാട് വളരെ വ്യക്തമാണ്. അവിടെ താമസിക്കുന്ന ആളുകളുടെ നിയമപരമായ അവകാശം ഉറപ്പുവരുത്തേണ്ടതുണ്ട്. അത് വഖഫ് ഭൂമിയാണെങ്കിലും അല്ലെങ്കിലും ഉറപ്പുവരുത്തേണ്ടതുണ്ട്. പത്ത്

മിനിട്ടിനകം ഇതെല്ലാം പരിഹരിക്കാമെന്നാണ് ഒരുഘട്ടത്തിൽ പറഞ്ഞിരുന്നത്. എന്നാൽ ഗവൺമെന്റിന് പരിശോധിക്കാൻപോലും അധികാരമില്ലെന്നാണ് കോടതി ഏറ്റവും ഒടുവിലത്തെ വിധിയിൽ പറഞ്ഞത്. സർക്കാർ എന്തായാലും അപ്പീൽ നൽകിയിട്ടുണ്ട്. അവിടെ താമസിക്കുന്ന ആളുകളുടെ അവകാശം പൂർണ്ണമായും സംരക്ഷിക്കുക എന്നതുതന്നെയാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതിനാവശ്യമായിട്ടുള്ള പരിശോധനയ്ക്കാണ് കമ്മീഷനെ നിയോഗിച്ചിട്ടുള്ളത്. ഹൈക്കോടതിയുടെ അപ്പീലിന്റെ തുടർച്ചയിൽ മറ്റുനടപടികൾ സ്വീകരിക്കുന്നതാണ്. എല്ലാവരുമായി ചർച്ച ചെയ്തുകൊണ്ട് ആ പ്രശ്നം പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതാണ് പൊതുവെ ഇവിടെ ഉയർന്നുവന്നിട്ടുള്ള കാര്യങ്ങൾ. ഈ ഡിമാൻഡ് പാസ്സാക്കിതരണമെന്ന് അഭ്യർഥിക്കുന്നു.

(ശ്രീ. ജി. ആർ. അനിൽ)

P- 20.03.2025 - KA/SR(3)
4.40-4.50

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഈ ധനാഭ്യർഥന ചർച്ചയിൽ പങ്കെടുത്ത ബഹുഭൂരിപക്ഷം അംഗങ്ങളും വളരെ പോസിറ്റീവായിട്ടാണ് കേരളത്തിലെ പൊതുവിതരണരംഗത്തെക്കുറിച്ച്

പറഞ്ഞത്. മാധ്യമങ്ങളുടെ വാർത്തയ്ക്കനുസരിച്ചാണ് സഭയിൽ ഈ വിഷയങ്ങൾ ഉന്നയിക്കുന്നതെന്ന് രണ്ടുമൂന്ന് അംഗങ്ങൾ പറയുകയുണ്ടായി. ചിലത് വസ്തുതയല്ലാത്ത വിഷയങ്ങളാണെന്നുള്ളതുകൊണ്ടാണ് അതുസംബന്ധിച്ച് വ്യക്തമായ വിവരം പറയാനുള്ള അവസരം ഉണ്ടാകണമെന്ന് സൂചിപ്പിച്ചത്. ഞാൻ ദീർഘമായ പ്രസംഗത്തിലേക്ക് കടക്കുന്നില്ല. സംസ്ഥാനത്തെ ജനങ്ങൾക്ക് ഭക്ഷ്യഭദ്രത ഉറപ്പുവരുത്തിക്കൊണ്ട് പൊതുവിതരണ വകുപ്പിനെ കൂടുതൽ ശക്തിപ്പെടുത്തുന്ന നടപടികളുമായിട്ടാണ് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മുന്നോട്ടുപോകുന്നത്. പൊതുവിതരണ സംവിധാനത്തിലൂടെ കൂടുതൽ സേവനങ്ങളും അവശ്യസാധനങ്ങളും ലഭ്യമാക്കി കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനമാണ് നടത്തിവരുന്നത്. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി പൊതുവിതരണ സംവിധാനത്തെ ദുർബലപ്പെടുത്തുന്ന നയസമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നത്.

(തുടരും.....)

P 20-03-2025
SS-SR (2)
04.50-05.00

(ശ്രീ. ജി. ആർ. അനിൽ തുടർച്ച.......)

കേന്ദ്ര സർക്കാരിന്റെ ഇത്തരം പ്രതിലോമകരമായ നയങ്ങളെ അതിജീവിച്ചുകൊണ്ട് സംസ്ഥാനത്തെ പൊതുവിതരണ മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള വലിയ ശ്രമമാണ് സർക്കാർ നടത്തിവരുന്നത്. മണ്ണെണ്ണ, ഗോതമ്പ് എന്നിവയുടെ വിഹിതത്തിൽ വലിയതോതിലുള്ള വെട്ടിക്കുറവാണ് കേന്ദ്രസർക്കാർ നടത്തിയിട്ടുള്ളത്. ഒ.എം.എസ്.എസ്. മുഖേന സർക്കാർ ഏജൻസികൾക്ക് ലഭ്യമാക്കിയിരുന്ന ഭക്ഷ്യധാന്യങ്ങൾ കേന്ദ്രസർക്കാർ നിർത്തലാക്കിയിരിക്കുന്നു. സപ്ലൈകോ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾക്ക് ടെൻഡറിൽ പങ്കെടുത്തുകൊണ്ട് മിതമായ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യം ഇതിലൂടെ ലഭ്യമായിരുന്നു. സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലിനെ തുടർന്നാണ് പ്രസ്തുത പദ്ധതി പുനഃസ്ഥാപിക്കാൻ ഇപ്പോൾ കഴിഞ്ഞിട്ടുള്ളത്. മുൻഗണനാ കാർഡിൽ ഉൾപ്പെടുത്തേണ്ട അംഗങ്ങളുടെ എണ്ണം പരിമിതപ്പെടുത്തിയതിലൂടെ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ട പലർക്കും അതിന്റെ ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ടായി. ഭക്ഷ്യധാന്യങ്ങൾക്ക് പകരം അതിന്റെ വില കാർഡുടമകളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്ന പദ്ധതിയുമായി കേന്ദ്രസർക്കാർ മുന്നോട്ടുപോകുന്നുവെന്നും മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഭക്ഷ്യകമ്മി സംസ്ഥാനമായ കേരളത്തിൽ

ഇത്തരമൊരു പദ്ധതി ഒരു കാരണവശാലും നടപ്പാക്കാൻ കഴിയില്ലെന്ന് കേന്ദ്ര മന്ത്രിയെ നേരിൽക്കണ്ട് ഞാൻ വ്യക്തമാക്കിയിട്ടുണ്ട്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടപ്പാക്കാൻ കഴിയാത്ത പല നിർദേശങ്ങളും വന്നുകൊണ്ടിരിക്കുകയാണ്. നെല്ല് സംഭരണ തുക പല കാരണങ്ങൾ പറഞ്ഞ് കുടിശ്ശികയാക്കുന്നു. കേരളത്തിൽ അപ്രായോഗികമായ ഇത്തരം നിർദേശങ്ങൾ നടപ്പാക്കിയില്ലായെങ്കിൽ നെല്ലിന്റെ വില നൽകില്ലെന്ന ഭീഷണിയുമുണ്ട്. കേന്ദ്രസർക്കാരിന്റെ ഇത്തരം നയസമീപനങ്ങളെ അതിജീവിച്ചുകൊണ്ടാണ് സംസ്ഥാനം ജനങ്ങൾക്ക് ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതെന്ന കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഞാൻ ഇത്രയും സൂചിപ്പിച്ചത്. കൂടാതെ റേഷൻ വ്യാപാരികളുടെ കമ്മീഷനുമായി ബന്ധപ്പെട്ടുള്ള ഒരു വർഷത്തെ കേന്ദ്ര വിഹിതത്തിന്റെ ഏകദേശം 70% തുകയും അതത് സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിൽതന്നെ കേന്ദ്രസർക്കാർ നൽകിയിരുന്നു. എന്നാൽ ഈ മാസം മുതൽ കമ്മീഷനുമായി ബന്ധപ്പെട്ട കേന്ദ്ര വിഹിതം മുൻകൂറായി നൽകാൻ കഴിയില്ലെന്നും കേന്ദ്ര-സംസ്ഥാന വിഹിതങ്ങൾ സംസ്ഥാന സർക്കാർതന്നെ റേഷൻ വ്യാപാരികൾക്ക് നൽകണമെന്നും അതിനുശേഷം മാത്രമേ കേന്ദ്രവിഹിതം നൽകാൻ കഴിയൂ എന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാന

സർക്കാരിനെ സാമ്പത്തികമായി പ്രതിരോധത്തിലാക്കുന്നതിനുള്ള ഓരോ വഴികൾ കണ്ടെത്തുന്നതിന്റെ ഭാഗമായിട്ടുള്ളതാണിത്. പഴയരീതി പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഈ വിഷയം അടുത്തയാഴ്ച ഞാൻ കേന്ദ്ര മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

സഭയിൽ നടന്ന ചർച്ചയിൽ ചില കാര്യങ്ങളെ സംബന്ധിച്ച് പറയുകയുണ്ടായി. മുൻഗണനാകാർഡ് അനുവദിച്ചതുമായി ബന്ധപ്പെട്ട കണക്ക് പലരും പല രൂപത്തിലാണ് പറഞ്ഞത്. എന്നാൽ രേഖകളിൽ കൃത്യമായ കണക്കുകളുണ്ടാകണമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത് സൂചിപ്പിക്കുന്നത്. 523786 മുൻഗണനാ റേഷൻ കാർഡ് ഈ ഗവൺമെന്റിന്റെ കാലയളവിൽ അനുവദിച്ചിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ 'എല്ലാവർക്കും കാർഡ്' എന്ന ലക്ഷ്യത്തിന്റെ ഭാഗമായി 520563 പുതിയ കാർഡുകൾ നൽകിയിട്ടുണ്ട്. ക്ഷേമ സ്ഥാപനങ്ങളിൽ 8174 കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. അതിദരിദ്രർക്കായിട്ടുള്ള 7316 എ.എ.വൈ. കാർഡുകൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ അതിഥി തൊഴിലാളികൾക്ക് റേഷൻ റൈറ്റ് കാർഡ് നൽകിയതിലൂടെ അവർക്ക് കേരളത്തിലെ റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ വാങ്ങാനുള്ള സൗകര്യമുണ്ടായിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. കോവൂർ കുഞ്ഞുമോൻ സഞ്ചരിക്കുന്ന റേഷൻകടയെക്കുറിച്ച്

സൂചിപ്പിക്കുകയുണ്ടായി. 10 ജില്ലകളിലാണ് പ്രസ്തുത പദ്ധതി ഇപ്പോൾ നടക്കുന്നത്. 21 താലൂക്കുകളിലായി 137 ഉന്നതികളിൽ 64 റേഷൻകടകളിൽനിന്നും ഭക്ഷ്യധാന്യം എത്തിക്കുകയാണ്. അദ്ദേഹം സൂചിപ്പിച്ച കൊല്ലം ജില്ലയിൽ ഉൾപ്പെടെ മറ്റ് ജില്ലകളിൽ വരുംദിവസങ്ങളിൽ അത് നടപ്പാക്കാനുള്ള നടപടികളിലേക്കാണ് വകുപ്പ് നീങ്ങുന്നതെന്ന കാര്യം സൂചിപ്പിക്കുകയാണ്. അതുപോലെ റേഷൻകട ലൈസൻസി നിയമനത്തിൽ പട്ടികജാതി, പിന്നാക്ക വിഭാഗങ്ങളെ പൂർണ്ണമായും ഗവൺമെന്റ് അവഗണിക്കുന്നുവെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് തീർത്തും അടിസ്ഥാനരഹിതമാണെന്നകാര്യം നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കിയിരുന്നു. സംസ്ഥാനത്ത് റേഷൻകട ലൈസൻസി നിയമനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി ഈ വിഭാഗത്തിനായിമാത്രം ലൈസൻസി നിയമനം നടത്തുകയുണ്ടായി. ഈ കാലയളവിൽ എസ്.സി. വിഭാഗത്തിന് 19-ഉം എസ്.ടി. വിഭാഗത്തിന് 18-ഉം ഫിസിക്കലി ഹാൻഡികാപ്പ്ഡ് വിഭാഗത്തിൽപ്പെട്ടവർക്ക് 41-ഉം റേഷൻകടകൾ അനുവദിക്കുകയുണ്ടായി. ഈ കണക്ക് സൂചിപ്പിക്കുന്നത് ഇതുവരെയില്ലാത്ത ഒരു ഇടപെടലാണ്. അതുപോലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് വാചാലമായി ചില

കാര്യങ്ങൾ കടുത്തുരുത്തി എം.എൽ.എ. ശ്രീ. മോൻസ് ജോസഫ് സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ ദിവസത്തെ സഭ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപത്തിലും ആ വിഷയവുമായി ബന്ധപ്പെട്ട് വ്യക്തമായ വിവരങ്ങൾ ഞാൻ നൽകിയതാണ്. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് പലപ്പോഴും ചില വിഷയങ്ങൾ ഉയർന്നുവരാറുണ്ട്. കർഷകർ കിഴിവ് കൊടുക്കുകയില്ലെന്ന നിലപാടും മില്ലുകാർ അതിന്റെ ക്വാളിറ്റി പരിശോധിച്ചുമാത്രമെ നെല്ലെടുക്കുകയുള്ളൂവെന്ന നിലപാടും സ്വീകരിച്ചതിന്റെ ഫലമായി നമുക്ക് പല പ്രതിസന്ധികളും ഉണ്ടാകാറുണ്ട്. എങ്കിലും ഈ ഗവൺമെന്റിന്റെ കാലയളവിൽ ഇതുവരെ കർഷകർ ഉൽപാദിപ്പിച്ച നെല്ല് സംഭരിക്കാത്ത ഒരു നിലപാട് സ്വീകരിച്ചിട്ടില്ല. മുഴുവൻ നെല്ലും സംഭരിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ ഈ സഭയെ വീണ്ടും അറിയിക്കുകയാണ്. ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പലവിധ ചർച്ചകൾ ഞങ്ങൾ മന്ത്രിമാർ എന്ന നിലയ്ക്ക് നടത്തിയിട്ടുണ്ട്. അതുകഴിഞ്ഞ് ഉദ്യോഗസ്ഥർ എന്ന നിലയ്ക്ക് ഇന്നലെ കൃഷി വകുപ്പ് ഡയറക്ടറും സിവിൽ സപ്ലൈസിന്റെ എം.ഡി.-യും ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ആ സ്പോട്ടിൽ പോയി, കളക്ടറേറ്റിൽ അവരുമായി പല ചർച്ചകളും നടത്തി ഇപ്പോൾ നെല്ല് സംഭരിക്കുകയാണ്. നെല്ല് സംഭരണ പ്രവർത്തനങ്ങളുടെ ഇന്നത്തെ കണക്ക് പരിശോധിക്കുമ്പോൾ, 85726

കർഷകരിൽനിന്നും 215000 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ആലപ്പുഴ ജില്ലയിൽ 13785 കർഷകരിൽനിന്ന് ഇന്ന് ഉച്ചവരെ 46773 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 132 കോടി രൂപ വില വരുന്നതിൽ 110 കോടി രൂപ നൽകിയിട്ടുണ്ട്. ബാക്കി 22 കോടി രൂപ നൽകുന്നതാണ്. അതുപോലെതന്നെ കോട്ടയം ജില്ലയിൽ 8708 കർഷകരിൽനിന്ന് 26041 മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. 74 കോടി രൂപ വില വരുന്നതിൽ 46 കോടി രൂപ നൽകിയിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച കോട്ടയം ജില്ലയിലെ തിരുവാർപ്പ് പഞ്ചായത്തിലെ 9000 ഏക്കർ 'ജെ' ബ്ലോക്ക് എന്ന പാടശേഖരത്തിന്റെ ആകെ വിസ്തൃതി 1800 ഏക്കറും ആകെ കൃഷി 1550 ഏക്കറുമാണ്. കൊയ്ത്ത് നടന്നത് 700 ഏക്കർ സ്ഥലത്തും സംഭരിച്ചത് 740 ടൺ നെല്ലുമാണ്. കൊയ്ത്ത് കഴിഞ്ഞ് മിക്കവാറും ഇന്നോടുകൂടി നെല്ല് ലിഫ്റ്റ് ചെയ്യാനുള്ള നടപടിയായിട്ടുണ്ട്. ഇനിയും കൊയ്യാനും സംഭരിക്കാനുമുള്ളത് 840 ടൺ നെല്ലാണ്. കേരളത്തിലെ കൃഷിക്കാർ ഉൽപാദിപ്പിക്കുന്ന നെല്ല് പരിപൂർണ്ണമായി സംഭരിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നുണ്ടെന്ന കാര്യത്തിൽ ഒരു ആശങ്കയും വേണ്ട. അത് പൂർണ്ണമായും ഇത്തവണയും സ്വീകരിക്കുമെന്ന കാര്യം ഈ സഭയെ അറിയിക്കുകയാണ്.

മറ്റൊന്ന്, ഓഡിറ്റിനെ സംബന്ധിച്ചുള്ളതാണ്. ഓഡിറ്റ് കൃത്യമായി കൊടുക്കാത്തതുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്ത് സപ്ലൈകോയ്ക്ക് കേന്ദ്ര സർക്കാർ പണം നൽകാനുള്ളത് എന്നുള്ള തെറ്റായ ഒരു പ്രചാരണം എപ്പോഴും സഭയുടെ മുന്നിലേക്ക് വരാറുണ്ട്. ഇതിന്റെ വസ്തുതയെ സംബന്ധിച്ച്, ഈ സർക്കാർ അധികാരത്തിൽവന്ന സമയത്ത് 2016-17 മുതലുള്ള ഓഡിറ്റ് പെൻഡിങ്ങുണ്ടായിരുന്നു. നിലവിൽ 2016-17, 2017-18, 2018-19, 2019-2020 എന്നീ വർഷങ്ങളിലെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. 2020-21 മുതലുള്ള ഓഡിറ്റ് പൂർത്തിയാക്കാൻ സമയബന്ധിതമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഓഡിറ്റ് കണക്ക് നൽകാത്തതുകൊണ്ടാണ് കേന്ദ്ര ഗവൺമെന്റ് നൽകാനുള്ള 1000-ൽപരം കോടി രൂപ നമുക്ക് നൽകാത്തത് എന്ന പ്രചാരണം തെറ്റാണ്. ഓഡിറ്റ് ചെയ്ത കണക്കുകൾ നൽകാത്തതിന്റെ പേരിൽ ആ വർഷത്തെ തുകയുടെ 2% മാത്രമേ തടഞ്ഞുവയ്ക്കാറുള്ളു. ബാക്കി തുക റിലീസ് ചെയ്യാൻ കഴിയുന്നതാണ്. കേന്ദ്രഗവൺമെന്റ് ഓരോ ന്യായങ്ങൾ പറഞ്ഞുകൊണ്ട് നമുക്ക് നൽകേണ്ട തുക നൽകാതെ മനഃപൂർവമായി മാറ്റിവയ്ക്കുന്ന വിഷയത്തിൽ പ്രതിപക്ഷത്തെ എം.എൽ.എ.-മാർതന്നെ അവരുടെ എം.പി.-മാരോട് സൂചിപ്പിച്ച് ഇതുസംബന്ധിച്ച് ഒരു പരിഹാരം കാണാൻ കൂട്ടായ പരിശ്രമങ്ങൾ

നടത്തേണ്ടതിനുപകരം ഗവൺമെന്റിനെ കുറ്റപ്പെടുത്താനുള്ള നിലപാടിലേക്കാണ് പോകുന്നത്.

മറ്റൊരു കാര്യം, റേഷന്റെ പരിഷ്കരണവുമായി ബന്ധപ്പെട്ട് ചില പത്രങ്ങളിൽവന്ന വാർത്തയെ ആസ്പദമാക്കി സഭയിൽ രണ്ടുമൂന്ന് അംഗങ്ങൾ ചില വിഷയങ്ങൾ സൂചിപ്പിക്കുകയുണ്ടായി. 3800 റേഷൻ കടകൾ പൂട്ടാൻ പോകുന്നു എന്നുള്ളൊരു ഭീതി ഉണ്ടാക്കുകയാണ്. അത്തരത്തിലുള്ള യാതൊരു സംഭവവുമില്ല. 2013-ലെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കിയതിനുശേഷമുള്ള റേഷൻ വ്യാപാരികളുടെ സാമ്പത്തികപരവും നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പഠനവിധേയമാക്കണമെന്ന് വിവിധ യോഗങ്ങളിൽ റേഷൻ വ്യാപാരി സംഘടനാ നേതാക്കൾ ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മേഖലയിൽ നിലനിൽക്കുന്ന പ്രയാസങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി റേഷനിങ് കൺട്രോളർ കൺവീനറും വകുപ്പിലെ വിജിലൻസ് ഓഫീസർ, ലേ ഓഫീസർ എന്നിവർ അംഗങ്ങളുമായി ഒരു സമിതി രൂപീകരിച്ചിരുന്നു. റേഷൻ വ്യാപാര മേഖല കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള വിവിധ നിർദേശങ്ങൾ റിപ്പോർട്ടിൽ അടങ്ങിയിട്ടുണ്ട്. നടപ്പ് നിയമസഭാ സമ്മേളനത്തിനുശേഷം ഈ മേഖലയിലെ സംഘടനകളുമായി പ്രസ്തുത റിപ്പോർട്ടിന്മേൽ വിശദമായ ചർച്ച നടത്താമെന്ന്

ഞാൻ അവർക്ക് ഉറപ്പുനൽകിയതാണ്. സംസ്ഥാനത്തെ റേഷൻ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ തീരുമാനങ്ങൾ എടുക്കുകയല്ലാതെ ഈ പറയുന്ന വാർത്തകൾ തീർത്തും അടിസ്ഥാനരഹിതമാണ്.

അതുപോലെ 2021-ലെ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ഓർഡറിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തണമെന്നാവശ്യപ്പെട്ട് റേഷൻ വ്യാപാരി സംഘടനകൾ ഉൾപ്പെടെയുള്ളവർ നിരവധി നിവേദനങ്ങൾ സർക്കാരിന് സമർപ്പിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ റേഷൻ വ്യാപാരി സംഘടനകളുമായി പലതവണ ചർച്ച നടത്തുകയും ആവശ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി ഓർഡർ പരിഷ്കരിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(തുടരും.......)

p-20-03-2025
ks-vs-3
5.00-5.10(RC)

(ശ്രീ. ജി.ആർ. അനിൽ......... തുടർച്ച)

റേഷൻ വ്യാപാരി ക്ഷേമനിധിയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. 1998-ൽ റേഷൻ വ്യാപാരി ക്ഷേമനിധി ആക്റ്റ് നിലവിൽ വന്നതാണ്,

കാലാനുസൃതമായി ആക്റ്റിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം ചർച്ചചെയ്യുകയും അതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയുമാണ്. അതുപോലെ റേഷൻ കമ്മീഷനും ഗതാഗതകാര്യ ചെലവും എന്ന കാര്യത്തെ സംബന്ധിച്ചും സഭ അറിയേണ്ടതുണ്ട്. ഈയിനത്തിൽ സംസ്ഥാന സർക്കാർ ഓരോ വർഷവും ചെലവഴിക്കുന്നത് വലിയ തുകയാണ്. 914 കോടി രൂപ സംസ്ഥാന സർക്കാർ വർഷാവർഷം ചെലവഴിക്കുകയാണ്. ഈയിനത്തിൽ കേന്ദ്രസർക്കാർ നൽകുന്നത് 86 കോടി രൂപ മാത്രമാണ്. ബാക്കിവരുന്ന തുക പൂർണ്ണമായും സംസ്ഥാന സർക്കാർ വഹിക്കുകയാണ്. ഒരു മാസം വെള്ളയും നീലയും കാർഡുടമകൾക്ക് നൽകേണ്ട ഭക്ഷ്യധാന്യങ്ങളുടെ വിലയിനത്തിൽ 28 കോടി രൂപ ആവശ്യമാണ്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ ഇനത്തിൽ 27 കോടി രൂപ ചെലവഴിക്കുന്നുണ്ട്. ഈയിനത്തിൽ 4.5 കോടി രൂപ മാത്രമാണ് കേന്ദ്രം നൽകുന്നത് എന്ന വിഷയം സഭാംഗങ്ങൾ അറിയേണ്ടതാണ് എന്നതിനാൽ സൂചിപ്പിക്കുകയാണ്. ഭക്ഷ്യധാന്യങ്ങളുടെ ഗതാഗത കൈകാര്യചെലവ്, ഗോഡൗൺ വാടക, മറ്റ് അനുബന്ധ ചെലവുകൾ എന്നീ ഇനങ്ങളിലായി ഒരു മാസം ചെലവഴിക്കുന്ന 21 കോടി രൂപയിൽ കേന്ദ്രവിഹിതം 2.7 കോടി രൂപ മാത്രമാണ്. ഓരോ വർഷവും

ഈയിനങ്ങളിൽ കേന്ദ്രം നൽകുന്ന നാമമാത്രമായ തുകപോലും സമയത്തിന് നൽകുന്നില്ല. അത്തരം വിഷയങ്ങൾ മറച്ചുവച്ചുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ഈ സഭയിൽ സംസാരിച്ചത് ഖേദകരമാണ്. ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കാം. 2025-26 പദ്ധതി വർഷത്തെ പ്ലാനിൽ നാം നടപ്പാക്കാൻ പോകുന്ന പ്രധാന പ്രവൃത്തികളെക്കുറിച്ച് അറിയിക്കുകയാണ്. റേഷൻ കടകളിലെ ഇ-പോസ് മെഷീനുകളെ ത്രാസ്സുമായി ബന്ധിപ്പിക്കുന്ന വളരെ പ്രധാനപ്പെട്ട പദ്ധതി 2025-26 വർഷത്തിൽ പൂർത്തീകരിക്കാൻ സാധിക്കും, ഇത് കേന്ദ്രസർക്കാർ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരുന്നതാണ്. റേഷൻ വിതരണം നടത്തുന്നതിനുള്ള ഇ-പോസ് മെഷീനുകളുടെ AMC പുതുക്കാനുള്ള നടപടികൾ 2025-26 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്, ഇതിനായി 11 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി 10 ആദിവാസി ഉന്നതികളിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുകയാണ്. ഇതോടുകൂടി കേരളത്തിലെ മുഴുവൻ ആദിവാസി ഉന്നതികളിലും പ്രസ്തുത പദ്ധതി എത്തിക്കാൻ സാധിക്കും. ഈ ഗവൺമെന്റിന്റെ കാലത്ത് പുതുക്കിയതും നവീകരിച്ചതുമായ 106 മാവേലി സ്റ്റോറുകളും സൂപ്പർ സ്റ്റോറുകളും ഉദ്ഘാടനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. വരും

ദിനങ്ങളിൽ പത്ത് മാവേലി സൂപ്പർസ്റ്റോറുകൾകൂടി ഉദ്ഘാടനം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഓയിൽ കമ്പനികളുമായി സഹകരിച്ച് സപ്ലൈകോ-യുടെ ആഭിമുഖ്യത്തിൽ 10 പെട്രോൾ പമ്പുകൾ ഈ വർഷം ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. അതുപോലെ NFSA ഗോഡൗണുകളിൽ ക്യാമറ നിരീക്ഷണം ശക്തമാക്കുന്ന നടപടികളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോ നടപ്പാക്കിവരുന്ന ERP (Enterprise Resource Planning) സംവിധാനം സമഗ്രമായി ഈ വർഷം പൂർത്തീകരിക്കും. 'വിശപ്പ് രഹിത കേരളം' പദ്ധതി പ്രകാരം സുഭിക്ഷ ഹോട്ടലുകൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം കാര്യങ്ങൾ കൂടാതെ ലീഗൽ മെട്രോളജി വകുപ്പിന്റെ കോട്ടയം, വയനാട്, കാസർഗോഡ് ജില്ലാ ഓഫീസുകൾ പദ്ധതി വർഷം പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ സാധിക്കും. ലീഗൽ മെട്രോളജി വകുപ്പിന്റെ സേവനം കൂടുതൽ ഫലപ്രദമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി എല്ലാ നിയമസഭാ മണ്ഡലങ്ങളിലും നിയമസഭാ സാമാജികരുടെ സഹകരണത്തോടെ ഓട്ടോറിക്ഷാ മീറ്റർ വെരിഫിക്കേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കും. കൺസ്യൂമർ അഫയേഴ്സ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനുള്ള നിരവധി പദ്ധതികൾ 2025-26 പദ്ധതി വർഷം

നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കോളേജ്തലത്തിലും സ്കൂൾതലത്തിലും കൂടുതൽ കൺസ്യൂമർ ക്ലബ്ബുകൾ രൂപീകരിക്കും. കോന്നിയിൽ പ്രവർത്തിക്കുന്ന സി.എഫ്.ആർ.ഡി. (Council For Food Research and Development)-യുടെ പ്രവർത്തനം ശാക്തീകരിക്കുന്നതിനുള്ള പദ്ധതി, ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള പദ്ധതി തുടങ്ങിയവയും ഈ വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വിജയകരമായി നടപ്പാക്കുന്നതിന് പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക അനുവദിച്ചുനൽകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

(ശ്രീമതി ജെ. ചിഞ്ചുറാണി)

p-20-03-2025
ks-vs
5.00-5.10

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, നമ്മുടെ രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയിലും സാമൂഹിക വികസനത്തിലും നിർണ്ണായക പങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ-ക്ഷീരവികസന മേഖല. ലോകത്തിലെ ഏറ്റവും വലിയ പാലുൽപാദക രാജ്യമാണ് ഇന്ത്യ. അതോടൊപ്പം ഏറ്റവും വലിയ മുട്ട ഉൽപാദക രാജ്യങ്ങളിലൊന്നും ഇന്ത്യതന്നെയാണ്. ആട്, കോഴി, പന്നി

തുടങ്ങിയവയുടെ മാംസം ഉൽപാദിപ്പിക്കുന്നതിലും രാജ്യത്തിന് വലിയ വളർച്ചയുണ്ട്. മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിൽ നമ്മുടെ സംസ്ഥാനത്തും വലിയ മുന്നേറ്റമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ മേഖല എടുത്ത് പരിശോധിച്ചുനോക്കിയാൽ നമ്മുടെ രാജ്യത്തുതന്നെ പാലിന്റെ ഉൽപാദനക്ഷമതയിൽ രണ്ടാം സ്ഥാനത്ത് നിൽക്കുന്നത് നമ്മുടെ ഈ കൊച്ചുകേരളമാണ്. ഒരു പശുവിൽനിന്നും ശരാശരി 10.77 ലിറ്റർ പാൽ ഉൽപാദിപ്പിക്കപ്പെടുന്നുണ്ട്. അതോടൊപ്പംതന്നെ മൃഗസംരക്ഷണ വകുപ്പും ക്ഷീരവികസന വകുപ്പും കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, മിൽമ, കേരള ഫീഡ്സ് എന്നിവയോടൊപ്പം മൂന്ന് മേഖലാ യൂണിയനുകൾ (മിൽമ), കെഎൽ.ഡി.ബി. (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്), എം.പി.ഐ. (മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡ്), കെപ്കോ (കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ലിമിറ്റഡ്) എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്രദമായ രീതിയിൽ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും സുരക്ഷിതമായ ഉൽപന്നങ്ങൾ ലഭ്യമാക്കുന്നതിനുമാണ് സർക്കാർ ഈ മേഖലയിലെ പ്രവർത്തനങ്ങൾ ആസൂത്രണംചെയ്ത്

നടപ്പാക്കിവരുന്നത്. ഇന്ന് കേരളത്തിൽ ഏകദേശം 8 ലക്ഷത്തോളം കുടുംബങ്ങൾ പശുവളർത്തൽ പ്രധാന വരുമാനമായോ, ഉപവരുമാന സ്രോതസ്സായോ ഉപയോഗപ്പെടുത്തുന്നു. കേരളത്തിൽ പശുവളർത്തലിനെ പ്രധാനമായും ആശ്രയിക്കുന്നത് ചെറുകിട-നാമമാത്ര കർഷകരും കർഷകത്തൊഴിലാളികളുമാണ്. 3606 ക്ഷീര സംഘങ്ങളിലായി ഏകദേശം രണ്ട് ലക്ഷം കർഷകർ ദൈനംദിനം പാൽ അളക്കുന്നുണ്ട്. കഴിഞ്ഞ അഞ്ച് വർഷങ്ങളായി മേഖലാ യൂണിയനുകൾ അന്യസംസ്ഥാനത്തുനിന്നും ഇറക്കുമതിചെയ്യുന്ന പാലിന്റെ അളവിൽ ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. അതോടൊപ്പം ക്ഷീരസംഘങ്ങളും പാലുൽപാദനത്തിൽ സ്വയംപര്യാപ്തതയുടെ പാതയിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. ആഭ്യന്തര ഉൽപാദന മേഖലയിൽത്തന്നെ കേരളം ഇന്ന് വളരെ മുമ്പിൽ വന്നിരിക്കുകയാണ്. മിൽമ മുഖാന്തരം ക്ഷീരസംഘങ്ങളിൽനിന്നും ശേഖരിക്കുന്ന പാലിൽ വളരെക്കുറച്ച് മാത്രമെ മിൽമയിൽ എത്തുന്നുള്ളൂ. ബാക്കിയുള്ള മുഴുവൻ അളവ് പാലും വിപണിയിലേക്കാണ് പോകുന്നത്. മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിലെ കണക്കുകൾ പരിശോധിച്ചാൽ ഓരോ ഫാമിൽനിന്നും പാൽ വരുന്നമുറയ്ക്കുതന്നെ ആയിരവും ആയിരത്തി അഞ്ഞൂറും ലിറ്റർ പാൽ വിപണിയിലേക്കെത്തി വിപണനം നടത്തുന്ന

രീതിയിലേക്ക് കാര്യങ്ങൾ പോകുന്നു. ക്ഷീരസംഘത്തിൽ എത്തിക്കുന്ന പാൽ അവിടെനിന്നുതന്നെ വിപണനം ചെയ്യപ്പെടുന്നുണ്ട്. കർഷകൻ തന്റെ വീടിനുചുറ്റും പാൽ നൽകുന്ന സംവിധാനവും നിലനിൽക്കുന്നുണ്ട്, അതുകൊണ്ടാണ് മിൽമയുടെ പാലിന്റെ അളവ് കേരളത്തെ സംബന്ധിച്ച് കുറഞ്ഞുകൊണ്ടിരിക്കുന്നത്. മൃഗസംരക്ഷണ വകുപ്പ്, അതിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി എന്നിവയ്ക്കായി വകയിരുത്തിയ 309.2 കോടി രൂപയും ക്ഷീര മേഖലയ്ക്ക് വകയിരുത്തിയ 129.63 കോടി രൂപയും ചേർത്ത് 438.83 കോടി രൂപയാണ് 2025-26-ൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ പ്രയോജനപ്പെടുത്തി ഈ സർക്കാരിന്റെ കാലഘട്ടത്തിൽ 2024-25 വർഷം ഇതുവരെ ക്ഷീരവികസന മേഖലയിൽ ഏകദേശം 134.61 കോടി രൂപയും മൃഗസംരക്ഷണ മേഖലയിൽ 213.01 കോടി രൂപയും ചേർത്തുകൊണ്ട് ആകെ 347.62 കോടി രൂപയുടെ പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം മൃഗസംരക്ഷണ മേഖലയിൽ നിരവധിയായ പ്രവർത്തനങ്ങൾ നടപ്പാക്കിക്കൊണ്ടാണ് നാം ഇക്കാലയളവിൽ മുമ്പോട്ടുപോകുന്നത്. അതിൽത്തന്നെ പുതിയ ഒരു പദ്ധതിയാണ് 'ഇ-സമൃദ്ധ' എന്നറിയപ്പെടുന്ന പദ്ധതി. ഇന്ത്യക്കുതന്നെ

മാതൃകയായിക്കൊണ്ട് പത്തനംതിട്ട ജില്ലയിൽ ഏകദേശം 7.5 കോടി രൂപ ചെലവഴിച്ചുകൊണ്ട് ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ടി പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നത് ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ്. ഉരുക്കൾക്ക് R.F.I.D. (Radio Frequency Identification Device) ഘടിപ്പിച്ച് സാങ്കേതികവിദ്യയിലൂടെ കർഷകനെയും ഉരുക്കളെയും കോർത്തിണക്കി ഡിജിറ്റൽ വിവരശേഖരണം നടത്തുന്ന പദ്ധതിയാണിത്. ടാഗ് ചെയ്ത മൃഗങ്ങളുടെ ഉൽപാദനശേഷിയും ആരോഗ്യവും ഉടമസ്ഥരുടെ വിവരങ്ങളും ഉൾപ്പെട്ട സമഗ്രമായ ഒരു ഡാറ്റാബേസ് ഇ-സമൃദ്ധ പദ്ധതിയിലൂടെ ലഭ്യമാകും. ഈ പദ്ധതിയിലൂടെതന്നെ സംസ്ഥാനത്തെ മുഴുവൻ മൃഗാശുപത്രികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ഡിജിറ്റൽ ഹെൽത്ത് മാനേജ്മെന്റ് സംവിധാനവും ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്. കർഷകർക്ക് മൃഗാശുപത്രികളുടെ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാകുവാൻ ഒരു മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയവയും ഈ പദ്ധതിപ്രകാരം സാധ്യമാകുന്നുണ്ട്. അതോടൊപ്പംതന്നെ ഓഫീസ് സംവിധാനം, ലാബ് റിപ്പോർട്ടുകൾ ലഭ്യമാക്കൽ തുടങ്ങിയ സംവിധാനങ്ങളും ഇതുവഴി ഒരുക്കാൻ പോകുകയാണ്. മൊബൈൽ ആപ്ലിക്കേഷൻവഴി കർഷകർക്ക് ചികിത്സാ സേവനങ്ങൾക്കായി മുൻകൂട്ടി ബുക്ക് ചെയ്യാൻ

സാധിക്കും. ആരോഗ്യ സർട്ടിഫിക്കറ്റുകൾ, അരുമ മൃഗങ്ങളുടെ വാക്സിനേഷൻ, അനുസംബന്ധിച്ച സർട്ടിഫിക്കറ്റുകൾ തുടങ്ങിയവയെല്ലാം ഓൺലൈൻ മുഖാന്തരം ലഭ്യമാക്കുന്ന ഒരു പദ്ധതിയാണ്. അതോടൊപ്പംതന്നെ എല്ലാ വെറ്ററിനറി ഹോസ്പിറ്റലുകളിലും ഇപ്പോൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ രൂപീകരിക്കാനുള്ള നിർദേശം തദ്ദേശസ്വയംഭരണ വകുപ്പുമുഖേന കൊടുത്തുകഴിഞ്ഞു. ജന്തുരോഗനിയന്ത്രണവുമായി ബന്ധപ്പെട്ട് മൃഗചികിത്സയോടൊപ്പം രോഗപ്രതിരോധത്തിനും മൃഗസംരക്ഷണ വകുപ്പ് അതീവപ്രാധാന്യം നൽകുന്നുണ്ട്. കുളമ്പുരോഗത്തിനെതിരായ പ്രതിരോധ കുത്തിവയ്പ്പ് കഴിഞ്ഞ ഇരുപത് വർഷമായി വിവധ തവണകളിലായി നമ്മൾ നടത്തിവരുന്നു. കഴിഞ്ഞപ്രാവശ്യം ബ്രൂസില്ലോസിസ് പ്രതിരോധ കുത്തിവയ്പ്പ് യജ്ഞത്തിലൂടെ 86077 കന്നുകുട്ടികൾക്ക് കുത്തിവയ്പ്പുകൾ നടത്തിക്കഴിഞ്ഞു. അതോടൊപ്പം പന്നിപ്പനി പ്രതിരോധ കുത്തിവയ്പ്പ്, ചർമ്മമുഴ പ്രതിരോധ കുത്തിവയ്പ്പ്, ആട് വസന്ത പ്രതിരോധ കുത്തിവയ്പ്പ് തുടങ്ങി ജന്തുരോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട നിരവധി കുത്തിവയ്പ്പുകൾ സമയബന്ധിതമായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

(തുടരും)

05.10-05.20

(ശ്രീമതി ജെ. ചിഞ്ചുറാണി......തുടർച്ച)

ഫാം ലൈസൻസിങിന്റെ ചട്ടങ്ങൾ പരിഷ്കരിച്ചത് സംബന്ധിച്ച് പ്രിയപ്പെട്ട എം.എൽ.എ.-മാർ ഇവിടെ സൂചിപ്പിച്ചിരുന്നു. മുമ്പ് സാധാരണക്കാരന് 5 പശുക്കൾ വരെ വളർത്തുന്നതിന് ഫാം ലൈസൻസ് ആവശ്യമായിരുന്നു. നിലവിൽ അതിൽ ഇളവുവരുത്തിക്കൊണ്ട് പത്തുപശുക്കളെ വരെ വളർത്താമെന്ന സംവിധാനമൊരുക്കിയിട്ടുണ്ട്. അതുപോലെ 50-ൽ താഴെ ആടുകളെ വളർത്തുന്ന ഫാമുകൾക്ക് ലൈസൻസ് ആവശ്യമില്ല. ഇത്തവണ അതിലെല്ലാം വലിയ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ടെന്നതാണ് യാഥാർഥ്യം. കേരളത്തിൽ ' 1962 കോൾ സെന്റർ മൊബൈൽ വെറ്ററിനറി യൂണിറ്റ്' സംവിധാനം കൊണ്ടുവരികയാണ്. ഇതിനായി കർഷകർ 1962 എന്ന നമ്പറിൽ വിളിച്ചാൽ മതിയാകും. എല്ലാ ബ്ലോക്കുകളിലും ആംബുലൻസ് സർവീസ് ഏർപ്പെടുത്തുന്നതാണ്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ആദ്യഘട്ടത്തിൽ 29 ആംബുലൻസുകൾ ഇതിനകം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കി ആംബുലൻസുകൾ അടുത്ത മാസം 15-ന് മുമ്പുതന്നെ ബ്ലോക്ക് പഞ്ചായത്തുകളിലെത്തിക്കും. കേരളത്തിലാകെ 152 ബ്ലോക്ക് പഞ്ചായത്തുകളാണ് ഉള്ളത്. കുറച്ച് യൂണിറ്റുകൾ മാത്രമേ

ഇപ്പോൾ എത്തിയിട്ടുള്ളൂ. അതുകൂടി ചേർത്തുകൊണ്ട് വളരെ അടിയന്തരമായി മൊബൈൽ വെറ്ററിനറി സേവനം നടപ്പാക്കിക്കൊണ്ട്, കർഷകരുടെ വീട്ടുമുറ്റത്ത് സേവനം നൽകുകയെന്ന ലക്ഷ്യത്തോടുകൂടി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സ്ഥാപിതമാക്കാൻ സാധിക്കും. വളരെ കൃത്യമായ നിലയിൽ പ്രത്യേക കന്നുകുട്ടി പരിപാലനം  നടപ്പാക്കണമെന്നും അതിനുള്ള പണം വർധിപ്പിക്കണമെന്നും ഇവിടെ  സൂചിപ്പിച്ചിരുന്നു. നാല് മാസം മുതൽ ഏകദേശം പശുവിന്റെ  പ്രസവം വരെ അവയുടെ തീറ്റയിൽ സബ്സിഡി നൽകുന്ന പദ്ധതിയാണ് 'കന്നുകുട്ടി പരിപാലന പദ്ധതി'  . ഇതിനകംതന്നെ ടി പദ്ധതിക്കായി  126.56 കോടി രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ഏകദേശം 1579077 കന്നുകുട്ടികളെ ഈ പദ്ധതിയിലുൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുണ്ട്. 12,500/- രൂപ എന്നത് 30,000/- രൂപയാക്കി വർധിപ്പിക്കാൻ പ്രൊപ്പോസലുകൾ നൽകിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ചുമതലകളിലൊന്ന് മരുന്ന് വാങ്ങലാണ്. അക്കാര്യം കൃത്യമായ നിലയിൽ ഗ്രാമപഞ്ചായത്തുകൾ സഹായിക്കുന്നുണ്ട്. 2024-25 സാമ്പത്തികവർഷത്തിൽ മരുന്നുകൾ വാങ്ങുന്നതിന് 5 കോടി 76 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായതുപ്രകാരം ഈ സാമ്പത്തികവർഷം കേരള സ്റ്റേറ്റ്  ഡ്രഗ്സ് ആൻഡ്

ഫാർമസ്യൂട്ടിക്കൽസും കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനും മുഖേന മരുന്നുകൾ വാങ്ങി വിതരണം ചെയ്തുവരികയാണ്. പേവിഷ നിയന്ത്രണം- 2019-ലെ ഇരുപതാമത് കന്നുകാലി സെൻസസ് പ്രകാരം സംസ്ഥാനത്ത് 2.8 ലക്ഷം തെരുവുനായ്ക്കളും 8.39 ലക്ഷം വളർത്തുനായ്ക്കളും ഉണ്ട്. വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിച്ചും വകുപ്പിന്റെ മൃഗാശുപത്രികൾ കേന്ദ്രീകരിച്ചുമാണ് വളർത്തുനായ്ക്കളിൽ പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നത്. അതോടൊപ്പംതന്നെ മാസ് ഡോഗ് വാക്സിനേഷൻ പദ്ധതി വഴി 2022-23 കാലഘട്ടത്തിൽ ഏകദേശം 20052 തെരുവുനായ്ക്കളിലും 388900 വളർത്തുനായ്ക്കളിലും പേവിഷ പ്രതിരോധ കുത്തിവയ്പ്പ് നടത്തിയിട്ടുണ്ട്. ഫാമുകളുടെ വികസനവുമായി ബന്ധപ്പെട്ട് അറുപത് ശതമാനം സി.എസ്.എസ്. (സെൻട്രലി സ്പോൺസേർഡ് സ്കീം)-നാഷണൽ ലൈവ്സ്റ്റോക്ക് മിഷനിൽ ഉൾപ്പെടുത്തി പാറശ്ശാല സർക്കാർ ആടുവളർത്തൽ കേന്ദ്രത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതിന് ഏകദേശം 3.20 കോടി രൂപ വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. വകുപ്പിന്റെ 180 ലക്ഷം രൂപ വിനിയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. പ്രിയപ്പെട്ട എം.എൽ.എ. പറഞ്ഞതുപോലെ അത് എത്രയുംവേഗം പൂർത്തീകരിച്ച് ഉദ്ഘാടന കർമ്മം

നിർവഹിക്കാൻ സാധിക്കും. കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിൽ എല്ലാ ആധുനികസൗകര്യങ്ങളോടുംകൂടിയ ഹൈടെക്ക് ഗോട്ട്ഫാം ആരംഭിക്കുന്നതിന് സർക്കാരിൽനിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അതിന് കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽനിന്നും 153.89 ലക്ഷം രൂപയും വകുപ്പിന്റെ 150 ലക്ഷം രൂപയും വിനിയോഗിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനം അന്തിമഘട്ടത്തിലാണ്. അതുപോലെ മേഖലാ കോഴിവളർത്തൽ കേന്ദ്രം മുണ്ടയാടിൽ 85 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ഇരുനില പൗൾട്രി ഷെഡ് സ്ഥാപിച്ചു. 68 ലക്ഷം രൂപ ചെലവഴിച്ച് 4 പൗൾട്രി ഷെഡുകളും സ്ഥാപിച്ചു. 1.8 കോടി രൂപ ചെലവഴിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കന്നുകാലികളുടെ ഇൻഷ്വറൻസ് എടുത്തുപറയേണ്ട ഒന്നാണ്. കേരളത്തിൽ പലപ്പോഴും കന്നുകാലികൾക്ക് ഇൻഷ്വറൻസില്ലാത്തതിന്റെ പേരിൽ, മരണപ്പെടുമ്പോൾ മറ്റ് ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാത്ത അസൗകര്യം ഉണ്ടായിരുന്നു. ഇത്തവണ വകുപ്പ് 8 കോടി രൂപ അതിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. ഇൻഷ്വറൻസിന്റെ പരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ National Livestock Mission (NLM) ഇൻഷ്വറൻസ് പദ്ധതിയിൽ കൂടുതൽ കേന്ദ്ര ഫണ്ട്

ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ചരിത്രത്തിലാദ്യമായി കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പുമായി സഹകരിച്ചുകൊണ്ടാണ് ഈ നടപ്പുസാമ്പത്തികവർഷം കന്നുകാലികളുടെ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നത്. കർഷകർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ഫണ്ടിൽനിന്നും നൽകുന്ന നഷ്ടപരിഹാരത്തുകയുടെ നിരക്ക് വർധിപ്പിച്ച് പരിഷ്കരിച്ചിട്ടുണ്ട്. കറവയുള്ള പശുക്കൾക്ക് 16,400/- രൂപയാണ് നൽകിക്കൊണ്ടിരുന്നത്. ഇപ്പോൾ 37,500/- രൂപയാക്കി വർധിപ്പിച്ചു. എരുമയ്ക്ക് 15,000/- രൂപയാണ് മുമ്പ് നൽകിക്കൊണ്ടിരുന്നത്, ഇപ്പോൾ 32,000/- ആക്കി വർധിപ്പിച്ചിട്ടുണ്ട്. ആട് ഒന്നിന് നൽകിയിരുന്ന നഷ്ടപരിഹാരത്തുക 1,650/- രൂപയിൽനിന്നും 4,000/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്. അതുപോലെ പന്നിവളർത്തൽ കർഷകർക്ക് ആശ്വാസമായി പന്നി ഒന്നിന് 4,000/- ദുരന്തനിവാരണ ഫണ്ടിൽനിന്നും നൽകുന്നതാണ്. മൃഗസംരക്ഷണ വകുപ്പിൽനിന്നും നൽകിയിട്ടുള്ള നഷ്ടപരിഹാരത്തുകയുടെ വിവരങ്ങളാണിത്. ആഫ്രിക്കൻ പന്നിപ്പനിമൂലം കർഷകർക്ക് നഷ്ടപരിഹാരം നൽകിയ ഇനത്തിൽ 1.8 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ പക്ഷിപ്പനി പടർന്നുപിടിച്ചിരുന്നു. കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിന്

തൊട്ടുമുമ്പുതന്നെ ആലപ്പുഴ, പത്തനംതിട്ട എന്നീ ജില്ലകളിലെ മുഴുവൻ പണവും കൊടുത്തുതീർക്കാൻ സാധിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് ഇനിയും കൂടുതൽ സമയം വേണ്ടിവരുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, പത്തുമിനിട്ടുകൂടി വേണം. ഒരു വകുപ്പിന്റെ മറുപടി മാത്രമേ ആയിട്ടുള്ളൂ. പക്ഷിപ്പനി കാരണം നഷ്ടം സംഭവിച്ച കർഷകർക്ക് 3.64 കോടി രൂപ നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. ക്ഷീരവികസന മേഖലകളിൽ നിരവധിയായ പദ്ധതികളാണ് ഇത്തവണ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ക്ഷീരവികസന വകുപ്പിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ബജറ്റ് വിഹിതമായി 2021-22 വർഷം 103.71 കോടി രൂപയുടെയും 2022-23 വർഷം 106.81 കോടി രൂപയുടെയും വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ക്ഷീരകർഷകർക്ക് സാമ്പത്തിക സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ട് സംസ്ഥാനത്ത് പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യം ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. പാലിന്റെ ആവശ്യകതയുടെ ഏകദേശം 80 ശതമാനത്തോളം ആഭ്യന്തരമായി ഇവിടെ ഉൽപാദിപ്പിക്കുന്നുവെന്നത് എടുത്തുപറയേണ്ടതാണ്. ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ബജറ്റ് വിഹിതമായി 2021-22 വർഷം 103.71 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ക്ഷീരമേഖലയിൽ നടപ്പാക്കികൊണ്ടിരിക്കുന്നത്. കേരളത്തിലെ പാൽസംഭരണ സംസ്കരണ മേഖലയിൽ നൂതന സാങ്കേതികതത്വങ്ങൾ ഉൾപ്പെടുത്തി അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി 131 കോടിയോളം രൂപ ചെലവിട്ട് ക്ഷീരവികസന വകുപ്പും നബാർഡും മലബാർ മേഖല യൂണിയന്റെയും സഹകരണത്തോടെ മലപ്പുറം ജില്ലയിലെ മൂർക്കനാട് സ്ഥാപിച്ച പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരളത്തിലെ ക്ഷീരസംഘങ്ങളെ ഓൺലൈൻ പോർട്ടൽ വഴി ബന്ധിപ്പിച്ചുകൊണ്ട് ക്ഷീരസംഘത്തിലെ മുഴുവൻ കണക്കുകളും നമുക്ക് വളരെ വേഗത്തിൽ അറിയത്തക്കനിലയിലും ക്ഷീരസംഘത്തിൽ കൊണ്ടുവരുന്ന പാലിന്റെ അളവ് ക്ഷീരകർഷകന് തിരിച്ചറിയുന്ന തരത്തിലേക്കുമുള്ള ക്ഷീരശ്രീ പോർട്ടൽ ഇന്ന് നമ്മുടെ രാജ്യത്തിന് മാതൃകമായി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. അതോടൊപ്പം, പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും പാലുൽപാദനത്തിന് സാധ്യതയുള്ള 50 ബ്ലോക്കുകളെ ഫോക്കസ് ബ്ലോക്കുകളായി തിരഞ്ഞെടുത്ത് ഈ ബ്ലോക്കുകളിൽ ത്രിതല പഞ്ചായത്ത്

ഫണ്ടുപയോഗിച്ച് പശുയൂണിറ്റ് സ്ഥാപിക്കുന്ന പദ്ധതി ഉൾപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പുവഴി ഉത്തരവിറക്കിയിട്ടുണ്ട്. പലിശരഹിത പദ്ധതി നടപ്പാക്കുന്നുണ്ട്. ക്ഷീരകർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിലേക്കായി കർഷകരുടെ ബാങ്ക് പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു. കുറഞ്ഞത് 5 ലക്ഷം രൂപ വായ്പയെടുക്കുന്ന കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഈ പദ്ധതിയിൽ ഒരു വർഷം മൂന്നുലക്ഷം രൂപ വരെ പലിശയിളവ് ലഭിക്കും.

(തുടരും)

പി.-20-03-2025
എച്ച്.ആർ.-വി.എസ്.-3
05:20-05:30

(ശ്രീമതി ജെ. ചിഞ്ചുറാണി തുടർച്ച.....)

അതിദരിദ്ര കുടുംബങ്ങൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനും ദാരിദ്ര്യ നിർമാർജനത്തിനുമായി പ്രത്യേക പദ്ധതി കേരളത്തിൽ നടപ്പാക്കി. 64006 പേരാണ് അതിദരിദ്രരായിട്ടുള്ളത്. ഇവരിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ട നൂറ്റിനാൽപത് കുടുംബങ്ങൾക്ക് ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിന് അനുമതി നൽകിയിരുന്നു. പദ്ധതിപ്രകാരം 329 പേർക്ക് ധനസഹായം നൽകാൻ കഴിഞ്ഞു. ചെലവിന്റെ തൊണ്ണൂറ് ശതമാനമാണ് ധനസഹായമായി

നൽകിക്കൊണ്ടിരിക്കുന്നത്. ഒരു ലക്ഷം രൂപയ്ക്ക് ഒരു പശുവിനെ വാങ്ങിയാൽ അതിൽ തൊണ്ണൂറ്റിഅയ്യായിരം രൂപയും സബ്സിഡിയായി നൽകും. കേരളത്തിലെ ക്ഷീര മേഖലയെ സംരക്ഷിക്കുന്നതിനുള്ള സുസ്ഥിര ക്ഷീര വ്യവസ്ഥ സജ്ജീകരിക്കുന്നതിനും നമ്മുടെ നാട്ടിലെ കന്നുകുട്ടികളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും നല്ലയിനം കിടാരികളെ സംരക്ഷിച്ച് ഭാവിയിലെ കറവപ്പശുക്കളാക്കി മാറ്റുന്നതിനുമുള്ള കർമ്മപദ്ധതിയുടെ ഭാഗമായിട്ടാണ് ക്ഷീര സഹകരണ സംഘങ്ങളിൽ അൻപത് കിടാരികളടങ്ങിയ 'കിടാരി പാർക്ക് ' പദ്ധതി ആവിഷ്കരിച്ചത്. ആ പദ്ധതിയുടെ ഭാഗമായി ഇത്തവണ ആറ് ക്ഷീര സഹകരണ സംഘങ്ങളിൽ കിടാരി പാർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ക്ഷീര സംഘങ്ങളുടെ ശാക്തീകരണവുമായി ബന്ധപ്പെട്ട്, അൻപത്തിയഞ്ച് പുതിയ ക്ഷീര സംഘങ്ങൾ തുടങ്ങുന്നതിനും പതിനൊന്ന് പ്രവർത്തനരഹിത സംഘങ്ങൾ പുനരുദ്ധരിക്കുന്നതിനും ഈ സർക്കാരിന്റെ കാലത്ത് ധനസഹായം നൽകിയിട്ടുണ്ട്. കർഷകർക്ക് 15912 പശുക്കളെയും 1728 ഹീഫറുകളെ വാങ്ങുന്നതിനും 1306 കർഷകർക്ക് കറവയന്ത്രം വാങ്ങുന്നതിനും 1501 കർഷകർക്ക് തൊഴുത്ത് നിർമ്മാണവും നവീകരണവും നടത്തുന്നതിനും ഈ സർക്കാരിന്റെ കാലത്ത് ധനസഹായം നൽകി.

ക്ഷീര മേഖലയുടെ വികസനത്തിന് ഈ വർഷം നടപ്പാക്കുന്ന പ്രധാന ചില പദ്ധതികളുണ്ട്. ക്ഷീര പരിശീലന കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതാണ് അതിലൊന്ന്. കണ്ടിജൻസി ഫണ്ട് സംബന്ധിച്ച് ഇവിടെ ചില എം.എൽ.എ.-മാർ സൂചിപ്പിച്ചു. ക്ഷീര കർഷകരുടെ ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ഉരുക്കൾക്ക് ആകസ്മികമായ മരണം സംഭവിക്കുമ്പോഴും സ്ഥായിയായ അംഗവൈകല്യമുണ്ടാകുമ്പോഴും പ്രകൃതി ദുരന്തങ്ങൾമൂലം കന്നുകാലികൾക്കും കാലിത്തൊഴുത്തിനും നാശനഷ്ടം സംഭവിക്കുമ്പോഴും അടിയന്തര ധനസഹായം നൽകുന്നതിന് കണ്ടിജൻസി ഫണ്ട് ഉപകരിക്കുന്നു. ഇതുപ്രകാരം 3973 പേർക്ക് ധനഹായം നൽകിയിട്ടുണ്ട്. പാലുൽപാദന ചെലവ് കുറയ്ക്കുന്നതിനും സൈലേജിന്റെ ഉപയോഗം വർധിപ്പിക്കുന്നതിനും കാലിത്തീറ്റ സബ്സിഡി പദ്ധതിയിൽ 500 ലക്ഷം രൂപ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ക്ഷീര സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി കൊടുക്കുന്നുണ്ട്. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും സ്വയംസഹായ സംഘങ്ങൾക്കും പശുവളർത്തൽ, പാലുൽപാദനം, ചാണക സംസ്കരണം, തീറ്റപ്പുൽ കൃഷി എന്നിവയ്ക്കായി 56 ലക്ഷം രൂപ വകയിരുത്തി. തിരഞ്ഞെടുക്കപ്പെട്ട അഞ്ച് സംരംഭകർക്ക് ഇരുപത് പശുക്കളുള്ള ഫാം

തുടങ്ങുന്നതിനുള്ള പദ്ധതിയുണ്ട്. യുവതീയുവാക്കൾക്ക് സ്മാർട്ട് ഡയറി ഫാമുകൾ ആരംഭിക്കുന്നതിനുള്ള പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ട്. കാപ്പി, തേയില, റബ്ബർ തോട്ടങ്ങളിലെ തൊഴിലാളി കുടുംബങ്ങൾക്ക് സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി ലയങ്ങളിൽത്തന്നെ കമ്മ്യൂണിറ്റി കാറ്റിൽഷെഡ് സ്ഥാപിച്ച് ക്ഷീര സംഘങ്ങളുടെ സഹകരണത്തോടുകൂടി 'ക്ഷീരലയം' എന്ന പേരിൽ പ്രത്യേക ഡയറി പാക്കേജ് നടപ്പാക്കിയിട്ടുണ്ട്. വയനാട്, ഇടുക്കി ജില്ലകളിൽ ഈ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. എട്ട് മാസം ഗർഭാവസ്ഥ മുതൽ പ്രസവശേഷം മൂന്ന് മാസം വരെയുള്ള പശുക്കൾക്കായി പ്രത്യേക ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കേരളത്തിലെ ക്ഷീര കർഷകരുടെ ക്ഷേമത്തിനായി രൂപീകരിച്ച ക്ഷീര കർഷക ക്ഷേമനിധി ബോർഡിൽ ഇതുവരെ 422111 ക്ഷീര കർഷകർ അംഗങ്ങളായിട്ടുണ്ട്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ ഏകദേശം 61975 പേർക്ക് ബോർഡിൽ അംഗത്വം നൽകിയിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന എല്ലാ ക്ഷീര കർഷകർക്കും അംഗത്വം ലഭിക്കുന്ന രീതിയിൽ സർക്കാർ ആക്റ്റ് ഭേദഗതി ചെയ്തിട്ടുണ്ട്. 63364 ക്ഷീര കർഷകർക്ക് 1600/- രൂപ വീതം പെൻഷൻ കൊടുക്കുന്നുണ്ട്. ഇതിൽ 1300/- രൂപ സർക്കാരും ബാക്കി 300/- രൂപ ക്ഷേമനിധിയുമാണ് നൽകുന്നത്.

മി. സ്പീക്കർ: യെസ്..... മിനിസ്റ്റർ..... അങ്ങ് പറഞ്ഞ സമയമായി.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ക്ഷീര കർഷകർക്ക് ബോർഡുവഴി കുടുംബ പെൻഷനും നൽകുന്നുണ്ട്. പെൻഷനർ മരണപ്പെട്ടാൽ ആ കുടുംബത്തിലെ ഒരാൾക്ക് അതിന്റെ പകുതി പെൻഷൻ ലഭ്യമാക്കുന്നുണ്ട്. ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി 4238 പേർക്ക് ഇതിനകം ധനസഹായം ലഭിച്ചിട്ടുണ്ട്. മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, കോവിഡ് ധനസഹായം, 'ഓണം മധുരം' പദ്ധതിപ്രകാരമുള്ള ധനസഹായം, ക്ഷീര സുരക്ഷാപദ്ധതി എന്നിവ ക്ഷീര ക്ഷേമനിധി ബോർഡ് നടപ്പിലാക്കിവരുന്നു. ഇത്തരത്തിലുള്ള ധനസഹായം ലഭ്യമാക്കുന്നത് ക്ഷീര കർഷക ക്ഷേമനിധി ബോർഡാണ്.

മിൽമയുടെ കീഴിൽ കേരളത്തിലെ ആദ്യ പാൽപ്പൊടി നിർമ്മാണ ഫാക്ടറി മലപ്പുറം ജില്ലയിലെ മൂർക്കനാട് സ്ഥാപിച്ചു. പൂർണ്ണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന രാജ്യത്തെ ആദ്യ ഡയറിയായി എറണാകുളം തൃപ്പൂണിത്തുറയിലെ മിൽമാ ഡയറിയെ മാറ്റി. രണ്ട് മെഗാവാട്ട് ശേഷിയുള്ള സൗരോർജ പ്ലാന്റാണിത്.

കേരള ആയുർവേദിക് സഹകരണ സംഘവും മിൽമയുമായി

സഹകരിച്ച് എട്ട് തരം എത്നോവെറ്ററിനറി മരുന്നുകൾ മലബാർ മേഖല മിൽമ വിപണിയിലിറക്കിയിട്ടുണ്ട്. കർഷകക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി കർഷകർക്ക് സബ്സിഡി നിരക്കിൽ മിൽമ കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. അധിക പാൽവിലയിനത്തിൽ കർഷകർക്ക് കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 129.38 കോടി രൂപയും കാലിത്തീറ്റയ്ക്ക് 50.18 കോടി രൂപയും തീറ്റപ്പുല്ലിന് 14.08 കോടി രൂപയും സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. കാലിത്തൊഴുത്ത് നിർമ്മാണം, കറവയന്ത്രം, ഇൻഷ്വറൻസ് തുടങ്ങിയ കാർഷിക ക്ഷേമ പ്രവർത്തനങ്ങൾക്ക് ഇതിനകംതന്നെ 71.51 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

കേരളത്തിലെ മൃഗസംരക്ഷണ മേഖലയിൽ അധ്യാപനത്തിനും ഗവേഷണത്തിനുമായി ഇടതുപക്ഷ സർക്കാർ 2010-ൽ സ്ഥാപിച്ചതാണ് പൂക്കോട് സ്ഥിതി ചെയ്യുന്ന കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് സർവകലാശാല. വെറ്ററിനറി ഡയറി ടെക്നോളജി, സയൻസ് കോഴ്സുകളിൽ ബിരുദ, ബിരുദാനന്തര, ഡോക്ടറേറ്റ് കോഴ്സുകൾ സർവകാലശാലയുടെ കീഴിൽ നടന്നുവരുന്നു. ഇവിടെ ഏകദേശം മൂവായിരം വിദ്യാർഥികളാണ് പഠനവും ഗവേഷണവും നടത്തിവരുന്നത്. വെറ്ററിനറി സർവകലാശാല, കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്കിൽ നാലാം സ്ഥാനത്തും കാർഷിക

അനുബന്ധ സർവകലാശാലകളിൽ ഒന്നാം സ്ഥാനത്തുമാണ്.

മി. സ്പീക്കർ: അങ്ങുപറഞ്ഞ പത്ത് മിനിറ്റ് സമയം കഴിഞ്ഞിരിക്കുകയാണ്. ഓൾറെഡി ഇരുപത് മിനിറ്റ് ക്രോസ് ചെയ്തു.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കേരളത്തിൽ മുട്ട, ഇറച്ചി എന്നിവയുടെ ഉൽപാദനത്തിൽ വളരെ മുന്നിൽ നിൽക്കുന്ന പ്രസ്ഥാനമാണ് കെപ്കോ. ഗ്രാമീണ മേഖലയിലെ വിധവകളായ ഗുണഭോക്താക്കൾക്ക് കൈത്താങ്ങായി കെപ്കോ ആശ്രയ പദ്ധതി, അടുക്കളമുറ്റത്തെ കോഴിവളർത്തൽ പദ്ധതി, കെപ്കോ വനിതാ മിത്രം പദ്ധതി, 6 മുതൽ 9 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി 'കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ്' തുടങ്ങി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. സർക്കാരിന്റെ കീഴിലുള്ള, ഉൽപാദനശേഷി കൂടിയ BV 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങളുടെ ഏക ഉൽപാദന കേന്ദ്രമാണ് തൃശ്ശൂരിലെ മാള. ഏറ്റവും കൂടുതൽ മുട്ട തരുന്ന ഒരിനം കോഴിയാണിത്.

കെ.എൽ.ഡി.ബി. (കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്)-ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഒന്നുരണ്ട് കാര്യങ്ങൾകൂടി പറയാം. പശുക്കളിലെ പാലുൽപാദനക്ഷമത വർധിപ്പിച്ച് നമ്മുടെ സംസ്ഥാനത്തെ

ക്ഷീരോൽപാദനത്തിൽ സ്വയംപര്യാപ്തതയിലെത്തിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആട്, പന്നി തുടങ്ങിയ ഇതര കന്നുകാലി വർഗങ്ങളുടെ ജനിതകമേന്മ വർധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് നടപ്പിലാക്കുന്നത്. സങ്കരയിനം പശുക്കളെ ഏറ്റവും കൂടുതൽ ഉൽപാദിപ്പിച്ചുകൊണ്ട് ഈ വിഭാഗത്തിൽ കേരളത്തെ രണ്ടാം സ്ഥാനത്തേയ്ക്ക് എത്തിക്കാൻ കഴിഞ്ഞതും ഉൽപാദനക്ഷമതയിൽ മുന്നിലെത്തിക്കാൻ കഴിഞ്ഞതും കെ.എൽ.ഡി.ബി.-യുടെ പ്രവർത്തനഫലമാണെന്നുള്ള യാഥാർത്ഥ്യം നാം മനസ്സിലാക്കണം. പശു പ്രസവിച്ചാൽ പശുക്കുട്ടിയെത്തന്നെ ലഭിക്കുന്ന സെക്സ് സോർട്ടഡ് സെമൻ ഇത്തവണ കേരളത്തിൽ വ്യാപകമായി വിതരണം ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ഒട്ടേറെ പ്രവർത്തനങ്ങൾ കെ.എൽ.ഡി.ബി. നടപ്പാക്കുന്നുണ്ട്. അതെല്ലാം ഇപ്പോൾ ഞാനിവിടെ പറയുന്നില്ല.

കേരളത്തിൽ മിൽമയും കേരള ഫീഡ്സ് ലിമിറ്റഡുമാണ് ആവശ്യമായ കാലിത്തീറ്റകൾ ലഭ്യമാക്കുന്നത്. മിൽമയും കേരള ഫീഡ്സും തീറ്റയുടെ വില ക്രമാതീതമായി ഇടയ്ക്കിടെ വർധിപ്പിക്കുന്നുവെന്നുള്ളതാണ് ഇവിടെ പലരും സൂചിപ്പിച്ചത്. ഒരുഘട്ടത്തിലും അത്തരത്തിൽ വില വർധിപ്പിച്ചിട്ടില്ല. ആദ്യ ഘട്ടത്തിൽ ഇരുപത് രൂപയും പിന്നീട് നാൽപത് രൂപയും വർധിപ്പിച്ചെങ്കിലും

അത് കുറച്ചുകൊണ്ടുവരാൻ പരിശ്രമിച്ചു. ഇപ്പോൾ ആ റേറ്റ് കുറച്ചിട്ടുണ്ട്. മിൽമയും സബ്സിഡിയോടുകൂടിത്തന്നെയാണ് കേരളത്തിൽ കാലിത്തീറ്റ ലഭ്യമാക്കുന്നത്. സ്വകാര്യ മേഖലയേക്കാൾ വളരെ കുറഞ്ഞ വിലയിലാണ് കേരള ഫീഡ്സും മിൽമയും കേരളത്തിൽ തീറ്റ വിതരണം ചെയ്യുന്നത് എന്നുള്ളത് ഞാൻ ഈയവസരത്തിൽ പറയുകയാണ്.

മി. സ്പീക്കർ: ഇന്ന് മറുപടി നൽകിയ മന്ത്രിമാരുടെ കൂട്ടത്തിൽ കൂടുതൽ സമയമെടുത്ത് സംസാരിച്ചത് അങ്ങാണ്.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ജനങ്ങൾക്ക് ശുദ്ധവും സമ്പുഷ്ടവും സുരക്ഷിതവുമായ ഇറച്ചിയും ഇറച്ചിയുൽപന്നങ്ങളും ശാസ്ത്രീയമായി സംസ്കരിച്ച് വിതരണം ചെയ്യുന്ന സ്ഥാപനമാണ് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ. എല്ലായിനം ഇറച്ചിയുൽപന്നങ്ങളും സംസ്കരിക്കുന്നതിനുള്ള ആധുനിക സംവിധാനത്തോടുകൂടിയ ഫാക്ടറികൾ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിൽ സ്ഥാപിച്ചിട്ടുണ്ട്. ഇടയാറിൽ 31.2 കോടി രൂപ മുതൽമുടക്കിൽ ഒരു ഷിഫ്റ്റിൽ 400 മൃഗങ്ങളെ കശാപ്പ് ചെയ്ത് സംസ്കരിച്ച് ഇറച്ചി ഉൽപാദിപ്പിക്കുന്നതിന് 26 മെട്രിക് ടൺ ശേഷിയുള്ള അത്യാധുനിക അറവുശാല സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമെ, ഉറവിടത്തിൽതന്നെ അറവ് മാലിന്യങ്ങൾ സംസ്കരിച്ച്

ഉപോൽപന്നങ്ങളാക്കുന്ന റെൻഡറിങ് പ്ലാന്റും പ്രവർത്തിക്കുന്നുണ്ട്. ഇവിടെ മറുപടി നൽകേണ്ട പല വിഷയങ്ങളുമുണ്ടായിരുന്നെങ്കിലും അത് കേൾക്കാൻ പ്രതിപക്ഷാംഗങ്ങൾ ഇല്ലാത്തതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. മൃഗസംരക്ഷണവും ക്ഷീരവികസനവും സംബന്ധിച്ച ധനാഭ്യർത്ഥനകൾ അംഗീകരിച്ച് നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(ശ്രീ. പി. രാജീവ്)

P-20-03-2025 VV-AN-III 5.30-5.37 -ബി.സി

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ ഇവിടെ ഇല്ലാതിരുന്ന സന്ദർഭത്തിൽ ബഹുമാന്യനായ അംഗം എ. പി. അനിൽ കുമാർ ഇ.എം.എസ്.-നെക്കുറിച്ച് ഒരു കാര്യം പറയുകയുണ്ടായി. രേഖയിലുള്ളതുകൊണ്ട് അത് ഇപ്പോൾതന്നെ വ്യക്തമാക്കുന്നതാണ് ഉചിതം. ഇ.എം.എസ്. അയ്യങ്കാളിയെക്കുറിച്ച് ഒരു അക്ഷരംപോലും പറഞ്ഞിട്ടില്ല എന്നാണ് അദ്ദേഹം പറഞ്ഞത്. യഥാർത്ഥത്തിൽ 1993 ഒക്ടോബർ 10-ന് ഇ.എം.എസ്.-നോടുതന്നെ ഈ ചോദ്യം ചോദിക്കുകയുണ്ടായി. 'ഇ.എം.എസ്. അയ്യങ്കാളിയെക്കുറിച്ച് ഒരു അക്ഷരംപോലും എഴുതിയിട്ടില്ല. എത്ര മഹത്തായ ചരിത്രം. നമ്പൂതിരി എഴുതിയ ചരിത്രത്തിൽ പുലയരുടെ കാര്യം വരാത്തത് സ്വാഭാവികമാണെന്ന്

പറഞ്ഞാൽ പറയുന്നവരെ ആക്ഷേപിക്കേണ്ടതുണ്ടോ' എന്ന ചോദ്യത്തിന് ഇ.എം.എസ്.-ന്റെ സത്യസന്ധമായ മറുപടി ഇതാണ്, "കേരള ചരിത്രം സംബന്ധിച്ച് എന്റെ ആദ്യത്തെ കൃതി 'കേരളം മലയാളികളുടെ മാതൃഭൂമി' 1948-ലാണ് പ്രസിദ്ധീകരിച്ചത്. അന്ന് എനിക്ക് അയ്യങ്കാളിയെക്കുറിച്ച് അറിയാമായിരുന്നില്ല. പക്ഷെ ഞാൻ ഒരു നമ്പൂതിരി ആയതുകൊണ്ട് അയ്യങ്കാളി അടക്കമുള്ള അധഃകൃതരെ അവഗണിച്ചു എന്ന ആരോപണം ശരിയല്ല. ശ്രീനാരായണനെയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉയർന്നുവന്ന കേരള നവോത്ഥാന പ്രസ്ഥാനത്തെയും സാമാന്യം വിശദമായിതന്നെ ഞാൻ അതിൽ പ്രതിപാദിച്ചിരുന്നു. ശ്രീനാരായണനും അനുയായികളും നടത്തിയ സാമൂഹിക പരിഷ്കരണ പ്രസ്ഥാനം വ്യക്തമാക്കിയിരുന്നു. അയ്യങ്കാളിയെക്കുറിച്ച് മനസ്സിലാക്കാൻ കഴിഞ്ഞതിനെത്തുടർന്ന് ഞാൻ എഴുതിയ ലേഖനങ്ങളിൽ പിന്നീട് അദ്ദേഹം വഹിച്ച പങ്കിനെ വിലയിരുത്തിയിരുന്നു. കേവലം അധഃകൃത സമുദായങ്ങളുടെ നേതാവായിരുന്നില്ല അയ്യങ്കാളി. അധഃകൃതരടക്കമുള്ള സവർണ്ണാവർണ്ണ ഹിന്ദുക്കളിലും മതന്യൂനപക്ഷങ്ങളിൽപ്പെട്ട കർഷകത്തൊഴിലാളി വർഗത്തിന്റെയും ആദ്യകാല നേതാവായിരുന്നു അദ്ദേഹം.' ഇതാണ് അയ്യങ്കാളിയെക്കുറിച്ച് ഇ.എം.എസ്. പറഞ്ഞത്. 'കേരള ചരിത്രത്തിൽ

ആദ്യമായി നടന്ന കർഷകത്തൊഴിലാളി സമരത്തിന്റെ സംഘാടകൻ എന്ന നിലയ്ക്ക് ശ്രീനാരായണനെക്കാൾ ഒട്ടും കുറയാത്ത സ്ഥാനം കേരളത്തിന്റെ നവോത്ഥാനത്തിൽ അയ്യങ്കാളി പിടിച്ചെടുത്തു. ഈഴവർ അടക്കമുള്ള അവർണ്ണ സമുദായങ്ങളെ ജാതിയുടെ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച ശ്രീനാരായണന്റെ തുടർച്ച തന്നെയായിരുന്നു അധഃകൃത ബഹുജനങ്ങളെ കർഷക തൊഴിലാളി വർഗമെന്ന നിലയ്ക്ക് സംഘടിപ്പിച്ച അയ്യങ്കാളി.' അതുപോലെതന്നെ 'സാമൂഹിക പരിഷ്കരണ പ്രസ്ഥാനവും കമ്മ്യൂണിസ്റ്റുകാരും' എന്നതിൽ ഇ.എം.എസ്. പറഞ്ഞത് 'അയ്യങ്കാളി ആത്മീയ ദർശനത്തിന്റെ കണികപോലുമില്ലാതെ കേവലം ബൗദ്ധികമായ വീക്ഷണത്തോടെയാണ് പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത്. ആ അർഥത്തിൽ പിന്നീട് വളർന്ന തൊഴിലാളി-കർഷകാദി ബഹുജനങ്ങളുടെ സംഘടിത പ്രസ്ഥാനത്തിന് നാന്ദികുറിച്ച നേതാവാണ് അയ്യങ്കാളി എന്നു പറയാം' ഇതാണ് ഇ.എം.എസ്.-ന്റെ വിലയിരുത്തൽ. ഇതൊന്നും വായിക്കാൻ ശ്രീ. എ. പി. അനിൽ കുമാറിന് സമയം കിട്ടിയില്ലായിരുന്നുവെങ്കിൽ ശ്രീ. എം. എം. ഹസൻ എഴുതിയ " 'അയ്യങ്കാളി' - സാമൂഹ്യ വിപ്ലവ നായകൻ!" എന്ന പുസ്തകം വായിക്കാമായിരുന്നു. അതിൽ പറയുന്നത് ഇപ്രകാരമാണ്, 'അയ്യങ്കാളി ജീവിച്ചിരുന്ന കാലത്ത് ദേശീയതലത്തിൽ ഉയർന്നുവന്ന

സാമൂഹ്യപരിഷ്കർത്താക്കളായ രാജാറാം മോഹൻ റോയ്, രാമകൃഷ്ണപരമഹംസൻ, ദയാനന്ദസരസ്വതി, സ്വാമി വിവേകാനന്ദൻ തുടങ്ങിയ നേതാക്കളിൽനിന്ന് വ്യത്യസ്തനായ മഹാനായിരുന്ന അയ്യങ്കാളിയെന്ന് ഇ.എം.എസ്. നമ്പൂതിരിപ്പാട് രേഖപ്പെടുത്തിയിട്ടുണ്ട്. എഴുത്തും വായനയും അറിയാത്ത അയ്യങ്കാളിയെ ഒരു ഉൽപ്പതിഷ്ണുവും കരുത്തുറ്റ നേതാവുമായിട്ടാണ് ഇ.എം.എസ്. വിശേഷിപ്പിച്ചത്." ശ്രീ. എം. എം. ഹസൻ എഴുതിയതെങ്കിലും വായിച്ചിരുന്നെങ്കിൽ ബഹുമാനപ്പെട്ട അംഗം ഈ അബദ്ധം ഇവിടെ പറയില്ലായിരുന്നു. ബോധപൂർവം ഇ.എം.എസ്.-നെ തെറ്റായ രൂപത്തിൽ അവതരിപ്പിക്കാനുള്ള ശ്രമം അങ്ങേയറ്റം അപലപനീയമാണ്. അതുകൊണ്ടാണ് ഈ ഘട്ടത്തിൽതന്നെ അത് തുറന്നുകാട്ടിയത്.

(മി. സ്പീക്കർ)

P-20-03-2025 VV-AN-III 5.30-5.37 ബി.സി.

## ധനാഭ്യർഥന നമ്പർ XX
## ശുദ്ധജലവിതരണവും ശുചീകരണവും

മി. സ്പീക്കർ: ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട

അംഗങ്ങൾ സഭയിൽ ഹാജരായിട്ടില്ല. ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-2026 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർഥന നമ്പർ XXV
## പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

മി. സ്പീക്കർ: പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഹാജരായിട്ടില്ല. ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ

എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-2026 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ധനാഭ്യർഥന നമ്പർ XXX</u>
<u>ഭക്ഷ്യം</u>

<u>മി. സ്പീക്കർ</u>: ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഹാജരായിട്ടില്ല. ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-2026 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി

അനുവദിക്കണമെന്ന ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർഥന നമ്പർ XXXI
## മൃഗസംരക്ഷണം

മി. സ്പീക്കർ: മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഹാജരായിട്ടില്ല. ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-2026 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർഥന നമ്പർ XXXII
## ക്ഷീരവികസനം

മി. സ്പീക്കർ: ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർഥനയ്ക്ക്

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഹാജരായിട്ടില്ല. ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-2026 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ധനാഭ്യർഥന നമ്പർ XXXVIII</u>
<u>ജലസേചനം</u>

<u>മി. സ്പീക്കർ</u>: ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർഥനയ്ക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഹാജരായിട്ടില്ല. ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത

ധനാഭ്യർഥനയ്ക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-2026 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ചർച്ച കൂടാതെ പാസ്സാക്കുന്ന ധനാഭ്യർഥനകൾ

| ധനാഭ്യർഥന നമ്പർ | ധനാഭ്യർഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2025-2026 സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർഥന തുക | | |
|---|---|---|---|---|
| | | റവന്യൂ (₹) | മൂലധനം (₹) | ആകെ (₹) |
| (1) | (2) | (3) | (4) | (5) |
| *I | സംസ്ഥാന നിയമസഭ | 144,67,88,000 | ------ | 144,67,88,000 |
| *IV | തെരഞ്ഞെടുപ്പുകൾ | 136,83,00,000 | ------ | 136,83,00,000 |
| *VII | മുദ്രപത്രങ്ങളും രജിസ്ട്രേഷനും | 290,15,79,000 | | 290,15,79,000 |
| *X | ട്രഷറികളും അക്കൗണ്ടുകളും | 408,69,50,000 | ------ | 408,69,50,000 |
| *XVI | പെൻഷനും പലവകയും | 42532,29,74,000 | ------ | 42532,29,74,000 |
| *XLIII | നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും | 15980,48,50,000 | ------ | 15980,48,50,000 |
| *XLV | പലവക വായ്പകളും മുൻകൂറുകളും | ------ | 669,06,81,000 | 669,06,81,000 |

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർഥനയെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ

ധനാഭ്യർഥനയെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർഥനയെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർഥനയെയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ:</u> സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർഥനയുടെയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർഥനയുടെയും മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർഥനയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർഥനയുടെയും പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർഥനയുടെയും നഷ്ടപരിഹാരവും അവകാശ കൈമാറ്റങ്ങളും എന്ന XLIII-ാം നമ്പർ ധനാഭ്യർഥനയുടെയും പലവക വായ്പകളും മുൻകൂറുകളും എന്ന XLV-ാം നമ്പർ ധനാഭ്യർഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനകൾക്ക് നേരെ അഞ്ചാം

കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ധനാഭ്യർഥനകൾ പാസായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**<u>അറിയിപ്പ്</u>**

ഇന്ന് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് ശങ്കരനാരായണൻ തമ്പി ലോഞ്ചിൽ ഡിജിറ്റലൈസേഷനുമായി ബന്ധപ്പെട്ട ഒരു ആപ് പരിചയപ്പെടുത്തുന്നുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ അതിൽ പങ്കെടുക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർഥിക്കുന്നു.

ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് 21-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.37-ന് പിരിഞ്ഞു.)

* * * * * * *

**അനുബന്ധം**

P-20-03-2025
SS-AM (1)
09.30-09.40

<u>ചോദ്യം നമ്പർ (*392) -ന്റെ (എ) പിരിവിന്റെ വിശദമായ മറുപടി</u>

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ഭൗതികസൗകര്യ വികസനത്തിനായി 5 കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ 141 സ്കൂളിനും 3 കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ 386 സ്കൂളിനും 1 കോടി രൂപയുടെ കിഫ്ബി പദ്ധതിയിൽ 446 സ്കൂളിനും ഭരണാനുമതി നൽകിയിരുന്നു. ആകെ അനുവദിച്ച 973 സ്കൂളുകളിൽ 518 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

ഇതുകൂടാതെ തീരദേശമേഖലയിലെ 57 സ്കൂളുകൾക്ക് കിഫ്ബി പദ്ധതി പ്രകാരം ഫണ്ടനുവദിച്ച് തീരദേശ വികസന കോർപ്പറേഷൻവഴി നിർമ്മാണം നടന്നുവരുന്നു. ഇതിൽ 47 സ്കൂളുകളുടെ നിർമ്മാണം ഇതിനോടകം പൂർത്തികരിച്ചിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

കിഫ്ബി ഫണ്ടുപയോഗിച്ച് Kerala Infrastructure and Technology for Education (KITE)-ന്റെ നേതൃത്വത്തിൽ നടപ്പാക്കിയ Hi-Tech school, Hi-Tech Lab എന്നീ പദ്ധതികളിലൂടെ പൊതുവിദ്യാഭ്യാസ രംഗത്ത് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം കേരളത്തിന് കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള 16,027 സ്കൂളുകളിൽ 3,74,274 (മൂന്ന് ലക്ഷത്തി എഴുപത്തി നാലായിരത്തി ഇരുന്നൂറ്റി എഴുപത്തിനാല്) ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്യുകയും 4752 സെക്കൻഡറി-ഹയർ സെക്കൻഡറി സ്കൂളുകളിലെ 45000 (നാല്പത്തി അയ്യായിരം) ക്ലാസ് മുറികൾ Hi-Tech ആക്കുകയും 11,275 പ്രൈമറി വിഭാഗം സ്കൂളുകളിൽ ' Hi-Tech Lab' പദ്ധതി നടപ്പാക്കുകയും ചെയ്തു. ഈ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തിയാണ് കോവിഡ് കാലത്തെ ഡിജിറ്റൽ വിദ്യാഭ്യാസ പ്രവർത്തനങ്ങളുൾപ്പെടെ നടത്തിയത്. ഐ.ടി. ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാനാവശ്യമായ ഡിജിറ്റൽ ഉള്ളടക്കം നൽകുന്ന 'samagra' പോർട്ടൽ ഇപ്പോൾ 'Samagra plus' എന്ന പേരിൽ പരിഷ്കരിച്ചിട്ടുണ്ട്. ഇതുൾപ്പെടെ പശ്ചാത്തലവികസന – അക്കാദമിക - ഭരണരംഗത്തെ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് നെട്ടുംതൂണായി പ്രവർത്തിച്ചത് കിഫ്ബി

ധനസഹായമുപയോഗിച്ചുള്ള സ്കീമുകളായിരുന്നു.

പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ ഒരുക്കിയതുവഴി ഒരുതരത്തിലുള്ള വിവേചനവുമില്ലാതെ മുഴുവൻ കുട്ടികൾക്കും പഠനത്തിന്റെ ഭാഗമായി നിർഭയമായി ആധുനിക സാങ്കേതിക ഉപകരണങ്ങൾ ലഭ്യമാകുന്ന സാഹചര്യമുണ്ടായി.

P 20-03-2025
SS-AM (1)
09.30-09.40

ചോദ്യം നമ്പർ (*392) -ന്റെ (ഡി) പിരിവിന്റെ വിശദമായ മറുപടി

| നം. | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | ഘടകങ്ങൾ | |
|---|---|---|---|---|
| 1 | പറളി സ്കൂൾ സ്റ്റേഡിയം, പാലക്കാട് | 10 കോടി | സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, ഫുട്ബോൾ ഗ്രൗണ്ട് | പ്രവൃത്ത |
| 2 | മേപ്പയ്യൂർ സ്കൂൾ സ്റ്റേഡിയം, കോഴിക്കോട് | 10 കോടി | ഇൻഡോർ സ്റ്റേഡിയം 6 ലൈൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഔട്ട്ഡോർ ബാസ്ക്കറ്റ് ബോൾ & വോളിബോൾ കോർട്ട് | പ്രവൃത്ത |
| 3 | എടപ്പാൾ ഗവ. എച്ച്.എസ്.എസ്., മലപ്പുറം | 15.69 കോടി | ഇൻഡോർ സ്റ്റേഡിയം, നാച്വറൽ ഫുട്ബോൾ ടർഫ്, അമിനിറ്റി സെന്റർ | പ്രവൃത്ത |
| 4 | നിലമ്പൂർ മിനി സ്റ്റേഡിയം, | 17.26 കോടി | 6 ലൈൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, | പ്രസ്തുത ആയ കി |

| | | | | |
|---|---|---|---|---|
| | മലപ്പുറം | | നാച്വറൽ ഫുട്ബോൾ ടർഫ്, പവിലിയൻ ബിൽഡിംഗ്, ഇൻഡോർ സ്വിമ്മിംഗ് പൂൾ | സിന്തറ്റിക<br>നാച്വറൽ<br>പവിലിയ<br>ഘടകങ്ങ<br>2022-ൽ<br>2022-ലെ<br>267/2022<br>പ്രവൃത്തിയ<br>സ്പോർട്സ്<br>ചുമതലപ്പെ<br>നിലവിൽ<br>മാസ്റ്റർ പ്ലാ |
| 5 | താനൂർ, കാട്ടിലങ്ങാടി സ്റ്റേഡിയം കോംപ്ലക്സിന്റെ നിർമ്മാണം | 19.14 കോടി | 4 ലൈൻ 100 മീറ്റർ ട്രാക്ക്, നാച്വറൽ ഫുട്ബോൾ ഗ്രൗണ്ട്, ഗ്യാലറി, പ്രാക്ടീസ് പൂൾ, വോളിബോൾ കോർട്ട് | ട്രാക്ക്<br>പൂർത്തിയ<br>ഉദ്ഘാടന |
| 6 | തിരുവമ്പാടി സ്റ്റേഡിയം, കോഴിക്കോട് | 6.11 കോടി | 6 ലൈൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഗ്യാലറി, ചെയിഞ്ച് റൂം, വോളിബോൾ കോർട്ട്, നിലവിലെ ബിൽഡിംഗിന്റെ നവീകരണം | നിലവിൽ<br>പൂർത്തീക |
| 7 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്, പാലക്കാട് | 14.35 കോടി | നാച്വറൽ ഫുട്ബോൾ ഗ്രൗണ്ട്, പ്രാക്ടീസ് പൂൾ, ചെയിഞ്ച് റൂം, സൈറ്റ് ഡെവലപ്മെന്റ് വർക്ക്, കിണർ | പ്രസ്തുത<br>ആയ കി<br>60% പ്ര<br>എന്നാൽ<br>വർഷക്കാല<br>പുരോഗതി<br>ഉണ്ടാകാത<br>ബഹു.<br>അധ്യക്ഷര |

| | | | | |
|---|---|---|---|---|
| | | | | പ്രസ്തുത<br>ഫൗണ്ടേഷ<br>തീരുമാനി<br>03-2025-<br>രേഖകൾ<br>ഫൗണ്ടേഷ<br>കിറ്റ്കോസ്റ്റ |
| 8 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ്. പാലക്കാട് | 15.69 കോടി | 6 ലൈൻ 400 മീറ്റർ അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ് | പ്രവൃത്ത |
| 9 | കാഞ്ഞിരപ്പള്ളി കുന്നംഭാഗം ഗവ. ഹൈസ്കൂൾ, കോട്ടയം | 25 കോടി | 6 ലൈൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഇൻഡോർ സ്റ്റേഡിയം, പ്രാക്ടീസ് പൂൾ, ഹോസ്റ്റൽ | പ്രസ്തുത<br>രൂപയ്ക്ക്<br>സാമ്പത്തി<br>തുടർന്ന്<br>സാങ്കേതി<br>കൂടിയ<br>അംഗീകരി |
| 10 | ധീരജവാൻ ജോമോൻ സ്റ്റേഡിയം നിർമ്മാണം | 16.87 കോടി | 6 ലൈൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് നാച്വറൽ ഫുട്ബോൾ ടർഫ്, ഗ്യാലറി, സൈഡ് ഡെവലപ്മെന്റ് വർക്ക് | 10.85 കോ<br>12.02.202<br>സമർപ്പിച്ച |
| 11 | കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം | 15.8 കോടി | 8 ലൈൻ അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, സൈഡ് ഡെവലപ്മെന്റ് വർക്ക്, ടോയ്‌ലെറ്റ് ബ്ലോക്ക് | പ്രസ്തുത<br>കിറ്റ്കോ<br>പുരോഗതി<br>ഉണ്ടാകാ<br>ബഹു.<br>അധ്യക്ഷ<br>പ്രസ്തുത<br>ഫൗണ്ടേഷ<br>തീരുമാനി |

| | | | | |
|---|---|---|---|---|
| | | | | 03-2025-<br>രേഖകൾ<br>ഫൗണ്ടേഷ<br>കിറ്റ്കോസ്റ്റ |

P.20-03-2025
9.40-9.50
KS-AM

ചോദ്യം നമ്പർ (*392)-ൽ ശ്രീ. എ. കെ. എം. അഷ്റഫ് എം.എൽ.എ.-യുടെ ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയുടെ വിശദാംശങ്ങൾ

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്ന പദ്ധതിയിലുൾപ്പെടുത്തി ഭൗതിക സൗകര്യ വികസനത്തിനായി 5 കോടി കിഫ്ബി പദ്ധതിയിൽ 141 സ്കൂളിനും 3 കോടി കിഫ്ബി പദ്ധതിയിൽ 386 സ്കൂളിനും 1 കോടി കിഫ്ബി പദ്ധതിയിൽ 446 സ്കൂളിനും ഭരണാനുമതി നൽകിയിരുന്നു. ആകെ അനുവദിച്ച 973 സ്കൂളുകളിൽ 518 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

ഇത് കൂടാതെ തീരദേശ മേഖലയിലെ 57 സ്കൂളുകൾക്ക് കിഫ്ബി പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ച് തീരദേശ വികസന കോർപ്പറേഷൻവഴി നിർമ്മാണം നടന്നുവരുന്നു. ഇതിൽ 47 സ്കൂളുകളുടെ നിർമ്മാണം

ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

കിഫ്ബി ഫണ്ടുപയോഗിച്ച് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ നടപ്പാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികളിലൂടെ പൊതുവിദ്യാഭ്യാസ രംഗത്ത് ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം എന്ന നേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള 16,027 സ്കൂളുകളിൽ 3,74,274 (മൂന്ന് ലക്ഷത്തി എഴുപത്തി നാലായിരത്തി ഇരുന്നൂറ്റി എഴുപത്തിനാല്) ഡിജിറ്റൽ ഉപകരണങ്ങൾ വിതരണം ചെയ്യുകയും 4752 സെക്കന്ററി - ഹയർ സെക്കൻഡറി സ്കൂളുകളിലെ 45000 (നാല്പത്തി അയ്യായിരം) ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുകയും 11,275 പ്രൈമറി വിഭാഗം സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പാക്കുകയും ചെയ്തു. ഈ ഉപകരണങ്ങൾ പ്രയോജനപ്പെടുത്തിയാണ് കോവിഡ് കാലത്തെ ഡിജിറ്റൽ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഉൾപ്പെടെ നടത്തിയത്. ഐ.ടി. ഉപകരണങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ ആവശ്യമായ ഡിജിറ്റൽ ഉള്ളടക്കം നൽകുന്ന 'സമഗ്ര' പോർട്ടൽ ഇപ്പോൾ 'സമഗ്രപ്ലസ് ' എന്ന പേരിൽ പരിഷ്കരിച്ചിട്ടുണ്ട്.

ഇതുൾപ്പെടെ പശ്ചാത്തല വികസന-അക്കാദമിക-ഭരണ രംഗത്തെ സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് നെട്ടെല്ലായി പ്രവർത്തിച്ചത് കിഫ്ബി ധനസഹായം ഉപയോഗിച്ചുള്ള സ്കീമുകളായിരുന്നു.

പ്രൈമറി സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ ഒരുക്കിയതുവഴി ഒരു തരത്തിലുള്ള വിവേചനവുമില്ലാതെ മുഴുവൻ കുട്ടികൾക്കും പഠനത്തിന്റെ ഭാഗമായി നിർഭയമായി ആധുനിക സാങ്കേതിക ഉപകരണങ്ങൾ പ്രാപ്യമാകുന്ന സാഹചര്യമുണ്ടായി.

<u>കായിക രംഗത്ത് കിഫ്ബി മുഖേന പൂർത്തീകരിച്ച/നടന്നുവരുന്ന പ്രവർത്തനങ്ങൾ</u>

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക | ഘടകങ്ങൾ | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1. | പറളി സ്കൂൾ സ്റ്റേഡിയം, പാലക്കാട് | 10 കോടി | സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, ഫുട്ബോൾ ഗ്രൗണ്ട് | പ്രവൃത്തി 2020-ൽ പൂർത്തീകരിച്ചു. |
| 2. | മേപ്പയ്യൂർ സ്കൂൾ സ്റ്റേഡിയം, കോഴിക്കോട് | 10 കോടി | ഇൻഡോർ സ്റ്റേഡിയം, 6 ലൈൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഔട്ട്ഡോർ ബാസ്കറ്റ് ബോൾ & വോളിബോൾ കോർട്ട് | പ്രവൃത്തി 2022-ൽ പൂർത്തീകരിച്ചു. |
| 3 | എടപ്പാൾ ഗവ. എച്ച്.എസ്.എസ്., മലപ്പുറം | 15.69 കോടി | ഇൻഡോർ സ്റ്റേഡിയം, നാച്വറൽ ഫുട്ബോൾ ടർഫ്, അമിനിറ്റി സെന്റർ | പ്രവൃത്തി 2020 -ൽ പൂർത്തീകരിച്ചു. |
| 4 | നിലമ്പൂർ മിനി | 17.26 | 6 ലൈൻ 400 മീറ്റർ | പ്രസ്തുത |

| | | | | |
|---|---|---|---|---|
| | സ്റ്റേഡിയം, മലപ്പുറം | കോടി | സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, പവലിയൻ ബിൽഡിംഗ്, ഇൻഡോർ, സ്വിമ്മിംഗ് പൂൾ | പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ 6 ലൈൻ 100 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, പവലിയൻ ബിൽഡിംഗ് എന്നീ ഘടകങ്ങൾ ആദ്യഘട്ടം എന്ന നിലയ്ക്ക് 2022-ൽ പൂർത്തീകരിച്ചിട്ടുണ്ട്. 14-10-2022 -ലെ സർക്കാർ ഉത്തരവ് നം. 267/2022/ കാ.യു.വ പ്രകാരം ബാക്കി പ്രവൃത്തിയുടെ എസ്.പി.വി. യായി സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുണ്ട്. നിലവിൽ ശേഷിക്കുന്ന പ്രവൃത്തികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു. |
| 5 | താനൂർ, കാട്ടിലങ്ങാടി സ്റ്റേഡിയം കോംപ്ലക്സിന്റെ | 19.14 കോടി | 4 ലൈൻ 100 മീറ്റർ ട്രാക്ക്, നാച്വറൽ ഫുട്ബോൾ ഗ്രൗണ്ട്, ഗ്യാലറി, പ്രാക്ടീസ് | ട്രാക്ക് ഒഴികെയുള്ള ഘടകങ്ങൾ പൂർത്തിയാക്കി. |

| | | | | |
|---|---|---|---|---|
| | നിർമ്മാണം | | പൂൾ, വോളിബോൾ കോർട്ട് | 16-05.-2023-ന് പദ്ധതി ഉദ്ഘാടനം ചെയ്തു. |
| 6 | തിരുവമ്പാടി സ്റ്റേഡിയം, കോഴിക്കോട് | 6.11 കോടി | 6 ലൈൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഗ്യാലറി, ചെയിഞ്ച് റൂം, വോളിബോൾ കോർട്ട്, നിലവിലെ ബിൽഡിംഗിന്റെ നവീകരണം | നിലവിൽ 25% പ്രവൃത്തി പൂർത്തീകരിച്ചു. |
| 7 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്, പാലക്കാട് | 14.35 കോടി | നാച്വറൽ ഫുട്ബോൾ ഗ്രൗണ്ട്, പ്രാക്ടീസ് പൂൾ, ചെയിഞ്ച് റൂം, സൈറ്റ് ഡെവലപ്മെന്റ് വർക്ക്, കിണർ | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ മുഖേന പദ്ധതിയുടെ 60% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒന്നര വർഷക്കാലയളവിൽ പ്രവൃത്തിയിൽ പുരോഗതിയൊന്നും ഉണ്ടാകാത്തതിനാൽ 05-02-2025 -ൽ ബഹു. കായിക വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷന് |

| | | | | |
|---|---|---|---|---|
| | | | | കൈമാറുന്നതിനായി തീരുമാനിക്കുകയുണ്ടായി. തുടർന്ന് 06-03-2025 തീയതിയിൽ പദ്ധതിയുടെ അനുബന്ധ രേഖകൾ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിനായി കിറ്റ്കോയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |
| 8 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്ച്.എസ്.എസ് പാലക്കാട് | 14.69 കോടി | 6 ലൈൻ 400 മീറ്റർ അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ് | പ്രവൃത്തി 2022-ൽ പൂർത്തീകരിച്ചു |
| 9 | കാഞ്ഞിരപ്പള്ളി കുന്നംഭാഗം ഗവ. ഹൈസ്കൂൾ, കോട്ടയം | 25 കോടി | 6 ലൈൻ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഇൻഡോർ സ്റ്റേഡിയം, പ്രാക്ടീസ് പൂൾ, ഹോസ്റ്റൽ | പ്രസ്തുത പദ്ധതിക്ക് 27.70 കോടിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. തുടർന്ന് പദ്ധതിയുടെ സാങ്കേതികാനുമതി 10-02-2025 -ൽ കൂടിയ സാങ്കേതികാനുമതി കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. |
| 10 | ധീരജവാൻ ജോമോൻ | 16.87 കോടി | 6 ലൈൻ 200 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് | 10.85 കോടി രൂപയ്ക്കുള്ള |

| | | | | |
|---|---|---|---|---|
| | സ്റ്റേഡിയം നിർമ്മാണം | | ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്, ഗ്യാലറി, സൈഡ് ഡെവലപ്മെന്റ് വർക്ക് | ഡി.പി.ആർ. 12-02-2024-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 11 | കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം | 15.8 കോടി | 8 ലൈൻ അത്‌ലറ്റിക് ട്രാക്ക്, നാച്വറൽ ഫുട്ബോൾ ടർഫ്. സൈഡ് ഡെവലപ്മെന്റ് വർക്ക്, ടോയ്‌ലെറ്റ് ബ്ലോക്ക് | പ്രസ്തുത പദ്ധതിയുടെ എസ്.പി.വി. കിറ്റ്കോ ആണ്. പ്രവൃത്തിയിൽ പുരോഗതിയൊന്നും ഉണ്ടാകാത്തതിനാൽ 05-02-2025 -ൽ ബഹു.കായിക വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രസ്തുത പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിനായി തീരുമാനിക്കുകയുണ്ടായി. തുടർന്ന് 06-03-2025 തീയതിയിൽ പദ്ധതിയുടെ അനുബന്ധ രേഖകൾ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിനായി കിറ്റ്കോയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |